# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### 2018 ജൂൺ 8, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172 - നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 8, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

729/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 106

**II അടിയന്തരപ്രമേയ നോട്ടീസ്**

അപകീർത്തികരമായ പ്രസ്താവന പിൻവലിക്കൽ .. 486

**III ശ്രദ്ധ ക്ഷണിക്കൽ**

കനോലി കനാൽ ശുദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത

—ശ്രീ. വി. അബ്ദുറഹിമാൻ .. 494

**IV സബ്മിഷൻ**

1. കോസ്റ്റ് ഇൻഡക്സ്, എച്ച്.റ്റി.എ. എന്നിവ സംബന്ധിച്ച്
—ശ്രീ. സി. കെ. ശശീന്ദ്രൻ .. 496
2. ഹോസ്റ്റൽ നിർമ്മാണം
—ശ്രീ. ബി.ഡി. ദേവസ്സി .. 498
3. മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നത് സംബന്ധിച്ച്
—ശ്രീ. കെ. ദാസൻ .. 499
4. കുടിവെള്ളക്ഷാമം
—ശ്രീ. ആർ. രാജേഷ് .. 500
5. കർഷകരുടെ സബ്സിഡി ആനുകൂല്യങ്ങൾ
—ശ്രീ. കെ. കൃഷ്ണൻകുട്ടി .. 501
6. റേഷൻ പെർമിറ്റ് പുതുക്കൽ
—ശ്രീ. എൽദോ എബ്രഹാം .. 506
7. മാലിന്യ സംസ്കരണ സംവിധാനം
—ശ്രീ. വി. കെ. സി. മമ്മത് കോയ .. 508

പേജ്

**V അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് .. 509

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2017-ലെ കേരള ജലസ്രോതസ് സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ .. 510

(ii) 2016-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ .. 515

(iii) 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബിൽ .. 515

(iv) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ .. 515

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച .. 515

(i) 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും, പരിപാലനവും നിർമ്മാണവും ബിൽ .. 515

(ii) 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ. .. 516

(iii) 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ. .. 518

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2018 ജൂൺ 8, വെള്ളി*

വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2018 ജൂൺ മാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *121

### ഫ്ലക്സ് നിരോധനം

1 (*121) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിക്ക് ദോഷം ചെയ്യുന്ന ഫ്ലക്സ് ഉല്പന്നങ്ങളുടെ നിർമ്മാണവും ഉപയോഗവും നിരോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ ജോലി ചെയ്യുന്നവരെ എപ്രകാരം പുനരധിവസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) ഫ്ലക്സ് ബോർഡുകൾക്കുപകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഫ്ലക്സ് നിരോധനം എന്നുമുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, (എ) പി. വി. സി. നിർമ്മിത ഫ്ലക്സ് സംസ്ഥാനത്ത് നിരോധിക്കുന്നതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) പി. വി. സി. ഉപയോഗിച്ചുള്ള ഫ്ലക്സ് നിരോധിച്ചാലും റീസൈക്കിൾ ചെയ്യാവുന്ന പോളി എഥിലിൻ (പോളിത്തീൻ) പോലുള്ള വസ്തുക്കൾ ഉപയോഗിച്ച് അതേ മെഷീനിൽ തന്നെ പ്രിന്റ് ചെയ്യുവാൻ സാധിക്കുമെന്നതിനാൽ നിലവിൽ ഈ മേഖലയിൽ ജോലി ചെയ്യുന്നവരെ പുനരധിവസിപ്പിക്കേണ്ട സാഹചര്യം ഉണ്ടാവുകയില്ല.

(സി) ഫ്ലക്സ് ബോർഡുകൾക്ക് പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. മുക്തവുമായ പോളി എഥിലിൻ (പോളിത്തീൻ) നിർമ്മിത വസ്തുക്കളോ അതുപോലെയുള്ള മറ്റ് വസ്തുക്കളോ, കോട്ടൺ തുണിയോ ഉപയോഗിക്കുന്നതിന്റെ പ്രായോഗികതയാണ് പരിശോധിക്കപ്പെടുന്നത്.

(ഡി) ഇതു സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ നാട്ടിലെ പരസ്യ പ്രചരണങ്ങൾക്ക് ഏറ്റവും ചെലവ് കുറഞ്ഞതും എളുപ്പത്തിൽ ലഭ്യമാകുന്നതും വ്യാപകമായി ഉപയോഗിക്കുന്നതുമായ ഒരു മീഡിയമാണ് ഫ്ലക്സ് ബോർഡുകളും ബാനറുകളും. ഫ്ലക്സ് നിർമ്മിക്കാനുപയോഗിക്കുന്ന പോളി വിനൈൽ ക്ലോറൈഡ് (പി.വി.സി.) വളരെ അപകടകാരിയായ രാസപദാർത്ഥമാണെന്നും ഇത് റീസൈക്കിൾ ചെയ്യാൻ കഴിയാത്തതുകൊണ്ട് വലിയ പാരിസ്ഥിതിക-സാമൂഹ്യ പ്രശ്നങ്ങളുണ്ടാക്കുന്നുവെന്നുള്ളതും കഴിഞ്ഞ കുറച്ചുകാലമായി നമ്മൾ കേൾക്കുന്നതാണ്. പരസ്യ പ്രചരണങ്ങളൊന്നും വേണ്ടെന്ന് പറയാൻ കഴിയാത്ത ഇന്നത്തെ സാഹചര്യത്തിൽ ഇതിനൊരു ബദൽ സംവിധാനമേർപ്പെടുത്താൻ കഴിയണം. കുട്ടികളുടെ ജന്മദിനത്തിനും പരീക്ഷകൾ പാസ്സാകുമ്പോഴുമെല്ലാം ഫ്ലക്സ് വയ്ക്കുന്ന കാലമാണ്. അതൊക്കെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. അങ്ങനെ എല്ലാ തലത്തിലും, രാഷ്ട്രീയ പാർട്ടികളാണെങ്കിൽ തെരഞ്ഞെടുപ്പ് കാലത്ത് ഇന്നത്തെ ടെക്നോളജി ഉപയോഗിച്ച് വർണ്ണശബളമായ ബോർഡുകളാണ് വയ്ക്കുന്നത്. പക്ഷേ ഇതിനൊരു ദൂഷ്യവശമുണ്ടെന്ന് പറയുന്ന സാഹചര്യത്തിൽ ഫ്ലക്സുകൾ നിരുത്സാഹപ്പെടുത്തി അതിനൊരു ബദൽ സംവിധാനം കണ്ടെത്താൻ സർക്കാർ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഡോ. കെ. ടി. ജലീൽ: സർ, പോളി വിനൈൽ ക്ലോറൈഡ് ഉപയോഗിച്ചാണ് ഫ്ലക്സുകൾ നിർമ്മിക്കുന്നത്. ഇതിന് ബദലായി പോളി എഥിലിൻ ഉപയോഗിച്ച് ഇതേ മെഷീനുകൾ പ്രയോജനപ്പെടുത്തി ആർക്കും ഒരു പ്രയാസവുമില്ലാത്തവിധം, ഫ്ലക്സ് കൊണ്ട് എന്ത് ഉപയോഗമാണോ ഉള്ളത് അതിന് സമാനമായ ഉപയോഗം നമുക്ക് പരീക്ഷിച്ച് വിജയിപ്പിക്കാവുന്നതാണ്. കണ്ണൂർ ജില്ലയിൽ ഇതിനകം പി.വി.സി. ഉപയോഗിച്ചുള്ള ഫ്ലക്സുകൾ നിരോധിച്ചിട്ടുണ്ട്. പകരം അവിടെ പോളിത്തീൻ കൊണ്ടുള്ള ഫ്ലക്സുകളാണ് ഉപയോഗിച്ചു-കൊണ്ടിരിക്കുന്നത്. അപകടം വളരെ കുറവാണ് എന്നതാണ് ഇതിന്റെ സവിശേഷത. പി.വി.സി.-യും പോളിത്തീനും തമ്മിൽ 10 ശതമാനം വില വ്യത്യാസമുണ്ട്. പോളിത്തീൻ കൂടുതലായി ഉപയോഗിക്കുന്ന അവസ്ഥ വരുമ്പോൾ ആ വ്യത്യാസം മറികടക്കാനാകുമെന്നാണ് കരുതുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വലിയ പട്ടണങ്ങളിലും നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള റോഡുകളുടെ അരികിലും വലിയ ഹോർഡിംഗ്സ് പ്രദർശിപ്പിക്കാറുണ്ട്. അതിൽ സ്വകാര്യ കമ്പനികളുടേതുമുണ്ട്. ഗവൺമെന്റിന്റെ നേട്ടങ്ങളും വാർഷികങ്ങളുമൊക്കെ വലിയ ഹോർഡിംഗ്സുകളിൽ പ്രദർശിപ്പിക്കുന്നതിനും ഫ്ലക്സുകളാണ് ഉപയോഗിക്കുന്നത്. ഇത്തരം വലിയ ബോർഡുകൾ വയ്ക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം റോഡപകടങ്ങൾക്കും കാരണ മാകുന്നുണ്ട്. ഇത്തരം ബോർഡുകൾക്ക് നിയന്ത്രണമേർപ്പെടുത്താൻ പഞ്ചായത്ത്/ നഗരസഭാതലങ്ങളിൽ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, പി.വി.സി. ഉപയോഗിച്ചുള്ള വലിയ ഫ്ലെക്സുകൾ, ഹോർഡിംഗ്സുകളായി ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അതിനും പോളി എഥിലിൻ ഉപയോഗിച്ച് ബദൽ സംവിധാനമൊരുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളാണ് പരസ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. അപകടകരമായ വിധത്തിലുള്ള പരസ്യ ബോർഡുകൾ എവിടെയെങ്കിലുമുണ്ടെങ്കിൽ അത് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കാവുന്നതാണ്. ഗവൺമെന്റിന്റെ നിർദ്ദേശമില്ലാതെ തന്നെ അവർ സ്വയമേ നീക്കം ചെയ്യുന്നുമുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ഫ്ലക്സ് ബോർഡുകളുണ്ടാക്കുന്ന പാരിസ്ഥിതിക-സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർതലത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; മറ്റേതെങ്കിലും ഏജൻസികൾ നടത്തിയ പഠനങ്ങൾ സർക്കാർ ഇതുവരെ പരിശോധിച്ചിട്ടുണ്ടോ; ഫ്ലക്സുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന

ധാരാളം ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരെ പുനരധിവസിപ്പിക്കേണ്ട കാര്യമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഫ്ലക്സ് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പല സ്ഥാപനങ്ങളും മുന്നോട്ടുവരുന്നുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ കോർപ്പറേഷനുകൾ ഫ്ലക്സ് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു. കൊൽക്കത്തയിലൊക്കെ ഇത്തരം സംസ്കരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. ഫ്ലക്സ് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളുപയോഗിച്ച് ഒരിക്കലും ഫ്ലക്സുകൾ സംസ്കരിക്കാൻ കഴിയില്ല. പി.വി.സി. നിർമ്മിത ഫ്ലക്സുകൾ സംസ്കരിക്കുന്നതിന് ഭാരിച്ച ചെലവാണ് വരുന്നത്. അത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാൻ കഴിയുന്നതല്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന ഫ്ലക്സുകൾ അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനങ്ങളിൽ സംസ്കരിക്കുന്നതിന് ശ്രമിക്കുകയാണ്. പക്ഷേ ആ ശ്രമം ഫലവത്താകുന്നില്ല. അതുപോലെതന്നെ സിമന്റ് കമ്പനികളിലെ ചൂളകളിൽ പി.വി.സി. ഉൾപ്പെടുന്ന ഫ്ലക്സുകൾ കത്തിച്ചാണ് ഇപ്പോൾ നമ്മൾ അതിൽനിന്നും രക്ഷനേടിക്കൊണ്ടിരിക്കുന്നത്. ഇതൊന്നും പ്രായോഗികമായിട്ടുള്ള വഴികളല്ല. ഇതിനെക്കാൾ യോജ്യമായ മറ്റൊരു ബദൽ സംവിധാനം മുന്നിലുള്ളപ്പോൾ ഈ വിഷവാതകം ശ്വസിച്ച് എന്തിനാണ് നമ്മൾ രോഗങ്ങളുടെ അടിമകളായിമാറുന്നത് എന്നത് സംബന്ധിച്ച് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ സഗൗരവം ആലോചിക്കണം. എല്ലാ പാർട്ടികളുടെയും ഒരു കൺസെൻസസിലൂടെ മാത്രമേ ഇത്തരമൊരു സംവിധാനം ഇവിടെ യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒരു തരത്തിലുള്ള തൊഴിൽ നഷ്ടവും ഉണ്ടാകുന്നില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന എല്ലാ ഫ്ലക്സ് നിർമ്മാണ യൂണിറ്റുകൾക്കും പോളിത്തീൻ ഉപയോഗിച്ച് ഇതേ സാധനങ്ങൾ നിർമ്മിക്കാൻ കഴിയുമെന്നതിനാൽ ആ പ്രശ്നം ഗൗരവതരമായ ഒന്നായി കാണാൻ കഴിയില്ല.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇതുമായി ബന്ധപ്പെട്ട് ഒരു സർവ്വകക്ഷിയോഗം ചേർന്നതായി അറിയാൻ കഴിഞ്ഞു. സർവ്വകക്ഷി യോഗത്തിന്റെ തീരുമാനം എന്താണ്; ഫ്ലക്സ് ഉല്പന്നങ്ങൾ റീസൈക്കിൾ ചെയ്ത് വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള സാങ്കേതിക വിദ്യയെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, 6-3-2018-ൽ ഈ മേഖലയിലെ വ്യവസായികളുമായി ചർച്ച നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ അവർ രണ്ടുതരത്തിലുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഖ്യധാര രാഷ്ട്രീയ പാർട്ടികളുടെ ഒരു മീറ്റിംഗ് 8-5-2018-ന് ദർബാർ ഹാളിൽ വിളിച്ചുചേർക്കുകയുണ്ടായി. ഒരു സമവായത്തിൽ എത്തിച്ചേരുന്ന അഭിപ്രായങ്ങളാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും രേഖപ്പെടുത്തിയത്. കണ്ണൂർ ജില്ലയിൽ ജില്ലാ പഞ്ചായത്ത് മുൻകയ്യെടുത്ത ഫ്ലക്സ് നിരോധനത്തിന്റെ ഒരു ഘട്ടം കഴിയുകയും ചെയ്തു. വളരെ വിജയകരമായിട്ടാണ് അവിടെ പരീക്ഷിക്കപ്പെട്ടത്. പ്രവർത്തന മേഖലകളിലും പ്രത്യയശാസ്ത്ര രംഗത്തുമൊക്കെ പരസ്പരം വലിയ എതിർപ്പുകൾ പുലർത്തുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളും അവിടെ യോജിച്ചു എന്നുള്ളത് പ്രസ്താവ്യമാണ്. കേരളത്തിലൊട്ടാകെ ഈ യോജിപ്പ് യാഥാർത്ഥ്യമാക്കാൻ സാധിച്ചാൽ വലിയൊരു വിപത്തിൽനിന്നാണ് നമ്മുടെ സംസ്ഥാനം രക്ഷപ്പെടുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഫ്ലക്സ് ബോർഡുകളുടെ നിർമ്മാണത്തിന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വസ്തു പോളി വിനൈൽ ക്ലോറൈഡ് (പി.വി.സി.) ആണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പറയുകയുണ്ടായി. കട്ടിയേറിയ പ്ലാസ്റ്റിക്കായ പി.വി.സി.-ക്ക് വഴക്കവും മൃദുത്വവും നൽകുന്നതിന് ഉപയോഗിക്കുന്ന ഒരു രാസഘടകമാണ് താലേറ്റ്. താലേറ്റ് ഉപയോഗിച്ച് പല കളിപ്പാട്ടങ്ങളും നിർമ്മിക്കുന്നുണ്ട്. പല വിദേശ രാജ്യങ്ങളിൽനിന്നും കൊണ്ടുവന്ന് കുട്ടികളുപയോഗിക്കുന്ന കളിപ്പാട്ടങ്ങൾ ഈ രാസഘടകം ഉപയോഗിച്ചുണ്ടാക്കിയവയാണ്. ഇത് നിരോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്-2016 കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ളത് അപകടകരമായിട്ടുള്ള പ്ലാസ്റ്റിക് സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതും വിപണനം ചെയ്യുന്നതും തടയുകയെന്ന ലക്ഷ്യത്തോടുകൂടിയാണ്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ തീർച്ചയായും അത് തടയുന്നതിനുള്ള നടപടി കൈക്കൊള്ളും.

ശ്രീ. സജി ചെറിയാൻ: സർ, ഫ്ളക്സ് ബോർഡുകൾ നിരോധിക്കുന്നതിന് തീരുമാനമെടുക്കണമെന്നാണ് എന്റെ അഭിപ്രായം. തുണികൊണ്ടുള്ള ബോർഡുകൾ നിർമ്മിക്കാനും അതിനെ പ്രോത്സാഹിപ്പിക്കാനും കഴിയണം. ഇവ തമ്മിൽ ചെറിയ വ്യത്യാസം മാത്രമാണുള്ളത്. ഇപ്രാവശ്യം രണ്ട് ടൈപ്പിലുള്ള ബോർഡുകളും ഉപയോഗിക്കുകയുണ്ടായി. തുണികൊണ്ടുള്ള ബോർഡുകൾക്ക് ഫ്ളക്സിനെക്കാളും നല്ല ക്വാളിറ്റിയാണുള്ളത്. ഇവ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുമോ?

ഡോ. കെ. ടി. ജലീൽ: സർ, പി.വി.സി. ഫ്ലക്സുകൾ ഉപയോഗിച്ചുള്ള പ്രചരണങ്ങൾക്കുപകരം പോളിത്തീൻ ഉപയോഗിച്ചുള്ള ഫ്ലക്സുകളും തുണി ഉപയോഗിച്ചുള്ള ബോർഡുകളുമുപയോഗിച്ച് പരസ്യ പ്രചരണങ്ങൾ നടത്താവുന്ന താണ്. അതിന് മികച്ച ഉദാഹരണമാണ് തൊട്ടുമുൻപ് നടന്ന ചെങ്ങന്നൂർ തെരഞ്ഞെടുപ്പ്. അവിടെ രണ്ടും ഒരുപോലെ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഫ്ലക്സും ഉപയോഗിച്ചിട്ടുണ്ട്. തുണി, പോളിത്തീൻ എന്നിവകൊണ്ടുള്ള ബോർഡുകൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ അത് സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് അനുഭവത്തിൽനിന്നാണ് ശ്രീ. സജി ചെറിയാൻ പറയുന്നത്. ആ നിർദ്ദേശം തീർച്ചയായും മുഖവിലയ്ക്കെടുക്കാവുന്നതും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാവുന്നതുമാണ്.

ശ്രീ. എ. എം. ആരിഫ്: സർ, രാഷ്ട്രീയ പാർട്ടികളിൽനിന്നും ആവേശ മുൾക്കൊണ്ടുകൊണ്ട് കുട്ടികൾ വരെ ഇപ്പോൾ ഫ്ലക്സ് ബോർഡുകൾ വയ്ക്കുകയാണ്. നേരത്തെ ഫുൾ എ പ്ലസ് വാങ്ങിയവരാണ് ഫ്ലക്സ് ബോർഡുകൾ വച്ചിരുന്നതെങ്കിൽ ഇപ്പോൾ ഒരു എ പ്ലസ് നേടുന്നവരും ഫ്ലക്സ് വയ്ക്കാൻ തുടങ്ങിയിട്ടുണ്ട്. കർണ്ണാടകത്തിൽ 78 സീറ്റുണ്ടായിരുന്ന കോൺഗ്രസ്സിന് 122 സീറ്റ് ലഭിച്ചത് ചടുല നീക്കങ്ങൾ കൊണ്ടാണെന്നുവരെ ഫ്ലക്സ് വച്ചിരിക്കുകയാണ്. ഇങ്ങനെ സ്വയം പ്രകീർത്തിച്ചുകൊണ്ട് ധാരാളം ഫ്ലക്സുകൾ വരികയാണ്. അതുപോലെ പോലീസ് ഓഫീസർമാർക്ക് ബാഡ്ജ് കൊടുക്കുന്നതിനുവരെ ഫ്ലക്സ് വയ്ക്കുകയാണ്. അതുകൊണ്ട് സ്റ്റാർട്ട് അപ് മിഷനോട് പറഞ്ഞാൽ അവർ തുണികൊണ്ടുള്ള ഫ്ലക്സുകൾ വ്യാപകമായി നിർമ്മിച്ചു നൽകും. തുണികൊണ്ടല്ലാതെയുള്ള ഫ്ലക്സ് നിർമ്മാണത്തിന് ലൈസൻസ് നൽകാതിരിക്കാനുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. അക്കാര്യം പരിശോധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും അക്കാര്യം പരിശോധിക്കുന്നതാണ്.

**ലൈഫ് മിഷൻ പദ്ധതി**

2(*122) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരില്ലാത്ത കേരളമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പൂർത്തീകരിക്കാതെ കിടന്നിരുന്ന വീടുകൾ പൂർത്തീകരിക്കാൻ നടത്തിയ പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) അടുത്ത ഘട്ടമായി നഗരങ്ങളിൽ ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന സമുച്ചയ നിർമ്മാണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പദ്ധതിയുടെ വിജയത്തിനായി ബഹുജന പങ്കാളിത്തം ലക്ഷ്യമാക്കുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, (എ) ഭവനരഹിതരില്ലാത്ത കേരളമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ വിവിധ പദ്ധതികൾ പ്രകാരം തുക അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ 56131 ഭവനങ്ങൾ 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. വിവിധ സാങ്കേതിക പ്രശ്നങ്ങൾമൂലം ആയതു നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2-6-2018 വരെ 39243 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 16888 ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ഉണ്ട്. രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഗ്രാമങ്ങളിൽ 177337 പേരും നഗരങ്ങളിൽ 82487 പേരും ഭൂമിയുള്ള ഭവനരഹിതരായി കാണുന്നുണ്ട്. ഇവർക്ക് 4 ലക്ഷം രൂപ വീതം ധനസഹായം നൽകി ഭവനം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ജില്ലാതലത്തിൽ ഭവനരഹിതരായവരുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) ആദ്യഘട്ടമായി 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയം എന്നാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ കാസർഗോഡ്, കൊല്ലം, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ ഭവന സമുച്ചയ നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള ജില്ലകളുടെ ടെണ്ടർ ഉടൻതന്നെ ആരംഭിക്കുന്നതാണ്. പദ്ധതിയുടെ വിജയത്തിനായി ബഹുജന പങ്കാളിത്തം ഉറപ്പാക്കി ഭൂമി കണ്ടെത്തുന്നതിനും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും സർക്കാർ ശ്രമിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലുമാണ് ആയതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ലൈഫ് പദ്ധതി നമ്മുടെ രാജ്യത്തിനുതന്നെ മാതൃകാപരമായിട്ടുള്ള ഒരു പദ്ധതിയാണ്. ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തികരിക്കുമ്പോൾ 315955 പേർക്ക് വീട് നിർമ്മിച്ചു നൽകാൻ കഴിയും. ഏറെ മഹത്തായ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ വരുന്ന ചില സാങ്കേതിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രശ്നങ്ങളാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. വി.ഇ.ഒ.-മാർ പരിശോധിച്ച് നൽകിയ ലിസ്റ്റ് പഞ്ചായത്തുകൾക്ക് കൈമാറുമ്പോൾ റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് വീട് നൽകാൻ കഴിയുന്നില്ല. സിവിൽ സപ്ലൈസ് വകുപ്പ് ആണെങ്കിൽ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനും പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിനും ഇപ്പോൾ നടപടി ആരംഭിച്ചു കഴിഞ്ഞിട്ടേയുള്ളു. അതുപോലെത്തന്നെ കട്ടകൊണ്ട് ചുമരുണ്ടാക്കിയിട്ടുള്ള വീടുകളൊക്കെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ കണ്ടാൽ വീട് നൽകാൻ കഴിയാത്തൊരു അവസ്ഥ വരുന്നുണ്ട്. ഒരു ഉദാഹരണം മാത്രം പറയാം. നെന്മേനി പഞ്ചായത്തിൽ ഒരു ആദിവാസി കോളനിയിൽ 18 വീടിന് അർഹതയുണ്ടെന്ന് വി.ഇ.ഒ. റിപ്പോർട്ട് ചെയ്തു. പക്ഷെ നാല് വീട് മാത്രമേ അനുവദിക്കാൻ കഴിയുന്നുള്ളൂ. സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്താൻ കഴിയുന്നില്ല. ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം പരമാവധി നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ പരിഗണിച്ചിട്ടുണ്ട്. ഒന്നും രണ്ടും അപ്പീലുകൾക്കുശേഷം ഗ്രാമസഭകൾകൂടി അംഗീകരിച്ച അന്തിമ ഗുണഭോക്താക്കളുടെ പട്ടിക ഏതാണ്ട് നമ്മുടെ സംസ്ഥാനത്തെ ഈ ഗണത്തിൽ വരുന്ന എല്ലാപേരെയും ഉൾക്കൊള്ളിച്ചുള്ളതാണ്. 177905 പേരാണ് ഗ്രാമസഭകൾ അംഗീകരിച്ച അന്തിമ പട്ടികയിൽ വന്നിട്ടുള്ളത്. ഇതിൽ അങ്ങ് സൂചിപ്പിച്ചിട്ടുള്ള വളരെ ജെനുവിനായ കേസുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ലൈഫ് പദ്ധതിയിൽ ഭൂപരിധി ഇരുപത്തിയഞ്ച് സെന്റായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. വയനാട്, ഇടുക്കി പോലെയുള്ള മലയോര ജില്ലകളിൽ ഈ ഭൂപരിധി ഒരു ഏക്കർ ആയി ഉയർത്തി പരിഹരിക്കാൻ കഴിയണമെന്നുള്ള ശക്തമായ ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇത് ഗവൺമെന്റിന് പരിഗണിക്കാൻ കഴിയുമോ; അതുപോലെ ലൈഫ് പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും വിഹിതമാണ് ഒന്നാം ഗഡുവായി കണക്കാക്കുന്നത്. ചില പഞ്ചായത്തുകൾക്ക് ഈ തുക തികയാതെ വരുന്നുണ്ട്. അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഡോ. കെ. ടി. ജലീൽ: സർ, മാനദണ്ഡങ്ങളിൽ ഇനി മാറ്റം വരുത്തിയാൽ നമുക്ക് ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കില്ല. ഇപ്പോൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ച 177,000-ത്തിലധികം വീടുകൾ ഗ്രാമപ്രദേശങ്ങളിലും 82,000-ത്തോളം വീടുകൾ നമ്മുടെ പട്ടണപ്രദേശങ്ങളിലും

നൽകേണ്ടതായി വരുന്നുണ്ട്. അതുകൊണ്ട് നിലവിലുള്ള ഈ മാനദണ്ഡത്തിൽ നിന്നുതന്നെ പ്രവർത്തിക്കണം എന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പഞ്ചായത്തിൽ, അവരുടെ തദ്ദേശഭരണ സ്ഥാപനത്തിൽ ഗുണഭോക്താക്കളുടെ എണ്ണം കൂടുതലായി വരികയാണെങ്കിൽ, അതിൽ ഇരുപത് ശതമാനം മീറ്റ് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ അതിന് സർക്കാരിന്റെ പ്രത്യേകമായ ഒരു സഹായം ഉണ്ടാകുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഭവനനിർമ്മാണ പ്രക്രിയ നല്ല നിലയിൽ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോകുന്നു. നമ്മൾ നേരിടുന്ന പ്രശ്നം പ്രകൃതി വിഭവങ്ങളുടെ വലിയ കുറവാണ്. പ്രത്യേകിച്ച് പാറ, കല്ല് എന്നിവ വളരെയേറെ ആവശ്യമായി വരികയാണ്. ഭവന സമുച്ചയം നിർമ്മിക്കുന്ന സന്ദർഭത്തിലും ഈ പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെയും വീടുകളുടെയും നിർമ്മാണത്തിനാവശ്യമായ പാറ എടുക്കുക എന്നുള്ളത് വരുന്ന വർഷങ്ങളിൽ കേരളം നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധിയായി നില്ക്കുകയാണ്. ഭവന നിർമ്മാണത്തിന് പുതിയ സാങ്കേതിക വിദ്യകളോ അതുമായി ബന്ധപ്പെട്ട പഠനമോ നടന്നിട്ടുണ്ടോ; അത്തരത്തിലുള്ള ഒരു നൂതന സംവിധാനം ആവിഷ്കരിക്കുന്നതിന് ഈ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, അത്തരത്തിലുള്ള ബദൽ സംവിധാനങ്ങളെക്കുറിച്ചുള്ള ആലോചനകളൊക്കെ നടക്കുന്നുണ്ട്. പ്രീഫാബ് സംവിധാനം നമുക്ക് അതിനുവേണ്ടി ഉപയോഗപ്പെടുത്താം. അത് സാധാരണ കല്ല് ഉപയോഗിച്ചും പരമ്പരാഗത രീതികൾ ഉപയോഗിച്ചും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കാൾ വലിയ ചെലവ് വരുന്നതാണ്. ചെറിയ ക്വാറികൾക്കുള്ള നിയന്ത്രണം ഒഴിവാക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. നിർമ്മാണ സ്ഥലത്ത് സ്തംഭനാവസ്ഥ ഉണ്ടാകാതിരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് വീടില്ലാത്ത മുഴുവൻപേർക്കും വീട് കൊടുക്കുന്ന ലൈഫ് എന്ന സ്വപ്ന പദ്ധതി. ഈ പദ്ധതിയുടെ beneficiaries-നെ തെരഞ്ഞെടുക്കുമ്പോൾ ചില നിബന്ധനകൾ ഗവൺമെന്റ് മുന്നോട്ടുവച്ചിരുന്നു. അത് പൂർത്തീകരിക്കപ്പെടുമ്പോൾ അർഹതപ്പെട്ടവർ ആ ലിസ്റ്റിലേയ്ക്ക് കടന്നുവരുന്നതിൽ കുറവുണ്ടായിട്ടുണ്ട്. ചില ഒറ്റമുറി വീടുകൾ, ഒരിക്കലും വാസയോഗ്യമല്ലാത്ത വീടുകൾ എന്നിവയ്ക്ക് നമ്പർ ഉണ്ടെന്ന പേരിൽ അവരെ മാറ്റിനിർത്തുന്ന ഒരു നിലപാടുണ്ട്. അത് കൃത്യമായി പരിശോധിച്ച് വിധവകൾ, അവശർ അതുപോലെ നിരവധി ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവർ എന്നിവരെ പരിഗണിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഡോ. കെ. ടി. ജലീൽ: സർ, ഈ പ്രോസസ്സ് പൂർത്തിയാക്കിയിട്ടുള്ളത് ഒരു സർവ്വേയുടെ അടിസ്ഥാനത്തിലല്ല. സർവ്വേ കഴിഞ്ഞശേഷം രണ്ട് ഘട്ടങ്ങളിലായി അപ്പീലുകൾ ബോധിപ്പിക്കാനുള്ള അവസരങ്ങൾ നൽകുകയുണ്ടായി. ആ അപ്പീലുകൾ ബോധിപ്പിക്കാനുള്ള അവസരങ്ങൾ നൽകിയശേഷം നമ്മൾ രൂപം കൊടുത്ത ലിസ്റ്റ് ഗ്രാമസഭകളിൽ പോയി വളരെ ജെനുവിനായിട്ടുള്ള കേസുകളുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടത് ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ഏതാണ്ട് കുറ്റമറ്റ രീതിയിലാണ് ഇപ്പോഴത്തെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയത് എന്നുപറയാനാകും. ഇതിൽ നിന്നുകൊണ്ട് ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഗവൺമെന്റ് ഭവനരഹിതരെ തെരഞ്ഞെടുക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, പല വിധേനയുള്ള പരിശോധനകൾ നടത്തിയാണെങ്കിലും ഇപ്പോഴും ഇതിലൊന്നും ഉൾപ്പെടാതെ അർഹരായ ആളുകൾ പല സ്ഥലങ്ങളിലും ബാക്കി നിൽക്കുന്നുണ്ട്. വീട് വാടകയ്ക്കെടുത്ത് 11 മാസം, ഒരു വർഷം വരെ മാറിമാറി താമസിക്കുന്ന, തികച്ചും അർഹരായവർ ലിസ്റ്റിൽ ഉൾപ്പെടാതെ പോയിട്ടുണ്ട്. അവരെ പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇതുസംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാൽ നമുക്കറിയാൻ സാധിക്കും. ഏതാണ്ട് ഉൾപ്പെടേണ്ട ആളുകളൊക്കെ ഗ്രാമസഭകൾ കൂടി പാസ്സാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ നിലയ്ക്ക് അർഹതപ്പെട്ട എല്ലാപേരും ഇതിൽ വന്നിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, കഴിഞ്ഞ സഭയിൽ ലൈഫ് മിഷൻ പദ്ധതി സംബന്ധിച്ച് ഞാനൊരു അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. അന്ന് റേഷൻ കാർഡുകൾ ഇല്ലാത്തവർ ഈ ലിസ്റ്റിൽ വരില്ലെന്ന് പറഞ്ഞിരുന്നു. അന്ന് ഞാൻ അതുസംബന്ധിച്ച് പറഞ്ഞപ്പോൾ അപ്പുറത്തുള്ള പല ആളുകളും ചിരിച്ചു. 23-5-2018-ൽ സർക്കാർ ഇറക്കിയ ഉത്തരവിന്റെ ഒന്നാമത്തെ ഖണ്ഡികയിൽ, ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചാൽ അതിൽ മാറ്റംവരുത്താൻ പാടില്ലെന്ന് പറഞ്ഞിരിക്കുന്നു. നാലാമത്തെ ഗൈഡ്‌ലൈനിൽ പറയുന്നത്, ആർക്കെങ്കിലും റേഷൻ കാർഡ് ഇല്ലെങ്കിൽ അവരെ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ പാടില്ലെന്നുമാണ്. ഗ്രാമസഭ അംഗീകരിച്ചതിനുശേഷം വിവിധ പഞ്ചായത്തുകൾ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ച് അവർക്ക് ആദ്യഗഡു നൽകുന്ന ഈ സന്ദർഭത്തിൽ ഈ സർക്കുലർ എങ്ങനെയാണ് പ്രാവർത്തികമാക്കുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, ഗ്രാമസഭകൾ അംഗീകരിച്ചിട്ടുള്ള ലിസ്റ്റ് അടിസ്ഥാനമാക്കിയാണ് നമ്മൾ ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമസഭകൾ അംഗീകരിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരമായിരിക്കും ഈ ഭവനപദ്ധതി അനുസരിച്ച് സഹായങ്ങൾ നൽകുക.

മി. സ്പീക്കർ: റേഷൻ കാർഡിൽ പേരില്ലാത്തവരെ ഒഴിവാക്കരുതെന്നല്ലേ ശ്രീ. പി. കെ. ബഷീർ ആവശ്യപ്പെടുന്നത്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുസംബന്ധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ നേരത്തെതന്നെ ഉള്ളതാണ്. ആ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുക്കേണ്ടത്. ഇതിൽ പ്രായോഗികമായി വന്ന പ്രശ്നം, ദീർഘകാലമായി ഒരു പ്രദേശത്ത് വീടില്ലാതെ, താല്ക്കാലിക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ഉണ്ടാകില്ലെന്നുള്ളതാണ്. നമ്മുടെ മുമ്പിൽത്തന്നെ അങ്ങനെയുള്ള കുടുംബങ്ങളുണ്ട്. അവർക്ക് റേഷൻ കാർഡ് ഇല്ലെന്ന കാരണത്താൽ വീട് നൽകാതിരിക്കുന്ന നില സ്വീകരിക്കാൻ പാടില്ല. എന്നാൽ അതേസമയം കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുകയും ആ കുടുംബത്തിലെ അംഗങ്ങളുടെ പേര് റേഷൻ കാർഡിൽ ഉണ്ടായിരിക്കുകയും റേഷൻ ലഭ്യമാകുകയും ചെയ്താൽ അവർക്ക് അത് വിഭജിച്ച് കുടുംബങ്ങളാക്കാം. റേഷൻ കാർഡില്ല, വീട് വേണമെന്ന് പറഞ്ഞാൽ അത് പരിഗണിക്കാൻ സാധിക്കില്ല. ഇതാണ് നേരത്തെ പറഞ്ഞ സമീപനം. അതിന്റെ ഭാഗമായി മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ തീരുമാനമെടുക്കാവൂ. മാനദണ്ഡങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ്.

ശ്രീ. വി. ജോയി: സർ, സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നാല് മിഷനുകളിൽ പ്രധാനപ്പെട്ടതാണ് ലൈഫ് മിഷൻ. പല പഞ്ചായത്തുകളും എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. എം.എൽ.എ. മാരെ ബ്ലോക്ക് തലത്തിലുള്ള മീറ്റിംഗുകളിൽ പങ്കെടുപ്പിക്കാനോ ഇതുസംബന്ധിച്ച് ജനപ്രതിനിധികൾക്ക് പ്രത്യേക പരിഗണന നൽകുവാനോ ശ്രമിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. കാരണം, അവരുടെ പദ്ധതി വിഹിതത്തിന്റെ 20 ശതമാനമാണ്, 10-15 വർഷത്തേത്, ഇതിനുവേണ്ടി നീക്കിവയ്ക്കുന്നത്. എം.എൽ.എ.-മാരെ തീർച്ചയായും തദ്ദേശഭരണ സ്ഥാപനങ്ങൾ പരിഗണിക്കേണ്ടതാണ്. ഇക്കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഭവനം പദ്ധതിക്കായി ഒരേക്കർ 67 സെന്റ് സ്ഥലത്തിന്റെ ആധാരത്തിന്റെ കോപ്പി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തിരുന്നു. 2.5 ഏക്കർ സ്ഥലത്തിന്റെ ആധാരം നടത്തിയതിന്റെ കോപ്പി

എന്റെ കയ്യിലുണ്ട്. വസ്തു സൗജന്യമായാണ് നൽകുന്നത്. വീട് നൽകുന്നത് പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വീടില്ലാത്ത ആളുകൾക്ക് മാത്രമായാണോ അതോ കേരളത്തിലെ ജനങ്ങളെയാകെ കണക്കാക്കിയാണോ, ഏത് മാനദണ്ഡ പ്രകാരമാണ് വീട് നൽകുന്നത് തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച ഒരു വിവരവും എന്നെ അറിയിച്ചിട്ടില്ല. അതുസംബന്ധിച്ച് എന്തെങ്കിലും കാര്യങ്ങൾ അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഭൂമിയും വീടും ഇല്ലാത്ത 334556 കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്. അവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചാണ് വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചുകൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമി, മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ ഭൂമി, ശ്രീ. പി. സി. ജോർജിനെ പോലുള്ള ആളുകൾ സൗജന്യമായി സംഘടിപ്പിച്ച് നൽകുന്ന ഭൂമി തുടങ്ങിയവ ഉപയോഗപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. ശ്രീ. പി. സി. ജോർജ് സംഘടിപ്പിച്ച് നൽകിയിട്ടുള്ള ഭൂമിയിൽ പണിയാൻ ഉദ്ദേശിക്കുന്ന ഭവനസമുച്ചയത്തിന് തീർച്ചയായും ആ മേഖലയിൽ ഭവനരഹിതരായിട്ടുള്ള ആളുകളെയായിരിക്കും പരിഗണിക്കുന്നതെന്ന് പ്രത്യേകമായി പറയേണ്ടതില്ല. ഓരോ പ്രദേശത്തും ഭൂമി കണ്ടെത്തി ഭവനസമുച്ചയം നിർമ്മിച്ച് ആ മേഖലയിൽ ഭൂമിയും വീടുമില്ലാത്ത ആളുകളെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, 1970-കളിലെ ലക്ഷം വീട് പദ്ധതി കേരളത്തിൽ ഭവനരഹിതരായിട്ടുള്ളവർക്ക് വലിയ ആശ്വാസമായിരുന്നു. ലക്ഷം വീടുകൾ ഇന്ന് പൊട്ടിപ്പൊളിഞ്ഞ് വാസയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഫ്ലാറ്റ് അടിസ്ഥാനത്തിൽ ലക്ഷം വീടുകളെ പുനർനിർമ്മിക്കാൻ പ്രത്യേകമായ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളല്ലാതെ ഗവൺമെന്റ് ആവിഷ്കരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ലക്ഷം വീട് നിർമ്മിച്ചതും അതിന്റെ സംരക്ഷണവും തദ്ദേശഭരണ സ്ഥാപനങ്ങൾക്കല്ലായിരുന്നു. പുതിയ സാഹചര്യത്തിൽ ലൈഫ് മിഷന്റെ ഭാഗമാക്കി തീരെ വാസയോഗ്യല്ലാത്ത, ഇടിഞ്ഞുപൊളിഞ്ഞ് വീഴാറായ അത്തരം വീടുകൾ പുനർ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡുമായും സഹകരിച്ച് പദ്ധതി തയ്യാറാക്കും.

ശ്രീ. എസ്. ശർമ്മ: സർ, ലൈഫ് പദ്ധതി വളരെ വിജയകരമായി മുന്നോട്ട് പോകുമ്പോഴും ചെറിയ പ്രശ്നങ്ങൾ പല സ്ഥലത്തും അവശേഷിക്കുന്നുണ്ട്. CRZ-മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇതിനെ ബാധിക്കുന്നുണ്ടോയെന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; CRZ-നെ അതിജീവിച്ചെങ്കിൽ മാത്രമേ,

അല്ലെങ്കിൽ അതിനപ്പുറത്തേയ്ക്ക് നിർമ്മാണ പ്രവർത്തനവുമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞെങ്കിൽ മാത്രമേ വിശേഷിച്ചും തീരപ്രദേശത്ത് ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അക്കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, CRZ-ന്റെ പ്രശ്നവും അതുപോലെ തണ്ണീർത്തടത്തിന്റെ വിഷയവും പാവപ്പെട്ട ആളുകൾക്ക് വീട് വയ്ക്കുന്നതിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അക്കാര്യങ്ങൾ എങ്ങനെയാണ് നമുക്ക് തരണം ചെയ്യാൻ സാധിക്കുന്നതെന്നുള്ള കാര്യം ഗവൺമെന്റ് സജീവമായിത്തന്നെ ആലോചിച്ചുവരുന്നുണ്ട്. ഉടൻതന്നെ അക്കാര്യത്തിൽ അന്തിമമായ ഒരു തീരുമാനമുണ്ടാകും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുട്ടത്തറയിൽ 5.5 ഏക്കർ സ്ഥലം 18-2-2016-ലെ ജി.ഒ.(എംഎസ്.)138/2016/റവ. ഉത്തരവ് പ്രകാരം ഗവൺമെന്റ് ഏറ്റെടുത്തിരുന്നു. 3.5 ഏക്കർ സ്ഥലം മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനും 2 ഏക്കർ സ്ഥലം വികലാംഗ കോളനിയിൽ താമസിക്കുന്ന 91 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുമായിരുന്നു. അതിൽ ഫിഷറീസ് വകുപ്പ് 3.5 ഏക്കർ സ്ഥലത്ത് 192 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. വികാലാംഗ കോളനിക്ക് മാത്രമായി അനുവദിച്ചിട്ടുള്ള 2 ഏക്കർ സ്ഥലത്ത് ലൈഫ് പദ്ധതിയിൽ ഭവനം നിർമ്മിച്ച് നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; 2 ഏക്കർ സ്ഥലം നഗരഹൃദയ ഭാഗത്താണ്. ഞാൻ ഇതിനുമുമ്പും അങ്ങയോട് ഇതുസംബന്ധിച്ച് ചോദിച്ചപ്പോൾ ഉത്തരവ് കിട്ടിയില്ലെന്നാണ് പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് സ്ഥലം ഏറ്റെടുത്തത്. വികലാംഗ കോളനിയിൽ 91 കുടുംബങ്ങൾ വളരെ പരിതാപകരമായ അവസ്ഥയിലാണ് താമസിക്കുന്നത്. ഇതിലേയ്ക്ക് ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എൽദോ എബ്രഹാം: സർ, നമ്മുടെ സംസ്ഥാനത്ത് എം.എൻ. ലക്ഷംവീട് പദ്ധതിയും അതോടൊപ്പം വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്തെ ഇ.എം.എസ്. ഭവന പദ്ധതിയും സമാനതകളില്ലാത്ത ചരിത്രം സൃഷ്ടിച്ച പദ്ധതികളാണ്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ലൈഫ് പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. അതിൽ ധാരാളം ന്യൂനതകൾ ഉള്ളതിൽ ഒന്ന്, പഴയ ലക്ഷം വീട് പദ്ധതിയിലെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുക എന്നത് സുപ്രധാനമായ കാര്യമാണ്. ഇപ്പോൾ തയ്യാറാക്കപ്പെട്ടിട്ടുള്ള ലിസ്റ്റിൽ

ലക്ഷം വീടുകൾ പരിഗണനയിൽ വന്നിട്ടില്ല എന്നുള്ള ന്യൂനത പരിഹരിക്കണം. രണ്ടാമത്തെ കാര്യം, തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ ഷെയർ എടുക്കുന്നതിൽ വലിയ വീഴ്ച വരുത്തുന്നു. പഞ്ചായത്തുകൾ ലൈഫ് പദ്ധതി നടപ്പാക്കുന്നതിൽ ഒരുപോലെ താൽപ്പര്യം കാണിക്കുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് കർശനമായ നിലപാട് സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ലൈഫ് പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ചു. പല സർക്കാർ സഹായത്താലും പണി ആരംഭിക്കുകയും എന്നാൽ പണി പൂർത്തിയാക്കാൻ കഴിയാതെ പോകുകയും ചെയ്തിട്ടുള്ള 56,123 വീടുകളായിരുന്നു ഉണ്ടായിരുന്നത്. ആ വീടുകൾ വാസയോഗ്യമാക്കി ഗൃഹപ്രവേശം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണ് കഴിഞ്ഞ വർഷം ലൈഫ് മിഷന്റെ ആഭിമുഖ്യത്തിൽ നടന്നത്. ഇതിനായി 450 കോടിയിലധികം രൂപയാണ് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടേതായി ചെലവഴിച്ചത്. 39,397 വീടുകൾ ഈ പണം ചെലവഴിച്ചുകൊണ്ട് പൂർത്തിയാക്കാൻ സാധിച്ചു. രണ്ടുമാസത്തിനുള്ളിൽ ബാക്കിയുള്ള 16,726 വീടുകൾ പൂർത്തിയാക്കാനാകുമെന്നാണ് കരുതുന്നത്. ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്നതിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. ഇപ്പോൾ വാസയോഗ്യമായ ഇരട്ടവീടുകളിൽ താമസിക്കുന്ന ആളുകളെ ലൈഫ് മിഷന്റെ ഭാഗമായി എടുത്ത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കേടുപാടുകൾ വരികയും തീരെ താമസിക്കാൻ കഴിയാതെ പോകുകയും ചെയ്തിട്ടുള്ള വീടുകളുണ്ടെങ്കിൽ ആ വീട്ടിൽ താമസിക്കുന്നവരെ ഗ്രാമസഭകൾതന്നെ ഈ ലിസ്റ്റിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ലൈഫ് പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ടി 4,000 കോടി രൂപ ഹഡ്കോയിൽനിന്ന് വായ്പയെടുക്കാൻ തീരുമാനിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുകയാണ്. എറണാകുളം ജില്ലയിലെ പനമ്പള്ളി നഗറിൽ പി. ആൻഡ്. ടി. എന്നൊരു കോളനിയുണ്ട്. 117 കുടുംബങ്ങളാണ് അവിടെ ഏറ്റവും മോശപ്പെട്ട സാഹചര്യത്തിൽ ജീവിക്കുന്നത്. ഇവർക്ക് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിച്ചുനൽകാൻ ജി.സി.ഡി.എ. എക്സിക്യൂട്ടീവ് യോഗം കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ വിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയിട്ടുണ്ട്. അതിന് അടിയന്തരമായി അംഗീകാരം നൽകാൻ കഴിയുമോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും അക്കാര്യത്തിൽ അടിയന്തരമായ നടപടികളുണ്ടാകും. ഒരു സന്തോഷ വാർത്ത ഈ സഭയെ അറിയിക്കാനുള്ളത്, 2.50 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിന് ഏതാണ്ട് 10,000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. അതിൽ 4,000 കോടി രൂപ ഹഡ്കോയിൽനിന്ന്

വായ്പയെടുക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഹഡ്കോയുടെ 4,000 കോടി രൂപയുടെ വായ്പ പാസ്സായെന്ന വിവരം അവർ ഇന്നലെ അറിയിച്ചു. ബഡ്ജറ്റിൽ 2,500 കോടി രൂപ ഇതിലേയ്ക്കായി നീക്കിവച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ 20% വിഹിതം, 1,080 കോടി രൂപയുണ്ട്. ഈ വർഷംതന്നെ 10,000 കോടി രൂപ നൽകാനുള്ളതിൽ 7,580 കോടി രൂപയും നമ്മുടെ കൈകളിൽ വന്നിട്ടുണ്ട്. ഇതിന്റെ ആദ്യഗഡുവിന്റെ വിതരണം ആരംഭിച്ചുകഴിഞ്ഞു. ഏതാണ്ട് മൂവായിരത്തിലധികം കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി.

## കാർഷിക മേഖലയിലെ യന്ത്രവൽക്കരണം

3 (*123) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം യന്ത്രവൽക്കരണം നടത്താതിരുന്നതാണ് നെൽക്കൃഷി തുടങ്ങിയ കാർഷിക മേഖലകളിൽ ഉത്പാദനം കുറയുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷിയിടങ്ങൾ യന്ത്രവൽക്കരിക്കുവാൻ മിഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവമാണ് യന്ത്രവൽക്കരണത്തിന് തടസ്സമായതെന്ന് കണ്ടെത്തിയിട്ടുണ്ടോ; മിഷൻ രൂപീകരിക്കുന്നതിലൂടെ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കുടുംബശ്രീ പ്രവർത്തകരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് സ്ത്രീ സൗഹൃദ കാർഷിക ഉപകരണങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) മിഷന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, (എ) യന്ത്രവൽക്കരണംമൂലം കാർഷികോൽപ്പാദനം വർദ്ധിച്ചതായും കൃഷിച്ചെലവ് ആനുപാതികമായി കുറയുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാർഷിക യന്ത്രവൽക്കരണത്തിനായി രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കസ്റ്റം ഹയറിംഗ് സെന്റർ എന്നിവയുടെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ മിഷൻ ഡയറക്ടറും ഡോ. യു. ജയകുമാർ കോ-ഓർഡിനേറ്ററുമായി കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ (കെ.എസ്.എ.എം.എം.) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടത്ര വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം നിലവിലുണ്ട്. ട്രാക്ടറുകളും ട്രില്ലറുകളും കൊയ്ത്ത് യന്ത്രങ്ങളും പ്രവർത്തിപ്പിക്കുന്നതിന് വൈദഗ്ധ്യമുള്ള പരിചയസമ്പന്നരായ പ്രവർത്തകരെ ആവശ്യമുണ്ട്. വൈദഗ്ധ്യമുള്ള തൊഴിലാളികളെ തയ്യാറാക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നത് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രധാന ലക്ഷ്യമാണ്. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ മിഷൻ ഡയറക്ടറായുള്ള കെ.എസ്.എ.എം.എം.-ന്റെ കീഴിൽ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) സ്ത്രീ സൗഹൃദ കാർഷിക യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും പരിശീലനം നൽകി ശാക്തീകരിച്ച് പ്രവർത്തനസജ്ജരാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാർഷിക മേഖലയിലേയ്ക്ക് വനിതാ കൂട്ടായ്മകളെ ആകർഷിക്കുന്നതിന് യന്ത്രവൽക്കരണം സഹായിക്കുന്നുണ്ട്.

(ഇ) കേരള കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മിഷൻ പ്രവർത്തനത്തിന്റെ ആദ്യപടിയായി കേരള സംസ്ഥാനത്തുടനീളമുള്ള കാർഷിക യന്ത്രങ്ങളുടെ മുഴുവൻ വിവരം ശേഖരിച്ച് കാർഷിക യന്ത്രങ്ങളുടെ സൈബർ സെൽ സജ്ജമാക്കുന്നതിന്റെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. സംസ്ഥാനത്ത് 200 കാർഷിക കർമ്മസേനകളും 79 അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ കാർഷിക യന്ത്രങ്ങളും അറ്റകുറ്റപ്പണി തീർത്ത് പ്രവർത്തനസജ്ജമാക്കി കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തനയോഗ്യമല്ലാത്ത എല്ലാ കാർഷിക യന്ത്രങ്ങളുടെയും വിവരം ശേഖരിച്ച് നിയമാനുസൃതം ഇവയെല്ലാം ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

എല്ലാ ബ്ലോക്കുകളിലും കാർഷിക സേവന കേന്ദ്രവും എല്ലാ പഞ്ചായത്തുകളിലും കാർഷിക കർമ്മസേനയും സ്ഥാപിക്കുന്ന പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സുസജ്ജമാക്കുന്നതിനുമുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കിക്കഴിഞ്ഞു. നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ കാർഷിക യന്ത്രങ്ങളുടെയും അറ്റകുറ്റപ്പണി തീർത്ത് പ്രവർത്തനസജ്ജമാക്കി കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നതോടൊപ്പം സംസ്ഥാനത്ത് പ്രവർത്തനയോഗ്യമല്ലാത്ത എല്ലാ കാർഷിക യന്ത്രങ്ങളുടെയും വിവരം ശേഖരിച്ച് നിയമാനുസൃതം ഇവയെല്ലാം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. കർഷകർക്ക് കാർഷിക യന്ത്രോപകരണങ്ങളുടെ ലഭ്യതയെക്കുറിച്ച് അറിയുന്നതിനും സേവനം ലഭ്യമാക്കുന്നതിനുമായി www.asha.kerala.gov.in എന്ന വെബ്സൈറ്റ് ഉടൻതന്നെ പ്രവർത്തനസജ്ജമാകുന്ന ഘട്ടത്തിലാണ്.

കൂടാതെ എല്ലാ കാർഷിക കർമ്മസേനകളും കാർഷിക സേവന കേന്ദ്രങ്ങളും കാര്യക്ഷമമായും സുസ്ഥിരമായും സ്വയംപര്യാപ്തമായും പ്രവർത്തിക്കുന്നതിന് ബിസിനസ് പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞു.

കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയുടെ ഏകോപനത്തിനും മെച്ചപ്പെട്ട പ്രവർത്തനത്തിനുമായി ഒരു കരട് മാന്വൽ തയ്യാറാക്കിക്കഴിഞ്ഞു. കാർഷിക മേഖലയ്ക്ക് ആവശ്യമായ വിദഗ്ദ്ധരായ തൊഴിലാളികളെ നിർണ്ണയിച്ച് വരുംവർഷങ്ങൾക്കകം അവർക്ക് പരിശീലനം നൽകി തയ്യാറാക്കുന്നതിനുള്ള കർമ്മ പരിപാടികൾ മിഷൻ മുഖാന്തരം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, കൃഷി പരമ്പരാഗതമായിത്തന്നെയാണ് നമ്മുടെ ആളുകൾ ഇഷ്ടപ്പെടുന്നതും കൊണ്ടുനടക്കുന്നതും. എന്നാൽ കൃഷി രീതികൾ കാലാനുസൃതമായി മാറേണ്ടത് അനിവാര്യതയാണ്. കാർഷിക മേഖലയിൽ യന്ത്രവൽക്കരണത്തിന്റെ നേട്ടങ്ങൾ നമുക്കെല്ലാവർക്കുമറിയാം. പക്ഷെ, വിദേശ രാജ്യങ്ങളിലൊക്കെ ഓരോ കർഷകന്റെയും ഹോൾഡിംഗ് എന്നുപറയുന്നത് വലിയ ലാൻഡാണ്. യു.എസ്.എ.-യിൽ 100- ഉം 145 -ഉം ഏക്കർ ഭൂമി ആവറേജ് വരുന്നു. കാനഡയിൽ 223 ഏക്കർ ഭൂമി ആവറേജ് വരുന്നു. വലിയ ലാൻഡാകുമ്പോൾ utilization to the fullest എന്നുപറയാവുന്ന തരത്തിൽ അവർക്ക് കൃഷി ചെയ്യാൻ കഴിയുന്നുണ്ട്. സാധാരണ പാവപ്പെട്ട കർഷകനുള്ള ശരാശരി ഭൂമിയുടെ ഹോൾഡിംഗ് എന്നുപറയുന്നത് ചെറിയ ലാൻഡിലാണ്. ഇവിടെ യന്ത്രവൽക്കരണം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഈ തടസ്സത്തെ എങ്ങനെ

മറികടക്കാനാണ് നമ്മളാഗ്രഹിക്കുന്നത്; കൂടാതെ അങ്ങ് മറുപടിയിൽ പറഞ്ഞതുപോലെ ധാരാളം ഉപകരണങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്. നന്നായി പ്രവർത്തിക്കുന്ന സർവ്വീസ് സെന്ററുകൾ തെരഞ്ഞെടുത്ത്, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO) ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുള്ളതും കെട്ടിക്കിടക്കുന്നതും ചെറിയ റിപ്പെയർ ആവശ്യമുള്ളതുമായ ധാരാളം യന്ത്രങ്ങൾ അവർക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. കേരളത്തിലെ കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നത് ചെറിയ ഹോൾഡിംഗ്സിലാണ്. അവർക്കാവശ്യമായിവരുന്ന യന്ത്രങ്ങളാണ് നമുക്ക് നൽകാൻ കഴിയുന്നത്. സബ്-മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്ന പദ്ധതി ഇത്തരം കാര്യങ്ങൾക്കുവേണ്ടിയുള്ളതാണ്. വ്യക്തിഗതമായ നിലയിലുള്ളതും ഗ്രൂപ്പുകൾക്കുവേണ്ടിയുള്ളതുമായ മെക്കനൈസേഷൻ സൗകര്യങ്ങളെല്ലാംതന്നെ SMAM വഴി നൽകുന്നുണ്ട്. ഇതുപ്രകാരം ഇപ്പോൾ 8 പേരുടെ ഗ്രൂപ്പുകൾക്ക് 12.50 ലക്ഷം രൂപവരെയുള്ള മെഷിനറിക്ക് 10 ലക്ഷം രൂപ സബ്സിഡി നൽകുന്ന ഒരു സ്കീമാണ്. മെഷിനറി ഏത് വേണമെന്ന് അവർക്ക് തീരുമാനിക്കാം. വ്യക്തികൾക്ക് 10 ലക്ഷം രൂപവരെ സബ്സിഡി നൽകുന്നുണ്ട്. അങ്ങനെയുള്ള സ്കീമുകളടക്കം നൽകുന്നത് ചെറിയ ഹോൾഡിംഗ്സുകളിൽ കൃഷി ചെയ്യുന്നവർക്ക് ചെറിയ യന്ത്രങ്ങൾ നൽകുന്നതിനുവേണ്ടിയാണ്. അതിനുപുറമെ ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ മാറ്റിവച്ചിരിക്കുന്നത് തദ്ദേശീയവും വിദേശീയവുമായതും നമ്മുടെ നാട്ടിന് അനുയോജ്യമായതുമായ യന്ത്രങ്ങൾ ഷോകെയ്സ് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനത്തിനാണ്. അത് കൃഷിക്കാരിലെത്തിക്കാനും പ്രചരിപ്പിക്കാനും ഉദ്ദേശിച്ചാണ് ആ പദ്ധതി ഇപ്പോൾ നടപ്പാക്കുന്നത്. അതിനുപുറമേ അങ്ങ് സൂചിപ്പിച്ചതുപോലെ പല സ്ഥലത്തും പ്രവർത്തിപ്പിക്കാതെ കിടക്കുന്ന യന്ത്രങ്ങളെല്ലാം 79 അഗ്രോ സർവ്വീസ് സെന്ററുകൾക്കും പുതിയതായി ആരംഭിക്കാൻ പോകുന്ന 20 അഗ്രോ സർവ്വീസ് സെന്ററുകൾക്കും കൃത്യമായ നിലയിൽ, പ്രവർത്തനത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വീതിച്ചുനൽകാനുള്ള നടപടികളാണ് ഈ മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, യീൽഡിന്റെയും സമയത്തിന്റെയും പ്രൊഡക്ടിവിറ്റിയുടെയും കോസ്റ്റ് ഓഫ് പ്രൊഡക്ഷന്റെയും കാര്യത്തിലൊക്കെ മെക്കനൈസേഷന് ധാരാളം ഗുണങ്ങളുണ്ട്. വൺ ടൈം വലിയൊരു എക്സ്പെൻസ് വരുമെങ്കിലും റിപ്പീറ്റഡ്/റെക്കറിംഗ് ആയിട്ടുള്ള കാര്യങ്ങൾക്ക് വലിയ ലാഭമുണ്ട്.

മെക്കനൈസേഷന്റെ ഏറ്റവും വലിയ കുഴപ്പം മനുഷ്യന്റെ തൊഴിൽ സാധ്യതകൾ നഷ്ടപ്പെടുന്നുവെന്നുള്ളതാണ്. കേരളത്തിൽ ഇന്ന് കൊയ്യാനും മെതിക്കാനും ആളെ കിട്ടാതെ ഇതര സംസ്ഥാനങ്ങളിൽ നിന്നുവരുന്ന സഹോദരങ്ങളെ ഏൽപ്പിക്കുന്ന സാഹചര്യത്തിൽ, മെക്കനൈസ്ഡ് ആയിട്ടുള്ള യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് വേണ്ടി വനിതകൾക്ക് പ്രത്യേകം ട്രെയിനിംഗ് കൊടുത്താൽ, ഒരു ദിവസം പണിയെടുത്താൽ അവർക്ക് 300 രൂപയോ 400 രൂപയോ ലഭിക്കും. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി പാടശേഖരങ്ങളിലും മറ്റും ഉപയോഗിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കാൻ വനിതകളെ പരിശീലിപ്പിക്കുകയാണെങ്കിൽ അഞ്ചോ എട്ടോ മണിക്കൂറിലെ ഉപയോഗത്തിന് അവർക്ക് 100 രൂപ വച്ചാണെങ്കിലും 800 രൂപ കിട്ടും. അങ്ങനെ അവരുടെ വരുമാനം വർദ്ധിക്കുകയും അവരുടെ കുടുംബങ്ങളിൽ സാമ്പത്തികഭദ്രത ഉണ്ടാവുകയും ചെയ്യും. വനിതകളെ ഇത്തരം യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പരിചയപ്പെടുത്തുന്ന/ട്രെയിനിംഗ് കൊടുക്കുന്ന ഒരു സ്പെഷ്യലൈസ്ഡ് ഡ്രൈവ് കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറിയ രീതിയിൽ ഇപ്പോൾ നടന്നുവരുന്നുണ്ട്. അതിനപ്പുറം ഒരു സ്പെഷ്യലൈസ്ഡ് ഡ്രൈവിന് സംസ്ഥാന സർക്കാർ നേതൃത്വം നൽകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഈ മിഷന്റെ ലക്ഷ്യംതന്നെ ഇതുപോലെയുള്ള ഗ്രൂപ്പുകൾ ഉണ്ടാക്കുകയെന്നുള്ളതാണ്. കാർഷിക കർമ്മസേനകളിലെ സിംഹഭാഗവും സ്ത്രീകളാണ്. ഞാറ് നടുന്ന യന്ത്രങ്ങളും അതുപോലെ ടില്ലറുകളുമൊക്കെ പ്രവർത്തിപ്പിക്കുന്നതിന് ധാരാളം സ്ത്രീകൾക്ക് ഇപ്പോൾ ട്രെയിനിംഗ് കിട്ടിയിട്ടുണ്ട്. ഇപ്പോൾ ആരംഭിക്കാൻ പോകുന്ന കാർഷിക കർമ്മസേനയിൽ, ഒരു കർമ്മസേനയ്ക്ക് 10 ലക്ഷം രൂപയാണ് കൊടുക്കുന്നത്. 10 ലക്ഷം രൂപയിൽ 9 ലക്ഷം രൂപ മെഷിനറി വാങ്ങാനും ഒരു ലക്ഷം രൂപ പരിശീലനത്തിനും വേണ്ടിയുള്ളതാണ്. അങ്ങനെയുള്ള 200 കാർഷിക കർമ്മസേനകളാണ് ഇപ്പോൾ ആരംഭിക്കുന്നത്. അടുത്ത ഘട്ടമായി എല്ലാ പഞ്ചായത്തുകളിലും ഇതുപോലെ കർമ്മസേന രൂപീകരിക്കുമ്പോൾ പ്രധാനമായും വനിതാ കർഷക തൊഴിലാളികളെയാണ് അതിലേയ്ക്ക് ആകർഷിക്കാനുദ്ദേശിക്കുന്നത്. ഇപ്പോൾ ആരംഭിച്ചിരിക്കുന്ന കാർഷിക കർമ്മസേനകളിൽ ഭൂരിപക്ഷവും വനിതകളാണെന്നുള്ളതുകൊണ്ട് വനിതകൾക്കുവേണ്ടി പ്രത്യേകമായിട്ടില്ലെങ്കിൽ ത്തന്നെയും വനിതകളുടെ ഗ്രൂപ്പുകൾ പ്രത്യേകമായി ആവശ്യപ്പെട്ടാൽ അവർക്കുവേണ്ട എല്ലാ മെക്കനൈസേഷൻ സൗകര്യങ്ങളും ട്രെയിനിംഗും നൽകാൻ ഗവൺമെന്റ് തയ്യാറാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കേരളത്തിലെ നെല്ലുൽപ്പാദനം ഗണ്യമായി കുറഞ്ഞുവരികയാണ്. അതിന് പ്രധാനപ്പെട്ട കാരണം ഇവിടെ

സൂചിപ്പിച്ചതുപോലെ വേണ്ടരീതിയിലുള്ള യന്ത്രങ്ങളുടെ കുറവാണ്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള പല യന്ത്രങ്ങളും കേരളത്തിന്റെ കാലാവസ്ഥയിലോ കൃഷിയിടങ്ങളിലോ ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. എറണാകുളം ജില്ലയിലുള്ള 'കുപ്ചെ' എന്ന കൊയ്ത്തുമെതിയന്ത്രങ്ങൾ മറ്റ് സംസ്ഥാനങ്ങളായ കർണ്ണാടകത്തിലും തമിഴ്നാട്ടിലുമൊക്കെ ഉപയോഗിക്കുന്നവയാണ്. ചെളിക്കെട്ട് ഇല്ലാത്തതുകൊണ്ട് അവിടെ ഈ യന്ത്രം ഉപയോഗിക്കാൻ സാധിക്കും. അതേ മെഷീൻ തന്നെ ഇവിടെ പല സ്ഥലങ്ങളിലും വാങ്ങിക്കൊണ്ടുവന്നു. പക്ഷേ, ഇവിടെ ധാരാളം വെള്ളമുള്ളതുകൊണ്ട് പാടശേഖരങ്ങളിൽ ഇറക്കാൻ സാധിക്കുന്നില്ല. ഇറങ്ങുമ്പോൾ താഴ്ന്നുപോകുന്ന മെഷീനാണ്. അങ്ങനെ ധാരാളം യന്ത്രങ്ങൾ ഇവിടെ പല ഫാമുകളിലും ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ഇനി അത് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ നമ്മുടെ സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്ന മെഷീനുകൾ കൃഷിഭവൻ വഴി കൊണ്ടുവരാനും സാങ്കേതിക പരിജ്ഞാനമുള്ള ആളുകളെ വച്ച് ഉപയോഗിക്കാനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; അല്ലെങ്കിൽ സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യം വസ്തുതാവിരുദ്ധമാണ്. കാരണം, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്തുണ്ടായിരുന്നതിനേക്കാളും 30,000 ഹെക്ടർ സ്ഥലത്ത് അധികമായി നെൽക്കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടുലക്ഷത്തി ഇരുപതിനായിരത്തിലധികം ഹെക്ടർ സ്ഥലത്താണ് നെൽക്കൃഷി ചെയ്തിരിക്കുന്നത്. മാത്രമല്ല കഴിഞ്ഞ വർഷത്തേക്കാൾ 40,000 മെട്രിക് ടണ്ണോളം അധികം നെല്ല് കേരളത്തിൽ ഉല്പാദിപ്പിക്കപ്പെട്ടിട്ടുണ്ട്. ഉല്പാദനക്ഷമതയിലും കഴിഞ്ഞ കാലത്തേക്കാളും ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. മറ്റൊന്ന് ആവശ്യമില്ലാത്ത യന്ത്രങ്ങൾ വാങ്ങി വച്ചിരിക്കുന്നുയെന്നുള്ളതാണ്. പല തദ്ദേശഭരണ സ്ഥാപനങ്ങളും അവരുടെ സ്കീം അനുസരിച്ച് ആവശ്യകത നോക്കിയിട്ടല്ല യന്ത്രങ്ങൾ വാങ്ങിയിരിക്കുന്നത്. എക്സ്പെൻഡിച്ചർ വരുത്താൻ വേണ്ടി വാങ്ങിവച്ചിട്ടുള്ള പല യന്ത്രങ്ങളും കർഷകർക്ക് ഉപയോഗിക്കാൻ സാധിക്കാതെയായിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് അത്തരം യന്ത്രങ്ങളെല്ലാം കണ്ടം ചെയ്യാനോ ഉപേക്ഷിക്കാനോ പുതുതായി വാങ്ങാനോ ആണ് തീരുമാനിച്ചിരിക്കുന്നത്. ഈ മിഷന്റെ പ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം, ആവശ്യകതയെന്താണെന്ന് ശാസ്ത്രീയമായി മനസ്സിലാക്കിക്കൊണ്ട് ഓരോ പ്രദേശത്തിനും ആവശ്യമായിട്ടുള്ള യന്ത്രങ്ങൾ വാങ്ങി പ്രവർത്തിപ്പിക്കുകയെന്നുള്ളതാണ്. എന്നുമാത്രമല്ല, ഇപ്പോൾ പ്രവർത്തനസജ്ജമായിരിക്കുന്നവ ഉപയോഗിക്കുകയും റിപ്പയറബിളായിട്ടുള്ളവ റീജിയണലായി വർക്ക്ഷോപ്പുകൾ സ്ഥാപിച്ചുകൊണ്ട് റിപ്പയർ ചെയ്ത് കൃഷിക്കാർക്ക് കൊടുക്കുകയെന്നുള്ളതുമാണ് ഈ മിഷൻവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിലൂടെ അങ്ങ് പറഞ്ഞ കാര്യം നടപ്പാക്കപ്പെടുന്നതായിരിക്കും.

ശ്രീ. വി. ടി. ബൽറാം: സർ, കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തെ തുടക്കത്തിൽ വൈമനസ്യത്തോടുകൂടി നോക്കിക്കണ്ട ആളുകളാണ് നമ്മൾ. പിന്നീട് തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അത് സ്വീകരിച്ചുയെന്നുള്ളത് നല്ല കാര്യം തന്നെയാണ്. ഇപ്പോഴും നമുക്കാവശ്യമുള്ള പല കാർഷിക യന്ത്രങ്ങളും കേരളത്തിൽ ഉണ്ടോയെന്നുള്ള കാര്യം സംശയമാണ്. ഇപ്പോൾ മറ്റ് മേഖലയിലൊക്കെ പുതിയ കണ്ടുപിടിത്തങ്ങൾ ഉണ്ടാകുന്നുണ്ട്. മാൻഹോൾ വൃത്തിയാക്കുന്നതിന് വേണ്ടിയുള്ള യന്ത്രം ചില ചെറുപ്പക്കാർ നിർമ്മിച്ചുവെന്നുള്ളത് നല്ല കാര്യമാണ്. പക്ഷേ നമ്മുടെ കാർഷിക മേഖലയ്ക്ക് ആവശ്യമുള്ള,—ഉദാഹരണത്തിന് നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായ ചക്ക പറിക്കാൻ പറ്റുന്ന യന്ത്രങ്ങൾ, മാങ്ങ കേടുകൂടാതെ നിലത്തേയ്ക്ക് നേരിട്ട് ഇടാതെ പറിക്കാൻ പറ്റുന്ന യന്ത്രങ്ങൾ തുടങ്ങിയവയുടെ അഭാവം കാർഷികമേഖലയിലുണ്ട്. കാർഷിക സർവ്വകലാശാലയും മറ്റ് സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുമൊക്കെ ചേർന്ന് ഇത്തരത്തിൽ കേരളത്തിനാവശ്യമുള്ള അപ്രോപ്രിയേറ്റ് ടെക്നോളജി ഡെവലപ് ചെയ്യാനുള്ള എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തവനൂരിലെ കാർഷിക സർവ്വകലാശാലയിലെ ഗവേഷണ കേന്ദ്രം, മണ്ണുത്തിയിലെ ആർ.എ.ആർ.എസ്. ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കർഷകർക്കാവശ്യമായ തരത്തിലുള്ള യന്ത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. തെങ്ങിന്റെ തടമെടുക്കുന്നതിനുള്ള യന്ത്രങ്ങൾ, വാഴക്കുഴി എടുക്കുന്നതിനുള്ള യന്ത്രങ്ങൾ, ഒരു യന്ത്രത്തിൽ തന്നെ പല ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന പുതിയൊരു യന്ത്രം എന്നിവ ഈ അടുത്തകാലത്ത് ആർ.എ.ആർ.എസ്. മണ്ണുത്തി ഡെവലപ് ചെയ്തെടുത്തിട്ടുണ്ട്. അങ്ങനെ നമ്മുടെ കർഷകർക്കാവശ്യമായിട്ടുള്ള എല്ലാ യന്ത്രങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇതുപോലെയുള്ള ഗവേഷണ പ്രവർത്തനങ്ങൾകൂടി ചേർന്നതാണ് ഈ മിഷന്റെ പ്രധാനപ്പെട്ട ലക്ഷ്യം. കാർഷിക സർവ്വകലാശാലയുടെ വൈസ് ചാൻസലർ തന്നെ മിഷൻ ഡയറക്ടറായത് സർവ്വകലാശാലയിൽ നടക്കുന്ന ഇത്തരം ഗവേഷണ പ്രവർത്തനങ്ങൾ കർഷകരുടെ ആവശ്യകതയ്ക്കനുസരിച്ച് മാറ്റുന്നതിനുവേണ്ടിയാണ്. ഈ മിഷന്റെ പ്രവർത്തനത്തിൽ അങ്ങ് ഉദ്ദേശിച്ച രീതിയിലുള്ള, നമുക്കാവശ്യമായ യന്ത്രങ്ങൾ ഡെവലപ് ചെയ്തെടുക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. മാങ്ങ പറിക്കുന്നതിനും ചക്ക പറിക്കുന്നതിനുമുള്ള യന്ത്രങ്ങൾ പല ആളുകളും കണ്ടുപിടിച്ചുവെന്ന് പറയുന്നുണ്ട്. അത് യൂട്ടിലൈസ് ചെയ്യാൻ കഴിയുന്ന ഒരു സംവിധാനമാണ് നമുക്ക് വേണ്ടത്. അതാണ് ഈ മിഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ലോകത്തിലെ ഭൂവിസ്തൃതിയുടെ 2.4 ശതമാനവും ജലസ്രോതസ്സിന്റെ 4 ശതമാനവും ജനസംഖ്യയുടെ 17 ശതമാനവും കന്നുകാലി സമ്പത്തിന്റെ 15 ശതമാനവുമുള്ള ഒരു രാജ്യമാണ് നമ്മുടേത്. അങ്ങനെയുള്ള ഒരു

രാജ്യത്ത് ഭക്ഷ്യോല്പാദനം വർദ്ധിപ്പിച്ച് മാത്രമെ നമുക്ക് മുന്നോട്ടുപോകാൻ കഴിയൂ. അതിന് യന്ത്രവൽക്കരണം അനിവാര്യമാണ്. ഗവൺമെന്റ് മുന്നോട്ടുവച്ചിരിക്കുന്ന യന്ത്രവൽക്കരണ പദ്ധതികൾ പലപ്പോഴും വിജയപ്രദമാകാതെ വരുന്നതിന് പല കാരണങ്ങളുണ്ട്. പരമ്പരാഗതമായി അതിനോടുള്ള എതിർപ്പുണ്ടായിരുന്നു. ആദ്യമായി ട്രാക്ടർ ഇറക്കിയപ്പോൾ ട്രാക്ടർ കത്തിക്കുകയും കൊയ്ത്ത് യന്ത്രം, മെതി യന്ത്രം തുടങ്ങിയവ കൊണ്ടുവന്നപ്പോൾ അതിനെതിരെ സമരം നടത്തുകയും എന്തിനേറെ, പഞ്ചിംഗ് എന്ന ചെറിയ യന്ത്രം പോലും നമ്മുടെ രാജ്യത്ത് നടപ്പാക്കാൻ പറ്റുന്നില്ല. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് ഇവിടെയുണ്ട്. കയർ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അവിടെ യന്ത്രവൽക്കരണം സമയത്ത് നടപ്പാക്കാതിരുന്നതാണ്. അന്ന് യന്ത്രവൽക്കരണത്തിനുവേണ്ടി പറഞ്ഞവരെ തീവ്രവാദികളെന്നുപോലും വിളിച്ചിരുന്നു എന്നുള്ളത് സത്യമാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഇതിനെ മറികടക്കാനുള്ള വളരെ ബോധപൂർവ്വമായ വിദ്യാഭ്യാസം കാർഷിക മേഖലയിൽ നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, യന്ത്രവൽക്കരണത്തെ എതിർക്കുന്ന കാലമെല്ലാം കഴിഞ്ഞു. ഇന്ന് യന്ത്രവൽക്കരണം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ തൃശ്ശൂർ, പൊന്നാനി, ആലപ്പുഴ എന്നിങ്ങനെയുള്ള ജില്ലകളിൽ കൊയ്ത്ത് നടത്തുന്നത് പൂർണ്ണമായും യന്ത്രങ്ങൾ വഴിയാണ്. യന്ത്രങ്ങൾവഴി തന്നെ ഇത്തരം പ്രവർത്തനം നടത്താനും അതുവഴി കർഷകർക്ക് അവരുടെ കാർഷിക പ്രവൃത്തിയുടെ ചെലവ് കുറച്ചുകൊണ്ടുവരാനുമാണ് ഈ മിഷൻ രൂപീകരിച്ചിരിക്കുന്നത്. ഇന്ന് ജനങ്ങൾക്കും കൃഷിക്കാർക്കും ആവശ്യമായ പണിക്കാരെയും മെഷിനറിയും കിട്ടാനില്ല, വലിയ കൂലി കൊടുക്കേണ്ടിവരുന്നു. ഈ രണ്ടു പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ ആരംഭിച്ചിരിക്കുന്നത്. കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് കൃത്യമായി ട്രെയിനിംഗ് കൊടുക്കേണ്ടവർക്ക് ട്രെയിനിംഗ് കൊടുക്കുക, ഗവേഷണം നടത്തേണ്ട സ്ഥലം ഗവേഷണം നടത്തുക, മെക്കനൈസേഷന്റെ വ്യാപനം ഉദ്ദേശിച്ചുകൊണ്ടുള്ള മിഷനാണ് ഇപ്പോൾ നടപ്പാക്കുന്നത്. ഇത് കൃത്യമായ രീതിയിൽ 3 കൊല്ലംകൊണ്ട് നടപ്പാക്കി കേരളത്തിന്റെ കാർഷിക മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കാനും ഉല്പാദനച്ചെലവ് ഗണ്യമായി കുറച്ചുകൊണ്ടുവരാനുമുള്ള വ്യക്തമായ കാഴ്ചപ്പാടോടുകൂടി തന്നെയാണ് മെക്കനൈസേഷൻ മിഷൻ കേരളത്തിൽ നടപ്പാക്കാൻ പോകുന്നത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കാർഷികോത്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ വളരെ അഭിനന്ദനാർഹമാണ്. അക്കാര്യത്തിൽ

ബഹുമാന്യനായ മന്ത്രി വളരെയേറെ ഇനിഷ്യേറ്റീവ് എടുക്കുന്നു. പൊക്കാളിയും മലബാറിലെയും കണ്ണൂർ ജില്ലയിലെയും കയ്പാട്ടും ഏതാണ്ട് ഒരുപോലെയാണ്. അത് വളരെ താഴ്ന്നതും ഉപ്പുവെള്ളം വരുന്നതുമായ സ്ഥലമാണ്. അവിടെ കൃഷി ചെയ്യുന്നതിന് കർഷകർ വളരെയേറെ പ്രയാസം അഭിമുഖീകരിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നമുക്ക് തൊഴിലാളികളെ ലഭിക്കുന്നില്ല. പ്രത്യേകിച്ച് അവിടെ കൂന കൂട്ടിയിട്ടാണ് കൃഷി ചെയ്യുന്നത്. അതിനവിടെ മൗണ്ട് മേക്കിംഗ് മെഷീൻ വേണം. ഇതുവരെ അത്തരമൊരു മെഷീൻ ഡിസൈൻ ചെയ്തിട്ടില്ല. മാത്രമല്ല, അവിടെ കൊയ്ത്ത് നടത്തുന്നതിനുവേണ്ടിയുള്ള ലോ വെയിറ്റ് കമ്പെയിൻ ഹാർവെസ്റ്റർ ഉപയോഗിക്കാൻ കഴിയുന്നില്ല. അതുപോലും താഴ്ന്നു പോകുകയാണ്. അതിനൊരു മോഡിഫിക്കേഷൻ വേണം. ഇതുസംബന്ധിച്ച് രണ്ട് വർഷംമുമ്പ് ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചു. ഐ.സി.എ.ആർ. (ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച്) അത് അംഗീകരിച്ചു. അംഗീകാരം കിട്ടിയെന്നാണ് അറിയുന്നത്. ആ മേഖലയിൽ കുറച്ചുകൂടി റിസർച്ച് ആവശ്യമാണ്. പൊതുവിൽ ഈ കാര്യത്തിൽ വളരെയേറെ താല്പര്യം വകുപ്പ് കാണിക്കുന്നുണ്ട്. കയ്പാടിനും പൊക്കാളിക്കും കൃഷി മെച്ചപ്പെടുത്തുന്നതിനും തരിശ് രഹിത കയ്പാടാക്കി മാറ്റുന്നതിനും ആവശ്യമായ ടെക്നിക്കൽ സപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കയ്പാട്ടും പൊക്കാളിയിലും തികച്ചും വ്യത്യസ്തമായൊരു കൃഷിരീതിയാണ് നടക്കുന്നത്. പരമ്പരാഗതമായ രീതിയിൽ കൂന കൂട്ടിയാണ് അവിടെ നെല്ല് വിതയ്ക്കുന്നത്. മാത്രമല്ല, അവിടെ വെള്ളത്തിലിറങ്ങി ഹാർവെസ്റ്റ് ചെയ്യേണ്ട സാഹചര്യമാണ്. വഞ്ചിയിൽ പോയാണ് നെല്ല് കൊയ്തെടുക്കുന്നത്. വളരെ സങ്കീർണ്ണമായിട്ടുള്ള പ്രക്രിയയിലൂടെ നടത്തുന്ന അതിസവിശേഷമായിട്ടുള്ളൊരു നെൽകൃഷി രീതിയാണ് അവിടെ നടക്കുന്നത്. ആ രംഗത്ത് മെക്കനൈസേഷനുവേണ്ടി അങ്ങ് പറഞ്ഞതുപോലെയുള്ളൊരു സ്കീം ഇവിടെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ രണ്ട് മേഖലയേയും സ്പെഷ്യൽ അഗ്രികൾച്ചറൽ സോണായി പ്രഖ്യാപിച്ചാൽതന്നെ, ആ മേഖലയിൽ പ്രകൃതിദത്തമായ കൃഷിരീതിയെ സംരക്ഷിച്ചുകൊണ്ടുള്ളൊരു മെക്കനൈസേഷൻ നടപടിയിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്. അതിനാവശ്യമായ പ്രവർത്തനങ്ങൾ കാർഷിക സർവ്വകലാശാലയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ബി. സത്യൻ: സർ, അങ്ങയുടെ നേതൃത്വത്തിൽ എന്റെ മണ്ഡലത്തിൽ നടന്നുവരുന്ന ജൈവാധിഷ്ഠിതമായിട്ടുള്ള മണ്ഡലവും ഗ്രാമവും സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ച പദ്ധതി വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടി മുന്നേറുകയാണ്. അങ്ങ് സൂചിപ്പിച്ച പ്രകാരം തരിശുരഹിതമായിട്ടുള്ള പ്രദേശമാക്കി

മാറ്റിയെടുക്കാനുള്ളൊരു വലിയ പദ്ധതിയിലേയ്ക്കാണ് ഒരു പ്രോജക്ട് തയ്യാറാക്കി മുന്നോട്ട് പോകുന്നത്. അങ്ങവിടെ സന്ദർശിക്കുകയും നിരവധി പ്രാവശ്യം അതിനുവേണ്ടിയിട്ടുള്ള സഹായസഹകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ച യന്ത്രവൽകൃതമായിട്ടുള്ള കാർഷിക മേഖല സമ്പുഷ്ടമാക്കാൻ ചെറിയൊരു പ്രയാസം വന്നിരിക്കുന്നത് യന്ത്രങ്ങളുടെ വിലയിലാണ്. ഒരു മെതിയെന്ത്രത്തിന്റെ ഇന്നത്തെ വില 25 ലക്ഷം രൂപയാണ്. അതുപോലെ മറ്റ് പല യന്ത്രങ്ങളുടെയും വിലവർദ്ധനവ് നമുക്ക് പ്രയാസമുണ്ടാക്കുന്നുണ്ട്. ബ്ലോക്ക് അടിസ്ഥാനത്തിൽ ഓരോ അഗ്രോ സർവ്വീസ് സെന്റർ തുടങ്ങുമ്പോൾതന്നെ ഓരോ ബ്ലോക്കിലും ഒരു മെതിയെന്ത്രംകൂടി വാങ്ങി നൽകാൻ കഴിയുന്ന നിലയിൽ അത് ഏകോപിപ്പിച്ചാൽ വളരെ സഹായകരമായിരിക്കുമെന്ന് അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇപ്പോൾ 79 അഗ്രോ സർവ്വീസ് സെന്ററുകളാണ് ആരംഭിച്ചിരിക്കുന്നത്. ബ്ലോക്ക്-പഞ്ചായത്ത് പ്രസിഡന്റുമാരാണ് അതിന്റെ ചെയർമാൻമാർ. എം.എൽ.എ.-മാർ ചെയർമാനും ബ്ലോക്ക്-പഞ്ചായത്ത് പ്രസിഡന്റുമാർ കോ-ചെയർമാനുമായി അതിന്റെ മാന്വലിൽ മാറ്റം വരുത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. മാത്രവുമല്ല, 25 ലക്ഷം രൂപവരെ വരുന്ന ഇതിന്റെ മെക്കനൈസേഷനുവേണ്ടി ഇപ്പോഴുള്ള സ്കീം അനുസരിച്ച് 50 ശതമാനംവരെ സബ്സിഡി കൊടുക്കുന്ന സ്കീം നടപ്പാക്കാൻ പോകുകയാണ്. അതിനുപുറമെ 35 ലക്ഷം രൂപ അഗ്രോ സർവ്വീസ് സെന്ററുകളുടെ ചെയർമാൻമാർ ഉൾപ്പെടുന്ന കമ്മിറ്റിക്ക് ഉപയോഗപ്പെടുത്തി അവർക്കാവശ്യമായ യന്ത്രങ്ങൾ വാങ്ങാനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. മാത്രവുമല്ല, നേരത്തെ സൂചിപ്പിച്ചത് പോലെ എട്ട് പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പന്ത്രണ്ടര ലക്ഷം രൂപവരെ കൊടുക്കുന്നതിൽ പത്ത് ലക്ഷം രൂപ പൂർണ്ണമായും സബ്സിഡി കൊടുക്കുന്ന സ്കീമും ഈ വർഷം നടപ്പാക്കുകയാണ്. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് 50 ശതമാനം സബ്സിഡി കൊടുക്കുമ്പോൾ 50 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവയ്ക്കാൻ കഴിയും. എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ടോ മറ്റ് രീതിയിലോ നമുക്കത് മാറ്റിവയ്ക്കാനുള്ള സാഹചര്യമൊരുക്കാൻ കഴിയും. അങ്ങനെയാണെങ്കിൽ അവർക്കാവശ്യമായ യന്ത്രങ്ങൾ അതാത് സ്ഥലത്തുതന്നെ വാങ്ങണമെന്നും തരിശുരഹിത മണ്ഡലത്തിനോ തരിശുരഹിത പഞ്ചായത്തിനോ വേണ്ടിതന്നെ ഈ കർമ്മസേനകൾ ഉപയോഗിക്കണമെന്നുമാണ് ഗവൺമെന്റ് നൽകിയിരിക്കുന്ന നിർദ്ദേശം.

<u>ശ്രീ. അനിൽ അക്കര</u>: സർ, നാല് വർഷം മുമ്പ് തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലാ പഞ്ചായത്തുകളുടെ കീഴിൽ ഒരു കൺസോർഷ്യം രൂപീകരിക്കുകയും ആ

കൺസോർഷ്യത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടി കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു മോഡലായി മെക്കനൈസേഷൻ പദ്ധതി നടപ്പിലാക്കിയിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന ജില്ലാ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ഈ മൂന്ന് ജില്ലകളിലെ എല്ലാ പഞ്ചായത്തുകളുടെയും യന്ത്രങ്ങൾ ഒരുമിച്ചുകൊണ്ടുവന്ന് മാതൃകാപരമായ ഒരു പദ്ധതിയാണ് മൈത്രി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ സഹാത്തോടുകൂടി അന്നാരംഭിച്ചത്. ആ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; അത് വിജയകരമാണെങ്കിൽ ബാക്കിയുള്ള ജില്ലകളിലേയ്ക്കുകൂടി അത് വ്യാപിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പല പദ്ധതികളും ഇപ്പോൾ നിലനിൽക്കുന്നുണ്ടെങ്കിലും പലതും നടപ്പിലാകാതെ പോകുകയാണ്. ഈ പദ്ധതികളെല്ലാം മാറ്റി ഏകോപനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് മെക്കനൈസേഷൻ മിഷൻ. ഇനിമുതൽ ഈ മിഷനാണ് യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നതും നേതൃത്വം കൊടുക്കുന്നതും. അതിന്റെ കീഴിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ വരുന്നത്. അഗ്രോ സർവ്വീസ് സെന്ററിന്റെ ചെയർമാൻമാർ എം.എൽ.എ.-മാരായിരിക്കും. എല്ലാ പഞ്ചായത്തിലും കാർഷിക കർമ്മസേന ഉണ്ടായിരിക്കുകയും അതിന്റെ ചുമതല വഹിക്കുന്നത് പഞ്ചായത്ത് പ്രസിഡന്റുമാരുമായിരിക്കും. ആ രൂപത്തിൽ കേരളത്തിലെമ്പാടും കൃത്യമായ ലക്ഷ്യത്തോടെ നടക്കുന്ന മെക്കനൈസേഷൻ മിഷൻ നടപ്പാക്കുമ്പോൾ അങ്ങ് പറഞ്ഞതുപോലെ വെവ്വേറെ പദ്ധതിയുടെ ആവശ്യം വരുന്നില്ല.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കേരളത്തിന്റെ പ്രത്യേകതയെന്നു പറയുന്നത് നല്ല കഴിവുള്ള യുവജനങ്ങളാണ് ഇവിടെയുള്ളത്. പല സ്റ്റാർട്ടപ്പുകളടക്കമുള്ള പരിപാടികളുമായി അവർ മുന്നോട്ടുപോവുകയാണ്. കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷന്റെ ഭാഗമായി ഇത്തരം യുവജനങ്ങളെ സ്റ്റാർട്ടപ്പുകൾ തുടങ്ങാനും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും മെക്കനൈസേഷനിൽ അവരെക്കൂടി ഉൾപ്പെടുത്താനുമുള്ള പരിപാടികളെക്കുറിച്ച് ആലോചിക്കുമോ; അങ്ങനെ ഏതെങ്കിലും പരിപാടികളുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കാർഷിക കർമ്മസേനയുടെ പ്രവർത്തന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഐ.ടി. പാസ്സായിട്ടുള്ള ചെറുപ്പക്കാരടക്കമുള്ളവരെയാണ് മെക്കനൈസേഷനിൽ കൊണ്ടുവരുന്നത് എന്നുള്ളതാണ്. ഇപ്പോൾ കൃഷി വകുപ്പിന്റെ കീഴിൽ 119 മെക്കാനിക്കൽ ജീവനക്കാരുണ്ട്. ഈ മെക്കാനിക്കൽ ജീവനക്കാരിൽ പലരും എ.ഡി. ആഫീസിൽ ക്ലെറിക്കൽ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. അവരെയെല്ലാം തിരിച്ചുവിളിച്ച്

അവർക്കെല്ലാം ട്രെയിനിംഗ് കൊടുത്തുകൊണ്ടിരിക്കുകയാണ്. 20 പേരടങ്ങിയ ആദ്യത്തെ ബാച്ചിന് 18-6-2018 മുതൽ ട്രെയിനിംഗ് കൊടുക്കും. മെക്കനൈസേഷന്റെ ഭാഗമായി ഈ 119 പേരെയും ഒരു വർഷംകൊണ്ട് ട്രെയിൻ ചെയ്തെടുക്കാൻ കഴിയും. അവരെയും ഐ.ടി. പാസ്സായ ചെറുപ്പക്കാരെയും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് കാർഷിക കർമ്മസേനകൾ വരുന്നത്. ഇപ്പോൾ പല കാർഷിക കർമ്മസേനകളിലും നല്ല വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർ വന്നിട്ടുണ്ട്. അവർക്ക് കേവലം യന്ത്രങ്ങൾ ഉപയോഗിക്കാൻ മാത്രമല്ല, മണ്ണ് പരിശോധനയടക്കമുള്ള കാര്യങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ പരിശീലനം കൊടുക്കുന്ന സംവിധാനമാണിപ്പോഴുള്ളത്. ആ സംവിധാനം വരുമ്പോൾ ചെറുപ്പക്കാർക്ക് മണ്ണ് പരിശോധന, മെക്കനൈസേഷന്റെ ഭാഗമായുള്ള യന്ത്രങ്ങളുപയോഗിക്കാനുള്ള അവരുടെ സ്കിൽ ഡെവലപ് ചെയ്യിക്കുന്ന രീതിയിൽ വളരെ ഓർഗനൈസ്ഡ് ലെവലിലുള്ള മെക്കനൈസേഷൻ സംവിധാനമാണ് ഈ മിഷന്റെ കീഴിൽ കൊണ്ടുവരാനുദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, ഏറ്റവും പുതിയ സാങ്കേതികവിദ്യ കാർഷിക രംഗത്ത് കൊണ്ടുവരാൻവേണ്ടി വലിയ രീതിയിലുള്ള പരിശ്രമമാണ് നടത്തുന്നത്. അതിനൊരു ചെറിയ ഉദാഹരണം പറയാം. തിരുവനന്തപുരത്തെ ഒരു ലാബിൽ പോയപ്പോൾ അവിടത്തെ പ്രത്യേകത, പച്ചക്കറി പച്ചയായിതന്നെ ഉണക്കി യെടുക്കാനും ജാതി, കുരുമുളക് തുടങ്ങിയവ ഫംഗസ്സില്ലാതെ ഉണക്കിയെടുക്കാനും സാധിക്കുന്ന ഒരു ഡ്രയർ അവർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അങ്ങനെവരുമ്പോൾ കയറ്റുമതി നടത്തുന്നതിനുള്ള സാധ്യത കൂടും. അതുപോലെ നെൽകൃഷിയിൽ പാഡി ഹാരോ, മിനി എസ്കവേറ്റർ, ബ്രഷ് കട്ടർ എന്നിവയും ഇറിഗേഷനിൽ നെറ്റാജെറ്റ് പോലുള്ള പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കാനും അതിനെക്കുറിച്ച് പഠിച്ച് ഓരോ പ്രദേശത്തും ഉചിതമായതേതാണെന്ന് കണ്ടുപിടിച്ച് അത് ഉപയോഗിക്കാനുള്ള സംവിധാനമുണ്ടാക്കാനുള്ള ഏർപ്പാടുണ്ടാക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് ആദ്യം പറഞ്ഞ കാര്യം മെക്കനൈസേഷന്റെ മറ്റൊരു മുഖമാണ്. അത് വാല്യൂ അഡിഷനുമായി ബന്ധപ്പെട്ട കാര്യമാണ്. കാർഷിക വിഭാഗങ്ങളെ ആധുനിക യന്ത്രസംവിധാനത്തിൽക്കൂടി വാല്യൂ അഡിഷനിലേയ്ക്ക് കൊണ്ടുവരുന്നൊരു കമ്പോണന്റാണ്. അത് വാല്യൂ അഡിഷന്റെ ഭാഗമായി ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്ന കാര്യമാണ്. അങ്ങ് രണ്ടാമത് പറഞ്ഞ കാര്യം, മെക്കനൈസേഷനുമായി ബന്ധപ്പെട്ടുള്ളതാണ്. മെക്കനൈസേഷന്റെ ഭാഗമായി കൃഷിക്കാവശ്യമായിവരുന്ന യന്ത്രങ്ങളെപ്പറ്റിയുള്ള റിസർച്ചും അതിനാവശ്യമായിട്ടുള്ള കാര്യങ്ങളുമാണ് അതിൽ നടക്കുന്നത്. അതുകൊണ്ട് അത് രണ്ടും രണ്ടായിട്ടാണ് ഗവൺമെന്റെടുത്തിരിക്കുന്നത്.

## റബ്ബറിന്റെ വിലയിടിവുമൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

4(*124) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ.സുരേഷ് കുറുപ്പ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പത്ത് ലക്ഷത്തോളം റബ്ബർ കർഷകർ റബ്ബറിന്റെ വിലയിടിവുകൊണ്ട് നേരിടുന്ന ഗുരുതര പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച ടാസ്ക് ഫോഴ്സ് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) അനിയന്ത്രിതമായ ഇറക്കുമതികൊണ്ട് വിപണിയിൽ ഷീറ്റ് റബ്ബറിന് വിലയിടിഞ്ഞുകൊണ്ടിരിക്കുന്നത് തടയാൻ കേന്ദ്ര സർക്കാർ നടത്തിയ പ്രവർത്തനം എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ചിരട്ടപ്പാലിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് നിലവാരം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ചിരട്ടപ്പാൽ ഇറക്കുമതിക്ക് വഴി തുറക്കുവാൻ ഇടയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ കർഷകർക്ക് എത്ര കോടി രൂപ നൽകിയിട്ടുണ്ട്; ചെലവിന് ആനുപാതികമായി വില നിശ്ചയിക്കണമെന്നും നിലവിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന ഉല്പാദക ബോണസ് 150 രൂപയിൽനിന്ന് 200 രൂപയാക്കാൻവേണ്ട സാമ്പത്തിക സഹായം നൽകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, (എ) & (ബി) സംസ്ഥാന കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' രൂപീകരിക്കുകയുണ്ടായി. കേരള ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ത്രിപുര ചീഫ് സെക്രട്ടറി സഹ അദ്ധ്യക്ഷനുമായി രൂപീകരിച്ച ടാസ്ക് ഫോഴ്സിൽ കേരള-ത്രിപുര സർക്കാർ പ്രതിനിധികളും കേന്ദ്ര സർക്കാരിന്റെ പ്രതിനിധികളും റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറും ഉൾപ്പെടുന്നു. പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ രണ്ട് യോഗങ്ങൾ നടന്നു. ആദ്യത്തേത് തിരുവനന്തപുരത്തും രണ്ടാമത്തേത്

ന്യൂഡൽഹിയിൽ വച്ചുമാണ് നടന്നത്. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഹ്രസ്വകാല പരിഹാര മാർഗ്ഗങ്ങളും റബ്ബറുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലേയും വികസനത്തിനായി ദീർഘകാല തന്ത്രങ്ങളും ഉണ്ടാക്കുകയും രാജ്യത്ത് ഒരു റബ്ബർ പോളിസി രൂപീകരിക്കുകയും ചെയ്യുക എന്നതാണ് ടാസ്ക് ഫോഴ്സിൽക്കൂടി കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ഇല്ല. ചിരട്ടപ്പാൽ ഇറക്കുമതിക്ക് ഏർപ്പെടുത്തിയിട്ടുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം ഇനത്തിൽ 592.87 കോടി രൂപയാണ് സബ്സിഡിയായി റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളത്. റബ്ബറിന്റെ താങ്ങുവില 150 രൂപയിൽ നിന്നും 200 രൂപയാക്കി ഉയർത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്രത്തിൽനിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, കേരളത്തിലെ പത്ത് ലക്ഷത്തോളം റബ്ബർ കൃഷിക്കാർ ആശ്രയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാർഷികോത്പാദന മേഖലയാണ് റബ്ബർ കൃഷി. ശരാശരി ഒരു വർഷം എണ്ണായിരം കോടി രൂപയുടെ സ്വാഭാവിക റബ്ബറാണ് ഉത്പാദിപ്പിക്കുന്നത്. എന്നാൽ റബ്ബർ അധിഷ്ഠിത വ്യാവസായിക ഉത്പന്നങ്ങൾ 75,000 കോടി രൂപയ്ക്കും 80,000 കോടി രൂപയ്ക്കുമിടയിലാണ് സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നത്. സ്വാഭാവികമായും പത്തിരട്ടിയോളം വരുന്ന ഈ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സിയാൽ മാതൃകയിൽ അഗ്രോ പാർക്ക് ആരംഭിക്കുന്നതിനെടുത്തിട്ടുള്ള തീരുമാനം അങ്ങേയറ്റം സ്വാഗതാർഹമാണ്. എന്നാൽ ആ തീരുമാനം സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുകൊണ്ട് ലക്ഷക്കണക്കിന് വരുന്ന കൃഷിക്കാർക്ക് ആശ്രയമാകുന്ന റബ്ബർ കൃഷിയുടെ ഉത്പാദനത്തിന്റെയും വിലവർദ്ധനവിന്റെയും ആശ്വാസം ലഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ കേരള ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വളരെ പ്രധാനപ്പെട്ടൊരു പദ്ധതിക്ക് രൂപം നൽകുകയും സിയാൽ മോഡലിൽ സർക്കാർ ഉടമസ്ഥതയിൽ കെ.എസ്.ഐ.ഡി.സി.-യുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി എൻ.ആർ.ഐ. ഉൾപ്പെടെയുള്ളവരുടെ നിക്ഷേപങ്ങൾ

സ്വീകരിച്ചുകൊണ്ട് വിപുലമായൊരു കമ്പനി രൂപീകരിക്കാൻ സമയബന്ധിതമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരടക്കം ചേർന്നുകൊണ്ട് ഇന്നലെയൊരു അന്തിമ മീറ്റിംഗ് ഇവിടെ നടക്കുകയുണ്ടായി. അത് കൃത്യസമയത്തുതന്നെ നടത്താനാവശ്യമായ നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കേരളത്തെ സംബന്ധിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള സിയാൽ മോഡൽ കമ്പനി രൂപീകരിക്കാൻ ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. അതുവരുമ്പോൾ കേരളത്തിലെ റബ്ബർ കർഷകർക്ക് വലിയൊരു താങ്ങും തണലുമായി രൂപപ്പെടാൻ പോകുകയാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ഏതൊരു കാർഷിക മേഖലയെയും തകർച്ചയിൽ നിന്ന് പരിരക്ഷിക്കുന്നതിന് രണ്ട് വഴികളാണുള്ളത്. അതിലൊന്ന് ബഹുമാന്യനായ മന്ത്രി സൂചിപ്പിച്ച മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുകയെന്നതാണ്. രണ്ടാമത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഉത്പാദനച്ചെലവ് കുറയ്ക്കുകയെന്നതാണ്. റബ്ബറിന്റെ ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനാവശ്യമായ ഏറ്റവും പ്രധാനപ്പെട്ട നടപടി മെക്കനൈസേഷൻ തന്നെയാണ്. റബ്ബർ ടാപ്പിംഗ് ഇന്ന് ഏറ്റവും ദുഷ്കരമായൊരു ജോലിയാണ്. ആ ജോലിയെടുക്കുന്നതിനുള്ള ആളുകളുടെ എണ്ണം കുറഞ്ഞുവരികയാണ്. ഇതര സംസ്ഥാന തൊഴിലാളികളെ ആശ്രയിക്കുന്ന നിലയിലേയ്ക്കാണ് ഈ മേഖല വന്നുകൊണ്ടിരിക്കുന്നത്. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഉദ്ഘാടനം ചെയ്ത റബ്ബർ ടാപ്പിംഗ് മെഷീൻ ഇന്ന് വളരെ ചെറിയതോതിൽ മാർക്കറ്റ് ചെയ്തുവരുന്നുണ്ട്. അത്തരത്തിലുള്ള മെക്കനൈസേഷൻ നടപടികൾ സ്വീകരിച്ചുവരുമ്പോൾ അതിന് ഏത് വിധത്തിലുള്ള സപ്പോർട്ടാണ് ഗവൺമെന്റ് നൽകുക; മെക്കനൈസേഷൻ മിഷന്റെ ഭാഗമായി കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന ചെറുഉപകരണങ്ങൾ കണ്ടുപിടിക്കുന്ന ആളുകൾക്ക് ഏതെങ്കിലും തരത്തിലുള്ള സബ്സിഡിയോ മറ്റ് കാര്യങ്ങളോ കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, റബ്ബർ ടാപ്പ് ചെയ്യുന്നതിനുള്ള യന്ത്രം ഒരു ചെറുപ്പക്കാരൻ കണ്ടുപിടിച്ചിരുന്നു. അത് ബഹുമാനപ്പെട്ട അംഗംതന്നെ മുൻകയ്യെടുത്ത് റിലീസ് ചെയ്യുകയുണ്ടായി. അത് കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കാനാവശ്യമായ സഹായങ്ങൾ ഈ മിഷൻവഴി നൽകുന്നതിനുവേണ്ട സഹായങ്ങൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട മെക്കനൈസേഷനും അതുപോലെ അതിന്റെ ഉത്പാദനച്ചെലവ് കുറയ്ക്കുന്ന കാര്യങ്ങളുമെല്ലാം റബ്ബർ ബോർഡിന്റെ കീഴിലുള്ള പ്രവർത്തനങ്ങളാണ്. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ പലപ്പോഴും കൃഷിവകുപ്പിന്റെ

പരിധിയിൽ വരുന്നതല്ലെങ്കിൽപ്പോലും റബ്ബർ കർഷകർ കേരളത്തിലെ കർഷകരായതുകൊണ്ട് അവരെ സഹായിക്കുന്നതിനുള്ള ഇത്തരത്തിലുള്ള സംരംഭങ്ങൾക്കുവേണ്ട എല്ലാ സഹായങ്ങളും പിന്തുണയും സംസ്ഥാന കൃഷി വകുപ്പ് നൽകുന്നതായിരിക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാർഷിക മേഖലയിലെ പദ്ധതികൾ

5(*125) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കഴിഞ്ഞ രണ്ട് വർഷം എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ കേന്ദ്ര ഗവൺമെന്റ് പദ്ധതികൾക്കാണ് ഈ കാലയളവിൽ സംസ്ഥാനത്തെ കാർഷിക മേഖലയിൽ അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) കൃഷിയാവശ്യങ്ങൾക്കുള്ള ധനസഹായമായി കഴിഞ്ഞ വർഷം കേന്ദ്രഗവൺമെന്റിൽ നിന്നും സർക്കാരിന് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) 2016-17, 2017-18 വർഷങ്ങളിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികളും നേട്ടങ്ങളും ചുവടെ ചേർക്കുന്നു:

1. നെൽകൃഷി വികസനം

പ്രധാന പദ്ധതി ഘടകങ്ങൾ

- തരിശുനില കൃഷി - 2016 -17-ൽ 2782.38 ഹെ.,

2017-18 - ൽ 5485.686 ഹെ.

- സുസ്ഥിര നെൽകൃഷി വികസനം - 2016-17-ൽ 169535 ഹെ.,

2017-18 - ൽ 182264 ഹെ.

- ഒരുപ്പൂ ഇരുപ്പൂ കൃഷിയാക്കൽ - 2016-17 - ൽ 88.45 ഹെ.,

2017-18 - ൽ 3136.06 ഹെ.

- മിനി റൈസ് മിൽ - 415 എണ്ണം സ്ഥാപിച്ചു.

- സവിശേഷ നെല്ലിനങ്ങളുടെ വ്യാപനം - 2016-17 - ൽ 888 ഹെ.,

2017-18 - ൽ 1183 ഹെ.

- കരനെൽകൃഷി - 2016-17 - ൽ 2752 ഹെ.,

2017-18 - ൽ 2624 ഹെ.

- 2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ നെൽകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 100 കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നെൽവർഷമായി ആചരിച്ചു.

- തരിശുനില കൃഷി - കേരളത്തിലെ തരിശുനിലകൃഷിക്ക് 2016-17 വർഷം മുതൽ പ്രത്യേക ഊന്നൽ നൽകിവരുന്നു. കർഷക കൂട്ടായ്മകളുടേയും സന്നദ്ധ പ്രവർത്തകരുടേയും വിദ്യാർത്ഥികളുടേയും കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികളേയും ഏകോപിപ്പിച്ചുകൊണ്ട് വർഷങ്ങളായി കൃഷി ചെയ്യാതെ കിടക്കുന്ന വയലുകളിൽ വീണ്ടും കൃഷിയിറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി. തരിശുനിലം കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടർ ഒന്നിന് ഒന്നാം വർഷം 25,000 രൂപയും രണ്ടാം വർഷം 5800 രൂപയും മൂന്നാം വർഷം 3750 രൂപയും ധനസഹായം നൽകുന്നു. ഭൂവുടമയ്ക്ക് ഒന്നാം വർഷം 5000 രൂപ, രണ്ടാം വർഷം 1200 രൂപ, മൂന്നാം വർഷം 750 രൂപ നിരക്കിലും ആനുകൂല്യം നൽകുന്നു.

- കരനെൽക്കൃഷി

വയലിനോടൊപ്പം കരനെൽക്കൃഷിക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. രണ്ട് വർഷങ്ങളിലായി 5376 ഹെ. സ്ഥലത്ത് കരനെൽക്കൃഷി വ്യാപിപ്പിച്ചു. ഇതിനായി ഹെക്ടറൊന്നിന് 13600 രൂപ ധനസഹായം നൽകുന്നു.

## 2. പച്ചക്കറി കൃഷി വികസനം

2015-16-ൽ 46578 ഹെക്ടർ സ്ഥലത്ത് നിന്ന് 6.28 ലക്ഷം മെട്രിക് ടൺ ഉൽപാദനം ഉണ്ടായിരുന്നത് 2017-18 വർഷമായപ്പോൾ 67858 ഹെക്ടറിൽനിന്നും 10.12 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തി. 21280 ഹെക്ടർ വിസ്തൃതി വ്യാപനത്തിലൂടെ 3.84 ലക്ഷം അധികം ഉൽപ്പാദനം സാധ്യമാക്കി.

ജൈവ പച്ചക്കറി കൃഷിരീതിയുടെ വ്യാപനത്തിന് പ്രത്യേക പ്രാധാന്യം നൽകി.

60 ലക്ഷം പച്ചക്കറി വിത്തുകൾ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പദ്ധതിയിലൂടെ വിതരണം ചെയ്തു. വിദ്യാർത്ഥികൾ, വീട്ടമ്മമാർ, റസിഡൻസ് അസോസിയേഷനുകൾ, മാധ്യമങ്ങൾ, സ്ഥാപനങ്ങൾ എന്നിവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

പ്രധാന പദ്ധതി ഘടകങ്ങൾ

- വീട്ടുവളപ്പിലെ കൃഷി - 2016-17 - ൽ 20 ലക്ഷവും 2017-18 - ൽ 40 ലക്ഷവും പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

- മട്ടുപ്പാവ് കൃഷി-2016-17-ൽ 40000-വും 2017-18-ൽ 37000-വും ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു.

- ക്ലസ്റ്ററുകൾ-2016-17-ൽ 800-ഉം 2017-18-ൽ 998-ഉം ക്ലസ്റ്ററുകൾ രൂപീകരിച്ചു.

- നഴ്സറികൾ - 2016-17 - ൽ 11 നഴ്സറികളും 2017-18 - ൽ 10 നഴ്സറികളും സ്ഥാപിക്കുന്നതിന് ആനുകൂല്യം നൽകി.

- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റ് സ്ഥാപനം - 2017-18 - ൽ 44 യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം നൽകി.

- സൂക്ഷ്മ ജലസേചനം- 2016-17-ൽ 921-ഉം 2017-18-ൽ 1215-ഉം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ആനുകൂല്യം നൽകി.

- വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകൾ- 2017-18-ൽ ആരംഭിച്ച ഈ ഘടകത്തിന് 1303 യൂണിറ്റുകൾക്ക് ആനുകൂല്യം നൽകി.

- സേഫ് ടു ഈറ്റ് ബ്രാൻഡിംഗ് - ഈ പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 1424-ഉം 2017-18-ൽ 1308 ഉം പഴം-പച്ചക്കറി സാമ്പിളുകൾ അവശിഷ്ട വിഷവീര്യ പരിശോധനയ്ക്ക് വിധേയമാക്കി.

- ഓണത്തിന് ഒരു മുറം പച്ചക്കറി - ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം വിത്തുകൾ, പച്ചക്കറി തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ ലഭ്യമാക്കി. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 99 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്തു. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി നൽകുന്നതാണ്. 2017-18 ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനായി സാധിച്ചു. ഇതിലൂടെ 96899.52 ടൺ പച്ചക്കറി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞു.

• പച്ചക്കറികളിലെ പരമ്പരാഗത ഇനങ്ങളായ നിത്യവഴുതന, അടപതിയൻ, കാളക്കൊമ്പൻ വെണ്ട, പൊട്ടുവെള്ളരി എന്നിവയുടെ ഉല്പാദനവും വിത്തുകളുടെ പ്രചരണവും നടപ്പിലാക്കി.

• പ്രാദേശിക വിളകൾ ഭൗമസൂചിക പദ്ധതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

• കുറഞ്ഞ സ്ഥലത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 85 മിനി പോളിഹൗസുകൾ സ്ഥാപിച്ചു.

• പച്ചക്കറികൾ കേടു കൂടാതെ സൂക്ഷിക്കുന്നതിനായി 1303 ഊർജ്ജ രഹിത ശീതീകരണ യൂണിറ്റുകൾ സ്ഥാപിച്ചു.

• ബയോ കൺട്രോൾ ഏജന്റുകളുടെ നിർമ്മാണത്തിനായി 110 യൂണിറ്റുകൾ സ്ഥാപിച്ചു.

• 44 ചെറുകിട മൂല്യ വർദ്ധിത ഉല്പാദന യൂണിറ്റുകൾ സ്ഥാപിച്ചു.

• കുറഞ്ഞ ചെലവിൽ കണിക ജലസേചനം നടത്തുന്നതിനായി 333 ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം സ്ഥാപിച്ചു.

• ബഹുവർഷ പച്ചക്കറി (മുരിങ്ങ, അഗത്തി, പപ്പായ) ഇനങ്ങളുടെ 40000 തൈകൾ വിതരണം ചെയ്തു. 24 ഹെക്ടർ സ്ഥലത്ത് ബഹുവർഷ പച്ചക്കറികൾ കൃഷി ചെയ്തു.

### 3. നാളികേര വികസന പദ്ധതി

നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് വിവിധ തരത്തിലുള്ള 55 കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെ കേരവർഷമായി ആചരിക്കുകയും ഊർജ്ജിത കർമ്മ പരിപാടികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

നാളികേര കൃഷി ഒരു ദീർഘകാല വിളയായതിനാൽ 10 വർഷത്തെ ഒരു വികസന കാഴ്ചപ്പാടോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ കോക്കനട്ട് മിഷൻ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പ്രധാന പദ്ധതി ഘടകങ്ങൾ

കേരഗ്രാമം-2016-17-ൽ 500 ഹെക്ടർ വീതമുള്ള 30 കേരഗ്രാമങ്ങളും 2017-18-ൽ 250 ഹെക്ടർ വീതമുള്ള 44 കേരഗ്രാമങ്ങളും രൂപീകരിച്ച് സമഗ്ര

തെങ്ങുകൃഷി വികസനം നടപ്പിലാക്കി. ഇതിലൂടെ 11238.97 ഹെക്ടർ സ്ഥലത്ത് സംയോജിത വിളപരിപാലന മുറകൾ വ്യാപിപ്പിച്ചു. 2314 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തി. 8523 തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുകയും 756 ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. 10 പ്രാദേശികതല ചെറുകിട തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിച്ചു.

കുറിയയിനം തെങ്ങിൻ മാതൃകാ പ്രദർശനത്തോട്ടം സ്ഥാപിക്കൽ- 0.2 ഹെക്ടർ വിസ്തൃതിയുള്ള 983 കർഷക പ്രദർശനത്തോട്ടങ്ങളും 0.2 ഹെക്ടർ വിസ്തൃതിയുള്ള 88 കൃഷി ഡിപ്പാർട്ട്മെന്റ് ഫാമുകളിലെ പ്രദർശനത്തോട്ടങ്ങളും സ്ഥാപിച്ചു.

CPCRI യുമായി സഹകരിച്ചുള്ള പദ്ധതികൾ-ഗുണമേൻമയേറിയ കുറിയയിനം/ സങ്കരയിനം തെങ്ങിൻതൈ ഉല്പാദനം, ഹൈബ്രിഡൈസേഷൻ, കീടരോഗ നിയന്ത്രണം എന്നീ മേഖലകളിൽ CPCRI യുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

ക്യാമ്പെയിൻ അടിസ്ഥാനത്തിലുള്ള രോഗകീട നിയന്ത്രണ പദ്ധതി - വിവിധ ജില്ലകളിലായി 1575 ഹെക്ടർ സ്ഥലത്ത് ക്യാമ്പെയിൻ അടിസ്ഥാനത്തിലുള്ള രോഗകീട നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. 18 വർക്ക്ഷോപ്പുകളും 26 പരിശീലനങ്ങളും സംഘടിപ്പിച്ചു.

4. കിഴങ്ങുവർഗ്ഗങ്ങളുടേയും പയറുവർഗ്ഗങ്ങളുടേയും കൃഷി വികസനം

2017-18-ൽ നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ 489 ഹെക്ടറിൽ പയർവർഗ്ഗ കൃഷിയും 829 ഹെക്ടറിൽ കിഴങ്ങുവർഗ്ഗ കൃഷിയും വ്യാപിപ്പിച്ചു.

5. സുഗന്ധ വ്യഞ്ജന വിള വികസനം -

സുഗന്ധവ്യഞ്ജന വിളകളുടെ വിസ്തൃതി വ്യാപനത്തിനും രോഗകീട നിയന്ത്രണത്തിനും കൂടുതൽ പ്രാധാന്യം നൽകുന്ന പദ്ധതിയാണിത്.

പ്രധാന പദ്ധതി ഘടകങ്ങൾ

- കുരുമുളക് കൃഷിവ്യാപനം - 2016-17-ൽ 2452 ഹെക്ടറും 2017-18-ൽ 2150 ഹെക്ടറും സ്ഥലത്ത് കുരുമുളക് കൃഷി വ്യാപിപ്പിച്ചു.
- ഇഞ്ചി/മഞ്ഞൾ കൃഷി - 2017-18 - ൽ 680 ഹെക്ടറിൽ കൃഷി വ്യാപിപ്പിച്ചു.
- ജാതി/ഗ്രാമ്പൂ കൃഷി- 2017-18-ൽ 200 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിച്ചു.

• കുരുമുളക് നഴ്സറി - 2016-17-ൽ 15-ഉം 2017-18-ൽ 32-ഉം കുരുമുളക് നഴ്സറികൾ സ്ഥാപിച്ചു.

• കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം - 2016-17-ൽ 2979 ഹെക്ടറിലും 2017-18-ൽ 2472 ഹെക്ടറിലും കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം സാധ്യമാക്കി.

• മണ്ണിന്റെ അമ്ലത്വം പരിഹരിക്കുന്നതിന് കുമ്മായവസ്തുക്കളുടെ വിതരണം- 2016-17-ൽ 1000 ഹെക്ടറും 2017-18-ൽ 1550 ഹെക്ടറും സ്ഥലത്ത് വിതരണം നടത്തി.

• സംയോജിത കീടനിയന്ത്രണം-2016-17-ൽ 1740-ഉം 2017-18-ൽ 1800-ഉം ഹെക്ടറിൽ സംയോജിത കീടനിയന്ത്രണ പരിപാടികൾ നടപ്പിലാക്കി.

## 6. വിള ആരോഗ്യ പരിപാലന പദ്ധതി

വിളകളെ ബാധിക്കുന്ന രോഗകീടബാധ ചിട്ടയായ നിരീക്ഷണത്തിലൂടെ കണ്ടെത്തി അവയെ പ്രതിരോധിച്ച് വിളകളെ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ഈ പദ്ധതിയിലൂടെ കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നു.

പ്രധാന പദ്ധതി ഘടകങ്ങൾ

• പുതുതായി സ്ഥാപിച്ച പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ - 2016-17-ൽ 34 ഉം 2017-18 - ൽ 50 ഉം പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പുതുതായി സ്ഥാപിച്ചു. ആകെ ഇപ്പോൾ 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

• എലി നശീകരണ ക്യാമ്പെയിൻ- രണ്ട് വർഷങ്ങളിലായി 400 എലി നശീകരണ ക്യാമ്പുകൾ നടത്തി.

• കീടരോഗ നിരീക്ഷണം- 52 ബ്ലോക്കുകളിലെ തെരഞ്ഞെടുത്ത 3040 കൃഷിയിടങ്ങളിൽ കൃത്യമായ ഇടവേളകളിൽ പെസ്റ്റ് സ്കൗട്ടുകൾ കൃഷിയിടം സന്ദർശിച്ച് ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്കാവശ്യമായ വിവരങ്ങൾ നൽകുന്നു. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക് എന്നീ വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 7. ജൈവകൃഷി

പ്രധാന പദ്ധതി ഘടകങ്ങൾ

ഘട്ടംഘട്ടമായി കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

• ജൈവ ക്ലസ്റ്ററുകൾ - 2016-17-ൽ 407-ഉം 2017-18-ൽ 155-ഉം ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി വ്യാപിപ്പിച്ചു.

• പുതിയ ഇക്കോഷോപ്പുകൾ - 2016-17-ൽ 14-ഉം 2017-18-ൽ 149-ഉം പുതിയ ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു. ജൈവ ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിനായി ആകെ 163 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുകയും നിലവിലുള്ള ഇക്കോഷോപ്പുകളെ ശാക്തീകരിക്കുകയും ചെയ്തു.

• 13 ജൈവ ക്ലസ്റ്ററുകൾക്ക് അവരുടെ കാർഷിക ഉൽപ്പന്നങ്ങൾ കേരള ഓർഗാനിക് എന്ന ബ്രാന്റിൽ വിൽപന നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കായി ആനുകൂല്യം നൽകി. 2974 കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നൽകുന്നതുവഴി ജൈവവള പ്രയോഗത്തിന് പ്രോത്സാഹനം നൽകി.

8. മണ്ണിന്റേയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതി

പ്രധാന പദ്ധതി ഘടകങ്ങൾ

• കുമ്മായ വസ്തുക്കളുടെ വിതരണം- 2016-17-ൽ 29510 ഹെക്ടറും 2017-18-ൽ 43697 ഹെക്ടറും സ്ഥലത്ത് കുമ്മായ വസ്തുക്കൾ വിതരണം ചെയ്തു.

• ദ്വിതീയ സൂക്ഷ്മമൂലക വളപ്രയോഗം- 2016-17-ൽ 48274 ഹെക്ടറും 2017-18-ൽ 49659 ഹെക്ടറും ദ്വിതീയ സൂക്ഷ്മമൂലക വളപ്രയോഗം നടത്തി.

• സൂക്ഷ്മമൂലകങ്ങളുടെ പ്രദർശനത്തോട്ടം-സൂക്ഷ്മമൂലകങ്ങളുടെ ഉപയോഗംമൂലം വിളയിലുണ്ടാകുന്ന വ്യത്യാസങ്ങൾ കർഷകർക്ക് മനസ്സിലാക്കുന്നതിനായി 2016-17-ൽ 328-ഉം 2017-18-ൽ 266-ഉം പ്രദർശനത്തോട്ടങ്ങൾ നടപ്പിലാക്കി.

9. നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും

നെല്ലിന്റേയും ചെറുധാന്യങ്ങളുടേയും പരമ്പരാഗത നാടൻ ഇനങ്ങളുടെ കൃഷിവ്യാപനം 341.6 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ സീഡ് ബാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

10. കാർഷിക വിപണനവും വിപണികളുടെ ശാക്തീകരണവും

കാർഷികോൽപ്പന്നങ്ങളുടെ വില ക്രമാതീതമായി ഉയരുമ്പോഴും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതെ വരുന്ന അവസരങ്ങളിലും വിവിധ സംഭരണ പദ്ധതികളിലൂടെ കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു. ഇതിനായി 2016-17 വർഷത്തിൽ 6797.7 ലക്ഷം രൂപയും 2017-18 വർഷത്തിൽ 2095.9 ലക്ഷം രൂപയും ചെലവഴിച്ചു. കൂടാതെ, ഓണസമൃദ്ധി, വിഷുക്കണി എന്ന പേരുകളിൽ ഉത്സവക്കാലയളവിൽ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്,

വി.എഫ്.പി.സി.കെ, കുടുംബശ്രീ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിപണികളിലൂടെ കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ പഴം-പച്ചക്കറികൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നു. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണവും കേരഫെഡ് മുഖാന്തരം പച്ചനാളികേര സംഭരണ പദ്ധതിയും നടപ്പിലാക്കുന്നു. ഇതിനുപുറമെ, ജൈവ ഉൽപ്പാദനോപാധികളുടേയും ഉൽപന്നങ്ങളുടേയും സംഭരണത്തിനും വിതരണത്തിനുമായി 213 ഇക്കോഷോപ്പുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

ആഴ്ചച്ചന്ത

കാർഷിക വിപണി വികസനം ശക്തിപ്പെടുത്തൽ 2017-18 എന്ന പദ്ധതിയുടെ ഒരു ഘടകമാണ്. ഗ്രാമപഞ്ചായത്തുതല ആഴ്ചച്ചന്തകൾ നിലവിൽ കാർഷിക ഉൽപ്പന്നങ്ങൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നതിന് പരിമിതമായ അവസരമാണുള്ളത്. ഇതിന് പരിഹാരമായി പഴം, പച്ചക്കറി, ചെറുധാന്യങ്ങൾ പരമ്പരാഗതവും നശിച്ചുപോകുന്നതുമായ കാർഷിക ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആഴ്ചച്ചന്തകൾ നടപ്പിലാക്കി. ഇതിനായി ഉത്പാദന കേന്ദ്രങ്ങൾക്ക് സമീപം തന്നെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ട ആഴ്ച്ചച്ചന്തകൾ സ്ഥാപിച്ചു. ഉത്പാദന കേന്ദ്രങ്ങളിൽനിന്നും വിപണിയിലേയ്ക്കെത്തുന്നത് വരെയുള്ള നഷ്ടം ഇതുമൂലം ഒഴിവാക്കാൻ കഴിഞ്ഞു. കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കുടുംബശ്രീയുമായി സഹകരിച്ച് ടി പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഒരു ചന്തയ്ക്ക് 1 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകി 400 ആഴ്ചച്ചന്തകൾ സ്ഥാപിച്ചു. സബ്സിഡി നിരക്കിൽ പഴം, പച്ചക്കറികൾ കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് വിൽപ്പന നടത്തി പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താവിന് മിതമായ വിലയ്ക്ക് കാർഷികോൽപ്പന്നങ്ങൾ ലഭ്യമാക്കുവാനും വിപണി ഇടപെടൽമൂലം സാധ്യമായി.

കർഷകമിത്ര

2017-18 വർഷത്തിൽ കാർഷിക വിളകൾക്ക് ന്യായമായ വില ലഭിക്കുവാനും വിളകൾ സംരക്ഷിക്കുന്നതിനുള്ള അറിവ് പകരുന്നതിനുമായി 105 കർഷക മിത്രങ്ങളെ പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് തൃശ്ശൂർ ജില്ലയിൽ തെരഞ്ഞെടുത്ത് നടപ്പിലാക്കി. കർഷകരുടെ ഫീൽഡിൽ പോയി അധികമുള്ള കാർഷിക ഉൽപ്പന്നങ്ങൾ റിപ്പോർട്ട് ചെയ്യുക, കീട രോഗബാധ റിപ്പോർട്ട് ചെയ്യുക,

മാർക്കറ്റിംഗ് എന്നീ കാര്യങ്ങളാണ് കർഷക മിത്ര ചെയ്തുവരുന്നത്. 2018-19 വർഷത്തിൽ പ്രസ്തുത പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

11. കാർഷിക വിജ്ഞാന വ്യാപന പദ്ധതി

• ആധുനിക കാർഷിക സാങ്കേതിക വിദ്യകൾ കാർഷകരുടെയിടയിൽ പ്രചരിപ്പിക്കുന്നതിനും കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടാതെ കർഷകർക്ക് മികച്ച കൃഷിയിടങ്ങളും ഗവേഷണ സ്ഥാപനങ്ങളും സന്ദർശിച്ച് നൂതന സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിനായി പഠനയാത്രകൾ സംഘടിപ്പിച്ചു. കൃഷി അനുബന്ധ മേഖലാ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ട് സമഗ്ര കൃഷിയിടങ്ങളുടെ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നു.

• കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ലീഡ്സ് കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കി. ജില്ലയിലെ ഓരോ പഞ്ചായത്തിലും 3 ലീഡ് ഫാർമർമാരെ കണ്ടെത്തി ഇവരുടെ നേതൃത്വത്തിൽ 10 വീതം കർഷകരടങ്ങുന്ന സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പുകളും ഉണ്ടാക്കിയിട്ടുണ്ട്. ഇവരിലൂടെ കർഷകരുടെയിടയിൽ പുതിയ സാങ്കേതികവിദ്യ വ്യാപിപ്പിക്കുന്നതിന് സാധിക്കുന്നു. ഇതിനായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഫീൽഡ് അസിസ്റ്റന്റുമാരും ടെക്നോളജി മാനേജർമാരും കൃത്യമായി കൃഷിയിടങ്ങൾ സന്ദർശിക്കുകയും പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ മാസവും അനുവർത്തിക്കേണ്ട കൃഷിരീതികൾ, വളപ്രയോഗം, രോഗകീട നിയന്ത്രണം എന്നിവയെ സംബന്ധിച്ച വിവരങ്ങൾ അച്ചടിച്ച് കർഷകരിലെത്തിക്കുന്നു.

12. കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും

• സംസ്ഥാനത്ത് കാർഷിക മേഖലയിലെ കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളുടേയും കാർഷിക കർമ്മ സേനകളുടേയും പ്രവർത്തനം ശക്തിപ്പെടുത്തി. ഇതിനായി പുതുതായി 15 അഗ്രോ സർവ്വീസ് സെന്ററുകൾ രൂപീകരിച്ചു.

• സംസ്ഥാനത്ത് നിലവിലുള്ള 79 അഗ്രോ സർവ്വീസ് സെന്ററുകളും 200 പഞ്ചായത്ത് കാർഷിക കർമ്മസേനകളുടേയും കൈവശം കാർഷിക യന്ത്രോപകരണങ്ങളും വിദഗ്ദ്ധ തൊഴിലാളികളുമുണ്ട്. ഇവയ്ക്കുപുറമെ കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റേയും KAICO, KAMCO തുടങ്ങിയ

സ്ഥാപനങ്ങളുടേയും പാടശേഖര സമിതികളുടേയും കൈവശമുള്ള കാർഷിക യന്ത്രോപകരണങ്ങളെ ഏകോപിപ്പിച്ച് അവയെ സമയബന്ധിതമായി വിവിധ പ്രദേശങ്ങളിൽ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ എന്ന പേരിൽ ഒരു അപ്പെക്സ് ബോഡി രൂപീകരിച്ചു. ഇതിന്റെ കോ-ഓർഡിനേറ്റർ കാർഷിക സർവ്വകലാശാല വൈസ് ചാൻസലറാണ്. കൂടാതെ ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്.

- സംസ്ഥാനത്ത് വിവിധ ഏജൻസികളുടെ കൈവശമുള്ള കാർഷികോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ അപ്പപ്പോൾ നിർവ്വഹിക്കുന്നതിനും അവ എപ്പോഴും പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും സംസ്ഥാനത്ത് 3 റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## 13. മില്ലറ്റ് വില്ലേജ് പദ്ധതി

ആദിവാസി മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി അട്ടപ്പാടിയിൽ മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കിവരുന്നു. പാരമ്പര്യ കൃഷി പുനഃസ്ഥാപിക്കുക, ഈ മേഖലയിലെ പോഷകാഹാരക്കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കുക, ആദിവാസി കർഷകർക്ക് അവരുടെ കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 3 വർഷങ്ങളിലായി 687 ലക്ഷം രൂപയുടെ വിവിധ പരിപാടികൾ നടപ്പിലാക്കുവാനുള്ള നടപടികൾ ആരംഭിച്ചു. ഒന്നാം വർഷത്തിൽ 300 ഹെക്ടർ ചെറുധാന്യ കൃഷിയും 200 ഹെക്ടർ പയർവർഗ്ഗ കൃഷിയും 15 ഹെക്ടർ പച്ചക്കറി കൃഷിയും 45 ഊരുകളിലായി കൃഷി ചെയ്തു. ഇതിൻപ്രകാരം 74.96 ടൺ ചെറുധാന്യങ്ങൾ ഉൾപ്പെടെ വിളവെടുക്കാൻ സാധിച്ചു. കർഷകരുടെ സ്വന്തം ആവശ്യത്തിന് പുറമേ അധികമായുള്ള 2.8 ടൺ സംഭരണം നടത്തുകയും അത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണിയിൽ എത്തിക്കുന്നതിനുള്ള പരിപാടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 14. പൂഗ്രാമം പദ്ധതി

പൂഗ്രാമ പദ്ധതിപ്രകാരം വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി ബ്ലോക്കിലെ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, അമ്പലവയൽ, നെന്മേനി, നൂൽപ്പുഴ, മീനങ്ങാടി എന്നീ പഞ്ചായത്തുകളിലും പനമരം ബ്ലോക്കിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി എന്നീ പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ പ്രിയദർശിനി എസ്റ്റേറ്റ് മാനന്തവാടിയിലും RARS അമ്പലവയലിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

SHM, പുഷ്പകൃഷി വികസന പദ്ധതി ഇവയുടെ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന നടീൽ വസ്തുക്കൾ വിതരണം ചെയ്യുവാൻ ക്രമീകരണം നടത്തി. ഇവ ഇപ്പോൾ വിതരണം ചെയ്യുകയും നടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

| | |
|---|---|
| Bush Jasmine | 3000 |
| ചെണ്ടുമല്ലി | 22500 |
| വാടാമുല്ല | 3000 |
| ജർബറ | 12000 |
| ഗ്ലാഡിയോലസ് | 8500 |
| റോസ് | 6500 |
| ഹെലികോണിയ | 6500 |
| ഓർക്കിഡ് | 4000 |
| ആന്തൂറിയം | 1500 |

കൂടാതെ മാനന്തവാടി പ്രിയദർശിനി എസ്റ്റേറ്റിൽ 5 ഏക്കറിലും RARS അമ്പലവയൽ 4 ഏക്കറിലും കൃഷി ആരംഭിച്ചു. ബത്തേരി ബ്ലോക്കിലും കല്പറ്റ ബ്ലോക്കിലും ഓരോ കളക്ഷൻ സെന്റർ ആരംഭിച്ചു. ജില്ലയിൽ ഒരു ഫ്ലവർ മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. 2017-18 വർഷം SHM-ൽ നിന്നും 7.2 ലക്ഷം രൂപയും പുഷ്പകൃഷി വികസന പദ്ധതിയിൽനിന്നും 45.9 ലക്ഷം രൂപയും ഈ പദ്ധതിക്കായി ചെലവഴിക്കുകയുണ്ടായി.

15. <u>പ്രത്യേക കാർഷിക മേഖല</u>

പ്രത്യേക കാർഷിക മേഖല (SAZ) എന്ന ആശയം പ്രത്യേക വിളകളുടെ കൃഷിക്ക് അനുയോജ്യമായ മേഖലകൾ കണ്ടെത്തി അവിടെ സംയോജിതവും സമഗ്രവുമായ വികസനം സാധ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഓരോ പ്രത്യേക കാർഷിക മേഖലയിലും വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ സജ്ജീകരണങ്ങളും ലഭ്യമാക്കി പരമാവധി ഉൽപ്പാദനം കൈവരിക്കുവാനും ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട വികസനത്തിലൂടെ പരമാവധി വരുമാനം കർഷകർക്ക് ലഭ്യമാക്കുകയും കാർഷിക മേഖല ആദായകരമാക്കുകയുമാണ് ഉദ്ദേശിക്കുന്നത്. താഴെപ്പറയുന്ന വിളകൾക്ക് പ്രത്യേക കാർഷിക മേഖലകൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കി. ഇതിനായി 2017-18-ൽ 10.16 ലക്ഷം രൂപ ചെലവഴിച്ചു.

1. നെല്ല് - കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്
2. പച്ചക്കറി - ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, കൊല്ലങ്കോട്
3. വാഴ - തൃശ്ശൂർ
4. പൂക്കൾ - വയനാട്
5. നാളികേരം - കോഴിക്കോട്
6. ആദിവാസി കൃഷി (ചെറുധാന്യങ്ങൾ) - അട്ടപ്പാടി, പാലക്കാട്

പ്രത്യേക കാർഷിക മേഖലയിലെ വിളവികസന പരിപാടികളും മൂല്യവർദ്ധനവ് പരിപാടികളും നിലവിലുള്ള വിവിധ പദ്ധതികൾ മുഖേന നടപ്പിലാക്കുന്നതാണ്. ഇതിനായി സംസ്ഥാന പ്ലാൻ ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള സഹായവും പ്രയോജനപ്പെടുത്തുന്നതാണ്. ഇതിനുപരിയായി ആവശ്യമായി വരുന്ന അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് അടിയന്തര ഇടപെടലുകൾക്കുമായി പ്രോജക്ട് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

## 16. ആത്മ പ്ലസ് പദ്ധതികൾ

ഈ പദ്ധതി പ്രകാരം ഫാം സ്കൂൾ, ഡെമോൺസ്ട്രേഷൻ, ഫാർമർ ഫീൽഡ് സ്കൂളുകൾ എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും കർഷകർ, റിസർച്ച് സ്ഥാപനങ്ങൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ടെക്നോളജി മീറ്റുകൾ സംഘടിപ്പിച്ചിരുന്നു. കൃഷിയിടത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് പ്രദർശന തോട്ടങ്ങൾ വികസിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും നടപ്പിലാക്കിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ കർഷകരിൽ എത്തിക്കുന്നതിനായി ആത്മ ന്യൂസ് ലെറ്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കർഷകർ വികസിപ്പിച്ച നൂതന വിദ്യകൾ പ്രചരിപ്പിക്കുന്നതിനായി ഡിസ്ട്രിക്റ്റ് സ്പെസിഫിക്ക് ആക്ടിവിറ്റിവഴി സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കാർഷിക വിജ്ഞാന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മോഡൽ പഞ്ചായത്ത് എക്സ്റ്റൻഷൻ പ്ലാനും ബ്ലോക്കുതല വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫാർമർ എക്സ്റ്റൻഷൻ ഓർഗനൈസേഷനും സാധിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും നടത്തിയ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

## 17. ഫ്രൂട്ട് വില്ലേജ് വയനാട്

വയനാട് ഫ്രൂട്ട് വില്ലേജ് പ്രകാരം 10 പഞ്ചായത്തുകളിൽ 5 പഴവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആയത് താഴെ പറയും പ്രകാരമാണ്.

1. അവക്കാഡോ - അമ്പലവയൽ, സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി (500 ഹെക്ടർ)

2. പപ്പായ - മുള്ളൻകൊല്ലി, പുൽപ്പള്ളി (20 ഹെക്ടർ)

3. ലിച്ചി - മൂപ്പൈനാട്, മേപ്പാടി (40 ഹെക്ടർ)

4. മാങ്കോസ്റ്റീൻ - തവിഞ്ഞാൽ, തോണ്ടാർക്കാട് (80 ഹെക്ടർ)

5. പാഷൻഫ്രൂട്ട് - ഇടവക, പടിഞ്ഞാറെത്തറ (64 ഹെക്ടർ)

10 ഗ്രാമപഞ്ചായത്തുകളിലും പഴവർഗ്ഗ തൈകൾ 75 ശതമാനം സബ്സിഡിയിൽ വിതരണം ചെയ്യുവാൻ തുക മാറ്റി വച്ചിട്ടുണ്ട്. ഗ്രാമസഭകൾ ചേർന്ന് ഗുണഭോക്തൃ വിഹിതം കൂടി ശേഖരിക്കുന്ന മുറയ്ക്ക് തൈകൾ ആർ.എ.ആർ.എസ്. അമ്പലവയലിൽനിന്നും വിതരണം ചെയ്യാവുന്നതാണ്. പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്കായി വിശദമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

18. <u>മൂല്യവർദ്ധനവിനുള്ള പദ്ധതി</u>

കാർഷികോൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി അവയുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിനായി സ്മാൾ ഫാർമേഴ്സ് അഗ്രി കൺസോർഷ്യം (SFAC) മുഖാന്തരം ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾക്കുള്ള ധനസഹായം നൽകുന്നു. മൂല്യവർദ്ധനവിന്റെ ഭാഗമായി കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ വിവിധ ജില്ലകളിലായി 15 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതാണ്. തേൻ ഉൽപ്പാദനത്തിനും നീര സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിനും മൂല്യവർദ്ധനവിനുള്ള നൂതന സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള പരിശീലന പരിപാടികൾ എന്നിവയും ഈ പദ്ധതിയിലുള്ള മൂല്യവർദ്ധനവ് യൂണിറ്റുകൾക്കുള്ള സഹായം, പുതിയ ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കൽ, ഗവേഷണ സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദ്യ സ്വീകരിച്ചുകൊണ്ട് ചെയ്തെടുക്കുന്നതിനുള്ള ധനസഹായം, സംരംഭകർക്ക് സാങ്കേതിക വികസനത്തിനുള്ള സഹായം, അഗ്രോ ബിസിനസ്സ് കമ്പനി സ്ഥാപനം എന്നീ ഘടകങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2016-17-ൽ 310.80 ലക്ഷം രൂപയും 2017-18-ൽ 2504.10 ലക്ഷം രൂപയും ചെലവഴിച്ചു. കൂടാതെ താഴെ പറയുന്ന പ്രത്യേക പദ്ധതികളും നടപ്പിലാക്കി.

<u>തേൻ ഉൽപ്പാദത്തിന് ധനസഹായം</u>

തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും തേനീച്ച കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന

ഹോർട്ടിക്കൾച്ചർ മിഷൻ-കേരള 150 ലക്ഷം രൂപ ധനസഹായത്തോടെ തേനീച്ച പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി ഹോർട്ടികോർപ്പ് മുഖാന്തരം തേനുല്പാദനത്തിന് ധനസഹായം എന്ന സംസ്ഥാന പദ്ധതി 2017-18-ൽ നടപ്പിലാക്കി. ചെറുതേനീച്ച കോളനികളുടെയും ഇന്ത്യൻ തേനീച്ച കോളനികളുടെയും വർദ്ധനവും വ്യാപനത്തിനും മാവേലിക്കര തേനീച്ച വളർത്തൽ കേന്ദ്രത്തിന്റെ ശാക്തീകരണം, പരിശീലന പരിപാടികൾ (ഓറിയന്റേഷൻ പരിശീലനം, റിഫ്രഷൻ പരിശീലനം, ഫോളോ അപ്പ് പരിശീലനം), തേൻ ശേഖരണ പ്രക്രിയയ്ക്കുള്ള ധനസഹായം, പ്രചാരണ പരിപാടികൾ, റിസ്ക് ഫണ്ട് തുടങ്ങിയ പദ്ധതി ഘടകങ്ങൾക്കാണ് സാമ്പത്തിക സഹായം അനുവദിച്ചത്.

പദ്ധതിയിലൂടെ 3750 തേനീച്ച കോളനികൾ 1045 കർഷകർക്ക് നൽകുന്നതിനും ഇതിലൂടെ 30 ടൺ ഗുണമേന്മയുള്ള തേൻ സംഭരിക്കുന്നതിനും സാധിച്ചു. 60 പ്രൊമോഷണൽ പ്രോഗ്രാമുകൾ വിദ്യാർത്ഥികൾക്കിടയിലും കർഷകർക്കിടയിലും സംഘടിപ്പിക്കുക വഴി ഈ പദ്ധതിക്ക് കൂടുതൽ പ്രചാരം നൽകുന്നതിന് സാധിക്കുകയും ചെയ്തു. 1600 കർഷകർക്ക് വീതം ഓറിയന്റേഷൻ പരിശീലനവും ഫോളോഅപ്പ് പരിശീലനവും നൽകുവാൻ സാധിച്ചു. ഗുണമേന്മയുള്ള തേൻ ശേഖരണം പ്രാവർത്തികമാക്കുന്നതിനും വിപണിയിലുണ്ടാകുന്ന തേനിന്റെ വിലയിടിവ് പരിഗണിച്ച് കർഷകർക്ക് അധിക വരുമാനം നേടിക്കൊടുക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാക്കി. നിലവിൽ ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന മാവേലിക്കരയിലെ 'ബീകീപ്പിംഗ് ആൻഡ് ട്രെയിനിംഗ് സെന്റർ' പുനരുദ്ധരിച്ച് കൂടുതൽ കാര്യക്ഷമമായി പരിശീലനവും തേനുല്പാദനവും സാധ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഈ കേന്ദ്രത്തിലൂടെ തേനിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ അധികരിച്ചുള്ള പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. 2018-19 സാമ്പത്തിക വർഷം ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈഗ

കാർഷിക സംസ്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും വിവിധ ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് 'വൈഗ' എന്ന പേരിൽ 2016-ലും 2017-ലും അന്തർദേശീയ ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ പ്രധാന ഉദ്ദേശ്യം വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും കർഷകരേയും യുവാക്കളേയും ഈ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുകയും അവരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും ചെയ്യുകയെന്നതാണ്.

വൈഗ സംഘടിപ്പിക്കുക വഴി കൂടുതൽ സംരംഭകർക്ക് പ്രയോജനം ലഭിക്കുന്നതിനുവേണ്ടി SFAC മുഖാന്തരം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 1575 ലക്ഷം രൂപ വീതം 2017-18 സാമ്പത്തിക വർഷത്തിലും 2018-19 സാമ്പത്തിക വർഷത്തിലും അനുവദിച്ചിട്ടുണ്ട്.

ഇതിനുപുറമേ കേന്ദ്ര സർക്കാർ സഹായത്തോടെ താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

1. <u>നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ</u>

ഹോട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതി. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കശുമാവ്, കൊക്കോ, പുഷ്പകൃഷി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് വിവിധ പദ്ധതിഘടകങ്ങൾ നടപ്പിലാക്കുന്നത്. മികച്ചയിനം നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, വിളവിസ്തൃതി വർദ്ധിപ്പിക്കൽ, പച്ചക്കറി വിത്ത് ഉല്പാദനം, പുതിയ കൃഷിത്തോട്ടങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, ജലസംഭരണികളുടെ നിർമ്മാണം, ജൈവകൃഷി പ്രോത്സാഹനവും സർട്ടിഫിക്കേഷനും, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, കൂൺ ഉല്പാദന യൂണിറ്റുകളുടെ നിർമ്മാണം, തേനീച്ച വളർത്തൽ എന്നിവയാണ് വിവിധ പദ്ധതി ഘടകങ്ങൾ. സമഗ്രവും അത്യന്താധുനികവുമായ കാർഷിക രീതികൾ അവലംബിക്കുക വഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ഉയർന്ന ഉല്പാദനക്ഷമത കൈവരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2. <u>പ്രാദേശിക നാളികേര നഴ്സറികളുടെ സ്ഥാപനം-സിഡിബി പദ്ധതി</u>

ഗുണമേന്മയുള്ള പശ്ചിമതീര നെടിയ ഇനം തെങ്ങുകളിൽനിന്നും വിത്തുതേങ്ങകൾ സംഭരിച്ച് കൃഷിവകുപ്പിന്റെ ഫാമുകളിൽ തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുകയും അതിലൂടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നു.

(എ) <u>തെങ്ങ് പുനരുദ്ധാരണവും പുനർ നടീലും</u>

രോഗം വന്ന തെങ്ങുകൾ മുറിച്ച് മാറ്റുകയും പകരം തെങ്ങിൻതൈ വച്ചുപിടിപ്പിക്കുന്നതിനും പഴയ തെങ്ങിൻ തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

### (ബി) നാളികേരള വിള ഇൻഷ്വറൻസ് പദ്ധതി

ഈ പദ്ധതി കാർഷിക ഇൻഷ്വറൻസ് കമ്പനിയും നാളികേര വികസന ബോർഡും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. കുറഞ്ഞത് ഉല്പാദന ക്ഷമതയുള്ള 10 തെങ്ങുകളെങ്കിലും ഉണ്ടായിരുന്നാൽ മാത്രമേ കർഷകന് അവയെ ഇൻഷ്വർ ചെയ്യാൻ കഴിയൂ. പ്രീമിയം തുകയുടെ 50 % നാളികേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും 25% കർഷകരും ചേർന്ന് നൽകുന്നു. ഇൻഷ്വർ ചെയ്ത തെങ്ങുകൾ 80 ശതമാനത്തിലധികം നശിക്കുകയാണെങ്കിൽ നഷ്ടപരിഹാരത്തുക അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നു.

### 3. കേന്ദ്ര ബയോഗ്യാസ് - ജൈവവള ഉല്പാദന പരിപാടി

പോർട്ടബിൾ ഉൾപ്പെടെയുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ സ്ഥാപനം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനും പരിപാലനത്തിലും പരിശീലനം, ഉപഭോക്താക്കൾക്കുള്ള പരിശീലന ക്ലാസ്സുകൾ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ തൊഴിലാളികളുടെ പരിശീലനം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. കേന്ദ്ര ഗവൺമെന്റിന്റെ റീ-ഇംബേഴ്സ്മെന്റ് പദ്ധതിയായതിനാൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക പ്രസ്തുത വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

### 4. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി

#### എ. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്)

നെല്ലിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പാലക്കാട് ജില്ലയിൽ മാത്രം കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി. പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വള പ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി, പരിശീലന പരിപാടി തുടങ്ങി വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളെക്കൂടി ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

#### ബി. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (പയർ)

ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട്, മലപ്പുറം, കൊല്ലം ജില്ലകളിലായി പയർ കൃഷി വികസനം ലക്ഷ്യമിടുന്നു. അത്യുല്പാദന ശേഷിയുള്ള പയർ വിത്തിനങ്ങളുടെ കൃഷി പ്രോത്സാഹനം, പ്രദർശന

തോട്ടങ്ങൾ സ്ഥാപിക്കൽ, വിത്തുല്പാദനം, സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം, കാർഷിക യന്ത്രവത്കരണം, പരിശീലനം, മിനി കിറ്റുകളുടെ വിതരണം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ.

സി. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി (ചെറുധാന്യങ്ങൾ)

ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുധാന്യങ്ങളായ ചോളം, മണിച്ചോളം, കുവരക് എന്നിവയുടെ പ്രദർശനത്തോട്ടം, കൃഷിവ്യാപനം എന്നിവ ലക്ഷ്യമിടുന്നു.

5. സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ

എക്സ്റ്റൻഷൻ (SMAE) (ആത്മ)

നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ 'ആത്മ' യുടെ വിവിധ ഘടകങ്ങൾ "അംഗീകൃത സംസ്ഥാന വിജ്ഞാന വ്യാപന വർക്ക് പ്ലാൻ" പ്രകാരം നടപ്പിലാക്കുന്നതാണ്. സമിതി പ്രവർത്തനങ്ങൾ, കർഷകരെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ, ഫാം ഇൻഫർമേഷൻ ഡെസിമിനേഷൻ, അഗ്രികൾച്ചർ ടെക്നോളജി റിഫൈൻമെന്റ് വാലിഡേഷൻ & അഡോപ്ഷൻ, ആത്മ ഓഫീസുകളുടെ പ്രവർത്തനഫണ്ട്, ജില്ലാതല സംസ്ഥാനതല ഇന്നൊവേറ്റീവ് പ്രവർത്തനങ്ങൾ, സ്പെഷ്യലിസ്റ്റ് & ഫങ്ഷനറി സപ്പോർട്ട് എന്നീ ഘടകങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

6. സബ് മിഷൻ ഓൺ സീഡ്സ്&പ്ലാന്റിംഗ് മെറ്റീരിയൽ (SMSP)

ഗുണമേൻമയുള്ള വിത്തുകൾ 50% സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കി വിത്തുൽപ്പാദനം, സംഭരണം എന്നിവ നടപ്പിലാക്കുക, ഗുണമേൻമയുള്ള വിത്തുകൾ ഉൽപാദിപ്പിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നീ ഘടകങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

7. എണ്ണപ്പനയ്ക്കും എണ്ണക്കുരുക്കൾക്കും വേണ്ടിയുള്ള കേന്ദ്ര മിഷൻ പദ്ധതി

(NMOOP) - മിനിമിഷൻ-II

തരിശുനിലങ്ങളിൽ എണ്ണപ്പന കൃഷിയുടെ വ്യാപനം, ഇടവിള കൃഷി, ജലസംഭരണികളുടെ നിർമ്മാണം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, പരിശീലനം, കണിക ജലസേചനം തുടങ്ങിയ ഘടകങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഓയിൽ പാം ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

### 8. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)

എല്ലാ കൃഷിയിടങ്ങൾക്കും ജലം എന്ന ലക്ഷ്യം പ്രാവർത്തികമാക്കുവാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് (കൃഷി വകുപ്പ്, മണ്ണ് പര്യവേഷന മണ്ണ് സംരക്ഷണ വകുപ്പ്, ഡി.ആർ.ഡി.എ., ജലസേചന വകുപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ) നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളുടെയും ജില്ലാതല ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കുകയും കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജില്ലാതല പ്ലാനുകൾ ക്രോഡീകരിച്ച് സംസ്ഥാനതല പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.

മേഖലകൾ

1. ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (AIBP)
2. PMKSY (ഓരോ തുള്ളി ജലത്തിൽനിന്നും കൂടുതൽ വിളവ്)
3. PMKSY (ഓരോ കൃഷി ഇടത്തിനും വെള്ളം)
4. PMKSY (തണ്ണീർത്തട വികസനം)

പദ്ധതി നിർവ്വഹണത്തിന്റെ സംസ്ഥാനത്തെ നോഡൽ ഏജൻസി സംസ്ഥാന കൃഷി വകുപ്പാണ്.

### 9. മണ്ണിന്റെ ആരോഗ്യ പരിപാലനം (SHM)

സംസ്ഥാനത്തെ നിലവിലുള്ള മണ്ണ് പരിശോധനാ ലാബുകളുടെ ശാക്തീകരണം, 152 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് 152 മിനി സോയിൽ ടെസ്റ്റിംഗ് ലാബുകൾ (മൃദപരിഷക്) സ്ഥാപിക്കൽ എന്നിവ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

### 10. സോയിൽ ഹെൽത്ത് കാർഡ്

രാജ്യമൊട്ടാകെ അതീവ പ്രാധാന്യം നൽകിക്കൊണ്ട് 2014-15 മുതൽ നടപ്പിലാക്കിവരുന്ന പദ്ധതി. പ്രധാനമന്ത്രി നേരിട്ട് അവലോകനം നടത്തി വിലയിരുത്തുന്ന ഈ പദ്ധതിയിൽ പി.പി.എസ്. അധിഷ്ഠിത മണ്ണ് സാമ്പിളുകൾ ശേഖരിച്ച് വിശകലനം നടത്തി കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനും വിവിധതലങ്ങളിൽ പരിശീലനം, ശില്പശാല സംഘടിപ്പിക്കൽ എന്നിവയും ലക്ഷ്യമിടുന്നു.

### 11. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)

കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി പ്രോജക്ട് അടിസ്ഥാനത്തിൽ 2007-08 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് ആർ.കെ.വി.വൈ. കാർഷിക അനുബന്ധ മേഖലകളുടെ സമഗ്രവികസനം

ഉറപ്പാക്കി, കാർഷിക രംഗത്തെ വളർച്ചാനിരക്ക് ഉയർത്തുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. 60:40 എന്ന ഫണ്ടിംഗ് പാറ്റേണിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൃഷി വകുപ്പ് കൂടാതെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കേന്ദ്ര സർക്കാർ അനുശാസിക്കുംവിധം തയ്യാറാക്കപ്പെട്ട പ്രോജക്ടുകൾ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അനുവദിക്കപ്പെടുന്നു. തുടർന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ വകുപ്പ്. പദ്ധതിയുടെ അവലോകനവും കോ-ഓർഡിനേഷനും നടത്തുന്നത് പ്ലാൻ പ്രിപ്പറേഷൻ & മോണിറ്ററിംഗ് സെൽ (PPM Cell) ആണ്.

## 12. കാർഷിക യന്ത്രവൽക്കരണം (SMAM)

നൂതന കാർഷിക യന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും പ്രവർത്തനം കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, കാർഷിക ഉപകരണങ്ങൾ/യന്ത്രങ്ങൾ തെരഞ്ഞെടുക്കുന്നതിനും വിനിയോഗിക്കുന്നതിനും സാങ്കേതിക പരിശീലനം നൽകുക, കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുക തുടങ്ങിയ വിവിധ ഘടകങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

## 13. വൃഷ്ടി പ്രദേശ വികസനം (RAD)

മഴയെ ആശ്രയിച്ച് മാത്രം കൃഷി അനുബന്ധ മേഖലകളുടെ വികസനം സാധ്യമാക്കുന്ന പ്രധാന ജില്ലകളായ തൃശ്ശൂർ, കണ്ണൂർ, വയനാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതി. കൃഷി വകുപ്പ് മുഖാന്തരം ഹോർട്ടികൾച്ചർ അധിഷ്ഠിത കൃഷി രീതികൾക്കും ധാന്യവിള അധിഷ്ഠിത കൃഷി രീതികൾക്കും മണ്ണിന്റെ അമ്ലത്വം ക്രമീകരിക്കുന്നതിന് കുമ്മായ വസ്തുക്കൾ ലഭ്യമാക്കുന്നതിനും മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിനും പദ്ധതി വിഹിതം വിനിയോഗിക്കാൻ ലക്ഷ്യമിടുന്നു. മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം പദ്ധതി പ്രദേശത്തെ കൃഷി ഉപജീവനമായി സ്വീകരിക്കുന്ന കർഷകർക്ക് കറവപ്പശുക്കളെയും കോഴികളേയും ആടുകളേയും വിതരണം നടത്തുന്നതിനും ലക്ഷ്യമിടുന്നു. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

## 14. പരമ്പരാഗത കൃഷി വികാസ് യോജന (PKVY)

ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവഗ്രാമങ്ങൾ നടപ്പിലാക്കുക, പാർട്ടിസിപ്പേറ്ററി ഗാരന്റി സിസ്റ്റം സർട്ടിഫിക്കേഷൻ (PGS) പ്രാവർത്തികമാക്കുക എന്നീ

ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ അനുവദിച്ച പദ്ധതിയാണ് പരമ്പരാഗത കൃഷി വികാസ് യോജന (PKVY). 50 ഏക്കർ വീതമുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി വ്യാപനം സാധ്യമാക്കാൻ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായം ഈ പദ്ധതിക്കായി ലഭ്യമാക്കുന്നു.

പദ്ധതി ഘടകങ്ങൾ

1. ക്ലസ്റ്റർ മുഖേന പിജിഎസ് സർട്ടിഫിക്കേഷൻ
2. 50 ഏക്കർ വീതമുള്ള ക്ലസ്റ്റർ രൂപീകരണം
3. പിജിഎസ് സർട്ടിഫിക്കേഷനും ഗുണനിലവാര നിയന്ത്രണവും
4. ക്ലസ്റ്റർ വഴി ജൈവഗ്രാമം രൂപീകരിച്ച് മണ്ണിന്റെ ഫലപുഷ്ടി മെച്ചപ്പെടുത്തൽ
5. സംയോജിത വളപ്രയോഗം
6. കസ്റ്റം ഹയറിംഗ് സെന്റർ-കാർഷിക യന്ത്രങ്ങൾ/ഉപകരണങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സഹായം
7. ഭരണപരമായ ചെലവുകൾ

സംസ്ഥാനത്ത് വയനാട്, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിലായി നിലവിൽ 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ 2017-18-ൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം 500 ക്ലസ്റ്ററുകൾ രൂപവൽക്കരിക്കുന്ന പദ്ധതി കൂടി നടപ്പിലാക്കി വരുന്നുണ്ട്.

15. ദേശീയ ഇ-ഗവേണൻസ് പദ്ധതി

2013 ഡിസംബർ മുതൽ നാഷണൽ ഇ-ഗവേണൻസ് പ്ലാൻ അഗ്രിക്കൾച്ചർ പദ്ധതിപ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പ്രവർത്തിക്കുന്നു. നാഷണൽ ഇ-ഗവേണൻസ് പ്ലാൻ പദ്ധതി പ്രകാരമുള്ള വിവിധ കാർഷിക പോർട്ടലുകൾ, വെബ്സൈറ്റുകൾ എന്നിവയിലെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ കാർഷിക സബ്സിഡികൾ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വളരെ കൃത്യതയോടുകൂടി സുതാര്യത ഉറപ്പുവരുത്തി വിതരണം ചെയ്യുന്നതിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ പ്രധാന പങ്ക് വഹിക്കുന്നു.

നാഷണൽ ഇ-ഗവേണൻസ് പദ്ധതിയിൽ ഡാറ്റാ ഓപ്പറേറ്റർമാരുടെ ശമ്പളം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കൽ, പരിശീലനം തുടങ്ങിയ വിവിധ പദ്ധതി ഘടകങ്ങൾക്കായി തുക വിനിയോഗിച്ചു വരികയും ചെയ്യുന്നു.

16. പ്രധാനമന്ത്രി ഫസൽ ഭീമാ യോജന (PMFBY)

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടുത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾമൂലമോ, രോഗകീടങ്ങളുടെ ആക്രമണംമൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതിയിലൂടെ നൽകുന്നു.

നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നീ ആറ് വിളകളെ ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാട്ടകൃഷി ചെയ്യുന്ന കർഷകർ ഉൾപ്പെടെ അതാത് സംസ്ഥാനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രഖ്യാപിത വിളകൾ കൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും പദ്ധതിയിലൂടെ പ്രയോജനം ലഭിക്കും.

17. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (WBCIS)

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ, വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

18. സബ് മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി (Sub Mission on Agro Forestry)

വൃക്ഷങ്ങളുടെ നഴ്സറി തയ്യാറാക്കൽ, വൃക്ഷം പ്ലാന്റേഷൻ, (ഹൈ ഡെൻസിറ്റി, ലോ ഡെൻസിറ്റി, ബൗണ്ടറി പ്ലാന്റേഷൻ എന്നീ ഘടകങ്ങൾ) എന്നിവയാണ് SMAF പദ്ധതിയിൽ നിലവിലുള്ളത്. ഇതിൽ നഴ്സറി തയ്യാറാക്കൽ സർക്കാർ വക നഴ്സറികളിലും പ്രൈവറ്റ് നഴ്സറികളിലും ചെയ്യാവുന്നതാണ്. സർക്കാർ വക നഴ്സറി തയ്യാറാക്കൽ കൃഷി വകുപ്പും പ്രൈവറ്റ് നഴ്സറികൾ വനം വകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിലുള്ള കൃഷി ഓഫീസർമാരുടെ സഹായത്തോട്ടും കൂടിയാണ് നിർവ്വഹിക്കുന്നത്.

19. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തെ നേരിടുന്നതിന് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രധാനപ്പെട്ട 25 വിളകളേയും ഉൾപ്പെടുത്തി

പരിഷ്കരിച്ച രണ്ടാം വിള ഇൻഷ്വറൻസ് പദ്ധതി 22-3-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 37/2017/കൃഷി, തിരുവനന്തപുരം പ്രകാരം നടപ്പിലാക്കിവരുന്നു. പ്രീമിയത്തിൽ നേരിയ തോതിലുള്ള വർദ്ധനവ് വരുത്തി നഷ്ടപരിഹാര തുകയിൽ ഗണ്യമായ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. 176644 കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയതുവഴി 3.87 കോടി രൂപ പ്രീമിയം ലഭിച്ചു. 11022 കർഷകരുടെ വിളനാശത്തിനുള്ള നഷ്ടപരിഹാരമായി 8.76 കോടി രൂപ വിതരണം ചെയ്തു.

(ബി) കാർഷിക മേഖലയിൽ കഴിഞ്ഞ രണ്ടുവർഷം കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. നാഷണൽ ഹോർട്ടികൾച്ചർ മിഷൻ

ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതി. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കശുമാവ്, കൊക്കോ, പുഷ്പകൃഷി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് വിവിധ പദ്ധതിഘടകങ്ങൾ നടപ്പിലാക്കുന്നത്. മികച്ചയിനം നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും വിളവിസ്തൃതി വർദ്ധിപ്പിക്കൽ, പച്ചക്കറി വിത്ത് ഉല്പാദനം, പുതിയ കൃഷിത്തോട്ടങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, ജലസംഭരണികളുടെ നിർമ്മാണം, ജൈവകൃഷി പ്രോത്സാഹനവും സർട്ടിഫിക്കേഷനും, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, കൂൺ ഉല്പാദന യൂണിറ്റുകളുടെ നിർമ്മാണം, തേനീച്ച വളർത്തൽ എന്നിവയാണ് വിവിധ പദ്ധതി ഘടകങ്ങൾ. സമഗ്രവും അത്യന്താധുനികവുമായ കാർഷിക രീതികൾ അവലംബിക്കുകവഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ഉയർന്ന ഉല്പാദനക്ഷമത കൈവരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2. പ്രാദേശിക നാളികേര നഴ്സറികളുടെ സ്ഥാപനം-സിഡിബി പദ്ധതി

ഗുണമേന്മയുള്ള പശ്ചിമതീര നെടിയ ഇനം തെങ്ങുകളിൽനിന്നും വിത്തുതേങ്ങകൾ സംഭരിച്ച് കൃഷിവകുപ്പിന്റെ ഫാമുകളിൽ തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുകയും അതിലൂടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നു.

എ. തെങ്ങു പുനരുദ്ധാരണവും പുനർനടീലും

രോഗം വന്ന തെങ്ങുകൾ മുറിച്ചു മാറ്റുകയും പകരം തെങ്ങിൻതൈ വച്ചുപിടിപ്പിക്കുന്നതിനും പഴയ തെങ്ങിൻതോട്ടങ്ങളുടെ പുനരുദ്ധാരണത്തിനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ബി. നാളികേര വിള ഇൻഷ്വറൻസ് പദ്ധതി

ഈ പദ്ധതി കാർഷിക ഇൻഷ്വറൻസ് കമ്പനിയും നാളികേര വികസന ബോർഡും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. കുറഞ്ഞത് ഉല്പാദനക്ഷമതയുള്ള 10 തെങ്ങുകളെങ്കിലും ഉണ്ടായിരുന്നാൽ മാത്രമേ കർഷകന് അവയെ ഇൻഷ്വർ ചെയ്യാൻ കഴിയൂ. പ്രീമിയം തുകയുടെ 50% നാളികേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും 25% കർഷകരും ചേർന്ന് നൽകുന്നു. ഇൻഷ്വർ ചെയ്ത തെങ്ങുകൾ 80 ശതമാനത്തിലധികം നശിക്കുകയാണെങ്കിൽ നഷ്ടപരിഹാരത്തുക അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നു.

3. കേന്ദ്ര ബയോഗ്യാസ് - ജൈവവള ഉല്പാദന പരിപാടി

പോർട്ടബിൾ ഉൾപ്പെടെയുള്ള ബയോഗ്യാസ് നിർമ്മാണത്തിലും പരിപാലനത്തിലും പരിശീലനം, ഉപഭോക്താക്കൾക്കുള്ള പരിശീലന ക്ലാസ്സുകൾ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ തൊഴിലാളികളുടെ പരിശീലനം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. കേന്ദ്ര ഗവൺമെന്റിന്റെ റീ-ഇംബേഴ്സ്മെന്റ് പദ്ധതിയായതിനാൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക പ്രസ്തുത വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

4. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി

എ. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്)

നെല്ലിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പാലക്കാട് ജില്ലയിൽ മാത്രം കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി. പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വള പ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി, പരിശീലന പരിപാടി തുടങ്ങി വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളെക്കൂടി ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

ബി. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (പയർ)

ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട്, മലപ്പുറം, കൊല്ലം ജില്ലകളിലായി പയർ കൃഷി വികസനം ലക്ഷ്യമിടുന്നു. അത്യുല്പാദന ശേഷിയുള്ള പയർ വിത്തിനങ്ങളുടെ കൃഷിപ്രോത്സാഹനം, പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ, വിത്തുല്പാദനം, സംയോജിത വളപ്രയോഗം,

സംയോജിത കീട നിയന്ത്രണം, കാർഷിക യന്ത്രവത്കരണം, പരിശീലനം, മിനി കിറ്റുകളുടെ വിതരണം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ.

സി. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (ചെറുധാന്യങ്ങൾ)

ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുധാന്യങ്ങളായ ചോളം, മണിച്ചോളം, കൂവരക് എന്നിവയുടെ പ്രദർശനത്തോട്ടം, കൃഷിവ്യാപനം എന്നിവ ലക്ഷ്യമിടുന്നു.

5. സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ (SMAE) (ആത്മ)

നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ "ആത്മ" യുടെ വിവിധ ഘടകങ്ങൾ "അംഗീകൃത സംസ്ഥാന വിജ്ഞാന വ്യാപന വർക്ക് പ്ലാൻ" പ്രകാരം നടപ്പിലാക്കുന്നതാണ്. സമിതി പ്രവർത്തനങ്ങൾ, കർഷകരെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ, ഫാം ഇൻഫർമേഷൻ ഡെസിമിനേഷൻ, അഗ്രികൾച്ചർ ടെക്നോളജി റിഫൈൻമെന്റ് വാലിഡേഷൻ & അഡോപ്ഷൻ, ആത്മ ഓഫീസുകളുടെ പ്രവർത്തനഫണ്ട്, ജില്ലാതല സംസ്ഥാനതല ഇന്നൊവേറ്റീവ് പ്രവർത്തനങ്ങൾ, സ്പെഷ്യലിസ്റ്റ് & ഫങ്ഷനറി സപ്പോർട്ട് എന്നീ ഘടകങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

6. സബ് മിഷൻ ഓൺ സീഡ്സ്&പ്ലാന്റിംഗ് മെറ്റീരിയൽ (SMSP)

ഗുണമേൻമയുള്ള വിത്തുകൾ 50% സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കി വിത്തുൽപ്പാദനം, സംഭരണം എന്നിവ നടപ്പിലാക്കുക, ഗുണമേൻമയുള്ള വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നീ ഘടകങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

7. എണ്ണപ്പനയ്ക്കും എണ്ണക്കുരുക്കൾക്കും വേണ്ടിയുള്ള കേന്ദ്ര മിഷൻ പദ്ധതി (NMOOP)-മിനിമിഷൻ-II

തരിശുനിലങ്ങളിൽ എണ്ണപ്പന കൃഷിയുടെ വ്യാപനം, ഇടവിള കൃഷി, ജലസംഭരണികളുടെ നിർമ്മാണം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, പരിശീലനം, കണിക ജലസേചനം തുടങ്ങിയ ഘടകങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഓയിൽ പാം ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

8. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)

എല്ലാ കൃഷിയിടങ്ങൾക്കും ജലം എന്ന ലക്ഷ്യം പ്രാവർത്തികമാക്കുവാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് (കൃഷി വകുപ്പ്, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, ഡി.ആർ.ഡി.എ., ജലസേചന വകുപ്പ്, സംസ്ഥാന

ഹോർട്ടികൾച്ചർ മിഷൻ) നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളുടെയും ജില്ലാതല ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കുകയും കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജില്ലാതല പ്ലാനുകൾ ക്രോഡീകരിച്ച് സംസ്ഥാനതല പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.

മേഖലകൾ

1. ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (AIBP)
2. PMKSY (ഓരോ തുള്ളി ജലത്തിൽനിന്നും കൂടുതൽ വിളവ്)
3. PMKSY (ഓരോ കൃഷി ഇടത്തിനും വെള്ളം)
4. PMKSY (തണ്ണീർത്തട വികസനം)

പദ്ധതി നിർവ്വഹണത്തിന്റെ സംസ്ഥാനത്തെ നോഡൽ ഏജൻസി സംസ്ഥാന കൃഷി വകുപ്പാണ്.

### 9. മണ്ണിന്റെ ആരോഗ്യ പരിപാലനം (SHM)

സംസ്ഥാനത്തെ നിലവിലുള്ള മണ്ണ് പരിശോധനാ ലാബുകളുടെ ശാക്തീകരണം, 152 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് 152 മിനി സോയിൽ ടെസ്റ്റിംഗ് ലാബുകൾ (മൃദപരിഷക്) സ്ഥാപിക്കൽ എന്നിവ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

### 10. സോയിൽ ഹെൽത്ത് കാർഡ്

രാജ്യമൊട്ടാകെ അതീവ പ്രാധാന്യം നൽകിക്കൊണ്ട് 2014-15 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതി. പ്രധാനമന്ത്രി നേരിട്ട് അവലോകനം നടത്തി വിലയിരുത്തുന്ന ഈ പദ്ധതിയിൽ ജി.പി.എസ്. അധിഷ്ഠിത മണ്ണ് സാമ്പിളുകൾ ശേഖരിച്ച് വിശകലനം നടത്തി കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനും വിവിധതലങ്ങളിൽ പരിശീലനം, ശില്പശാല സംഘടിപ്പിക്കൽ എന്നിവ ലക്ഷ്യമിടുന്നു.

### 11. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)

കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി പ്രോജക്ട് അടിസ്ഥാനത്തിൽ 2007-08 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് ആർ.കെ.വി.വൈ. കാർഷിക അനുബന്ധ മേഖലകളുടെ സമഗ്രവികസനം ഉറപ്പാക്കി, കാർഷിക രംഗത്തെ വളർച്ചാനിരക്ക് ഉയർത്തുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. 60:40 എന്ന ഫണ്ടിംഗ് പാറ്റേണിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൃഷി വകുപ്പ് കൂടാതെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

കേന്ദ്ര സർക്കാർ അനുശാസിക്കുംവിധം തയ്യാറാക്കപ്പെട്ട പ്രോജക്ടുകൾ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അനുവദിക്കപ്പെടുന്നു. തുടർന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ വകുപ്പ്. പദ്ധതിയുടെ അവലോകനവും കോ-ഓർഡിനേഷനും നടത്തുന്നത് പ്ലാൻ പ്രിപ്പറേഷൻ & മോണിറ്ററിംഗ് സെൽ (PPM Cell) ആണ്.

## 12. കാർഷിക യന്ത്രവൽക്കരണം (SMAM)

നൂതന കാർഷിക യന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും പ്രവർത്തനം കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, കാർഷിക ഉപകരണങ്ങൾ/യന്ത്രങ്ങൾ തെരഞ്ഞെടുക്കുന്നതിനും വിനിയോഗിക്കുന്നതിനും സാങ്കേതിക പരിശീലനം നൽകുക, കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുക തുടങ്ങിയ വിവിധ ഘടകങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

## 13. വൃഷ്ടി പ്രദേശ വികസനം (RAD)

മഴയെ ആശ്രയിച്ച് മാത്രം കൃഷി അനുബന്ധ മേഖലകളുടെ വികസനം സാധ്യമാക്കുന്ന പ്രധാന ജില്ലകളായ തൃശ്ശൂർ, കണ്ണൂർ, വയനാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതി. കൃഷി വകുപ്പ് മുഖാന്തരം ഹോർട്ടികൾച്ചർ അധിഷ്ഠിത കൃഷി രീതികൾക്കും ധാന്യവിള അധിഷ്ഠിത കൃഷി രീതികൾക്കും മണ്ണിന്റെ അമ്ലത്വം ക്രമീകരിക്കുന്നതിന് കുമ്മായ വസ്തുക്കൾ ലഭ്യമാക്കുന്നതിനും മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിനും പദ്ധതി വിഹിതം വിനിയോഗിക്കാൻ ലക്ഷ്യമിടുന്നു. മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം പദ്ധതി പ്രദേശത്തെ കൃഷി ഉപജീവനമായി സ്വീകരിക്കുന്ന കർഷകർക്ക് കറവ പശുക്കളെയും കോഴികളേയും ആടുകളേയും വിതരണം നടത്തുന്നതിനും ലക്ഷ്യമിടുന്നു. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

## 14. പരമ്പരാഗത കൃഷി വികാസ് യോജന (PKVY)

ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവഗ്രാമങ്ങൾ നടപ്പിലാക്കുക, പാർട്ടിസിപ്പേറ്ററി ഗാരന്റി സിസ്റ്റം സർട്ടിഫിക്കേഷൻ (PGS) പ്രാവർത്തികമാക്കുക എന്നീ ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ അനുവദിച്ച പദ്ധതിയാണ് പരമ്പരാഗത കൃഷി വികാസ് യോജന (PKVY). 50 ഏക്കർ വീതമുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി വ്യാപനം സാധ്യമാക്കാൻ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായം ഈ പദ്ധതിക്കായി ലഭ്യമാക്കുന്നു.

പദ്ധതി ഘടകങ്ങൾ

1. ക്ലസ്റ്റർ മുഖേന പിജിഎസ് സർട്ടിഫിക്കേഷൻ
2. 50 ഏക്കർ വീതമുള്ള ക്ലസ്റ്റർ രൂപീകരണം
3. പിജിഎസ് സർട്ടിഫിക്കേഷനും ഗുണനിലവാര നിയന്ത്രണവും
4. ക്ലസ്റ്റർ വഴി ജൈവഗ്രാമം രൂപീകരിച്ച് മണ്ണിന്റെ ഫലപുഷ്ടി മെച്ചപ്പെടുത്തൽ
5. സംയോജിത വളപ്രയോഗം
6. കസ്റ്റം ഹയറിംഗ് സെന്റർ-കാർഷിക യന്ത്രങ്ങൾ/ഉപകരണങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സഹായം
7. ഭരണപരമായ ചെലവുകൾ

സംസ്ഥാനത്ത് വയനാട്, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിലായി നിലവിൽ 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ 2017-18-ൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം 500 ക്ലസ്റ്ററുകൾ രൂപവൽക്കരിക്കുന്ന പദ്ധതി കൂടി നടപ്പിലാക്കി വരുന്നുണ്ട്.

15. ദേശീയ ഇ-ഗവേണൻസ് പദ്ധതി

2013 ഡിസംബർ മുതൽ നാഷണൽ ഇ-ഗവേണൻസ് പ്ലാൻ അഗ്രിക്കൾച്ചർ പദ്ധതി പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പ്രവർത്തിക്കുന്നു. നാഷണൽ ഇ-ഗവേണൻസ് പ്ലാൻ പദ്ധതി പ്രകാരമുള്ള വിവിധ കാർഷിക പോർട്ടലുകൾ, വെബ്സൈറ്റുകൾ എന്നിവയിലെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ കാർഷിക സബ്സിഡികൾ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വളരെ കൃത്യതയോടുകൂടി സുതാര്യത ഉറപ്പുവരുത്തി വിതരണം ചെയ്യുന്നതിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ പ്രധാന പങ്ക് വഹിക്കുന്നു.

16. പ്രധാനമന്ത്രി ഫസൽ ഭീമാ യോജന (PMFBY)

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടുത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലമോ, രോഗകീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതിയിലൂടെ നൽകുന്നു.

നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നീ ആറ് വിളകളെ ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാട്ടകൃഷി ചെയ്യുന്ന കർഷകർ ഉൾപ്പെടെ അതാത് സംസ്ഥാനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രഖ്യാപിത വിളകൾ കൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും പദ്ധതിയിലൂടെ പ്രയോജനം ലഭിക്കും.

17. <u>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (WBCIS)</u>

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ, വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത് പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

18. <u>സബ് മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി (Sub Mission on Agro Forestry)</u>

വൃക്ഷങ്ങളുടെ നഴ്സറി തയ്യാറാക്കൽ, വൃക്ഷം പ്ലാന്റേഷൻ (ഹൈ ഡെൻസിറ്റി, ലോ ഡെൻസിറ്റി, ബൗണ്ടറി പ്ലാന്റേഷൻ എന്നീ ഘടകങ്ങൾ) എന്നിവയാണ് SMAF പദ്ധതിയിൽ നിലവിലുള്ളത്. ഇതിൽ നഴ്സറി തയ്യാറാക്കൽ സർക്കാർ വക നഴ്സറികളിലും പ്രൈവറ്റ് നഴ്സറികളിലും ചെയ്യാവുന്നതാണ്. സർക്കാർ വക നഴ്സറി തയ്യാറാക്കൽ കൃഷി വകുപ്പും പ്രൈവറ്റ് നഴ്സറികൾ വനം വകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിലുള്ള കൃഷി ഓഫീസർമാരുടെ സഹായത്തോടും കൂടിയാണ് നിർവ്വഹിക്കുന്നത്.

(സി) കൃഷിയാവശ്യങ്ങൾക്കുള്ള ധനസഹായമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും സർക്കാരിന് ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2 | 3 |
| 1 | കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതി | 1315.65 |
| 2 | നാഷണൽ ഹോർട്ടികൾച്ചർ മിഷൻ | 3400.00 |
| 3 | വൃഷ്ടി പ്രദേശ വികസന പദ്ധതി | 78.426 |
| 4 | സബ് മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി | 206.465 |
| 5 | പരമ്പരാഗത കൃഷി വികാസ് യോജന | 1404.8789 |
| 6 | നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ | 46.66 |

| 1 | 2 | 3 |
|---|---|---|
| 7 | രാഷ്ട്രീയ കൃഷി വികാസ് യോജന | 6540.00 |
| 8 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ | 978.62 |
| 9 | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന | 3500.00 |
| 10 | ആത്മ പദ്ധതി | 1149.28 |
| | **ആകെ** | **17619.9799** |

**സ്വാഭാവിക റബ്ബറിന്റെ വില വർദ്ധിപ്പിക്കുന്നതിന് നടപടി**

6(*126) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം കൂട്ടുന്നതിനും നിയന്ത്രണങ്ങൾ ഒഴിവാക്കി കയറ്റുമതി വർദ്ധിപ്പിക്കുക വഴി സ്വാഭാവിക റബ്ബറിന്റെ വില വർദ്ധിപ്പിക്കുന്നതിനുമുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ സംസ്ഥാനത്തെ റബ്ബർ കർഷകരുടെ താല്പര്യങ്ങൾക്ക് അനുയോജ്യമാണോ; വ്യക്തമാക്കാമോ;

(ബി) ടയർ ലോബി കർഷകരെ ചൂഷണം ചെയ്യുന്നതാണ് വില താഴ്ന്ന് നിൽക്കുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) യാതൊരു നിയന്ത്രണവുമില്ലാതെയുള്ള റബ്ബർ ഇറക്കുമതി സംസ്ഥാനത്തെ റബ്ബർ കർഷകന്റെ ജീവിതം ദുസ്സഹമാക്കിയെന്നും റബ്ബർ വില്പനയിൽ നിന്ന് ലഭിക്കുന്ന തുക കൂലിച്ചെലവിന് മാത്രമെ തികയൂ എന്നതും വസ്തുതയാണെന്ന് കരുതുന്നുണ്ടോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി പ്രകാരം 2016-17, 2017-18 കാലയളവിൽ എത്ര തുകയാണ് കർഷകർക്ക് നൽകിയത്;

(ഇ) ഈ പദ്ധതിയനുസരിച്ച് റബ്ബർ വില കിലോക്ക് 200 രൂപ ആക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകുമോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) ഉണ്ട്. സംസ്ഥാന കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യകാര്യ മന്ത്രിയുമായി നടത്തിയ ചർച്ചയുടെ ഫലമായി സ്വാഭാവിക റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരങ്ങൾ നിർദ്ദേശിക്കുവാനുമായി "ടാസ്ക്ഫോഴ്സ് ഓൺ റബ്ബർ" രൂപീകരിക്കുകയുണ്ടായി. കേരള ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ത്രിപുര ചീഫ് സെക്രട്ടറി സഹ അദ്ധ്യക്ഷനും ആയി രൂപീകരിച്ച ടാസ്ക് ഫോഴ്സിൽ കേരള ത്രിപുര സർക്കാർ പ്രതിനിധികളും കേന്ദ്ര സർക്കാരിന്റെ പ്രതിനിധികളും റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറും ഉൾപ്പെടുന്നു. പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ രണ്ട് യോഗങ്ങൾ നടന്നു. ആദ്യത്തേത് തിരുവനന്തപുരത്ത് വച്ചും രണ്ടാമത്തേത് ന്യൂഡൽഹിയിൽ വച്ചുമാണ് നടന്നത്. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഹ്രസ്വകാല പരിഹാര മാർഗ്ഗങ്ങളും റബ്ബറുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലേയും വികസനത്തിനായി ദീർഘകാല തന്ത്രങ്ങളും ഉണ്ടാക്കുകയും രാജ്യത്ത് ഒരു റബ്ബർ പോളിസി രൂപീകരിക്കുകയും ചെയ്യുക എന്നതാണ് ടാസ്ക് ഫോഴ്സിൽ കൂടി കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്.

ചിരട്ടപ്പാൽ ഇറക്കുമതിക്ക് ഏർപ്പെടുത്തിയിട്ടുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിക്ക് കത്തയച്ചിരുന്നു. ഇക്കാര്യം പരിശോധിച്ചുവരികയാണെന്ന് കേന്ദ്ര സർക്കാരിൽനിന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

(ബി) റബ്ബർ വില താഴുന്നതിനുള്ള പല കാരണങ്ങളിലൊന്ന് ടയർ ലോബിയുടെ സമ്മർദ്ദമാണ്.

(സി) ഉണ്ട്.

(ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 410.13 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 225.06 കോടി രൂപയും സബ്സിഡിയായി റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) റബ്ബറിന്റെ താങ്ങുവില 150-ൽ നിന്നും 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനാവശ്യമായ കേന്ദ്ര സഹായം ലഭ്യമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്രത്തിൽനിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല.

### വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ

7(*127) ശ്രീ. റോജി എം. ജോൺ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ കരാറിൽ പറഞ്ഞിരുന്ന പ്രകാരമുള്ള സമയക്രമം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 690 പ്രവൃത്തി ദിവസംകൊണ്ട് പദ്ധതിയുടെ എത്ര ശതമാനം നിർമ്മാണം പൂർത്തിയാക്കണമെന്നായിരുന്ന കരാർ വ്യവസ്ഥയിൽ സൂചിപ്പിച്ചിരുന്നത്; അതിൽ എത്ര ശതമാനം പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(സി) കരാർ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കാത്തതിനാൽ പിഴയൊടുക്കുവാൻ സർക്കാർ അദാനി ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുക പിഴയടയ്ക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നിശ്ചിത സമയത്ത് പൂർത്തിയാക്കുവാൻ കഴിയില്ലായെന്നും 16 മാസം കൂടി അധികമായി അനുവദിക്കണമെന്നും അദാനി ഗ്രൂപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ&ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കൺസഷൻ കരാർ പ്രകാരം 2019 ഡിസംബർ 4-ാം തീയതി പണി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 2017 നവംബർ 30-നുണ്ടായ ഓഖി ചുഴലിക്കാറ്റിൽ യന്ത്രസാമഗ്രികൾക്കും നിർമ്മാണ പ്രവൃത്തികൾക്കുമുണ്ടായ നാശനഷ്ടങ്ങൾ കാരണം നിർമ്മാണ പ്രവൃത്തി 16 മാസം വരെ നീണ്ടുപോകാമെന്ന് അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. ഇക്കാര്യം വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇൻഡിപെന്റന്റ് എഞ്ചിനീയർ വിലയിരുത്തുകയും അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ശേഷിയുള്ള ഡ്രഡ്ജറുകൾ ഉപയോഗിച്ച് റിക്ലമേഷൻ ജോലികൾ ത്വരിതപ്പെടുത്തി നിശ്ചിത സമയത്തുതന്നെ പണി പൂർത്തീകരിക്കാൻ അദാനി തുറമുഖ കമ്പനി നിർദ്ദേശം നൽകിയിട്ടുണ്ട്.

കൺസഷൻ കരാർ പ്രകാരം നിയമന തീയതിയിൽനിന്നും 690-ാം ദിവസം (രണ്ടാം നാഴികക്കല്ല്-2017 ഒക്ടോബർ 24) പദ്ധതി ചെലവിന്റെ 25% തുക ചെലവഴിച്ച് കഴിഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഈ തീയതിയിൽ 35.8% തുക ചെലവഴിച്ചതായി അദാനി കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇന്റേണൽ ഓഡിറ്റർമാരുടെ വിലയിരുത്തൽ പ്രകാരം 21.75% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നാണ് കണക്കാക്കിയിരിക്കുന്നത്. അദാനി തുറമുഖ കമ്പനി അവകാശപ്പെട്ട ചില ചെലവുകൾ കരാർ പ്രകാരമുള്ള ചെലവുകളായി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഈ വ്യത്യാസം. തുടർന്ന്, കൺസഷൻ കരാറിലെ ഷെഡ്യൂൾ-ജി പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വന്നതിനാൽ അദാനി കമ്പനിയോട് നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കൺസഷൻ കരാർ പ്രകാരം നിയമന തീയതിയിൽ നിന്നും 690-ാം ദിവസം (രണ്ടാം നാഴികക്കല്ല് - 2017 ഒക്ടോബർ 24) പദ്ധതി ചെലവിന്റെ 25% തുക ചെലവഴിച്ച് കഴിഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈ തീയതിയിൽ 35.8% തുക ചെലവഴിച്ചതായി അദാനി കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇന്റേണൽ ഓഡിറ്റർമാരുടെ വിലയിരുത്തൽ പ്രകാരം 21.75% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നാണ് കണക്കാക്കിയിരിക്കുന്നത്. കൺസഷൻ കരാറിലെ ഷെഡ്യൂൾ-ജി പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വന്നതിനാൽ അദാനി കമ്പനിയോട് 18.96 കോടി രൂപ നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. 2017 നവംബർ 30-നുണ്ടായ ഓഖി ചുഴലിക്കാറ്റിൽ യന്ത്രസാമഗ്രികൾക്കും നിർമ്മാണ പ്രവൃത്തികൾക്കുമുണ്ടായ നാശനഷ്ടങ്ങൾ കാരണം നിർമ്മാണ പ്രവൃത്തി 16 മാസം വരെ നീണ്ടുപോകാമെന്ന് അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. ഇക്കാര്യം വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇൻഡിപെന്റന്റ് എഞ്ചിനീയർ വിലയിരുത്തുകയും അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ശേഷിയുള്ള ഡ്രഡ്ജറുകൾ ഉപയോഗിച്ച് റിക്ലമേഷൻ ജോലികൾ ത്വരിതപ്പെടുത്തി നിശ്ചിത സമയത്തുതന്നെ പണി പൂർത്തീകരിക്കാൻ അദാനി തുറമുഖ കമ്പനി നിർദ്ദേശം നൽകുകയും അധിക സമയം വേണമെന്ന ആവശ്യം നിരാകരിച്ചുകൊണ്ട് വിഴിഞ്ഞം തുറമുഖ കമ്പനി അദാനി കമ്പനിക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

**നീര അന്താരാഷ്ട്ര വിപണിയിൽ എത്തിക്കാൻ നടപടി**

8(*128) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൽപാദിപ്പിക്കുന്ന നീര ഒറ്റ ബ്രാൻഡിൽ വിപണിയിൽ എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നീരയെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) നീരയുടെ ഉൽപാദനം, വിപണനം എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) നീരയെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടു കൂടി അതിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് നീര ഉല്പാദന കമ്പനി പ്രതിനിധികളുടെയും കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേരള സ്റ്റേറ്റ് നാളികേര വികസന കോർപ്പറേഷൻ, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) KERAFED, കൃഷി വകുപ്പ് എന്നിവരുടെ പ്രതിനിധികളുമായി 15-5-2018-ന് യോഗം കൂടുകയും സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനുള്ള പൊതുവായ ഗുണനിലവാര മാനദണ്ഡം നിശ്ചയിക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനുമായി 2 കമ്മിറ്റികൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നീരയുടെ ഏകീകൃത ഗുണനിലവാരം നിശ്ചയിക്കുന്നതിനായി ചുമതലപ്പെടുത്തിയ വിദഗ്ദ്ധ സമിതി സമർപ്പിച്ച Standardisation Report കൃഷി മന്ത്രി ചെയർമാനായ സമിതി അംഗീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരംകൂടി ലഭിച്ചാൽ വിജ്ഞാപനമായി പുറത്തിറക്കുന്നതാണ്.

(സി) നീരയുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന് നീര ഉല്പാദന യൂണിറ്റുകൾ അനുവദിക്കുന്നതിന് കെട്ടിട, യന്ത്രസാമഗ്രികൾക്ക് ചെലവായ തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ നാളികേരവികസന ബോർഡിന്റെ ശിപാർശയോടുകൂടി നൽകുന്നു. നീര ടെക്നീഷ്യൻമാരുടെ കുറവ് പരിഹരിക്കുന്നതിന് കേരള സ്റ്റേറ്റ് നാളികേര വികസന കോർപ്പറേഷൻ മുഖാന്തരം പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

**തിരുവനന്തപുരം സ്മാർട്ട് സിറ്റി പ്രോജക്ട്**

9(*129) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിലുണ്ടായിരുന്ന അനിശ്ചിതാവസ്ഥ മാറിയിട്ടുണ്ടോ; കൺസൾട്ടൻസി ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ടിന് ഇതിനകം കേന്ദ്ര അർബൻ വികസനവും ഭവനനിർമ്മാണവും മന്ത്രാലയത്തിൽ നിന്ന് എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ആദ്യ വർഷം ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ട് മാറ്റുന്നതിന് പ്രസ്തുത പദ്ധതിയുടെ കീഴിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ &ബി) തിരുവനന്തപുരം സ്മാർട്ട് സിറ്റി പ്രോജക്ടിനുവേണ്ടി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി ഐ.പി.ഇ. ഗ്ലോബൽ ജെ.എൽ.എൽ. കൺസോർഷ്യത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് പ്രവർത്തനം 2018 ജൂൺ 1 മുതൽ ആരംഭിച്ചു. 2018 ജൂൺ 15 നകം കൺസൾട്ടന്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് അനിശ്ചിതാവസ്ഥകൾ ഒന്നും ഇപ്പോൾ നിലവിലില്ല.

(സി) അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫണ്ടായി 16 കോടി രൂപയും എ & ഒഇ ഫണ്ടായി 2 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകളായി സ്മാർട്ട് ബസ് ഷെൽറ്ററുകളുടെ നിർമ്മാണം, കുടിവെള്ള കിയോസ്കുകൾ, പൊതു ശൗചാലയങ്ങളുടെ നവീകരണം, ഓപ്പൺ ജിം, മൾട്ടി ലെവൽ കാർ പാർക്കിംഗ്, സോളാർ റൂഫ് ടോപ്പ്, മാനവീയം വീഥി നവീകരണം, പബ്ലിക് ബൈക്ക് ഷെയറിംഗ്, ഇ-ഓട്ടോ, സ്മാർട്ട് വെബ്സൈറ്റ് എന്നീ പ്രോജക്ടുകളാണ് ആദ്യ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ട് മാറ്റുന്നതിന് ഓപ്പറേഷൻ അനന്ത II പദ്ധതിയുമായി കൺവർജൻസ് നടത്തുന്നതിനുള്ള ശിപാർശ സ്മാർട്ട് സിറ്റി പ്രൊപ്പോസലിൽ നിർദ്ദേശിച്ചിട്ടുണ്ട്.

**വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ**

10(*130) ശ്രീ. സി. കൃഷ്ണൻ:

ശ്രീ. ബി. സത്യൻ:

ശ്രീ. വി. അബ്ദുറഹിമാൻ:

ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം എത്ര ശതമാനമാണ്; എത്ര സ്ഥാപനങ്ങൾ മുഴുവൻ പദ്ധതിവിഹിതവും വർഷാവസാനത്തിന് മുൻപുതന്നെ വിനിയോഗിക്കുന്നതിൽ വിജയിച്ചു;

(ബി) 2018-19 വർഷത്തെ പദ്ധതി ആസൂത്രണത്തിന്റെ പുരോഗതി അറിയിക്കാമോ; നൂറു ശതമാനം പദ്ധതികൾക്കും അംഗീകാരം നേടിയിട്ടുണ്ടോ;

(സി) പദ്ധതികൾ സമ്പൂർണ്ണമായും സമയബന്ധിതമായും പൂർത്തിയാക്കാൻ വേണ്ടി നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമാക്കുന്നതിനായി 2017-18, 2018-19 വാർഷിക പദ്ധതി രൂപീകരണ, സബ്സിഡി മാർഗ്ഗരേഖകൾ സമയബന്ധിതമായി തയ്യാറാക്കി ഉത്തരവുകളായി പുറപ്പെടുവിച്ചു. ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും അവലോകനം നടത്തി. വകുപ്പ് മന്ത്രി നേരിട്ട് എല്ലാ ജില്ലകളിലും നിർവ്വഹണ ഉദ്യോഗസ്ഥർ, തദ്ദേശഭരണ സ്ഥാപന ഭാരവാഹികൾ, ആസൂത്രണ സമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി അവലോകനം നടത്തി. വകുപ്പുതലത്തിലും കോർഡിനേഷൻ കമ്മിറ്റിയും നിരന്തരമായി അവലോകനം നടത്തി പുരോഗതി വിലയിരുത്തി.

ഇതിലൂടെ പദ്ധതി ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമ മാക്കുന്നതിന് സാധിച്ചു. കൂടാതെ തദ്ദേശഭരണസ്ഥാപനതലത്തിൽ ആസൂത്രണ സമിതികൾ രൂപീകരിക്കുകയും മേൽത്തട്ട്-കീഴ്ത്തട്ട് നിർദ്ദേശങ്ങളും സംയോജന-ഏകോപന സാധ്യതകൾക്കുമായി 14 ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കുകയുമുണ്ടായി. തദ്ദേശ സ്ഥാപനങ്ങളിലെ പ്രോജക്ടുകളുടെ ഗുണനിലവാരവും സാങ്കേതിക മികവും മെച്ചപ്പെടുത്തുന്നതിനായി ജില്ലാതല വിദഗ്ദ്ധ സമിതികൾ രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

2017-18-ലെ പദ്ധതി ചെലവ് 85.43 ശതമാനമാണ്.

220 തദ്ദേശഭരണ സ്ഥാപനങ്ങൾ 100 ശതമാനം പദ്ധതി തുക വിനിയോഗിക്കുന്നതിൽ വിജയിച്ചു.

(ബി) സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനോടകം 2018-19 വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം നേടിയിട്ടുണ്ട്.

(സി)

- 2018-19 വാർഷിക പദ്ധതി നിർവ്വഹണം സംബന്ധിച്ച് പദ്ധതി നിർവ്വഹണ കലണ്ടർ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.
- ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പദ്ധതി നിർവഹണം അവലോകനം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- 2018-19 വാർഷിക പദ്ധതി നിർവ്വഹണം സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സംസ്ഥാന തലത്തിൽ വെർച്വൽ ക്ലാസ്സ് മുഖേന പരിശീലനം നൽകിവരികയാണ്.

**കൃഷി വകുപ്പിൽ വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ**

11(*131) <u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ഏതെല്ലാം പ്രവർത്തന മേഖലകളിലാണ് വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകരുടെ സഹായത്തിനായി ആരംഭിച്ച കോൾ സെന്ററുകളുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം കർഷകരിലേയ്ക്ക് എത്തിയ്ക്കുന്നതിനായി ഡിജിറ്റൽ കർമ്മസേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതികളുമായി വിവരസാങ്കേതിക വിദ്യ സംയോജിപ്പിച്ചുകൊണ്ട് പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>):

(എ) കാർഷിക വിജ്ഞാന വ്യാപനം, കാർഷികോല്പന്നങ്ങളുടെ വിപണനം, കർഷകർക്ക് സബ്സിഡി, പെൻഷൻ എന്നിവയുടെ വിതരണം, കാർഷിക യന്ത്രങ്ങൾ, പരിശീലനം ലഭിച്ച ടെക്നീഷ്യൻമാരുടെ സേവനം എന്നിവ ലഭ്യമാക്കൽ, കൃഷിമന്ത്രിയുമായി നേരിട്ട് ആശയവിനിമയം നടത്തൽ, പരാതി പരിഹരിക്കൽ, സോഷ്യൽ മീഡിയവഴിയുള്ള വിജ്ഞാന വ്യാപനം, ഔദ്യോഗിക ആവശ്യങ്ങൾക്ക് ജിയോ ടാഗിംഗ് ഉൾപ്പെടെയുള്ള ഐ.റ്റി. സാങ്കേതികവിദ്യകളുടെ ഉപയോഗം, മണ്ണുപരിപോഷണ പദ്ധതികൾ എന്നീ മേഖലകളിൽ വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിവരുന്നു.

(ബി) ശാസ്ത്രീയ കാർഷിക വിജ്ഞാന വ്യാപനത്തിനായി എസ്.എഫ്.എ.സി. തിരുവനന്തപുരം ആനയറയിൽ പ്രവർത്തിക്കുന്ന കാർഷിക വിവരസങ്കേതം കാൾ സെന്റർ (ടോൾ ഫ്രീ നമ്പർ 1800 425 1661), കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ ബാംഗ്ലൂരു ആസ്ഥാനമായ കിസാൻ കാൾ സെന്റർ (ടോൾ ഫ്രീ നമ്പർ 1800 180 1551) എന്നിവ കേരളത്തിലെ കർഷകർക്ക് വളരെ പ്രയോജനപ്രദമാണ്.

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ എസ്.എഫ്.എ.സി.യിൽ കാർഷിക വിവര സങ്കേതം - ഒരു വിരൽ തുമ്പിൽ എന്ന പ്രോജക്ടിന്റെ ഭാഗമായി കോൾ സെന്റർ 1800-1245-1661 എന്ന ടോൾ ഫ്രീ നമ്പറോടെ പ്രവർത്തിക്കുന്നു. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ കാർഷിക ബിരുദധാരികൾ ഉൾപ്പെട്ട ടീം കർഷകരുടെ സംശയനിവാരണത്തിന് എസ്.എഫ്.എ.സി. യിൽ സജ്ജമായിട്ടുണ്ട്. കാർഷിക വിവരസങ്കേതം എന്ന ഫേസ്ബുക്ക് പേജ് വഴിയും 1800-425-1661 എന്ന ടോൾ ഫ്രീ നമ്പർ വഴിയും 9447051661 എന്ന വാട്ട്സാപ്പ് നമ്പർ വഴിയും ഉന്നയിക്കപ്പെടുന്ന

കാർഷികാനുബന്ധമായി ഏത് ചോദ്യങ്ങൾക്കും ആധികാരികമായ മറുപടി ഈ സംവിധാനത്തിലൂടെ ലഭിക്കുന്നു. ഇന്ത്യയിൽ ആദ്യമായി സ്ഥാപിതമായ സോഷ്യൽ മീഡിയ കാൾസെന്ററാണ് കാർഷിക വിവരസങ്കേതം.

കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ ബംഗളൂരു ആസ്ഥാനമായ കിസാൻ കാൾ സെന്റർ (ടോൾ ഫ്രീ നമ്പർ 1800 180 1551) പ്രവർത്തിക്കുന്നു. കേരളത്തിലെ കർഷകൾക്ക് മലയാളത്തിൽ അവരുടെ സംശയങ്ങൾ ചോദിക്കുന്നതിനും കാർഷിക ശാസ്ത്രജ്ഞരുടെ മറുപടി ലഭിക്കുന്നതിനും അവസരമുണ്ട്.

(സി) ഉണ്ട്. നിലവിൽ ഡിജിറ്റൽ കർമ്മസേനയുടെ പ്രവർത്തനം ആരംഭദശയിലാണ്. കർഷക സമൂഹത്തിന്റെ ഉന്നമനത്തിനായി വിവര വിനിമയ സാങ്കേതിക വിദ്യയെ മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുക എന്നത് കാലം ആവശ്യപ്പെടുന്ന അനിവാര്യതയാണ്. ഇത്തരം മാറ്റങ്ങളെ അവലംബിക്കുന്നതിന് മുന്നോടിയായി വിവര വിനിമയ സാങ്കേതിക വിദ്യ, സമൂഹ മാധ്യമങ്ങൾ എന്നിവയിൽ കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥരുടെ കാര്യക്ഷമത പരിപോഷിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തെ മുൻനിർത്തി സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആൻഡ് എക്സ്റ്റൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (സമേതി), സംസ്ഥാന ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി (നീലിറ്റ്) യുടെ സഹായത്തോടെ വിവിധ പരിശീലന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം, തെരഞ്ഞെടുത്ത 60 കൃഷി ഉദ്യോഗസ്ഥർ/അസിസ്റ്റന്റ് കൃഷി ഡയറക്ടർമാർ എന്നിവർക്ക്, വിവരവിനിമയ സാങ്കേതികവിദ്യ, സമൂഹ മാധ്യമങ്ങൾ വഴി വിജ്ഞാന വ്യാപനം എന്നിവയിൽ അടിസ്ഥാന പരിശീലനം നൽകുന്നു. അവരിൽനിന്നും 25 ഉദ്യോഗസ്ഥരെ നീലിറ്റ് (NIELIT) സംഘടിപ്പിക്കുന്ന 'അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സ് ഓൺ ഐ.സി.റ്റി. & സോഷ്യൽ മീഡിയ' എന്ന കോഴ്സിലേയ്ക്ക് പ്രകടന മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആറ് മാസം ദൈർഘ്യമുള്ള ഈ കോഴ്സിൽ ഓഫ് ലൈനായും ഓൺ ലൈനായും ക്ലാസുകൾ നൽകുകയും മാസത്തിൽ രണ്ട് ദിവസം മാത്രം കോണ്ടാക്റ്റ് ക്ലാസുകൾ സംഘടിപ്പിക്കുകയും ബാക്കി ക്ലാസ്സുകളെല്ലാം 'Vidya2.nielit.in' എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC)ലൂടെയും നൽകിയിട്ടുണ്ട്.

നീലിറ്റും സമേതിയും കൃഷി ഡയറക്ടറേറ്റിലെ ഐ.റ്റി. സെല്ലും സംയുക്തമായാണ് പരിശീലന കോഴ്സിന്റെ സിലബസ് തയ്യാറാക്കിയത്. കോഴ്സ്

വിജയകരമായി പൂർത്തീകരിക്കുന്ന ഉദ്യോഗസ്ഥർ, സംസ്ഥാന കൃഷി വകുപ്പിന്റെ വിവരസാങ്കേതികവിദ്യ/വിവര വിനിമയ സാങ്കേതിക വിദ്യ/സമൂഹ മാധ്യമ പരിപാടികളുടെ മുഖ്യനിർവാഹകരായി (core resource personnel) സേവനമനുഷ്ഠിക്കുന്നു. ഇതിനുപുറമേ വിവര സാങ്കേതിക വിദ്യകളിൽ ആഭിമുഖ്യമുള്ളവരും വിവിധ സോഫ്റ്റ്‌വെയർ മൊഡ്യൂളുകളിൽ പരിശീലനം സിദ്ധിച്ചവരുമായ മുപ്പതോളം ഫീൽഡ്തല ഉദ്യോഗസ്ഥർ മാസ്റ്റർ ട്രെയിനർമാരായും പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള ഒരു ഡിജിറ്റൽ കർമ്മസേന കൃഷി വകുപ്പിൽ നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ കൂടുതൽ ജനങ്ങളിലെത്തിക്കുവാനും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും mkisan.gov.in എന്ന പോർട്ടൽ വഴി കർഷകർക്ക് മലയാളത്തിൽ എസ്.എം.എസ്., സോഷ്യൽ മീഡിയകളായ ഫേസ്ബുക്ക് പേജ്, വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ എന്നിവ വഴി കാർഷിക വിജ്ഞാന വ്യാപനം, പദ്ധതി വിവരങ്ങൾ ഉല്പാദനോപാധികളുടെ ലഭ്യത, വിതരണം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കൽ എന്നിവ നടന്നുവരുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് കൃഷി വകുപ്പ് നൽകുന്ന കാർഷിക പെൻഷൻ സേവനാ പെൻഷൻ പദ്ധതിയുടെ https://welfarepension.lasg.Kerala.gov.in എന്ന പോർട്ടൽവഴി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പെൻഷൻ പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ ഫലപ്രദമായി നൽകിവരുന്നു.

## സേഫ് കേരള പ്രോജക്ട്

12(*132) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി- സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടാകുന്ന അമിത വർദ്ധനവും സുരക്ഷിത ഗതാഗത സംസ്കാരത്തിന്റെ അഭാവവുംകൊണ്ട് സംസ്ഥാനത്ത് വലിയ തോതിൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നത് 2020-ഓടെ പകുതിയായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ചിട്ടുള്ള സേഫ് കേരള പ്രോജക്ട് ഫലപ്രദമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) അമിത വേഗതയും മറ്റ് നിയമ ലംഘനങ്ങളും നിയന്ത്രിക്കാൻ ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് സുരക്ഷ അതോറിറ്റി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) 2020-ഓടുകൂടി സംസ്ഥാനത്തെ അപകടമരണ നിരക്ക് പകുതിയായി കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് സേഫ് കേരള. നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമെ 51 പുതിയ സ്ക്വാഡുകൾ കൂടി രൂപീകരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പുതിയ സ്ക്വാഡുകൾ രൂപീകരിക്കുന്നത് 24x7 നിരീക്ഷണ-പരിശോധനകൾ നടത്തുന്നതിനായാണ്. ആയതുപ്രകാരം 2020-തോടെ സംസ്ഥാനത്തെ വാഹനാപകടങ്ങൾ 50 ശതമാനം കുറയ്ക്കാൻ കഴിയുമെന്ന് കരുതുന്നു.

(ബി) അമിത വേഗത കണ്ടുപിടിക്കുന്ന ക്യാമറകൾ വകുപ്പ് സ്ഥാപിക്കുന്നുണ്ട്. നിലവിൽ വാളയാർ-വടക്കാഞ്ചേരി പാതയിൽ ക്യാമറകൾ സ്ഥാപിച്ചുവരുന്നു. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഏറ്റവും മികച്ചതും സാങ്കേതിക ത്തികവുള്ളതുമായ അത്യാധുനിക ഉപകരണങ്ങൾ സിഡാക്ക് മുഖേന സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, നിരീക്ഷണ ക്യാമറകൾ, ദിശാബോർഡുകൾ, റോഡ് മാർക്കിംഗ്, റിഫ്ലക്ടീവ് സ്റ്റഡ് എന്നിവ സ്ഥാപിക്കൽ, ട്രോമകെയർ സംവിധാനം ഏർപ്പെടുത്തൽ, intercepter വാഹനങ്ങൾ, ആംബുലൻസ്, ആൽകോമീറ്റർ എന്നിവയുടെ വാങ്ങൽ, ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് പ്രധാനമായും അനുബന്ധ ഏജൻസികൾ വഴി കേരള റോഡ് സുരക്ഷാ അതോറിറ്റി, റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക്, സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ട് കണ്ടെത്തിയിട്ടുണ്ട്. അപകടമരണങ്ങൾ കൂടുതൽ നടന്ന സ്ഥലങ്ങളെയാണ് Black Spot-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 159 എണ്ണം ദേശീയ പാതയിലാണ്. ഇതരപാതകളിൽപ്പെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ അപകട നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയിലെ സാങ്കേതിക സഹായ വിഭാഗം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷൻമാരായുള്ള ജില്ലാ റോഡ് സുരക്ഷാ

കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്.

അമിതവേഗതയും മറ്റ് ഗതാഗത നിയമ ലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അമിതവേഗത, വാഹന-മോടിക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിത ഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന-പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. സ്പീഡ് ഗവേർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല.

കഴക്കൂട്ടം-അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്റ്റ്" നടപ്പിൽ വരുത്തുന്നതിനുവേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പി.-ക്ക് നൽകിവരുന്നു.

**നെൽക്കൃഷി വ്യാപിപ്പിക്കാനുള്ള നടപടികൾ**

13(*133) ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. ഉണ്ണി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുവർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറിലേക്ക് കൂടി നെൽക്കൃഷി വ്യാപിപ്പിക്കുമെന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; പുതുതായി കൃഷിയോഗ്യമാക്കിയ സ്ഥലത്തും നിലവിൽ കൃഷിയുണ്ടായിരുന്ന സ്ഥലത്തും സ്ഥിരമായി നെൽക്കൃഷി ഇറക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടോ;

(ബി) വിസ്തൃതി വർദ്ധനയ്ക്ക് ആനുപാതികമായി ഉല്പാദന വർദ്ധനവുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഏതെങ്കിലും പദ്ധതിയുണ്ടോ; നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) സംസ്ഥാന സർക്കാർ നെൽക്കൃഷിക്ക് നൽകി വരുന്ന സഹായം എന്തെല്ലാമെന്നും കേന്ദ്ര സർക്കാർ നൽകുന്ന സഹായം എന്തെല്ലാമെന്നും അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ നെൽക്കൃഷിയുടെ വിസ്തീർണ്ണം 1,97,000 ഹെക്ടർ ആയിരുന്നു. അഞ്ച് വർഷം കൊണ്ട് നെൽക്കൃഷി വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. 2017-18 വർഷം 220449 ഹെക്ടറിൽ നെൽക്കൃഷി ചെയ്തിട്ടുണ്ട്. പുതുതായി കൃഷിയോഗ്യമാക്കിയ സ്ഥലത്തും നിലവിൽ കൃഷിയുണ്ടായിരുന്ന സ്ഥലത്തും സ്ഥിരമായി നെൽക്കൃഷി ഇറക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്.

(ബി) വിസ്തൃതിവർദ്ധനയ്ക്ക് ആനുപാതികമായി ഉല്പാദനവർദ്ധനവുണ്ടായിട്ടുണ്ട്. 2016-17 വർഷം ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 171398 ഹെക്ടർ വിസ്തൃതിയും 436483 ടൺ അരി ഉല്പാദനവും ആയിരുന്നു. ഹെക്ടറൊന്നിന് 2547 കിലോ ആയിരുന്നു ഉല്പാദനക്ഷമത. 2017-18-ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം അത് 220449 ഹെക്ടർ വിസ്തൃതിയും 617260 ടൺ അരി ഉല്പാദനവും ആയി വർദ്ധിച്ചു. ഹെക്ടറൊന്നിന് 2800 കിലോ ആയിരുന്നു ഉല്പാദനക്ഷമത.

ഉല്പാദനക്ഷമത ഓരോ വിത്തിന്റെയും ജനിതക സ്വഭാവമാണ്. അനുകൂലമായ സാഹചര്യങ്ങളിലാണ് അത് പൂർണ്ണമായും പ്രതിഫലിപ്പിക്കുക. ഉപയോഗിച്ചിരിക്കുന്ന വിത്തിന് അനുകൂലമായ കാലാവസ്ഥയും പരിചരണവും ലഭിച്ചാൽ പൂർണ്ണമായ ഉല്പാദനക്ഷമത പ്രദർശിപ്പിക്കും. ഗുണമേന്മയുള്ള വിത്ത്, സംയോജിത വളപ്രയോഗം, ശാസ്ത്രീയവും പ്രകൃതിസൗഹൃദവുമായ സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ, നടീലിനും വിളവെടുപ്പിനുമുള്ള യന്ത്രവൽക്കരണം എന്നിവയിലൂടെ വിളയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും ഉല്പാദനനഷ്ടം കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്.

നെല്ല് സംഭരണം കാര്യക്ഷമമാക്കുവാനായി സപ്ലൈകോ മുഖാന്തരമുള്ള നെല്ല് സംഭരണം കൂടുതൽ വ്യാപിപ്പിക്കുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സപ്ലൈകോ നേരിട്ടാണ് നെല്ലുസംഭരണം നടത്തുന്നത്.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതിയുടെ കേരളത്തിലെ നടത്തിപ്പ് ഏജൻസിയാണ് സപ്ലൈകോ. ഈ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നു. ഈ സീസണിൽ കിലോഗ്രാമിന് 23 രൂപ 30 പൈസ

നിരക്കിലാണ് കർഷകർക്ക് സംഭരണവില നൽകുന്നത്. കൂടാതെ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി കേരളത്തിലെ എല്ലാ പ്രദേശത്തും കൃഷി വകുപ്പിൽനിന്നും ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) 2016-17, 2017-18 വർഷങ്ങളിലെ പോലെ 2018-19 സാമ്പത്തിക വർഷത്തിലും നെൽക്കൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പാക്കുന്നു. കൂടാതെ കേന്ദ്ര സഹായത്തോടെയും വിവിധ നെൽക്കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കാർഷികമേഖലയിലെ പ്രവർത്തനങ്ങൾ**

14(*134) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. എം. ആരിഫ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വാർഡുകളിലും സംഘടിപ്പിക്കാനുദ്ദേശിക്കുന്ന കർഷകസഭയുടെ ലക്ഷ്യം വിശദീകരിക്കാമോ;

(ബി) കൃഷിയിൽ നിന്നുള്ള വരുമാനം ഇരട്ടിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(സി) മൂല്യവർദ്ധിതോല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ഡി) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് പ്രധാന ഞാറ്റുവേലകളായ മകയിരം ഞാറ്റുവേല മുതൽ തിരുവാതിര ഞാറ്റുവേല വരെയുള്ള കാലയളവിലാണ് സംസ്ഥാനത്തെ എല്ലാ വാർഡുകളിലും കർഷകസഭ നടപ്പിലാക്കുന്നത്. മകയിരം, തിരുവാതിര എന്നീ 2 ഞാറ്റുവേലകളാണ് ഈ കാലയളവിലുള്ളത്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ് അടിസ്ഥാനത്തിൽ വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കാർഷകസഭകൾ സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിവിധ തലങ്ങളിലുള്ള ജനപ്രതിനിധികളേയും കൃഷി ഭവൻ/ജില്ലാ/സംസ്ഥാന തലങ്ങളിലെ കാർഷിക വികസന സമിതി അംഗങ്ങളേയും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കർഷക സഭകളിൽ പങ്കെടുപ്പിച്ച് കൃഷി വകുപ്പിന്റെയും കൃഷി ഭവന്റെയും സേവനം ഏറ്റവും താഴെതട്ടിൽ എത്തിക്കുക എന്ന ഉദ്ദേശ്യമാണ് കർഷകസഭകൾക്കുള്ളത്. കൃഷിവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നതോടൊപ്പം നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് അപേക്ഷകൾ സ്വീകരിക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും കർഷകസഭയിൽ അവസരം ലഭിക്കും. ഇതിനുപുറമേ എല്ലാ കൃഷിഭവനുകളിലും ഞാറ്റുവേല ചന്തകളും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഞാറ്റുവേല ചന്തകൾ വഴി കൃഷി വകുപ്പ് കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പിന്റെ കീഴിലെ മറ്റ് ഏജൻസികൾ തുടങ്ങിയവ ഉല്പാദിപ്പിച്ച ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ, ഉല്പാദനോപാധികൾ എന്നിവ വില്പന നടത്തുന്നതാണ്. കർഷകർ പരമ്പരാഗതമായി സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്ന ഇനങ്ങളുടെ വിൽപ്പനയും കൈമാറ്റവും സംഘടിപ്പിക്കുകയും ജൈവ ഉല്പാദനോപാധികളുടെയും ജൈവ നിയന്ത്രണോപാധികളുടെയും വിൽപ്പനയും നടത്തിവരുന്നു. മണ്ണ് പരിശോധന ശാലകളുടെ സേവനം, ചർച്ചാ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കർഷകർക്ക് ആവശ്യമായ പശ്ചാത്തല വികസനം, ജലസേചന പദ്ധതികൾ എന്നിവയിൽ മറ്റ് വകുപ്പുകൾ നടത്തേണ്ട ഇടപെടലുകൾ സംബന്ധിച്ച് കർഷകരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് ബന്ധപ്പെട്ട വകുപ്പുകളെയോ തദ്ദേശഭരണ സ്ഥാപനങ്ങളെയോ അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതാണ്. മണ്ണ് പര്യവേക്ഷണം-സംരക്ഷണം, ജലസേചനം, മൃഗസംരക്ഷണം മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയിലെ ഉദ്യോഗസ്ഥരെ കർഷകസഭകളിൽ പങ്കെടുപ്പിക്കുന്നുണ്ട്.

(ബി) കർഷകർക്ക് വരുമാന വർദ്ധനവിനും സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനുമായി നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം, ഉന്നത നിലവാരമുള്ള മേൽത്തരം നടീൽവസ്തുക്കളുടെ ഉപയോഗം, ശാസ്ത്രീയ വളപ്രയോഗം, വിളകളെ ആക്രമിക്കുന്ന രോഗകീടബാധ നിയന്ത്രിക്കുക, കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുക, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷി നാശത്തിന് ആവശ്യമായ നഷ്ടപരിഹാരം നൽകുക എന്നീ ഘടകങ്ങൾ കൂടുതൽ കർഷകരിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ഹൈടെക് അഗ്രിക്കൾച്ചർ, പച്ചക്കറികൃഷി വികസന പദ്ധതി, കൃത്യതാ കൃഷി, ജൈവകൃഷി രീതികളുടെ വ്യാപനം, വിള ആരോഗ്യ പരിപാലനം, മണ്ണ് പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും, സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ പരിപാലനം, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ രൂപീകരിക്കൽ മുതലായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

കാർഷികോൽപ്പന്നങ്ങളുടെ വില സ്ഥിരതയ്ക്ക് വിപണനം ശക്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ, വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ പദ്ധതി, കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. കൂടാതെ പഞ്ചായത്തുതല കർഷക വിപണികൾ, ഇക്കോഷോപ്പുകൾ എന്നിവ പ്രോത്സാഹിപ്പിച്ച് പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം ഒരുക്കുന്നു.

ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും ധനസഹായം നൽകുന്നു. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നത് ഉൽപ്പാദന വർദ്ധനവിന് സഹായകമാകുന്നു.

മേൽപ്പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കർഷകരുടെ വരുമാന വർദ്ധനവിനും കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കുക എന്ന ലക്ഷ്യത്തിലേയ്ക്കെത്തുന്നതിനും ലക്ഷ്യമിടുന്നു.

(സി) മൂല്യവർദ്ധിതോല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിവിധ കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിപണന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി അഗ്രോപാർക്കുകൾ സ്ഥാപിച്ചുകൊണ്ടും SFAC, CDB, KSCDC, KERAFED, VFPCK മുതലായ സ്ഥാപനങ്ങൾ മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾക്കായി ധനസഹായം നൽകിക്കൊണ്ടും 2016-ലും 2017-ലും VAIGA എന്ന പേരിൽ കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണന സാദ്ധ്യതകളെ പ്രചരിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും അന്തർദേശീയ ശില്പശാല സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 22-3-2017-ലെ സ.ഉ.(എംഎസ്.)നമ്പർ 37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. 13-12-2017-ലെ സ.ഉ.(കൈ)നമ്പർ 1192/2017/കൃഷി പ്രകാരം കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ, മാവ് എന്നീ വിളകളെക്കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുംകാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം എന്നീ പ്രകൃതി ക്ഷോഭങ്ങൾക്കാണ് പദ്ധതി സംരക്ഷണം നൽകുന്നത്. 27-10-2017-ലെ സ.ഉ.(സാധാ)നമ്പർ1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽക്കൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. ഇതുകൂടാതെ 28-12-2017-ലെ സ.ഉ.(കൈ) നമ്പർ167/2017/കൃഷി പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനംവകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷിക്കുടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽക്കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്. പദ്ധതി പഞ്ചായത്ത് തലത്തിൽ കൃഷി ഭവൻ വഴി നടപ്പാക്കിവരുന്നു. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കുശേഷമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

പ്രകൃതിക്ഷോഭം ഉണ്ടായി 15 ദിവസത്തിനുള്ളിൽ അപേക്ഷ കൃഷി ഭവനിൽ നൽകേണ്ടതും 5 ദിവസത്തിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ കൃഷിനാശം തിട്ടപ്പെടുത്തേണ്ടതുമാണ്. നെൽക്കൃഷിക്ക് 3 ലക്ഷം രൂപ വരെയുള്ള കൃഷി നാശത്തിനും മറ്റ് വിളകൾക്ക് 2 ലക്ഷം രൂപ വരെയുള്ള കൃഷിനാശത്തിനും നഷ്ടപരിഹാരം നൽകുന്നതിനുള്ള അധികാരം ജില്ലാ തലത്തിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിന് മുകളിലുള്ള നഷ്ടപരിഹാരം കൃഷി ഡയറക്ടർ തലത്തിലും കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലും നിക്ഷിപ്തമാണ്.

## ഹരിത കേരളം മിഷന്റെ ഭാഗമായുള്ള മാലിന്യസംസ്കരണം

15(*135) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി മാലിന്യസംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഹരിത കേരളം മിഷന്റെ ഭാഗമായി ഉറവിട മാലിന്യസംസ്കരണം സംബന്ധിച്ചും പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ചുമുള്ള നയം വ്യക്തമാക്കുമോ;

(സി) നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പ്ലാസ്റ്റിക് റീസൈക്ലിംഗ് ഫാക്ടറികൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. ഖര-മാലിന്യ സംസ്കരണ ചട്ടം 2016 പ്രകാരം ഇക്കാര്യത്തിൽ ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിച്ചുകൊണ്ട് സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.

2. സങ്കീർണ്ണമായ മാലിന്യപരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സാങ്കേതിക സാമ്പത്തിക സഹായം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ട് ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

3. ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക.

4. ഗാർഹിക/സ്ഥാപനതലങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽത്തന്നെ ഉല്പാദകന്റെ ഉത്തരവാദിത്വത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം) അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ്/ബയോ മെഥനേഷൻ രീതി ഉചിതമായ തലങ്ങളിലും (അയൽക്കൂട്ടം/വാർഡ്/തദ്ദേശഭരണസ്ഥാപനം) പ്രാവർത്തികമാക്കുക.

5. അജൈവമാലിന്യങ്ങൾ തദ്ദേശഭരണസ്ഥാപന തലത്തിൽ തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുനഃചംക്രമണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുക.

6. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭയിലും ഹരിതകർമസേന രൂപീകരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതോടൊപ്പം ഹരിത കർമസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിന് ഹരിത സഹായ സ്ഥാപനങ്ങളെ കണ്ടെത്തി നിയോഗിക്കുക.

7. വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ നൂതന രീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കുക.

8. മാലിന്യസംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയതിനുശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാകുക എന്ന് കണ്ടെത്തുകയും ആ രീതിയിലേക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുന്നതോടൊപ്പം മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീട്ടുകളിൽ തന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക.

9. ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

10. ബയോഗ്യാസ് സംവിധാനങ്ങളും തുമ്പൂർമുഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ആവശ്യമുള്ള സംവിധാനങ്ങളും വിവിധ തലങ്ങളിൽ ഏർപ്പെടുത്തുക.

11. മാലിന്യം കുറയ്ക്കുക (Reduce) വസ്തുക്കളുടെ പുനരുപയോഗം (Reuse), പ്രോത്സാഹിപ്പിക്കുക, പുനഃചംക്രമണം (Recycle) ഉറപ്പാക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുക.

12. ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ ഉചിതമായ തലങ്ങളിൽ പ്രാവർത്തികമാക്കുക.

13. മാലിന്യം വലിച്ചെറിയുക, കത്തിക്കുക ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുക എന്നിങ്ങനെയുള്ള നടപടികൾ കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുക.

14. അനുകൂലമായ മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും സുരക്ഷിത മാലിന്യ പരിപാലന സംസ്കാരം വളർത്തുന്നതിനും അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കാമ്പയിനും സംഘടിപ്പിക്കുക.

15. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.

(ബി) ഹരിത കേരളം മിഷന്റെ ഭാഗമായി അനുയോജ്യമായ മാലിന്യ സംസ്കരണ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് ഉറവിട മാലിന്യ സംസ്കരണം വ്യാപകമാക്കുക, മാലിന്യസംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയതിനുശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാക്കുക എന്ന് കണ്ടെത്തുക, ആ രീതിയിലേയ്ക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും തുടങ്ങിയ പരിപാടികൾക്കാണ് മുൻതൂക്കം നൽകിവരുന്നത്. ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിൽ നിക്ഷിപ്തമായ പൊതുജല മാർഗ്ഗത്തിലോ ജലാശയത്തിലോ ചവറോ മാലിന്യമോ വിസർജ്യ വസ്തുക്കളോ നിക്ഷേപിക്കുന്നവർക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219(S), 219(T) വകുപ്പുകൾ, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 340(A), 345 വകുപ്പുകൾ, കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ (ഭേദഗതി) ഓർഡിനൻസ് നമ്പർ 27, 2017 എന്നിവയുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്.

(സി) നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ പ്രതിദിനം 300 ടൺ ശേഷിയുള്ള വേസ്റ്റ് ടു എനർജി പ്ലാന്റ് പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി) അടിസ്ഥാനത്തിൽ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിലേക്കുള്ള നടപടി പുരോഗമിക്കുന്നു. സുൽത്താൻ ബത്തേരിയിൽ പ്രതിദിനം 5 ടൺ ശേഷിയുള്ള പ്ലാന്റിന്റെ നിർമ്മാണവും പുരോഗമിക്കുന്നു. കൂടാതെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല എന്നാൽ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും റീസൈക്ലിങ്ങ് ഇൻഡസ്ട്രി സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കും. 2016-ൽ കൊച്ചിയിൽ വച്ച് ഒരു ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുകയുണ്ടായി. പ്ലാസ്റ്റിക് മാനുഫാക്ചറേഴ്സ് അസോസിയേഷൻ പോലെയുള്ള സംഘടനകളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിവരുന്നുണ്ട്.

## മാലിന്യ സംസ്കരണം

16(*136) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വച്ഛ് ഭാരത് മിഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര ഭവനവും നഗരകാര്യവും മന്ത്രാലയം നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ 2017-ൽ വിവിധ വിഭാഗങ്ങൾക്കായി നൽകിയ 52 അവാർഡുകളിൽ എത്ര അവാർഡുകൾ സംസ്ഥാന സർക്കാരിന് നേടുവാൻ കഴിഞ്ഞു;

(ബി) അവാർഡുകളൊന്നും ലഭിച്ചിട്ടില്ലെങ്കിൽ, ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ മാലിന്യ സംസ്കരണത്തിന് സംവിധാനം ഒരുക്കിയെന്ന് അവകാശപ്പെടുമ്പോഴും പ്രസ്തുത അവാർഡ് നേടുവാൻ കഴിയാതിരുന്നത് ഈ പദ്ധതിയുടെ പരാജയം മൂലമാണോ; വ്യക്തമാക്കുമോ;

(സി) പരസ്യത്തിന് വേണ്ടി വൻ തുക ചെലവഴിക്കാതെ സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനും സാംക്രമിക രോഗങ്ങളുടെ പിടിയിൽനിന്നും രക്ഷിക്കുന്നതിനും ക്രിയാത്മകമായ നടപടികൾ ആവിഷ്കരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കേന്ദ്ര ഭവനവും നഗരകാര്യവും മന്ത്രാലയം നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് അവാർഡുകൾ ലഭിച്ചിട്ടില്ല.

(ബി) അല്ല. സ്വച്ഛ് സർവ്വേക്ഷൺ സർവ്വേയ്ക്കും വിലയിരുത്തലിനുമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പല മാനദണ്ഡങ്ങളും സംസ്ഥാനത്തിന്റെ സമഗ്ര മാലിന്യ സംസ്കരണ സമീപനത്തിനും സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ നടപ്പിലാക്കിവരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളോടും യോജിക്കുന്നവയല്ലായെന്നതാണ് പ്രധാന കാരണം (ഉദാഃ വീടുവീടാന്തരമുള്ള മാലിന്യ ശേഖരണത്തിന്റെ ശതമാനം, ജനസംഖ്യാനു-പാതികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും അതിന്റെ എത്രഭാഗം ശേഖരിക്കപ്പെടുകയും ട്രാൻസ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യുന്ന

എന്നതിന്റെ വിവരം, ആകെ ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ എത്ര ശതമാനം അതാത് ദിവസം ഒഴിവാക്കപ്പെടുന്നു. സാനിട്ടറി ലാൻഡ് ഫില്ലുകളുടെ ആവശ്യം, സിറ്റി കംപോസ്റ്റ് കൃഷിക്കാർക്ക് നൽകുക, മാലിന്യ സംസ്കരണത്തിന് ദൈനംദിന ചെലവുകൾക്കായി എത്രശതമാനം പ്രോപർട്ടി ടാക്സിൽനിന്നും യൂസർ ചാർജ്ജിൽനിന്നും കണ്ടെത്തുന്നു, ആകെ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളിൽ എത്രമാത്രം റീസൈക്ലിംഗ്, വേസ്റ്റ് ടു എനർജി പ്ലാന്റ്, റെഫ്യൂസ്ഡ് ഡിറൈവ്ഡ് ഫ്യൂവൽ സംവിധാനങ്ങളിലൂടെ സംസ്കരിക്കപ്പെടുന്നു എന്നതിന്റെ വിവരം തുടങ്ങിയവ) ഹരിത കേരള മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങൾ ചിട്ടയായി സംഘടിപ്പിച്ചുവരുന്നുണ്ട്. മേൽപ്പറഞ്ഞ വിലയിരുത്തൽ മാനദണ്ഡങ്ങൾ പലതും കേന്ദ്രീകൃതമായ സംവിധാനങ്ങളിലൂടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നതും അതിനനുസൃതമായ പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതുമാണ്.

(സി) വിവിധ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുംവേണ്ടി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ചേർന്ന് ഇതര വകുപ്പുകളുടെയും മിഷനുകളുടെയും ഏകോപനത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യ ജാഗ്രത കാമ്പയിൻ നടന്നുവരുന്നു. കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങളിൽ ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വിവിധ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പരസ്യങ്ങൾക്ക് അവശ്യം വേണ്ട തുക മാത്രമേ ചെലവഴിക്കുന്നുള്ളൂ.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

17(*137) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇരുപത്തിയഞ്ച് ശതമാനം 2017 ഒക്ടോബർ 24-ന് മുമ്പ് പൂർത്തിയാക്കണമെന്ന വ്യവസ്ഥ അദാനി ഗ്രൂപ്പ് ലംഘിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ കരാർ പ്രകാരം നഷ്ടപരിഹാരത്തിന് സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ നോട്ടീസിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ-സി) കൺസഷൻ കരാർ പ്രകാരം നിയമന തീയതിയിൽ നിന്നും 690-ാം ദിവസം (രണ്ടാം നാഴികക്കല്ല് - 2017 ഒക്ടോബർ 24) പദ്ധതി ചെലവിന്റെ 25% തുക ചെലവഴിച്ച് കഴിഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഈ തീയതിയിൽ 35.8% തുക ചെലവഴിച്ചതായി അദാനി കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇന്റേണൽ ഓഡിറ്റർമാരുടെ വിലയിരുത്തൽ പ്രകാരം 21.75% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നാണ് കണക്കാക്കിയിരിക്കുന്നത്. അദാനി തുറമുഖ കമ്പനി അവകാശപ്പെട്ട ചില ചെലവുകൾ കരാർ പ്രകാരമുള്ള ചെലവുകളായി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഈ വ്യത്യാസം. തുടർന്ന്, കൺസഷൻ കരാറിലെ ഷെഡ്യൂൾ - ജി പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വന്നതിനാൽ അദാനി കമ്പനിയോട് 18.96 കോടി രൂപ നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് പുനഃപരിശോധിക്കണമെന്ന് അദാനി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി.യുടെ വിഭജനം**

18(*138) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ സ്വതന്ത്രാധികാരമുള്ള മൂന്ന് മേഖലകളായി വിഭജിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനെ ആധാരമാക്കി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വളരെ കുറഞ്ഞ വിഹിതം കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാത്രമുള്ള മലബാർ, എറണാകുളം മേഖലകളിൽ വിഭജനം നടക്കുമ്പോൾ എപ്രകാരമാണ് ബസ് വിഹിതം അനുവദിക്കുക എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) മൂന്ന് മേഖലകളായി വിഭജിക്കുന്ന പക്ഷം ഓരോ മേഖലയുടെയും തലപ്പത്ത് എക്സിക്യൂട്ടീവ് ഡയറക്ടർമാരെ നിയമിക്കേണ്ടി വരുന്നതിനാൽ അപ്രകാരമുള്ള അധിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതു പോലെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി മൂന്ന് മേഖലകളാക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ മൂന്ന് മേഖലകളായി വിഭജിക്കുന്നത് സംബന്ധിച്ച നടപടികൾ കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരികയാണ്.

(ബി) കോർപ്പറേഷന്റെ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഭാഗമായി പഠനം നടത്തുന്നതിനായി പ്രൊഫ. സുശീൽ ഖന്നയെ സർക്കാർ നിയോഗിക്കുകയും അദ്ദേഹം സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൻപ്രകാരം മൂന്ന് സോണൽ ലാഭകേന്ദ്രങ്ങൾ ഉണ്ടാക്കുന്നതടക്കമുള്ള കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.യെ മേഖലകളായി വിഭജിക്കുന്നത് സംബന്ധിച്ച നടപടികൾ കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരികയാണ്. ബസ് വിഹിതം അനുവദിക്കുന്നതുസംബന്ധിച്ച് എണ്ണം കണക്കാക്കിയിട്ടില്ല.

(ഡി) മൂന്ന് മേഖലകളായി വിഭജിക്കുന്ന പക്ഷം നിലവിലെ ജീവനക്കാരുടെ പുനർവിന്യാസം മാത്രമേ ആവശ്യമായി വരികയുള്ളൂ എന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ അധിക ബാധ്യത ഉണ്ടാകുന്നില്ല.

**സമഗ്ര പാർക്കിംഗ് നയം**

19(*139) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹനങ്ങൾ വർദ്ധിക്കുന്നതിനനുസൃതമായി പാർക്കിംഗ് സൗകര്യമില്ലാത്തത് ഗതാഗത തടസ്സത്തിനും വാഹനാപകടത്തിനും കാരണമാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം, എറണാകുളം , കോഴിക്കോട് എന്നീ നഗരങ്ങളിൽ ബഹുനില യന്ത്രവൽകൃത പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സമഗ്ര പാർക്കിംഗ് നയം ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നഗരങ്ങളിൽ വാഹനങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. വാഹനങ്ങളുടെ വർദ്ധനവിനനുസൃതമായി നഗരങ്ങളിൽ പാർക്കിംഗ് സൗകര്യമില്ലാത്ത സാഹചര്യം നിലവിലുണ്ട്. തിരക്കേറിയ നഗരഭാഗങ്ങളിൽ റോഡിന് ഇരുവശത്തുമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും മറ്റ് അനധികൃത പാർക്കിംഗും ഗതാഗത തടസ്സത്തിനും വാഹനാപകടത്തിനും കാരണമാകുന്നുണ്ട്.

(ബി) പരിഗണനയിലുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ അമൃത് പദ്ധതിയിൽ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസ് കോമ്പൗണ്ടിൽ 6.41 കോടി രൂപ ചെലവിലും പുത്തരിക്കണ്ടം മൈതാനത്തിൽ റെയിൽവേയുടെ 2-ാം ടെർമിനലിനഭിമുഖമായി 11.23 കോടി രൂപ ചെലവിലും മെഡിക്കൽ കോളേജിന് സമീപം 14 കോടി രൂപ ചെലവിലും ആധുനിക രീതിയിലുള്ള ബഹുനില യന്ത്രവൽകൃത പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ 5 മൾട്ടി ലെവൽ കാർപാർക്കിംഗ് പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി കോർപ്പറേഷനിൽ കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി കച്ചേരിപടിയിൽ (site belongs to Usha Tourist Home) ഒരു ഫുള്ളി ഓട്ടോമാറ്റിക്ക് മൾട്ടിലെവൽ കാർപാർക്കിംഗ് പ്രോജക്ട് പരിഗണനയിലുണ്ട്. ഈ പദ്ധതി അതിന്റെ പ്രാരംഭ ദശയിലാണ്.

കോഴിക്കോട് നഗരസഭയിൽ ലിങ്ക് റോഡിൽ സി.ഡി.എ.-യുടെ പാർക്കിംഗ് പ്ലാസയുടെ പണി പൂർത്തീകരണഘട്ടത്തിലാണ്. മിഠായിതെരുവ് കിഡ്സൺ കോർണറിൽ 200 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള പ്രോജക്ടിന്റെ പ്ലാൻ സ്കൂട്ടിണി നടന്നുകൊണ്ടിരിക്കുകയാണ്. 900 കാറുകൾ പാർക്ക് ചെയ്യാവുന്ന സ്റ്റേഡിയത്തിലെ പാർക്കിംഗ് പ്ലാസയുടെ എസ്റ്റിമേറ്റ് എഞ്ചിനീയറിംഗ് കോളേജ് സമർപ്പിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പുതിയതായി ഒരു സമഗ്ര പാർക്കിംഗ് നയം ആവിഷ്കരിക്കുന്നതിന് തദ്ദേശഭരണ വകുപ്പിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

**കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതികൾ**

20(*140) ശ്രീ. സി. ദിവാകരൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. മുഹമ്മദ് മുഹസിൻ പി.:

ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ സംക്ഷിപ്ത വിവരവും ലഭ്യമാക്കുമോ;

(ബി) സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പ്രധാന വിശദാംശങ്ങളും അറിയിക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ വികസനത്തിൽ കുടുംബശ്രീയുടെ പങ്ക് വ്യക്തമാക്കുമോ;

(ഡി) സാമൂഹ്യ വികസനം ഉറപ്പാക്കുന്നതിനായി ആദിവാസി മേഖലയിൽ കുടുംബശ്രീ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ, സൂക്ഷ്മ സമ്പാദ്യ പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനം, കാർഷിക-മൃഗസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കുടുംബശ്രീ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

**കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ**

അയൽക്കൂട്ട കുടുംബാംഗങ്ങളുടെ അഭിരുചി, കഴിവ്, താല്പര്യം തുടങ്ങിയ അടിസ്ഥാന സമീപനങ്ങളെ ആശ്രയിച്ച് വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്ന അംഗങ്ങൾക്ക് പ്രോത്സാഹനവും പരിശീലനവും സാമ്പത്തിക സഹായവും നൽകിവരുന്നു.

## ഗ്രാമീണ ചെറുകിട സൂക്ഷ്മ സംരംഭ പദ്ധതി (ആർ.എം.ഇ)

വ്യക്തിഗത സംരംഭം - 50,000 രൂപ മുതൽ 2.5 ലക്ഷം രൂപ വരെ. രണ്ടര ലക്ഷം രൂപ വരെയുള്ള തുകയുടെ പലിശയ്ക്ക് സമാനമായി പലിശ സബ്സിഡി ലഭിക്കും.

ഗ്രൂപ്പ് സംരംഭം - പരമാവധി 10 ലക്ഷം രൂപ വരെ. ഗ്രൂപ്പ് സംരംഭത്തിന്റെ പദ്ധതി തുക 10 ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ സംരംഭത്തിന്റെ ആവശ്യകത പരിഗണിച്ച് ജില്ലാ മിഷന് സംസ്ഥാന മിഷനിലേക്ക് ശിപാർശ ചെയ്യാവുന്നതാണ്. എന്നാൽ 10 ലക്ഷം രൂപ വരെ മാത്രമേ പലിശ സബ്സിഡി ലഭിക്കുകയുള്ളൂ.

## സൂക്ഷ്മ സമ്പാദ്യ പ്രവർത്തനങ്ങൾ

ഓരോ അംഗവും ആഴ്ചയിൽ തങ്ങളുടെ സമ്പാദ്യത്തിൽനിന്നും ഒരു നിശ്ചിത തുക അയൽക്കൂട്ടത്തിൽ ത്രിഫ്റ്റ് ആയി നിക്ഷേപിക്കുന്നു. ഈ സമ്പാദ്യത്തിൽനിന്നും അയൽകൂട്ടാംഗങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. ആന്തരിക സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കുകൾ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പയാണ് ലിങ്കേജ് വായ്പ. ഇപ്രകാരം ലഭിക്കുന്ന ലിങ്കേജ് ലോണിന്റെ പലിശയുടെ 8.5 ശതമാനം കുടുംബശ്രീയാണ് വഹിക്കുന്നത്. ഇതുകൂടാതെ റിവോൾവിംഗ് ഫണ്ട്, മാച്ചിംഗ് ഗ്രാന്റ്, വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട് എന്നിവയും അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

## ഡി.ഡി.യു.-ജി.കെ.വൈ

ദരിദ്ര കുടുംബങ്ങളിലെ യുവതീ-യുവാക്കൾക്ക് അവരവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു.

ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബങ്ങളിലെ 18-നും 35-നും ഇടയിൽ പ്രായമുള്ള യുവജനങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ.

സംസ്ഥാനത്തെ വിദഗ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

## ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ

അയൽക്കൂട്ട പ്രദേശങ്ങളിലെ കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കിയുള്ള കൃഷിയിലൂടെ സമൂഹത്തിലെ പാവപ്പെട്ട വനിതകൾക്ക് വരുമാനമാർഗ്ഗം സൃഷ്ടിക്കുന്ന പ്രവർത്തനമാണ് സംഘകൃഷി. കൃഷിക്കനുസരിച്ചുള്ള ഇൻസെന്റീവ് കുടുംബശ്രീ മിഷനിൽനിന്നും ഈ പദ്ധതി പ്രകാരം നൽകപ്പെടുന്നു.

## മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയുമാണ് Support for Animal Husbandry Initiatives (SAHI) എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി കുടുംബശ്രീ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

### (i) ജൻഡർ റിസോഴ്സ് സെന്ററുകൾ

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും വൈദഗ്ദ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുമുള്ള സംവിധാനമാണ് ജൻഡർ റിസോഴ്സ് സെന്റർ. 14 ജില്ലകളിലായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 132 ജൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു.

### (ii) ബ്ലോക്ക്തല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്റർ

സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ് തുടർ സേവനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന സഹായ കേന്ദ്രമാണ് ബ്ലോക്കുതല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്റർ. 14 ജില്ലകളിലായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 75 ബ്ലോക്കുതല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

### (iii) സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്

സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് നിലവിൽ 14 ജില്ലകളിലും ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസ സൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റ് വകുപ്പുകളുമായി ചേർന്ന് നിയമ-ആരോഗ്യ പരിരക്ഷയും നൽകുന്നു. സെന്ററുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലി കൗൺസിലിംഗ് സേവനവും ലഭ്യമാണ്. സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ കൗൺസിലിംഗ് പിന്തുണയും വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

### (iv) സ്നേഹിത കോളിംഗ് ബെൽ

പൊതു സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട് താമസിക്കുന്ന സ്ത്രീകളുടെയും വൃദ്ധരുടെയും വിവരങ്ങൾ ശേഖരിക്കുകയും അയൽക്കൂട്ട അംഗങ്ങൾ ഇവരുമായി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് സ്നേഹിത കോളിംഗ് ബെൽ പദ്ധതിയുടെ ലക്ഷ്യം.

### (v) വിജിലന്റ് ഗ്രൂപ്പ്

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും തടയുന്നതിനുമായി വാർഡുതലത്തിൽ 10 മുതൽ 15 വരെ അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകമാനം 17815 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിൽ സ്ത്രീകളും പുരുഷൻമാരും ഉൾപ്പെടുന്നു.

### (vi) കമ്മ്യൂണിറ്റി കൗൺസിലിംഗ്

സമൂഹത്തിൽ ഒറ്റപ്പെട്ടവരും വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരും ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയരുമായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലിംഗ് പരിപാടിക്ക് തുടക്കം കുറിച്ചു. നിലവിൽ പരിശീലനം നേടിയ 336 കമ്മ്യൂണിറ്റി കൗൺസിലേഴ്സ് അവബോധ ക്ലാസ്സുകൾ, ഗ്രൂപ്പ് കൗൺസിലിംഗ്, വ്യക്തിഗത കൗൺസിലിംഗ് എന്നിവ നൽകുകയും ആവശ്യമായ ഇടപെടലുകളും സേവനങ്ങളും 14 ജില്ലകളിലുമുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകളുമായി ചേർന്ന് നൽകുകയും ചെയ്തുവരുന്നു.

### (vii) കമ്മ്യൂണിറ്റി തീയറ്റർ - രംഗശ്രീ

കുടുംബശ്രീ വനിതകളായ 37 പേരെ നാടകാവതരണം, തിരക്കഥാ രൂപീകരണം, കോസ്റ്റ്യൂം പ്രോപ്പർട്ടി നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിച്ച് മാസ്റ്റർ പരിശീലകരാക്കി മാറ്റി.

(സി) വിജയകരമായി നടപ്പിലാക്കി വരുന്ന വൈവിധ്യമാർന്ന പദ്ധതികളിലൂടെ കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ അനിഷേധ്യമായ പങ്കാണ് കുടുംബശ്രീ നിർവ്വഹിച്ചുവരുന്നത്.

### (1) അഗതി രഹിത കേരളം - (ആശ്രയ)

അടിസ്ഥാനപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട, നിരാലംബരും നിരാശ്രയരും പാർശ്വവർക്കരിക്കപ്പെട്ടവരുമായ അഗതികൾക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ എത്തിച്ചുകൊടുക്കുകയും അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നതിനായി കുടുംബശ്രീ

മുഖേന ആവിഷ്കരിച്ച് തദ്ദേശഭരണ സ്ഥാപനത്തിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആശ്രയ. ഈ പദ്ധതി ഇപ്പോൾ അഗതിരഹിത കേരളം എന്ന പേരിലാണ് അറിയപ്പെടുന്നത്. അഗതി കുടുംബങ്ങൾക്കാവശ്യമായ ഭക്ഷണം, വസ്ത്രം, ചികിത്സ, പെൻഷൻ, വിദ്യാഭ്യാസം, ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ, തൊഴിൽ, മാനസികാരോഗ്യത്തിനുതകുന്ന വിധത്തിലുള്ള കൗൺസിലിംഗ് തുടങ്ങി സമസ്ത പ്രശ്നങ്ങൾക്കും പരിഹാരം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2003-ൽ ആരംഭിച്ച പദ്ധതി 14 വർഷം പിന്നിടുമ്പോൾ രണ്ട് ഘട്ടങ്ങളും 1,74,443 ഗുണഭോക്താക്കളും 269 കോടിയുടെ ചലഞ്ച് ഫണ്ട് വിനിയോഗവുമായി ഈ പദ്ധതി ഏറ്റവും മികച്ചതായി മാറിയിട്ടുണ്ട്.

## (2) ബഡ്സ് സ്കൂളുകൾ

ശാരീരിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ശാസ്ത്രീയമായി പുനരധിവസിപ്പിക്കാൻ പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച പ്രത്യേക സ്കൂളാണ് ബഡ്സ്. സംസ്ഥാനത്ത് ഇന്ന് 64 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.

## (3) സ്നേഹിത കോളിംഗ് ബെൽ

പൊതു സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട് താമസിക്കുന്ന സ്ത്രീകളുടെയും വൃദ്ധരുടെയും വിവരങ്ങൾ ശേഖരിക്കുകയും അയൽക്കൂട്ട അംഗങ്ങൾ ഇവരുമായി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് സ്നേഹിത കോളിംഗ് ബെൽ പദ്ധതിയുടെ ലക്ഷ്യം. സമൂഹത്തിൽ ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമായ വ്യക്തികളെ കണ്ടെത്തി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് "സ്നേഹിത കോളിംഗ് ബെൽ".

## (4) സ്നേഹിത ഹെൽപ്പ് ഡെസ്ക്

സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് നിലവിൽ 14 ജില്ലകളിലും ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. സ്നേഹിതയിൽ സേവനത്തിലും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസസൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റ് വകുപ്പുകളുമായി ചേർന്ന് നിയമ-ആരോഗ്യ പരിരക്ഷയും നൽകുന്നു.

## (5) സൂക്ഷ്മ സംരംഭങ്ങൾ

കുടുംബശ്രീയുടെ നേതൃത്വത്തിൽ നാളിതുവരെയായി 17815 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 49052 ആളുകൾക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. 56.22 കോടി രൂപ വിവിധ ധനസഹായ

പദ്ധതികളിലൂടെ സൂക്ഷ്മ സംരംഭ യൂണിറ്റുകൾക്ക് നൽകി. നൂതന സൂക്ഷ്മ സംരംഭങ്ങളായ ഗ്രീൻ പ്രോട്ടോകോൾ ഈവന്റ് മാനേജ്മെന്റ് ഗ്രൂപ്പ്, ഡേ കെയർ സെന്റർ, ഹോം സ്റ്റേ, പവർ ലോൻട്രി, ക്രിമറ്റോറിയം, കയർ ഡീഫൈബറിങ്ങ് യൂണിറ്റ്, കിണർ റീചാർജിംഗ് യൂണിറ്റ്, റിവേഴ്സ് ഓസ്മോസിസ് ജല ശുദ്ധീകരണ യൂണിറ്റ്, വനിതാ ഹോസ്റ്റൽ, ഹോളോ ബ്രിക്സ് യൂണിറ്റ്, പെയിന്റിങ് യൂണിറ്റ്, ട്രാൻസ്ജെൻഡർ സൂക്ഷ്മ സംരംഭങ്ങൾ, മാര്യേജ് ബ്യൂറോ, ബാറ്ററി ബസ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

### (6) കൃഷി/മൃഗസംരക്ഷണം

കാർഷിക മേഖലയിൽ 65,601 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ കുടുംബശ്രീയുടേതായി പ്രവർത്തിക്കുന്നുണ്ട്. ഈ ജെ.എൽ.ജി. കളിലായി ആകെ 2.88 ലക്ഷം സ്ത്രീകൾ അംഗങ്ങളാണ്.

### (7) മൈക്രോ ഫിനാൻസ്

സാമ്പത്തിക ഉന്നമനത്തിനായി കുടുംബശ്രീ നടത്തുന്ന പ്രധാന പ്രവർത്തനമാണ് മൈക്രോ ഫിനാൻസ്. ലഘു സമ്പാദ്യ പ്രവർത്തനത്തിലൂടെ 3,821 കോടി രൂപയുടെ ലഘു സമ്പാദ്യവും 15.465 കോടി രൂപയുടെ ആന്തരിക വായ്പയും 1,82,712 കോടി രൂപ ലിങ്കേജ് വായ്പയായും അയൽക്കൂട്ടാംഗങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

### വൈദഗ്ദ്ധ്യ പരിശീലനവും വേതന തൊഴിൽ ലഭ്യമാക്കലും

3 ലക്ഷത്തോളം കുടുംബശ്രീ അംഗങ്ങൾക്ക് പൊതു അവബോധ പരിശീലനം പൂർത്തീകരിക്കുകയും പരിശീലനത്തിൽനിന്നും തെരഞ്ഞെടുത്തവർക്ക് വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിനായി വിവിധ മേഖല അടിസ്ഥാനത്തിൽ പരിശീലന ഏജൻസികളെ എംപാനൽ ചെയ്യുകയും 42,500 അംഗങ്ങൾക്കുള്ള വൈദഗ്ദ്ധ്യ പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ മേഖലയിലെ അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്തുക, ലിങ്കേജ് ലോൺ ലഭ്യമാക്കുക, കാർഷിക-മൃഗസംരക്ഷണ പ്രവർത്തനങ്ങളിലൂടെ പരമാവധി ഉപജീവന പ്രവർത്തനങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ ഗുണപരമായ മാറ്റത്തിനായി കമ്മ്യൂണിറ്റി കിച്ചൻ, ബ്രിഡ്ജ് സ്കൂൾ തുടങ്ങിയ പദ്ധതികളാണ് ആദിവാസി മേഖലയിലെ പ്രധാന കുടുംബശ്രീ പ്രവർത്തനങ്ങൾ.

## ലൈഫ് മിഷൻ പദ്ധതി

21(*141) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി 2018 മാർച്ച് 31-ന് മുമ്പ് എത്ര ഭവന രഹിതർക്ക് വീട് നൽകണമെന്നാണ് ലക്ഷ്യമിട്ടിരുന്നത്; പ്രസ്തുത ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ഈ പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തുവാൻ നടത്തിയ വിവരശേഖരണം സംബന്ധിച്ച് വ്യാപകമായ പരാതികളുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അനർഹർ ലിസ്റ്റിൽ കടന്നുകൂടിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അനർഹരെ ഒഴിവാക്കുന്നതിനും അർഹരെ ലിസ്റ്റിൽ ഉൾക്കൊള്ളിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ഈ പദ്ധതിക്കായി എത്ര തുക വായ്പ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഹഡ്കോയിൽ നിന്നും വായ്പ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ പലിശ എത്ര ശതമാനമാണ്;

(ഇ) ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി പ്രാദേശിക സംഭാവനകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; വിദേശത്ത് നിന്നും ഇക്കാര്യത്തിന് ഫണ്ട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വെളിപ്പെടുത്താമോ;

(എഫ്) പ്രാദേശിക സാമ്പത്തിക സഹായം സ്വീകരിച്ച് ഈ പദ്ധതിയിൽ വീട് പൂർത്തിയാക്കുവാൻ ഉതകുന്ന രീതിയിൽ ജനകീയ മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഭവനരഹിതരായവർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം പുതിയ ഭവനങ്ങൾ നൽകുന്നത് ലക്ഷ്യമിട്ടിരുന്നില്ല. എന്നാൽ വിവിധ പദ്ധതികൾ പ്രകാരം മുൻപ് ഭവന നിർമ്മാണ സഹായം ലഭിച്ചവരുടെ ഭവനങ്ങൾ 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കണമെന്ന് ലക്ഷ്യമിട്ടിരുന്നു. ആയത് പ്രകാരം 23205 വീടുകൾ 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിച്ചു. പൂർത്തീകരിക്കാനുണ്ടായിരുന്ന 56131 വീടുകളിൽ 39243 വീടുകൾ 2-6-2018 വരെ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഭവനങ്ങളുടെ പൂർത്തീകരണം അതിവേഗം പുരോഗമിച്ചുവരികയാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിലും ജില്ലാ തലത്തിലും അപ്പീൽ നൽകാൻ അവസരം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുമ്പ് തയ്യാറാക്കിയിരുന്ന പട്ടിക, വാർഡുസഭ/ ഗ്രാമസഭ മുഖേന പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, അന്തിമമായി പ്രസിദ്ധീകരിച്ച ഗുണഭോക്തൃ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുള്ളപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥർ ആയത് പരിശോധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നപക്ഷം ഉചിതമായ തീരുമാനമെടുക്കുന്നതിന് 23-5-2018-ലെ ഡി.ബി.1/374/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഈ പദ്ധതിക്കായി ആദ്യഘട്ടമെന്ന നിലയിൽ 4000 കോടി രൂപ ഹഡ്കോയിൽനിന്ന് വായ്പ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് നടത്തുന്ന ചർച്ചയിൽ മാത്രമേ പലിശ നിരക്ക് നിശ്ചയിക്കുകയുള്ളൂ.

(ഇ) ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് പ്രാദേശിക സംഭാവനകൾ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 48,000 രൂപയും കൊല്ലം ജില്ലയിൽ 1,04,000 രൂപയും ആലപ്പുഴ ജില്ലയിൽ 2,93,561 രൂപയും ഇടുക്കി ജില്ലയിൽ 2,75,070 രൂപയും എറണാകുളം ജില്ലയിൽ 1180131 രൂപയും തൃശ്ശൂർ ജില്ലയിൽ 19,34,690 രൂപയും മലപ്പുറം ജില്ലയിൽ 34000 രൂപയും കോഴിക്കോട് ജില്ലയിൽ 7,82,536 രൂപയും ലഭിച്ചിട്ടുണ്ട്. വിദേശത്തുനിന്നും ഈയിനത്തിൽ ഫണ്ട് ലഭിച്ചിട്ടില്ല.

(എഫ്) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകൾക്ക് പ്രാദേശിക സാമ്പത്തിക സഹായം സ്വീകരിച്ച് ലൈഫ് പദ്ധതിയിൽ വീട് പൂർത്തീകരിക്കുവാൻ ഉതകുന്ന രീതിയിൽ ജനകീയ മുന്നേറ്റമുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.

**കുടുംബശ്രീ പ്രസ്ഥാനം**

22(*142) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടായ്മയിലൂടെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന് വഴി തുറക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തെ സമസ്ത മേഖലയിലേക്കും വ്യാപിപ്പിക്കാനും ലോകത്തിലെ ഏറ്റവും വലിയ സ്ത്രീകൂട്ടായ്മയാക്കാനും ഈ സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(ബി) കാർഷിക രംഗത്തും ഉല്പന്നനിർമ്മാണ രംഗത്തും സജീവമായ കുടുംബശ്രീയെ വിപണനരംഗത്തും വിജയകരമാക്കാൻ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതി എന്താണെന്ന് അറിയിക്കാമോ;

(സി) ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനവും ജോലിയും ലഭ്യമാക്കാൻ കുടുംബശ്രീ നടത്തിയ പ്രവർത്തനം വിശദമാക്കാമോ; ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അവാർഡ് ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കൂട്ടായ്മയിലൂടെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന് വഴിതുറക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തെ സമസ്ത മേഖലയിലേക്കും വ്യാപിപ്പിക്കാനും ലോകത്തിലെ ഏറ്റവും വലിയ സ്ത്രീ കൂട്ടായ്മയാക്കാനും ഈ സർക്കാർ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. കുടുംബശ്രീ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം

2.70 ലക്ഷത്തോളം ജനറൽ അയൽക്കൂട്ടങ്ങളെക്കൂടാതെ നാളിതുവരെ 19 ട്രാൻസ്ജെൻഡർ പ്രത്യേക അയൽക്കൂട്ടങ്ങളും 1,102 പി.ഡബ്ല്യു.ഡി - Person with disabilities പ്രത്യേക അയൽക്കൂട്ടങ്ങളും 2,628 വയോജന പ്രത്യേക അയൽക്കൂട്ടങ്ങളും ഉൾപ്പെടെ 3749 സ്പെഷ്യൽ അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്.

2. തീരദേശ മേഖലയിലെ കുടുംബശ്രീ ഇടപെടൽ

തീരദേശ പ്രവർത്തന മേഖലയിൽ അനുഭവസമ്പത്തുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി 81 തീരദേശ കമ്മ്യൂണിറ്റി വോളണ്ടിയർമാരെ നിയമിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ ഒരു തീരദേശ അയൽക്കൂട്ടത്തിന് 15,000 രൂപ വീതം ആകെ 2,000 അയൽക്കൂട്ടങ്ങൾക്ക് 3.00 കോടി രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകി.

3. കുടുംബശ്രീ സ്കൂൾ

കുടുംബശ്രീ ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടക്കുന്നതിനും പ്രവർത്തനങ്ങൾ പുനർനിർണ്ണയം നടത്തുന്നതിനുംവേണ്ടി വിപുലമായ സമൂഹാധിഷ്ഠിത സ്വയം പഠന പ്രക്രിയ 'കുടുംബശ്രീ സ്കൂൾ' 2017 ഒക്ടോബർ, നവംബർ മാസങ്ങളിലായി നടപ്പിലാക്കി.

## 4. കുടുംബശ്രീ മഹിളാ കിസാൻ സശാക്തീകരണ പരിയോജന (എം.കെ.എസ്.പി.)

പദ്ധതിയുടെ ഭാഗമായി 65601 സംഘകൃഷി ഗ്രൂപ്പുകളിലായി 288005 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 600 മാസ്റ്റർ ഫാർമർ അഥവാ ജീവ ഏജന്റുമാരെ പരിശീലിപ്പിക്കുകയും അവർ ഫീൽഡിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കുകയും ചെയ്തുവരുന്നു. കൂടാതെ 3000 മാസ്റ്റർ കർഷകർ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്.

(ബി) കുടുംബശ്രീയെ വിപണനരംഗത്ത് വിജയകരമാക്കാൻ താഴെ പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്:

1. മാസച്ചന്തകൾ
2. വിപണനമേളകൾ
3. ഭക്ഷ്യമേളകൾ
4. ഹോംഷോപ്പ്
5. കുടുംബശ്രീ ബസാർ
6. നാനോമാർക്കറ്റ്
7. ഓൺലൈൻ പോർട്ടൽ

(സി) ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനവും ജോലിയും ലഭ്യമാക്കാൻ കേന്ദ്ര പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.) കേരളത്തിൽ കുടുംബശ്രീ മുഖേനയാണ് നടപ്പാക്കുന്നത്. ഏറ്റവും മികച്ച രീതിയിൽ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ഇന്ത്യയിലെ മൂന്നാമത്തെ മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് 2017-ലും രണ്ടാമത്തെ മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് 2018-ലും കുടുംബശ്രീക്ക് ലഭിച്ചിരുന്നു.

പരിശീലനം നേടുന്ന 70 ശതമാനം പേർക്കും ജോലി ഉറപ്പാക്കുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതി വഴി കുടുംബശ്രീ ഇതുവരെ 34568 പേർക്ക് പരിശീലനം നൽകി. അതിൽ 27515 പേർക്ക് ജോലിയും ലഭിച്ചു. 65 പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ (പിഐഎ) വഴി 72 പരിശീലന കേന്ദ്രങ്ങളിലൂടെ വ്യത്യസ്തമായ 102 ട്രേഡുകളിൽ കേരളത്തിൽ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതി പ്രകാരം നൈപുണ്യ പരിശീലനം നൽകുന്നുണ്ട്.

## ട്രാവൽ കാർഡ് സിസ്റ്റം

23(*143) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് ഏർപ്പെടുത്തിയ ട്രാവൽ കാർഡ് സിസ്റ്റം ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത് നിർത്തലാക്കുവാനുള്ള കാരണം അറിയിക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള കൺസെഷൻ കാർഡിന്റെ മാതൃകയിൽ യാത്രകൾ പരിമിതപ്പെടുത്തി കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായ രീതിയിൽ ട്രാവൽ കാർഡ് സിസ്റ്റം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ & ബി) ബസ്സ് ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചതിനാലും നിലവിലുണ്ടായിരുന്ന ട്രാവൽ കാർഡുകൾ ഉപയോഗിച്ച് പരിധിയില്ലാതെ യാത്ര ചെയ്യാം എന്നതിനാലും കോർപ്പറേഷന് വൻ സാമ്പത്തിക നഷ്ടമുണ്ടാകുമെന്ന് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ട്രാവൽ കാർഡുകൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(സി) ട്രാവൽ കാർഡുകൾക്ക് പകരമായി Closed loop RFID Smart Card-കൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സമ്പൂർണ്ണ ശുചിത്വ കേരളം

24(*144) ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമെന്ന അഭിമാനാർഹമായ നേട്ടത്തിന്റെ അടുത്ത പടിയെന്ന നിലയിൽ സമ്പൂർണ്ണ ശുചിത്വ കേരളമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഉറവിടമാലിന്യ സംസ്കരണത്തിനും കേന്ദ്രീകൃതമാലിന്യ സംസ്കരണത്തിനും അജൈവമാലിന്യ സംസ്കരണത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാവർത്തികമാക്കുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ തുടങ്ങിയ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഫലപ്രദമായ പദ്ധതിയുണ്ടോ; ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സമ്പൂർണ്ണ ശുചിത്വ കേരളമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഒ.ഡി.എഫ്. സുസ്ഥിരത നിലനിർത്തുന്നതിനും സുരക്ഷിത മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനുമായി പ്രധാനമായും താഴെ പറയുന്ന നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നു.

1. സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികളുടെ കീഴിൽ നിർമ്മിക്കപ്പെടുന്ന പുതിയ വീടുകളോടനുബന്ധിച്ച് ശൗചാലയങ്ങൾ നിർബന്ധമാക്കുക.

2. കേടുപാടുകളുള്ള ഗാർഹിക ശൗചാലയങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കി മാറ്റുക. ഒറ്റക്കുഴി കക്കൂസുകളെ ഇരട്ടക്കുഴി കക്കൂസുകളാക്കുക.

3. പൊതു സ്ഥലങ്ങളിൽ ആവശ്യമായ പൊതു ശൗചാലയങ്ങൾ പണിയുക.

4. സ്കൂൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ ശൗചാലയങ്ങൾ ആവശ്യമായത്ര എണ്ണം ഉറപ്പാക്കുക.

5. സുസ്ഥിരമായ വെളിയിട വിസർജ്ജന വിമുക്ത സംസ്കാരം നിലനിർത്തുന്നതടക്കമുള്ള ബോധവൽക്കരണത്തിനായി ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങൾ മുഖേനയും വിവര-വിജ്ഞാപന-വ്യാപന പ്രവർത്തനങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കുക.

6. ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

7. കേന്ദ്രീകൃത മാലിന്യ സംസ്കരണം നടത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ 'വേസ്റ്റ് ടു എനർജി' പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

8. കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹരിതകർമ്മ സേനയെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. അജൈവ മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്), പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവയും സ്ഥാപിച്ചുവരുന്നു.

10. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, വസ്തുക്കൾ പരമാവധി പുനരുപയോഗിക്കുക എന്ന തത്വത്തിലധിഷ്ഠിതമായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ക്ലീൻ കേരള കമ്പനി മുഖേന സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഉറവിട ജൈവമാലിന്യ സംസ്കരണത്തിനായി ഗാർഹിക സ്ഥാപനതലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ സംവിധാനങ്ങൾ (പൈപ്പ് കമ്പോസ്റ്റ്, കിച്ചൻബിൻ, പിറ്റ്, റിങ് ബിൻ തുടങ്ങിയ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ) ഉപയോഗിച്ചുവരുന്നു.

കമ്മ്യൂണിറ്റി തലത്തിൽ തുമ്പൂർമൂഴി മാതൃക എയറോബിക് കമ്പോസ്റ്റിംഗ് ബിന്നുകളും കൂടുതൽ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചുവരുന്നു. കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി "വേസ്റ്റ് ടു എനർജി" പ്രോജക്ടുകളും വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റുകളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങളായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), എല്ലാ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) ക്ലസ്റ്റർ അടിസ്ഥാനത്തിലും സ്ഥാപിച്ചുവരുന്നു. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അജൈവ മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിൽ ഹരിതകർമ്മ സേനയെ സജ്ജമാക്കിവരുന്നു. ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിലാണ് അജൈവമാലിന്യം കൈമാറ്റം ചെയ്യപ്പെടുന്നത്. പുനഃചംക്രമണ വിധേയമാക്കുവാൻ കഴിയാത്ത പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനതലത്തിലുള്ള ഹരിതകർമ്മ സേനയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് എല്ലാ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും യൂസർഫീയുടെ അടിസ്ഥാനത്തിൽ നിശ്ചിത ഇടവേളകളിൽ അജൈവമാലിന്യം (പ്ലാസ്റ്റിക്, ഇ-വേസ്റ്റ്) ശേഖരിക്കുകയെന്നത്. വീടുകളിൽനിന്നും പ്ലാസ്റ്റിക് മാലിന്യം മാസത്തിലൊരിക്കലും ഇ-വേസ്റ്റ് ആറ് മാസത്തിലൊരിക്കലും ഹരിതകർമ്മസേന

ശേഖരിക്കുന്നതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം, ഇ-മാലിന്യം എന്നിവ ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനായി അംഗീകൃത മാലിന്യ സംസ്കരണ ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നീ അജൈവ മാലിന്യങ്ങളുടെ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നത് ക്ലീൻ കേരള കമ്പനി മുഖേനയാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളിൽ ഷ്രെഡ് ചെയ്യുന്ന പ്ലാസ്റ്റിക്കിന്റെ വിപണനം ക്ലീൻ കേരള കമ്പനി മുഖേന നടത്തപ്പെടുന്നു. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇ-ടെണ്ടറിലൂടെ കണ്ടെത്തിയ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി ക്ലീൻ കേരള കമ്പനി നടപ്പിലാക്കുന്നത്. കൂടാതെ മൂല്യവർദ്ധിത സേവനമെന്ന നിലയിൽ റൂൾ അനുസരിച്ച് 'ആപൽക്കരം' പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സി.എഫ്.എൽ., പ്രിന്റർ കാട്രിഡ്ജുകൾ എന്നിവ ക്ലീൻ കേരള കമ്പനി ഇ-മാലിന്യങ്ങളുടെ കൂടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നു.

**കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാനുള്ള ഉപസമിതി**

25(*145) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>:
<u>ശ്രീ. സി. കെ. നാണു</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ വേണ്ടി രൂപീകരിച്ച ഉപസമിതിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഉപസമിതിയുടെ നിർദേശങ്ങളിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ ഉപസമിതിയുടെ എന്തൊക്കെ നിർദ്ദേശങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>):

(എ-സി) ഇത്തരത്തിൽ ഒരു ഉപസമിതി രൂപീകരിച്ചിട്ടില്ല.

## കാർഷികോല്പന്നങ്ങളുടെ കയറ്റുമതി

26(*146) ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനത്തിന് കയറ്റുമതി കേന്ദ്രീകൃത ക്ലസ്റ്റർ രൂപീകരിക്കാനുള്ള കേന്ദ്ര കരടുനയത്തിൽ കേരളത്തിലെ പ്രധാന വിളകളെ ഉൾപ്പെടുത്താതിരിക്കുകയും ഉൾപ്പെടുത്തിയിട്ടുള്ള വിളകളിൽ പൈനാപ്പിൾ, ഇഞ്ചി എന്നിവ ഒഴികെ മറ്റു വിളകളിൽ കേരളത്തെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തതിൽ ഭേദഗതി വരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) തേയില, കാപ്പി, വാഴപ്പഴം, മാങ്ങ, മഞ്ഞൾ, റബ്ബർ തുടങ്ങിയ വിളകളിൽ, പ്രത്യേകിച്ച് റബ്ബർ, പ്രമുഖ പങ്ക് ഉല്പാദിപ്പിക്കുന്നത് സംസ്ഥാനത്തായിട്ടും കയറ്റുമതി പ്രോത്സാഹന ക്ലസ്റ്ററിൽ ഉൾപ്പെടുത്താത്തത് പരിഹരിക്കാൻ വേണ്ട സമ്മർദ്ദം ചെലുത്തുമോ;

(സി) ലോക വ്യാപാരത്തിൽ കേരളത്തിന് സുപ്രധാന പങ്കുള്ള സുഗന്ധവ്യഞ്ജനങ്ങൾ, കശുവണ്ടി തുടങ്ങിയ കാർഷികോല്പന്നങ്ങൾ കയറ്റുമതി പ്രോത്സാഹന ക്ലസ്റ്ററിൽ ഉൾപ്പെടുത്തി കേരളത്തെയും ഉൾക്കൊള്ളിക്കാൻ ആവശ്യപ്പെടുമോ ;

(ഡി) കാർഷിക വിളകളുടെ ഉല്പാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കാനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് എന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) ഉണ്ട്.

(ബി&സി) 9-5-2018 മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി കേന്ദ്ര വാണിജ്യ സെക്രട്ടറിക്ക് നിവേദനം നൽകിയിട്ടുണ്ട്.

(ഡി) നെൽക്കൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, സുഗന്ധവ്യഞ്ജന വികസന പദ്ധതി, ഹൈ-ടെക് അഗ്രിക്കൾച്ചർ, മണ്ണിന്റേയും വേരിന്റെയും ആരോഗ്യപരിപാലനവും ഉൽപ്പാദനക്ഷമത ഉയർത്തലും, വിള ആരോഗ്യ പരിപാലനം, ജൈവക്കൃഷിയും

ഉത്തമ കൃഷി മുറകളും, ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉല്പാദനവും വിതരണവും, കാർഷിക വിപണനവും വിപണി വികസനവും മൂല്യവർദ്ധനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും, വയനാട് പാക്കേജ് പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾ, കിഴങ്ങ് പയർവർഗ്ഗങ്ങളുടെ വികസനം, പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം, നാടൻവിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും, പ്രത്യേക കാർഷിക മേഖലാ പദ്ധതി എന്നിവയാണ് പ്രധാന പദ്ധതികൾ.

## കേന്ദ്ര നയത്തിൽ കേരളത്തിലെ കാർഷിക വിളകൾക്ക് പ്രാധാന്യം നൽകാത്ത സാഹചര്യം

27(*147) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനുള്ള കരട് നയത്തിൽ കേരളത്തിലെ പ്രധാന വിളകളായ റബ്ബർ, കാപ്പി, തേയില, കുരുമുളക്, ഏലം, വാഴപ്പഴം, കശുവണ്ടി, സമുദ്രോൽപ്പന്നങ്ങൾ എന്നിവ ഉൾപ്പെടുത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) ഉണ്ട്.

(ബി&സി) കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് കാർഷിക കയറ്റുമതി നയത്തിൽ കേരളത്തിന് പ്രാധാന്യമുള്ള പല ഉല്പന്നങ്ങൾക്കും ക്ലസ്റ്ററുകൾ അനുവദിച്ചിട്ടില്ലായെന്ന കാര്യം 9-5-2018-ൽ കൂടിയ മന്ത്രിസഭായോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ റബ്ബർ ക്ലസ്റ്ററിൽ കോട്ടയം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ ജില്ലകളെയും വാഴപ്പഴം ക്ലസ്റ്ററിൽ തൃശ്ശൂർ വയനാട്, തിരുവനന്തപുരം ജില്ലകളെയും മാങ്ങയുടെ ക്ലസ്റ്ററിൽ വയനാടിനെയും മഞ്ഞളിന്റെ ക്ലസ്റ്ററിൽ വയനാട്, ആലപ്പുഴ ജില്ലകളെയും ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ കരട് കാർഷിക കയറ്റുമതി നയത്തിൽ ഒരു ക്ലസ്റ്ററിലും

ഉൾപ്പെടുത്താത്തതും കേരളത്തിലും അന്താരാഷ്ട്ര വിപണികളിലും പ്രാധാന്യമുള്ളതുമായ കശുവണ്ടി ക്ലസ്റ്ററിൽ കാസർഗോഡും കണ്ണൂരും കുരുമുളക് ക്ലസ്റ്ററിൽ വയനാട് ജില്ലയും നാളികേരം ക്ലസ്റ്ററിൽ കോഴിക്കോട് ജില്ലയും തേയില, ഏലം എന്നിവയുടെ ക്ലസ്റ്ററിൽ ഇടുക്കി ജില്ലയേയും ഉൾപ്പെടുത്തണമെന്ന് കേന്ദ്ര വാണിജ്യ സെക്രട്ടറിക്ക് ചീഫ് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

28(*148) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ അവിദഗ്ദ്ധ തൊഴിലാളികൾക്ക് നൽകുന്ന കൂലി നിരക്ക് കേന്ദ്രസർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയിൽ നേരിട്ടുള്ള കാർഷിക പ്രവൃത്തികൾക്ക് എന്തെങ്കിലും വിലക്കുണ്ടോ; നിലവിൽ ഏതൊക്കെ മേഖലകളിലാണ് ഈ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്നത്;

(സി) അങ്കണവാടി കെട്ടിടം, ഗാർഹിക ശൗചാലയം എന്നിവ നിർമ്മിക്കുന്നതിന് ഈ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടോ;

(ഡി) 2017-ൽ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിഞ്ഞു; വേതനം നൽകുന്നതിനുള്ള തുക കേന്ദ്ര സർക്കാരിൽ നിന്നും കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആദ്യം വിജ്ഞാപനം ചെയ്തത് 2-2-2006-ലാണ്. അന്നുമുതൽ 1-2-2011 വരെ പദ്ധതിയിലെ കൂലിനിരക്ക് 125 രൂപയായിരുന്നു. എന്നാൽ 2011 മുതൽ ഓരോ വർഷവും കേന്ദ്ര സർക്കാർ സി.പി.ഐ.എ.എൽ. (കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അഗ്രികൾച്ചറൽ ലേബർ)-ന്റെ മാനദണ്ഡം അവലംബിച്ച് കൂലി വർദ്ധിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 258/- രൂപയായിരുന്ന കൂലി നിരക്ക് 1-4-2018 മുതൽ 271 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) നേരിട്ടുള്ള കാർഷിക പ്രവർത്തനങ്ങൾ (ഞാറു നടീൽ, കൊയ്ത്ത്, കളപറിക്കൽ മുതലായവ) തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല. നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജില്ലാതലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 60 ശതമാനവും കാർഷിക അനുബന്ധ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവൃത്തികളായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ/ബി.പി.എൽ. എന്നിങ്ങനെ ദുർബല വിഭാഗത്തിൽപ്പെട്ട (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ രണ്ടാം പട്ടിക ഖണ്ഡിക 5-ൽ പരാമർശിച്ചിട്ടുള്ള) കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലും ഒറ്റത്തവണ ഭൂവികസന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ സമൂഹത്തിൽ അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, എൻ.ആർ.എൽ.എം.-ന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുവാനുള്ള പ്രവൃത്തികൾ മുതലായവയ്ക്കാണ് തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ സേവനം ഉപയോഗിക്കുന്നത്.

(സി) ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) 2017-18 സാമ്പത്തിക വർഷം ഒരു കുടുംബത്തിന് ശരാശരി 47.24 തൊഴിൽദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അവിദഗ്ദ്ധ കായിക വേതനയിനത്തിൽ 1637.15 കോടി രൂപയുടെ തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. ടി സാമ്പത്തിക വർഷത്തിൽ അവിദഗ്ദ്ധ കായിക വേതനയിനത്തിൽ 1652.04 കോടി രൂപ അനുവദിച്ചെങ്കിലും ടി തുകയിൽ 759.43 കോടി രൂപ 16-17 സാമ്പത്തിക വർഷത്തിലെ അവിദഗ്ദ്ധ കായിക വേതനകുടിശ്ശിക തീർക്കുന്നതിലേയ്ക്കായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷം ടി ഇനത്തിൽ ലഭ്യമാക്കേണ്ടിയിരുന്ന 744.54 കോടി രൂപയുൾപ്പെടെ 893.21 കോടി രൂപ 2018-19 സാമ്പത്തിക വർഷം അവിദഗ്ദ്ധ കായിക വേതനയിനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്.

**മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ പദ്ധതി**

29(*149) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം മ്യൂസിയങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എല്ലാ ജില്ലകളിലും അതത് ജില്ലകളുടെ ചരിത്ര പൈതൃകം വെളിപ്പെടുത്തുന്ന ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി വരുന്നുണ്ടോ എന്നും എങ്കിൽ ഇതിനായി നടപ്പുസാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും പുരാരേഖയും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>):

(എ) പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുന്നതിലേയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയത്തെ തീമാറ്റിക് ഇന്ററാക്ടീവ് തലത്തിലേയ്ക്ക് ഉയർത്തി ഇതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ ശാസ്ത്രീയമായ പ്രദർശനവും പ്രകാശ വിന്യാസവും നടപ്പിലാക്കിക്കൊണ്ടും മ്യൂസിയം സംബന്ധമായ വിവരങ്ങൾ വിശദമാക്കുന്ന കിയോസ്കുകൾ, വീഡിയോ പ്രദർശനങ്ങൾ, ഡിസ്ക്രിപ്ഷൻ ബോർഡുകൾ, മോഡലുകൾ തുടങ്ങിയവയും ആധുനിക രീതിയിലുള്ള ഇന്ററാക്ടീവ് തീയേറ്റർ റൂമും സജ്ജീകരിച്ചുകൊണ്ടും ഇത്തരത്തിൽ മറ്റ് മ്യൂസിയങ്ങളുടേയും നിലവാരം ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും അവയെ അന്തർദേശീയ നിലവാരമുള്ളവയാക്കുന്നതിനുമായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ 'ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള' എന്ന സ്ഥാപനത്തെ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുകയും ഈ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മ്യൂസിയം വകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയം അന്തർദേശീയ നിലവാരത്തിൽ പുനരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ സംരക്ഷണ

പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതിന്റെ പ്രാരംഭ നടപടികൾക്കായി മ്യൂസിയം കെട്ടിടത്തിന്റെ കൺസർവേഷൻ നടത്തുന്നതിന് ബംഗളൂരു ആസ്ഥാനമാക്കിയുള്ള സെന്റർ ഫോർ ഹെറിറ്റേജ് ഇൻഷ്യേറ്റീവ്സ് എന്ന ഏജൻസിയുമായി വിദഗ്ദ്ധ സമിതി യോഗം കൂടി ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ പുതുതായി ആരംഭിക്കുന്ന ഹെറിറ്റേജ് മ്യൂസിയത്തിന്റെ കെട്ടിടം നിർമ്മാണത്തിന്റെ 95% പൂർത്തിയായി കഴിഞ്ഞു. കോഴിക്കോട് ആർട്ട് ഗ്യാലറി ആൻഡ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് ആദ്യഘട്ടമായി മ്യൂസിയം കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് കേരള നിർമ്മിതി കേന്ദ്രവുമായി നടപടികൾ സ്വീകരിക്കുകയും ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ ലോകപൈതൃക പട്ടികയുടെ പ്രാഥമിക പട്ടികയിൽ ഇടം നേടിയിട്ടുണ്ട്.

(ബി) മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പദ്ധതികളിൽ തിരുവനന്തപുരം നേപ്പിയർ മ്യൂസിയം, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, ശ്രീചിത്രാ ആർട്ട് ഗ്യാലറി, എറണാകുളം ജില്ലാ പൈതൃക മ്യൂസിയം, ബാസ്റ്റ്യൻ ബംഗ്ലാവ്, കൊച്ചി, പാലക്കാട് ജില്ലാപൈതൃക മ്യൂസിയം, ശ്രീപാദം കൊട്ടാരം, ഫോർട്ട് തിരുവനന്തപുരം എന്നിവ ഉൾപ്പെടുന്നു.

(സി) മ്യൂസിയം മൃഗശാലാ വകുപ്പിനുകീഴിൽ തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ സ്ഥാപനങ്ങളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മ്യൂസിയങ്ങൾ സന്ദർശിക്കുന്ന ഭിന്നശേഷിക്കാരായ സന്ദർശകർക്ക് ആവശ്യമായ സ്പെഷ്യൽ ടോയ്‌ലറ്റ്, റാമ്പ്, വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, ലിഫ്റ്റ്, വീൽചെയർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള 12 മ്യൂസിയങ്ങളിലും 7 ജില്ലാ പൈതൃക മ്യൂസിയങ്ങളിലും 6 സംരക്ഷിത സ്മാരകങ്ങളിലും ഭിന്നശേഷി സൗഹൃദ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി വീൽ ചെയറുകൾ, ശുചിമുറികൾ, പാർക്കിംഗ് മേഖല ക്രമീകരണങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പുരാവസ്തു വകുപ്പിനുകീഴിൽ എല്ലാ ജില്ലകളിലും അതാത് ജില്ലകളുടെ പൈതൃകം വിളിച്ചോതുന്ന പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ആദ്യപടിയായി തിരുവനന്തപുരം,

എറണാകുളം, തൃശ്ശൂർ, ഇടുക്കി, പത്തനംതിട്ട, പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ ജില്ലാ പൈതൃക മ്യൂസിയങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബാക്കി വരുന്ന ജില്ലകളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം 6.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

### ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

30(*150) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. അനിൽ അക്കര:

ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വിഷലിപ്തമായ പച്ചക്കറികളുടെ ഉപയോഗംമൂലം ജനങ്ങളുടെ ആരോഗ്യം അപകടത്തിലാകുന്നുവെന്നും ക്യാൻസർ മുതലായ മാരക രോഗങ്ങൾ വർദ്ധിക്കുന്നുവെന്നും കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അൻപതിനായിരം ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് പ്രത്യേക ഊന്നൽ നൽകുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ പി.കെ.വി.വൈ. പദ്ധതി പ്രകാരം ജൈവ കൃഷിക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്; സംസ്ഥാനത്ത് എവിടെയെങ്കിലും ഈ പദ്ധതി പ്രകാരമുള്ള ജൈവ ഗ്രാമങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ഇ) ജൈവ പച്ചക്കറികൾ വിൽപന നടത്തുന്ന ജൈവ ഇക്കോ ഷോപ്പുകൾ കൂടുതൽ സ്ഥലങ്ങളിൽ തുറക്കുന്നതിന് ആലോചനയുണ്ടോ; പ്രസ്തുത ഷോപ്പുകളിൽ വിൽപന നടത്തുന്ന പച്ചക്കറികൾ ജൈവ പച്ചക്കറികളാണെന്നത് എപ്രകാരമാണ് ഉറപ്പു വരുത്തുന്നത് എന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ പരിശോധിക്കുകയും പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. ഇതോടൊപ്പം ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴിയും പരിശോധനാ ഫലം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിച്ച് ജനങ്ങളെ ബോധവൽക്കരിക്കാറുണ്ട്.

(ബി&സി) ജൈവക്കൃഷി സമഗ്രകൃഷിയുടെ ഭാഗമായി വികസിപ്പിക്കുവാനും അത്തരത്തിൽ ഒരു കാർഷിക സംസ്കാരം സംസ്ഥാനത്ത് ഒട്ടാകെ രൂപപ്പെടുത്തുവാനുമുള്ള പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നത്.

(ഡി) PKVY (പരമ്പരാഗത കൃഷി വികാസ് യോജന) ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ സംസ്ഥാന ഫണ്ടും ഉപയോഗിക്കുന്നുണ്ട്. പി.കെ.വി.വൈ. പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് കർഷകർക്കുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, ക്ലസ്റ്റർ മെമ്പർക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, പഞ്ചഗവ്യം, ജീവാമൃതം എന്നിവ ഉല്പാദിപ്പിക്കൽ, മണ്ണ് പരിശോധന, PGS സർട്ടിഫിക്കേഷൻ, ജൈവകൃഷി, സംയോജിത ജൈവവള പ്രയോഗം, കീടനിയന്ത്രണ മാർഗ്ഗങ്ങൾ, വെർമികമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ, ഓർഗാനിക് മേളകൾ സംഘടിപ്പിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവ നടത്തിവരുന്നു.

കാസർഗോഡ്, വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ PKVY ഗ്രാമങ്ങൾ നിലവിലുണ്ട്.

(ഇ) ജൈവ പച്ചക്കറികൾ വിൽപ്പന നടത്തുന്ന ജൈവ ഇക്കോഷോപ്പുകൾ കൂടുതൽ സ്ഥലങ്ങളിൽ തുറക്കുന്നതിന് ആലോചനയുണ്ട്. സംസ്ഥാനത്ത് 214 ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതുതായി 33 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് 66 ലക്ഷം രൂപ വകയിരുത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ജൈവകർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മാത്രമാണ് ഇക്കോഷോപ്പുകൾ വഴി വിൽപ്പന നടത്തുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റബ്ബർവില സ്ഥിരതാ ഫണ്ട്

1(1588) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് റബ്ബറിന് പ്രഖ്യാപിച്ചിരുന്ന വിലസ്ഥിരതാ ഫണ്ട് സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്നും കർഷകർക്ക് നാളിതുവരെ എത്ര തുക അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തികസഹായം നേരിട്ട് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുള്ളത്.

റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150 രൂപ) റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വില സൂചികയും (Daily Reference Price) തമ്മിലുള്ള വിലവ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. പ്രസ്തുത പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം നടപ്പുസാമ്പത്തിക വർഷം ഇതുവരെ 125 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 4,53,762 റബ്ബർ കർഷകർ ഈ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം നാളിതുവരെ 40,08,531 പർച്ചേസ് ബില്ലുകളിലായി 972.57 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**എ. ആർ. റഹ്മാൻ ഷോ നടത്താൻ വയൽ നികത്തൽ**

2(1589) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇരുമ്പനത്ത് എ.ആർ.റഹ്മാൻ ഷോയോടനുബന്ധിച്ച് വയൽ നികത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം വയൽ നികത്തുന്നതിന് അനുമതി നല്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അനുമതി നല്കിയതിന്റെ അടിസ്ഥാനമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ടി. സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള പരിവർത്തനത്തിന് കൃഷി വകുപ്പ് അനുമതി നൽകിയിട്ടില്ല. ഇത്തരത്തിലുള്ള പരിവർത്തനങ്ങൾക്കുള്ള അനുമതി നൽകുന്നതും നിഷേധിക്കുന്നതുമായ നടപടി സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. റവന്യൂ വകുപ്പും ഈ സ്ഥലത്ത് പരിവർത്തനാനുമതി നൽകിയിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്.

(ബി) ബാധകമല്ല.

**തിന, ഞവര തുടങ്ങിയ വിഭവങ്ങൾ കൃഷിവകുപ്പ് നേരിട്ട് ശേഖരിക്കുന്നതിന് പദ്ധതി**

3(1590) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന തിന, ഞവര തുടങ്ങിയ വിഭവങ്ങൾ കൃഷിവകുപ്പ് നേരിട്ട് ശേഖരിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദീകരിക്കാമോ;

(ബി) ആയുർവേദ മരുന്നുകൾ നിർമ്മിക്കുന്നതിനാവശ്യമായ വ്യത്യസ്തയിനം ഔഷധസസ്യങ്ങളുടെയും മറ്റ് കാർഷിക വിളകളുടെയും കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദീകരിക്കാമോ;

(സി) കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അനുബന്ധ വിളയായി കൃഷി ചെയ്യുന്ന ഔഷധ സസ്യങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 2017-18 വർഷത്തിൽ നടപ്പിലാക്കിയ മില്ലറ്റ് വില്ലേജ് പദ്ധതിയിൻകീഴിൽ ഉൽപ്പാദിപ്പിച്ച തിന വിളകൾ കർഷകരിൽനിന്നും 40 രൂപ നിരക്കിൽ 2800 kg. സംഭരിച്ചിട്ടുണ്ട്.

ഞവരയുടെ ഉൽപ്പാദനം വളരെ കുറവായതിനാൽ വിപണനത്തിന് ബുദ്ധിമുട്ട് നേരിട്ടിട്ടില്ല.

(ബി) നിലവിലുണ്ട്. ഔഷധസസ്യങ്ങളുടെ പരിപാലനത്തിനും ക്രമാതീതമായി നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പരമ്പരാഗത സസ്യങ്ങളെ നിലനിർത്തുന്നതിനും അവയെ വീട്ടുവളപ്പുകളിലും വ്യാവസായിക അടിസ്ഥാനത്തിലും കൃഷി ചെയ്ത് ചികിത്സാതലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുമായി ഔഷധ സസ്യകൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

കർഷക കൂട്ടായ്മകളിലൂടെ തെരഞ്ഞെടുക്കപ്പെട്ട 26 ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും സ്കൂളുകളിൽ ഔഷധോദ്യാനം സജ്ജമാക്കുന്നതിനും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന ധനസഹായം നൽകിവരുന്നു.

ഔഷധസസ്യങ്ങളുടെ നടീൽ, ഉൽപ്പാദനം, ഔഷധസസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ, ഔഷധസസ്യങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനത്തിനായി ഉണക്കുപുരകൾ സ്ഥാപിക്കൽ, ഫ്ലക്സി ഘടകം എന്നീ പദ്ധതികൾ മുഖാന്തരം സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ വ്യത്യസ്തയിനം ഔഷധസസ്യങ്ങളുടെ കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു.

(സി) ഔഷധ സസ്യ കൃഷി വികസന പദ്ധതി പ്രകാരം ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഉൽപ്പാദിപ്പിച്ച ഔഷധ സസ്യങ്ങൾ വപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-2019 വർഷം ഔഷധ കൃഷി വ്യാപിപ്പിക്കുന്നതിനായി നടീൽ മുതൽ സംസ്കരണം വരെ ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നു.

ഔഷധ സസ്യ വിപണനം സുഗമമാക്കുന്നതിന് ഉൽപ്പാദകരുടെ buyer–seller മീറ്റും നടത്തിവരുന്നു.

**കീടനാശിനികളുടെ വ്യാപകമായ ദുരുപയോഗം**

4(1591) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനാശിനികളുടെ വ്യാപകമായ ദുരുപയോഗം ചെറുക്കുന്നതിന് കൃഷി വകുപ്പിൽ എൻഫോഴ്സ്മെന്റ് സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തന രീതി എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) കീട നാശിനികളുടെ ദുരുപയോഗം ചെറുക്കുന്നതിനായി വകുപ്പിൽ ഇതര സംവിധാനങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കീടനാശിനികളുടെ വ്യാപകമായ ഉപയോഗം ചെറുക്കുന്നതിന് കൃഷി വകുപ്പിൽ എൻഫോഴ്സ്മെന്റ് സംവിധാനം നിലവിലുണ്ട്.

ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ് ആക്ട് 1968 എന്നിവ പ്രകാരം ജൈവരാസവളങ്ങളുടെയും കീടനാശിനികളുടെയും ഉൽപ്പാദന-വിതരണ വിൽപ്പനയും ഗുണനിലവാരവും കൃഷി വകുപ്പ് നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്. കൃഷി വകുപ്പിലെ എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് സംസ്ഥാനത്തെ കീടനാശിനികളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കാർഷിക സർവ്വകലാശാല നടത്തിയ പരിശോധനയിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ 96% പച്ചക്കറികളും വിഷരഹിതമാണ്.

(ബി) സംസ്ഥാനത്തെ സാങ്കേതിക യോഗ്യതയുള്ള എല്ലാ കൃഷി ഓഫീസർമാരും ഫെർട്ടിലൈസർ/ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായി പ്രവർത്തിക്കുന്നു. തങ്ങളുടെ പരിധിയിലുള്ള രാസവള കീടനാശിനി ഡിപ്പോകളിൽ രണ്ടാഴ്ചയിലൊരിക്കൽ ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് പരിശോധന നടത്തി വരുന്നു. മാത്രമല്ല, രാസവളകീടനാശിനികളുടെ ക്രമവിരുദ്ധമായ വിതരണവും വിൽപ്പനയും നിയന്ത്രിക്കുവാനായി എല്ലാ ജില്ലകളിലും ജില്ലാ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ തുടർപരിശോധനകൾ നടത്തിവരുകയും ചെയ്യുന്നു. ഇതിനുപുറമെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ (ഇ&ടി)യും ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ 4 റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് എല്ലാ ജില്ലകളിലും അപ്രതീക്ഷിത സന്ദർശനവും ഡിപ്പോ പരിശോധനയും നടത്തിവരുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടർ (സി.പി.)-യുടെ നേതൃത്വത്തിലുള്ള സംസ്ഥാന വിജിലൻസ് സ്ക്വാഡിന്റെ പരിശോധനയും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(സി) കീടനാശിനികളുടെ ദുരുപയോഗം ചെറുക്കുന്നതിനായി വകുപ്പിലുള്ള സംവിധാനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൃഷി വകുപ്പിലെ റീ-ഓർഗനൈസേഷൻ കമ്മിറ്റി**

5(1592) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ റീ-ഓർഗനൈസേഷൻ സംബന്ധിച്ച് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കമ്മിറ്റി അതിന്റെ ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പുനഃസംഘടിപ്പിക്കുന്ന-തിനായി റിപ്പോർട്ട് സമർപ്പിച്ചിക്കുന്നതിന് കൃഷി അഡീഷണൽ ഡയറക്ടർ ചെയർമാനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

**കർഷക ക്ഷേമ നിധി ബോർഡ്**

6(1593) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്.ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കർഷക ക്ഷേമനിധി ബോർഡിന്റെ ഘടനയും പ്രവർത്തന രീതിയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോർഡ് നിലവിൽ വന്നാൽ കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) കർഷക ക്ഷേമനിധി ബോർഡിലെ അംഗത്വം യഥാർഥ കർഷകർക്ക് മാത്രം ലഭ്യമാകുന്ന എന്നുറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-ഡി) ഉണ്ട്. കർഷകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നിയമം വഴി ക്ഷേമനിധി രൂപീരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ നൽകുക, പിന്നാക്കം നിൽക്കുന്ന അംഗങ്ങൾക്ക്/അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം, കുടുംബ പെൻഷനും മരണാനന്തര അനുകൂല്യങ്ങളും അവശതാ പെൻഷൻ, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങളാണ് കർഷക ക്ഷേമബോർഡ്

രൂപീകരണത്തിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. കർഷകക്ഷേമ ബോർഡ് രൂപീകരണം അന്തിമഘട്ടത്തിലാണ്. കേരള കർഷക ക്ഷേമനിധി ബിൽ ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ കാര്യോപദേശക സമിതിയുടെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും അനുമതിയോടെ അവതരിപ്പിക്കുവാനാണ് ശ്രമിക്കുന്നത്.

## വയനാട് ജില്ലയിലെ മണ്ണ് സംരക്ഷണ പദ്ധതികൾ

7(1594) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) വയനാട്ടിലെ വരൾച്ചയുടെ പശ്ചാത്തലത്തിൽ സോയിൽ കൺസർവേഷൻ കമ്പനി പ്രൊജക്ടിനു കീഴിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(സി) എങ്കിൽ ഏതെല്ലാമാണ് പദ്ധതികളെന്ന് വ്യക്തമാക്കാമോ;

(ഡി) സോയിൽ കൺസർവേഷൻ കമ്പനി പ്രൊജക്ടിനു കീഴിൽ നിലവിൽ നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ സ്ഥിതി വ്യക്തമാക്കാമോ?

### ഉത്തരം

(എ) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുകൾ മുഖേന നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 21-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 3 പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷം) |
|---|---|
| മൊട്ടൻകര | 208 |
| ഇടമുണ്ടപുതുശ്ശേരി | 85 |
| തച്ചിറകൊല്ലി | 135 |
| രാഷ്ട്രീയ കൃഷി വികാസ് യോജന | 200.4 |

(ബി&സി) ഉണ്ട്. പ്രോജക്ട് ഓഫീസിന്റെ സംവിധാനം ഉപയോഗിച്ച് പുതിയ പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി താഴെ പറയുന്ന 4 മണ്ണ് ജല സംരക്ഷണ പദ്ധതികൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

| പദ്ധതിയുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക (ലക്ഷം) |
|---|---|---|
| കരിങ്കുറ്റി വണ്ടിയാംപറ്റ | കോട്ടത്തറ, വേങ്ങപ്പള്ളി | 515.73 |
| മാനിക്കുനി മണ്ടാട്ട് | മുട്ടിൽ, കണിയാമ്പറ്റ | 511 |
| വള്ളിയൂർക്കാവ് | മാനന്തവാടി മുനിസിപ്പാലിറ്റി | 510 |
| വെട്ടുതോട് | വെള്ളമുണ്ട, ഇടവക | 520 |

(ഡി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ വയനാട് ജില്ലയിലെ കബനി പ്രൊജക്ടിൽ പ്രവർത്തിച്ചുവരുന്ന മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതിയുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക (ലക്ഷം) | നാളിതുവരെ കൈവരിച്ച പുരോഗതി | |
|---|---|---|---|---|
| | | | ഭൗതികം (ഹെക്ടർ) | സാമ്പത്തികം (ലക്ഷം) |
| മൊട്ടൻകര | മാനന്തവാടി | 208 | 404 | 102.94 |
| ഇടമുണ്ട പുതുശ്ശേരി | തൊണ്ടർനാട് | 85 | 99 | 67.71 |
| തച്ചിറകൊല്ലി | തിരുനെല്ലി | 135 | 93.2 | 38.24 |
| രാഷ്ട്രീയ കൃഷി വികാസ് യോജന | മുള്ളൻകൊല്ലി, പുൽപ്പള്ളി | 200.4 | 37 ചെറുകുളങ്ങൾ 7 ജലസംഭരണികൾ | 105.54 |

## തൃശ്ശൂർ ജില്ലയിലെ പൊതുകുളങ്ങളുടെ പുനരുദ്ധാരണം

8(1595) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പൊതുകുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത കുളങ്ങളുടെ എണ്ണം ഗ്രാമ പഞ്ചായത്ത്, നഗരസഭ തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ മൊത്തം തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പൊതുകുളങ്ങളാണ് ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ കുളങ്ങൾക്കും വകയിരുത്തിയിട്ടുള്ള തുകയും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് തൃശ്ശൂർ ജില്ലയിലെ 74 പൊതുകുളങ്ങളുടെ പുനരുദ്ധാരണത്തിനായി 44.80 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 45 ഗ്രാമപഞ്ചായത്തുകളിലായി 59 കുളങ്ങളും 4 മനിസ്സിപ്പാലിറ്റികളിലായി 4 കുളങ്ങളും തൃശ്ശൂർ കോർപ്പറേഷനിലെ 11 കുളങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത കുളങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. തൃശ്ശൂർ ജില്ലയിൽ കെ.എൽ.ഡി.സി. വഴി സർക്കാരിന്റെ ആർ.ഐ.ഡി.എഫ്/ആർ.കെ.വി.വൈ. സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പൊതുകുളങ്ങളുടെ ഗ്രാമപഞ്ചായത്ത്, നഗരസഭ, തുക ഇവ തിരിച്ചുള്ള വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.+

(സി&ഡി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 5 പൊതുകുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.*

വടക്കാഞ്ചേരി നിയോജകമണ്ഡലം-വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ചാത്തൻ ചിറയുടെ പുനരുദ്ധാരണത്തിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്.19

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്കീമിൽ ഉൾപ്പെടുത്തി 222.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഇപ്പോൾ ആരംഭിച്ച് 75% ഭൗതീക പുരോഗതി കൈവരിച്ചിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കിയ തൃശ്ശൂർ ജില്ലയിലെ പൊതു കുളങ്ങളുടെ പുനരുദ്ധാരണ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

9(1596) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം ഹൈടെക് കൃഷി രീതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(സി) ഹൈടെക് കൃഷി രീതി സ്വീകരിക്കുന്ന പുതിയ സംരംഭകർക്കായി എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പോളീഹൗസ് സ്ഥാപിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് ഫാമിംഗ് പദ്ധതിയും മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിത കൃഷി എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ, കേടുപാടുകൾ സംഭവിച്ച പോളീഹൗസുകളുടെ അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെട്ട കൃഷി സൗകര്യം ഒരുക്കുന്നതിനും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തരം ധനസഹായം നൽകുന്നുണ്ട്.

കൂടാതെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഹൈടെക് കൃഷി രീതി ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) മൂല്യം കൂടിയ പച്ചക്കറികളും പുഷ്പങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനായി സൂക്ഷ്മ ജലസേചന സംവിധാനങ്ങളിലൂടെ കൃത്യമായ അളവിൽ വെള്ളവും വളവും നൽകിക്കൊണ്ടുള്ള പ്രിസിഷൻ ഫാമിംഗ് കൃഷി രീതിയാണ് നിലവിൽ ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്.

(സി) പുതിയ സംരംഭകർക്ക് ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൽച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി എന്നിവിടങ്ങളിൽ വിദഗ്ധ പരിശീലനം നൽകുകയും എല്ലാ ജില്ലകളിലും ഹൈടെക് കൃഷി ചെയ്യുവാൻ താൽപ്പര്യമുള്ളവർക്ക് പരിശീലന പരിപാടികളും ലഭ്യമാക്കുന്നതാണ്. ഇതിനുമുറമെ ഹൈടെക് കൃഷിയിൽ സാങ്കേതിക വിദഗ്ധരുടെ സേവനം കൃഷി വകുപ്പിലൂടെയും കേരള കാർഷിക സർവ്വകലാശാലയിലൂടെയും ലഭ്യമാക്കുന്നുണ്ട്. പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ച ജില്ലകളിൽ പോളീഹൗസുകൾ സ്ഥാപിക്കുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**കാർഷിക കടാശ്വാസ കമ്മീഷൻ**

10 (1597) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര അപേക്ഷകൾ ഇനിയും തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കമ്മീഷന്റെ കാലാവധി തീരുംമുൻപ് അപേക്ഷകൾ മുഴുവൻ തീർപ്പാക്കാൻ കഴിയുമോ എന്ന് അറിയിക്കുമോ;

(ഡി) എത്രവർഷം കൊണ്ട് തീർപ്പുകൽപ്പിക്കാനാണ് പ്രസ്തുത കമ്മീഷൻ രൂപീകൃതമായതെന്നും കമ്മീഷന്റെ കാലാവധി എത്ര തവണ, എത്ര വർഷത്തേയ്ക്കുകൂടി നീട്ടിയിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) കടാശ്വാസം നൽകുന്നതിനായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് എത്ര രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) കമ്മീഷന്റെ കാലാവധി ഇനിയും നീട്ടാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 19-5-2018-ന് അവസാനിച്ചു.

(ബി&സി) ഇനി 31186 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

(ഡി) 18-1-2007-നമുമ്പ് സഹകരണ ബാങ്കുകളിൽനിന്നും കർഷകർ എടുത്തതും കുടിശ്ശിക ആയതുമായ വായ്പകളിൽ കടാശ്വാസം നൽകുന്നതിനായി 3 വർഷ കാലയളവിലേയ്ക്കാണ് കമ്മീഷൻ രൂപീകരിക്കപ്പെട്ടത്. കമ്മീഷന്റെ കാലാവധി മൂന്ന് തവണയായി 8 വർഷം ദീർഘിപ്പിക്കുകയുണ്ടായി.

(ഇ) 2018-2019 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(എഫ്) പുതിയ കമ്മീഷനെ നിയമിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ വയനാട് ജില്ലയിൽ 31-3-2014 വരെയുള്ള കാർഷിക വായ്പകളും മറ്റ് 13 ജില്ലകളിൽ 31-10-2011 വരെയുള്ള കാർഷിക വായ്പകളും കാർഷിക കടാശ്വാസത്തിന് പരിഗണിക്കുവാൻ 6-6-2018-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**കാർഷിക മേഖലയിലെ നേട്ടങ്ങൾ**

11(1598) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2015-16 കാലയളവിലെ നെൽക്കൃഷി, കാർഷിക വിളകൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ നാണ്യവിളകൾ എന്നിവയുടെ വിസ്തൃതിയും ഉല്പാദനവും എത്രയായിരുന്നു; വ്യക്തമാക്കാമോ

(ബി) ഈ സർക്കാർ കാലയളവിൽ 2016-17, 2017-18 വർഷങ്ങളിൽ ഇവയുടെ വിസ്തൃതിയും ഉല്പാദനവും എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) കാർഷിക മേഖല വികസനവും ഉല്പാദനവും ലക്ഷ്യമാക്കി ഈ സർക്കാർ പ്രസ്തുത മേഖലയിൽ 2016-17, 2017-18 വർഷങ്ങളിൽ ചെയ്തുവരുന്ന പ്രവൃത്തികൾ എന്തെല്ലാം എന്നും ആയതിന് എത്ര തുക വകയിരുത്തി, എത്ര തുക ചെലവാക്കി, എത്ര തുകയുടെ കേന്ദ്രസഹായം ലഭ്യമായി എന്നും വ്യക്തമാക്കാമോ;

(ഡി) ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാന കാർഷിക മേഖല കൈവരിച്ച നേട്ടങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി (1)- ആയി ചേർത്തിരിക്കുന്നു.

(ബി) 2016-2017 വർഷത്തെ വിവരങ്ങൾ അനുബന്ധമായി (2) ചേർത്തിരിക്കുന്നു.* 2017-2018 വർഷത്തെ വിവരങ്ങൾ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാർഷിക മേഖലയിലെ വികസനവും ഉൽപ്പാദനവും ലക്ഷ്യമാക്കി നെൽക്കൃഷി, കാർഷിക വിളകൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ, നാണ്യവിളകൾ എന്നീ മേഖലകളിൽ 2016-2017, 2017-2018 വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നെൽക്കൃഷി വികസനം- സംസ്ഥാനത്ത് നെൽക്കൃഷിയുടെ വിസ്തീർണ്ണവും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തരിശുനില കൃഷിക്കും ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി നെൽക്കൃഷി വികസന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിക്കായി 2016-17 വർഷം 4368.07 ലക്ഷം രൂപ വകയിരുത്തിയതിൽ 4331.61 ലക്ഷം രൂപയും 2017-18 വർഷം 7000.00 ലക്ഷം രൂപ വകയിരുത്തിയതിൽ 6394.48 ലക്ഷം രൂപയും ചെലവഴിച്ചു.

(ii) പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ കൃഷി വികസനം-ചെറുധാന്യങ്ങൾ, കരിമ്പ്, എണ്ണക്കുരുക്കളായ കപ്പലണ്ടി, മുതലായവ സാദ്ധ്യതാ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിട്ടു. 2017-2018 വർഷം 330.00 ലക്ഷം രൂപ വകയിരുത്തിയതിൽ 243.23 ലക്ഷം രൂപ ചെലവഴിച്ചു.

(iii) പച്ചക്കറി വികസനം - നമ്മുടെ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിക്കായി 2016-17 വർഷം 7160.38 ലക്ഷം രൂപ വകയിരുത്തിയതിൽ 6273.39 ലക്ഷം രൂപയും 2017-18 വർഷം 7904.10 ലക്ഷം രൂപ വകയിരുത്തിയതിൽ 7719.67 ലക്ഷം രൂപയും ചെലവഴിച്ചു.

(iv) കിഴങ്ങുവർഗ്ഗങ്ങളുടെയും പയറു വർഗ്ഗങ്ങളുടെയും കൃഷി വികസനം- കിഴങ്ങുവർഗ്ഗ വിളകളുടെ വിസ്തൃതി വ്യാപനവും പയർവർഗ്ഗങ്ങൾ മൂന്നാംവിളയായി പാടശേഖരങ്ങളിലും പുരയിടങ്ങളിലും കൃഷി ചെയ്യുകയും വഴി ഈ വിളകളെ ഭക്ഷ്യസുരക്ഷയുടെ ഭാഗമാക്കുകയും കർഷകന് അധികവരുമാനം നേടികൊടുക്കുകയു മാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി 2017-18 വർഷം 200.00 ലക്ഷം രൂപ വകയിരുത്തിയതിൽ 194.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(v) നാളികേര വികസനം-തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത പരിപാലനത്തിനായി ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടപ്പിലാക്കി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിക്കായി 2016-17 വർഷം 3931.82 ലക്ഷം രൂപ വകയിരുത്തിയിതൽ 3803.91 ലക്ഷം രൂപയും 2017-18 വർഷം 4500.00 ലക്ഷം രൂപ വകയിരുത്തിയതിൽ 4128.68 ലക്ഷം രൂപയും ചെലവഴിച്ചു.

(vi) <u>സുഗന്ധവ്യഞ്ജന വികസനം</u> - കുരുമുളക് കൃഷി വികസന പദ്ധതിയിൽ വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ, പുതിയ കുരുമുളക് തോട്ടങ്ങൾ നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇടുക്കി ജില്ലയിൽ സമഗ്ര കുരുമുളക് കൃഷി വികസനം എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു എന്നീ സുഗന്ധവിളകളുടെ ഇടവിളകൃഷിയും വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിക്കായി 2016-17 വർഷം 1000.00 ലക്ഷം രൂപ വകയിരുത്തി എന്നാൽ 1006.27 ലക്ഷം രൂപയും 2017-2018 വർഷം 1000.00 ലക്ഷം രൂപ വകയിരുത്തിയതിൽ 993.67 ലക്ഷം രൂപയും ചെലവഴിച്ചു.

(vii) <u>റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്</u>- പദ്ധതിയിതര ശീർഷകത്തിൽ 2016-2017 വർഷത്തിൽ 50000.00 ലക്ഷം രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയും ചെലവഴിച്ചു. 2018-18 വർഷത്തിൽ 50,000.00 ലക്ഷം രൂപ വകയിരുത്തിയതിൽ 12500.00 ലക്ഷം രൂപയും ചെലവഴിച്ചു.

കൂടാതെ കാർഷിക മേഖല വികസനവും ഉൽപ്പാദനവും ലക്ഷ്യമാക്കി 2016-2017, 2017-2018 വർഷങ്ങളിൽ ചുവടെ പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു. ടി പദ്ധതികൾക്ക് വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും ലഭ്യമായ കേന്ദ്രസഹായവും അനുബന്ധമായി (3) ചേർക്കുന്നു.*

1. നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ (60% കേന്ദ്രാവിഷ്കൃതം)

2. പ്രാദേശിക നാളികേര നഴ്സറികളുടെ സ്ഥാപനം - സിഡിബി പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

2. എ. തെങ്ങു പുനരുദ്ധാരണവും പുനർ നടീലും

2. ബി. നാളികേര വിള ഇൻഷ്വറൻസ് പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

3.കേന്ദ്ര ബയോഗ്യാസ്-ജൈവവള ഉൽപ്പാദന പരിപാടി(100% കേന്ദ്രാവിഷ്കൃതം)

4. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി (60% കേന്ദ്രാവിഷ്കൃതം)

എ. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്)

ബി. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (പയർ)

സി. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (ചെറുധാന്യങ്ങൾ)

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. സബ് മിഷൻ ഓൺ അഗ്രിക്കൽച്ചറൽ എക്സ്റ്റൻഷൻ (SAME) (ആത്മ)-(60% കേന്ദ്രാവിഷ്കൃതം)

6. സബ് മിഷൻ ഓൺ സീഡ്സ് & പ്ലാന്റിംഗ് മെറ്റീരിയൽ (SMSP) (60% കേന്ദ്രാവിഷ്കൃതം)

7. എണ്ണപ്പനയ്ക്കും എണ്ണക്കുരുക്കൾക്കും വേണ്ടിയുള്ള കേന്ദ്ര മിഷൻ പദ്ധതി (NMOOP)-മിനിമിഷൻ-II (60% കേന്ദ്രാവിഷ്കൃതം)

8. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) (60% കേന്ദ്രാവിഷ്കൃതം)

9. മണ്ണിന്റെ ആരോഗ്യ പരിപാലനം (SHM) (60% കേന്ദ്രാവിഷ്കൃതം)

10. സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം)

11. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) (60% കേന്ദ്രാവിഷ്കൃതം)

12. കാർഷിക യന്ത്രവൽക്കരണം (SMAM) (60% കേന്ദ്രാവിഷ്കൃതം)

13. വൃഷ്ടി പ്രദേശ വികസനം (RAD) (60% കേന്ദ്രാവിഷ്കൃതം)

14. പരമ്പരാഗത കൃഷി വികാസ് യോജന (PKVY) (60% കേന്ദ്രാവിഷ്കൃതം)

15. ദേശീയ ഇ-ഗവേണൻസ് പദ്ധതി (60% കേന്ദ്രാവിഷ്കൃതം)

16. പ്രധാനമന്ത്രി ഫസൽ ഭീമാ യോജന (PMFBY) (60% കേന്ദ്രാവിഷ്കൃതം)

17. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (WBCIS) (60% കേന്ദ്രാവിഷ്കൃതം)

18. സബ്മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി (Submissions on agro forestry) (60% കേന്ദ്രാവിഷ്കൃതം)

(ഡി) 2016-2017, 2017-2018 വർഷങ്ങളിൽ സംസ്ഥാന കാർഷിക മേഖല കൈവരിച്ച പ്രധാന നേട്ടങ്ങൾ താഴെ കൊടുക്കുന്നു:

നെൽക്യഷി വികസന പദ്ധതി പ്രകാരം 2016-2017-ൽ 2743 ഹെക്ടറും 2017-18-ൽ 2025.80 ഹെക്ടറും കരനെൽക്യഷി ചെയ്തു.

2016-2017-ൽ 2782.38 ഹെക്ടറും 2017-18-ൽ 5627.90 ഹെക്ടറും തരിശുകൃഷി നടപ്പിലാക്കി.

2017-18 വർഷത്തിൽ 3136.06 ഹെക്ടറും ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കി മാറ്റി.

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വളരെയേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കി. പ്രധാന നേട്ടങ്ങൾ 2016-17 വർഷത്തിൽ 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും അതുവഴി 7.25 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനം കൈവരിക്കുകയും ചെയ്തു.

72500 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതുവഴി 11,60,000 മെട്രിക് ടൺ ഉൽപ്പാദനം കൈവരിക്കുകയും ചെയ്തു.

നാളികേര വികസന പദ്ധതി പ്രകാരം 2016-17 വർഷം 13000 ഹെക്ടറും 2017-18 വർഷം 9930 ഹെക്ടറും തെങ്ങിൻതോട്ടങ്ങൾ സമഗ്ര പരിപാലനമുറകൾ നടപ്പിലാക്കി.

സുഗന്ധ വ്യഞ്ജന വിള വികസന പദ്ധതി പ്രകാരം 2016-17-ൽ 1174 ഹെക്ടറിലും 2017-18-ൽ 2150 ഹെക്ടറിലും കുരുമുളക് കൃഷി വ്യാപിപ്പിച്ചു. 680 ഹെക്ടറിൽ ഇഞ്ചി/മഞ്ഞൾ കൃഷിയും 200 ഹെക്ടർ സ്ഥലത്ത് ജാതി/ഗ്രാമ്പൂ കൃഷിയും വ്യാപിപ്പിച്ചു.

2017-18 വർഷത്തിൽ 489 ഹെക്ടർ സ്ഥലത്ത് പയർ വർഗ്ഗ കൃഷിയും 825 ഹെക്ടർ സ്ഥലത്ത് കിഴങ്ങുവർഗ്ഗ കൃഷിയും വ്യാപിപ്പിച്ചു.

2017-18 വർഷത്തിൽ 468 ഹെക്ടർ സ്ഥലത്ത് കരിമ്പ് കൃഷിയും 500 ഹെക്ടർ സ്ഥലത്ത് എള്ള് കൃഷിയും 69 ഹെക്ടർ സ്ഥലത്ത് നിലക്കടല കൃഷിയും വ്യാപിപ്പിച്ചു. കൂടാതെ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹന പദ്ധതിയും നടപ്പിലാക്കി.

**ചക്കയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

12(1599) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കയെ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചതിനു ശേഷം ചക്കയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) അത്യുല്പാദനശേഷിയും കാലതാമസമില്ലാതെ ഫലം നൽകുന്നതുമായ പ്ലാവിൻതൈകൾ കർഷകർക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(സി) ധാരാളം തൊഴിൽ സാധ്യതയുള്ള ഈ മേഖലയിൽ ചക്ക കൊണ്ടുള്ള ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചക്കയെ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചശേഷം പ്ലാവ് കൃഷിയുടെ പ്രോത്സാഹനം, ചക്കയുടെ സംസ്കരണം, മൂല്യവർദ്ധനം, പരിശീലനം, വിപണന സാധ്യതകൾ, ഗവേഷണങ്ങൾ എന്നീ മേഖലകളിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, സംസ്ഥാന ഹോൾട്ടിക്കൾച്ചർ മിഷൻ, വിദ്യാഭ്യാസ വകുപ്പ്, കാർഷിക സർവ്വകലാശാല, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയവയിലൂടെ നടപടികൾ സ്വീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നിലവിൽ സംസ്ഥാന ഹോൾട്ടിക്കൾച്ചർ മിഷൻ എം.ഐ.ഡി.എച്ച്. (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാവിന്റെ വിളവിസ്തൃതി വ്യാപനത്തിന് സാമ്പത്തിക സഹായം നൽകിവരുന്നു. (ഹെക്ടർ ഒന്നിന് 30,000 രൂപ)

(ബി) അത്യുൽപ്പാദനശേഷിയുള്ളതും കാലതാമസമില്ലാതെ ഫലം നൽകുന്നതുമായ പ്ലാവ് ഇനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് "ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന്" (ഒരു ഹെക്ടറിൽ) പ്രോജക്ടടിസ്ഥാനത്തിൽ കേന്ദ്ര പദ്ധതിയായ എം.ഐ.ഡി.എച്ച്.-ൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതാണ്.

1. സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾക്ക് മൊത്തം പദ്ധതി ചെലവായ 15 ലക്ഷം രൂപയുടെ 50% വായ്പാ ബന്ധിതമായി നൽകുന്നു. (7.5 ലക്ഷം രൂപ)

2. സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ 100% ധനസഹായമായ 15 ലക്ഷം രൂപയും നൽകുന്നു.

(സി) ചക്കകൊണ്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാധ്യതകൾ വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര മേളയായ വൈഗ 2016 & 2017, 2017-ൽ കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അന്തർദേശീയ ചക്ക മഹോത്സവം, 2018-ൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ ചക്ക മഹോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

**പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ**

13(1600) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ കർഷകർക്ക് സഹായകരമാണോയെന്ന് പരിശോധന നടത്തി വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കാർഷിക വിളകളുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

(ബി) 84

(സി) ജില്ലകളിൽ പ്രവർത്തിക്കുന്ന പ്ലാന്റ് ഹെൽത്ത് ക്ലീനിക്കുകളുടെ സേവനം സംബന്ധിച്ച അവലോകനം ജില്ലാ കൃഷി ആഫീസർമാർ നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് സമിതി (SAMETI) മുഖാന്തരം വിലയിരുത്തലുകൾ നടത്തിവരുന്നുണ്ട്.

**പച്ചക്കറി കൃഷി വർദ്ധിപ്പിക്കുവാൻ നടപടി**

14(1601) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2017-18 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് വീതം പച്ചക്കറി കൃഷി ചെയ്തിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) 2015-16, 2017-18 വർഷങ്ങളിൽ പച്ചക്കറി ഉല്പാദനം എത്ര ടൺ ആയിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| സാമ്പത്തിക വർഷം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| 2015-2016 | 46578 |
| 2017-2018 | 67858 |

(ബി)

| സാമ്പത്തിക വർഷം | ഉൽപ്പാദനം (ലക്ഷം ടൺ) |
|---|---|
| 2015-2016 | 6.28 |
| 2017-2018 | 10.12 |

(സി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തൃതി കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് 2018-2019 വർഷം 80 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മമൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്കുതല നഴ്സറികളുടെ വികസനം, മഴമറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും തരിശുനില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

മട്ടുപ്പാവ് കൃഷി എന്ന ഘടകമായി ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ ഓണത്തിന് ഒരു മുറം പച്ചക്കറി സീറോ എനർജി കൂൾ ചേമ്പർ, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുൽപ്പാദനം പ്രോത്സാഹിപ്പിക്കൽ, ബഹുവർഷി പച്ചക്കറി കൃഷി പ്രോത്സാഹനം മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ വഴി മാലിന്യ നിർമ്മാർജ്ജനം, മിനി പോളീ ഹൗസ് നിർമ്മാണം എന്നിവ 2018-19-ൽ പദ്ധതി ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

15(1602) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ട് തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചതിലൂടെ എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് അവിടെ നടപ്പിലാക്കിവരുന്നത്;

(ബി) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 19-2-2018-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 22/2018/എ.ഡി. പ്രകാരം പച്ചക്കറിയുടെ പ്രത്യേക കാർഷിക വികസന മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ മേഖലയ്ക്ക് 2018-19-ൽ 20 ലക്ഷം രൂപ വികസനത്തിനായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക അടിസ്ഥാന സൗകര്യ വികസനത്തിനും ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗിനുമാണ്. ആയത് ചുവടെ ചേർക്കുന്നു:

1. ഫാം മെക്കനൈസേഷൻ-ഗ്രൂപ്പുകൾക്ക് (സ്പ്രെയറുകൾ, ഡസ്റ്ററുകൾ, വീഡ് കട്ടറുകൾ, മിനിട്രാക്ടർ, വീൽബാരോ എന്നിവ വാങ്ങുന്നതിന്)-15 ലക്ഷം രൂപ.

2. പച്ചക്കറികളുടെ പാക്കിംഗ്, ലേബലിംഗ്, റീടെയിൽ മാർക്കറ്റിംഗ് എന്നിവയ്ക്കായി-5 ലക്ഷം രൂപ

പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

2018-19 വർഷം 80 കോടിരൂപയാണ് സമഗ്ര പച്ചക്കറി കൃഷിക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മമൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്കുതല നഴ്സറികളുടെ വികസനം, മഴമറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശുനില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

മട്ടുപ്പാവ് കൃഷി എന്ന ഘടകമായി ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ ഓണത്തിന് ഒരു മുറം പച്ചക്കറി, സീറോ എനർജി കൂൾ ചേമ്പർ, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുൽപ്പാദനം പ്രോത്സാഹിപ്പിക്കൽ, ബഹുവർഷി പച്ചക്കറി കൃഷി പ്രോത്സാഹനം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ വഴി മാലിന്യ നിർമ്മാർജ്ജനം, മിനി പോളീഹൗസ് നിർമ്മാണം എന്നിവ 2018-19-ൽ പദ്ധതി ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## പാട്ടക്കൃഷി പ്രോത്സാഹനം

16(1603) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കൃഷി പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം;

(ബി) ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

### ഉത്തരം

(എ) പാട്ട വ്യവസ്ഥപ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ കൃഷി വികസന പദ്ധതികളിൽനിന്നും ആനുകൂല്യം നൽകുന്നുണ്ട്. സ്ഥിരമായി സ്ഥാപിക്കേണ്ട പമ്പ് ഹൗസ് ഉൾപ്പെടെയുള്ള മോട്ടോർ, കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങൾ ഒഴികെ മറ്റ് പദ്ധതികളിൽ ആനുകൂല്യം നൽകിവരുന്നു. എന്നാൽ സംസ്ഥാനത്ത് പാട്ടക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നില്ല.

(ബി) വിവിധ വിളകൾ കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം, സബ്സിഡി നിരക്കിൽ ഉൽപ്പാദനോപാധികളുടെ വിതരണം, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പരിരക്ഷ എന്നിവയുള്ള ആനുകൂല്യങ്ങൾ പാട്ടക്കൃഷി ചെയ്യുന്ന കർഷകർക്കും മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്.

കൂടാതെ തരിശുഭൂമിയിൽ നെൽക്കൃഷി ചെയ്യുന്നതിന് കർഷകന് ഒന്നാം വർഷം ഹെക്ടറിന് 25,000 രൂപ, രണ്ടാം വർഷം ഹെക്ടറിന് 5,800 രൂപ, മൂന്നാം വർഷം ഹെക്ടറിന് 3,750 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. ഈ പദ്ധതിയിൻകീഴിൽ തരിശുഭൂമിയുടെ ഉടമയ്ക്ക് ഒന്നാംവർഷം ഹെക്ടറിന് 5,000 രൂപ, രണ്ടാം വർഷം ഹെക്ടറിന് 1,200 രൂപ, മൂന്നാം വർഷം ഹെക്ടറിന് 750 രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നുണ്ട്. തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകന് ഹെക്ടറിന് 25,000 രൂപ ആനുകൂല്യം നൽകിവരുന്നു. ഈ പദ്ധതിയിൻകീഴിൽ തരിശുഭൂമിയുടെ ഉടമയ്ക്ക് ഹെക്ടറിന് 5,000 രൂപ നിരക്കിൽ ആനുകൂല്യം അനുവദനീയമാണ്.

## കോഴിക്കോട് ജില്ലയിൽ അഗ്രോ സർവ്വീസ് സെന്ററുകൾ

17(1604) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററുകളുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇവ ഏതൊക്കെ നിയമസഭ മണ്ഡലങ്ങളിലാണെന്നും അറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കാനുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനും തൊഴിൽ രഹിത യുവതീയുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് അഗ്രോസർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം നൽകി, സെന്റർ നിശ്ചയിക്കുന്ന നിരക്കിൽ വിവിധ കാർഷിക പ്രവൃത്തികൾ കർഷകർക്ക് നൽകിവരുന്നു.

കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചു പ്രവർത്തിച്ചുവരുന്നത്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുക, കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളികളുടെ കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപ്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. കൃഷിയിടങ്ങളിലെ മണ്ണുപരിശോധനയ്ക്ക് ആവശ്യമായ സഹായങ്ങളും സെന്റർ മുഖേന നൽകിവരുന്നുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം കർഷകർക്ക് ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവനകേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നതിനും തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ദ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു.

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് പുറമെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉൽപ്പാദനോപാധികളുടെ ഉൽപ്പാദനം, വിതരണം എന്നീ സേവനങ്ങൾ കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകിവരുന്നു. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവനകേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ തലക്കുളത്തുരിലെ കാക്കൂർ ബ്ലോക്കിൽ എലത്തൂർ പഞ്ചായത്തിൽ 2017-18-ൽ ഒരു അഗ്രോ സർവ്വീസ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

18(1605) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ആർ.ഐ.ഡി.എഫ്. 21ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ഡിസ്ട്രിക്ട് അഗ്രിക്കൾച്ചർ ഫാമിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനത്തിന് 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 332.5 ലക്ഷം രൂപ നബാർഡ് വായ്പയാണ്.

**നെൽവയൽ നികത്തുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടി**

19(1606) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നതിനുവേണ്ടി സർക്കാരിന് സമർപ്പിക്കുന്ന അപേക്ഷകളിൽമേൽ കൃഷിവകുപ്പ് പരിശോധനയ്ക്കായി നിയമിക്കുന്ന ഉദ്യോഗസ്ഥർ നിരുത്തരവാദപരമായ റിപ്പോർട്ടുകളാണ് സമർപ്പിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ;

(ബി) പ്രദേശത്തിന്റെ സാഹചര്യമോ അവസ്ഥയോ പഠിക്കാതെ നിലവിൽ കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ റോഡ്, ആശുപത്രികൾ എന്നിവയുടെ നിർമ്മാണത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കാതെ നിരസിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിക്കാത്ത സാഹചര്യത്തിൽ അവരെ ആ ചുമതലയിൽ നിന്ന് മാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) യോഗ്യതയുടെ അടിസ്ഥാനത്തിൽ കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരെ പരിശോധനയ്ക്ക് അയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനെലം-വേണ്ടല്ലൂർ റോഡിനും കോട്ടയ്ക്കൽ സഹകരണ ആശുപത്രിക്കും അനുമതി ലഭ്യമാക്കണമെന്ന അപേക്ഷ പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(എഫ്) ഈ രണ്ട് ഫയലുകളുടെയും ഇപ്പോഴത്തെ അവസ്ഥയും കൃഷിവകുപ്പ് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നതിനുവേണ്ടി സംസ്ഥാനതല സമിതി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകളിൽ സ്ഥല പരിശോധന ആവശ്യമെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകളിൽ സമിതിയിലെ വിഗദ്ധ അംഗങ്ങൾ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. അപ്രകാരം ലഭിച്ച റിപ്പോർട്ടുകൾ വസ്തുതാപരമാണ്.

(ബി) സംസ്ഥാനതല സമിതിയിലേയ്ക്ക് ലഭ്യമാകുന്ന ഓരോ അപേക്ഷയും വിശദമായി പരിശോധിച്ച് പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തിയാലുണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കൂടി കണക്കിലെടുത്തശേഷമാണ് സമിതി റിപ്പോർട്ട് സമർപ്പിക്കുന്നത്.

(സി & ഡി) ബാധകമല്ല.

(ഇ & എഫ്) ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനെലം-വേണ്ടല്ലൂർ റോഡിനുവേണ്ടി പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയും സമിതിയിലെ വിദഗ്ദ്ധ സമിതി അംഗം സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത അപേക്ഷയിൽ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. കോട്ടയ്ക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മിക്കുന്നതിന് നിലം പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ സംസ്ഥാനതല സമിതിയിലെ വിദഗ്ദ്ധ അംഗം സ്ഥലം പരിശോധിച്ച് സമിതി സർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ആയത് നിരസിച്ചുകൊണ്ട് 14-11-2016-ലെ സർക്കാർ ഉത്തരവ് (സാധാ.) 957/16/കൃഷി-പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

## കൃഷിയിലുണ്ടായ വർദ്ധനവ്

20 (1607) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) മട്ടുപ്പാവ് കൃഷിക്ക് ഏതെങ്കിലും തരത്തിലുള്ള പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

### ഉത്തരം

(എ) നെൽക്കൃഷി

സമഗ്ര നെൽക്കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പാക്കിയതിലൂടെ നെൽക്കൃഷിയുടെ വിസ്തൃതിയിലും ഉൽപ്പാദനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചു. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ച ഉണ്ടായിട്ടും 2016-17 വർഷം ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 171398 ഹെക്ടർ വിസ്തൃതിയും 436483 ടൺ അരി ഉൽപ്പാദനവും ആയിരുന്നു. ഹെക്ടറൊന്നിന് 2547 കിലോ ആയിരുന്നു ഉൽപ്പാദനക്ഷമത. 2017-18-ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം അത് 220449 ഹെക്ടർ വിസ്തൃതിയും 617260 ടൺ അരി ഉൽപ്പാദനവും ആയി വർദ്ധിച്ചു. ഹെക്ടറൊന്നിന് 2800 കിലോ ആയിരുന്നു ഉൽപ്പാദനക്ഷമത.

പച്ചക്കറി കൃഷി

സമഗ്ര പച്ചക്കറി വികസന പദ്ധതി എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിലൂടെ പച്ചക്കറി കൃഷിയിൽ വിസ്തൃതിയിലും ഉൽപ്പാദനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തു.

2017-18-ൽ 67858 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 10.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 21280 ഹെക്ടറിൽ അധികമായി പച്ചക്കറി കൃഷി ചെയ്യിപ്പിക്കുവാനും അതിലൂടെ 3.82 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനും സാധിച്ചു.

ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും ലഭ്യമാക്കാൻ ഉദ്ദേശിച്ച് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതി പ്രകാരം വിത്തുകൾ, പച്ചക്കറി തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോ ബാഗുകൾ എന്നിവ ലഭ്യമാകും. വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 99 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്യുവാനും കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി നൽകുവാനും ഉദ്ദേശിക്കുന്നു. 2017-18-ൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനും അതുവഴി 96899.52 ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും സാധിച്ചു.

(ബി) കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി മട്ടുപ്പാവ് കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. കൃഷി ചെയ്യാൻ താൽപ്പര്യമുണ്ടെങ്കിലും സ്ഥലപരിമിതിമൂലം അതിന് സാധിക്കാതെ വരുന്ന നഗര പ്രദേശങ്ങളിലെയും മറ്റിടങ്ങളിലെയും മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുകയാണ് ഈ പദ്ധതി ഘടകത്തിലൂടെ ലക്ഷ്യമിടുന്നത്. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 2,000 രൂപ വില വരുന്ന 25 ഗ്രോ ബാഗുകൾ അടങ്ങിയ ഒരു യൂണിറ്റ് 75% സബ്സിഡി നൽകി 500 രൂപ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ 42000 ഗ്രോ ബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതാണ്. മുൻ വർഷങ്ങളിൽ നൽകിയ ഗ്രോബാഗ് യൂണിറ്റുകൾ പുനരുജ്ജീവിപ്പിച്ച് തുടർന്നും കൃഷി പ്രാവർത്തികമാക്കുന്നതിനായി വിത്ത്, വളം, ജീവാണുവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ കർഷകർക്ക് നൽകുന്നു. 37500 ഗ്രോബാഗ് യൂണിറ്റുകൾ ഇത്തരത്തിൽ പുനരുജ്ജീവിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. ഗ്രോബാഗുകളിൽ ജലത്തിന്റെ ഉപയോഗം ക്രമീകരിക്കുന്നതിനായി 2250 ചെറിയ തുള്ളിനന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. നഗരപ്രദേശങ്ങളിലെ ഫ്ലാറ്റ് സമുച്ചയങ്ങൾ, വീടുകൾ, എന്നിവിടങ്ങളിൽ നിന്നും ഉൽഭവിക്കുന്ന മലിനജലം പുനഃചംക്രമണത്തിലൂടെ പച്ചക്കറി കൃഷിക്ക് ഉപയുക്തമാക്കുന്ന പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (CWRDM) ആണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നത്.

**സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലം**

21(1608) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി ചക്കയെ പ്രഖ്യാപിച്ചെങ്കിലും ചക്കയുടെ മൂല്യമനുസരിച്ചുള്ള വിപണി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്നതും പോഷകമൂല്യം ഏറിയതുമായ ചക്ക ശേഖരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ വിവിധ ഉല്പന്നങ്ങളാക്കി കയറ്റുമതിയും വിപണനവും നടത്തുന്നതിന് നിലവിൽ കൃഷിവകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ചക്കയുടെ വിപണിമൂല്യം സംബന്ധിച്ച് എന്തെങ്കിലും കണക്കുകൾ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ചക്കയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പന്ന നിർമ്മാണത്തിൽ കുടുംബശ്രീ അംഗങ്ങൾക്ക് കൂടി തൊഴിൽ ലഭിക്കുന്ന വിധത്തിൽ പദ്ധതി തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഏകദേശം 1 ലക്ഷം ഹെക്ടർ സ്ഥലത്ത് ജൈവ രീതിയിൽ പ്ലാവ് കൃഷി ചെയ്യുന്നുണ്ട്. ഏകദേശം 30 കോടിയോളം എണ്ണം ചക്ക ഉൽപ്പാദിപ്പിക്കുന്നതായാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ വിപണി മൂല്യം 300 കോടി രൂപയിലധികം വരും. എന്നാൽ 3 കോടിയിൽ താഴെയാണ് ഈ ഇനത്തിൽ വരുമാനം ലഭിക്കുന്നത്. പുതിയ സാങ്കേതിക വിദ്യയിൽനിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റിയാൽ 1500 മുതൽ 3000 കോടി രൂപയോളം വരുമാനമുണ്ടാക്കുവാൻ കഴിയും. പുതിയ സാങ്കേതിക വിദ്യ കണ്ടെത്തുന്നതിനും ഗവേഷണത്തിനും ഗുണമേന്മയുള്ള പ്ലാവിനങ്ങളുടെ പ്രജനനത്തിനും വിപണിയിൽ ഇടപെടുന്നതിനുമായി 105 ലക്ഷം രൂപ വയനാട് റീജിയണൽ അഗ്രിക്കൾച്ചറൽ റസിർച്ച് സ്റ്റേഷന് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കിവരുന്ന പ്രമുഖ കേന്ദ്ര പദ്ധതികളായ എം.ഐ.ഡി.എച്ച്.-ൽ ഉൾപ്പെടുത്തി ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് സംസ്കരണശാലകൾ സ്ഥാപിക്കുന്നതിന് (പ്രോജക്ട് അടിസ്ഥാനത്തിൽ) സ്വയം സംരംഭകർക്കും സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതാണ്. കൂടാതെ ചക്കയുടെ സംഭരണം, തരംതിരിക്കൽ/ഗ്രേഡിംഗ്, പാക്കിംഗ് എന്നിവയ്ക്കും സാമ്പത്തിക സഹായം നൽകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി ഘടകം | സബ്സിഡി നിരക്ക് | ആകെ തുക (ലക്ഷം രൂപ) | അനുവദനീയമായ സാമ്പത്തിക സഹായം (ലക്ഷം രൂപ) |
|---|---|---|---|
| വിള വിസ്തൃതി വ്യാപനം | 50.00% | 0.60 | 0.30 |
| പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റ് (പ്രോജക്ട് അടിസ്ഥാനത്തിൽ) | | | |
| ജനറൽ ഏരിയ | 40% | 25 | 10 |
| ഹില്ലി ഏരിയ | 55% | 25 | 13.75 |
| സംഭരണം, തരംതിരിക്കൽ/ഗ്രേഡിംഗ്, പായ്ക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് (പ്രോജക്ട് അടിസ്ഥാനത്തിൽ) | | | |
| ജനറൽ ഏരിയ | 40% | 15 | 6 |
| ഹില്ലി ഏരിയ | 55% | 15 | 8.25 |

(സി) ഉണ്ട്. ഈ വിഷയത്തിൽ കാർഷിക സർവ്വകലാശാല പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഈ മേഖലയിൽ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, എം.ഐ.ഡി.എച്ച്. പദ്ധതിയിലൂടെ നൽകിവരുന്ന സഹായം, ഉചിതമായ പദ്ധതി സമർപ്പിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്കും സഹായം പരിഗണിക്കുന്നതാണ്. കുടുംബശ്രീ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഹോർട്ടികോർപ്പ് മുഖേന വിറ്റഴിക്കുന്നതിന് MoU ഒപ്പ് വച്ചിട്ടുണ്ട്.

## പി.എം.കെ.എസ്.വൈ. പദ്ധതി

22(1609) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.കെ.എസ്.വൈ പദ്ധതിക്കായി 2016-2017 മുതൽ ഡി.പി.ആർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത ഡി.പി.ആറിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പും എന്തൊക്കെ പദ്ധതികളാണ് 2016-2017 മുതൽ തയ്യാറാക്കി എസ്.എൽ.എസ്.സി.ക്ക് സമർപ്പിച്ചിട്ടുള്ളത്; ഓരോ പദ്ധതിയുടെയും വകുപ്പിന്റെയും പേര് ലഭ്യമാക്കാമോ; ഇതിൽ ഏതൊക്കെ പദ്ധതിക്ക് എസ്.എൽ. എസ്.സി അംഗീകാരം നൽകി എന്ന് വ്യക്തമാക്കാമോ;

(സി) 2016-17 മുതൽ ഇതുവരെ പ്രസ്തുത പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ വകുപ്പ് തിരിച്ച് നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കൃഷി വകുപ്പ് 5723.56 ലക്ഷം രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ

1. ജലസംഭരണികൾ

2. കുഴൽ കിണർ

3. ചെറിയ ടാങ്കുകളുടെ പുനരുദ്ധാരണം

4. ഇലക്ട്രിക്/ഡീസൽ/സോളാർ/കാറ്റ് ഇവയിലൂടെ പ്രവർത്തിക്കുന്ന മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിക്കൽ.

5. തൽസ്ഥാനത്ത് മഴവെള്ളസംഭരണം

എല്ലാ പദ്ധതികൾക്കുമായി എസ്.എൽ.എസ്.സി. അംഗീകാരം നൽകി.

കൃഷി വകുപ്പ് സമർപ്പിച്ച പദ്ധതികൾ

കൃഷി വകുപ്പ്-790.92 ലക്ഷം രൂപയുടെ 11 പദ്ധതികൾ സമർപ്പിച്ചു. മണ്ണ് സർവ്വെ & സംരക്ഷണ വകുപ്പ് -22 പദ്ധതികൾ (760.35 ലക്ഷം), കെ.എൽ.ഡി.സി.-17 പദ്ധതികൾ (1035.24 ലക്ഷം) വിശദാംശങ്ങൾ അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു.

ജലസേചന വകുപ്പ്

2016-2017-ലെ Annual Action Plan-ൽ ഉൾപ്പെടുത്തി 117.54 കോടി രൂപയുടെ 289 പ്രവൃത്തികൾക്ക് SLSC-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചെറുകിട പൂമല ജലസേചന പദ്ധതിക്ക് 222 ലക്ഷം രൂപ 2017-2018-ൽ SLSC-യുടെ അംഗീകാരം നൽകിയിട്ടുണ്ട്.

ഗ്രാമവികസന വകുപ്പ്

ഗ്രാമവികസന വകുപ്പിൽനിന്നും പി.എം.കെ.എസ്.വൈ. (നീർത്തട ഘടകം) പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17, 2017-18, 2018-19 വർഷങ്ങളിൽ ആക്ഷൻ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്ലാനുകൾ തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. 2016-2017-ലും 2017-18-ലും എസ്.എൽ.എസ്.സി.-ക്ക് സമർപ്പിച്ച് അംഗീകരിച്ച ആക്ഷൻ പ്ലാനുകൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(സി) 2016-17-കേന്ദ്രത്തിൽനിന്നും കൃഷി വകുപ്പ് മുഖേന തുകയൊന്നും ലഭിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷം 3331.05 ലക്ഷം രൂപയ്ക്ക് പദ്ധതിയിനത്തിലും 66.621 ലക്ഷം രൂപ ഭരണ നിർവ്വഹണചെലവിനത്തിലുമായി ലഭിച്ചിട്ടുണ്ട്. വിവിധ ജില്ലകൾക്കും വകുപ്പുകൾക്കും നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

ഗ്രാമവികസന വകുപ്പ് മുഖേന നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം-4 ആയി ചേർത്തിരിക്കുന്നു.*

**കൃഷി വകുപ്പ് മുഖാന്തരമുള്ള പദ്ധതികൾ**

23(1610) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ കൃഷി വകുപ്പ് മുഖാന്തിരം നടത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെ;

(ബി) ഓരോന്നിന്റെയും വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ താഴെ കൊടുക്കുന്നു:

1. സംയോജിത നെൽക്കൃഷി വികസന പദ്ധതി
2. പച്ചക്കറി വികസന പദ്ധതി
3. ഓർഗാനിക് ഫാമിംഗ്
4. കേര വികസന പദ്ധതികൾ
5. സുഗന്ധവിള വികസന പദ്ധതി
6. സോയിൽ & റൂട്ട് ഹെൽത്ത് മാനേജ്മെന്റ്
7. വിള ആരോഗ്യപരിപാലന പദ്ധതി (ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്)

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

8. അഗ്രോ സർവ്വീസ് ആൻഡ് സർവ്വീസ് ഡെലിവറി

9. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ

10. ലാബുകളുടെ നവീകരണം-രാസവളകീടനാശിനി ഗുണനിലവാരം ഉറപ്പുവരുത്തൽ

(ബി)

| ക്രമ നമ്പർ | പദ്ധതികളുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | 2016-17 | 2017-18 |
| 1 | സംയോജിത നെൽക്കൃഷി വികസന പദ്ധതി | 4.94857 | 14.23 |
| 2 | കേര സമൃദ്ധി | 1.2976 | 4.34 |
| 3 | കാർഷികവിപണനവും വിപണി വികസനവും | 0.55 | 4.00 |
| 4 | ലബോറട്ടറികളുടെ ആധുനീകരണം | 0.07595 | - |
| 5 | കാർഷിക വിജ്ഞാന വ്യാപനം | 8.62741 | 12.76 |
| 6 | പച്ചക്കറി വികസനം | 49.21830 | 12.85 |
| 7 | വിള ആരോഗ്യപരിപാലന പദ്ധതി | 3.669 | 0.25 |
| 8 | അഗ്രോ സർവ്വീസ് സെന്റർ &സർവ്വീസ് ഡെലിവറി | 2.19285 | 4.82 |
| 9 | സോയിൽ ഹെൽത്ത് പ്ലാന്റ് & ഹെൽത്ത് മാനേജ്മെന്റ് | 2.65 | 2.5 |
| 10 | ജൈവകൃഷി | 9.84343 | 4.00 |
| 11 | സുഗന്ധവിള വികസന പദ്ധതി | 0.300 | 0.62 |
| 12 | ഓണ സമൃദ്ധി | 3.600 | 0.600 |
| 13 | പ്രകൃതിക്ഷോഭം | 11.95705 | 1.33216 |
| 14 | പയർവർഗ്ഗ വിളകളുടെ പ്രോത്സാഹന പദ്ധതി | | 0.500 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| | | | |
|---|---|---|---|
| 1 | നാഷണൽ ബയോ ഗ്യാസ് ഡെവലപ്മെന്റ് | 1.784 | - |
| 2 | എൻ.എം.എസ്.എ. സോയിൽ സാമ്പിൾ അനാലിസിസ് | 0.1426 | - |
| 4 | രാഷ്ട്രീയ കൃഷി വികാസ് യോജന– ഓർഗാനിക് ഫാമിംഗ് | 4.78008 | - |
| 5 | രാഷ്ട്രീയ കൃഷി വികാസ് യോജന-ഓർഗാനിക് ഫാമിംഗ് (SC/ST ഘടകം) | 0.70333 | - |
| **നോൺ പ്ലാൻ പദ്ധതികൾ** | | | |
| 1 | സൗജന്യ വൈദ്യുതി പദ്ധതി | 0.76615 | 0.091 |
| 2 | കർഷക പെൻഷൻ | 26.59600 | 189.00 |
| ജില്ലാകളക്ടറിൽ നിന്നും ലഭിച്ച തുക | | | |
| പ്രകൃതി ക്ഷോഭം വെള്ളപ്പൊക്കം | | 7.88850 | - |
| പ്രകൃതിക്ഷോഭം-വരൾച്ച | | 1.50651 | - |

**കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ**

24(1611) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പ് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കൃഷി വകുപ്പ് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നില്ല. എന്നാൽ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എ.-മാർ നൽകുന്ന പദ്ധതികളിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഘടകങ്ങൾക്ക് ആ പ്രദേശത്ത് മുൻഗണന നൽകുന്നതിന് ജില്ലാ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൃഷി സംബന്ധിച്ച നൂതനാശയങ്ങൾ**

25(1612) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലെയും തരിശുഭൂമി കണ്ടെത്തി കൃഷിയോഗ്യ മാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ കണ്ടെത്തുന്ന ഭൂമിയിൽ ജൈവകൃഷി ഉൾപ്പെടെ നടത്തുന്നതിന് തയ്യാറാകുന്ന കർഷകർക്ക് വേണ്ടുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പൊതുജനങ്ങൾക്ക് കൃഷി സംബന്ധിച്ച നൂതനാശയങ്ങൾ പരിചയപ്പെടുന്നതിനും വിജ്ഞാനത്തിനുമായി ആരംഭിക്കുവാനുദ്ദേശിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്, തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. ജൈവ കൃഷി പദ്ധതിയിൽ തരിശുനില കൃഷി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ജൈവ കൃഷി പദ്ധതിക്കായി പ്രത്യേക ആനുകൂല്യങ്ങളും വിവിധ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആത്മ'യിൽ ഒരു സംസ്ഥാനത്തിന് ഒരു വർഷത്തേയ്ക്ക് 65 ലക്ഷം രൂപ എന്ന വ്യവസ്ഥയിൽ തുക വകയിരുത്തിയിട്ടുണ്ട്. കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**നേമം മണ്ഡലത്തിലെ കാർഷിക പദ്ധതികൾ**

26(1613) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നേമം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | സ്കീമുകളുടെ പേര് | ചെലവഴിച്ച തുക | |
|---|---|---|---|
| | | 2016-2017 | 2017-2018 |
| 1 | നെൽകൃഷി വികസനം | 1,09,800 | 6,38,020 |
| 2 | കേര സമൃദ്ധി | | 1,52,205 |
| 3 | കാർഷിക വിപണനവും വിപണി വികസനം | | 40,732 |
| 4 | കാർഷിക വിജ്ഞാനവ്യാപനം | 5,900 | 7,000 |
| 5 | പച്ചക്കറി വികസനം പദ്ധതി | 3,89,084 | 7,49,000 |
| 6 | അഗ്രോ സർവ്വീസ് സെന്റർ &സർവ്വീസ് ഡെലിവറി | | 4,892 |
| 7 | ജൈവകൃഷി | 12,500 | |
| 8 | സുഗന്ധവ്യഞ്ജന വികസനം | 80,000 | |
| 9 | പ്രകൃതിക്ഷോഭം | 1,43,667 | 1,76,300 |
| 10 | പയർവർഗ്ഗ കൃഷി | | 5,000 |
| **നോൺ പ്ലാൻ പദ്ധതികൾ** | | | |
| 1 | സൗജന്യ വൈദ്യുതി പദ്ധതി | 78,197 | 1,30,471 |
| 2 | കർഷക പെൻഷൻ | 7,46,400 | 21,42,000 |

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതുമൂലം പച്ചക്കറി കൃഷിയുടെയും മറ്റ് കൃഷികളുടെയും വിസ്തൃതി വ്യാപിക്കുകയും ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്തു. രോഗകീടബാധകൾ നിയന്ത്രിക്കാൻ സാധിച്ചു. കര നെൽകൃഷി പ്രോത്സാഹിപ്പിച്ചു.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

27(1614) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഓണത്തിന് പച്ചക്കറി സുലഭമായി ലഭ്യമാക്കുവാൻ, 'ഓണത്തിന് ഒരു മുറം പച്ചക്കറി 'എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്;

(സി) കഴിഞ്ഞ വർഷം ഈ പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ നൽകുന്നതിന് കാലതാമസം വന്നതിനാൽ ഓണക്കാലത്ത് പച്ചക്കറി വിളവെടുക്കുവാൻ സാധിക്കാതെ വന്നതായ വസ്തുത പരിഗണിച്ച് ഈ വർഷം നേരത്തെതന്നെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം മികച്ച നിലയിൽ കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 2017-18-ൽ ആരംഭിച്ച 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി 2018-19-ലും നടപ്പിലാക്കിവരുന്നു. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകും.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കാർഷകർക്ക് 10 രൂപ വില വരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും സന്നദ്ധ സംഘടനകൾ മുഖേന 5 ലക്ഷം വിത്ത് പായ്ക്കറ്റുകളും മാധ്യമങ്ങൾ വഴി 12 ലക്ഷം വിത്തു പായ്ക്കറ്റുകളും കർഷകർക്ക് വിതണം ചെയ്യുന്നു. ഇതിന് പുറമെ 90.9 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുന്നതാണ്. ഹരിത കേരളം പദ്ധതി മുഖേന 42 ലക്ഷം വിത്ത് പായ്ക്കറ്റുകൾ സ്കൂൾ കുട്ടികൾക്ക് (ജൂൺ 5-നും 10-നും ഇടയ്ക്ക്) വിതരണം ചെയ്യുന്നുണ്ട്. ടി പരിപാടിക്ക് ആവശ്യമായ വിത്ത് പായ്ക്കറ്റുകൾ വി.എഫ്. പി.സി.കെ-യാണ് ലഭ്യമാക്കുന്നത്. 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പച്ചക്കറി തൈകൾ/വിത്തു പായ്ക്കറ്റുകൾ (ജൂൺ 10-ന് മുമ്പ്) വിതരണം നടത്തുന്നതാണ്. കർഷകർക്ക് കൃഷിയെ സംബന്ധിച്ചുള്ള സംശയ നിവാരണത്തിനായുള്ള ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകുന്നതാണ്.

(ബി) ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കുടുംബശ്രീ തുടങ്ങിയ ഏജൻസികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെ യാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

(സി) പച്ചക്കറി തൈകൾ/വിത്തു പായ്ക്കറ്റുകൾ കർഷകർക്ക് ജൂൺ പകുതിയോടെതന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച നിലയിൽ പച്ചക്കറിത്തോട്ടം ഒരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000 രൂപ, 7,500 രൂപ, 5,000 രൂപയും സംസ്ഥാന തലത്തിൽ 1,00,000 രൂപ, 50,000 രൂപ, 25,000 രൂപയും അവാർഡായി നൽകുന്നു. ചുരുങ്ങിയത് 5 ഇനം പച്ചക്കറികളെങ്കിലും കൃഷി ചെയ്യുന്ന വീട്ടമ്മമാരെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

**കോങ്ങാട് മണ്ഡലത്തിലെ കതിർ പ്രോജക്ട്**

28(1615) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കതിർ പ്രോജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) ഈ പ്രോജക്ടിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) ഇക്കാര്യത്തിൽ വകുപ്പിലുണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ പാലക്കാട് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ ഗുരുതരമായ കാലതാമസം വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഇ) എന്നുമുതൽ പ്രസ്തുത പ്രോജക്ട് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) 9-4-2018-ൽ കൂടിയ സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റി കോങ്ങാട് മണ്ഡലത്തിലെ കതിർ പ്രോജക്ട് ഡെഫർ ചെയ്യുകയുണ്ടായി. RKVY-RAFTAAR 2018-19-ൽ മാനദണ്ഡങ്ങൾക്കനുസരിച്ച് cost norms വ്യക്തമാക്കിക്കൊണ്ട് പുതിയ പ്രൊപ്പോസൽ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വകുപ്പിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) RKVY-RAFTAAR പ്രകാരമുള്ള പുതിയ പ്രോജക്ട് പ്രൊപ്പോസൽ SLSC അംഗീകരിക്കുന്ന മുറയ്ക്ക് പ്രോജക്ട് നടപ്പിലാക്കാൻ കഴിയും. കോങ്ങാട് മണ്ഡലത്തിലെ പ്രോജക്ട് സംബന്ധിച്ച് വിലയിരുത്താൻ ഒരു യോഗം മന്ത്രിതലത്തിൽ വിളിക്കുന്നതാണ്.

**കർഷകസഭകൾ**

29(1616) ശ്രീ. കെ. എം. ഷാജി :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും കർഷകസഭകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) കൃഷി വകുപ്പ് പുന:സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) എല്ലാ വാർഡുകളിലും കർഷക സഭകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) അശ്വതി രോഹിണി ഞാറ്റുവേല (2018 ജൂൺ 7 മുതൽ തിരുവാതിര ഞാറ്റുവേല 2018 ജൂലൈ 3) വരെ ഒരു മാസക്കാലയളവിലാണ്, കർഷക സഭ നടപ്പിലാക്കുന്നത്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ് അടിസ്ഥാനത്തിൽ വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കർഷകസഭകൾ സംഘടിപ്പിച്ചുവരുന്നു. കൃഷി വകുപ്പിന്റെയും കൃഷിഭവന്റെയും സേവനം ഏറ്റവും താഴെത്തട്ടിൽ എത്തിക്കുക എന്ന ഉദ്ദേശ്യമാണ് കർഷക സഭകൾക്കുള്ളത്. കൃഷി വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നതോടൊപ്പം നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് അപേക്ഷകൾ സ്വീകരിക്കുന്നതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ആണ്. ഇതിനുപുറമെ എല്ലാ കൃഷി ഭവനുകളിലും ഞാറ്റുവേല ചന്തകൾ സംഘടിപ്പിക്കുകയും ഈ ചന്തകൾ വഴി കൃഷി വകുപ്പ് ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾക്ക് മുൻഗണന നൽകി വിൽപ്പന നടത്തുന്നതാണ്. ജൈവ ഉൽപ്പാദനോപാധികൾ, ജൈവകീട നിയന്ത്രണോപാധികൾ എന്നിവ വിൽക്കുകയും മണ്ണ് പരിശോധന, വിവിധ വിഷയങ്ങളിലെ ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു. കർഷകരുടെ ആവശ്യങ്ങളിൽ നിർദ്ദേശങ്ങൾ പരിഗണിക്കുകയും ആവശ്യമെങ്കിൽ മറ്റ് സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതുമാണ്.

(സി) ഉണ്ട്. 18-5-2017-ൽ ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനായി ഒരു വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കൃഷി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിൻപ്രകാരം പുനസംഘടന സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുടെയും മറ്റും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ 3-10-2017-ലെ ഒ & എം (1)22025/2017 നമ്പർ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്.

**പ്രധാനമന്ത്രി കൃഷി സിൻജായി യോജന**

30(1617) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പി.എം.കെ.എസ്.വൈ ഡിസ്ട്രിക് ലെവൽ കമ്മിറ്റികൾ എത്ര തവണ ഏതെല്ലാം ജില്ലകളിൽ കൂടിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പദ്ധതികളുടെ നടത്തിപ്പിനായി കൃഷിവകുപ്പിന് കീഴിലുള്ള ആത്മ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പി.എം.കെ.എസ്.വൈ പദ്ധതിയുടെ കീഴിൽ 2016 മുതൽ നാളിതുവരെ എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-മുതൽ പി.എം.കെ.എസ്.വൈ. ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റികൾ കൂടിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 4 |
| 4 | ആലപ്പുഴ | 7 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 8 |
| 7 | എറണാകുളം | 4 |
| 8 | തൃശ്ശൂർ | 3 |
| 9 | പാലക്കാട് | 8 |

| 1 | 2 | 3 |
|---|---|---|
| 10 | മലപ്പുറം | 6 |
| 11 | കോഴിക്കോട് | 7 |
| 12 | വയനാട് | 11 |
| 13 | കണ്ണൂർ | 4 |
| 14 | കാസർഗോഡ് | 10 |

(ബി) പ്രസ്തുത കാലയളവിൽ പി.എം.കെ.എസ്.വൈ പദ്ധതിപ്രകാരം 212 ലക്ഷം രൂപയാണ് ആത്മ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) പി.എം.കെ.എസ്.വൈ. പദ്ധതിയുടെ കീഴിൽ കൃഷി വകുപ്പിൽനിന്നും 2016 മുതൽ നാളിതുവരെ സമർപ്പിച്ച പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

പി.എം.കെ.എസ്.വൈ.-യിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിലെ 117.54 കോടി രൂപയുടെ 289 പ്രവൃത്തികൾക്ക് 2016-17-ലെയും 360.42 കോടി രൂപയുടെ 695 പ്രവൃത്തികൾക്ക് 2017-18-ലെയും എ.എ.പി.യിൽ ഉൾപ്പെടുത്തി SLSC-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 3 ആയി ചേർക്കുന്നു.

പി.എം.കെ.എസ്.വൈ പദ്ധതി 2016-ൽ നിലവിൽ വന്നതിനുശേഷം ഗ്രാമവികസന കമ്മീഷണർ NRM പ്രവൃത്തികൾ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഏറ്റെടുത്തു നടപ്പാക്കി വന്നത്. ഇതിൻപ്രകാരം IWMP പദ്ധതിയിൽ അംഗീകരിച്ച 83 പ്രോജക്ടുകളിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പൂർത്തീകരണത്തിനാണ് മുൻഗണന നൽകിയത്. 75.808 കോടി രൂപയുടെ പ്രവൃത്തികൾ 2016 മുതൽ 2018 മാർച്ച് 31 വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചു. 2018-2019 സാമ്പത്തിക വർഷത്തേയ്ക്ക് ജില്ലാ തലങ്ങളിൽ വിളിച്ചുചേർത്ത ഡിസ്ട്രിക്ട് ലെവൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ ശിപാർശ പ്രകാരം പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 42.73 കോടി രൂപയുടെയും MGNREGS-മായി കൺവെർജ് ചെയ്യുന്നതിനായി ആ പദ്ധതിയിൽ ഉൾപ്പെടുത്തി 10.52 കോടി രൂപയുടെയും ആകെ 53.25 കോടി രൂപയുടെയും പ്രവൃത്തികൾക്കുള്ള കർമ്മ പദ്ധതി തയ്യാറാക്കി SLSC-യുടെ അംഗീകാരത്തിന് സമർപ്പിച്ചത് അനുബന്ധം 4 ആയി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കർഷക ക്ഷേമനിധി പ്രകാരമുള്ള ആനുകൂല്യങ്ങൾ**

31(1618) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നിയമം വഴി ക്ഷേമനിധി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന കർഷകർ പ്രതിമാസം എന്ത് തുക അംശദായം അടയ്ക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്;

(സി) മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമായി പെൻഷനും ആനുകൂല്യങ്ങളും ലഭിക്കുന്നവർ കർഷക ക്ഷേമനിധി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാണോ;

(ഡി) ഇത് സംബന്ധിച്ച ബിൽ എന്നത്തേയ്ക്ക് കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ-ഡി) കർഷകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നിയമം വഴി ക്ഷേമനിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ നൽകുക, പിന്നാക്കം നിൽക്കുന്ന അംഗങ്ങൾക്ക്/അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം, കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും അവശതാ പെൻഷൻ, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങളാണ് കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ മന്ത്രിസഭ അംഗീകരിച്ചു കഴിഞ്ഞു. കാര്യോപദേശക സമിതിയുടെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും അനുമതിയോടെയും ഈ നിയമസഭാ സമ്മേളനത്തിൽതന്നെ അവതരിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കര നിയോജകമണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

32(1619) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര വികസന ഏജൻസിയുടെ സഹായത്തോടെ ഏതെല്ലാം പുതിയ പദ്ധതികളാണ് മാവേലിക്കര നിയോജകമണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്നും വകയിരുത്തിയ തുക എത്രയെന്നും വിശദമാക്കാമോ ;

(ബി) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ബണ്ടുകളുടെ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓണാട്ടുകര പ്രദേശത്തെ വിളകളുടെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ഓണാട്ടുകര വികസന ഏജൻസി തയ്യാറാക്കി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഓണാട്ടുകര പ്രദേശത്ത് മാവേലിക്കര, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങൾ ഉൾപ്പെടുന്നു. മാവേലിക്കരയ്ക്ക് മാത്രമായി പദ്ധതികൾ സമർപ്പിച്ചിട്ടില്ല. പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വികസന പദ്ധതികൾ | തുക (ലക്ഷം) |
|---|---|---|
| 1 | ഓണാട്ടുകര പ്രദേശത്തെ എള്ള് കൃഷി വികസന പദ്ധതി | 81.6 |
| 2 | ഓണാട്ടുകര പ്രദേശത്തെ കിഴങ്ങ് വർഗ്ഗ കൃഷി വികസന പദ്ധതി | 162.225 |
| 3 | ഓണാട്ടുകര പ്രദേശത്തെ പയർ കൃഷി വികസന പദ്ധതി | 35.875 |
| 4 | ഓണാട്ടുകര പ്രദേശത്തെ വാഴ കൃഷി വികസന പദ്ധതി | 235.2375 |
| 5 | ഓണാട്ടുകര പ്രദേശത്തെ മഞ്ഞൾ കൃഷി വികസന പദ്ധതി | 43.75 |
| 6 | ഓണാട്ടുകര പ്രദേശത്തെ ഇഞ്ചി കൃഷി വികസന പദ്ധതി | 32.1875 |
| 7 | ഓണാട്ടുകര പ്രദേശത്തെ വെറ്റില കൃഷി വികസന പദ്ധതി | 51.0 |
| 8 | ഓണാട്ടുകര പ്രദേശത്തെ പ്ലാവ് കൃഷി വികസന പദ്ധതി | 9.27 |
| 9 | ഓണാട്ടുകര പ്രദേശത്തെ പപ്പായ കൃഷി വികസന പദ്ധതി | 2.38 |
| 10 | ഓണാട്ടുകര പ്രദേശത്തെ കുടംപുളി കൃഷി വികസന പദ്ധതി | 8.07837 |
| 11 | ഓണാട്ടുകര പ്രദേശത്തെ കീടരോഗ നിയന്ത്രണം വികസന പദ്ധതി | 701.585 |
| 12 | ഓണാട്ടുകര പ്രദേശത്തെ കുരുമുളക് കൃഷി വികസന പദ്ധതി | 7.75 |

തഴവ വട്ടക്കായലിൽപ്പെട്ട 220 ഹെക്ടർ തരിശു കൃഷിക്കും ഓണാട്ടുകര പ്രദേശത്തെ എള്ള്, പയർ കൃഷിക്കും ഫണ്ട് അനുവദിക്കുകയും കൃഷി നടപ്പാക്കുകയും ചെയ്തു. ഓണാട്ടുകര വികസന ഏജൻസിയുടെ പ്രവർത്തനത്തിനായും തുക അനുവദിച്ചു. ഇപ്രകാരം നെൽകൃഷി വികസനം, പയർ വർഗ്ഗ വികസനം, പ്രാദേശിക വിള വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 124.5 ലക്ഷം രൂപ ഓണാട്ടുകര പ്രദേശത്തെ വികസനത്തിനായി നൽകിയിട്ടുണ്ട്.

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ് XII സ്കീമിൽ ഉൾപ്പെടുത്തി ഓണാട്ടുകര മേഖലയിൽ, മാവേലിക്കര താലൂക്കിൽ ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്തിൽ ആലുംമൂട്ടിൽ ചെന്നിട്ട പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി 37.42 ലക്ഷം രൂപയുടെ പദ്ധതിക്ക് കെ.എൽ.ഡി.സി.-ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ആവശ്യമുള്ള സ്ഥലങ്ങളിൽ ബണ്ടുകളുടെ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്ക് ടി പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

ഓണാട്ടുകര പ്രദേശത്തെ, നെൽകൃഷിക്കായുള്ള പ്രത്യേക കാർഷിക മേഖല (SAZ) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഓണാട്ടുകര വികസന ഏജൻസിയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നെൽക്യഷിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാവേലിക്കര നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളും ഉൾപ്പെടുത്തി 94 കോടി രൂപയുടെ സമഗ്ര പദ്ധതി ഓണാട്ടുകര വികസന ഏജൻസി തയ്യാറാക്കി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**പാലാഴിത്തോട് പാർശ്വഭിത്തി നിർമ്മാണം**

33(1620) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ചൊക്ലി ഗ്രാമപഞ്ചായത്തിലെ പാലാഴിത്തോട് പാർശ്വഭിത്തി നിർമ്മാണത്തിന് കേരളാ സ്റ്റേറ്റ് ലാൻഡ് ഡെവെലപ്മെന്റ് കോർപ്പറേഷൻ (KLDC) മുഖാന്തരം ഫണ്ട് അനുവദിക്കുന്നതിന് വേണ്ടി സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർശ്വഭിത്തി നിർമ്മാണത്തിന് നബാർഡ് മുഖാന്തരം ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ചൊക്ലി പഞ്ചായത്തിലെ പാലാഴിത്തോട് പാർശ്വഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 1100.64 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് RIDF XXIV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കെ.എൽ.ഡി.സി. എം.ഡി. ലഭ്യമാക്കിയിരുന്നു. ലഭ്യമായ അപേക്ഷകളെല്ലാം ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു.

നബാർഡ് കെ.എൽ.ഡി.സി.-ക്ക് 35 കോടി രൂപയുടെ സെക്ടറൽ അലോക്കേഷൻ മാത്രമാണ് അനുവദിച്ചുനൽകിയത്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് പാലാഴിത്തോട് പാർശ്വഭിത്തി നിർമ്മാണം ഇപ്പോൾ പരിഗണിക്കാൻ കഴിയാത്തത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

**കൃഷിവകുപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക**

34(1621) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിനായി 2016-17, 2017-18 വർഷങ്ങളിൽ എത്ര തുക ബജറ്റിൽ വകയിരുത്തി; എത്ര രൂപ ചെലവഴിച്ചു; ചെലവഴിക്കാത്ത തുക എത്ര; വിശദമാക്കുമോ;

(ബി) 2017-2018 വർഷത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി എത്ര രൂപയുടെ പ്രൊപ്പോസൽ സർക്കാരിനു നൽകി; എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിക്കാതിരുന്നു; വിശദമാക്കുമോ ;

(സി) സപ്ളിമെന്ററി ഗ്രാന്റിനുവേണ്ടി എത്ര തുക പ്രൊപ്പോസൽ നൽകി; എത്ര തുക ലഭിച്ചു; വിശദമാക്കുമോ ;

(ഡി) ലഭിച്ച പ്രൊപ്പോസൽ ഏതെല്ലാം; ലഭിച്ച തുക എത്ര; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-2017 വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി പ്ലാൻ ശീർഷകത്തിൽ 53115.77 ലക്ഷം രൂപ വകയിരുത്തി. 48335.67 ലക്ഷം രൂപ ചെലവഴിച്ചു. ചെലവഴിക്കാത്ത തുക 4780.1 ലക്ഷം രൂപ.

പദ്ധതിയേതര ശീർഷകത്തിൽ 117909.96 ലക്ഷം രൂപ വകയിരുത്തിയതിൽ 91525.43 ലക്ഷം രൂപ ചെലവഴിച്ചു. ചെലവഴിക്കാത്ത തുക 26384.53 ലക്ഷം രൂപ.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന വിഹിതമായി 14200.00 ലക്ഷം രൂപ വകയിരുത്തിയതിൽ അനുവദിച്ച 10887.086 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചു.

2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി പ്ലാൻ ശീർഷകത്തിൽ 51066.03 ലക്ഷം രൂപ വകയിരുത്തിയതിൽ 44470.23 ലക്ഷം രൂപ ചെലവഴിച്ചു. ചെലവഴിക്കാത്ത തുക 6595.8 ലക്ഷം രൂപ.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന വിഹിതമായി 15638.00 ലക്ഷം രൂപ വകയിരുത്തിയതിൽ 10167.12 ലക്ഷം രൂപ ചെലവഴിച്ചു. ചെലവഴിക്കാത്ത തുക 417.43 ലക്ഷം രൂപ.

പദ്ധതിയേതര ശീർഷകത്തിൽ 165486.98 ലക്ഷം രൂപ വകയിരുത്തിയതിൽ 110659.86 ലക്ഷം രൂപ ചെലവഴിച്ചു. ചെലവഴിക്കാത്ത തുക 54827.12 ലക്ഷം രൂപ.

(ബി) 2017-18 വർഷത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി 51128.94160 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിന് നൽകി. 50728.94160 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി ചെലവഴിക്കുന്നതിനുള്ള അഡീഷണൽ ഓതറൈസേഷൻ അനുമതി ലഭിച്ചു. 45014.00783 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി ചെലവഴിച്ചു. 5714.93377 ലക്ഷം രൂപയുടെ അധിക വിനിയോഗ അനുമതി ചെലവഴിച്ചില്ല. പ്രൊപ്പോസൽ നൽകാതെ സർക്കാരിൽനിന്നും ലഭിച്ച 38 ലക്ഷം രൂപ മുഴുവൻ ചെലവഴിച്ചു.

(സി) സപ്ലിമെന്ററി ഗ്രാന്റിനുവേണ്ടി 201955.65 ലക്ഷം രൂപയുടെ പ്രൊപ്പോസൽ നൽകിയതിൽ 42212.04 ലക്ഷം രൂപ ലഭിച്ചു.

(ഡി) കർഷകപെൻഷൻ-42212.00 ലക്ഷം രൂപ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ-കോക്കനട്ട് ബോർഡ് സ്കീം ഓൺ TMOC (100%CSS)-0.01 ലക്ഷം രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലോൺ-0.01 ലക്ഷം രൂപ വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി നിക്ഷേപം-0.01 ലക്ഷം രൂപ വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി വായ്പ-0.01 ലക്ഷം രൂപ.

**ജൈവ കീടനാശിനി ഉത്പാദനം**

35(1622) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കീടനാശിനി ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) ജൈവകീടനാശിനി ഉത്പാദനത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ പുതിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, മങ്കൊമ്പിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് എന്നിവ മുഖേന വിവിധ ജൈവ കീടനാശിനികൾ കർഷകർക്ക് നൽകിവരുന്നു. ഇതുകൂടാതെ കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കർഷകരുടെ കൃഷി ഇടങ്ങളിൽ തന്നെ ഇവ ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള പ്രോത്സാഹനവും സഹായവും കർഷകർക്കും, SHG പോലുള്ള ഗ്രൂപ്പുകൾക്കും നൽകിവരുന്നു. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജൈവകീടരോഗ നിയന്ത്രണ ഉപാധികൾ വാങ്ങി ഉപയോഗിക്കാൻ കർഷകർക്ക് സഹായം നൽകുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേനയും വിള ആരോഗ്യ പരിപാലനത്തിൽ ഡിപ്ലോമ കോഴ്സ് ചെയ്ത കൃഷി ഓഫീസർമാർ പ്രവർത്തിക്കുന്ന കൃഷി ഭവനുകളിലും ജൈവകീടരോഗ ഉപാധികൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ജൈവ കീടരോഗ നിയന്ത്രണ ഉപാധികളുടെ ഉപയോഗത്തിലൂടെ വിഷാംശമില്ലാത്ത ഭക്ഷ്യവിളകൾ ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനങ്ങൾ, ശിൽപ്പശാലകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടപ്പിലാക്കിവരുന്നു. വിള ആരോഗ്യ പരിപാലന പദ്ധതിയിൻ കീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, മറ്റ് ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നു.

കീടരോഗബാധ മുൻകൂട്ടി കണ്ടെത്തി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി 202 പഞ്ചായത്തുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും 4 ജില്ലകളിൽ ജില്ലാതല റഫറൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. നടപ്പുവർഷം 56 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും ഒരു ജില്ലാതല റഫറൽ ക്ലിനിക്കും ആരംഭിക്കാൻ ലക്ഷ്യമിടുന്നു.

## ജൈവ പച്ചക്കറി കൃഷി

36(1623) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ജൈവ പച്ചക്കറി കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജൈവകൃഷി നടപ്പാക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി 2016-17, 2017-2018 എന്നീ വർഷങ്ങളിലാണ് ഈ സർക്കാർ നടപ്പിലാക്കിയത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ PKVY (പരമ്പരാഗത കൃഷി വികാസ യോജന) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകളിൽ ജൈവ കൃഷി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായി 254.813 ലക്ഷവും NPOP (National Programme for Organic Production) മാനദണ്ഡങ്ങൾ പ്രകാരം ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തൊട്ടാകെയുള്ള 681 ജി.എ.പി. ക്ലസ്റ്ററുകളിലായി 14500 Ha-ൽ ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള ജൈവ കൃഷി പദ്ധതി നടപ്പാക്കുന്നുണ്ട്. ഇവയിൽനിന്നും വിപണനത്തിനായി നടപ്പു സാമ്പത്തിക വർഷം ഏകദേശം 4750 ടൺ പഴം പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

2017-18 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും 1000 ലക്ഷം രൂപ വകയിരുത്തി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ
2. ഇക്കോഷോപ്പുകൾ
3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം
4. ജൈവ കാർഷിക മണ്ഡലം അവാർഡ്
5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ
6. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള കുട്ടനാട്ടിലെ കൃഷി (കുട്ടനാട് ജി.എ.പി.)

ജൈവ കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പുസാമ്പത്തിക വർഷം (2018-19) 1011 ലക്ഷം രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(ബി) ജൈവ കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ സാമ്പത്തിക വർഷം (2018-19) 1011 ലക്ഷം രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കൃഷി പ്രവർത്തനങ്ങൾ
2. ഇക്കോഷോപ്പുകൾ
3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം
4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ
5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്
6. കുട്ടനാട് GAP പദ്ധതി

**പഴം -പച്ചക്കറികളിലെ അമിത കീടനാശിനി പ്രയോഗം**

37(1624) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ സാന്നിദ്ധ്യം ക്രമാതീതമായ തോതിൽ കണ്ടെത്തിയത് സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ സാന്നിദ്ധ്യം ക്രമാതീതമായ തോതിൽ കണ്ടെത്തിയത് സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി

അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ ജൈവ ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാൻഡിൽ കേരള ഓർഗാനിക് ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വഴിയും ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം എന്ന ഘടകം വഴിയും ഉയർന്ന വില കർഷകർക്ക് നൽകി സംഭരണവും വിൽപ്പനയും നടത്തി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നു. ഇതര സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളിലെയും പച്ചക്കറികളിലെയും കീടനാശിനികളുടെ സാന്നിദ്ധ്യം നിയന്ത്രിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും കൃഷി വകുപ്പ്, ഫുഡ് സേഫ്റ്റി കമ്മീഷണറും കാർഷിക സർവ്വകലാശാലയും ചേർന്ന് തമിഴ്നാട് സംസ്ഥാനത്തെ കൃഷി സ്ഥലങ്ങൾ സന്ദർശിച്ച് തമിഴ്നാട് കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവരുടെ യോഗം ചേർന്ന് അമിതമായ കീടനാശിനി പ്രയോഗം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

## കൃഷി വകുപ്പിന്റെ ഒരു മുറം പച്ചക്കറി പദ്ധതി

38(1625) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന കൃഷി വകുപ്പിന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ റസിഡന്റ്സ് അസോസിയേഷനുകളെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുവാൻ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകുമോ?

### ഉത്തരം

(എ) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി' നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം വിത്തുകൾ, പച്ചക്കറി തൈകൾ, തൈകൾ

നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നതാണ്. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകളടങ്ങിയ 99 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്യുന്നു. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് സൗജന്യമായി നൽകുന്നു. വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ.-യാണ് ലഭ്യമാക്കുന്നത്.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നത് വഴി ഓണക്കാലത്ത് ഓരോ വീട്ടിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറി ഉപയോഗിക്കുവാൻ കഴിയും. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമ്മ സേന, അഗ്രോ സർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയ എല്ലാവരുടെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ഏറ്റവും നല്ല പച്ചക്കറിത്തോട്ടം ഒരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000 രൂപ, 7,500 രൂപ, 5000 രൂപയും സംസ്ഥാന തലത്തിൽ 1,00,000 രൂപ, 50,000 രൂപ, 25,000 രൂപയും അവാർഡായി നൽകുന്നു. ചുരുങ്ങിയത് 5 ഇനം പച്ചക്കറികളെങ്കിലും കൃഷി ചെയ്യുന്ന വീട്ടമ്മമാരെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

(ബി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളെ ഒന്നിപ്പിച്ച് 2017-18-ൽ 49 ഹരിത ഗ്രൂപ്പുകൾ സ്ഥാപിച്ചു. ഒരു ഗ്രൂപ്പിൽ 3 മുതൽ 4 വരെ റസിഡന്റ്സ് അസോസിയേഷനുകൾ ഉൾപ്പെടുന്നു. ഹരിതഗ്രൂപ്പുകൾ ആഴ്ചചന്തകൾ രൂപീകരിക്കുകയും ചന്തകൾ വഴി തങ്ങൾ വിളയിച്ചെടുത്ത പച്ചക്കറി വിപണനം നടത്തുകയും ചെയ്യുന്നു. ഇതുകൂടാതെ കൃഷി സംബന്ധമായ ക്ലാസ്സുകൾ, പരിശീലനങ്ങൾ എന്നിവയും ഈ ഗ്രൂപ്പുകൾ മുഖാന്തരം ചെയ്യുന്നു. നഗരങ്ങളിലെ പച്ചക്കറി കൃഷിയെ സ്ഥാപനവൽക്കരിക്കാൻ വേണ്ടി രൂപീകരിച്ച റസിഡന്റ്സ് അസോസിയേഷനുകളുടെ കൂട്ടായ്മയാണ് ഹരിത ഗ്രൂപ്പുകൾ. ഇതനുസരിച്ച് ഈ വർഷം 50 ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുന്നതാണ്. ഓരോ ഹരിത ഗ്രൂപ്പിന്റെയും രജിസ്ട്രേഷൻ തുടർ പ്രവർത്തനങ്ങൾക്കായി 50,000 രൂപ അനുവദിച്ചിട്ടുണ്ട്.

## പച്ചക്കറി/പഴവർഗ്ഗങ്ങൾ എന്നിവ കുറഞ്ഞ നിരക്കിൽ വിപണനം നടത്താൻ സ്വീകരിച്ച നടപടികൾ

39(1626) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദിവസേന ആവശ്യമായ പച്ചക്കറി/പഴ വർഗ്ഗങ്ങൾ എന്നിവയുടെ അളവ് എത്രയാണെന്ന് അറിയിക്കുമോ; സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ അധീനതയിൽ ദൈനംദിനം ലഭ്യമാകുന്ന പച്ചക്കറി/പഴ വർഗ്ഗങ്ങൾ എന്നിവയുടെ അളവ് എത്രയാണെന്ന് അറിയിക്കുമോ; ഇതര സംസ്ഥാനത്തുനിന്നും ഇതുമായി ബന്ധപ്പെട്ട് എത്ര ഉല്പന്നങ്ങൾ വാങ്ങുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പച്ചക്കറി/പഴവർഗ്ഗങ്ങൾ എന്നിവ കുറഞ്ഞ നിരക്കിൽ വിപണനം നടത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാഷണൽ സാമ്പിൾ സർവ്വെ ശിപാർശകൾ പ്രകാരം ഒരു വ്യക്തിക്ക് ഒരു ദിവസം 200 ഗ്രാം പച്ചക്കറികളും 100 ഗ്രാം പഴവർഗ്ഗങ്ങളും സംസ്ഥാനത്ത് ദിവസേന ആവശ്യമായി വരും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത ശിപാർശ പ്രകാരം കേരളത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി 11088 മെട്രിക് ടൺ പച്ചക്കറി/പഴവർഗ്ഗങ്ങൾ ദിവസേന ആവശ്യമാണ്. സംസ്ഥാനത്തുടനീളമുള്ള ഹോർട്ടിക്കോർപ്പ് സ്റ്റാളുകളിലൂടെ വിതരണം ചെയ്യുന്നതിന് ദൈനംദിന 54 ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. ഏകദേശം 52 ഇനം പച്ചക്കറികളാണ് ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ വിപണനം നടത്തുന്നത്. ഇതിൽ 15 ഇനം പച്ചക്കറികൾ കേരളത്തിൽ പൂർണ്ണമായും 18 ഇനം പച്ചക്കറികൾ ഭാഗികമായും ഉൽപ്പാദിപ്പിക്കുന്നവയാണ്. 17 ഇനം പച്ചക്കറികൾ പൂർണ്ണമായും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. കേരളത്തിൽ ലഭ്യതക്കുറവുള്ള അമര, ചെറിയമുളക്, കോളിഫ്ലവർ, നാരങ്ങ, മുരിങ്ങയ്ക്ക, ബീറ്റ്റൂട്ട്, സവാള, ചെറിയ ഉള്ളി, ക്ലർക്ക, മല്ലിയില, കറിവേപ്പില, നെല്ലിക്ക, കാപ്സിക്കം എന്നിവ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും സംഭരിച്ചുവരുന്നു.

(ബി) പഴം, പച്ചക്കറികൾ എന്നിവ കുറഞ്ഞ നിരക്കിൽ വിപണനം നടത്തുന്നതിനായി സംസ്ഥാനത്തെ കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ. എന്നിവിടങ്ങളിൽനിന്നും

കർഷകർക്ക് പൊതു വിപണി വിലയേക്കാൾ 10% കൂടുതൽ നൽകി സംഭരിച്ച് കമ്പോള വിലയേക്കാൾ 10% മുതൽ 20% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. ഉത്സവ സീസണുകളിൽ വിപണി ഇടപെടലുകൾ നടത്തി 30% സബ്സിഡി നിരക്കിൽ പഴം പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

**പച്ചക്കറികളിലെ വിഷാംശം**

40(1627) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും ഇത്തരം സംവിധാനം ഒരുക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിനകത്ത് പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ സാന്നിദ്ധ്യം ക്രമാതീതമായ തോതിൽ കണ്ടെത്തിയത് സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ പരിശോധിക്കുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട

പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ ജൈവ ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാൻഡിൽ കേരള ഓർഗാനിക് ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വഴിയും ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം എന്ന ഘടകം വഴിയും ഉയർന്ന ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം എന്ന ഘടകം വഴിയും ഉയർന്ന വില കർഷകർക്ക് നൽകി സംഭരണവും വിൽപ്പനയും നടത്തി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നു.

(ബി) പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിനകത്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതിപ്രകാരം കർഷകർക്ക് കൃഷിക്ക് ആവശ്യമായ എല്ലാവിധ സഹായങ്ങളും സർക്കാർ നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 21280 ഹെക്ടറിൽ കൃഷി വർദ്ധിപ്പിക്കുകയും ഉൽപ്പാദനം 10 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുകയും ചെയ്തു.

2017-18 ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനായി സാധിച്ചു. ഇതിലൂടെ 96899.52 ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞു.

**വിഷാംശമില്ലാത്ത പച്ചക്കറി**

41(1628) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന ഓണക്കാലത്ത് വിഷാംശമില്ലാത്ത പച്ചക്കറി വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) മാർക്കറ്റ് ഡിമാന്റനുസരിച്ച് ഉല്പാദനം ക്രമീകരിക്കുന്നതിനായി ഒരു ക്രോപ്പ് കലണ്ടർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ന്യായവില നൽകി പച്ചക്കറികൾ സംഭരിക്കുന്നതിന് ഏർപ്പെടുത്തിയ സൗകര്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിച്ച പച്ചക്കറികൾ പ്രത്യേക ബ്രാന്റ് നാമത്തിൽ വിതരണം ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 2017-18-ൽ നടപ്പിലാക്കിയ 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി 2018-19-ലും തുടരുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകിവരുന്നു.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധയിനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ നൽകുന്നതാണ്. കൂടാതെ സന്നദ്ധ സംഘടനകൾ മുഖേന 10 രൂപ വിലവരുന്ന 5 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഇതിന് പുറമെ 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. മീഡിയ വഴിയും 12 ലക്ഷം വിത്തുപായ്ക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. ടി പദ്ധതിക്ക് ആവശ്യമായ വിത്ത് പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ. വഴി ലഭ്യമാക്കും. ആവശ്യമായ പച്ചക്കറി തൈകൾ ജില്ലകളിൽ നിലവിലുള്ള പച്ചക്കറി വികസന പദ്ധതിയുടെ നഴ്സറികളിൽനിന്നും ജില്ലയിലെ സീഡ് ഫാമുകളിൽനിന്നും ജൂൺ 10-ന് മുൻപ് തന്നെ നൽകാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി തൈകൾ/വിത്തു പായ്ക്കറ്റുകൾ എന്നിവ ജൂൺ 10-നകം വിതരണം ചെയ്യുന്നതാണ്. വാർഡുതലത്തിൽ പരിശീലനം ഉൾപ്പെടെയുള്ള കാമ്പയിനുകൾ നടത്തി പരിപാടിക്ക് പ്രചരണം നൽകി വിത്തുവിതരണം നിർവ്വഹിക്കുന്നതാണ്. കർഷകർക്ക് വിതരണത്തിനുള്ള ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകുന്നതാണ്. ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ., കുടുംബശ്രീ തുടങ്ങിയ ഏജൻസികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. സാങ്കേതിക സഹായങ്ങൾ ഉറപ്പാക്കാൻ കിസാൻ കോൾ സെന്ററിലെ സേവനം ലഭ്യമാക്കും. രോഗകീടങ്ങൾ സംബന്ധിച്ച സഹായം നിലവിലുള്ള ക്രോപ്പ് ഹെൽത്ത് ക്ലിനിക്കുകൾ വഴി കർഷകർക്ക് നൽകും. ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു. പമ്പ് സെറ്റ്, സസ്യ സംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിനും തരിശുനില കൃഷി ചെയ്യുന്നതിനും ധനസഹായം നൽകുന്നു. ഇതുകൂടാതെ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഹരിത ഫണ്ട്, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുൽപ്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഭൗമ സൂചിക ഇനങ്ങളുടെ പ്രചരണത്തിലേയ്ക്കായി പ്രത്യേക ധനസഹായം ഈ പദ്ധതി ഘടകത്തിന് കീഴിൽ നൽകുന്നു. കൂടാതെ ശീമച്ചക്ക,

മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിനും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖാന്തരം നഴ്സറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. ടി പദ്ധതി ഘടകടങ്ങൾ നടപ്പിലാക്കുന്നത് വഴി ഓണത്തിന് വിഷാംശമില്ലാത്ത പച്ചക്കറി വിതരണം ചെയ്യുന്നതിന് സാധിക്കും.

(ബി) ക്രോപ്പ് കലണ്ടർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഓണം, വിഷു എന്നീ പ്രധാനപ്പെട്ട ഉത്സവകാലങ്ങളിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് ന്യായവില കിട്ടുന്നതിന് ഓണസമൃദ്ധി എന്ന പേരിലും വിഷുക്കണി എന്ന പേരിലും കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ., കുടുംബശ്രീ മിഷൻ എന്നീ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ വിപണികൾ നടത്തിവരുന്നു. ഈ അവസരത്തിൽ നിലവിലുള്ള സംഭരണ വിലയേക്കാൾ നാടൻ പച്ചക്കറിയിനങ്ങൾക്ക് 10 ശതമാനവും ജി.എ.പി. പച്ചക്കറിയിനങ്ങൾക്ക് 20 ശതമാനവും അധിക വില കർഷകർക്കു നൽകി സംഭരിച്ചുവരുന്നു.

(ഡി) ഉത്തമ കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് ജി.എ.പി. ക്ലസ്റ്റർ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാൻഡിൽ കേരള ഓർഗാനിക് ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ, ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണി എന്നിവ മുഖേന ഉയർന്ന വില കർഷകർക്ക് നൽകി സംഭരണവും വിൽപ്പനയും നടത്തിവരുന്നു.

## ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം, പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം

42(1629) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം, പച്ചക്കറികളിൽ കീടനാശിനിയുടെയും മറ്റും സാന്നിദ്ധ്യം ഉണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് അതിർത്തികളിലെ ചെക്ക്പോസ്റ്റുകളിൽ സ്വീകരിച്ചിട്ടുള്ളത്; ഇതിനായുള്ള പരിശോധനാ ലാബുകൾ ഏതൊക്കെ ചെക്ക് പോസ്റ്റുകളിലാണ് സജ്ജമാക്കിയിട്ടുള്ളത്;

(ബി) ഇത്തരം പരിശോധനകളെത്തുടർന്ന് എവിടെയെങ്കിലും കേസ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ, എത്ര കേസ് വീതം എടുത്തു എന്ന് പറയാമോ;

(സി) വിഷരഹിത പച്ചക്കറികളും ഫലവർഗ്ഗങ്ങളും സംസ്ഥാനത്ത് എത്തിക്കുന്നതിന് മറ്റെന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ സാന്നിദ്ധ്യം ക്രമാതീതമായ തോതിൽ കണ്ടെത്തിയത് സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോ ഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ <u>www.kerala.gov.in</u>-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചെക്പോസ്റ്റുകളിൽ ഇതിനുള്ള സംവിധാനവും ലാബുകളും സജ്ജമാക്കേണ്ടത് ഫുഡ് സേഫ്റ്റി വിഭാഗമാണ്.

(ബി) കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അംഗീകാരം ഫുഡ് സേഫ്റ്റി കമ്മീഷണർക്കാണ്.

(സി) കേരളത്തിൽ ഹോർട്ടികോർപ്പ് വഴി സംഭരിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും സുരക്ഷിതമാണ്. കൂടാതെ സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ പരിശോധിക്കുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷിവകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

## കൊണ്ടോട്ടിയിൽ ഹോർട്ടികോർപ്പിന്റെ ഔട്ട്‌ലെറ്റ്

43(1630) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ ഔട്ട്‌ലെറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ഹോർട്ടികോർപ്പിന്റെ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) താലൂക്കാസ്ഥാനം എന്ന നിലയിൽ കൊണ്ടോട്ടിയിൽ ഹോർട്ടികോർപ്പിന്റെ ഒരു ഔട്ട്‌ലെറ്റ് തുടങ്ങുന്നതിനെ കുറിച്ച് പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് നാടൻ പച്ചക്കറികൾ എന്ന ലേബലിലും സംസ്ഥാനത്ത് ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനത്തെ കർഷക കൂട്ടായ്മകളിൽനിന്നും സംഭരിച്ച് മറുനാടൻ പച്ചക്കറികൾ എന്ന ലേബലിലും വിതരണം നടത്തിവരുന്നു. ഉപഭോക്താക്കൾക്ക് പച്ചക്കറികൾ യഥേഷ്ടം തെരഞ്ഞെടുക്കുവാനുള്ള സൗകര്യം എല്ലാ സ്വന്തം സ്റ്റാളുകളിലും സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർക്ക് പൊതു വിപണിയിലെ വിലയേക്കാൾ വില കൂടുതൽ നൽകി പച്ചക്കറികൾ സംഭരിച്ച് കമ്പോള വിലയെക്കാൾ 10% മുതൽ 20% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തുകയും പൊതു വിപണി വിലയെക്കാൾ 30% വിലകുറച്ച് ഉപഭോക്താക്കൾക്ക് പച്ചക്കറികൾ ലഭ്യമാക്കുന്നുണ്ട്. പച്ചക്കറികൾ പരമാവധി കേടുകൂടാതെ വിപണനം നടത്തുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ സ്വന്തം സ്റ്റാളുകൾ ശീതീകരിച്ചു. എറണാകുളം തൃശ്ശൂർ (ചാലക്കുടി) സ്റ്റാളുകൾ ശീതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പച്ചക്കറികൾ യഥാസമയം എല്ലാ സ്റ്റാളുകളിലും എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. 100 ഓൺസ്റ്റാൾ വഴിയും 270 ലൈസൻസികൾ വഴിയും പച്ചക്കറികൾ വിപണനം നടത്തുന്നുണ്ട്. ഏകദേശം 500-ഓളം സ്ഥാപനങ്ങൾക്കും പച്ചക്കറി നൽകുന്നത് ഹോർട്ടികോർപ്പാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ആരംഭിച്ച ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ലൈസൻസി സ്റ്റാളുകളുടെ എണ്ണം | സ്വന്തം സ്റ്റാളുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 22 | 2 |
| 2 | കൊല്ലം | 13 | 3 |
| 3 | ആലപ്പുഴ | 16 | 1 |
| 4 | പത്തനംതിട്ട | 6 | - |
| 5 | കോഴിക്കോട് | 10 | 3 |
| 6 | തൃശ്ശൂർ | 12 | 4 |
| 7 | ഇടുക്കി | - | 1 |
| 8 | മലപ്പുറം | 3 | 2 |
| 9 | പാലക്കാട് | 2 | - |
| 10 | എറണാകുളം | 3 | 1 |
| 11 | കണ്ണൂർ | 13 | 1 |
| 12 | കോട്ടയം | 18 | - |

(സി) മലപ്പുറം ജില്ലയിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ആരംഭിച്ചിട്ട് ഒരു വർഷം ആകുന്നതേയുള്ളൂ. ഇതിനകം എടവണ്ണ, വണ്ടൂർ എന്നിവിടങ്ങളിൽ 2 സ്വന്തം സ്റ്റാളുകളും, നിലമ്പൂർ, കരുലായിൽ, ചെമ്മാട് എന്നിവിടങ്ങളിലായി ലൈസൻസി സ്റ്റാളും ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ തളിയൻകണ്ട് (പാരുർ), മലപ്പുറം ടൗൺ, പെരിന്തൽമണ്ണ, അമ്പലപ്പടി, വേങ്ങര എന്നിവിടങ്ങളിൽ സ്വന്തം സ്റ്റാളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. താലൂക്ക് ആസ്ഥാനങ്ങളിൽ സ്റ്റാളുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കൊണ്ടോട്ടിയിൽ ഔട്ട്ലെറ്റ് ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

**നെൽക്കൃഷിക്കായി പ്രത്യേക കാർഷിക മേഖല**

44(1631) ശ്രീ. കെ. വി. വിജയദാസ്:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനാവശ്യത്തിന്റെ പത്തുശതമാനത്തിൽ താഴെ മാത്രം നെല്ല് ഉത്പാദിപ്പിച്ചിരുന്ന ആപൽക്കരമായ സ്ഥിതിയും കുടിവെള്ള ലഭ്യത, ആരോഗ്യകരമായ ഭക്ഷ്യക്രമം എന്നിവയും കൂടി കണക്കിലെടുത്ത് നെല്ല് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലമായി സൃഷ്ടിക്കാനായ നേട്ടം വിശദമാക്കാമോ;

(ബി) നെൽക്കൃഷി ആകർഷകമല്ലാതായിരിക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; പ്രശ്ന പരിഹാരത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) നെൽക്കൃഷിക്കായി പ്രത്യേക കാർഷിക മേഖല കൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടവും അതിനായി നടത്തി വരുന്ന പ്രവർത്തനങ്ങളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ സംസ്ഥാനത്തെ നെൽക്കൃഷി വിസ്തൃതി 196870 ഹെക്ടറും ഉൽപ്പാദനം 549275 ടൺ അരിയുമായിരുന്നു. (അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 2015-2016) നെൽക്കൃഷിയുടെ വിസ്തൃതിയും നെല്ലിന്റെ ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെയും അതിന്മേൽ നടത്തിയ കൃത്യമായ ഇടപെടലിന്റെയും ഫലമായി 2017-18 വർഷാന്ത്യത്തോടെ വിസ്തൃതി 220449 ഹെക്ടർ ആക്കുവാനും ഉൽപ്പാദനം 617260 ടൺ അരി ആക്കുവാനും സാധിച്ചു.

(ബി) ഉണ്ട്. ഭൂവുടമകൾ തൊഴിലാവശ്യങ്ങൾക്കായി പട്ടണങ്ങളിലേക്ക് താമസം മാറ്റിയത്, വർദ്ധിച്ച കൂലിച്ചെലവ്, വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം, ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ, യന്ത്രോപകരണങ്ങൾ എന്നിവ യഥാസമയം ലഭിക്കാതിരിക്കൽ, ജലാഗമന നിർഗ്ഗമനത്തിനുള്ള പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്, നെൽപ്പാടം മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തൽ, വിപണനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ, മൂല്യവർദ്ധനവിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടം എന്നിങ്ങനെ നിരവധി സാങ്കേതിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണമാണ് നെൽക്കൃഷി ആകർഷകമല്ലാതായത്.

(സി) സംസ്ഥാനത്ത് നെൽക്കൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽക്കൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉൽപ്പാദനം കൈവരിക്കുവാനും ഉൽപ്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടികൊടുക്കുവാനുമാണ് ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്.

കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും നടപ്പിലാക്കിവരുന്ന വിവിധ നെൽക്കൃഷി വികസന പദ്ധതികളുടെ സംയോജനം ഈ പദ്ധതി പ്രദേശത്ത് വിഭാവനം ചെയ്യുന്നു. കൂടാതെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുവാൻ ആവശ്യമായി

വരുന്ന പശ്ചാത്തല സൗകര്യ വികസനത്തിനും നിർണ്ണായക പ്രാധാന്യമുള്ള മറ്റ് അടിയന്തര ഇടപെടലുകൾക്കുമായി വിനിയോഗിക്കുവാൻ പ്രത്യേക കാർഷിക മേഖലാ പദ്ധതിയിലും തുക വകയിരുത്തിയിട്ടുണ്ട്.

നെൽ കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട് എന്നിവയാണ്.

**നേമം മണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

45(1632) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) എത്ര പാടശേഖരങ്ങളുടെ വികസനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(സി) ഓരോ പാടശേഖരത്തിന്റെയും വികസനത്തിനായുള്ള എസ്റ്റിമേറ്റ് തുകയും ഇതിനകം ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റ് പ്രകാരം ഓരോ പാടശേഖരത്തിലും ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും; അല്ലെങ്കിൽ പൂർത്തീകരണത്തിനുള്ള തടസ്സങ്ങളും അതിനുള്ള പരിഹാരവും എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിലെ നേമം കൃഷി ഭവൻ പരിധിയിൽ മേലാംകോട് മാംഗിളിക്കരി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിക്കായി 2018-2019-ൽ 9.829 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) (1) മേലാംകോട് മാംഗിളിക്കരി (12 ഹെക്ടർ) പദ്ധതി 2018-2019-ൽ നടപ്പിലാക്കും.

(2) നിലമക്കരി (40 ഹെക്ടർ) പാടശേഖരത്തിൽ പെട്ടിയും പറയും മോട്ടോറും (50 hp) സ്ഥാപിക്കുന്നതിനും പമ്പ് ഹൗസിന്റെ അറ്റകുറ്റപ്പണികളും പദ്ധതിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

(3)കോലിയക്കോട് (10 ഹെക്ടർ) പാടശേഖരത്തിനുള്ള പദ്ധതി തയ്യാറായിട്ടില്ല.

(സി)

| നമ്പർ | പാടശേഖരം | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | മേലാംകോട് മാംഗിളിക്കരി | 9.829 ലക്ഷം |
| 2 | നിലമക്കരി | 23.5 ലക്ഷം |

തുകയൊന്നും ചെലവായിട്ടില്ല.

(ഡി)

(1) മേലാംകോട് മാംഗിളിക്കരി

(എ) ജല നിർഗ്ഗമന ചാനൽ പുനർ സൃഷ്ടിക്കൽ

(ബി) പമ്പ് സെറ്റ് സ്ഥാപിക്കൽ

(സി) പമ്പ് ഹൗസ് അറ്റകുറ്റപ്പണി

(ഡി) കിണർ നിർമ്മാണം എന്നിവ ചെയ്യേണ്ടതുണ്ട്.

(ഇ) (1) മേലാംകോട് മാംഗിളിക്കരി ഓഗസ്റ്റ് 2018-ൽ പ്രോജക്ട് പൂർത്തീകരിക്കും.

(2) നിലമക്കരി പ്രോജക്ട് ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പരിശോധിക്കുന്നതാണ്.

## കരനെൽ കൃഷി

46 (1633) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരനെൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം കൃഷിഭവന്റെ നേതൃത്വത്തിൽ കരനെൽക്കൃഷി ചെയ്യുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സമഗ്ര നെൽ കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കര നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ സബ്സിഡി നൽകിവരുന്നു. ഇതിനുപുറമെ പദ്ധതിയധിഷ്ഠിതമായി റസിഡന്റ്സ് അസ്സോസിയേഷനുകൾ സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ മുഖേന നെൽക്കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. കരനെൽക്കൃഷിക്കും ഇതു ബാധകമാണ്.

2016-17 സാമ്പത്തിക വർഷം 2752 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. 2017-18 സാമ്പത്തിക വർഷം 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64 ഹെക്ടർ ചെയ്യാൻ സാധിച്ചു. 2018-2019 സാമ്പത്തിക വർഷത്തേക്കും 2683.82 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലും സഹായവും ഈ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായിരുന്നു. തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയും സജീവമായി സഹകരിച്ചു.

(ബി) ഒറ്റപ്പാലം കൃഷിഭവൻ പരിധിയിൽ 2018-2019 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത നെൽക്കൃഷി വികസന പദ്ധതിയിലെ കര നെൽക്കൃഷി പ്രോത്സാഹന ഘടകം പ്രകാരം 1.4 ഏക്കർ കൃഷി ചെയ്തിട്ടുണ്ട്. കര നെൽക്കൃഷി സംബന്ധിച്ച് കാർഷിക വികസന സമിതി യോഗങ്ങളിലും ഗ്രാമസഭകളിലും പാടശേഖര സമിതി യോഗങ്ങളിലും കർഷക യോഗങ്ങളിലും ചർച്ച ചെയ്യുകയും ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരണം നൽകുകയും ചെയ്തു. ഒരു ഏക്കറിൽ കൂടി കര നെൽക്കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുഞ്ച നെൽക്കൃഷി**

47 (1634) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ശക്തമായ വേനൽമഴയിൽ എത്ര ഏക്കർ പുഞ്ചനെൽ കൃഷി നശിക്കുകയുണ്ടായി; ഏതെല്ലാം പ്രദേശങ്ങളിലാണ് നാശം ഉണ്ടായത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കടുത്ത വേനൽ മഴയിൽ പുഞ്ച നെൽക്കൃഷി നശിച്ച കർഷകർക്ക് എന്ത് നഷ്ടപരിഹാരം നൽകുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ കൃഷി നാശം റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) നെൽക്കൃഷി നാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം ധനസഹായമായി ഹെക്ടറിന് 13,500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വിള ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 35,000 രൂപ നിരക്കിലും ധനസഹായത്തിന് അർഹതയുണ്ട്.

## നെൽക്കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

48(1635) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെൽക്കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര ഏക്കർ സ്ഥലത്ത് നെൽക്കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നെൽക്കൃഷി വികസന പദ്ധതിയാണ് പ്രധാനമായും നടപ്പാക്കുന്നത്. ഇതിനു പുറമെ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD NMSA, പ്രധാന മന്ത്രി കൃഷി സിഞ്ചായ് യോജന, ആർ.കെ.വി.വൈ. എന്നീ പദ്ധതികളും നടപ്പാക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ 196870 ഹെക്ടർ നെൽക്കൃഷി ഉണ്ടായിരുന്നത് 2017-2018 വർഷം 220488 ഹെക്ടറായി വർദ്ധിച്ചു. ഈ സർക്കാരിന്റെ പ്രവർത്തന ഫലമായി 23618 ഹെക്ടർ (59000 ഏക്കർ) സ്ഥലത്ത് അധികമായി നെൽക്കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

49(1636) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) നെൽക്കൃഷിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ ആയതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) കരനെൽക്കൃഷി വ്യാപിപ്പിക്കുന്നത് ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) വർഷങ്ങളായി തരിശ് കിടന്നിരുന്ന ഭൂമിയിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൃഷി ആരംഭിച്ചത് സംബന്ധിച്ച വിവരങ്ങളും അതിന്റെ ഫലപ്രാപ്തിയും വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനു നെൽക്കൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ.കെ.വി.വൈ. എന്നീ പദ്ധതികളും നടപ്പാക്കുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉൽപ്പാദനക്ഷമത ഓരോ വിത്തിന്റെയും ജനിതക സ്വഭാവമാണ്. അനുകൂലമായ സാഹചര്യങ്ങളിലാണ് അതു പൂർണ്ണമായും പ്രതിഫലിക്കുക. ഉപയോഗിച്ചിരിക്കുന്ന വിത്തിന് അനുകൂലമായ കാലാവസ്ഥയും പരിചരണവും ലഭിച്ചാൽ പൂർണ്ണമായ ഉൽപ്പാദനക്ഷമത കൈവരിക്കാം. നെൽക്കൃഷി വികസന പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ആർ.കെ.വി.വൈ. പദ്ധതി എന്നിവ മുഖാന്തരം ഉൽപ്പാദനോപാധികൾക്ക് സബ്സിഡി നൽകുന്നത് ഉൽപ്പാദനക്ഷമതാ വർദ്ധനവ് മുൻനിർത്തിയാണ്. അത്യുൽപ്പാദനശേഷിയുള്ള മേൽത്തരം വിത്തുകൾ, മണ്ണുപരിശോധനയെ അടിസ്ഥാനപ്പെടുത്തിയുള്ള സംയോജിത വളപ്രയോഗം, പരിസ്ഥിതിക്ക് പരിഗണന നൽകിയുള്ള സംയോജിത സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ, നടീൽ വിളവെടുപ്പ് എന്നിവയിലുള്ള യന്ത്രവൽക്കരണം എന്നിവ അവലംബിച്ചുള്ള ശാസ്ത്രീയ കൃഷി സമ്പ്രദായം നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നത് സാദ്ധ്യമാക്കി.

(സി) നെൽപ്പാടങ്ങളുടെ വിസ്തൃതി ഒരു നിശ്ചിത അളവിൽ കൂടുതൽ വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തെങ്ങിൻപുരയിടങ്ങൾ ഉൾപ്പെടെ അനുയോജ്യമായ കരപ്രദേശങ്ങളിൽ നെൽക്കൃഷി പ്രാവർത്തികമാക്കുന്നു. ഗാർഹിക ഉപഭോഗം മുൻനിർത്തിയാണ് പ്രധാനമായും കര നെൽക്കൃഷി പദ്ധതി നടപ്പാക്കുന്നത്. ആയതിന് ഹെക്ടറൊന്നിനു 13600 രൂപ സബ്സിഡി നൽകുന്നു. കേരളത്തിൽ നെൽ വയലുകളുടെ പരിമിതി കണക്കാക്കുമ്പോൾ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ കരനെൽക്കൃഷിയും പങ്കു വഹിക്കുന്നു.

(ഡി) വർഷങ്ങളായി തരിശു കിടന്നിരുന്ന നെൽപ്പാടങ്ങളെ കൃഷിയോഗ്യമാക്കി നെൽക്കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നു വർഷം ധനസഹായം നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18 വർഷങ്ങളിൽ തരിശു കിടന്നിരുന്ന 8268 ഹെക്ടർ നെൽപ്പാടങ്ങളിൽ നെൽക്കൃഷി തിരിച്ചുകൊണ്ടുവരുവാൻ സാധിച്ചു. ഇതിനുപുറമെ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂകൃഷി ചെയ്യുന്നതിലൂടെയും കരനെൽക്കൃഷി, ബ്ലോക്ക് തലത്തിലുള്ള പദ്ധതികളുടെ ഏകോപനം എന്നിവയിലൂടെ 23618 ഹെക്ടർ സ്ഥലത്ത് അധികമായി നെൽക്കൃഷി ചെയ്യുന്നതിന് സാധിച്ചു.

ഈ പദ്ധതി നടപ്പിലാക്കുകവഴി കൂടുതൽ ഭൂമി നെൽക്കൃഷിയിൽ കൊണ്ടുവരാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനും സാധിച്ചു.

**മങ്കൊമ്പ് നെല്ല ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ച നെൽവിത്തിനങ്ങൾ**

50(1637) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മങ്കൊമ്പ് നെല്ല ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ച നെൽവിത്ത് ഇനങ്ങൾ ഏതെല്ലാമെന്നും അവ കുട്ടനാട്ടിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ടോയെന്നും അറിയിക്കുമോ;എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രത്തിൽനിന്നും 23 ഇനം അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. ആയവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

പ്രസ്തുത നെൽവിത്തിനങ്ങളിൽ എം.ഒ.16 ഉമ നെല്ലിനം കുട്ടനാടിന്റെ 80% പ്രദേശത്തും കൃഷി ചെയ്യപ്പെടുന്നു. എം.ഒ.22 ശ്രേയസ്സ് ഇനം കഴിഞ്ഞ സീസണിൽ കുട്ടനാട്ടിൽ ഏകദേശം 1500 ഏക്കറിൽ കൃഷി ചെയ്തിട്ടുണ്ട്.

പുതിയ വിത്തിനങ്ങളായ ശ്രേയസ്സ് (എം.ഒ.22), പൗർണമി (എം.ഒ.23) എന്നിവ പ്രചാരം നേടിവരുന്നു. ഭദ്ര (എം.ഒ. 4), പ്രത്യാശ (എം.ഒ.21) എന്നിവ കർണ്ണാടക സംസ്ഥാനത്തിൽ ഉഡുപ്പി മേഖലയിൽ കൃഷി ചെയ്യുന്നുണ്ട്.

(പൗർണമി എം.ഒ.23) 2017-ൽ പുറത്തിറക്കിയതാണ്. ഇത് കർഷകർക്ക് ഈ സീസണിൽ കൃഷി ചെയ്യാനായി നൽകിവരുന്നു.

എം.ഒ.1 മുതൽ എം.ഒ.3 വരെയുള്ള ഇനങ്ങൾ പുനരുദ്ധരിച്ച നാടൻ ഇനങ്ങളുടെ ശ്രേണിയിൽപ്പെടുന്നതും എം.ഒ.4 മുതൽ എം.ഒ.22 വരെയുള്ള ഇനങ്ങൾ അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളുടെ കൂട്ടത്തിൽപ്പെടുന്നവയുമാണ്.

**നെൽക്കൃഷി വികസനവും കരനെൽക്കൃഷിയും**

51(1638) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതികൾ വിജയപ്രദമാണോ; ഇതിലൂടെ നെല്ല് ഉല്പാദനത്തിൽ എന്ത് വർദ്ധനവാണ് ഉണ്ടാക്കുവാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൂടുതൽ ആനുകൂല്യങ്ങൾ നൽകിയിട്ടും കർഷകർ നെൽക്കൃഷി ഉപേക്ഷിക്കുന്നതും നെൽവയലുകളുടെ വിസ്തൃതി വർഷം തോറും കുറയുന്നതും എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കരനെൽക്കൃഷി വികസനത്തിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; 2017-18 ൽ ലക്ഷ്യമിട്ട 2500 ഹെക്ടർ കരനെൽക്കൃഷി ലക്ഷ്യം നേടുവാൻ സാധിച്ചിട്ടുണ്ടോ;

(ഡി) നെൽ വർഷത്തോടനുബന്ധിച്ച് നെൽക്കൃഷിയിൽ എന്തൊക്കെ നൂതന ആശയങ്ങളാണ് നടപ്പിലാക്കിയത്;

(ഇ) മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നെൽക്കൃഷി വികസന പദ്ധതിയും കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ.കെ.വി.വൈ. എന്നീ പദ്ധതികളും വിജയകരമായി നടപ്പാക്കിവരുന്നു.

2016-17 വർഷം ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് നെൽക്കൃഷിക്ക് 171398 ഹെക്ടർ വിസ്തൃതിയും 436483 ടൺ അരി ഉൽപ്പാദനവും ആയിരുന്നു. 2017-2018-ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം അത് 220449 ഹെക്ടർ വിസ്തൃതിയും 617260 ടൺ അരി ഉൽപ്പാദനവും ആയി വർദ്ധിച്ചു.

(ബി) പരിശോധിച്ചിട്ടുണ്ട്. വർദ്ധിച്ച കൂലിച്ചെലവ്, നെൽക്കൃഷി മേഖലയിൽ പണിയെടുക്കുന്നതിനുള്ള വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം, ഭൂവുടമകൾ പട്ടണങ്ങളിലേയ്ക്ക് മാറി താമസിക്കുന്നത്, നിലം മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്നത്, ജലാഗമന നിർഗ്ഗമന പ്രശ്നങ്ങൾ, കാലാവസ്ഥയിലെ വ്യതിയാനം എന്നിങ്ങനെ അനവധി സാങ്കേതിക, പാരിസ്ഥിതിക സാമൂഹിക ഘടകങ്ങളുടെ സ്വാധീനത്തിലാണ് നെൽക്കൃഷി കുറഞ്ഞുവരുന്നത്. എന്നാൽ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പ്രകാരം മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുവാനും സംസ്ഥാനത്തെ നെൽക്കൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനും സാധിച്ചു.

(സി) നെൽപ്പാടങ്ങളുടെ വിസ്തൃതി ഒരു നിശ്ചിത അളവിൽ കൂടുതൽ വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കരനെൽക്കൃഷി പ്രാധാന്യം അർഹിക്കുന്നു. ഗാർഹിക ഉപഭോഗം പ്രധാനമായും മുൻനിർത്തിയാണ്

കരനെൽക്കൃഷി പദ്ധതി നടപ്പാക്കുന്നത്. ആയതിന് ഹെക്ടറൊന്നിന് 13600 രൂപ സബ്സിഡി നൽകുന്നു. ഇതിനുപുറമെ പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റസിഡന്റ്സ് അസ്സോസിയേഷനുകൾ മുഖേനയും സർക്കാർ/ സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവ മുഖേനയും കൃഷി ചെയ്യുന്നതിനും സമഗ്ര നെൽക്കൃഷി വികസനം പദ്ധതിയിൽ പ്രോജക്ടധിഷ്ഠിത ധനസഹായം നൽകുന്നതിനും വ്യവസ്ഥയുണ്ട്.

2017-18 സാമ്പത്തിക വർഷം ലക്ഷ്യമിട്ട 2500 ഹെക്ടറിന്റെ സ്ഥാനത്ത് 2624.64106 ഹെക്ടർ സ്ഥലത്ത് കരനെൽക്കൃഷി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) 2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽക്കൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിരകൃഷി വികസനം, നെൽക്കൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, കരനെൽക്കൃഷി വികസം, തരിശുനില കൃഷി, ഒരുപ്പൂ കൃഷി ഇരുപ്പൂകൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽക്കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം, പരിസ്ഥിതി സൗഹൃദ, സുസ്ഥിര ആശയങ്ങൾ നെൽക്കൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം, പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവർക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം എന്നിവയ്ക്ക് പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടികളും ഉദ്ദേശിച്ചിരുന്നു. അതിൽ ഇനി പറയുന്ന 11 ഇനങ്ങൾക്കാണ് പ്രാമുഖ്യം നൽകിയത്. നെല്ലുൽപ്പാദനം, നെൽക്കൃഷിയും വിദ്യാഭ്യാസവും, നെൽക്കൃഷിയും തൊഴിലും, നെൽക്കൃഷിയും യുവജനവും, നെൽക്കൃഷിയിലെ നൂതന വിദ്യകൾ, നെൽകൃഷിയും പരിസ്ഥിതിയും, നെല്ല് സംസ്കരണവും വിപണനവും, നെൽക്കൃഷിയും വിനോദസഞ്ചാരവും, നെൽക്കൃഷിയും കായികമേഖലയും, നെൽക്കൃഷിയും ആയുർവ്വേദവും, നെൽക്കൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയായിരുന്നു പ്രധാന ലക്ഷ്യം.

(ഇ) 2017-2018 സാമ്പത്തിക വർഷത്തിൽ സമഗ്ര നെൽക്കൃഷി വികസന പദ്ധതി പ്രകാരം മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 415 മിനി റൈസ് മില്ലുകൾ സ്ഥാപിച്ചു.

## നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

52(1639) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരിസ്ഥിതി സന്തുലനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിട്ടുള്ളത്; വിശദമാക്കാമോ;

(ബി) നെല്ലിന് സംഭരണ വില ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ല് സംഭരണത്തിനായി വകയിരുത്തിയ തുകയിൽ ഓരോ വർഷവും ചെലവാക്കിയ തുക എത്ര ശതമാനമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരിസ്ഥിതി സന്തുലനത്തിനുമായി നെൽക്കൃഷി വികസനം, മണ്ണിന്റെ ആരോഗ്യ പരിപാലനം, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, വിള ആരോഗ്യ പരിപാലനം, അഗ്രോസർവ്വീസ് സെന്ററുകളും സേവനവും എന്നീ സംസ്ഥാനാവിഷ്കൃത പദ്ധതികളും, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (പാലക്കാട് ജില്ലയിൽ), വൃഷ്ടി പ്രദേശ വികസത്തിനും സുസ്ഥിര കൃഷിക്കുമുള്ള ദേശീയ മിഷൻ (RAD NMSA)(തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ), പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY), ആർ കെ വി വൈ, കാർഷിക യന്ത്രവൽക്കരണത്തിനുള്ള ദേശീയ മിഷൻ (SMAM) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കിവരുന്നു.

അത്യുൽപ്പാദന ശേഷിയുള്ള മേൽത്തരം വിത്തിനങ്ങളുടെ ഉപയോഗം, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വള പ്രയോഗം, സംയോജിത സസ്യാരോഗ്യ പരിപാലന മാർഗ്ഗങ്ങൾ, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും പ്രയോഗം, കാർഷിക യന്ത്രവൽക്കരണം തുടങ്ങിയ ഘടകങ്ങളാണ് മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകരിൽനിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില പി.ആർ.എസ്. ലോൺ വഴി കാലതാമസമില്ലാതെ ഇപ്പോൾ കർഷകർക്ക് നൽകിവരുന്നു.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ 81.08 ശതമാനവും 2017-2018 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ 61.93 ശതമാനവും ചെലവഴിച്ചിട്ടുണ്ട്.

**നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ**

53(1640) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷിചെലവ് കുറയ്ക്കുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) നെൽക്കൃഷി ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത് വിജയപ്രദമായതെന്ന് അറിയിക്കുമോ;

(സി) നെൽക്കൃഷി പൂർണ്ണമായും യന്ത്രവൽക്കരിക്കുന്നതിന് കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നിലവിൽ നൽകുന്നതെന്ന് അറിയിക്കുമോ;

(ഡി) കാർഷിക കർമ്മസേനയെ ഉപയോഗപ്പെടുത്തി സൗജന്യമായി ട്രാക്ടർ ഉപയോഗിച്ച് നിലം ഉഴുത് നൽകുന്ന പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷി ചെലവ് കുറയ്ക്കുന്നതിനും നെൽക്കൃഷി വികസനം, മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലും, വിള ആരോഗ്യ പരിപാലനം, അഗ്രോ സർവ്വീസ് സെന്ററുകളും സേവനവും എന്നീ സംസ്ഥാനാവിഷ്കൃത പദ്ധതികളും ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (പാലക്കാട് ജില്ലയിൽ), വൃഷ്ടി പ്രദേശ വികസനത്തിനും സുസ്ഥിര കൃഷിക്കുള്ള ദേശീയ മിഷൻ (RAD NMSA) (തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ), പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY), ആർ.കെ.വി.വൈ, കാർഷിക യന്ത്രവൽക്കരണത്തിനുള്ള ദേശീയ മിഷൻ (SMAM) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കിവരുന്നു.

നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവൃത്തികൾ ന്യായമായ ചെലവിൽ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് വിദഗ്ദ്ധ തൊഴിലാളികളെ കാർഷിക യന്ത്രോപകരണങ്ങൾ സഹിതം ലഭ്യമാക്കുന്ന 79 ബ്ലോക്ക് തല അഗ്രോ സർവ്വീസ് സെന്ററുകളും 200 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചുവരുന്നു.

അത്യുൽപ്പാദനശേഷിയുള്ള മേൽത്തരം വിത്തിനങ്ങളുടെ ഉപയോഗം, മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗം, സംയോജിത സസ്യാരോഗ്യ പരിപാലന മാർഗ്ഗങ്ങൾ, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും പ്രയോഗം, കാർഷിക യന്ത്രവൽക്കരണം തുടങ്ങിയ ഘടകങ്ങളാണ് മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം നെല്ലിന്റെ ഉൽപ്പാദന വർദ്ധനവിനും ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

(ബി) ശാസ്ത്രീയ കൃഷി രീതികൾ കൂട്ടായി അവലംബിച്ച് നെല്ലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും നെൽക്കൃഷിയുടെ വിവിധ പ്രവർത്തനങ്ങളിൽ കർഷകരുടെ കൂട്ടായ്മ ഉറപ്പാക്കുന്ന ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പാടശേഖര സമിതികളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. ഇതിനായി നെൽക്കൃഷി വികസനം എന്ന പദ്ധതിയിൻകീഴിൽ സുസ്ഥിര കൃഷി വികസനം എന്ന ഘടകം പ്രകാരം ഹെക്ടർ ഒന്നിന് 5500 രൂപ ധനസഹായം നൽകി വരുന്നു.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗം, പൊതുഞാറ്റടി തയ്യാറാക്കൽ, ജൈവിക മാർഗ്ഗങ്ങൾ ഊന്നൽ നൽകിയുള്ള സംയോജിത കീടരോഗനിയന്ത്രണം, കാര്യക്ഷമമായ ജലവിഭവ വിനിയോഗം, യന്ത്രവൽക്കരണം, പശ്ചാത്തല സൗകര്യ വികസനം എന്നീ പ്രവർത്തനങ്ങളാണ് ഗ്രൂപ്പ് ഫാമിംഗ് വഴി സാധ്യമാക്കുന്നത്.

സംസ്ഥാനത്തുടനീളം ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പാടശേഖരസമിതികളുടെ നേതൃത്വത്തിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. വർഷങ്ങളായി തരിശ് കിടന്നിരുന്ന നിലങ്ങളിൽ നെൽക്കൃഷി പുനരാരംഭിക്കുന്നതിനും ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

(സി) സുസ്ഥിര നെൽക്കൃഷി വികസനം എന്ന ഘടകം പ്രകാരം ഹെക്ടറിന് 5500 രൂപ പ്രകാരം നൽകുന്ന ധനസഹായം വിനിയോഗിക്കുന്ന ഒരു ഘടകം ഗ്രൂപ്പടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുന്നതിനാണ്. ഇതിനുപുറമെ നെൽപ്പാടങ്ങളിലെ വിവിധ കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായും മിതമായ നിരക്കിലും ചെയ്തു കൊടുക്കുന്നതിന് പരിശീലനം സിദ്ധിച്ച തൊഴിലാളികളും വിവിധ കാർഷിക യന്ത്രോപകരണങ്ങളും അടങ്ങുന്ന 79 ബ്ലോക്കുതല അഗ്രോസർവ്വീസ് സെന്ററുകളും 200 കാർഷിക കർമ്മസേനകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

നെൽക്കൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കായ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

നെൽകർഷകർക്ക് ഉപയുക്തമാംവിധം അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, യന്ത്രവൽക്കരണം മുതലായവയ്ക്ക് പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നതാണ്.

കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന കാർഷിക യന്ത്രവൽക്കരണത്തിനുള്ള സബ് മിഷൻ പദ്ധതി (SMAM) പ്രകാരം കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നു.

ഇതിനുപുറമെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്ന വൃഷ്ടിപ്രദേശ വികസനത്തിനും സുസ്ഥിര കൃഷിക്കുമുള്ള ദേശീയ മിഷൻ (RAD NMSA), ആർ. കെ. വി. വൈ. എന്നീ പദ്ധതികൾ എല്ലാംതന്നെ നെൽക്കൃഷിയിൽ കാർഷിക യന്ത്രവൽക്കരണത്തെയും പ്രോത്സാഹിപ്പിക്കുന്നവയാണ്.

(ഡി) കാർഷിക രംഗത്തെ തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികൾ അടങ്ങുന്ന 200 കാർഷിക കർമ്മസേനകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഇവർ കാർഷിക യന്ത്രോപകരണങ്ങൾ സഹിതം പാടത്തെ വിവിധ കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിച്ചുവരുന്നു. പ്രാദേശികാടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ന്യായമായ കൂലി മാത്രമേ കാർഷിക കർമ്മസേനകൾ കർഷകരിൽനിന്നും ഈടാക്കുന്നുള്ളൂ. കാർഷിക കർമ്മസേനകളുടെ സേവനം സൗജന്യമായി ലഭ്യമാക്കുന്നത് അവയുടെ വരുമാനത്തെയും തദ്വാരാ നിലനിൽപ്പിനെയും ബാധിക്കുന്നതാകയാൽ അത് സുസ്ഥിരമായിരിക്കില്ല എന്നു കാണുന്നു.

**കുട്ടനാടൻ പാടശേഖരങ്ങളിലെ ഉൽപ്പാദനക്ഷമത**

54(1641) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാടൻ പാടശേഖരങ്ങളിലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മങ്കൊമ്പ് നെല്ലു ഗവേഷണ കേന്ദ്രവുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

കുട്ടനാടൻ പാടശേഖരങ്ങളിലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം ഒട്ടനവധി ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വെള്ളപ്പൊക്കം, അമ്ലത, ഉപ്പുവെള്ള ഭീഷണി, വേനൽ മഴ, വരൾച്ച, കീടരോഗ ബാധയുള്ള അനുകൂല സാഹചര്യം എന്നിവ കുട്ടനാട്ടിലെ നെൽക്കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. ഈ പ്രതികൂല സാഹചര്യങ്ങളെ, അതിജീവിക്കാനുള്ള കഴിവും കീടരോഗ പ്രതിരോധശേഷിയും ഉൽപ്പാദനക്ഷമതയുള്ള നെല്ലിനങ്ങളുപയോഗിച്ച് ഒരു പരിധി വരെ ഉൽപ്പാദനം വർദ്ധിപ്പിക്കാം. അത്യുൽപ്പാദനശേഷിക്കുപുറമെ രോഗകീട പ്രതിരോധശേഷിയും, സുഷുപ്താവസ്ഥ, അമ്ലതയെ പ്രതിരോധിക്കുന്നതിനുള്ള കഴിവ്, എന്നിങ്ങനെ പല ഗുണങ്ങൾ ഒത്തിണങ്ങിയ ഇനങ്ങൾ ഗവേഷണ കേന്ദ്രത്തിൽനിന്നും പുറത്തിറങ്ങിയിട്ടുണ്ട്. കേരളത്തിൽ വ്യാപകമായി തന്നെ കൃഷി ചെയ്യുന്ന ഉമാ എന്ന നെൽവിത്തിനം ഈ കേന്ദ്രത്തിന്റെ സംഭാവനയാണ്. 2018-ൽ പുറത്തിറക്കിയ പൗർണ്ണമി എന്ന വിത്ത് ഈ ശ്രേണിയിലെ ഏറ്റവും പുതിയതാണ്. കാലാവസ്ഥ വ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുന്ന പുതിയ ഇനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണങ്ങൾ തുടരുകയാണ്.

സംസ്ഥാന സർക്കാരിന്റെ ജൈവകാർഷിക നയം നടപ്പാക്കുന്നതിന്റെ ഭാഗമായി കീടങ്ങൾക്കും രോഗങ്ങൾക്കും എതിരെ മുട്ട കാർഡുകളും ജൈവ കുമിൾനാശിനികളും വിവിധ കീടങ്ങളെ നശിപ്പിക്കുന്ന പുതിയ ഇനം മിത്ര പ്രാണികളെയും മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രത്തിൽനിന്ന് വിതരണം ചെയ്തുവരുന്നു. ഈ രംഗത്ത് കൂടുതൽ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്.

**നെൽക്കൃഷിയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവ്**

55(1642) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നെൽക്കൃഷിയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവ് എത്രയാണ്;

(ബി) പച്ചക്കറി ഉത്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16 വർഷം ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 196870 ഹെക്ടർ നെൽ കൃഷിയുണ്ടായിരുന്നു. 2017-18-ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം അത് 220449 ഹെക്ടർ ആയി വർദ്ധിച്ചു. രണ്ടു വർഷം കൊണ്ട് 23579 ഹെക്ടറിൽ കൂടി അധികമായി നെൽക്കൃഷി ചെയ്യാൻ സാധിച്ചു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പച്ചക്കറി കൃഷി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് സഹായം

56(1643) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശായി കിടന്നിരുന്ന എത്ര ഏക്കർ സ്ഥലത്ത് പുതിയതായി നെൽക്കൃഷി ഇറക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2017-18 വർഷം മൊത്തം എത്ര ഏക്കർ സ്ഥലത്ത് നെൽക്കൃഷി ചെയ്തിട്ടുണ്ടെന്ന് വ്യകതമാക്കുമോ;

(സി) ഇതിലൂടെ എത്ര ടൺ നെല്ല് ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിന്റെ പദ്ധതികൾ പ്രകാരം 2016-17, 2017-18 വർഷങ്ങളിലായി തരിശായി കിടന്നിരുന്ന 20670.17925 ഏക്കർ സ്ഥലത്ത് പുതിയതായി നെൽക്കൃഷിയിറക്കാൻ കഴിഞ്ഞിട്ടുണ്ട്. തരിശ് നെൽക്കൃഷി ചെയ്തതിന്റെ വിസ്തൃതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | (വിസ്തീർണ്ണം ഏക്കറിൽ) | |
|---|---|---|
| | 2016-2017 | 2017-2018 |
| 1 | 2 | 3 |
| തിരുവനന്തപുരം | 66.3 | 166.2 |
| കൊല്ലം | 420.2825 | 785.27 |
| പത്തനംതിട്ട | 581.6 | 1100 |
| ആലപ്പുഴ | 628.88 | 1694 |
| കോട്ടയം | 467.79675 | 1990 |
| ഇടുക്കി | 56.3 | 100 |
| എറണാകുളം | 507.5 | 1180.675 |

| 1 | 2 | 3 |
|---|---|---|
| തൃശ്ശൂർ | 1203.94 | 2168.25 |
| പാലക്കാട് | 0 | 417.8625 |
| മലപ്പുറം | 773.325 | 1306.65 |
| കോഴിക്കോട് | 945.61 | 1075 |
| വയനാട് | 238.875 | 446.25 |
| കണ്ണൂർ | 962.805 | 842.3825 |
| കാസർഗോഡ് | 102.75 | 441.675 |

ഇതിനുപുറമെ ഒരുപ്പൂ നിലങ്ങളിൽ 2 തവണ കൃഷി ചെയ്യുതിലൂടെയും കരനെൽക്കൃഷിയിലൂടെയും ബ്ലോക്ക് തലത്തിലുള്ള പദ്ധതികളുടെ സംയോജനത്തിലൂടെയും ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം 23618 ഹെക്ടർ അധികമായി നെൽകൃഷി ചെയ്തിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം 7195 ഏക്കർ തരിശുനിലങ്ങളിൽ പുതുതായി നെൽക്കൃഷിയിറക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ വിലയിരുത്തൽ പ്രകാരം 2017-2018 വർഷം 220449 ഹെക്ടറിൽ (551123 ഏക്കർ) നെൽക്കൃഷി ചെയ്തിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-2018 സാമ്പത്തിക വർഷം 220449 ഹെക്ടർ നെൽക്കൃഷിയിലൂടെ 617260 ടൺ അരി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. ഹെക്ടറൊന്നിന് 2800 കിലോ ആയിരുന്നു ഉൽപ്പാദനക്ഷമത. കൃഷി വകുപ്പ് നടപ്പിലാക്കിയ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിയ പദ്ധതികൾ എന്നിവ വഴിയാണ് നെല്ലിന്റെ വിസ്തൃതിയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സാധിച്ചത്.

(ഡി) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

### നെൽക്കൃഷിയിടങ്ങൾ തരിശ്ശായി ഇടുന്നത് ഒഴിവാക്കുന്നതിന് നടപടി

57(1644) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിയിടങ്ങൾ തരിശ്ശായി ഇടുന്നത് ഒഴിവാക്കുന്നതിന് പുതിയ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾമൂലം എത്ര ഹെക്ടർ ഭൂമിയിൽ അധികമായി നെൽക്കൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) തരിശു ഭൂമിയിൽ നെൽക്കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയും ആണ്. നടപ്പു സാമ്പത്തിക വർഷം നാളുകളായി തരിശുകിടക്കുന്ന 2878 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷിയിറക്കുവാൻ ഉദ്ദേശിക്കുന്നു. യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗരപ്രദേശങ്ങളിൽ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വന്തമായോ പാട്ടത്തിനോ കൃഷി നടത്തുന്നതിനും ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പും സംസ്കരണം യന്ത്രവൽക്കരണം എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും പ്രോജക്ട് അധിഷ്ഠിത സാമ്പത്തിക സഹായം നൽകിവരുന്നു.

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേയ്ക്ക് നടപ്പു സാമ്പത്തിക വർഷം ആനുകൂല്യം നൽകുന്നതാണ്.

2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽവർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽക്കൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുൽപ്പാദനം, നെൽക്കൃഷിയും വിദ്യഭ്യാസവും നെൽക്കൃഷിയും തൊഴിൽ ലഭ്യതയും നെൽക്കൃഷിയും യുവാക്കളും നെൽക്കൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽക്കൃഷിയും പരിസ്ഥിതിയും സംസ്കരണവും വിപണനവും നെൽക്കൃഷിയും ടൂറിസവും നെൽക്കൃഷിയും കായിക വിനോദങ്ങളും നെൽക്കൃഷിയും ആയുർവ്വേദവും നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക നെൽക്കൃഷിയെ പുനരുജ്ജീവിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം. നെൽ വർഷവുമായി ബന്ധപ്പെട്ട് വിഭാവന ചെയ്ത പദ്ധതികൾ നടപ്പാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2016-2017 വർഷം ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണം 171398 ഹെക്ടർ ആയിരുന്നു. 2017-18-ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 220449- ഹെക്ടറായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | 2016-2017-ലെ വിസ്തൃതി (ഹെക്ടർ) (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച കണക്ക്) | 2017-18-ലെ വിസ്തൃതി (ഹെക്ടർ) (കൃഷി വകുപ്പിന്റെ കണക്ക്) |
|---|---|---|
| തിരുവനന്തപുരം | 1392 | 2663.278 |
| കൊല്ലം | 1302 | 3467.922 |
| പത്തനംതിട്ട | 2640 | 3591.2 |
| കോട്ടയം | 17216 | 20309.02 |
| ഇടുക്കി | 695 | 1520.5 |
| ആലപ്പുഴ | 32453 | 40282.49 |
| എറണാകുളം | 4730 | 5300.8403 |
| തൃശ്ശൂർ | 21100 | 22470.48 |
| പാലക്കാട് | 65513 | 90580 |
| മലപ്പുറം | 7140 | 8084.26 |
| കോഴിക്കോട് | 1987 | 3783.0043 |
| വയനാട് | 7822 | 9508.247 |
| കണ്ണൂർ | 4671 | 6083.146 |
| കാസർഗോഡ് | 2737 | 2804.988 |
| **ആകെ** | **171398** | **220449** |

കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം കൃഷി വകുപ്പ് കൈക്കൊണ്ട നടപടികൾമൂലം 49051 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

## മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ നാളികേര പാർക്ക്

58(1645) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ നാളികേര പാർക്ക് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) നാളികേര പാർക്കിന് എത്ര സ്ഥലമാണ് ആവശ്യമായിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പാർക്കിൽ സ്വകാര്യ സംരംഭകർക്ക് ഭൂമി ലഭ്യമാക്കുമോ; ഇതോടനുബന്ധിച്ച് ഗവേഷണ കേന്ദ്രം ആരംഭിക്കുന്നുണ്ടോ;

(ഡി) ഈ പദ്ധതി കിഫ്ബി വഴിയാണോ നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും ഡി. പി. ആർ. തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും വിശദമാക്കാമോ ;

(ഇ) പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും ഇതുമൂലം കർഷകർക്ക് ലഭിക്കുന്ന പ്രയോജനം എന്തെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് ആദ്യഘട്ടമെന്ന നിലയിൽ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതിൽ നാളികേര പാർക്കും ഉൾപ്പെടുന്നുണ്ട്. നാളികേര പാർക്കുമായി ബന്ധപ്പെട്ട പദ്ധതികളുടെ DPR കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തയ്യാറാക്കി വരുകയാണ്. ഈ പദ്ധതി KIIFB വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) 1-1-2018-ലെ G.O(MS)1/18/AD പ്രകാരം കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനായി 20 കോടി രൂപയ്ക്ക് വീതമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായിട്ടാണ് വിവിധ മേഖലകളിൽ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നത്. കർഷകരുടെയും സഹകരണ സൊസൈറ്റികളുടെയും സംയുക്ത കൂട്ടായ്മയിൽ കൂടിയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. ഓരോ പാർക്കും ഓരോ തരം കാർഷിക വിളകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. സാങ്കേതിക നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള വിളവെടുപ്പും തുടർന്നുള്ള പ്രോസ്സസിംഗ്, മാർക്കറ്റിംഗ് എന്നിവയും കൂടി ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു പദ്ധതിയാണ്. വിവിധ അഗ്രോ പാർക്കുകൾ വഴിയുള്ള അഗ്രോ പ്രോഡക്ടുകൾക്ക് പൊതുവായ ബ്രാൻഡിംഗ് നൽകുന്നതിനും ഉദ്ദേശിക്കുന്നു.

## നായരമ്പലം ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

59(1646) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിനെ 2016-17 വർഷം കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുകയും "കേരഗ്രാമം" പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഞാറക്കൽ, നായരമ്പലം, ഇടവനക്കാട്, പള്ളിപ്പുറം, കുഴിപ്പിള്ളി എന്നീ പഞ്ചായത്തുകളിലെ കേരകൃഷിയുള്ള പ്രദേശങ്ങൾ ചേർത്തുകൊണ്ട് നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രദേശത്ത് നായരമ്പലം പഞ്ചായത്തിന്റെ 100 ഹെക്ടർ തെങ്ങിൻതോട്ടം ഉൾപ്പെട്ടിട്ടുണ്ട്.

(ബി) സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനായി ആവിഷ്കരിച്ച ടി സംസ്ഥാനാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് ലക്ഷ്യമിടുന്നത്.

തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവ വളങ്ങൾ, ജീവാണു വളം സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായും പ്രായാധിക്യം വന്ന് ഉൽപ്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125.00 ലക്ഷം രൂപ ധനസഹായം നൽകാൻ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു.

കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 120 എണ്ണം വരെ നൽകുന്നതിന് 2.40 ലക്ഷം രൂപയും

ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 42 ഹെക്ടറിലേയ്ക്കായി 10.50 ലക്ഷം രൂപയും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് യൂണിറ്റ് ഒന്നിന് 10,000 രൂപ നിരക്കിൽ ഒരു കേര ഗ്രാമത്തിൽ 15 യൂണിറ്റുകൾക്ക് 1.5 ലക്ഷം രൂപയും ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവൽക്കരണത്തിനും സംഘടനാ ചെലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും പൊതുആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേര സമിതിക്കായി 10 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. നായരമ്പലം ഗ്രാമപഞ്ചായത്തിൽ മാത്രമായി 100 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുകയും സംയോജിത വളപ്രയോഗ മാർഗ്ഗങ്ങൾ, ഇടവിള കൃഷി, ജലസേചന സൗകര്യം ഒരുക്കങ്ങൾ, കാർഷിക യന്ത്രവൽക്കരണം തുടങ്ങിയ ഘടകങ്ങൾ എല്ലാം പ്രസ്തുത പദ്ധതി പ്രദേശത്ത് നടപ്പിലാക്കുകയും ചെയ്തിരുന്നു.

## കുറ്റ്യാടി തേങ്ങയുടെ വിലയിടിവ്

60(1647) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലയിലും ഗുണമേന്മയിലും മികച്ച കുറ്റ്യാടി തേങ്ങയുടെ വിലയിടിക്കുന്നതിനായി തമിഴ്നാട്ടിൽ നിന്നും കർണാടകയിൽ നിന്നും മറ്റും വില കുറഞ്ഞ തേങ്ങ ഇറക്കുമതി ചെയ്ത് കുറ്റ്യാടി തേങ്ങയുമായി ഇടകലർത്തി വിൽക്കുന്ന സംഘങ്ങളെപ്പറ്റിയുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) കൊപ്ര ഉല്പാദനത്തിലും വെളിച്ചെണ്ണ ഉല്പാദനത്തിലും മികച്ച കുറ്റ്യാടി തേങ്ങയുമായി വിലകുറഞ്ഞ തേങ്ങ ഇടകലർത്തുന്നതുമൂലം കർഷർക്ക് വളരെ കുറഞ്ഞ വില മാത്രം ലഭിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും ഇത്തരം സംഘങ്ങളെ നിയന്ത്രിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല. എന്നാൽ ഉന്നയിക്കപ്പെട്ട ചോദ്യത്തിലെ വിഷയം പരാതിയായി പരിഗണിച്ച് അന്വേഷണം നടത്തുന്നതാണ്.

## മാവ് കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ

61(1648) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലേയും സമീപ പഞ്ചായത്തിലേയും മാവ് കർഷകരെ സഹായിക്കുന്നതിനായി നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെയും സമീപ പഞ്ചായത്തിലെയും മാവ് കർഷകരെ സഹായിക്കുന്നതിനായി ബഹുമാനപ്പെട്ട നെന്മാറ എം.എൽ.എ. ശ്രീ കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പങ്കെടുത്ത് ഉന്നതതല യോഗം നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 8 കോടി രൂപയുടെ വിവിധങ്ങളായ പദ്ധതികൾ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ പദ്ധതി മുഖാന്തരം മുതലമട പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലുമായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി 275 ലക്ഷം (ഇരുന്നൂറ്റി എഴുപത്തിയഞ്ചു ലക്ഷം രൂപ) രൂപയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ.

- പി.കെ.വി.വൈ. (പരമ്പരാഗത കൃഷി വികാസ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി 175 ലക്ഷം (നൂറ്റിയെഴുപത്തിയഞ്ചു ലക്ഷം രൂപ) രൂപയുടെ വിവിധ പ്രവർത്തനങ്ങൾ.

- പി.എം.കെ.വൈ.എസ്. (പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ജലസേചന പദ്ധതികൾ.

- എം.ഐ.ഡി.എച്ച്. (മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ) പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി രൂപയ്ക്ക് വിത്തു മുതൽ വിപണനം വരെയുള്ള വിവിധ പദ്ധതികൾ, ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവർ ആൻഡ് മെഡിസിനൽ പ്ലാന്റേഴ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവ് കൃഷിയുടെ ഉന്നമനത്തിനായി 1 കോടി രൂപയുടെ വിവിധ പദ്ധതികൾ.

- വി.എഫ്.പി.സി.കെ. മുഖാന്തരം മുതലമടയിൽ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം

- എസ്.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി മുതലമടയിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്

- ആത്മയുടെ നേതൃത്വത്തിൽ ഫാം സ്കൂൾ

- മുതലമട ഫാമിൽ മാംഗോ ഹബ്ബിനായി അഗ്രോപാർക്ക് സ്ഥാപിക്കൽ.

**കർഷക പെൻഷൻ പദ്ധതി**

62(1649) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കർഷക പെൻഷൻ പദ്ധതിയിൽ ആകെ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും പ്രതിമാസ പെൻഷന് അർഹരായ എത്ര കർഷകരുണ്ടെന്നും പ്രതിമാസ പെൻഷൻ കുടിശ്ശികയില്ലാതെ വിതരണം നടത്തുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കർഷക പെൻഷൻ പദ്ധതിയിൽ 301530 കർഷകർ അംഗങ്ങളായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ലയുടെ പേര് | കർഷക പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11598 |
| കൊല്ലം | 23294 |
| ആലപ്പുഴ | 22491 |
| പത്തനംതിട്ട | 15250 |
| എറണാകുളം | 21384 |
| ഇടുക്കി | 14135 |
| കോട്ടയം | 25330 |
| തൃശ്ശൂർ | 26599 |
| പാലക്കാട് | 26117 |
| മലപ്പുറം | 24689 |
| കോഴിക്കോട് | 34044 |
| വയനാട് | 11230 |
| കണ്ണൂർ | 30299 |
| കാസർഗോഡ് | 15070 |
| ആകെ | 301530 |

(ബി)

| ജില്ലയുടെ പേര് | അർഹരായ കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 9996 |
| കൊല്ലം | 22512 |
| ആലപ്പുഴ | 19380 |
| പത്തനംതിട്ട | 14786 |
| എറണാകുളം | 21384 |
| ഇടുക്കി | 12968 |
| കോട്ടയം | 22585 |
| തൃശ്ശൂർ | 26599 |
| പാലക്കാട് | 26117 |
| മലപ്പുറം | 24689 |
| കോഴിക്കോട് | 34044 |
| വയനാട് | 11230 |
| കണ്ണൂർ | 30299 |
| കാസർഗോഡ് | 15070 |
| ആകെ | 291659 |

പ്രതിമാസ പെൻഷൻ കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യുന്നതിനും കർഷകരുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കുമായി കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

**കർഷക പെൻഷൻ വിവരങ്ങൾ**

63(1650) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര മാസത്തെ കർഷക പെൻഷൻ കുടിശ്ശികയുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ ആകെ എത്ര കോടി രൂപ കർഷക പെൻഷൻ ആയി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ട്; പ്രതിമാസ പെൻഷൻ നിലവിൽ എത്ര രൂപയാണ്;

(ഡി) കർഷക പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ ജില്ലകളിൽ 16 മാസത്തെ കർഷക പെൻഷൻ കുടിശ്ശിക നൽകാനുണ്ടായിരുന്നു. 287.196 കോടി രൂപ കുടിശ്ശിക ഇനത്തിൽ നൽകാൻ ബാക്കിയുണ്ടായിരുന്നു.

(ബി) ഈ സർക്കാർ ആകെ 1059.9374 കോടി രൂപ കർഷക പെൻഷൻ ആയി വിതരണം ചെയ്തിട്ടുണ്ട്.

(സി) നിലവിൽ 301530 പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ട്. പ്രതിമാസ പെൻഷൻ നിലവിൽ 1100 രൂപയാണ്.

(ഡി) കർഷക പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു.*

## വിരമിച്ച ജീവനക്കാരുടെ ഗ്രാറ്റുവിറ്റിയും ആനുകൂല്യങ്ങളും

64(1651) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും സംബന്ധിച്ചുള്ള ഫയലുകൾ യഥാസമയം തീർപ്പാക്കാതെ ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ചുള്ള എത്ര ഫയലുകൾ ഉണ്ട്; എന്നുമുതൽക്കുള്ളതാണ് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫയലുകളിൽ അടിയന്തരമായി തീർപ്പ് കല്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിൽനിന്നും വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. എന്നാൽ ബാദ്ധ്യത/ബാദ്ധ്യത രഹിത പത്രം ലഭിക്കാത്തതും അച്ചടക്ക നടപടികൾ തീർപ്പാകാത്തതുമായ കേസുകളിൽ ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്.

(ബി & സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കാർഷിക കടാശ്വാസ കമ്മീഷൻ തീർപ്പാക്കിയ അപേക്ഷകൾ**

65(1652) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ ഇതിനകം എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നും എത്ര കോടി രൂപയുടെ കടാശ്വാസം നൽകിയെന്നും വ്യക്തമാക്കാമോ;

(ബി) ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കാർഷിക കടാശ്വാസ അപേക്ഷ സ്വീകരിക്കുന്നതിനുള്ള സമയപരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ അനുകൂല തീരുമാനം സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതിനകം 446012 അപേക്ഷകൾ തീർപ്പാക്കുകയും 2,01,13,37,054 രൂപ കടാശ്വാസമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇനി 31186 അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ട്.

(സി) വയനാട് ജില്ലയിൽ 31-3-2014 വരെയുള്ള കുടിശ്ശികയായ കാർഷിക വായ്പകളും മറ്റ് ജില്ലകളിൽ 31-10-2011 വരെയുള്ള വായ്പകളും കാർഷിക കടാശ്വാസത്തിന് പരിഗണിക്കുവാൻ 6-6-2018-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**വരൾച്ചമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

66(1653) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചമൂലം കൃഷിനാശം സംഭവിച്ചകാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന വെളിപ്പെടുത്തുമോ;

(ബി) മലപ്പുറം ജില്ലയിൽ അപ്രകാരം നെൽക്കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ എത്ര ഹെക്ടർ നെൽക്കൃഷി നശിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ;

(സി) വരൾച്ചമൂലം മറ്റ് ഏതെല്ലാം വിളകൾ നശിച്ചിട്ടുണ്ട്; കോട്ടയ്ക്കൽ നിയോജകമണ്ഡത്തിൽ അപ്രകാരം നശിച്ചതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ 2018-ൽ വരൾച്ചമൂലം 46 ഹെക്ടർ നെൽക്കൃഷി നശിച്ചിട്ടുണ്ട്. കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) വരൾച്ചമൂലം 700 വാഴ നശിച്ചിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) നഷ്ടപരിഹാരം നൽകിയിട്ടില്ല. തുക ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാലാവസ്ഥ വ്യതിയാനം കാരണമുണ്ടായ കാർഷിക സാമ്പത്തിക നഷ്ടം**

67(1654) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-17, 2017-18 കാലയളവിൽ കാലാവസ്ഥ വ്യതിയാനം കാരണമുണ്ടായ വരൾച്ച, ജലദൗർഭ്യം, കാലവർഷം, ഓഖിചുഴലിക്കാറ്റ് എന്നിവയും മറ്റ് ദുരന്തങ്ങളുംമൂലം എത്ര ഹെക്ടർ ഭൂമിയിൽ കൃഷിനാശം സംഭവിച്ചുവെന്നും ഏതെല്ലാം മേഖലകളിലെ കർഷകരെ ഇത് ബാധിച്ചുവെന്നും ഇതുമൂലം കർഷകർക്കുണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ദുരിതമനുഭവിച്ച കർഷകരെ സഹായിക്കാനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവരെ സഹായിക്കാനായി എത്ര തുകയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചു; പ്രസ്തുത കാലയളവിൽ ലഭ്യമായ തുക എത്ര; സംസ്ഥാനസർക്കാർ ഇവരെ സഹായിക്കാനായി എത്ര തുക ചെലവാക്കി; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18-ലെ തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ മൺസൂൺ കാലയളവിലും പ്രീ മൺസൂൺ കാലയളവിലുമായി 74,420 ഹെക്ടർ കൃഷിഭൂമിയിലെ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചതായി അനുമാനിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട എല്ലാ വിളകൾക്കും കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തിൽ ലഭിച്ച പ്രാഥമിക വിവര റിപ്പോർട്ടുകൾ അനുസരിച്ച് 1256 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കുന്നു.

(ബി) പ്രകൃതിക്ഷോഭത്താൽ കൃഷിനാശം സംഭവിച്ച വിളകൾക്ക് നഷ്ടപരിഹാരമേകുന്നതിനായി സംസ്ഥാന സർക്കാർ കാലോചിതമായി പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇൻഷ്വർ ചെയ്യാത്ത വിളകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന ദുരിതാശ്വാസ ഫണ്ടിൽനിന്നും ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. കൃഷി വകുപ്പിന്റെ വിഹിതമായി സംസ്ഥാന സർക്കാർ ഈയിനത്തിൽ, 2016-17-ൽ 52 കോടി രൂപ കർഷകർക്ക് നൽകിയിരുന്നു. ഇതുകൂടാതെ പ്രധാനമന്ത്രി ഫസൽ ഭീമ യോജന പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര സർക്കാർ പദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്.

(സി) ഓഖി ദുരന്തത്തോടനുബന്ധിച്ച് കൃഷിനാശത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരിനോട് 14 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. 2016-2018 കാലയളവിൽ, 39.54 കോടി രൂപ വിവിധ ജില്ലകൾക്കായി, സംസ്ഥാന ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചു. ഇതുകൂടാതെ കൃഷി വകുപ്പിന്റെ വിഹിതമായി, 2016-17-ൽ, 52 കോടി രൂപ കർഷകർക്കായി നൽകിയിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി 2016-17-ൽ 2478 കർഷകർക്ക് 159.87 ലക്ഷം രൂപയും 2017-18-ൽ 11202 കർഷകർക്കായി 876.18 ലക്ഷം രൂപയും വിളനാശത്തിനുള്ള നഷ്ടപരിഹാരമായി കർഷകർക്ക് നൽകിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ കൃഷിനാശം**

68(1655) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലായി വേനൽ മഴയിലും കാറ്റിലും പെട്ട് കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) നാശനഷ്ടം സംഭവിച്ച കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) 2,86,78,675 (രണ്ട് കോടി എൺപത്തിയാറ് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി അറുന്നൂറ്റി എഴുപത്തിയഞ്ച്) രൂപയുടെ കൃഷിനാശം സംഭവിച്ചതായാണ് പ്രഥമ വിവര റിപ്പോർട്ടുകൾ പ്രകാരം കണക്കാക്കിയിട്ടുള്ളത്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നേമം മണ്ഡലത്തിൽ തരിശ് ഭൂമിയിലെ കൃഷി**

69(1656) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ കൃഷിയോഗ്യമായതും എന്നാൽ നിലവിൽ തരിശായി കിടക്കുന്നതുമായ ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ വിവരശേഖരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഭൂമിയിൽ കൃഷി ആരംഭിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. തിരുവല്ലം കൃഷി ഭവൻ പരിധിയിൽ 1 ഹെക്ടറും നേമം കൃഷി ഭവൻ പരിധിയിൽ 30 ഹെക്ടറും ചേർന്ന് ആകെ 31 ഹെക്ടറാണ് നേമം മണ്ഡലത്തിലെ തരിശുഭൂമിയുടെ വിസ്തീർണ്ണം.

(സി) നേമം മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 3 ഹെക്ടർ തരിശുഭൂമി കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. 12 ഹെക്ടർ സ്ഥലത്ത് കൃഷിക്കായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കി 16 ഹെക്ടർ സ്ഥലത്ത് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സർവ്വേ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി)-യെ ഏൽപ്പിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തരിശുരഹിത മണ്ഡലം പദ്ധതി

70(1657) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി എത്ര തരിശ് ഭൂമിയുണ്ട് എന്നുള്ള കണക്ക് ലഭ്യമായിട്ടുണ്ടോ; പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തരിശുരഹിത മണ്ഡലം പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ തലത്തിൽ ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിലെ പഞ്ചായത്തടിസ്ഥാനത്തിലുള്ള തരിശുഭൂമിയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| പാറശ്ശാല | 18.4 ഹെക്ടർ |
| അമ്പൂരി | 2 ഹെക്ടർ |
| കള്ളിക്കാട് | 5 ഹെക്ടർ |
| വെള്ളറട | 1 ഹെക്ടർ |
| ഒറ്റശേഖരമംഗലം | 3 ഹെക്ടർ |
| കൊല്ലയിൽ | 13.4 ഹെക്ടർ |
| പെരുങ്കടവിള | 5 ഹെക്ടർ |
| ആര്യങ്കോട് | 2 ഹെക്ടർ |
| കുന്നത്തുകാൽ | 4.2 ഹെക്ടർ |
| ആകെ | 54 ഹെക്ടർ |

(ബി) പാറശ്ശാല നിയോജകമണ്ഡലം തരിശുരഹിത മണ്ഡലമാക്കുന്നതിന്റെ ഭാഗമായി പ്രധാനമായും പച്ചക്കറി വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്ന തരിശുകൃഷിയും സമഗ്ര നെൽ കൃഷി വികസന പദ്ധതിയുടെ ഭാഗമായ തരിശുകൃഷിയും ജില്ലാ പഞ്ചായത്തിന്റെ ജൈവ സമൃദ്ധിയും നടപ്പിലാക്കുന്നു.

മേല്പറഞ്ഞ തരിശു കൃഷി പദ്ധതികൾക്കുപുറമെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജൈവകൃഷി പദ്ധതി, ആത്മ പദ്ധതികൾ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ

പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവ പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട കൃഷിഭവനുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.

തരിശുഭൂമിയിൽ നെൽക്കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകുന്നു.

തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. ഭൂവുടമയ്ക്ക് 5000 രൂപയും കർഷകന് 25,000 രൂപയും നൽകും. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്ന് സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്.

നഗരപ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തംഭൂമിയിലോ പാട്ടത്തിനോ നെൽക്കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകിവരുന്നു. ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും യന്ത്രവൽക്കരണത്തിനും സംസ്കരണത്തിനും ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു.

**തരിശുകൃഷിക്കായി സാമ്പത്തിക സഹായം**

71(1658) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുകൃഷിക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) തരിശുകൃഷിക്കായി കർഷകർക്ക് ലഭ്യമാക്കുന്ന സാമ്പത്തിക സഹായം എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ & ബി) തരിശുഭൂമിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. തരിശുനിലങ്ങളിൽ നെൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം വീതിച്ച് നൽകാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ് ധനസഹായം.

തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. ഭൂവുടമയ്ക്ക് 5000 രൂപയും കർഷകന് 25,000 രൂപയുമാണ് ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്ന് സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്.

നഗരപ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തംഭൂമിയിലോ പാട്ടത്തിനോ നെൽക്കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകിവരുന്നു. ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും യന്ത്രവൽക്കരണത്തിനും സംസ്കരണത്തിനും ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു.

**നാദാപുരം മണ്ഡലത്തിലെ തരിശ് പാടങ്ങൾ**

72(1659) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുപാടങ്ങളിൽ കൃഷി ഇറക്കുന്നതിനുള്ള പദ്ധതികൾ പലതുണ്ടായിട്ടും അവ പ്രയോഗത്തിലാവാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) നാദാപുരം മണ്ഡലത്തിൽ തരിശിട്ടിട്ടുള്ള പാടശേഖരങ്ങളുടെയും നെൽവയലുകളുടെയും സ്ഥിതി വിവര കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിസ്തൃതി മണ്ഡലത്തിലെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വർദ്ധിച്ച കൂലിച്ചെലവ്, നെൽക്കൃഷി മേഖലയിൽ പണിയെടുക്കുന്നതിനുള്ള തൊഴിലാളികളുടെ ദൗർലഭ്യം, യന്ത്രവൽക്കരണത്തിന്റെ അഭാവം, ഭൂവുടമകൾ പട്ടണങ്ങളിലേയ്ക്ക് മാറി താമസിക്കുന്നത്, നിലം മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്നത്, ജലാഗമന നിർഗ്ഗമന പ്രശ്നങ്ങൾ, കാലാവസ്ഥയിലെ വ്യതിയാനവും പ്രകൃതിക്ഷോഭവും, വർദ്ധിച്ച പാട്ടക്കൂലി എന്നിങ്ങനെ അനവധി സാങ്കേതിക, പാരിസ്ഥിതിക, സാമൂഹിക കാരണങ്ങളാലാണ് കർഷകർ നെൽപ്പാടങ്ങൾ തരിശിടുന്നത്. എന്നാൽ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പ്രകാരം മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുവാനും തരിശിട്ടനിലങ്ങളിൽ നെൽക്കൃഷി പുനഃസ്ഥാപിക്കുവാനും സംസ്ഥാനത്തെ നെൽക്കൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. നാദാപുരം മണ്ഡലത്തിൽ തരിശിട്ടുള്ള പാടശേഖരങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിസ്തൃതി ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | തരിശിട്ടിട്ടുള്ള പാടശേഖരങ്ങളുടെ വിസ്തൃതി |
|---|---|
| ചെക്യാട് | തരിശില്ല |
| എടച്ചേരി | 23 ഹെക്ടർ |
| കാവിലുമ്പാറ | തരിശില്ല |
| കായക്കൊടി | 1.6 ഹെക്ടർ |
| മരുതോങ്കര | 2 ഹെക്ടർ |
| നരിപ്പറ്റ | തരിശില്ല |
| തൂണേരി | 20 ഹെക്ടർ |
| വളയം | തരിശില്ല |
| വാണിമേൽ | ഈ വർഷം നിലവിലുള്ള തരിശ് നിലത്തിൽ കൃഷി ചെയ്യുന്നു. അതിനാൽ തരിശ് ഇല്ല |
| നാദാപുരം | 15 ഹെക്ടർ |
| **ആകെ** | **61.6 ഹെക്ടർ** |

## തരിശുരഹിത കൃഷിയിട ഗ്രാമപഞ്ചായത്ത്

73(1660) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ബ്ലോക്കിൽ ഒരു പഞ്ചായത്തെങ്കിലും തരിശുരഹിത കൃഷിയിട ഗ്രാമപഞ്ചായത്താക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ചെയ്യുന്നുണ്ട്; അത് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷം 220449 ഹെക്ടറിൽ നെൽക്കൃഷി ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷവും നെൽക്കൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

നെൽക്കൃഷി വികസന പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. സമഗ്ര നെൽക്കൃഷി വികസനം

- സുസ്ഥിര നെൽക്കൃഷി
  - വികസന ഏജൻസികൾക്കുള്ള ഫണ്ട്
  - പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം.
  - പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
- കരനെൽക്കൃഷി വികസനം
  - തരിശുനില കൃഷി
  - ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി
  - പദ്ധതിയധിഷ്ഠിത ധനസഹായം
  - നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം.

2. പ്രത്യേക കാർഷിക മേഖല

<u>പദ്ധതിയേതര പദ്ധതികൾ</u>

3. നെൽക്കൃഷി ഉല്പാദന ബോണസ്

4. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി
2. ആർ. എ. ഡി.-എൻ.എം.എസ്.എ.
3. പ്രധാന മന്ത്രി കൃഷി സിഞ്ചായ് യോജന
4. ആർ.കെ.വി.വൈ.

## തരിശുഭൂമി കൃഷിഭൂമിയാക്കാനായുള്ള നടപടികൾ

74(1661) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ കാർഷികവിളകളായ നെല്ല്, പച്ചക്കറികൾ, നാണ്യവിളകൾ എന്നിവയുടെ 2015-16 കാലയളവിലെ ഉല്പാദനം എത്ര എന്നും നിലവിലേത് എത്ര എന്നും വ്യക്തമാക്കുമോ;

(ബി) ഇവയുടെ സംസ്ഥാന ആവശ്യകത എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(സി) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ കാർഷികമേഖലയിലുണ്ടായിരുന്ന തരിശുഭൂമി എത്രയായിരുന്നുവെന്ന് ജില്ലതിരിച്ചുള്ള വിവരവും അവയെ കൃഷിഭൂമിയാക്കുവാനായി ഈ സർക്കാർ കൈക്കൊണ്ട നടപടികളുടെ ഫലമായി എത്ര തരിശുഭൂമി കൃഷിഭൂമിയാക്കി എന്നുള്ള വിശദാംശവും ലഭ്യമാക്കുമോ;

(ഡി) തരിശുഭൂമി കൃഷിഭൂമിയാക്കാനായുള്ള കൃഷി വകുപ്പിന്റെ നടപടികളിൽ നാളിതുവരെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥ അഴിമതികൾ കണ്ടെത്തിയിട്ടുണ്ടോ എന്നും ആയതു പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ നെൽക്കൃഷി വിസ്തൃതിയും 549275 ടൺ അരി ഉല്പാദനവും ഉണ്ടായിരുന്നു. 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും അതിൽ നിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തു. 5873 ദശലക്ഷം നാളികേരമായിരുന്നു 2015-16-ലെ ഉല്പാദനം.

2017-18 വർഷത്തെ നെൽക്കൃഷി വിസ്തൃതി 220449 ഹെക്ടറും ഉല്പാദനം 617260 ടൺ അരിയും ആയി വർദ്ധിച്ചു. 67858 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 10.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തു.

(ബി) പ്രതിദിനം ശരാശരി ഒരാൾക്ക് 485.4 ഗ്രാം ഭക്ഷ്യധാന്യം ആവശ്യമായിരിക്കെ സംസ്ഥാനത്തെ 3.34 കോടി പൗരന്മാർക്ക് (2011 ജനസംഖ്യാ സെൻസസ്) ഒരു വർഷത്തേയ്ക്ക് 59 ലക്ഷം ടൺ അരി ആവശ്യമാണെന്ന് കണക്കാക്കുന്നു.

നാഷണൽ സാമ്പിൾ സർവ്വേ കണക്ക് പ്രകാരം സംസ്ഥാനത്തെ പ്രതിദിന പച്ചക്കറി ആവശ്യകത 5504.1 ടൺ ആണ്. അതുപ്രകാരം സംസ്ഥാനത്തിന്റെ വാർഷിക പച്ചക്കറി ആവശ്യകത 20 ലക്ഷം ടൺ ആണെന്ന് കണക്കാക്കുന്നു.

നാണ്യവിളകളുടെ ആവശ്യകത സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. 2015-16 വർഷത്തിൽ നിലവിലെ തരിശ് എന്ന വിഭാഗത്തിൽ 70003 ഹെക്ടറും വർഷങ്ങളായി തരിശായി കിടക്കുന്നത് എന്ന വിഭാഗത്തിൽ 55258 ഹെക്ടറും ഉണ്ടെന്നാണ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്ക്.

(സി &ഡി) ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | നിലവിലെ തരിശ് (ഹെക്ടർ) | വർഷങ്ങളായി തരിശായി കിടക്കുന്നത് (ഹെക്ടർ) |
|---|---|---|
| തിരുവനന്തപുരം | 2912 | 1072 |
| കൊല്ലം | 3255 | 1691 |
| പത്തനംതിട്ട | 4053 | 3165 |
| ആലപ്പുഴ | 3183 | 2494 |
| കോട്ടയം | 4765 | 2518 |
| ഇടുക്കി | 1884 | 1201 |
| എറണാകുളം | 10814 | 7907 |
| തൃശ്ശൂർ | 8081 | 6024 |
| പാലക്കാട് | 12237 | 16087 |
| മലപ്പുറം | 7589 | 5332 |
| കോഴിക്കോട് | 2000 | 1676 |
| വയനാട് | 2257 | 763 |
| കണ്ണൂർ | 4376 | 3168 |
| കാസർഗോഡ് | 2597 | 2160 |

ഈ സർക്കാർ കൈക്കൊണ്ട നടപടികളുടെ ഫലമായി രണ്ട് വർഷം കൊണ്ട് 8268.071 ഹെക്ടർ തരിശുഭൂമിയിൽ നെൽക്കൃഷി ചെയ്യിക്കാനും 1694.11 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യിക്കാനും സാധിച്ചു.

തരിശുഭൂമിയിൽ കൃഷി ചെയ്യുന്ന പ്രവൃത്തികളിൽ അഴിമതി സംബന്ധിച്ച് ഉദ്യോഗസ്ഥർക്കെതിരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**നെൽക്കർഷകർക്ക് ഗുണനിലവാരമുള്ള നെൽവിത്ത്**

75(1662) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ നെൽക്കർഷകർക്ക് ഗുണനിലവാരമുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; നെൽവിത്ത് ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്.

1966-ലെ സീഡ് ആക്ട് അനുസരിച്ച് കേരള കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്ന, ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുള്ള സീഡ് സർട്ടിഫിക്കേഷൻ ടാഗ് ലഭിച്ചിട്ടുള്ള നെൽവിത്ത്, കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി വഴി സംഭരിച്ച്, സംസ്കരിച്ച് കർഷകർക്കായി വിതരണം നടത്തുന്നു.

ഓരോ വർഷവും രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി നടപ്പിലാക്കുകയും നെൽവിത്ത് ഉത്പാദനം ലക്ഷ്യം വച്ച് വിത്തുത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുകവഴി നെൽവിത്ത് ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുവാൻ സാധ്യമാകുന്നുണ്ട്.

**വിള ഇൻഷ്വറൻസ് പദ്ധതി**

76(1663) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതി കർഷകർക്ക് എത്രമാത്രം പ്രയോജനപ്രദമായെന്നും ഓഖി കൊടുങ്കാറ്റിൽ വിളകൾ നശിച്ച കർഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുന്നതിന് ഈ ഇൻഷ്വറൻസ് സഹായകമായോയെന്നും അറിയിക്കാമോ ;

(ബി) ഏതൊക്കെ കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നത്;

(സി) വിളകൾക്ക് ഉണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളുവെന്ന വ്യവസ്ഥ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാലാവസ്ഥ വ്യതിയാനവും കാർഷികോത്പന്നങ്ങളുടെ ഉല്പാദനവും കുറയുന്ന സാഹചര്യത്തിൽ ഇവരെ രക്ഷിക്കുന്നതിന് ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന്, അധികം കാലതാമസമില്ലാതെ തന്നെ കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാൻ കഴിയുന്നുണ്ട്. നഷ്ടപ്പെട്ട വിളയുടെ വിപണി മൂല്യത്തിനോടടുത്ത നിരക്കിൽ, വിളയുടെ നഷ്ടപരിഹാര തോത്, മുൻകാലത്തെ അപേക്ഷിച്ച്, ഇരട്ടിയായും, ചില വിളകളെ സംബന്ധിച്ചിടത്തോളം അഞ്ചിരട്ടിയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ, 2017-18 സാമ്പത്തിക വർഷത്തിൽ വിളനാശം സംഭവിച്ച 11,202 കർഷകർക്കായി 876.179 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുകയുണ്ടായി.

ഓഖി കൊടുങ്കാറ്റിൽപ്പെട്ട് കൃഷിനാശം സംഭവിച്ച കർഷകർക്കും, സമയബന്ധിതമായി, ആനുകൂല്യം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറു ധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ച വിളകളിൽ നിന്നും ഉല്പാദനമോ അതേ തുടർന്നുള്ള വരുമാനമോ ലഭ്യമാകാത്ത അവസരത്തിൽ, കർഷകനെ രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നത് എന്നതിനാൽ, വിളകൾക്കുണ്ടാകുന്ന പൂർണ്ണമായ നാശത്തിനാണ് നഷ്ടപരിഹാരം നൽകുന്നത്.

(ഡി) കാലാവസ്ഥാ വ്യതിയാനവും കാർഷികോത്പന്നങ്ങളുടെ ഉല്പാദനവും കുറയുന്ന സാഹചര്യത്തിൽ കർഷകരെ രക്ഷിക്കുന്നതിന് നിലവിൽ കേന്ദ്ര

സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. 25 വർഷങ്ങൾക്ക് ശേഷം സംസ്ഥാന സർക്കാർ പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതുമൂലം കർഷകർക്ക് വർദ്ധിച്ച നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ആയതിനാൽ ഇപ്പോൾ പുതിയ ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിക്കേണ്ടതില്ല.

## വിള ഇൻഷ്വറൻസ് പദ്ധതി

77(1664) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കർഷകർ ഉൾപ്പെട്ടിട്ടുണ്ട്;വ്യക്തമാക്കുമോ ;

(ബി) കാർഷിക ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിന് കർഷകരെ സഹായിക്കുന്നതിനാവശ്യമായ പുതിയ പദ്ധതികൾ നടപ്പിലാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ 176644 കർഷകർ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിവിധ കാർഷിക വിളകളായ തെങ്ങ്, നെല്ല്, വാഴ, തേൻ, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, തേയില മുതലായവയ്ക്ക് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ കോക്കനട്ട് അഗ്രോ പാർക്ക് കോഴിക്കോട് ജില്ലയിൽ കൂത്താളി ഫാമിലും, വേങ്ങേരി കാർഷികമൊത്ത വ്യാപാര വിപണന കേന്ദ്രത്തിലും, ബനാന ഹണി അഗ്രോ പാർക്ക് തൃശ്ശൂർ ജില്ലയിൽ കണ്ണാറ ഫാമിലും, വെജിറ്റബിൾ അഗ്രോ പാർക്ക് ഇടുക്കി ജില്ലയിലെ പഴത്തോട്ടത്തുമാണ് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നത്. കൂടാതെ എസ്.എഫ്.എ.സി. മുഖാന്തരം കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് എന്ന ലക്ഷ്യം നേടുന്നതിന് സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളുടേയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് 5 ലക്ഷം മുതൽ 50 ലക്ഷം വരെ (പരമാവധി 50%) യൂണിറ്റുകൾക്ക് കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും വേണ്ടി ചെലവാകുന്ന തുക ധനസഹായമായി നൽകുന്നു.

## വിള ഇൻഷ്വറൻസ് പദ്ധതി

78(1665) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തരത്തിലുള്ള കൃഷിനാശത്തെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിനും പച്ചക്കറികൾക്കും സുഗന്ധവിളകൾക്കുമുള്ള ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഈ സർക്കാർ ഏതെല്ലാം ഇനങ്ങളെയാണ് പുതിയതായി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്,ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം എന്നീ തരത്തിലുള്ള കൃഷി നാശത്തിനാണ് പദ്ധതി സംരക്ഷണം നൽകുന്നത്. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽ കൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീട രോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, ഏലം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പയർ എന്നീ വിളകൾക്ക് ഇരട്ടിയായും വാഴ, കുരുമുളക്, കാപ്പി, ജാതി, ഗ്രാമ്പൂ, വെറ്റില, നെല്ല് എന്നിവയ്ക്ക് ഏകദേശം അഞ്ച് ഇരട്ടിയായും നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വിള | മുമ്പ് ഉണ്ടായിരുന്നത് | വർദ്ധിപ്പിച്ചത് |
|---|---|---|
| നെല്ല് | 45 ദിവസത്തിനുള്ളിൽ രൂപ 3000/ha 45 ദിവസത്തിനുശേഷം രൂപ 5000/ha | 45 ദിവസത്തിനുള്ളിൽ രൂപ 15000/ha 45 ദിവസത്തിനുശേഷം രൂപ 35000/ha |
| പച്ചക്കറികൾ | പന്തലില്ലാത്തതിന് രൂപ 15000/ha പന്തലുള്ളതിന് രൂപ 25000/ha | പന്തലില്ലാത്തതിന് രൂപ 25000/ha പന്തലുള്ളതിന് രൂപ 40000/ha |
| കുരുമുളക് | ഓരോ താങ്ങ് മരത്തിനും രൂപ 40 വീതം | ഓരോ താങ്ങ് മരത്തിനും രൂപ 200 വീതം |
| ഏലം | രൂപ 30000/ha | രൂപ 60000/ha |
| ഇഞ്ചി | രൂപ 40000/ha | രൂപ 80000/ha |
| മഞ്ഞൾ | രൂപ 40000/ha | രൂപ 60000/ha |
| ജാതി | രൂപ 200/മരം | രൂപ 3000/മരം |
| ഗ്രാമ്പൂ | രൂപ 150/മരം | രൂപ 1000/മരം |

(ഡി) കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെക്കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിള ഇൻഷ്വറൻസ് പദ്ധതി**

79(1666) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ ഏതെല്ലാം കാർഷിക വിളകളെയാണ് വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തിയിട്ടുള്ളതെന്ന വ്യക്തമാക്കാമോ;

(ബി) ഓരോ കാർഷിക വിളയുടേയും വാർഷിക പ്രീമിയം തുക എത്രയെന്നും ലഭിക്കുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ടെന്ന് ഓരോ കാർഷിക വിളയിനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്,റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്,ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ കൂടാതെ മാവ് കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം I-എ, അനുബന്ധം I-ബി- ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ 176644 കർഷകർ അംഗമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-II-ൽ ചേർത്തിട്ടുണ്ട്.*

**അമിത കീടനാശിനി പ്രയോഗം**

80(1667) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും അമിതമായ കീടനാശിനി പ്രയോഗം ഉണ്ടാകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും അമിതമായ തോതിൽ കീടനാശിനി പ്രയോഗിച്ച പച്ചക്കറികളും പഴവർഗ്ഗങ്ങളും കേരളത്തിലേക്ക് കൊണ്ടുവരുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തമ കൃഷി മുറകൾ (GAP) പാലിച്ച് GAP ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികളിൽ അമിതമായ കീടനാശിനി പ്രയോഗം ഉണ്ടാകുന്നില്ല. എന്നാൽ പഴം, പച്ചക്കറി സാമ്പിളുകളുടെ വിഷാംശം പരിശോധിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ കീഴിൽ "വെള്ളായണി കാർഷിക കോളേജിൽ കീടനാശിനി വിഷാംശ അവശിഷ്ട പരിശോധനാ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലാബ്" പ്രവർത്തിക്കുന്നുണ്ട്. പഴം, പച്ചക്കറി സാമ്പിളുകൾ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് ടി ലാബിൽ പരിശോധന നടത്തി 3 മാസത്തിലൊരിക്കൽ പരിശോധന ഫലം കേരള സർക്കാർ വെബ് പോർട്ടൽ www.kerala.gov.in- ലും കൃഷിവകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനികളുടെ സാന്നിദ്ധ്യം നിയന്ത്രിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും കൃഷി വകുപ്പ്, ഫുഡ് സേഫ്റ്റി കമ്മീഷണറും, കാർഷിക സർവ്വകലാശാലയും ചേർന്ന് തമിഴ്നാട് സംസ്ഥാനത്തെ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുകയും തമിഴ്നാട് കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവരുടെ യോഗം ചേർന്ന് അമിതമായ കീടനാശിനി പ്രയോഗം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

**കർഷക കടാശ്വാസ കമ്മീഷൻ**

81(1668) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി അവസാനിക്കുന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷനെ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ പരിധിയിൽപ്പെടുന്ന കടാശ്വാസം ലഭ്യമാക്കുന്നതിന് യോഗ്യമായ വായ്പകളുടെ കാലാവധി 18-1-2007-ൽ നിന്നും 2014 ആയി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി 2018 മേയ് 19-ന് അവസാനിച്ചു.

(ബി&സി)സംസ്ഥാനത്തെ കർഷകരുടെ കാർഷിക കടങ്ങൾക്ക് ആശ്വാസം നൽകുന്നതിന് 6-6-2018-ലെ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ 31-3-2014 വരെയുള്ള കുടിശ്ശികയായ കാർഷിക വായ്പകളും മറ്റ് 13 ജില്ലകളിലെ 31-10-2011 വരെയുള്ള വായ്പകളും കാർഷിക കടാശ്വാസത്തിന് പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## നീര പ്രതിസന്ധി മറികടക്കുന്നതിന് നടപടി

82(1669) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കർഷകർക്ക് ഏറെ പ്രതീക്ഷ നൽകിയ നീര വ്യവസായം അതീവ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ നീര കർഷകർ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണ്; പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിനും നീരയുടെ നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യകൾ ഏകോപിപ്പിക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നീരയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ അവരുടെ റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണ്;

(ഡി) നീര ടെട്രാ പായ്ക്കിൽ നൽകുന്നതിനുള്ള യൂണിറ്റ് കൃഷി വകുപ്പ് തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) കടുത്ത പ്രതിസന്ധി നേരിടുന്ന നീര സംഘങ്ങളെ രക്ഷിക്കുന്നതിനും കേര കർഷകർക്ക് ആശ്വാസം നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ടെക്നീഷ്യൻമാരുടെ അഭാവവും കേരളത്തിൽ വിവിധ കമ്പനികൾ ഉല്പാദിപ്പിക്കുന്ന നീരയ്ക്ക് വ്യത്യസ്ത രുചി ആയതുകൊണ്ട് മാർക്കറ്റിംഗിന് ബുദ്ധിമുട്ടും, നീര ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യയും ഘടനയും ഒരുപോലെ യല്ലാത്തതുകൊണ്ടും, പൊതുവായ ലേബലും ബ്രാൻഡ് നെയിമും ഇല്ലാത്തത് കൊണ്ടുമാണ് നീര ഉല്പാദനം പ്രതിസന്ധിയിലായിട്ടുള്ളത്.

നീരയെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി അതിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് നീര ഉല്പാദന കമ്പനി

പ്രതിനിധികളുടേയും കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേരള സ്റ്റേറ്റ് നാളികേര വികസന കോർപ്പറേഷൻ, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ്-കൺസോർഷ്യം (SFAC), KERAFED, കൃഷി വകുപ്പ് എന്നിവരുടെ പ്രതിനിധികളുമായി 15-5-2018-ന് യോഗം കൂടുകയും സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനുള്ള പൊതുവായ ഗുണനിലവാര മാനദണ്ഡം നിശ്ചയിക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനുമായി 2 കമ്മിറ്റികൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നീരയുടെ ഏകീകൃത ഗുണനിലവാരം നിശ്ചയിക്കുന്നതിനായി ചുമതലപ്പെടുത്തിയ വിദഗ്ദ്ധ സമിതി സമർപ്പിച്ച Standardisation Report കൃഷി വകുപ്പുമന്ത്രി ചെയർമാനായ സമിതി അംഗീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരംകൂടി ലഭിച്ചാൽ വിജ്ഞാപനമായി പുറത്തിറക്കുന്നതാണ്.

(സി) കേരള കാർഷിക സർവ്വകലാശാല വിപണിയിലുള്ള വിവിധ സാമ്പിളുകൾ ശേഖരിച്ച് ഒരു പ്രാഥമിക പഠനം നടത്തിയതിൽ നിന്നും നീരയുടെ അമ്ലത, പഞ്ചസാര, വിറ്റാമിനുകൾ, ധാതുലവണങ്ങൾ എന്നിവയുടെ അളവ് കണ്ടെത്തി ക്രോഡീകരിച്ചുവരുന്നു.

നല്ല ഗുണനിലവാരം ലഭിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യ രൂപപ്പെടുത്തിയെടുത്ത്, അവ ഉപയോഗിച്ച് നീര ഉൽപ്പാദിപ്പിക്കുവാനുള്ള സാങ്കേതിക സഹായങ്ങൾ കമ്പനികൾക്ക് നൽകണം എന്നതാണ് ശിപാർശ.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നീര ഉൽപ്പാദനം**

83(1670) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നീര ഉൽപ്പാദനം ലാഭകരമാണോ; വ്യക്തമാക്കാമോ;

(ബി) എത്ര കമ്പനികൾ എത്ര പേരുകളിൽ നീര ഇറക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നീര പൊതു ബ്രാൻഡിൽ വിപണിയിൽ ഇറക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) നീര ചെത്തിനായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ഏതാണെന്നും ഇതിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) നീര എത്രകാലം കേടുകൂടാതെ സൂക്ഷിക്കാനാകുമെന്നും ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്ന രീതിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദനം തൽക്കാലം ലാഭകരമല്ല. വിവിധ കമ്പനികൾ വിവിധ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന നീരയ്ക്ക് പല രുചിയാകയാൽ ഉപഭോക്താക്കളുടെ കുറവ് ഒരു വലിയ പ്രശ്നമാണ്. ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരുടെ അഭാവവും ഒരു പ്രശ്നമായിരിക്കുന്നു.

(ബി) സംസ്ഥാനത്ത് 11 കമ്പനികൾ, അതായത് നാളികേര വികസന ബോർഡിന്റെ കീഴിൽ 9 കമ്പനികളും, സംസ്ഥാന നാളികേര വികസന കോർപ്പറേഷനും കാർഷിക സർവ്വകലാശാലയും നീര ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കേരാമൃതം (കെ.എ.യു), കേരനീര (കെ.എസ്.സി.ഡി.സി), കേരപഞ്ച് (പേരാമ്പ്ര സി.പി.സി), നീര (തിരുകൊച്ചി), നീര (കൈപ്പുഴ) എന്നീ അഞ്ച് പേരുകളിൽ നീര വിപണിയിൽ ലഭ്യമാകുന്നുണ്ട്.

(സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നീര ഒറ്റ ബ്രാൻഡിൽ ഒരേ ഗുണനിലവാരത്തോടെ വിപണിയിൽ ഇറക്കാൻ ഉദ്ദേശ്യമുണ്ട്; അതിനായുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്. ഇതിനായി 15-5-2018-ന് നീരയുമായി ബന്ധപ്പെട്ട എല്ലാവരുടെയും യോഗം നടത്തുകയുണ്ടായി. പേര്, ലോഗോ, ഗുണനിലവാരത്തിന്റെ മാനദണ്ഡങ്ങൾ എന്നിവ തീരുമാനിക്കാനായി രണ്ട് കമ്മറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം നീരയുടെ ഗുണനിലവാരം ഏകീകരിക്കുവാൻ നിയോഗിച്ച കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന് CPCRI യുടെ ഔപചാരിക അംഗീകാരം ലഭിച്ചാൽ സർക്കാർ ഇത് സംബന്ധിച്ച വിജ്ഞാപനം ഉടനെ ഇറക്കുന്നതാണ്.

(ഡി) സി.പി.സി.ആർ.ഐ., കേരള കാർഷിക സർവ്വകലാശാല, കേര വികസന ബോർഡ് എന്നീ മൂന്ന് സ്ഥാപനങ്ങളുടെ മൂന്ന് സാങ്കേതികവിദ്യ ഇപ്പോൾ നിലവിലുണ്ട്. ഈ മൂന്ന് സാങ്കേതിക വിദ്യയും ഉൾപ്പെടുത്തി ഏത് സാങ്കേതികവിദ്യ ഉപയോഗിച്ചാലും നീരയ്ക്ക് ഒരു പൊതു ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ഇ) ശീതീകരണ സമ്പ്രദായങ്ങൾ ഉപയോഗിച്ച് ഒന്നര മുതൽ രണ്ട് മാസം വരെ നീര കേടുകൂടാതെ സൂക്ഷിക്കാമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ടെട്രാ പാക്കിംഗ് സംവിധാനത്തിൽ ഒരു വർഷം വരെ കേടുകൂടാതെ സൂക്ഷിക്കാമെന്നും കരുതുന്നു.

## നീര ഉല്പാദനത്തിലെ പ്രതിസന്ധി

84(1671) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര കർഷകർക്ക് വളരെയേറെ ഗുണം ചെയ്യുമെന്ന് പ്രതീക്ഷിച്ചിരുന്ന നീര ഉല്പാദനം കടുത്ത പ്രതിസന്ധിയിലായത് കർഷകരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;വിശദമാക്കുമോ;

(ബി) പ്രതിസന്ധി നേരിടുന്ന നീര വ്യവസായത്തെ രക്ഷപ്പെടുത്തുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് നടത്തുന്നത്;

(സി) മറ്റ് സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന നീര കമ്പോളത്തിൽ ഇറങ്ങുന്നത് നമ്മുടെ വ്യവസായത്തെ എത്ര മാത്രം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കുറഞ്ഞ കൂലി ചെലവ് മാത്രമുള്ള തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളുമായി മത്സരിക്കുന്നതിന് ഉതകുന്ന വിധത്തിൽ സംസ്ഥാനത്തെ നീര കർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. ടെക്നീഷ്യൻമാരുടെ അഭാവവും കേരളത്തിൽ വിവിധ കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീരയ്ക്ക് വ്യത്യസ്ത രുചി ആയതുകൊണ്ട് മാർക്കറ്റിംഗിന് ബുദ്ധിമുട്ടും, നീര ഉൽപ്പാദനത്തിനുള്ള സാങ്കേതികവിദ്യയും ഘടനയും ഒരുപോലെയല്ലാത്തതുകൊണ്ടും, പൊതുവായ ലേബലും ബ്രാൻഡ് നേയ്മും ഇല്ലാത്തതുകൊണ്ടുമാണ് നീര ഉൽപ്പാദനം പ്രതിസന്ധിയിലായിട്ടുള്ളത്.

(ബി) നീരയെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി അതിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് നീര ഉൽപ്പാദന കമ്പനി പ്രതിനിധികളുടേയും കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേരള സ്റ്റേറ്റ് നാളീകേര വികസന കോർപ്പറേഷൻ, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ്-കൺസോർഷ്യം (SFAC), KERAFED, കൃഷി വകുപ്പ് എന്നിവരുടെ പ്രതിനിധികളുമായി 15-5-2018-ന് യോഗം കൂടുകയും സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള പൊതുവായ ഗുണനിലവാര മാനദണ്ഡം നിശ്ചയിക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനുമായി 2 കമ്മിറ്റികൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നീരയുടെ ഏകീകൃത ഗുണനിലവാരം നിശ്ചയിക്കുന്നതിനായി ചുമതലപ്പെടുത്തിയ വിദഗ്ദ്ധ സമിതി സമർപ്പിച്ച Standardisation Report കൃഷി മന്ത്രി ചെയർമാനായ സമിതി അംഗീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരംകൂടി ലഭിച്ചാൽ വിജ്ഞാപനമായി പുറത്തിറക്കുന്നതാണ്.

(സി) പരിശോധിച്ചിട്ടില്ല.

## കൃഷി വകുപ്പിന് കേന്ദ്രവിഹിതമായി ലഭിച്ച തുക

85(1672) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിന് 2017-18 കാലയളവിൽ എത്രകോടി രൂപ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം ലഭിച്ച ഫണ്ടുകളുടെ അലോട്ട്മെന്റ്, എക്സ്പെന്റീച്ചർ എന്നീ ക്രമത്തിൽ വിശദമായ സ്റ്റേറ്റ്മെന്റ് ഇനം തിരിച്ച് 31-3-2018 ന്റെ അടിസ്ഥാനത്തിൽ നൽകുമോ;

(സി) പാലക്കാട് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറുടെ അലോക്കേഷനും എക്സ്പെൻഡീച്ചറും എത്രയായിരുന്നെന്ന് ഇനം തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാന കൃഷി വകുപ്പിന് 2017-18 കാലയളവിൽ ആകെ 176.1997 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) ഇപ്രകാരം ലഭിച്ച ഫണ്ടുകളുടെ അലോട്ട്മെന്റ്, എക്സ്പെൻഡീച്ചർ എന്നിവയുടെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം-2 *ആയി ചേർക്കുന്നു.

(സി) പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ 2017-18 വർഷം, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ലഭിച്ചതും ചെലവാക്കിയതുമായ തുകയുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരം നൽകുന്നു:

| പദ്ധതിയുടെ പേര് | ലഭിച്ച തുക (ലക്ഷത്തിൽ ) | ചിലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|
| പി.എം.കെ. എസ്.വൈ | 10 | 6.02513 |
| പി.എം.കെ. എസ്.വൈ. (മൈക്രോ ഇറിഗേഷൻ) | 8.61917 | 8.61917 |
| ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി 2017-18 | 10.28780 | 10.28780 |
| ആർ.കെ.വി.വൈ.പദ്ധതി | 200 | ചെലവഴിച്ചിട്ടില്ല (പദ്ധതി പൂർത്തീകരിച്ചിട്ടില്ല) |
| എസ്.എം.എ.എം. പദ്ധതി | 46.5 | 46.5 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിൽ ഗ്രീൻ ഹട്ട് ഇക്കോഷോപ്പ്

86(1673) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഗ്രീൻ ഹട്ട് ഇക്കോഷോപ്പ്, വിള ആരോഗ്യപരിപാലന കേന്ദ്രം എന്നിവ ആരംഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കളമശ്ശേരി ബ്ലോക്കിലെ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ ഇക്കോഷോപ്പാണ് "ഗ്രീൻ ഹട്ട്" എന്ന പേരിൽ അറിയപ്പെടുന്നത്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം, പള്ളിപ്പുറം എന്നീ പഞ്ചായത്തുകളിലാണ് വിള ആരോഗ്യപരിപാലന കേന്ദ്രം പ്രവർത്തിച്ചു വരുന്നത്.

(ബി) ഇക്കോഷോപ്പിലൂടെ കർഷകർ പ്രാദേശികമായി ഉൽപ്പാദിപ്പിച്ച പഴം, പച്ചക്കറികൾ, തയ്യാറാക്കിയ ജൈവ വളങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ തുടങ്ങിയവ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. വിള ആരോഗ്യ പരിപാലന കേന്ദ്രത്തിൽ കർഷകരുടെ വിളകൾക്ക് സംഭവിക്കുന്ന കീടരോഗ ബാധകൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ ഉടൻതന്നെ കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പരിശോധിച്ചുനൽകുന്നു. കൂടാതെ മണ്ണ് പരിശോധന, കർഷകർക്കുവേണ്ട സസ്യപരിപാലന ക്ലാസ്സുകൾ എന്നിവ ഈ കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. കാർഷിക വിളകളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന കീടരോഗനിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന ചെയ്യുന്നത്. പെസ്റ്റ് ബുള്ളറ്റിനുകൾ മുഖേനയും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. സന്തുലിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും കർഷകർക്ക് നൽകുന്നു. കീടരോഗ നിയന്ത്രണത്തിനുള്ള ഉപകരണങ്ങൾ, അമ്ലത്വ പരിശോധനയ്ക്കുള്ള PH മീറ്റർ, ശത്രുകീടങ്ങളെയും, മിത്രകീടങ്ങളെയും തിരിച്ചറിയാനുള്ള സ്പെസിമനുകൾ, ഫോട്ടോഗ്രാഫുകൾ, ചാർട്ടുകൾ എന്നിവ കൂടാതെ കൃഷി സംബന്ധമായ വിവരങ്ങൾ നൽകുന്ന ലഘുരേഖകൾ, പുസ്തകങ്ങൾ, മാഗസിനുകൾ, സി.ഡി.കൾ എന്നിവയും റഫറൻസിനായി കർഷകർക്ക് ലഭ്യമാക്കുന്നു.

## ഇന്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്

87(1674) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിന്റെ ഒരു ശാഖ കുട്ടനാട്ടിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഐക്യ രാഷ്ട്ര സംഘടന കുട്ടനാട് ഉൾപ്പെടുന്ന കേരളത്തിന്റെ തീരദേശ മേഖലയെ 2012-ൽ ആഗോള കാർഷിക പൈതൃക മേഖലയായി (GIAHS) പ്രഖ്യാപിച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കുട്ടനാട്ടിലെ അതിസാഹസികരായ പരമ്പരാഗത കർഷകർ രൂപപ്പെടുത്തിയ സമുദ്ര നിരപ്പിനടിയിലെ കായൽ കൃഷിയും ജൈവ വൈവിധ്യവും ആഗോള ശ്രദ്ധനേടിയിട്ടുള്ള പശ്ചാത്തലത്തിലാണ് കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്നതിന് ഉതകുന്ന കൃഷി രീതികളും, ജീവന രീതികളും ആവിഷ്കരിച്ച് പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2015-ൽ സംസ്ഥാന സർക്കാർ കൃഷി വകുപ്പിന്റെ കീഴിൽ അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം (IRTCBSF) കുട്ടനാട്ടിൽ ആരംഭിച്ചിട്ടുള്ളത്. കാലാവസ്ഥ മാറ്റത്തെ അതിജീവിക്കാനുതകുന്ന വിവിധ വിളകളുടേയും അനുരോധകൃഷി രീതികളുടേയും പ്രചാരണം, ജൈവ തദ്ദേശീയ വൈവിധ്യസംരക്ഷണത്തിലൂന്നിയ വൈവിധ്യവൽകൃത സംയോജിത കൃഷിയുടെ പ്രചാരണം, കായൽ കൃഷി പരിസ്ഥിതി പര്യവേക്ഷണം തുടങ്ങിയ പ്രധാന പദ്ധതികളാണ് ഈ കേന്ദ്രം എറ്റെടുത്തിട്ടുള്ളത്.

പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം (IRTCBSF) ഇപ്പോൾ തോട്ടപ്പള്ളി സ്പിൽവേയ്ക്ക് അടുത്താണ് പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിന്റെ പ്രവർത്തനം കുട്ടനാടിന്റെ മുഴുവൻ മേഖലകളെയും തീര പ്രദേശങ്ങളേയും കേന്ദ്രീകരിച്ചാണ് നടത്തുന്നത്. പ്രസ്തുത കേന്ദ്രത്തിന് ആസ്ഥാന സൗകര്യങ്ങൾക്കായി പുറക്കാട് കരിനില മേഖലയിൽപ്പെട്ട സ്മൃതിവനം ഭൂമി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇത് കൂടാതെ അനുയോജ്യമായ സ്ഥലവും സൗകര്യങ്ങളും കുട്ടനാട്ടിന്റെ ഇതര മേഖലയിൽ ലഭ്യമാണെങ്കിൽ സ്ഥാപനത്തിന്റെ പ്രവർത്തനം അവിടം കേന്ദ്രീകരിച്ചും നടത്താവുന്നതാണ്.

## തൃക്കാക്കര മണ്ഡലത്തിൽ കാർഷിക മോണിറ്ററിംഗ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി

88(1675) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കേണ്ട കാർഷിക വികസന സമിതിയും ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട വൈറ്റില, കാക്കനാട് കൃഷിഭവനുകളിൽ പുനസംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വൈറ്റില, കാക്കനാട് കൃഷിഭവനുകളിൽ കാർഷിക വികസന സമിതിയും ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും അടിയന്തരമായി പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തൃക്കാക്കര നിയോജകമണ്ഡലത്തിൽപ്പെട്ട കാക്കനാട് (തൃക്കാക്കര) കൃഷിഭവനിൽ കാർഷിക വികസന സമിതി 17-11-2016 മുതൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വൈറ്റില കൃഷിഭവനിൽ കാർഷിക വികസന സമിതി ഉടൻതന്നെ പുനഃസംഘടിപ്പിക്കാൻ വേണ്ട നടപടികൾ എടുത്തുവരുന്നു. തൃക്കാക്കര നിയോജകമണ്ഡലത്തിൽപ്പെട്ട വൈറ്റില, കാക്കനാട് (തൃക്കാക്കര) കൃഷിഭവനുകളിൽ ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

## കൃഷി വകുപ്പിൽ പി.എസ്.സി. മുഖേന നിയമനം

89(1676) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പിൽ എത്ര പേരെ പി.എസ്.സി മുഖേന നിയമിച്ചിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

വിശദാംശം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| ക്ലാർക്ക് | 106 |
| ടൈപ്പിസ്റ്റ് | 18 |
| ക്ലാർക്ക്-ടൈപ്പിസ്റ്റ് | 5 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 9 |
| ഡ്രൈവർ (ഹെഡ് ക്വാർട്ടർ തലത്തിൽ) | 2 |
| വാച്ച്മാൻ (ഹെഡ് ക്വാർട്ടർ തലത്തിൽ) | 8 |
| കൃഷി ഓഫീസർ | 286 |
| കൃഷി അസിസ്റ്റന്റ് | 122 (ഒരു ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുകയുണ്ടായില്ല) |
| അസിസ്റ്റന്റ് എഞ്ചിനീയർ/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | ഒരാൾക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും സേവനത്തിൽ ഇതുവരെ പ്രവേശിച്ചിട്ടില്ല. |

ഡ്രൈവർ, വാച്ച്മാൻ, വർക്ക് സൂപ്രണ്ട്, മെക്കാനിക്, ട്രാക്ടർ ഡ്രൈവർ, ഇലക്ട്രീഷ്യൻ, ഫിറ്റർ, വെൽഡർ എന്നീ തസ്തികകളിലേയ്ക്ക് ജില്ലാ തലത്തിലുള്ള നിയമനത്തിന്റെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

**കൃഷി അസിസ്റ്റന്റ് നിയമനത്തിന് വേണ്ട യോഗ്യതകൾ**

90(1677) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റ് നിയമനത്തിനായുള്ള യോഗ്യതയിൽ കാർഷിക സർവ്വകലാശാലയിൽ നിന്നും ഡിപ്ലോമ പാസായവരുടെ അഭാവത്തിൽ മാത്രം മറ്റുയോഗ്യതയുള്ളവരെ പരിഗണിച്ചാൽ മതി എന്നുള്ള നിയമത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) കൃഷി അസിസ്റ്റൻറ് നിയമനത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലായി എന്ന് വിശദീകരിക്കാമോ;

(സി) ഈ നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിച്ചപ്പോൾ കാണിച്ചിട്ടുള്ള നിയമന യോഗ്യതയിൽ നിന്ന് എന്തെങ്കിലും വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

(ബി) കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഗ്രേഡ് II (കാറ്റഗറി നമ്പർ 446/2016) തസ്തികയിലേയ്ക്കുള്ള പരീക്ഷ 9-8-2017-ന് നടന്നു. ഈ തസ്തികയുടെ യോഗ്യത സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

(സി) ഇല്ല.

**കാർഷിക ഗവേഷണ കേന്ദ്രത്തിലെയും കാർഷിക കോളേജിലെയും ഒഴിവുകൾ നികത്താൻ നടപടി**

91(1678) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെയും പടന്നക്കാട് കാർഷിക കോളേജിലെയും ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വർഷങ്ങളായി നിരവധി ഒഴിവുകൾ നികത്താത്തതിനാൽ കോളേജിലും ഗവേഷണ കേന്ദ്രത്തിലുമുള്ള പ്രതിസന്ധി ശാശ്വതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കാർഷിക സർവ്വകലാശാലയിലെ എല്ലാ അനദ്ധ്യാപക തസ്തികകളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് കൈമാറിയിട്ടുണ്ട്. പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെയും പടന്നക്കാട് കാർഷിക കോളേജിലേതുമടക്കം അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ നിയമനങ്ങൾ നടന്നിട്ടുണ്ട്. ഇതര തസ്തികകളിലെയും നിയമനങ്ങൾ സാധ്യമാകും വിധം സ്പെഷ്യൽ റൂൾസ് രൂപീകരിച്ചാൽ മാത്രമേ നിയമന നടപടികൾ സ്വീകരിക്കാൻ പബ്ലിക് സർവ്വീസ് കമ്മീഷന് സാധ്യമാകുകയുള്ളൂ. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനായി സർവ്വകലാശാല ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നു. ആയത് രൂപീകരിക്കപ്പെട്ടതിനുശേഷം പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെയും പടന്നക്കാട് കാർഷിക കോളേജിലെയും ഒഴിവുകൾ ഉൾപ്പെടെയുള്ളവ നികത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്ഥിരനിയമനത്തിനുള്ള നടപടികൾ പൂർത്തിയാകുന്നത് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും താൽക്കാലിക നിയമനം നടത്തിവരുന്നുണ്ട്.

സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികകളിലെ 60 ഒഴിവുകൾ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ) നികത്തുന്നതിനായി 3-3-2016-ൽ സർവ്വകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നിയമനത്തിനുള്ള തുടർ നടപടികൾ വേഗതയിൽ സ്വീകരിച്ചുവരുന്നു. നിയമന നടപടി പൂർത്തിയാകുന്നതോടെ കോളേജുകളിലെയും ഗവേഷണ കേന്ദ്രത്തിലുമുള്ള പ്രതിസന്ധിക്ക് പരിഹാരമാകും.

**ഏലാ പമ്പ്ഹൗസ് പദ്ധതി**

92(1679) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടിയിൽപ്പെട്ട ഏലാ പമ്പ്ഹൗസ് പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(ബി) ഈ പദ്ധതിയുടെ നവീകരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടിയിൽപ്പെട്ട ഏലാ പമ്പ്ഹൗസ് പദ്ധതി നിലവിൽ പ്രവർത്തനക്ഷമമല്ല.

(ബി) പദ്ധതി പ്രവർത്തനക്ഷമമാകുന്നതിന് അറ്റകുറ്റപ്പണികൾ ഉൾപ്പെടെ പദ്ധതി നവീകരണ പ്രവർത്തി, പമ്പ്ഹൗസ് ഓപ്പറേറ്ററുടെ നിയമനം, പദ്ധതി പ്രവർത്തനത്തിന് ആവശ്യമായ വൈദ്യുതി തുക വകയിരുത്തൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്.

**ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

93(1680) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തന പുരോഗതിയും അനുബന്ധം-1 ഉം 2-ഉം ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊയിലാണ്ടി ശ്രീ. പിഷാരികാവ് ദേവസ്വത്തിന്റെ ചിറ സംരക്ഷണം

94(1681) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ശ്രീ.പിഷാരികാവ് ദേവസ്വത്തിന്റെ അധീനതയിൽ വരുന്ന ചിറ സംരക്ഷണത്തിന് എത്ര രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽ സംസ്ഥാന, നബാർഡ് വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) നബാർഡ് വായ്പ തിരിച്ചടക്കേണ്ടതാണോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) തിരിച്ചടക്കേണ്ടതാണെങ്കിൽ എത്ര ശതമാനം പലിശയാണ് ഈടാക്കുന്നതെന്നും ഏത് വർഷം മുതലാണ് തിരിച്ചടവ് ആരംഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) കേന്ദ്ര സർക്കാരിൽ നിന്നോ, കേന്ദ്ര ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ പ്രസ്തുത പദ്ധതിക്കായി തിരിച്ചടക്കേണ്ടതില്ലാത്ത മറ്റ് ഏതെങ്കിലും ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) കൊയിലാണ്ടി ശ്രീ.പിഷാരികാവ് ദേവസ്വത്തിന്റെ അധീനതയിൽ വരുന്ന കൊല്ലം ചിറ സംരക്ഷണത്തിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ് XXI സ്കീമിൽ ഉൾപ്പെടുത്തി 325.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിൽ സംസ്ഥാന വിഹിതം 16.26 ലക്ഷം രൂപയും നബാർഡ് വിഹിതം 308.97 ലക്ഷം രൂപയുമാണ്.

(സി) നബാർഡ് ആർ.ഐ.ഡി.എഫ്. വായ്പ തിരിച്ചടയ്ക്കേണ്ടതാണ്.

(ഡി) ടി പദ്ധതിക്ക് ചെലവാകുന്ന തുക, റീഇംബേഴ്സ്മെന്റ് ക്ലെയിമിനത്തിൽ നബാർഡിൽ സമർപ്പിക്കുകയും പ്രസ്തുത ക്ലെയിമിന് അനുസൃതമായ നബാർഡ് വായ്പ അനുവദിക്കുന്ന സമയത്തെ പലിശ നിരക്കാണ് വായ്പയ്ക്ക് ബാധകമാകുന്നത്. നിലവിൽ നബാർഡ് ആർ.ഐ.ഡി.എഫ്. വായ്പയുടെ വാർഷിക പലിശ നിരക്ക് 4.75%ആണ്. വായ്പയുടെ പലിശ, വായ്പ അനുവദിച്ച തീയതി മുതൽ തിരിച്ചടയ്ക്കേണ്ടതും വായ്പതുക 2 വർഷത്തെ ഗ്രേസ് പീരിയഡിനുശേഷം 5 വർഷത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതുമാണ്.

(ഇ) ടി പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നോ കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല.

**ചക്ക വിപണന സാദ്ധ്യത**

95(1682) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചക്ക വിപണന സാദ്ധ്യത പരിഗണിച്ച് എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ ചക്ക വിപണന സാദ്ധ്യത പരിഗണിച്ച് ഗ്രാമീണ വിപണികളും, ചില്ലറ വിൽപ്പന ശാലകളും സജ്ജമാക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുന്നതാണ്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| പദ്ധതി ഘടകം | സബ്സിഡി നിരക്ക് | ആകെ തുക (ലക്ഷം രൂപ) | അനുവദനീയമായ സാമ്പത്തിക സഹായം (ലക്ഷം രൂപ) |
|---|---|---|---|
| ഗ്രാമീണ വിപണി<br>ജനറൽ ഏരിയ | 40% | 25 | 10.00 |
| ഹില്ലി ഏരിയ | 55% | 25 | 13.75 |
| ചില്ലറ വിൽപ്പന ശാല<br>ജനറൽ ഏരിയ | 35% | 15 | 5.25 |
| ഹില്ലി ഏരിയ | 50% | 15 | 7.50 |

സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ എന്നിവയ്ക്കാണ് ഈ പദ്ധതി ഘടകത്തിൽ മുൻഗണന നൽകുന്നത്.

**ചക്കയും ചക്കയുല്പന്നങ്ങളും ലോക വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി**

96(1683) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കയെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കേരള ജാക്ക് ഫ്രൂട്ട് എന്ന പേരിൽ ചക്കയും ചക്കയുല്പന്നങ്ങളും ലോക വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 മാർച്ച് 21-ന് ചക്കയെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചു. ചക്കയും ചക്ക ഉൽപ്പന്നങ്ങളും കേരള ജാക്ക് ഫ്രൂട്ട് എന്ന പേരിൽ വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തൃശ്ശൂർ ജില്ലയിലെ മാളയിൽ ജാക്ക് ഫാക്ടറി എന്ന പേരിൽ ചക്ക സംസ്കരണ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. 'ജാക്ക' എന്ന പേരിൽ ചക്കയിൽ നിന്ന് ചക്ക പൾപ്പ്, ചക്ക സിറപ്പ്, ചക്കക്കുരുപ്പൊടി, വാക്വം ഡ്രൈഡ് ചക്ക തുടങ്ങി പത്തോളം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കിയിട്ടുണ്ട്. ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്.) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി "പ്ലാവ് കൃഷിയുടെ വിസ്തൃതി വ്യാപനത്തിനും" ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതി ഘടകം | സബ്സിഡി നിരക്ക് | ആകെ തുക (ലക്ഷം രൂപ) | അനുവദനീയമായ സാമ്പത്തിക സഹായം (ലക്ഷം രൂപ) |
|---|---|---|---|
| വിളവിസ്തൃതി വ്യാപനം | 50% | 0.6 | 0.3 |

| പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റ് (പ്രോജക്ട് അടിസ്ഥാനത്തിൽ) | | | |
|---|---|---|---|
| ജനറൽ ഏരിയ | 40% | 25 | 10 |
| ഹില്ലി ഏരിയ | 55% | 25 | 13.75 |
| സംഭരണം, തരം തിരിക്കൽ/ഗ്രേഡിംഗ്, പായ്ക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് (പ്രോജക്ട് അടിസ്ഥാനത്തിൽ) | | | |
| ജനറൽ ഏരിയ | 40% | 15 | 6 |
| ഹില്ലി ഏരിയ | 55% | 15 | 8.25 |

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങൾ ലോകവിപണിയിൽ എത്തിക്കുന്നതിന്റെ മുന്നോടിയായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ, സംരംഭകർ, കർഷകർ, വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന കൃഷി വകുപ്പ്, ഹോർട്ടിക്കൾച്ചർ മിഷൻ, കാർഷിക സർവ്വകലാശാല

എന്നിവയുടെ ആഭിമുഖ്യത്തിൽ വൈഗ 2016, വൈഗ 2017, ജാക്ക് ഫെസ്റ്റ് 2017 എന്നീ അന്താരാഷ്ട്രമേളകളും, 2018 സംസ്ഥാന ചക്കമഹോത്സവവും സംഘടിപ്പിച്ചു. ചക്ക മഹോത്സവത്തോടനുബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയും, ചക്കയുടെ വിവിധ ഇനങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മേൽത്തരം നടീൽ വസ്തുക്കൾ എന്നിവയുടെ പ്രവർത്തന വിപണന സ്റ്റാളുകളും സജ്ജമാക്കുകയും ചെയ്തു. ചക്കയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനും, പുതിയ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ലോക വിപണിയിൽ കേരളത്തിന്റെ ചക്കയുൽപ്പന്നങ്ങൾ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ജൈവ വൈപ്പിൻ പദ്ധതി**

97(1684) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതി പുനരാരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പദ്ധതി എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജൈവ വൈപ്പിൻ പദ്ധതി പുനരാരംഭിക്കുന്നതിന് സംബന്ധിച്ച് 4-4-2018-ൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ചേംബറിൽ മീറ്റിംഗ് കൂടിയിരുന്നു. വീരമ്പുഴയിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണ് മാറ്റുന്നതിനും തുടർ സംവിധാനത്തിനുമായി, ഡ്രെഡ്ജിംഗ് മെറ്റീരിയൽസ് താൽക്കാലികമായി സൂക്ഷിക്കുന്നതിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൺസ്ട്രക്ഷൻ എഞ്ചിനീയർ, ആലപ്പുഴ പോർട്ട് ട്രസ്റ്റ് ചെയർമാന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഡ്രെഡ്ജിംഗ് മെറ്റീരിയലിന്റെ രാസ ഭൗതീക ഗുണ നിർണ്ണയത്തിനായി KERI (കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻ)-നെ സമീപിച്ചിട്ടുണ്ട്. ഡ്രെഡ്ജിംഗ് മെറ്റീരിയൽസ് സൂക്ഷിക്കുന്നതിനുള്ള സ്ഥലം ലഭ്യമായതിനുശേഷവും, മണ്ണിന്റെ നിലവാരം KERI-യിൽ നിന്ന് ലഭിച്ചശേഷവും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽനിന്നും ക്ലിയറൻസ് ലഭിക്കുന്നതിനായുള്ള പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിക്കുന്നതാണ്.

(ബി) കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്കും ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ കേസുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിലും പദ്ധതി പുനരാരംഭിക്കുന്നതാണ്.

## നിപാ വൈറസ് ബാധയുടെ പേരിൽ കാർഷിക രംഗത്ത് പ്രതിസന്ധി

98(1685) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപാ വൈറസ് ബാധ ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിൽ നിന്നുള്ള പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഇറക്കുമതി ഗൾഫ് രാജ്യങ്ങളിൽ നിരോധിച്ച് ഉത്തരവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) റംസാൻ കാലത്ത് കേരളത്തിൽ നിന്നുള്ള പഴം, പച്ചക്കറി എന്നിവയുടെ വലിയ വിപണിയായ ഗൾഫ് മേഖലയിൽ നിരോധനം വരുന്നത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നിപാ വൈറസ് ബാധയുടെ പേരിൽ കാർഷിക രംഗത്ത് പ്രതിസന്ധി ഉണ്ടാകാതിരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) നിപാ ഭീതിയെത്തുടർന്ന് വാഴക്കുളത്തെ കൈതച്ചക്ക വിപണിയിൽ സംജാതമായ പ്രതിസന്ധി പരിഹരിക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബഹ്റൈൻ, യു.എ.ഇ എന്നീ രാജ്യങ്ങൾ താൽക്കാലിക നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) താൽക്കാലിക നിരോധനം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദമായ വിലയിരുത്തൽ നടത്തിവരുന്നു.

(സി & ഡി) നിപാ വൈറസ് ഭീതിയെത്തുടർന്ന് കൈതച്ചക്ക വിപണിയിൽ ഇടിവ് ഉണ്ടായി എന്ന പരാതിയിന്മേൽ, വാഴക്കുളത്തെ കൈതച്ചക്ക ഗ്രോവേഴ്സ് അസോസിയേഷൻ, ഫാർമേഴ്സ് & ട്രേഡേഴ്സ് അസോസിയേഷൻ എന്നിവരുമായി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി തൃശ്ശൂരിലും എറണാകുളത്തുംവച്ച് വിശദമായി ചർച്ച നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വാഴക്കുളം അഗ്രോ ഫ്രൂട്ട്സ് പ്രോസസ്സിംഗ് കമ്പനി എന്നിവ സംയുക്തമായി കൈതച്ചക്ക സംഭരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 3-6-2018 വരെ 127 മെട്രിക് ടൺ സംഭരിച്ചിട്ടുണ്ട്. സംഭരണം ഇപ്പോഴും തുടരുന്നു. സംഭരിക്കുന്ന

കൈതച്ചക്ക  സംഭരണ വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് വിവിധ ജില്ലകളിലെ ഹോർട്ടികോർപ്പ് വിപണികളിലൂടെ വിതരണം ചെയ്യുന്നു. കൂടാതെ വാഴക്കുളം അഗ്രോ ഫ്രൂട്ട്സ്  പ്രോസസ്സിംഗ് യൂണിറ്റിന്റെ സൗകര്യമുപയോഗിച്ച് കൈതച്ചക്ക പൾപ്പാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**അഗ്രോ സർവ്വീസ് സെന്ററുകൾ**

99(1686) ശ്രീ. റ്റി. വി.രാജേഷ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ഇത്തരം സെന്ററുകളിൽ നിന്ന് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം പുതിയതായി എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്;

(ഡി) കാർഷിക സംസ്കരണം ലക്ഷ്യമാക്കി സ്ഥാപിക്കുന്ന അഗ്രോ പാർക്ക് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിയ്ക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനും, തൊഴിൽരഹിത യുവതി-യുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും, കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് 2012-13 മുതൽ അഗ്രോ സർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തെരഞ്ഞെടുത്ത അംഗങ്ങൾക്ക്  കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം നൽകി, സെന്റർ നിശ്ചയിക്കുന്ന നിരക്കിൽ വിവിധ കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് നൽകുകയും കാർഷിക പ്രവൃത്തികൾ ഏറ്റെടുത്ത്  ചെയ്ത് കൊടുക്കുകയും ചെയ്തുവരുന്നു.

കാർഷിക മേഖല നേരിടുന്ന കർഷക തൊഴിലാളിക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നത്. ഇവയുടെ പ്രവർത്തനത്തിലൂടെ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടുന്നതിന് സാധിച്ചിട്ടുണ്ട്.

കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സഹായകരമാണ്. അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം കർഷകർക്ക് ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവനകേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നതിനും തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നു. നിലമൊരുക്കൽ, മരുന്ന് തളി, വിളവെട്ടുപ്പ് എന്നീ പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോസർവ്വീസ് സെന്ററുകളിലും വിദഗ്ദ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു.

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് പുറമെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉൽപ്പാദനോപാധികളുടെ ഉൽപ്പാദനം, വിതരണം കൃഷിപ്പണികൾ ക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോസർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകിവരുന്നു. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രേയർ, ഡ്രയർ, പമ്പുസെറ്റ്, പവർടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവനകേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

(സി) 2018-19 വർഷത്തിൽ 20 അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

(ഡി) കാർഷിക സംസ്കരണം ലക്ഷ്യമാക്കി സ്ഥാപിക്കുന്ന അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി കെയ്ക്കോ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

**അഗ്രോ പാർക്കുകൾ**

100(1687) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതെന്നും ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും അവ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 22-6-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 625/2017/കൃഷി പ്രകാരം സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോ പാർക്കുകൾ രൂപീകരിക്കുന്നതിനും, നടപ്പാക്കുന്നതിനും Special Purpose Vehicle(SPV)ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്. പ്രാരംഭ ഘട്ടമായി ബനാന & ഹണി പാർക്ക്, കോക്കനട്ട് പാർക്ക്, വെജിറ്റബിൾ പാർക്ക്, മാംഗോ പാർക്ക് എന്നീ 5 അഗ്രോ പാർക്കുകൾ ആരംഭിക്കുവാനാണ്ഉദ്ദേശിക്കുന്നത്. 1-1-2018-ലെ G.O(MS)No.1/2018/AD പ്രകാരം പദ്ധതിക്ക് 100.13 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക്" സ്ഥാപിക്കുന്നതിന് 25.13 കോടി രൂപയ്ക്ക് DPR തയ്യാറാക്കി Kerala Infrastructure Investment Fund Board (KIIFB)-ന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 14.28 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. മറ്റ് ജില്ലകളിൽ ആരംഭിക്കുന്ന പാർക്കുകളുടെ DPR, KAICO തയ്യാറാക്കി വരുന്നു.

(ബി) അഗ്രോപാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ജില്ലകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്-നാളികേര അഗ്രോ പാർക്കുകൾ.

2. ആലപ്പുഴ, എറണാകുളം-നെല്ലിനെ ആസ്പദമാക്കിയുള്ള അഗ്രോ പാർക്കുകൾ.

3. തൃശ്ശൂർ-വാഴപ്പഴം, തേൻ എന്നിവ ആസ്പദമാക്കിയിട്ടുള്ള അഗ്രോ പാർക്കുകൾ.

4. ഇടുക്കി - സുഗന്ധദ്രവ്യങ്ങൾ ആസ്പദമാക്കിയുള്ള അഗ്രോ പാർക്ക്.

5. കോട്ടയം - റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്.

6. തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച് ചക്കയ്ക്ക് വേണ്ടിയുള്ള അഗ്രോ പാർക്ക്.

7. ഇടുക്കി കാന്തല്ലൂരിൽ പച്ചക്കറി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോ പാർക്കുകൾ.

8. സ്പെഷ്യാലിറ്റി റൈസ് & കോഫി പാർക്ക് - വയനാട്

9. ഫ്ളോറിക്കൾച്ചർ പാർക്ക്-തിരുവനന്തപുരം, പാലക്കാട്

സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായിട്ടാണ് വിവിധ മേഖലകളിൽ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നത്. കർഷകരുടെയും സഹകരണ സൊസൈറ്റികളുടെയും സംയുക്ത കൂട്ടായ്മയിൽ കൂടിയാണ് ഈ

പദ്ധതികൾ നടപ്പാക്കുന്നത്. ഓരോ പാർക്കും ഓരോ തരം കാർഷിക വിളകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. സാങ്കേതിക നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള വിളവെടുപ്പും തുടർന്നുള്ള പ്രോസ്സസിംഗ്, മാർക്കറ്റിംഗ് എന്നിവയും കൂടി ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു പദ്ധതിയാണ്. വിവിധ അഗ്രോ പാർക്കുകൾ വഴിയുള്ള അഗ്രോ പ്രോഡക്ടുകൾക്ക് പൊതുവായ ബ്രാൻഡിംഗ് നൽകുന്നതിനും ഉദ്ദേശിക്കുന്നു.

**കേന്ദ്ര ഗവൺമെന്റിന്റെ വിള കയറ്റുമതി പ്രോത്സാഹന പട്ടിക**

101(1688) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ഗവൺമെന്റിന്റെ വിള കയറ്റുമതി പ്രോത്സാഹനത്തിനുള്ള പട്ടികയിൽ ജാതിക്കായെ ഉൾപ്പെടുത്തുന്നതിനും, ആയതിന്റെ ക്ലസ്റ്ററിൽ ഏറ്റവും കൂടുതൽ ജാതിക്ക ഉത്പാദിപ്പിക്കുന്ന എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളെ ഉൾപ്പെടുത്തുന്നതി നാവശ്യമായ നടപടികളും ഇടപെടലുകളും സ്വീകരിക്കുമോ?

ഉത്തരം

ജാതിയ്ക്കായി തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ഒരു ക്ലസ്റ്റർ ഉൾപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

**കാർഷിക മേഖലയിലെ സ്വയം പര്യാപ്തത**

102(1689) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ലക്ഷ്യമാക്കിയ പച്ചക്കറി മേഖലയിലെ സ്വയം പര്യാപ്തത, തരിശുരഹിത വയലുകൾ, സമഗ്ര നാളികേര പുരയിടകൃഷി, കാർഷിക മൂല്യവർദ്ധിത ഉല്പന്നപുരോഗതി, പച്ചക്കറി കൃഷി വികസനം, നെൽക്കൃഷിവികസനം, നാളികേരവികസന പദ്ധതി എന്നീ പ്രവൃത്തികളുടെ ഈ സർക്കാർ കാലയളവിൽ ഉണ്ടായ പ്രവർത്തനങ്ങൾ, അതുമായിട്ടുണ്ടായ നേട്ടങ്ങൾ, കോട്ടങ്ങൾ, ഓരോ വിഭാഗ പ്രവൃത്തികൾക്കും ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യങ്ങളിലായി കാർഷിക മേഖലാവികസനം മുൻകണ്ട് കഴിഞ്ഞ സർക്കാർ കാലയളവിലെ പ്രവൃത്തികളും നിലവിലെ സർക്കാർ ആയതിൽ വരുത്തിയ മാറ്റം മൂലമുണ്ടായ നേട്ടങ്ങളും എന്ത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തരിശുനില കൃഷി

സംസ്ഥാനത്ത് നെൽക്കൃഷിയുടെ വിസ്തീർണ്ണവും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തരിശുനില കൃഷിക്കും ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽനൽകി നെൽക്കൃഷി വികസന പദ്ധതി നടപ്പിലാക്കുന്നു. തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന് ഒന്നാം വർഷം ഹെക്ടറിന് 25,000 രൂപ, രണ്ടാം വർഷം ഹെക്ടറിന് 5,800 രൂപ, മൂന്നാം വർഷം ഹെക്ടറിന് 3,750 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. ഈ പദ്ധതിയിൻകീഴിൽ തരിശ് ഭൂമിയുടെ ഉടമയ്ക്ക് ഒന്നാംവർഷം ഹെക്ടറിന് 5,000 രൂപ, രണ്ടാം വർഷം ഹെക്ടറിന് 1,200 രൂപ, മൂന്നാം വർഷം ഹെക്ടറിന് 750 രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നുണ്ട്.

ഈ സർക്കാർ നിലവിൽ വന്ന ശേഷം കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികൾ മുഖേന 2016-17, 2017-18 വർഷങ്ങളിലായി 8268.0717 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | 2016-17 (ഹെക്ടർ) | 2017-18 (ഹെക്ടർ) |
|---|---|---|
| തിരുവനന്തപുരം | 26.52 | 66.48 |
| കൊല്ലം | 168.113 | 314.108 |
| പത്തനംതിട്ട | 232.64 | 440 |
| ആലപ്പുഴ | 251.552 | 677.6 |
| കോട്ടയം | 187.1187 | 796 |
| ഇടുക്കി | 22.52 | 40 |
| എറണാകുളം | 203 | 472.27 |
| തൃശ്ശൂർ | 481.576 | 867.3 |
| പാലക്കാട് | 0 | 167.145 |
| മലപ്പുറം | 309.33 | 522.66 |
| കോഴിക്കോട് | 378.244 | 430 |
| വയനാട് | 95.55 | 178.5 |
| കണ്ണൂർ | 385.122 | 336.953 |
| കാസർഗോഡ് | 41.1 | 176.67 |
| **ആകെ** | **2782.3857** | **5485.686** |

ഇതിനുപുറമേ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി, കരനെൽക്കൃഷി എന്നീ പദ്ധതികളിലൂടെ 23618 ഹെക്ടർ സ്ഥലത്ത് അധികമായി നെൽക്കൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്.

2016-17-ൽ സംസ്ഥാനത്തെ ആകെ നെല്ലുൽപ്പാദനം 436483 ടൺ അരി ആയിരുന്നു. ഹെക്ടറൊന്നിന് 2547 കിലോ ആയിരുന്നു ശരാശരി ഉല്പാദനക്ഷമത. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18-ൽ 617260 ടൺ അരി ഉല്പാദിപ്പിച്ചു. ശരാശരി ഉല്പാദനക്ഷമത ഹെക്ടറിന് 2800 കിലോയും.

## നെൽക്കൃഷി വികസന പദ്ധതി - മറ്റ് ഘടകങ്ങൾ

സുസ്ഥിര നെൽക്കൃഷി വികസനം, നെൽക്കൃഷി വികസന ഏജൻസികളുടെ ശാക്തീകരണം, സവിശേഷ നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം, ഗ്രൂപ്പ് ഫാമിംഗിനായി പാടശേഖര സമിതികൾക്ക് പ്രവർത്തന ധനസഹായം, കരനെൽക്കൃഷി പ്രോത്സാഹനം, ഒരുപ്പൂനിലങ്ങളിൽ ഇരുപ്പൂ കൃഷിയാക്കുന്നതിനുള്ള ധനസഹായം, നെല്ലിന്റെ പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ, ഓരോ പ്രദേശത്തിനും അനുയോജ്യമായ സർട്ടിഫൈഡ് നെൽവിത്തുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം എന്നിവയാണ് നെൽക്കൃഷി വികസന പദ്ധതിയുടെ മറ്റ് പ്രധാന ഘടകങ്ങൾ. ഈ പദ്ധതിക്കായി 2016-17-ൽ 4331.61 ലക്ഷം രൂപയും 2017-18-ൽ 6394.48 ലക്ഷം രൂപയും ചെലവഴിച്ചു.

## പച്ചക്കറി കൃഷി വികസന പദ്ധതി

സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ആകെ 5957.36205 ലക്ഷം ചെലവഴിച്ചു. 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും സാധിച്ചു. 2015-16 മായി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97,000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 2017-18-ൽ സംസ്ഥാനത്ത് 67858 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 10.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും സാധിച്ചു.

2016-17-മായി താരതമ്യം ചെയ്യുമ്പോൾ 2017-18-ൽ 15028 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 2.85 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 21280 ഹെക്ടറിൽ കൃഷി വർദ്ധിപ്പിക്കുകയും 3.82 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

<u>സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രധാന ഘടകങ്ങൾ</u>

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
- സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം; ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- നഴ്സറികൾ സ്ഥാപിക്കൽ
- പച്ചക്കറി കൃഷിയ്ക്കുവേണ്ടി 'മിനി-പോളീഹൗസ്-കളുടെ പ്രോത്സാഹനം
- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ
- സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം
- മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ്
- മഴമറ നിർമ്മാണം
- വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കൽ

മൂല്യവർദ്ധനവിനുള്ള പദ്ധതി

കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും, സ്ഥാപനങ്ങളായ SFAC, CDB, KCDC, KERAFED, VFPCK, CPCs മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾക്കായി സർക്കാർ ധനസഹായം നൽകിക്കൊണ്ടും 2016-ലും, 2017-ലും VAIGA എന്ന പേരിൽ കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന-വിപണന സാദ്ധ്യതകളെ പ്രചരിപ്പിക്കുന്നതിനും, പരിശീലനം നൽകുന്നതിനും അന്തർദേശീയ ശില്പശാല ഈ സർക്കാരിന്റെ കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ കാർഷികോല്പന്ന അധിഷ്ഠിത ചെറുകിട/ഇടത്തരം/സൂക്ഷ്മതല മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി SFAC വഴി കെട്ടിട യന്ത്ര സാമഗ്രികൾ വാങ്ങുന്നതിന് ചെലവിന്റെ 50% (5 ലക്ഷം മുതൽ 50 ലക്ഷം വരെ) സബ്സിഡിയായി നൽകുന്നു. ഇതിലേയ്ക്കായി SFAC-ക്ക് 2016-17 ലും, 2017-18-ലും 15.75 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

നീര ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2016-17-ൽ 44.16 ലക്ഷം രൂപയും, 2017-18-ൽ 194.9625 ലക്ഷം രൂപയും CDB മുഖേന കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് KIIFB-യിൽ നിന്നും 100 കോടി രൂപയുടെ വായ്പ അനുവദിച്ച് കിട്ടിയിട്ടുണ്ട്. KAICO-യെ ആണ് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

നാളികേര വികസന പദ്ധതി

2016-17 വർഷം മുതൽ ഈ സർക്കാർ കാലയളവിൽ നാളികേരകൃഷി വികസനവുമായി കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികളും, ചെലവഴിച്ച തുകയും, അതുമായുണ്ടായ ഭൗതിക നേട്ടങ്ങളും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

1. വർഷം 2016-17

പദ്ധതികൾ

(എ) കേര ഗ്രാമം

ചെലവഴിച്ച തുക - 3718.55883 ലക്ഷം രൂപ

- 500 ഹെക്ടർ വീതമുള്ള 30 കേര ഗ്രാമങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കി.

- സംയോജിത വിള പരിപാലന മുറകൾ 1197.973 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി.
- 1240.75816 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തി.
- 3828 എണ്ണം തെങ്ങുകയറ്റയന്ത്രങ്ങൾ വിതരണം ചെയ്യുകയുണ്ടായി.
- 454 എണ്ണം ജൈവവള യൂണിറ്റുകൾ സ്ഥാപിച്ചു.

(ബി) തെങ്ങിന്റെ ചങ്ങാതിക്കൂട്ടം

ചെലവഴിച്ച തുക - 10.21377 ലക്ഷം രൂപ

• സി.ഡി.ബി. 2012-2013-ൽ ആവിഷ്കരിച്ച ടി പദ്ധതിയുടെ 82 ട്രെയിനികൾക്ക് തെങ്ങുകയറ്റ യന്ത്രം ഉപയോഗിച്ച് തേങ്ങയിടുന്ന ട്രെയിനിംഗിന്റെ ഭാഗമായി നൽകിയ ഇരുചക്ര വാഹനങ്ങൾക്ക് ഒരു വാഹനത്തിന് 12500 രൂപ സബ്സിഡി നൽകുകയുണ്ടായി.

(സി) നീര ടെക്നീഷൻസ് ട്രെയിനിംഗ്

ചെലവഴിച്ച തുക - 75 ലക്ഷം രൂപ

• നീര ടെക്നീഷ്യൻസ് ട്രെയിനിംഗ് നൽകുന്നതിലേയ്ക്കായി കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷന് 75 ലക്ഷം രൂപ നൽകുകയുണ്ടായി.

(2) വർഷം 2017-18 പദ്ധതികൾ

(എ) കേര ഗ്രാമം

ചെലവഴിച്ച തുക -3087.87158 ലക്ഷം രൂപ

- 250 ഹെക്ടർ വീതമുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കി.
- സംയോജിത വിള പരിപാലന മുറകൾ 10041 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി.
- 1074 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തി.
- 4695 എണ്ണം തെങ്ങ് കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുകയുണ്ടായി.
- 302 എണ്ണം ജൈവവള യൂണിറ്റുകൾ സ്ഥാപിച്ചു.
- 10 എണ്ണം പ്രാദേശികതല ചെറുകിട തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിച്ചു.

(ബി) കുറിയ ഇനം തെങ്ങിൻ മാതൃകാ പ്രദർശന തോട്ടം സ്ഥാപിക്കൽ പദ്ധതി

- ചെലവഴിച്ച തുക - 496.55954
- 0.2 ഹെക്ടർ വിസ്തൃതിയുള്ള 983 പ്രദർശന തോട്ടങ്ങൾ കർഷകരുടെ തോട്ടങ്ങളിൽ സ്ഥാപിക്കുവാൻ കഴിഞ്ഞു.
- 0.2 ഹെക്ടർ വിസ്തൃതിയുള്ള 88 പ്രദർശന തോട്ടങ്ങൾ കൃഷി ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ സ്ഥാപിക്കുവാൻ കഴിഞ്ഞു.
- ആകെ 1071 കുറിയ ഇനം തെങ്ങിന്റെ മാതൃക, പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ച് 214.2 ഹെക്ടർ സ്ഥലം കൂടുതലായി വിനിയോഗിക്കാൻ സാധിച്ചു.

(സി) ക്യാംപയിൻ അടിസ്ഥാനത്തിൽ കീടരോഗ നിയന്ത്രണ പദ്ധതി:

- ചെലവഴിച്ച തുക - 275.42 ലക്ഷം രൂപ

- തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ തെങ്ങുകൾക്ക് വ്യാപകമായി കണ്ടുവന്ന കീടരോഗ ബാധകൾക്കെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ ഫലപ്രദമായി ക്യാംപയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കി. കീടരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 267.6 ലക്ഷം രൂപ ചെലവഴിച്ചു.

- 18 എണ്ണം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.
- 26 എണ്ണം പരിശീലനം സംഘടിപ്പിച്ചു.

(ഡി) കേന്ദ്രതോട്ടവിള കേന്ദ്രവുമായി സഹകരിച്ച് കേര വികസനത്തിന് വേണ്ടിയുള്ള കൂട്ടായ പ്രോജക്ടുകൾ.

ചെലവഴിച്ച തുക - 269.2426 ലക്ഷം രൂപ.

- ഗുണമേന്മയേറിയ കുറിയ ഇനം/സങ്കര ഇനം/Semi tall തെങ്ങിൻ തൈകളുടെ ഉൽപ്പാദനം, ഹൈബ്രിഡൈസേഷൻ, കീടരോഗ നിയന്ത്രണം, തുടങ്ങിയ മേഖലകളിൽ ഗവേഷണ സ്ഥാപനമായ CPCRI യുമായി സഹകരിച്ചുള്ള 3 വർഷ പ്രോജക്ടുകൾക്ക് തുടക്കം കുറിച്ചു.

(ഇ) നാളികേര വികസന ബോർഡ് പദ്ധതികൾ -(കേന്ദ്രാവിഷ്കൃതം)

(1) LODP - ലേയിംഗ് ഔട്ട് ഓഫ് ഡെമോൺസ്ട്രേഷൻ പ്ലോട്ട്.

ചെലവഴിച്ച തുക - 146.75776 ലക്ഷം രൂപ

SCSP/TSP മേഖലകളിലെ കേരകർഷകരുടെ 871.1044 ഹെക്ടർ കൃഷിയിടങ്ങളിൽ സംയോജിത വിള പരിപാലനമുറകൾ ലേയിംഗ് ഔട്ട് ഓഫ് ഡെമോൺസ്ട്രേഷൻ പ്ലോട്ട് എന്ന പദ്ധതി മുഖേന അവലംബിക്കുകയുണ്ടായി.

(2) RR-റീപ്ലാന്റിംഗ് ആൻഡ് റീജുവിനേഷൻ പദ്ധതി

ചെലവഴിച്ച തുക - 556.292 ലക്ഷം രൂപ

- 1450 ഹെക്ടർ സ്ഥലത്തുള്ള രോഗം ബാധിച്ചതും, ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ ഹെക്ടറിന് 32,000 രൂപയും ഒരു തെങ്ങിന് 1000 രൂപയും എന്ന ക്രമത്തിൽ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുകയുണ്ടായി. ഹെക്ടറിന് 8750 രൂപ ആനുകൂല്യം നൽകി നിലവിലുള്ള 1210 ഹെക്ടർ തെങ്ങിൻ തോട്ടങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി.

- ഒരു തെങ്ങിൻ തൈയ്ക്ക് 40 രൂപ പരമാവധി ഒരു ഹെക്ടറിന് 4000 രൂപ എന്ന ക്രമത്തിൽ ആനുകൂല്യം നൽകി 1240 ഹെക്ടർ സ്ഥലത്ത് ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ പുനർനടീൽ സാധിച്ചു.

(ബി) മുൻ സർക്കാർ ആരംഭിച്ച നെൽക്കൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, നാളികേര പുരയിട കൃഷി വികസന പദ്ധതി തുടങ്ങിയവ ഈ സർക്കാർ തുടരുകയും ഈ മേഖലകളിൽ കൂടുതൽ ഊന്നൽ നൽകുകയും ചെയ്തിട്ടുണ്ട്.

<u>നെൽക്കൃഷി വികസനം</u>

നെൽക്കൃഷി വികസന പദ്ധതിയിൽ മുൻവർഷങ്ങളിൽ ചെയ്തിരുന്ന എല്ലാ ഘടകങ്ങളും തുടരുകയും അതോടൊപ്പം 2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ നെൽക്കൃഷി വികസനത്തിന് ഊന്നൽ നൽകുന്നതിനും പരമാവധി ഉൽപ്പാദനം കൈവരിക്കുന്നതിനും തരിശുനില കൃഷിക്ക് പ്രാധാന്യം നൽകുകയും ചെയ്തുകൊണ്ട് നെൽവർഷമായി ആചരിച്ചു. ഇതോടനുബന്ധിച്ച് റൈസ് ഇന്നവേഷൻ ഫണ്ട് എന്ന ഘടകം ഉൾപ്പെടുത്തുകയും നെൽക്കൃഷിയുടെ പരമാവധി വികസനത്തിനുള്ള പ്രോജക്ട് അടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നതിനുള്ള പ്രോത്സാഹന പദ്ധതി, ബ്ലോക്കുതലത്തിലുള്ള സംയോജനത്തിനായി പദ്ധതിയധിഷ്ഠിത സഹായം, സവിശേഷയിനം ഉൾപ്പെടെയുള്ള അരിയുടെ പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കൽ എന്നീ ഘടകങ്ങളും നടപ്പിലാക്കി. മേൽപ്പറഞ്ഞ ഘടകങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 23579 ഹെക്ടർ നെൽക്കൃഷി വർദ്ധിപ്പിക്കുവാൻ സാധിച്ചു.

പച്ചക്കറി കൃഷി വികസന പദ്ധതി

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി കൃഷി 46578 ഹെക്ടർ സ്ഥലത്ത് ചെയ്യുകയും ഇതിൽ നിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ നിലവിലെ സർക്കാർ വരുത്തിയ മാറ്റങ്ങൾ പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണവും, ഉൽപ്പാദനവും വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും സാധിച്ചു. 2015-16 മായി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97,000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 2017-18 -ൽ സംസ്ഥാനത്ത് 67858 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 10.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും സാധിച്ചു. 2016-17 മായി താരതമ്യം ചെയ്യുമ്പോൾ 2017-18-ൽ 15028 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 2.85 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 21280 ഹെക്ടറിൽ കൃഷി വർദ്ധിപ്പിക്കുകയും 3.82 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഈ സർക്കാർ നിലവിൽ വന്നശേഷം പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചുള്ള ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി, കുറഞ്ഞ ചെലവിൽ കണിക ജലസേചനം നടത്തുന്നതിനായി ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനവും വിത്ത് ഉൽപ്പാദനവും, ബഹുവർഷ പച്ചക്കറി തൈകളുടെ വിതരണം, ബഹുവർഷ പച്ചക്കറികളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി, അഗ്രോ സർവ്വീസ് സെന്ററുകൾ വഴി പരമ്പരാഗത പച്ചക്കറി ഇനങ്ങൾ മറ്റ് തൈകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന പദ്ധതി, പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുവാനായി ചെലവുകുറഞ്ഞ മാർഗ്ഗമായ ഊർജ്ജരഹിത ശീതികരണ യൂണിറ്റുകൾ (സീറോ എനർജി കൂൾ ചേംബർ), ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം, കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം, കാര്യക്ഷമമായി പ്രവർത്തിക്കുന്ന 10 എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് സൂപ്പർ ക്ലസ്റ്റർ പദവി നൽകി അധിക ധനസഹായം നൽകൽ.

മൂല്യവർദ്ധനവിനുള്ള പദ്ധതി

വൈഗ എന്ന പേരിൽ 2016-ലും, 2017-ലും യഥാക്രമം തിരുവനന്തപുരത്തും, തൃശ്ശൂരിലും 2 അന്തർദേശീയ ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇതുവഴി കർഷകരേയും, യുവാക്കളേയും ഈ മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിനും അവരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിച്ചു.

നാളികേര വികസന പദ്ധതി

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തെങ്ങുകൃഷിയുടെ സമഗ്ര വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തെങ്ങിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് വിവിധങ്ങളായ 55 കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മലയാള വർഷം 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ കേരവർഷമായി ആചരിക്കുവാൻ പ്രഖ്യാപിക്കുകയും ഊർജ്ജിത കർമ്മ പരിപാടികൾ നടപ്പിലാക്കുവാൻ ഈ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

നാളികേരകൃഷി ഒരു ദീർഘകാല വിളയായതിനാൽ 10 വർഷത്തെ ഒരു വികസന കാഴ്ചപ്പാടോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ "കോക്കനട്ട് മിഷൻ" രൂപീകരിക്കുവാൻ ഈ സർക്കാർ തീരുമാനിച്ച് ആയതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നു.

ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും, കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016-മുതൽ "വൈഗ"എന്ന പേരിൽ പ്രാദേശിക/ ദേശീയ/അന്തർ ദേശീയ തലങ്ങളിലെ വിദഗ്ധരെയും ശാസ്ത്രജ്ഞരെയും സംരംഭകരെയും തെരഞ്ഞെടുത്ത കർഷകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വാർഷിക പ്രദർശന ശിൽപ്പശാല സംഘടിപ്പിച്ചുവരുന്നു.

അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതിയും 2017-18 വർഷം മുതൽ നടപ്പിലാക്കി വരുന്നു.

കേരഗ്രാമങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

മൂല്യവർദ്ധനവിന് ഏറെ സാദ്ധ്യതയുള്ള ഒരു ഉൽപ്പന്നമാണ് നാളികേരം. ഇത് പ്രോത്സാഹിപ്പിക്കുന്നതിനായി ചെറുകിട കർഷക വ്യവസായ കൺസോർഷ്യം (SFAC) പദ്ധതി അധിഷ്ഠിത ധനസഹായം നൽകിവരുന്നു.

## കാർഷിക കടാശ്വാസ കമ്മീഷനിലെ അപേക്ഷകൾ

103(1690) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷനിൽ എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കുവാനുണ്ടായിരുന്നുവെന്നും എത്ര തുകയുടെ കാർഷിക കടാശ്വാസത്തിനുള്ള അപേക്ഷകളുണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) രണ്ടുവർഷക്കാലയളവിനുള്ളിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നും എത്ര തുകയുടെ കാർഷിക കടാശ്വാസം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) എത്ര തുകയുടെ, എത്ര അപേക്ഷകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 70,666 അപേക്ഷകൾ തീർപ്പുകൽപ്പിക്കുവാനുണ്ടായിരുന്നു. സിറ്റിംഗ് നടത്തി അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്കുമാത്രമെ കടാശ്വാസ തുക തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

(ബി) 39480 അപേക്ഷകൾ തീർപ്പാക്കുകയും 39,76,74,265 രൂപ കടാശ്വാസമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അപേക്ഷകളിൽ വിചാരണ കഴിഞ്ഞാൽ മാത്രമേ കടാശ്വാസ തുക കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. ഇനി 31186 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുണ്ട്.

## മെക്കനൈസേഷൻ മിഷന്റെ പ്രവർത്തനം

104(1691) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ നടപ്പാക്കാൻ പോകുന്ന മെക്കനൈസേഷൻ മിഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ മിഷന്റെ പ്രവർത്തനത്തിന് കാർഷിക എഞ്ചിനീയറിംഗ് കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മിഷൻ പ്രവർത്തനത്തിന്റെ ആദ്യപടിയായി, കേരള സംസ്ഥാനത്തുടനീളമുള്ള കാർഷിക യന്ത്രങ്ങളുടെ മുഴുവൻ വിവരം ശേഖരിച്ച് കാർഷിക യന്ത്രങ്ങളുടെ 'സൈബർ സെൽ ' സജ്ജമാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇത് അടുത്ത ആറ് മാസത്തിനകം പൂർത്തീകരിക്കും.

നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ കാർഷിക യന്ത്രങ്ങളുടെയും അറ്റകുറ്റപ്പണി തീർത്ത് പ്രവർത്തനസജ്ജമാക്കി കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനവും പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്ത് പ്രവർത്തനയോഗ്യമല്ലാത്ത എല്ലാ കാർഷിക യന്ത്രങ്ങളുടെയും വിവരം ശേഖരിച്ച് നിയമാനുസൃതം ഇവയെല്ലാം ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

എല്ലാ ബ്ലോക്കുകളിലും കാർഷിക സേവന കേന്ദ്രവും, എല്ലാ പഞ്ചായത്തുകളിലും കാർഷികകർമ്മ സേനയും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുമായി സർക്കാർ മുന്നോട്ട് പോവുകയാണ്. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സുസജ്ജമാക്കുന്നതിനുമുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കിക്കഴിഞ്ഞു.

എല്ലാ കാർഷിക കർമ്മസേനയും, കാർഷിക സേവന കേന്ദ്രങ്ങളും കാര്യക്ഷമമായും സുസ്ഥിരമായും സ്വയം പര്യാപ്തമായും പ്രവർത്തിക്കുന്നതിന് 'ബിസിനസ് പ്ലാൻ' തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞു.

കാർഷിക മേഖലയിൽ വേണ്ടുന്ന വിദഗ്ദ്ധരായ തൊഴിലാളികളെ നിർണ്ണയിച്ച് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ അവർക്ക് പരിശീലനം നൽകി തയ്യാറാക്കുന്നതിനുള്ള കർമ്മ പരിപാടിയും മിഷൻ മുഖാന്തരം ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണ്.

(ബി) ഉണ്ട്.

(സി) കാർഷിക എഞ്ചിനീയറിംഗ് ബിരുദധാരികളെ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി ട്രെയിനികളായി നിയോഗിച്ച് സംസ്ഥാനത്തെ കാർഷിക യന്ത്രങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, കേടായ യന്ത്രങ്ങൾ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കുന്നതിനും, ഉപയോഗശൂന്യമായവ നിയമാനുസൃതമായി ഒഴിവാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## കർഷകർക്കുള്ള വിവിധ പദ്ധതികൾ

105(1692) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി സംബന്ധമായ നൂതനാശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി കേരള ഗ്രാമീൺ ബാങ്കുമായി ചേർന്ന് പുറത്തിറക്കിയിട്ടുള്ള ഹരിത കാർഡ്-ന്റെ വിശദാംശം നൽകുമോ;

(സി) കാർഷിക ഉല്പന്ന സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും വരുമാന വർദ്ധനവ് നേടുക എന്ന ലക്ഷ്യത്തോടെ നടത്തിയ വൈഗ അന്താരാഷ്ട്ര ശില്പശാല കൂടുതൽ ജില്ലകളിൽ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കൃഷി സംബന്ധമായ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ ആലപ്പുഴ ജില്ലയിലെ കുട്ടനാട് കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിൽ വരുത്തുന്നതാണ്.

(ബി) 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് രജിസ്ട്രേഷൻ പൂർത്തീകരിച്ച എല്ലാ കർഷകർക്കും അഗ്രികാർഡ് വിതരണം ചെയ്യുന്നതാണെന്നും അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റ് സഹായങ്ങളും.
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പരിശനിരക്കിൽ കാർഷിക വായ്പ (Crop Loan).
- 7 ശതമാനം പലിശനിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്.

13-8-2015-ലെ സർക്കാർ ഉത്തരവ് നമ്പർ(സാധാ.)1389/2015/കൃഷി പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള ബാങ്കായി കേരളാ ഗ്രാമീൺ ബാങ്കിനെ തെരഞ്ഞെടുത്തു. തുടർന്ന് 22-12-2016-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ.)1071/2016/കൃഷി, പ്രകാരം അഗ്രികാർഡിന്റെ പേര് 'ഹരിത കാർഡ്' എന്നാക്കി മാറ്റി ഉത്തരവായി. ഇതിന്റെ ഉദ്ഘാടനം 30-12-2016-ൽ ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിൽ വച്ച് നടന്നു. കേരളാ ഗ്രാമീൺ ബാങ്കാണ് ഹരിത കാർഡ് നൽകുന്നത്.

കേരളാ ഗ്രാമീൺ ബാങ്ക് നേരിട്ടാണ് ഹരിത കാർഡ് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നത്. കേരളാ ഗ്രാമീൺ ബാങ്ക് ഇതുവരെ 3366 ഹരിത കാർഡ് പ്രിന്റ് ചെയ്ത് കേരളാ ഗ്രാമീൺ ബാങ്ക് ബ്രാഞ്ചുകൾ വഴി വിതരണം ചെയ്യുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

ഇതിൽ ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിൽ 633 ഹരിത കാർഡ് കേരളാ ഗ്രാമീൺ ബാങ്ക് പ്രിന്റ് ചെയ്ത് വട്ടവട കേരളാ ഗ്രാമീൺ ബാങ്ക് ബ്രാഞ്ച് മുഖേന കർഷകർക്ക് നേരിട്ട് വിതരണം ചെയ്യുന്നു. ഇതുവരെ 122 കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തതായും ബാക്കി കാർഡുകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് നിർദ്ദേശം നല്കിയതായും കേരളാ ഗ്രാമീൺ ബാങ്ക് അറിയിച്ചിട്ടുണ്ട്.

(സി) വൈഗ അന്താരാഷ്ട്ര ശില്പശാല 2016-ന് തിരുവനന്തപുരത്തും, 2017-ൽ തൃശ്ശൂർ ജില്ലയിലുമാണ് സംഘടിപ്പിച്ചത്. കൂടുതൽ ജില്ലകളിൽ വരും വർഷങ്ങളിൽ ശിൽപ്പശാല സംഘടിപ്പിക്കുന്നതാണ്.

**സോയിൽ സർവ്വെ പ്രവർത്തനങ്ങൾ**

106(1693) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോയിൽ സർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള സോയിൽ സർവ്വെ ഫലത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

**ഉത്തരം**

(എ) സംസ്ഥാനത്ത് മണ്ണ് പര്യവേക്ഷണ പ്രവർത്തികൾ കാര്യക്ഷമമായി നടന്നുവരികയാണ്.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ വണ്ടാഴി പഞ്ചായത്തിൽ ഒഴികെയുള്ള 6 പഞ്ചായത്തുകളുടേയും വിശദ മണ്ണ് പര്യവേക്ഷണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ കുഴൽമന്ദം, തേൻകുറിശ്ശി, എരിമായൂർ, ആലത്തൂർ, മേലാർകോട് എന്നീ പഞ്ചായത്തുകളുടെ വിശദ മണ്ണ് പര്യവേക്ഷണ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2017-18-ൽ വിശദ മണ്ണ് പര്യവേക്ഷണം പൂർത്തീകരിച്ച കിഴക്കഞ്ചേരി പഞ്ചായത്തിന്റെ മണ്ണ് പര്യവേക്ഷണ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## കൃഷിയോഗ്യമാക്കിയ തരിശുനിലം

107(1694) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി എത്ര ഹെക്ടർ തരിശുനിലം കൃഷി യോഗ്യമാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) തരിശുനിലം കൃഷി യോഗ്യമാക്കിയതിലൂടെ സംസ്ഥാനത്ത് നെല്ല് ഉത്പാദനം 2016-17 വർഷത്തെക്കാൾ വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികൾ മുഖേന 2016-17, 2017-18 വർഷങ്ങളിലായി 8268.0717 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | 2016-17 (ഹെക്ടർ) | 2017-18 (ഹെക്ടർ) |
|---|---|---|
| തിരുവനന്തപുരം | 26.52 | 66.48 |
| കൊല്ലം | 168.113 | 314.108 |
| പത്തനംതിട്ട | 232.64 | 440 |
| ആലപ്പുഴ | 251.552 | 677.6 |
| കോട്ടയം | 187.1187 | 796 |
| ഇടുക്കി | 22.52 | 40 |
| എറണാകുളം | 203 | 472.27 |
| തൃശ്ശൂർ | 481.576 | 867.3 |
| പാലക്കാട് | 0 | 167.145 |
| മലപ്പുറം | 309.33 | 522.66 |
| കോഴിക്കോട് | 378.244 | 430 |
| വയനാട് | 95.55 | 178.5 |
| കണ്ണൂർ | 385.122 | 336.953 |
| കാസർഗോഡ് | 41.1 | 176.67 |

ഇതിനുപുറമേ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂകൃഷി, കരനെൽക്കൃഷി, തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ബ്ലോക്ക് അടിസ്ഥാനത്തിലുള്ള സംയോജനം എന്നിവയിലൂടെ 23618 ഹെക്ടർ അധികമായി നെൽക്കൃഷി ചെയ്തിട്ടുണ്ട്.

(ബി &സി ) ഉണ്ട്. 2016-17-ൽ സംസ്ഥാനത്തെ ആകെ നെല്ലുൽപ്പാദനം 436483 ടൺ അരി ആയിരുന്നു. ഹെക്ടറൊന്നിന് 2547 കിലോ ആയിരുന്നു ശരാശരി ഉൽപ്പാദനക്ഷമത. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18-ൽ അരി ഉൽപ്പാദനം 617260 ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. ശരാശരി ഉൽപ്പാദനക്ഷമത ഹെക്ടറിന് 2800 കിലോയുമാണ്.

**തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള സഹായങ്ങൾ**

108(1695) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായുള്ള തരിശുഭൂമി എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാട്ടാക്കട മണ്ഡലത്തിലെ 110.5 ഹെക്ടർ തരിശു ഭൂമിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിസ്തൃതി ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | | തരിശിന്റെ വിസ്തൃതി (ഹെക്ടർ) |
|---|---|---|
| വിളപ്പിൽ | : | 5 |
| പള്ളിച്ചൽ | : | 5 |
| വിളവൂർക്കൽ | : | 5 |
| മലയിൻകീഴ് | : | 1.5 |
| മാറനല്ലൂർ | : | 84 |
| കാട്ടാക്കട | : | 10 |
| **ആകെ** | **:** | **110.5** |

(ബി) തരിശുഭൂമിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതികളും ജില്ലാ പഞ്ചായത്തിന്റെ ജൈവ സമൃദ്ധി പദ്ധതിയും നടപ്പിലാക്കുന്നു. തരിശുനിലങ്ങളിൽ നെൽക്കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം വീതിച്ചുനൽകാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഒന്നാംവർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ് ധനസഹായം.

തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകന് 25,000 രൂപയുമാണ് ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്ന് സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്.

നഗര പ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തഭൂമിയിലോ പാട്ടത്തിനോ നെൽക്കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകി വരുന്നു. ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പുവരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും യന്ത്രവൽക്കരണത്തിനും സംസ്കരണത്തിനും ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു.

## കൃഷിയോഗ്യമാക്കിയ തരിശുഭൂമി

109(1696) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിൽപിന്നെ എത്ര ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്;

(ബി) ഓരോ ജില്ലകളിലും ഇത്തരത്തിൽ എത്ര ഹെക്ടർ ഭൂമി കൃഷിചെയ്യാതെ കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ ;

(സി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും കൃഷിഭൂമിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം?

### ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കൃഷിവകുപ്പ് നടപ്പാക്കിയ നെൽ കൃഷി പദ്ധതികൾ മുഖേന 2016-17, 2017-18 വർഷങ്ങളിലായി 8268.071 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമേ കരനെൽക്കൃഷി, ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി, ബ്ലോക്ക് തലത്തിലുള്ള പദ്ധതികളുടെ സംയോജനം എന്നിവയിലൂടെ ആകെ 23618 ഹെക്ടർ അധികമായി കൃഷിയിറക്കിയിട്ടുണ്ട്. ഇതേ കാലയളവിൽ നടപ്പാക്കിയ പച്ചക്കറി പദ്ധതികൾ മുഖേന 1694.11 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി.

(ബി) ജില്ലകളിൽ നിന്നും ശേഖരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം നിലവിലുള്ള നെൽ വയലുകളുടെ വിസ്തൃതി 2,38,111.6 ഹെക്ടറാണ്. സ്ഥിരമായി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന നെൽ വയലുകൾ 191255.699 ഹെക്ടറും തരിശിട്ടിട്ടുള്ളത് 46855.854 ഹെക്ടറും ആണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | തരിശു കിടക്കുന്ന നെൽ വയലുകളുടെ വിസ്തൃതി (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 250 |
| കൊല്ലം | 1482 |
| പത്തനംതിട്ട | 780 |
| ആലപ്പുഴ | 2803 |
| കോട്ടയം | 3300 |
| ഇടുക്കി | 430 |
| എറണാകുളം | 600 |
| തൃശ്ശൂർ | 5597 |
| പാലക്കാട് | 23764 |
| മലപ്പുറം | 1274.61 |
| കോഴിക്കോട് | 643 |
| വയനാട് | 840 |
| കണ്ണൂർ | 3892.244 |
| കാസർഗോഡ് | 1200 |
| **ആകെ** | **46855.854** |

(സി) തരിശുഭൂമിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും, രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം

ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും; മൂന്നാം വർഷം 3,750 രൂപയും 750 രൂപയും ആണ്. ഒരുപ്പൂകൃഷി സ്ഥലങ്ങളിൽ ഇരുപ്പൂകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000 രൂപ ക്രമത്തിൽ ധനസഹായം നൽകുന്നു.

തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്കുനൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകന് 25,000 രൂപയും നൽകും.

പച്ചക്കറിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയിൽ എത്തുക എന്ന ലക്ഷ്യം വച്ച് വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, വിദ്യാലയങ്ങൾ വഴി പച്ചക്കറി കൃഷി, സർക്കാർ/സർക്കാർ ഇതര/സ്വകാര്യ സ്ഥാപനങ്ങൾ മുഖേനയുള്ള പച്ചക്കറി കൃഷി, നഗരങ്ങളിൽ ഗ്രോബാഗുകളിലുള്ള ടെറസ്സ് കൃഷി, മിനി പോളിഹൗസുകളിലെ പച്ചക്കറി കൃഷി, മഴമറയിലെ കൃഷി, കണികാജലസേചനവും അതിലൂടെയുള്ള വളപ്രയോഗവും അവലംബിച്ചുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിച്ചു വരുന്നു. കൂടാതെ ഓണത്തിനു ഓരോ വീട്ടിലും സ്വന്തമായി ഉൽപ്പാദിപ്പിച്ച പച്ചക്കറി ലഭിക്കുന്നതിലേയ്ക്കായി 'ഓണത്തിന് ഒരുമുറം പച്ചക്കറി' എന്ന പേരിൽ വിവിധ പച്ചക്കറികൾ അടങ്ങുന്ന കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു.

സംസ്ഥാനത്ത് നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. 250 ഹെക്ടറിൽ വരുന്ന തെങ്ങിൻ തോട്ടങ്ങളെ ഒരു കേര ഗ്രാമമായി കണക്കാക്കി അവിടെ സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം, ജൈവവള ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങിയവ നടപ്പാക്കുകയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

വിളകൾക്ക് അനുയോജ്യമായ കാർഷിക കാലാവസ്ഥ നിലനിൽക്കുന്ന പ്രദേശങ്ങളെ അവയുടെ പ്രത്യേക കാർഷിക മേഖലയായി കണക്കാക്കി വിത്തുമുതൽ വിളവെടുപ്പുവരെയുള്ള എല്ലാ സജ്ജീകരണങ്ങളും അവിടെ സംയോജിപ്പിച്ച് പരമാവധി ഉൽപ്പാദനം കൈവരിക്കാനും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുവാനും 'പ്രത്യേക കാർഷിക മേഖല'എന്ന പദ്ധതി ലക്ഷ്യമിടുന്നു.

നെല്ലിന് 7 പ്രത്യേക കാർഷിക മേഖലകളും പച്ചക്കറിക്ക് 4 കാർഷിക മേഖലകളും കണ്ടെത്തിയിട്ടുണ്ട്. ഇവിടെ ആവശ്യമായ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾക്കും മറ്റ് അടിയന്തര പ്രാധാന്യമുള്ള ഇടപെടലുകൾക്കുമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ നടപ്പിലാക്കുവാനാണ് വിഭാവന ചെയ്തിട്ടുള്ളത്.

## ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട വിവരം തിരുത്തുന്നതിന് നടപടി

110(1697) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ വിവരങ്ങൾ തെറ്റായി ഉൾപ്പെടുത്തപ്പെട്ടത് തിരുത്തുന്നതിനായി ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി, പുത്തൂർ, മാടക്കത്തറ, നടത്തറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ വിവിധ ഡിവിഷനുകളിൽ നിന്നും പ്രാദേശിക നിരീക്ഷണ സമിതികൾ മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 3100 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രാദേശികതല നിരീക്ഷണ സമിതികൾ പ്രസ്തുത അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടുകൂടി കെസ്റക്ക് (KSREC)സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കുറ്റമറ്റ രീതിയിൽ ഡാറ്റാ ബാങ്ക് തിരുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്.

## കാർഷിക സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമനം

111(1698) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; നിയമനം നടത്തുന്നതിനു എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വ്യകതമാക്കാമോ;

(ബി) നിലവിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; കാറ്റഗറി തരം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാർഷിക സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമനങ്ങൾക്കായുള്ള തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ളവ പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായതിനെ തുടർന്ന് ടി തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി സർവ്വകലാശാല ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത സാങ്കേതിക വിഭാഗം തസ്തികകളിലെ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തികകളുടെ പേര് | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 9 |
| 2 | ഓവർസിയർ | 10 |
| 3 | ട്രേഡ് അസിസ്റ്റന്റ് | 5 |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 2 |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 5 |
| 7 | ട്രെയിനിംഗ് അസിസ്റ്റന്റ് | 7 |

**കാർഷിക സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ**

112(1699) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ശമ്പള പരിഷ്കരണത്തിൽ കാർഷിക സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ അന്യായമായി റദ്ദ്ചെയ്തതിനെതിരെ കോടതിയെ സമീപിച്ച ജീവനക്കാർക്ക് അനുകൂലമായ വിധി ലഭിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും വിധി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ആനുകൂല്യങ്ങൾ ലഭിക്കാൻ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർ <u>ബഹു.</u> കോടതിയിൽ നിന്നും അനുകൂല ഉത്തരവ് വാങ്ങേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ നിർത്തലാക്കിയ കാർഷിക സർവ്വകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ തസ്തികകൾ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ നിലനിർത്തി കാർഷിക സർവ്വകലാശാല തീരുമാനം എടുക്കുകയുണ്ടായി. അതിനുശേഷം സർക്കാർ അനുമതിക്കായി കാർഷിക സർവ്വകലാശാല സമർപ്പിച്ച ratification പ്രൊപ്പോസൽ ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. മതിയായ ഫണ്ടിന്റെ അഭാവംമൂലമാണ് ആനുകൂല്യങ്ങൾ നല്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രം**

113(1700) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മൂവാറ്റുപുഴ വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിൽ നിലവിൽ നടന്നുവരുന്ന ഗവേഷണ പ്രവർത്തനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് ഗവേഷണ ആവശ്യത്തിനായി സ്വന്തമായി ഭൂമിയില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തെ ഫ്രൂട്ട് ക്രോപ്സ് റിസർച്ച് സ്റ്റേഷൻ (FCRS) എന്ന നിലയിൽ ഉയർത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൈനാപ്പിൾ കർഷകർക്ക് ഗവേഷണ വികസന സഹായത്തിനായി 1995-ൽ സ്ഥാപിതമായ മൂവാറ്റുപുഴ വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രം ക്യൂ മൗറീഷ്യസ്, എംഡി-2 ഇനങ്ങളുടെ വാണിജ്യകൃഷിക്കും ഇടവിളയായി കൃഷി ചെയ്യുമ്പോൾ പാലിക്കേണ്ട പരിപാലനത്തെ കുറിച്ചുള്ള ശാസ്ത്രീയമായ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകിവരുന്നു. 'വാഴക്കുളം പൈനാപ്പിൾ' ഭൗമസൂചിക രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ഈ കേന്ദ്രം നേതൃത്വം നൽകി.

പൈനാപ്പിൾ കൂടാതെ പാഷൻ ഫ്രൂട്ടിന്റെ ഗവേഷണത്തിനും ഈ കേന്ദ്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 134 പി എന്ന പർപ്പിൾ പാഷൻ ഫ്രൂട്ട് എന്ന ഇനം വളർച്ചയിലും ഉൽപ്പാദനത്തിലും ഗുണനിലവാരത്തിലും മികച്ചതായി കണ്ടുപിടിച്ചിട്ടുണ്ട്. വിവിധ പത്ര, മാസിക, ശ്രവണ, ദൃശ്യ മാധ്യമങ്ങളിലൂടെ സ്ഥാപനത്തിന്റെ ഗവേഷണ വികസന ഫലങ്ങൾ ഈ കേന്ദ്രം കർഷകരിലേയ്ക്ക് എത്തിക്കുന്നുണ്ട്.

ഈ സ്ഥാപനത്തിൽ നിന്നും പൈനാപ്പിൾ, പാഷൻ ഫ്രൂട്ട്, വാഴ എന്നിവയുടെ നടീൽ വസ്തുക്കൾ ഉൽപ്പാദനം നടത്തി കർഷകർക്ക് വിപണനം ചെയ്തുവരുന്നുണ്ട്. ഈ കേന്ദ്രത്തിന്റെ വെബ്സൈറ്റ് വഴി കാര്യങ്ങൾ അറിയുവാനും ഡൗൺലോഡ് ചെയ്യുവാനും സാധിക്കുന്നതാണ്. കൂടാതെ ഫോണിലൂടെ തൽസമയ പ്രശ്നപരിഹാരത്തിനായി പൈനാപ്പിളിലും പാഷൻ ഫ്രൂട്ടിലും വാട്സാപ്പ് ഗ്രൂപ്പുകൾ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയിട്ടുണ്ട്. ഇവ ഇതര സംസ്ഥാനങ്ങളിലുള്ള കർഷകർക്കുകൂടി ഉപകാരപ്പെടുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്. നിലവിൽ കേന്ദ്രത്തിലെ ഗവേഷണ നിരീക്ഷണങ്ങൾ നടുക്കരയുള്ള വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി (വി.എ.എഫ്.പി.സി.എൽ.) പാട്ടത്തിന് നൽകിയിരിക്കുന്ന 0.61 ഹെക്ടർ ഭൂമിയിലാണ് നടന്നുവരുന്നത്. മൂവാറ്റുപുഴ വില്ലേജിലെ ആവോലി പഞ്ചായത്തിലുള്ള സർവ്വേ നമ്പർ 71/2, 72/3,73/1 എന്നിവയിലെ 7.855 ഏക്കറുള്ള സർക്കാർ വക മിച്ചഭൂമി കേന്ദ്രത്തിന് കൃഷിയിടമായി ലഭിക്കാനുള്ള എല്ലാ പരിശ്രമങ്ങളും നടത്തിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമി ലഭ്യമാകാത്തതിനാൽ മറ്റ് സ്ഥലം അന്വേഷിച്ചതിൽ നിന്നും അരിക്കുഴയുള്ള ഇടുക്കി ജില്ല കൃഷിത്തോട്ടം വകയുള്ള പിരളിമറ്റത്തുള്ള 2.5 ഏക്കർ (സർവ്വേ നമ്പർ 64/1) (എറണാകുളം ജില്ല) സ്ഥലം അഭികാമ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തെ ഫ്രൂട്ട് ക്രോപ്സ് റിസർച്ച് സ്റ്റേഷൻ (FCRS) നിലയിൽ ഉയർത്തുന്നതിനുള്ള നടപടികൾ തൽക്കാലം പരിഗണനയിലില്ല.

## വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷിവകുപ്പിന്റെ സ്ഥലം

114(1701) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ താലൂക്കിൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ സ്ഥലം വിട്ട് നൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ആയതിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ നിയോജകമണ്ഡലത്തിലെ കണ്ണാറയിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥലത്ത് ബനാന-ഹണി അഗ്രോ പാർക്ക്

സ്ഥാപിക്കുന്നതിനാൽ പ്രസ്തുത സ്ഥലം ഗോഡൗൺ നിർമ്മിക്കുന്നതിന് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് വിട്ടുനൽകാൻ നിർവ്വാഹമില്ലെന്ന വിവരം 27-3-2018-ലെ കത്ത് പ്രകാരം കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്.

### കോന്നി വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗൺ നിർമ്മാണം

115(1702) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ കൈവശമുള്ള സ്ഥലം വിട്ടുനൽകുന്നതിനെ സംബന്ധിച്ച് വെയർ ഹൗസിംഗ് കോർപ്പറേഷൻ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നല്കിയതെന്നു വ്യക്തമാക്കാമോ ;

(ബി) ആയതിന്മേൽ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള തുടർനടപടി വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥലം എന്നത്തേയ്ക്ക് വിട്ടുനൽകുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ആയതു സംബന്ധിച്ച ഫയൽ, തീരുമാനം കൈക്കൊള്ളാതെ അനന്തമായി താമസിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽപ്പെട്ട ഐരവൺ വില്ലേജിലെ അരുവാപ്പുറം പഞ്ചായത്തിൽ ബ്ലോക്ക് 35-ൽ റീസർവ്വേ നമ്പർ. 120-ഉം, ബ്ലോക്ക് 34-ൽ റീസർവ്വേ നമ്പർ. 146-ഉം, പന്തളം കൃഷിഭവന് കീഴിൽ വരുന്നതുമായ 3 ഏക്കറോളം ഭൂമിയിൽ നിന്നും വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ സമർപ്പിച്ച അപേക്ഷ 15-7-2017-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി-ഡി) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ സമർപ്പിച്ച അപേക്ഷയിൽ അഭിപ്രായം അറിയിക്കുന്നതിന് കൃഷി ഡയറക്ടർക്ക് 22-9-2017-ൽ സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. പത്തനംതിട്ട ജില്ലയിലെ

കോന്നി താലൂക്കിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആകെയുള്ള 25 ഏക്കർ സ്ഥലത്തിൽ മറ്റ് വകുപ്പുകൾക്കായി വിട്ടുനൽകിയ ശേഷം ശേഷിച്ച 2 ഏക്കർ 84 സെന്റ് സ്ഥലം കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുണ്ട് എന്നും പ്രസ്തുത സ്ഥലം ഗോഡൗൺ നിർമ്മിക്കുന്നതിലേയ്ക്കായി ഉടമസ്ഥാവകാശം കൈമാറാതെ പാട്ടവ്യവസ്ഥയിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് വിട്ടുനൽകാവുന്നതാണെന്നും 29-5-2018-ലെ കത്ത് പ്രകാരം കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള കേസുകൾ**

116(1703) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പഞ്ചായത്ത് ഡയറക്ടറെ എതിർ കക്ഷിയാക്കി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ എത്ര കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സമാനരീതിയിൽ വിവിധ ട്രൈബ്യൂണലുകളിലും കമ്മീഷനുകളിലും പഞ്ചായത്ത് ഡയറക്ടറെ എതിർ കക്ഷിയാക്കി എത്ര കേസ് ഫയൽ ചെയ്തിട്ടുണ്ട്; അതിന്റെ വിശദാംശം നല്കുമോ;

(സി) പഞ്ചായത്ത് ഡയറക്ടറെ എതിൽ കക്ഷിയാക്കി എത്ര കോടതിയലക്ഷ്യ കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് ഡയറക്ടറെ എതിർ കക്ഷിയാക്കി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 270 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) സമാന രീതിയിൽ വിവിധ ട്രൈബ്യൂണലുകളിലും കമ്മീഷനുകളിലും പഞ്ചായത്ത് ഡയറക്ടറെ എതിർ കക്ഷിയാക്കി 14 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(സി) പഞ്ചായത്ത് ഡയറക്ടറെ എതിർ കക്ഷിയാക്കി 5 കോടതി അലക്ഷ്യ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

117(1704) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിക്ക് സഹായകരമായ വിധത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ ഉത്തരവുകളും സർക്കുലറുകളും ഏതൊക്കെയാണ്; പകർപ്പ് ലഭ്യമാക്കാമോ;

(ബി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് ആവശ്യമായ അനുമതികൾ നിഷേധിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ; രാഷ്ട്രീയ പ്രേരിതമായി ഇത്തരത്തിൽ അനുമതി നിഷേധിച്ചാൽ സമയ ബന്ധിതമായി അനുമതി ലഭിക്കുവാൻ എന്താണ് ചെയ്യേണ്ടത് എന്ന് വിശദമാക്കാമോ;

(സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ട സാഹചര്യത്തിൽ ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കുവാൻ തടസ്സമുണ്ടോ; പൊതു വിദ്യാലയങ്ങളിൽ താത്ക്കാലിക ക്ലാസ്സ് മുറി നിർമ്മിക്കേണ്ടത് ആരുടെ ഉത്തരവാദിത്തമാണ്; വിശദമാക്കാമോ;

(ഡി) തദ്ദേശ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ പൊതുവിദ്യാലയങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരവും ഉത്തരവാദിത്ത്വവും വിശദമാക്കാമോ;

(ഇ) വിദ്യാലയങ്ങളിലെ ഏതൊക്കെ രേഖകൾ പരിശോധിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി അധികാരമുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിക്ക് സഹായകരമായ വിധത്തിൽ ഉപയോഗയോഗ്യമായ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ്, 9-3-2018-ലെ സർക്കാർ ഉത്തരവ് (കൈ.)നമ്പർ 32/2018/തസ്വഭവ. തീയതി, 18-4-2018-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 1111/18/തസ്വഭവ. തീയതി എന്നിവ പുറത്തിറക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധം- I-ലും II-ലും ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഉപയോഗ യോഗ്യമല്ലാത്ത സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് വേണ്ട സർവ്വെ റിപ്പോർട്ടും തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗമാണ് നല്കുന്നത്. ആയത് സമയബന്ധിതമായി നല്കിവരുന്നുണ്ട്.

(സി) കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണ്. താൽക്കാലിക ക്ലാസ്സ് മുറികൾ നിർമ്മിക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സ്കൂൾ പി.റ്റി.എ. യുടെയും ഉത്തരവാദിത്വമാണ്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ പൊതുവിദ്യാലയങ്ങളിലെ സിലബസ്, നിയമനം, പഠനം എന്നിവയൊഴികെയുള്ള എല്ലാ കാര്യങ്ങളിലും ഇടപെടുകയും നിയന്ത്രിക്കുകയും ചെയ്യാവുന്നതാണ്.

(ഇ) കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവശ്യമുള്ള പക്ഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിദ്യാലയങ്ങളിലെ എല്ലാ രേഖകളും പരിശോധിക്കുവാനുള്ള അവകാശമുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള ക്ഷേമ പദ്ധതികൾ**

118(1705) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, മുൻസിപ്പൽ കൗൺസിലർമാർ, കോർപ്പറേഷൻ കൗൺസിലർമാർ, മുൻ അംഗങ്ങൾ എന്നിവർക്കായി എന്തെങ്കിലും ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

നിലവിൽ ത്രിതലപഞ്ചായത്തംഗങ്ങളായിരിക്കുന്നവർക്ക് ക്ഷേമപദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങൾ നല്കുന്ന വീടുകൾ**

119(1706) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യത്തിലൂടെ വീട് ലഭിക്കുന്നവർ ഇടക്കാലത്തിനുശേഷം വീടും സ്ഥലവും വിൽക്കുകയോ അവകാശികൾക്ക് പതിച്ച് നൽകുകയോ ചെയ്യുന്നതുമൂലം ഭവനരഹിതർ കൂടിക്കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യത്തിലൂടെ ലഭിക്കുന്ന വീടുകൾ അവരുടെ കാലശേഷം മാത്രം കൈമാറ്റം അനുവദിച്ച് വ്യവസ്ഥ ചെയ്യുമോ;

(സി) അനിയന്ത്രിതമായ കൈമാറ്റത്തിലൂടെ ഭവനരഹിതർ ഉണ്ടാകുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന വീടുകളുടെ വലിപ്പവും മറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ പാലിച്ച് നിർമ്മാണം പൂർത്തിയാക്കി എന്ന് ഉറപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യത്തിലൂടെ വീട് ലഭിക്കുന്നവരിൽ വളരെ ചെറിയ ഒരു വിഭാഗം സാമ്പത്തിക ബുദ്ധിമുട്ട് കാരണമോ തൊഴിൽ സംബന്ധമായ വിഷയങ്ങൾ കാരണമോ വീടും സ്ഥലവും വിൽക്കുന്ന പ്രവണതയുണ്ട്. കൂടാതെ വീടും സ്ഥലവും അവകാശികൾക്ക് പതിച്ചുനൽകുന്നുമുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യത്തിലൂടെ നിർമ്മിക്കുന്ന വീടുകൾ നിലവിൽ 12 വർഷം കഴിഞ്ഞാൽ മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂ. ഗുണഭോക്താക്കളുടെ കാലശേഷം മാത്രം കൈമാറ്റം അനുവദിച്ച് വ്യവസ്ഥ ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സർക്കാർ ആനുകൂല്യത്തോടെ വീട് നിർമ്മിക്കുന്നവർ ഇവരുടെ വീടും വസ്തുവും 12 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യില്ല എന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറിയുമായി കരാർ വെച്ചതിനുശേഷമാണ് വീടിന്റെ ആനുകൂല്യം നൽകുന്നത്. കൂടാതെ പ്രസ്തുത ഗുണഭോക്താക്കൾ, ഇ.എം.എസ്. ഭവന പദ്ധതി മാതൃകയിൽ കരാർ രജിസ്റ്റർ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന വീടുകളുടെ വലിപ്പം സർക്കാർ നിശ്ചയിച്ചിട്ടുള്ള അളവിൽ തന്നെ പൂർത്തീകരിക്കുന്നതിന് വീട് അനുവദിക്കുമ്പോൾ തന്നെ നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ ഓരോ സ്റ്റേജ് നിർമ്മാണം പൂർത്തീകരിക്കുമ്പോഴും ഇത് പരിശോധിച്ചാണ് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നത്.

**തദ്ദേശഭരണ മേഖലയിലെ പുതിയ പദ്ധതികൾ**

120(1707) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി തുടങ്ങിയ പുതിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിയ്ക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കു പുറമേ കഴിഞ്ഞ 2 വർഷം തദ്ദേശഭരണ മേഖലയിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക ധനസഹായം ലഭിച്ചിട്ടുണ്ട്; ഏതൊക്കെ പദ്ധതികൾക്ക്, വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

"ഗ്രാമവികസന വകുപ്പിൽ ഇ-ഗവേണൻസ് നവീകരണവും ശാക്തീകരണവും" എന്ന പദ്ധതി സർക്കാരിന്റെ ഇ-ഗവേണൻസ് സംരംഭങ്ങൾ ശക്തിപ്പെടുത്തുക/ നടപ്പിലാക്കുക എന്നതിന്റെ ഭാഗമായി ഗ്രാമവികസന കമ്മീഷണറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്. ഗ്രാമ വികസന വകുപ്പിന് കീഴിൽ വരുന്ന കമ്മീഷണറേറ്റ്, ജില്ലാതല ഓഫീസുകൾ മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിലെ ആധുനികവൽക്കരണം, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളും വാങ്ങലുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പഞ്ചായത്ത് വകുപ്പ് മുഖേന പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമവികസന പദ്ധതികൾക്ക് സാങ്കേതിക ഉപദേശം നൽകൽ

ആധുനിക അറവുശാലകളും ശ്മശാനങ്ങളും നിർമ്മിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് മതിയായ സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയത് പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി ശുചിത്വമിഷൻ മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും കൺസൾട്ടൻസി സഹായം ലഭിക്കുന്നതിനും 200 ലക്ഷം രൂപ 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി ശുചിത്വമിഷന് കൈമാറിയിട്ടുണ്ട്.

2. ഗ്രാമസഭ വെബ് പോർട്ടൽ

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമാണ് ഗ്രാമസഭ. പങ്കാളിത്ത ജനാധിപത്യത്തിന്റെ പ്രത്യക്ഷമുഖമായി ഗ്രാമസഭ മാറിക്കഴിഞ്ഞിട്ടുണ്ട്. വിവര സാങ്കേതികവിദ്യ സാർവ്വത്രികമായ ഈ കാലഘട്ടത്തിൽ ലോകത്തെവിടെനിന്നും പൗരന്മാർക്ക് ഗ്രാമസഭാ ചർച്ചകളിൽ പങ്കെടുക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും സ്വന്തം നാടിന്റെ വികസനത്തിൽ പങ്കാളികളാകുന്നതിനും ഗ്രാമസഭാ മിനിട്ട്സുകൾ ലഭ്യമാക്കുന്നതിനുമായി ഒരു വെബ്പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പൗരന്മാർക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളിലെ വാർഡുതലത്തിൽ ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും ഗ്രാമസഭാ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും ഇതിലൂടെ സാധിക്കുന്നു.

3. ഫോർ ദ പീപ്പിൾ ഓൺലൈൻ പരാതി പരിഹാര സംവിധാനം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിൽ നടക്കുന്ന സ്വജന പക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിൽ 2-2-2017-ലെ 299/2017/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഫോർ ദി പീപ്പിൾ പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി ആഭ്യന്തര വിജിലൻസ് വിഭാഗം സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. തദ്ദേശഭരണ മേഖലയിൽ മറ്റ് വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളും മറ്റ് വിശദാംശങ്ങളും ശേഖരിച്ച് നൽകുന്നതാണ്. സംസ്ഥാന പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കഴിഞ്ഞ 2 സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച ധനസഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | 2016-17 | 2017-18 |
| 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 158248.96 | 185406.40 |
| 2 | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) | 9113.40 | 3076.82 |
| 3 | പ്രധാനമന്ത്രി ഗ്രാമസഡക് യോജന | 17595.00 | 16913.00 |
| 4 | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) | 1662.00 | 1730.98 |
| 5 | ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ | 530.04 | 870.37 |
| 6 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) | 9825.36 | 9802.23 |
| 7 | നാഷണൽ അർബൻ മിഷൻ | 2000.00 | 4900.00 |
| 8 | കില സെന്റർ ഫോർ ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് | 158.32 | 126.62 |

പഞ്ചായത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിക്കായി കഴിഞ്ഞ 2 വർഷം ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

2016-17 - 855.18 ലക്ഷം രൂപ

2017-18 - 2336 ലക്ഷം രൂപ

അമൃത് പദ്ധതിയിൽ കഴിഞ്ഞ രണ്ട് വർഷത്തിലായി 174.64 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും ഗുരുവായൂർ, പാലക്കാട്, ആലപ്പുഴ തുടങ്ങിയ 3 മുനിസിപ്പാലിറ്റികളിലും കുടിവെള്ള വിതരണം, സ്വിവറേജ് & സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, പാർക്ക്, അർബൻ ട്രാൻസ്പോർട്ട് തുടങ്ങിയ 5 സെക്ടറുകളിലായി മൂന്ന് വാർഷിക പദ്ധതികളായി 2356.12 കോടി രൂപയുടെ 389 പദ്ധതികളാണ് അമൃത് പദ്ധതിയിലൂടെ സംസ്ഥാനത്ത് നടപ്പാക്കുന്നത്. കുടിവെള്ള വിതരണ സെക്ടറിൽ 1081.08 കോടി രൂപയുടെ 96 പദ്ധതികൾക്കും സ്വിവറേജ് & സെപ്റ്റേജ് സെക്ടറിൽ 629.86 കോടി രൂപയുടെ 49 പദ്ധതികൾക്കും സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 381.50 കോടി രൂപയുടെ 113 പദ്ധതികൾക്കും അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 214.40 കോടി രൂപയുടെ 60 പദ്ധതികൾക്കും പാർക്ക് സെക്ടറിൽ 49.30 കോടി രൂപയുടെ 71 പദ്ധതികൾക്കുമാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലെ മറ്റ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**തദ്ദേശഭരണ പൊതുസർവീസ്**

121(1708) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ പൊതുസർവീസ് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) തദ്ദേശഭരണ പൊതുസർവീസ് എന്ന് നിലവിൽ വരുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം തദ്ദേശഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിലേയ്ക്കായി നിയമാനുസൃതമായ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് 27-12-2016-ലെ സ.ഉ. (കൈ.)നമ്പർ 198/2016/ത.സ്വ.ഭ.വ. നമ്പർ പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും, കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക. നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുക, കരട് വിശേഷാൽ ചട്ടത്തിൽ അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുക, ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് തദ്ദേശഭരണ വകുപ്പ് എന്ന പേരിൽ ഒരു പൊതു സർവ്വീസ് രൂപീകരിച്ചുകൊണ്ടും മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചുകൊണ്ടും 27-1-2018-ലെ സ.ഉ. (കൈ.)നമ്പർ 10/2018/ തസ്വഭവ. തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിയമിച്ചിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തദ്ദേശഭരണ പൊതു സർവ്വീസ് നിലവിൽ വരുന്നതാണ്.

## കൊച്ചി നഗരസഭയിലെ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം

122(1709) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷത്തിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി നഗരസഭയിലെ 15, 16, 17 ഡിവിഷനുകളിൽ ഉൾപ്പെടുന്ന പ്രദേശത്ത് സ്വീവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ ഡിസെൻട്രലൈസ്ഡ് സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിനായി അനുവദിച്ച 30.78 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) എന്നത്തേയ്ക്ക് ഈ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അമൃത് പദ്ധതിയിൽ കൊച്ചി നഗരസഭയിലെ 15, 16, 17 ഡിവിഷനുകൾ ഉൾപ്പെടുന്ന പ്രദേശത്ത് സ്വിവറേജ് മാനേജ്മെന്റ് സെക്ടറിൽ ഉൾപ്പെടുത്തി ഡി-സെൻട്രലൈസ്ഡ് സ്വിവറേജ് സിസ്റ്റം നടപ്പിലാക്കുന്നതിന് 2015-16 വാർഷിക പദ്ധതിയിൽ 13.76 കോടി രൂപയും 2016-17 വാർഷിക പദ്ധതിയിൽ 30.78 കോടി രൂപയും ഉൾപ്പെടെ 44.54 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- ഓരോ ഡിവിഷനുകളിലും ട്രീറ്റ്മെന്റ് പ്ലാന്റോടുകൂടിയ പ്രത്യേക പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

- കൊച്ചിയുടെ ഉയർന്ന ജലവിതാനം കണക്കിലെടുത്ത് small bore sewerage system-non-conventional, system ആണ് ഉദ്ദേശിക്കുന്നത്.

- ഈ പദ്ധതി പ്രകാരം ഓരോ വീടുകളിലെയും സെപ്റ്റിക് ടാങ്കിൽ നിന്ന് പുറന്തള്ളുന്ന വെള്ളവും അടുക്കള, കുളിമുറി എന്നിവിടങ്ങളിൽനിന്ന് പുറത്തേക്ക് ഒഴുകുന്ന വെള്ളവും പ്രത്യേകം സംഭരിച്ച് പൈപ്പുകൾ വഴി ഓരോ ഡിവിഷനിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ ശുദ്ധീകരിക്കുന്നു. കൂടാതെ സെപ്റ്റിക് ടാങ്കുകളിൽ ശേഖരിച്ചിട്ടുള്ള സ്ലഡ്ജ് (സെപ്റ്റേജ്) 2-3 വർഷത്തിലൊരിക്കൽ ശേഖരിച്ച് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ശുദ്ധീകരിക്കുന്നു. വെല്ലിംഗ്ടൻ ഐലന്റിൽ പണി പൂർത്തീകരിച്ച 100 ക്യൂബിക് മീറ്റർ ശേഷിയുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇതിനായി ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) GIZ (ജർമ്മൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസി) പ്രാഥമിക പഠനം നടത്തുകയും തുടർന്ന് ഷാ ടെക്നിക്കൽ കൺസൾട്ടൻസി എന്ന സ്ഥാപനം വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(സി) തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറായുള്ള സാങ്കേതിക സമിതി പ്രസ്തുത പ്രോജക്ടിന് സാങ്കേതികാനുമതി നൽകിയശേഷം ടെണ്ടർ നടപടികളിലേക്ക് കടക്കുവാനും വർക്ക് അവാർഡ് ചെയ്യുവാനും താമസംവിനാ സാധിക്കുന്നതാണ്.

**സ്പിൽ ഓവർ പദ്ധതി**

123(1710) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മുൻവർഷങ്ങളിലെ സ്പിൽ ഓവർ പദ്ധതികളുടെ തുക പിൻവലിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഇതുമൂലം ജില്ലയിൽ വിവിധ വികസന പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സീസൺ അടിസ്ഥാനത്തിൽ ചെയ്യേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കാൻ സ്വാഭാവികമായും കാലതാമസമുണ്ടാകുമെന്നിരിക്കെ സ്പിൽ ഓവർ തുക പിൻവലിച്ച് സർക്കാർ ഇറക്കിയ ഉത്തരവ് പുനഃപരിശോധിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) സ്പിൽ ഓവർ പദ്ധതികളുടെ തുക പിൻവലിച്ചിട്ടില്ല.

## തിരുവനന്തപുരം കോർപ്പറേഷനിലെ വാർഡുകൾ റെഡ് സോണിൽ ഉൾപ്പെടുത്തിയ നടപടി

124(1711) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ കാരണങ്ങളാൽ വിമാനത്താവള അതോറിറ്റി തിരുവനന്തപുരം കോർപ്പറേഷനിലെ ഇരുപത് വാർഡുകൾ റെഡ് സോണിൽ ഉൾപ്പെടുത്തിയ നടപടി പുന:പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതുക്കിയ നിബന്ധനപ്രകാരം എത്ര വാർഡുകളെയാണ് റെഡ് സോണിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മഞ്ഞ സോണിൽ ഉൾപ്പെടുത്തിയ വാർഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; പ്രസ്തുത വാർഡുകളിൽ കോർപ്പറേഷന് വിമാനത്താവള അതോറിറ്റിയുടെ അനുമതി കൂടാതെ സ്വന്തം നിലയ്ക്ക് കെട്ടിട നിർമ്മാണ അനുമതി നൽകുവാൻ സാധിക്കുമോ;

(ഡി) നിലവിൽ റെഡ് സോണിൽ ഉൾപ്പെട്ടിട്ടുള്ള വാർഡുകളിൽ കെട്ടിട നിർമ്മാണത്തിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ പുറത്തിറക്കിയ പുതുക്കിയ കരട് കളർ കോഡഡ് സോണിംഗ് മാപ്പ് പ്രകാരം ഒരു വാർഡ് മുഴുവനായും 9 വാർഡുകൾ ഭാഗികമായും റെഡ് സോണിൽ ഉൾപ്പെടുന്നു.

(സി) വെട്ടുകാട്, കണ്ണാന്തുറ, ബീമാപള്ളി ഈസ്റ്റ്, ബീമാപള്ളി, കമലേശ്വരം, കല്ലുംമൂട്, ചാക്ക എന്നീ വാർഡുകളാണ് മഞ്ഞ സോണിൽ ഉൾപ്പെടുന്നത്. പുതുക്കിയ കരട് കളർ കോഡഡ് സോണിംഗ് മാപ്പ് പ്രകാരം സമുദ്രനിരപ്പിൽ നിന്നും ശരാശരി 20 മീറ്റർ വരെ ഉയരമുള്ള നിർമ്മാണങ്ങൾക്ക് നഗരസഭയ്ക്ക്തന്നെ അനുമതി നൽകാവുന്നതാണ്.

(ഡി) കളർ കോഡഡ് സോണിംഗ് മാപ്പ് അനുസരിച്ച് റെഡ് സോണിൽ ഉൾപ്പെടുന്ന എല്ലാ നിർമ്മാണങ്ങൾക്കും എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

**തദ്ദേശഭരണ പൊതു സർവ്വീസ്**

125(1712) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് കരട് നയം തയ്യാറായിട്ടുണ്ടോ; ഇതു സംബന്ധിച്ച് അഭിപ്രായങ്ങൾ സർക്കാർ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; പൊതുസർവ്വീസ് എന്ന ആശയം എന്നേക്ക് നടപ്പിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പൊതു സർവ്വീസ് എന്ന ആശയത്തിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) ആയത് നടപ്പിലാക്കുന്നതിലൂടെ സർക്കാരിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ;വിശദമാക്കാമോ ?

ഉത്തരം

(എ & ബി) പൊതുസർവ്വീസ് രൂപീകരണം സംബന്ധിച്ച് കരട് നയം തയ്യാറാക്കിയിട്ടില്ല. എന്നാൽ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സ്റ്റേറ്റ് സർവ്വീസിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സബോർഡിനേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ. ആയത് ലഭിച്ചശേഷം ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് എത്രയുംവേഗം പൊതുസർവ്വീസ് നടപ്പിൽ വരുത്തുന്നതാണ്.

(സി) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, മുനിസിപ്പൽ കോമൺ സർവ്വീസ്, നഗര-ഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് ഒരു ഏകീകൃത പൊതു സർവ്വീസ് രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ ഏകീകരണം തദ്ദേശഭരണ പൊതുസംവിധാനം ശക്തിപ്പെടുത്തുന്നതിനും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത ഉയർത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രധാനം ചെയ്യുന്നതിനും സഹായകമാണ്.

ഭരണഘടനയിലെ 11-ഉം 12-ഉം പട്ടികകൾ അനുസരിച്ചുള്ള വിഷയങ്ങളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 3, 4, 5 പട്ടികകൾ അനുസരിച്ചുള്ളതും, 1994-ലെ മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാം പട്ടിക അനുസരിച്ചുള്ളതുമായ വിഷയങ്ങൾ കണക്കിലെടുത്തുകൊണ്ട് സംയോജിത വികസന കാഴ്ചപ്പാടോടെ പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പിന്തുണാ സംവിധാനമാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ജനാധിപത്യപരമായും സുതാര്യമായും ഉത്തരവാദിത്വപരമായും നിർവ്വഹിക്കുന്നതിനും വിഭവ സമാഹരണവും വിഭവ വിനിയോഗവും കാര്യക്ഷമമാക്കുന്നതിനും പ്രാദേശിക തലത്തിൽ ആവശ്യമായ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും ഏകീകരണംകൊണ്ട് സാധിക്കും.

(ഡി) ഇല്ല.

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണം

126(1713) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ആധുനിക വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ എപ്രകാരമാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമസഭാ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുവാൻ ഗ്രാമസഭാ പോർട്ടൽ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ബിൽഡിംഗ്/ഡെവലപ്മെന്റ് പെർമിറ്റ് സമയബന്ധിതവും സുതാര്യവുമാക്കാൻ വികസിപ്പിച്ച ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം (IBPMS) ഏതെല്ലാം നഗരസഭകളിൽ നടപ്പാക്കിയിട്ടുണ്ട്എന്നറിയിക്കുമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഏതെല്ലാം സേവനങ്ങളാണ് നിലവിൽ ഓൺലൈനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ)

- തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധതരം പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ 13-ഓളം ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്.

- തദ്ദശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ കേന്ദ്രബിന്ദുവാക്കുകയും വിപുലമായ ഉപഭോക്തൃ പങ്കാളിത്തത്തോടെ സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും, സാങ്കേതിക വിദ്യയിൽ ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

- ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിലേയും കോർപ്പറേഷനുകളിലേയും ജീവനക്കാർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയോഗിച്ചിട്ടുണ്ട്.

- തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള മുഴുവൻ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ ERP Solution സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഐ.കെ.എം. തയ്യാറാക്കി വരികയാണ്.

(ബി) ഉണ്ട്. ഗ്രാമസഭകളിൽ നേരിട്ട് ഹാജരാകുന്നതിന് സാധിക്കാത്ത പൊതുജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഓൺലൈനായി ഗ്രാമസഭകളിൽ എത്തിക്കുന്നതിനുള്ള സംവിധാനമാണ് ഗ്രാമസഭാ പോർട്ടലുകൾ വഴി പ്രധാനമായും ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾ/ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണം സംബന്ധിച്ചുള്ള നിർദ്ദേശം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യവും സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള ലിങ്ക്-https://gramasabha.lsgkerala.gov.in

(സി) നിലവിൽ കോഴിക്കോട് നഗരസഭയിൽ മാത്രമാണ് ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം (IBPMS) സംവിധാനമുള്ളത്.

(ഡി) അനുബന്ധമായി* ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഓൺലൈൻ സംവിധാനം**

127(1714) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ബിൽഡിംഗ് പെർമിറ്റ് അടക്കമുള്ളവ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇവയുടെ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധതരം പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ ചുവടെപ്പറയുന്ന ആപ്ലിക്കേഷനുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

1. വസ്തുനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള ഇ-പേയ്മെന്റ് പോർട്ടൽ

2. ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനുള്ള 'സങ്കേതം' സോഫ്റ്റ്‌വെയർ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നഗരസഭകൾക്കായുള്ള സഞ്ചയ ഡി & ഒ മോഡ്യൂൾ.

4. സാമൂഹ്യക്ഷേമ പെൻഷനുകളുടെ ബാങ്കുകൾ വഴിയുള്ള വിതരണം.

5. വിവിധ ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ സാധിക്കും വിധത്തിലുള്ള ERP (Enterprise Resume Plan) പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി &സി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനായി 'സങ്കേതം' എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 5 കോർപ്പറേഷനുകളിലും 86 മുനിസിപ്പാലിറ്റികളിലും 928 ഗ്രാമപഞ്ചായത്തുകളിലും ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് ടി സോഫ്റ്റ്‌വെയർ മുഖാന്തരമാണ്.

## ചിറ്റാറ്റുകര സെന്റ് സെബാസ്റ്റ്യൻ സ്കൂളിന് ടോയ്‌ലറ്റ്

128(1715) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്) പദ്ധതി പ്രകാരം എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ആരായിരിക്കണം എന്നത് സംബന്ധിച്ച് തദ്ദേശഭരണ വകുപ്പിൽനിന്നും എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മണലൂർ എം.എൽ.എ.-യുടെ ശിപാർശ പ്രകാരം ചിറ്റാറ്റുകര സെന്റ് സെബാസ്റ്റ്യൻ സ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണത്തിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥനായി തൃശ്ശൂർ ജില്ലാ കളക്ടർ എളവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയെങ്കിലും പ്രവൃത്തി ഏറ്റെടുക്കാതെ പ്രസ്തുത ചുമതലയിൽ നിന്നും തന്നെ ഒഴിവാക്കണമെന്ന് സെക്രട്ടറി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകാനുണ്ടായ സാഹചര്യം പരിശോധിച്ച് അറിയിക്കാമോ;

(സി) നിർവ്വഹണ ഉദ്യോഗസ്ഥരെ മാറ്റിക്കൊണ്ടിരിക്കുന്നത് പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സമാകുമെന്നതിനാൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) 15-3-2013-ലെ തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 97/13/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം MPLAD Scheme MLASDF Scheme തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഓരോ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികകൾ കേരളത്തിലെ 152 ബ്ലോക്ക് പഞ്ചായത്തുകളിലും സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

(ബി) ബഹുമാനപ്പെട്ട മണലൂർ എം.എൽ.എ. ശ്രീ. മുരളി പെരുനെല്ലിയുടെ നിർദ്ദേശ പ്രകാരം FN/1047012/2017/MNLR ആയി 11/2016-ലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ഏളവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നു. ഈ ഉത്തരവ് ലഭിച്ച മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയിൽ വേണ്ട വൈദഗ്ദ്ധ്യമില്ലാത്തതിനാൽ സർക്കാരിന്റെ 15-3-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 97/13/ത.സ്വ.ഭ.വ. പ്രകാരം നിർവ്വഹണ ചുമതല മാറ്റി നൽകുന്ന നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് അപേക്ഷ സമർപ്പിച്ചു. ആയതുപ്രകാരം 7-12-2017-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ടയിൽ 14-ാം നമ്പറായി സെക്രട്ടറിയുടെ നിർവ്വഹണ ചുമതല ഒഴിവാക്കുന്നതിന് അഭ്യർത്ഥിക്കുന്നതിന് തീരുമാനം എടുത്തിരുന്നു. മേൽ തീരുമാനം മേലെഴുത്ത് സഹിതം 25-1-2018-ൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ സെക്രട്ടറി സമർപ്പിച്ചിരുന്നു. തുടർന്ന് നമ്പർ DCTSR/13/5718/FN10 ആയി 25-5-2018-ലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം നിർവ്വഹണ ചുമതല മണലൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറ്റി ഉത്തരവായിട്ടുണ്ട്.

(സി) എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി പദ്ധതിപ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതിയുമായി ബന്ധപ്പെട്ട് വൈദഗ്ദ്ധ്യമുള്ളവരെ നിശ്ചയിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് നിർദ്ദശം നൽകുന്നതാണ്.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക പ്രതിസന്ധി**

129(1716) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കാരണം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പണം നൽകുന്നത് സർക്കാർ നിർത്തിയതോടെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യം പരിശോധിക്കാൻ തയ്യാറാകുമോ;

(ബി) പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വച്ചുനൽകുന്ന ലൈഫ് മിഷൻ പദ്ധതി സാമ്പത്തിക പ്രതിസന്ധി കാരണം മുടങ്ങിക്കിടക്കുകയും വീടുകൾ പൊളിച്ചുമാറ്റിയ പാവങ്ങൾ പെരുവഴിയിലായതുമായ അടിയന്തര സാഹചര്യത്തിന് പരിഹാരം കാണുന്നതിന് ശ്രമം നടത്തുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാർ പണിയെടുത്ത ചെറുകിട കരാറുകാരും ഗുണഭോക്താക്കളും പദ്ധതി വിഹിതം വകമാറ്റിയത് വഴി ദുരിതത്തിലായത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഈ സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യം നിലവിലില്ല.

(ബി) ലൈഫ് മിഷൻ പദ്ധതി സാമ്പത്തിക പ്രതിസന്ധി കാരണം മുടങ്ങിക്കിടക്കുന്നതായുള്ള സാഹചര്യമില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിൽ 39243 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി തുടങ്ങിയ പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിന് സാമ്പത്തിക പ്രതിസന്ധി പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടില്ല.

(സി) പദ്ധതി വിഹിതം വക മാറ്റിയിട്ടില്ല.

**എൽ.എസ്.ജി.ഡി.യുടെ പ്രവർത്തനങ്ങൾ**

130(1717) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ മണലൂർ എം.എൽ.എ യുടെ ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നതിൽ എൽ.എസ്.ജി.ഡി വകുപ്പ് മുഖേന പ്രാവർത്തികമാക്കേണ്ടുന്ന പ്രവൃത്തികളിൽ ഇനിയും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) 2016-17-ലെ മണലൂർ എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സോഷ്യൽ ഓഡിറ്റ് സെന്റർ**

131(1718) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഡിപ്പാർട്ടുമെന്റുകൾക്കും ആവശ്യമായ സേവനം നൽകുന്നതിന് ഒരു സ്വതന്ത്ര പ്രൊഫഷണൽ സോഷ്യൽ ഓഡിറ്റ് സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സെന്ററിന്റെ ഘടന സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിനായി നിലവിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; അതിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ കേന്ദ്രമാക്കി സോഷ്യൽ ഓഡിറ്റ് സെന്റർ സ്ഥാപിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കേന്ദ്രം ഇതുവരെയും രൂപീകരിച്ചിട്ടില്ല.

(ബി) സോഷ്യൽ ഓഡിറ്റ് സെന്ററിന്റെ ഘടനയ്ക്ക് അന്തിമരൂപം നൽകിയിട്ടില്ല.

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ആവശ്യത്തിലേക്കായി തുക നീക്കിവച്ചിട്ടില്ല.

**നഗരസഭകൾ തയ്യാറാക്കിയ മാസ്റ്റർപ്ലാനുകൾ**

132(1719) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി സംബന്ധിച്ച് നഗരസഭകൾ തയ്യാറാക്കിയ മാസ്റ്റർപ്ലാനിലെ പിശകുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാസ്റ്റർപ്ലാനിൽ തിരുത്തൽ വരുത്തുന്നതിനു വേണ്ടിയുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 'മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ സ്കീമിൽ തയ്യാറാക്കിയ ചുരുക്കം ചില മാസ്റ്റർ പ്ലാനുകളിൽ പിശക് വന്നിട്ടുണ്ടെന്ന് കാണിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016-ന്റെ സെക്ഷൻ 50(1) പ്രകാരം അംഗീകൃത മാസ്റ്റർ പ്ലാനുകളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനമാണ്. എന്നാൽ പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 50(3) പ്രകാരം അനിവാര്യമെന്ന് ബോദ്ധ്യമുള്ളപക്ഷം ഗസറ്റ് വിജ്ഞാപനം വഴി മാസ്റ്റർ പ്ലാനിൽ എന്തു മാറ്റവും വരുത്താൻ സർക്കാരിന് അധികാരമുണ്ട്. ഇതിനായി വിജ്ഞാപനത്തിന്റെ കരട് പ്രസിദ്ധീകരിക്കേണ്ടതും ഇതുസംബന്ധിച്ച് ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതും സർക്കാരിന് യുക്തമെന്ന് കരുതുന്ന പരിഷ്കരണം വരുത്താവുന്നതുമാണ്. ഇത്തരത്തിൽ ചില അപേക്ഷകളിൽ അംഗീകൃത മാസ്റ്റർ പ്ലാനിൽ അനിവാര്യമായ ഭേദഗതി വരുത്തുന്നതിന് കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ സെക്ഷൻ 50(3) പ്രകാരം ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം സ്വീകരിക്കേണ്ട നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

റദ്ദാക്കപ്പെട്ട നഗരഗ്രാമാസൂത്രണ ആക്റ്റുകൾക്ക് കീഴിൽ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിൽ പരിഷ്കരണം വരുത്തുന്നതിന് സർക്കാർ കമ്മിറ്റി രൂപീകരിക്കുകയും ഇതിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇതിനായി നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ്. 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിൻ കീഴിൽ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകളിലെ ഇടക്കാല വികസനങ്ങൾ നിയന്ത്രിക്കുന്നതിനായി സർക്കാരിന് ആക്റ്റിന്റെ 63-ാം വകുപ്പ് പ്രകാരം ഇടക്കാല വികസന ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ പദ്ധതിവിഹിതം**

133(1720) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏഴ് ഗ്രാമപഞ്ചായത്തുകൾക്ക് 2017-18 വർഷത്തെ പദ്ധതിവിഹിതമായി എത്ര തുകയാണ് നീക്കിവെച്ചിരുന്നത്; ഓരോ പഞ്ചായത്തിലേയും കണക്കുകൾ വ്യക്തമാക്കുമോ;

(ബി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് 2017-18 വർഷത്തെ പദ്ധതി വിഹിതമായി നീക്കിവച്ചിരിക്കുന്ന തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. വണ്ടാഴി ഗ്രാമപഞ്ചായത്ത് | 7,16,68,617 | രൂപ |
| 2. എരിമയൂർ ഗ്രാമപഞ്ചായത്ത് | 7,14,40,440 | രൂപ |
| 3. ആലത്തൂർ ഗ്രാമപഞ്ചായത്ത് | 4,97,93,389 | രൂപ |
| 4. മേലാർകോട് ഗ്രാമപഞ്ചായത്ത് | 6,83,69,704 | രൂപ |
| 5. കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 6,60,34,205 | രൂപ |
| 6. തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് | 6,79,28,626 | രൂപ |
| 7. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 11,80,79,375 | രൂപ |

(ബി) പദ്ധതി വിഹിതത്തിന്റെ വിനിയോഗ ശതമാനം ചുവടെചേർക്കുന്നു:

| | |
|---|---|
| 1. വണ്ടാഴി ഗ്രാമപഞ്ചായത്ത് | 69.8% |
| 2. എരിമയൂർ ഗ്രാമപഞ്ചായത്ത് | 72.33% |
| 3. ആലത്തൂർ ഗ്രാമപഞ്ചായത്ത് | 76.48% |
| 4. മേലാർകോട് ഗ്രാമപഞ്ചായത്ത് | 61.2% |
| 5. കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 64.11% |
| 6. തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് | 75.83% |
| 7. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 67.9% |

## പാർട്ട്ണർ കേരള മിഷന്റെ പ്രവർത്തനം

134(1721) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മൂലധനം പൊതുനിർമ്മിതിക്കായി ഉപയോഗിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച പാർട്ട്ണർ കേരള മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാർട്ണർ കേരള മിഷൻ ശിപാർശ ചെയ്ത പ്രാദേശിക സർക്കാരുകളുടെ താല്പര്യപ്രകാരം കിറ്റ്കോ സാധ്യതാപഠനം നടത്തിയ പദ്ധതികളിൽ എത്രയെണ്ണം ഇതിനകം തുടങ്ങുവാനായി; വിശദാംശം നൽകുമോ;

(സി) കൂടുതൽ സംരംഭകരെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ-സി) അവലോകനം ചെയ്തിട്ടുണ്ട്. 2 വർഷക്കാലംകൊണ്ട് 108 പദ്ധതി നിർദ്ദേശങ്ങൾ പാർട്ണർ കേരള മിഷന് ലഭിച്ചിരുന്നുവെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് മതിയായ സ്വകാര്യ നിക്ഷേപകരെ കണ്ടെത്താൻ കഴിയാതിരുന്നതിനാൽ ഒരു പദ്ധതിപോലും (കിറ്റ്കോ സാധ്യതാപഠനം നടത്തിയ പദ്ധതികൾ ഉൾപ്പടെ) ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളിൽ യാഥാർത്ഥ്യമാക്കുന്നതിന് പാർട്ണർ കേരള മിഷന് കഴിഞ്ഞിരുന്നില്ല. പാർട്ണർ കേരള മിഷന് അതിന്റെ രൂപീകരണ ഉദ്ദേശ്യലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലും KIIFB ഫണ്ടുപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി IMPACT KERALA Ltd. രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിലും പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**തിരുവനന്തപുരം കോർപ്പറേഷനിൽ അമൃത് പദ്ധതി**

135(1722) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത നഗര പരിഷ്കരണ പദ്ധതിയായ അമൃത് പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം കോർപ്പറേഷനിൽ 2014-15, 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; പ്രവൃത്തികളുടെ പേര്, അടങ്കൽ തുക സഹിതം വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും പണി ആരംഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അമൃത് പദ്ധതിയിൽ തിരുവനന്തപുരം കോർപ്പറേഷനിൽ 2015-16, 2016-2017, 2017-2018 എന്നീ മൂന്ന് വാർഷിക പദ്ധതികളിലായി 51 പദ്ധതികൾക്കായി 357.50 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. പ്രസ്തുത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതിന് 355.15 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. അഞ്ച് സെക്ടറുകളിലായി അംഗീകാരം ലഭിച്ച പദ്ധതികളുടെ വിവരം

| ക്രമ നമ്പർ | സെക്ടർ | പദ്ധതികളുടെ എണ്ണം | ഭരണാനുമതി ലഭിച്ച തുക കോടി |
|---|---|---|---|
| 1 | വാട്ടർ സപ്ലൈ | 8 | 99.04 |
| 2 | സ്വീവറേജ് ആൻഡ് സെപ്റ്റേജ് | 24 | 157.45 |
| 3 | സ്റ്റോം വാട്ടർ ഡ്രെയിനേജ് | 11 | 61.07 |
| 4 | അർബൻ ട്രാൻസ്പോർട്ട് (NMC) | 4 | 31.74 |
| 5 | പാർക്ക് | 4 | 5.85 |
| | ആകെ | 51 | 355.15 |

മൂന്ന് വാർഷിക പദ്ധതികളിലായി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ പേരും അടങ്കൽ തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) ഭരണാനുമതി ലഭിച്ചിട്ടുള്ള 51 പ്രോജക്ടുകളിൽ 41 പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. 39 പ്രോജക്ടുകൾക്ക് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. 22 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്ത് പണി ആരംഭിക്കുന്നതിനുള്ള നടപടി ആയിട്ടുണ്ട്. സാങ്കേതികാനുവാദം ലഭിച്ച പദ്ധതികളുടെ പേര്, ടെണ്ടർ ചെയ്ത പദ്ധതികളുടെ പേര്, വർക്ക് അവാർഡ് ചെയ്ത പദ്ധതികളുടെ പേര് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പ് ആരംഭിച്ച ക്ഷേമ പദ്ധതികൾ**

136(1723) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ വകുപ്പ് ആരംഭിച്ച ക്ഷേമ പദ്ധതികൾ എന്തെല്ലാമാണ്; ഓരോന്നിന് കീഴിലും ഏകദേശം എത്ര പേർക്ക് ആനുകൂല്യവിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെങ്കിലും ക്ഷേമപദ്ധതികൾ ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതുമൂലം ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ ഭവന പദ്ധതിയാണ് ലൈഫ് മിഷൻ പദ്ധതി. ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ വിവിധ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചതും എന്നാൽ പൂർത്തീകരിക്കാൻ കഴിയാതിരുന്നതുമായ ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. ആയതുപ്രകാരം 56079 പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ 40143 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള 2.50 ലക്ഷം ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ആയതുപ്രകാരം 32402 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നഗരങ്ങളിൽ 3434 ഭവനങ്ങളും ഗ്രാമങ്ങളിൽ 8 ഭവനങ്ങളും പൂർത്തീകരിക്കുകയും ചെയ്തു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) നിർത്തലാക്കിയിട്ടില്ല.

**തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം**

137(1725) <u>ശ്രീ. ജെയിംസ് മാത്യു</u> :

<u>ശ്രീ. എം. നൗഷാദ്</u> :

<u>ശ്രീ. ബി. സത്യൻ</u> :

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ മുൻവർഷങ്ങളെക്കാൾ ഈ വർഷം മുന്നേറ്റമുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിന്റെ ഈ വർഷത്തെ സംസ്ഥാന ശരാശരി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികൾക്ക് ആരംഭത്തിൽ തന്നെ സമർപ്പിക്കുന്നതിനും അതുവഴി സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ തിരക്കിട്ട് തുക ചെലവഴിക്കുന്ന രീതി ഒഴിവാക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ മുൻവർഷങ്ങളെക്കാൾ ഈ വർഷം മുന്നേറ്റമുണ്ടായിട്ടുണ്ട്.

<u>പഞ്ചായത്തുകളുടെ മുൻ വർഷങ്ങളിലെ പദ്ധതി പുരോഗതി വിവരങ്ങൾ</u>

2014-15- 68.12%

2015-16-73.61%

2016-17-67.08%

2017-18-85.44% (ട്രഷറികളിലെ പെൻഡിംഗ് ബില്ലുകളുടെ 90.09%)

2016-17, 2017-18 എന്നീ വർഷങ്ങളിൽ കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും പദ്ധതി ചെലവ് ശതമാനത്തിൽ ചുവടെ ചേർക്കുന്നു:

| | 2016-17 | 2017-18 |
|---|---|---|
| കോർപ്പറേഷൻ | 63.77% | 77.74% |
| മുനിസിപ്പാലിറ്റികൾ | 66.89% | 82.74% |

2017-18-ൽ 1199 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജൂൺ 17-ന് മുമ്പ് ഡി.പി.സി. അനുമതി ലഭിച്ചു. എന്നാൽ 2018-19-ൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മേയ് 7-ന് മുമ്പ് ഡി.പി.സി. അംഗീകാരം നൽകി. 2017-18-ൽ മേയ് മാസത്തിൽ ചെലവുകൾ 0.07 ശതമാനം മാത്രമായിരുന്നു. എന്നാൽ 2018-19-ൽ മേയ് മാസത്തിലെ ചെലവ് 5.82 ശതമാനമാണ്.

(ബി) 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ശരാശരി

| | |
|---|---|
| പഞ്ചായത്തുകൾ | 85.44% (ട്രഷറികളിലെ പെൻഡിംഗ് ബില്ലുൾപ്പെടെ 90.09%) |
| കോർപ്പറേഷനുകൾ | 77.74% |
| മുനിസിപ്പാലിറ്റികൾ | 82.74% |

2018-19 സാമ്പത്തിക വർഷത്തെ 5-6-2018 വരെയുള്ള പദ്ധതി ചെലവിന്റെ സംസ്ഥാന ശരാശരി 6.7 ശതമാനമാണ്.

(സി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക വിധത്തിൽ മാർച്ച് 31-ന് തന്നെ വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്നതിന് നിർദ്ദേശം നൽകുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.

28-4-2018-ലെ ഡി.എ.1/441/2018/തസ്വഭവ. സർക്കുലർ പ്രകാരം വാർഷിക പദ്ധതി നിർവ്വഹണ നടപടിക്രമങ്ങൾ സമയബന്ധിതമായി ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ തിരക്കിട്ട് തുക ചെലവഴിക്കുന്ന രീതി ഒഴിവാക്കുന്നതിനായി പദ്ധതി നർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക വിധത്തിൽ മാർച്ച് 31-ന് തന്നെ വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം**

138(1726) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി എത്ര തുകയാണ് നീക്കിവച്ചിരുന്നതെന്നും അതിൽ എത്രശതമാനം ചെലവഴിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തികവർഷം എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട്; മുൻവർഷത്തെ അപേക്ഷിച്ച് ഏതെങ്കിലും തരത്തിലുള്ള വർദ്ധനവോ കുറവോ വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യത്യാസം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; ഈ സാമ്പത്തിക വർഷം എത്ര ശതമാനം തുക വിനിയോഗിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം I *ആയി ചേർക്കുന്നു.

(ബി) വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർക്കുന്നു.

ഈ സാമ്പത്തിക വർഷം 100 ശതമാനവും തുക വിനിയോഗിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

## ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിരുന്ന പദ്ധതി വിഹിതം

139(1727) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകൾക്ക് 2017-18 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന പദ്ധതി വിഹിതത്തിൽ എത്ര തുക വിനിയോഗിച്ചുവെന്നും,ആയതിന്റെ ശതമാനക്കണക്ക് എത്രയെന്നും അറിയിക്കാമോ?

ഉത്തരം

വാമനപുരം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലെയും കണക്കുകൾ ചുവടെ ചേർക്കുന്നു:

| Budget Vs Expenditure of Vamanapuram Constituency during 2017-2018 | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പഞ്ചായത്ത് | ബഡ്ജറ്റ് (തുക ലക്ഷത്തിൽ) | ചെലവ് | % |
| 1 | നന്ദിയോട് | 457.86 | 498.73 | 108.93 |
| 2 | പുല്ലംപാറ | 347.72 | 342.55 | 98.51 |
| 3 | പനവൂർ | 316.69 | 320.47 | 101.19 |
| 4 | പാങ്ങോട് | 465 | 441.37 | 94.92 |
| 5 | കല്ലറ | 364.49 | 320.07 | 87.81 |
| 6 | ആനാട് | 387.14 | 356.6 | 92.11 |
| 7 | നെല്ലനാട് | 328 | 283.02 | 86.29 |
| 8 | വാമനപുരം | 283.14 | 245.45 | 86.69 |
| 9 | പെരിങ്ങമ്മല | 732.26 | 283.02 | 86.29 |

## തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

140(1728) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ നിർവ്വഹണം മുൻവർഷങ്ങളെ അപേക്ഷിച്ച് നേട്ടം കൈവരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ശതമാന കണക്ക് |
|---|---|
| 2013-14 | 77.51 |
| 2014-15 | 68.21 |
| 2015-16 | 73.61 |
| 2016-17 | 67.91 |
| 2017-18 | 85.44 |

**ലൈഫ് മിഷൻ പദ്ധതി**

141(1729) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ലാറ്റുകൾ നിർമ്മിച്ചു കൊടുക്കുന്നത് എവിടെയൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഫ്ലാറ്റ് നിർമ്മാണ കരാർ ആരെയൊക്കെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഫ്ലാറ്റ് നിർമ്മാണത്തിനുള്ള കരാർ നടപടികൾ പൂർത്തിയായിട്ടുള്ളത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളിടത്ത് ഏകവ്യക്തിയോ കമ്പനിയോ മാത്രം ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ അത് എവിടെയാണെന്നും ടെണ്ടറിൽ പങ്കെടുത്ത ഏകവ്യക്തി/ കമ്പനി ആരാണെന്നും വ്യക്തമാക്കാമോ;

(എഫ്) ഒരു കമ്പനി/വ്യക്തി മാത്രം ടെണ്ടറിൽ പങ്കെടുക്കുകയാണെങ്കിൽ വീണ്ടും ടെണ്ടർ വിളിക്കണമെന്ന വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് നിർമ്മാണത്തിന്റെ ടെണ്ടറിൽ പങ്കെടുത്ത ഏക വ്യക്തിക്കോ കമ്പനിക്കോ കരാർ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അത്തരം വ്യക്തികൾ/കമ്പനി ഏതെല്ലാമാണെന്നും ഏത് കരാറാണ് അവർക്ക് നൽകിയതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ ഭവന രഹിതർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഭവനം നൽകാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൂമി സൗജന്യമായി ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ ഭവന സമുച്ചയം ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതാണ്. കൂടാതെ പൈലറ്റായി എല്ലാ ജില്ലയിലും ഒരു ഭവന സമുച്ചയം നടപ്പുവർഷംതന്നെ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇത്തരത്തിൽ പൈലറ്റായി ഭവനസമുച്ചയങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കാസർഗോഡ് | - | ചെമ്മനാട് ഗ്രാമപഞ്ചായത്ത് |
| കണ്ണൂർ | - | കടമ്പൂർ ഗ്രാമപഞ്ചായത്ത് |
| കോഴിക്കോട് | - | മാവൂർ ഗ്രാമപഞ്ചായത്ത് |
| മലപ്പുറം | - | പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി |
| വയനാട് | - | സുൽത്താൻ ബത്തേരി |
| പാലക്കാട് | - | ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി |
| തൃശ്ശൂർ | - | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി |
| എറണാകുളം | - | കൊച്ചി നഗരസഭ-ജി.സി.ഡി.എ.യുടെ ഭൂമിയിൽ |
| ഇടുക്കി | - | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് |
| ആലപ്പുഴ | - | ആലപ്പുഴ മുനിസിപ്പാലിറ്റി |
| കോട്ടയം | - | വിജയപുരം ഗ്രാമപഞ്ചായത്ത് |
| പത്തനംതിട്ട | - | പന്തളം മുനിസിപ്പാലിറ്റി |
| കൊല്ലം | - | പുനലൂർ മുനിസിപ്പാലിറ്റി |
| തിരുവനന്തപുരം | - | തിരുവനന്തപുരം കോർപ്പറേഷൻ |

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കരാർ ആരെയും ഏൽപ്പിച്ചിട്ടില്ല.

(സി) ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി & ഇ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ സാധുവായ ഏക ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്.

(എഫ്) ആദ്യ ടെണ്ടറിൽ ഏക കമ്പനി/വ്യക്തി മാത്രമാണെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുണ്ട്.

(ജി) കരാർ നൽകിയിട്ടില്ല.

**ലൈഫ് പദ്ധതി**

142(1730) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഭവനരഹിതരാണുള്ളത് എന്നും അതിൽ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) സ്വന്തമായി ഭൂമിയില്ലാത്തവർ എത്ര;

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെ 594936 ഭവനരഹിതരാണുള്ളത്. ഇതിൽ 260179 ഭൂമിയുള്ള ഭവനരഹിതരാണ്.

(ബി) സ്വന്തമായി ഭൂമിയില്ലാത്തവർ 334757 പേരാണ്.

(സി) ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ 39398 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്നവയിൽ 16727 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. പുതിയ വീടുകളിൽ നഗരപ്രദേശങ്ങളിൽ 31805 വീടുകൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 3308 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 4075 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

**ലൈഫ് പദ്ധതി**

143(1731) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴക്കര ഗ്രാമപഞ്ചായത്തിലെ 156.8 സെന്റ് സ്ഥലം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ 156.8 സെന്റ് സ്ഥലം ഭവന സമുച്ചയ നിർമ്മാണത്തിന് പരിഗണിച്ചിരുന്നു. എന്നാൽ ലൈഫ് മിഷൻ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി യോഗ തീരുമാനപ്രകാരം ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന് പകരം ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ലഭ്യമായിട്ടുള്ള സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**ലൈഫ് മിഷൻ പദ്ധതി**

144(1732) <u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായവർക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള ലൈഫ് മിഷൻ പദ്ധതിയിൽ ആദ്യവർഷം ലക്ഷ്യമിട്ടിരുന്നതിൽ എത്ര ശതമാനം വീടുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയുടെ നടത്തിപ്പിനായി ഹഡ്കോയിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാവർക്കും എന്നത്തേയ്ക്ക് വീട് നിർമ്മിച്ചു നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടിരുന്നത്. അതിൽ 70% വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഹഡ്കോയിൽനിന്നും 4000 കോടി രൂപ വായ്പ എടുക്കുന്ന നടപടികൾ പുരോഗമിച്ച് വരികയാണ്.

(സി) സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാവർക്കും ലൈഫ് മിഷൻ പദ്ധതിപ്രകാരം 2021-22 വർഷത്തോടെ ഭവനം നിർമ്മിച്ച് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## ലൈഫ് മിഷൻ പദ്ധതി

145(1733) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് അനുവദിച്ച് കിട്ടിയവർക്ക് റേഷൻ കാർഡ് ലഭ്യമല്ലാത്തതിനാൽ എഗ്രിമെന്റ് വച്ച് വീട് നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് അനുവദിച്ചിട്ടും റേഷൻ കാർഡ് ഇല്ലാത്തതിനാൽ വീട് നിർമ്മാണം ആരംഭിക്കാൻ കഴിയാത്തവരുടെ എണ്ണം ലഭ്യമാണോ;

(സി) എങ്കിൽ മാനന്തവാടി മണ്ഡലത്തിലെ ഇത്തരം കേസുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ ഇത്തരം കേസുകളുടെ കൃത്യമായ എണ്ണം ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

## ലൈഫ് മിഷൻ ഭവനപദ്ധതി

146(1734) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി നടപ്പാക്കുന്ന സമ്പൂർണ്ണ ഭവനപദ്ധതിക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏത് സ്ഥാപനത്തിൽ നിന്ന് എത്ര രൂപയാണ് വായ്പ എടുക്കുന്നതെന്നും നിബന്ധനകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ലൈഫ് മിഷന്റെ ഭാഗമായി എത്ര വീടുകൾ പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര വർഷംകൊണ്ടാണ് ലൈഫ് മിഷൻ പൂർത്തീകരിക്കുക എന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തു ലൈഫ് മിഷന്റെ ഭാഗമായി ഇതുവരെ പൂർത്തിയായ വീടുകളും ജോലി പുരോഗമിക്കുന്ന വീടുകളും എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ലൈഫ് മിഷന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതിയിൽ മൊത്തം എത്ര വീടുകളാണുള്ളതെന്നും ഒരു വീടിന് എത്രയാണ് ചെലവെന്നും ഈ തുക എങ്ങനെയാണ് സമാഹരിക്കുക എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഹഡ്കോയിൽ നിന്നും 4000 കോടി രൂപ വായ്പ എടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. നിബന്ധനകളെ സംബന്ധിച്ച് അന്തിമ ധാരണ ആയിട്ടില്ല.

(സി) ലൈഫ് മിഷന്റെ ഭാഗമായി ആദ്യഘട്ടത്തിൽ പൂർത്തീകരിക്കാത്ത 56115 വീടുകൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവന രഹിതർക്ക് ഗ്രാമങ്ങളിൽ 177337 വീടുകളും നഗരങ്ങളിൽ 82487 വീടുകളും നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. ഭൂരഹിതർക്കായി ഈ വർഷം 48 യൂണിറ്റുകളുള്ള 14 ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ലൈഫ് മിഷന്റെ വിവിധ ഘടകങ്ങൾ 2021-22 കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) ലൈഫ് മിഷന്റെ ഭാഗമായി വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെട്ട പണി പൂർത്തീകരിക്കാതിരുന്ന 39616 ഭവനങ്ങൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ വീടുകളിൽ നഗരപ്രദേശങ്ങളിൽ 31484 വീടുകൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 3434 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 4932 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ 16477 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ നടപടികൾ പുരോഗമിക്കുന്നുണ്ട്. പുതിയ വീടുകളിൽ ഗ്രാമപ്രദേശങ്ങളിൽ 2185 വീടുകളും നഗരപ്രദേശങ്ങളിൽ 28063 വീടുകളും വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്. പൂർത്തിയായതും ജോലി പുരോഗമിക്കുന്നതുമായ ഭവനങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എഫ്) സംസ്ഥാനത്ത് ആകെ കണ്ടെത്തിയ ഭവനരഹിതരുടെ എണ്ണം 583576 ആണ്. ഇതിൽ 248819 ഭൂമിയുള്ള ഭവന രഹിതരുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവർ 334757 പേരാണ്. ഭൂമിയുള്ളവർക്ക് വീടൊന്നിന് 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയും ധനസഹായമായി നൽകും. ഭൂരഹിതർക്ക് ഭവന നിർമ്മാണ സമുച്ചയം നിർമ്മിച്ച് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി ഏകദേശം 10,000 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 2500 കോടി രൂപയ്ക്ക് പുറമെ പദ്ധതി പൂർത്തീകരണത്തിനായി ഹഡ്കോയിൽ നിന്ന് 4000 കോടി രൂപ വായ്പ എടുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ മൊത്തം പദ്ധതി വിഹിതത്തിന്റെ 20% വരുന്ന 1080 കോടി രൂപയും ഇതിലേയ്ക്കായി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ലൈഫ് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം**

147(1735) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) ലൈഫ് പദ്ധതി ആരംഭിക്കുന്നതിനുമുൻപ് വിവിധ വകുപ്പുകൾ മുഖേന അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിച്ചിട്ടും അടിസ്ഥാന സൗകര്യം പോലും ഇല്ലാതെ വീട് പൂർത്തീകരിച്ച ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഇവരെക്കൂടി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വന്തമായി ഭൂമിയുള്ളവരും വീടിനായി ഏതെങ്കിലും സർക്കാർ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായി 2016 മാർച്ച് 31-ന് മുമ്പ് തദ്ദേശ ഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിൽ ഏർപ്പെടുകയോ ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്തെങ്കിലും വിവിധ കാരണങ്ങളാൽ 1-11-2017-നകം പൂർത്തീകരിക്കാത്ത ഭവനം ഉള്ളവരെയാണ് ആദ്യഘട്ടത്തിലെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ ഗുണഭോക്താക്കളായി പരിഗണിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുകയാണ് ആദ്യഘട്ടത്തിന്റെ ലക്ഷ്യം. ലൈഫ് പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ലൈഫ് മിഷൻ-വീട് നൽകാൻ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

148(1736) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നൽകാൻ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) കുടുംബ റേഷൻ കാർഡിൽ മാത്രം പേരുള്ള നിരവധി കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാരെ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും പകരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നൽകാൻ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. |
| 2 | സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. |
| 3 | വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. |
| 4 | ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികവർഗ്ഗത്തിന് ബാധകമല്ല.) |
| 5 | ഉപജീവനതൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. |
| 6 | അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്. |

(ബി) ഉണ്ട്. വീടില്ലാത്ത അഗതികൾക്കും വാസയോഗ്യവും സുരക്ഷിതത്വമില്ലാത്തുമായ വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ, എന്നാൽ സ്വന്തമായി റേഷൻകാർഡ് ഇല്ലാത്തവരുമായവർക്ക് വീട് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഒരു വീട്ടിൽ താമസിക്കുന്നവർ എന്നാൽ രണ്ട് കുടുംബങ്ങളായി മാറാൻ സാധ്യതയുള്ളവരെ ഇപ്പോൾ പരിഗണിക്കുന്നില്ല.

**ലൈഫ് മിഷന്റെ പ്രവർത്തന പുരോഗതി**

149(1737) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മറ്റെന്തൊക്കെ ഭവന അനുബന്ധ സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭവന പദ്ധതിയുടെ ഗുണഭോക്താവ് ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പട്ടികയിൽ ഉൾപ്പെടുകയും ആ വ്യക്തിയുടെ ഭൂമി മറ്റൊരു തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ വരികയും ചെയ്താൽ ആ ഗുണഭോക്താവ് ഏത് തദ്ദേശഭരണ സ്ഥാപനത്തിൽപ്പെടുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഭൂമിയില്ലാത്ത പട്ടികയിലുള്ള ഗുണഭോക്താവിന് പിന്നീട് ഭൂമി ലഭ്യമായാൽ അദ്ദേഹത്തെ ഏതു പട്ടികയിൽഉൾപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ മുൻ പദ്ധതികളിൽ പൂർത്തീകരിക്കാൻ കഴിയാത്ത 39616 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ വീടുകളിൽ നഗരപ്രദേശങ്ങളിൽ 31484 വീടുകൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 3434 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 4932 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ 16477 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ

പൂർത്തീകരണ നടപടികൾ പുരോഗമിക്കുന്നുണ്ട്. പുതിയ വീടുകളിൽ ഗ്രാമപ്രദേശങ്ങളിൽ 2185 വീടുകളും നഗരപ്രദേശങ്ങളിൽ 28063 വീടുകളും വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ സൗഭാഗ്യ പദ്ധതി വഴി ലൈഫ് മിഷന്റെ ഭൂമിയുള്ള മുഴുവൻ ഭവനരഹിതർക്കും സൗജന്യ വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായിട്ടില്ല.

(സി) ലൈഫ് ഗുണഭോക്താക്കളിലെ ദുർബല വിഭാഗങ്ങൾക്ക് മഹാത്മാഗാന്ധി NREGS-ൽ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വീട് നിർമ്മിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ സിമന്റ് ബ്ലോക്കുകൾ നിർമ്മിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ യോഗ്യരായ ഗുണഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതിയും ശുചിമുറിയും നൽകുന്നതിന് ലക്ഷ്യമിടുന്നു. ലൈഫ് പദ്ധതി പ്രകാരം ഭവനസമുച്ചയത്തിൽ ഭവനം അനുവദിക്കുന്നവർക്ക് അനുബന്ധ സൗകര്യങ്ങളായി അംഗണവാടി പൊതു സ്ഥലം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

(ഡി) ഭവന പദ്ധതിയുടെ ഗുണഭോക്താവ് ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പട്ടികയിൽ ഉൾപ്പെടുകയും ആ വ്യക്തിയുടെ ഭൂമി മറ്റൊരു തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ വരികയും ചെയ്താൽ പട്ടികയിൽ ഉൾപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ആ ഗുണഭോക്താവ് ഭൂമിയുള്ള തദ്ദേശ ഭരണ സ്ഥാപനത്തിലായിരിക്കും ഉൾപ്പെടുക.

(ഇ) ഭൂമിയില്ലാത്ത പട്ടികയിലുള്ള ഗുണഭോക്താവിന് പിന്നീട് ഭൂമി ലഭ്യമായാൽ ഭൂമിയുള്ള ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്.

**നേമം മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

150(1738) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി നേമം നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത സ്ഥലങ്ങൾ ഏതൊക്കെയെന്നും സ്ഥലങ്ങളുടെ വിസ്തൃതി എത്രയെന്നും കോർപ്പറേഷൻ വാർഡ് തിരിച്ച് അറിയിക്കാമോ ;

(ബി) തെരഞ്ഞെടുക്കപ്പെട്ട ഏതൊക്കെ സ്ഥലങ്ങൾ പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട് ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ & ബി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി നേമം നിയോജകമണ്ഡലത്തിൽ നിന്നും സ്ഥലങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

**ലൈഫ് ഭവന പദ്ധതി**

151(1739) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) ലൈഫ് ഭവനപദ്ധതിയിൽ ഒരു ഗുണഭോക്താവിന് വീട് നിർമ്മിക്കാൻ ആകെ നൽകുന്ന തുക എത്രയാണ്; ഇതിൽ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത്/സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ നാളിതുവരെയായി ലൈഫ് ഭവനപദ്ധതിയിൽ പുതിയ വീട് നിർമ്മിക്കാൻ എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ച് നൽകി; ഇവയുടെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ വിവിധ പദ്ധതികളിൽ ഉൾപ്പെട്ട് പൂർത്തീകരിക്കാതിരുന്ന 39616 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ വീടുകളിൽ നഗരപ്രദേശങ്ങളിൽ 31484 വീടുകൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 3434 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 4932 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ 16477 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ നടപടികൾ പുരോഗമിക്കുന്നുണ്ട്. പുതിയ വീടുകളിൽ ഗ്രാമപ്രദേശങ്ങളിൽ 2185 വീടുകളും നഗരപ്രദേശങ്ങളിൽ 28063 വീടുകളും വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്.

(ബി) ഭൂമിയുള്ളവർക്ക് വീടൊന്നിന് 4 ലക്ഷം രൂപയാണ് ധന സഹായമായി നൽകുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയും ധനസഹായമായി നൽകും. നഗരങ്ങളിൽ PMAY(U)-മായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയിൽ, കേന്ദ്ര സർക്കാർ വിഹിതം 1.5 ലക്ഷം രൂപയും, സംസ്ഥാന സർക്കാർ വിഹിതം 0.5 ലക്ഷം രൂപയും

നഗരസഭകളുടെ വിഹിതം 2 ലക്ഷം രൂപയുമാണ്. ഗ്രാമങ്ങളിൽ PMAY(G)-ന്റെ സാധ്യത പരിശോധിച്ചുവരുന്നതേയുള്ളൂ. ഇതിലേയ്ക്കായി യോഗ്യതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തിവരുന്നു. PMAY(R) ഗുണഭോക്താക്കൾക്ക് കേന്ദ്ര വിഹിതമായി 72,000 രൂപ ലഭിക്കുന്നതാണ്. PMAY(R)-ൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് മുഴുവൻ രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. ഇതിൽ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് എന്നിവയുടെ വിഹിതം ഉണ്ടായിരിക്കും. ഓരോ ഗ്രാമ പഞ്ചായത്തിലുമുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായ രീതിയിലാണ് ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് വിഹിതം ബന്ധപ്പെട്ട പഞ്ചായത്തിന് ലഭ്യമാക്കുക. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായ തുകയാണ് വിഹിതമായി വകയിരുത്തേണ്ടത്. ഭൂരഹിതർക്ക് ഭവന നിർമ്മാണ സമുച്ചയം നിർമ്മിച്ച് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) മലപ്പുറം ജില്ലയിൽ ഗ്രാമപ്രദേശങ്ങളിൽ കരാറിൽ ഏർപ്പെട്ട 380 ഗുണഭോക്താക്കൾക്ക് ആദ്യഗഡു അനുവദിച്ച് നൽകിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ 3959 പേർക്കും ആദ്യഗഡു നല്കിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് വിവരം അനുബന്ധം ആയി ചേർക്കുന്നു.*

**ലൈഫ് പദ്ധതി**

152(1740) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതി പ്രഖ്യാപിച്ച രണ്ടു വർഷം കഴിഞ്ഞപ്പോൾ പദ്ധതിപ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചു; എത്ര ഗുണഭോക്താക്കൾക്ക് ആദ്യ ഘട്ടത്തിൽ വീട് വിതരണം ചെയ്തു എന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ലൈഫ് പദ്ധതിയിൽ ഓരോ ജില്ലയിലും കളക്ടർമാർ മുഖേന എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം തീർപ്പാക്കി; തീർപ്പാക്കിയത് സംബന്ധിച്ചും, തീർപ്പാക്കാത്തതിന്റെ കാരണം കാണിച്ചും അപേക്ഷകർക്ക് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഭൂരഹിതരായവർക്കു വേണ്ടിയുള്ള പദ്ധതിയിലേയ്ക്ക് എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനും വീട് നിർമ്മിക്കുന്നതിനും വേണ്ടി നിലവിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) ലൈഫ് പദ്ധതിയുടെ അന്തിമ ഗുണഭോക്തൃപട്ടിക തയ്യാറാക്കിയിട്ടുണ്ടോ; പട്ടിക പ്രകാരമുള്ള ഭൂരഹിത/ഭവനരഹിതരുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) നടപ്പുസാമ്പത്തിക വർഷം പുതുതായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ 39616 പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ വീടുകളിൽ നഗരപ്രദേശങ്ങളിൽ 31484 വീടുകൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 3434 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 4932 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ 16477 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ നടപടികൾ പുരോഗമിക്കുന്നുണ്ട്. പുതിയ വീടുകളിൽ ഗ്രാമപ്രദേശങ്ങളിൽ 2185 വീടുകളും നഗരപ്രദേശങ്ങളിൽ 28063 വീടുകളും വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം1 (a)(b)(c)ആയി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ആകെ 334757 ഭൂരഹിത ഭവന രഹിതർക്കായി ഏകദേശം 3347 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

(ഡി) ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളോടും ജില്ലാ കളക്ടർമാരോടും ഭവന നിർമ്മാണത്തിന് യോഗ്യമായ, കൈവശമുള്ള വസ്തുവിന്റെ വിവരം ആവശ്യപ്പെട്ടിരുന്നു. ആയതിൻ പ്രകാരം 479 ഏക്കർ ഭൂമിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അനുയോജ്യത പരിശോധിച്ചുവരികയാണ്. പ്രാദേശികമായി സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ലൈഫ് ഗുണഭോക്തൃ പട്ടിക തയ്യാറായിട്ടുണ്ട്. ഭൂരഹിത, ഭവന രഹിതരുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു. *

(എഫ്) ലൈഫിന്റെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുണ്ട്. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം അപേക്ഷകൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലൈഫ് പദ്ധതി പ്രകാരമുള്ള ഭവന സമുച്ചയങ്ങൾ

153(1741) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കുമോ;

(ബി) ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള തുടർഘട്ടങ്ങൾ സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിച്ചാണോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ചാണോ എന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കൊല്ലം കോർപ്പറേഷനിൽ പള്ളിത്തോട്ടം ഡിവിഷനിലെ ക്യൂ.എസ്.എസ് കോളനിയിലെ വാസയോഗ്യമല്ലാത്തതും അപകടകരവുമായ വീടുകളിൽ താമസിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള നിർദ്ദേശം ലൈഫ് പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആദ്യഘട്ടമായി 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയം വീതമാണ് നിർമ്മിക്കാനുദ്ദേശിച്ചിരുന്നത്. ഇതിൽ കാസർഗോഡ്, കൊല്ലം, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## വയനാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതി

154(1742) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റേഷൻ കാർഡില്ലാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അഗതികൾ, ആദിവാസികൾ എന്നീ വിഭാഗങ്ങളിലെ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ നാളിതുവരെ പൂർത്തീകരിക്കാതിരുന്ന 5430 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 3652 വീടുകൾ വിവിധ നിർമ്മാണ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ലൈഫ് രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് നഗര പ്രദേശങ്ങളിൽ 871 വീടുകൾ ആരംഭിക്കുകയും 193 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 124 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) റേഷൻ കാർഡില്ലാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അഗതികളേയും പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുടുംബങ്ങളേയും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോതമംഗലം മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വീടുകൾ**

155(1743) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നിന്നും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള, നിർമ്മാണം പൂർത്തീകരിക്കാത്ത എത്ര വീടുകളാണുള്ളതെന്നും ഇതിൽ ലൈഫ് മിഷന്റെ ഭാഗമായി എത്ര വീടുകൾ പൂർത്തീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) ഭൂമിയുള്ള ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് വേണ്ടിയുള്ള ധനസഹായം വിതരണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമിയുള്ള ഭവനരഹിതരുടെ എത്ര അപേക്ഷകൾ കോതമംഗലം മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കോതമംഗലം മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതർ എത്രയുണ്ടെന്നും അവർക്ക് എത്ര മാത്രം ഭൂമി കണ്ടെത്തേണ്ടി വരുമെന്നും വ്യക്തമാക്കുമോ;

(ഇ) ഭൂരഹിത ഭവനരഹിതർക്കായി കോതമംഗലം മണ്ഡലത്തിൽ എവിടെയെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിൽ നിന്നും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട, നിർമ്മാണം പൂർത്തീകരിക്കാനുണ്ടായിരുന്ന 237 വീടുകളിൽ, 208 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഭൂമിയുള്ള ഭവന രഹിതർക്ക് വീട് വെയ്ക്കുന്നതിനുള്ള ധനസഹായ വിതരണം ആരംഭിച്ചിട്ടുണ്ട്.

(സി) അപേക്ഷ ക്ഷണിച്ചിരുന്നില്ല. ഭവനങ്ങൾ സന്ദർശിച്ചുള്ള വിവരശേഖരണമാണ് നടത്തിയത്. കോതമംഗലം നിയമസഭ മണ്ഡലത്തിൽ നിന്നും ഭൂമിയുള്ള ഭവന രഹിതരായ 1636 പേർ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) കോതമംഗലം നിയമസഭ മണ്ഡലത്തിൽനിന്നും ഭൂമിയില്ലാത്ത ഭവന രഹിതരായ 2292 പേർ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർക്കായി 23 ഏക്കർ ഭൂമിയാണ് ആവശ്യമായുള്ളത്.

(ഇ) ഭൂരഹിത ഭവനരഹിതർക്കായി കോതമംഗലം നിയമസഭാ മണ്ഡലത്തിൽ സ്ഥലം കണ്ടെത്തിയിട്ടില്ല.

**നാദാപുരം മണ്ഡലത്തിലെ ലൈഫ് മിഷൻ പാർപ്പിട പദ്ധതി**

156(1744) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ എടച്ചേരി, തൂണേരി, വളയം, നാദാപുരം, നരിപ്പറ്റ, ചെക്കിയാട്, വാണിമേൽ, കാവിലുംപാറ, മരുതോങ്കര, കായക്കൊടി തുടങ്ങിയ ഗ്രാമ പഞ്ചായത്തുകളിലെ ലൈഫ് മിഷൻ പാർപ്പിട പദ്ധതിയുടെ മുൻഗണന ലിസ്റ്റ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

നാദാപുരം മണ്ഡലത്തിലെ എടച്ചേരി, തൂണേരി, വളയം, നാദാപുരം, നരിപ്പറ്റ, ചെക്കിയാട്, വാണിമേൽ, കാവിലുംപാറ, മരുതോങ്കര, കായക്കൊടി തുടങ്ങിയ ഗ്രാമ പഞ്ചായത്തുകളിലെ ലൈഫ് മിഷൻ പാർപ്പിട പദ്ധതിയുടെ മുൻഗണന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാറശ്ശാല മണ്ഡലത്തിലെ ലൈഫ് മിഷൻ ഗുണഭോക്താക്കൾ

157(1745) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത മേഖലയിൽ ഫ്ലാറ്റ് നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 9 ഗ്രാമപഞ്ചായത്തുകളിൽ അമ്പൂരി, കള്ളിക്കാട്, കുന്നത്തുകാൽ, പെരുങ്കടവിള എന്നീ ഗ്രാമപഞ്ചായത്തുകൾ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം -1* ആയി ചേർക്കുന്നു.

(ബി) അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമായ 100 സെന്റ് ഭൂമിയുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്റെ feasibility പരിശോധിച്ചുവരുന്നു.

## കാട്ടാക്കട കുരുതംകോട് ലൈഫ് ഭവന പദ്ധതി

158(1746) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട പഞ്ചായത്തിലെ കുരുതംകോട് ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായുള്ള സമുച്ചയം നിർമ്മിക്കുന്നതിന്റെ തൽസ്ഥിതി വിശദമാക്കാമോ; ആയതിന്റെ തുടർനടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാട്ടാക്കടയിൽ നിർമ്മിക്കാനുദ്ദേശിച്ചിരുന്ന ഭവന സമുച്ചയം 26-4-2018-ലെ ലൈഫ് മിഷന്റെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലേക്ക് മാറ്റിയിട്ടുണ്ട്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി

159(1747) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ എന്നിവരുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഭൂരഹിതരായ ഭവനരഹിതർക്ക് വിതരണം ചെയ്യാനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇപ്രകാരം കണ്ടെത്തിയിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഭൂരഹിതരായ ഭവനരഹിതർക്ക് എന്നത്തേയ്ക്ക് ഭൂമി നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭവനരഹിതരുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇല്ല. ഭൂരഹിതരായ ഭവനരഹിതർക്ക് വിതരണം ചെയ്യാനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടില്ല.

(സി) ഉത്തരം 'ബി'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) ഭൂരഹിതരായ ഭവന രഹിതർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന സമുച്ചയം നിർമ്മിച്ച് ഭവനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

## മാവേലിക്കര നിയമസഭാമണ്ഡലത്തിൽ ലൈഫ് പദ്ധതി

160(1748) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ നിന്നും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റേഷൻകാർഡ് ലഭിക്കാനുള്ളതുമൂലം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാൻ കഴിയാതെപോയവരുടെ പരാതികൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഭൂരഹിത ഭവനരഹിതർ | ഭവനരഹിതർ |
|---|---|---|
| ചുനക്കര | 101 | 89 |
| മാവേലിക്കര തെക്കേക്കര | 238 | 120 |
| മാവേലിക്കര താമരക്കുളം | 167 | 198 |
| നൂറനാട് | 72 | 104 |
| പാലമേൽ | 218 | 312 |
| തഴക്കര | 257 | 128 |
| വള്ളിക്കുന്നം | 98 | 113 |

(ബി) റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ ഒഴിവായിപ്പോയിട്ടുള്ള അഗതികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ നിന്നും അർഹതയുള്ള ഒരു ഗുണഭോക്താവിനെയും ഒഴിവാക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് റേഷൻ കാർഡ് നിർബന്ധമാക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഊരുകൂട്ടം അംഗീകരിച്ച ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാരെയും ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

161(1749) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ തുടങ്ങുവാൻ തിരുവനന്തപുരം കോർപ്പറേഷൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ ഒരുക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആദ്യഘട്ട ബസ് ഷെൽട്ടർ പ്രോജക്ടിന്റെ ഡി.പി.ആർ. പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) വൈഫൈ, സി.സി.ടി.വി. ഇൻഫർമേഷൻ ഡിസ്പ്ലേ, എൻവയോൺമെന്റൽ സെൻസർ എന്നീ സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഡി.പി.ആർ. വെറ്റിംഗിന് കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ ഒഴിവുകൾ**

162(1750) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ)

| തസ്തിക | തസ്തികകളുടെ അനുവദനീയമായ എണ്ണം |
|---|---|
| സെക്രട്ടറി (അന്യത്രസേവനം) | 1 |
| ഫിനാൻസ് ഓഫീസർ (അന്യത്രസേവനം) | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർസൂപ്രണ്ട് | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (അന്യത്രസേവനം) | 1 |
| ഹെഡ് ക്ലർക്ക് | 1 |
| സീനിയർ ക്ലർക്ക് | 7 |
| ക്ലർക്ക് | 8 (പുനർവിന്യാസം -5, വർക്കിംഗ് അറേഞ്ചുമെന്റ്-3) |
| ടൈപ്പിസ്റ്റ് | 2 |
| ഓഫീസ് അറ്റൻഡന്റ് | 3 (1 പുനർവിന്യാസം) |
| ഡ്രൈവർ | 3 |
| പി.ടി.എസ്. | 1 |

(ബി)

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ നിലവിലുള്ള ഒരു ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| ക്ലർക്ക് (പുനർവിന്യാസം) | 4 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

**കുടുംബശ്രീയെ ശാക്തീകരിക്കുന്നതിനുള്ള നൂതന പദ്ധതികൾ**

163(1751) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20 വർഷം പൂർത്തിയാക്കിയ കുടുംബശ്രീയെ ശാക്തീകരിക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) കുടുംബശ്രീയിൽ ഒരുവീട്ടിൽ നിന്നും പുതുതായി വിദ്യാസമ്പന്നയായ മറ്റൊരാൾക്ക് കൂടി അംഗത്വം നൽകുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) പുതുതലമുറയെ കൂടി കുടുംബശ്രീയിൽ കൊണ്ടുവരുന്നതോടുകൂടി പരമ്പരാഗത സംരംഭങ്ങളിൽ നിന്ന് മാറി നൂതന സംരംഭങ്ങൾ ആരംഭിക്കുവാൻ കുടുംബശ്രീക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ, വിശദീകരിക്കുമോ;

(ഡി) ഓൺലൈൻ മേഖലയിൽ കുടുംബശ്രീ ആരംഭിച്ച പോർട്ടൽ വിജയപ്രദമാണോ;ഏതൊക്കെ സാധനങ്ങളാണ് പ്രസ്തുത പോർട്ടലിൽ കൂടി വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) 20 വർഷം പൂർത്തിയാക്കിയ കുടുംബശ്രീയുടെ സംഘടനാ സംവിധാന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 2018-19-ൽ താഴെപ്പറയുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്:

കുടുംബശ്രീ അയൽക്കൂട്ടതല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി 'ഇയർ ഓഫ് എൻ.എച്ച്.ജി.' എന്ന പേരിൽ സംസ്ഥാനതല ക്യാമ്പെയിൻ 2018-19-ൽ സംഘടിപ്പിക്കുന്നതാണ്.

കുടുംബശ്രീ ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടന്ന് പ്രവർത്തനങ്ങൾ പുനർനിർണ്ണയം നടത്തുന്നതിനായി കുടുംബശ്രീ സംഘടനാ സംവിധാനത്തെക്കുറിച്ചും വിവിധ പദ്ധതികളെക്കുറിച്ചുമുള്ള അറിവ് അയൽക്കൂട്ടങ്ങൾക്ക് നൽകുന്നതിനായി 'കുടുംബശ്രീ സ്കൂൾ' രണ്ടാം ഘട്ടം പരിശീലന പരിപാടി 2018-19 സാമ്പത്തിക വർഷവും നടപ്പിലാക്കും. കൂടാതെ കുടുംബശ്രീ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം, കൂടുതൽ പ്രത്യേക അയൽക്കൂട്ടങ്ങളുടെ രൂപീകരണം, തീരദേശ മേഖലയിലെ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1000 തീരദേശ അയൽക്കൂട്ടങ്ങൾക്ക് 15,000 രൂപ വീതം റിവോൾവിംഗ് ഫണ്ട് തുടങ്ങിയ നൂതന പദ്ധതികൾ 2018-19 സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതാണ്.

(ബി) ഒരു വീട്ടിൽ നിന്നും പുതുതായി മറ്റൊരു അംഗത്തിനുകൂടി അംഗത്വം നൽകുന്ന വിഷയം ഗൗരവമായി പരിശോധിച്ചുവരുന്നു.

(സി) പുതുതലമുറയെക്കൂടി കുടുംബശ്രീയിൽ കൊണ്ടുവരുന്നതോടുകൂടി പരമ്പരാഗത സംരംഭങ്ങളിൽ നിന്ന് മാറി നൂതന സംരംഭങ്ങൾ ആരംഭിക്കുവാൻ കുടുംബശ്രീക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുത്തൻ തലമുറയെ സംരംഭ മേഖലയിൽ കൊണ്ടുവന്ന് നൂതന ആശയങ്ങളുള്ള സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കും. ട്യൂട്ടോറിയലുകൾ, കോച്ചിംഗ് സെന്ററുകൾ, ബേക്കറികൾ, കൂൾബാർ, ഹെൽത്ത് കെയർ, ഫിറ്റ്നസ് സെന്റർ, ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനായി എയോറോബിക്സ് സെന്ററുകൾ, ഡാൻസ്, സംഗീതം തുടങ്ങിയ പരിശീലന കേന്ദ്രങ്ങൾ, അപ്പാരൽ ഡിസൈൻ-കം-ടെയ്‌ലറിംഗ് സെന്റേഴ്സ്, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ബ്യൂട്ടി സലൂൺ തുടങ്ങിയ നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) ഓൺലൈൻ മേഖലയിൽ കുടുംബശ്രീ ആരംഭിച്ച പോർട്ടൽ വിജയപ്രദമാണ്. നിത്യോപയോഗ സാധനങ്ങളായ ടോയിലറ്ററീസ്, സോപ്പ്, അച്ചാറുകൾ, കറിപൗഡറുകൾ, അരിപ്പൊടികൾ, കുടകൾ, കരകൗശല വസ്തുക്കൾ, തുണിത്തരങ്ങൾ, ആഭരണങ്ങൾ, സ്ക്വാഷുകൾ, സൗന്ദര്യവർദ്ധന വസ്തുക്കൾ, ഇരുമ്പ് സാധനങ്ങൾ, ബാഗുകൾ തുടങ്ങിയവയാണ് പ്രസ്തുത പോർട്ടലിൽ വിപണനത്തിനായി ഒരുക്കിയിട്ടുള്ളത്.

## കുടുംബശ്രീയുടെ പ്രവർത്തനം

164(1752) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ പുരസ്കാരം ലഭിച്ച കുടുംബശ്രീയുടെ പ്രവർത്തനം കൂടുതൽ മാതൃകാപരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

20 വർഷം പൂർത്തിയാക്കിയ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. 2018-19 അയൽക്കൂട്ട വർഷം -മൈക്രോ ഫിനാൻസ് സമ്മിറ്റ്
2. ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ
3. അഞ്ഞൂറ് ചകിരി മില്ലുകൾ
4. സൂക്ഷ്മ സംരംഭ പാർക്കുകൾ
5. സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രെനർഷിപ് പദ്ധതി
6. നാനോ മാർക്കറ്റുകൾ
7. വിപണനത്തിന് ഓൺലൈൻ പോർട്ടൽ
8. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്
9. കെ.എസ്.എഫ്.ഇ. യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി
10. ജില്ലാ വനിതാ ലീഗൽ ക്ലിനിക്കുകൾ
11. ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ
12. അഗ്രോ സർവ്വീസ് ടീമുകൾ
13. കിണർ റീ-ചാർജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും
14. ആലപ്പുഴ മാതൃകയിൽ പട്ടികവർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റ് ജില്ലകളിലേയ്ക്കും
15. ഇരുന്നൂറ് പുതിയ ബഡ്സ് സ്കൂളുകൾ
16. ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ
17. അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി -പ്രത്യാശ
18. റിക്കവറി നേരിടുന്ന സംരംഭങ്ങൾക്ക് കടാശ്വാസം
19. കുടുംബശ്രീ അനുഭവത്തെക്കുറിച്ച് 20 ഓർമ്മ പുസ്തകങ്ങൾ
20. 14 മാതൃക സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ
21. കുടുംബശ്രീ അയൽക്കൂട്ടതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള 'ഇയർ ഓഫ് എൻ.എച്ച് ജി.' ക്യാമ്പെയിൻ
22. കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ടം
23. കുടുംബശ്രീ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം.
24. തീരദേശ മേഖലയെ ശക്തിപ്പെടുത്തൽ

## ഭവനശ്രീ വായ്പയുടെ തിരിച്ചടവ്

165(1753) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ബാങ്കുകൾ മുഖേന നൽകിയ ഭവനശ്രീ വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ് 111/2017/dated 12-6-2017 ഉത്തരവ് ഇറക്കി എങ്കിലും നാളിതുവരെയായി ബാങ്കുകളിലേയ്ക്ക് ഫണ്ട് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫണ്ട് ലഭ്യമാക്കുവാൻ കാലതാമസം ഉണ്ടായതിന്റെ വസ്തുത വിശദമാക്കുമോ; ബാങ്കുകൾക്ക് എന്ന് ഫണ്ട് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ബാങ്കുകളിലേയ്ക്ക് ഫണ്ട് ലഭിക്കാത്തതിനെ തുടർന്ന് ഗുണഭോക്താക്കൾ ജപ്തി നടപടികൾ നേരിടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബാങ്കുകൾക്ക് ഫണ്ട് ലഭ്യമാക്കി ഗുണഭോക്താക്കളെ ജപ്തി നടപടികളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 12-6-2017-ന് ഭവനശ്രീ വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുത്തുകൊണ്ട് ഉത്തരവിറക്കിയെങ്കിലും ഫണ്ട് അനുവദിക്കുന്നതിന് നേരിട്ട ഭരണപരമായ താമസംമൂലമാണ് ബാങ്കുകൾക്ക് യഥാസമയം ഫണ്ട് കൈമാറാൻ കഴിയാതെപോയത്. എന്നാൽ 23-3-2018-ന് ടി തുക ബാങ്കുകൾക്ക് ലഭ്യമായിട്ടുണ്ട്. മാത്രമല്ല എല്ലാ ബാങ്കുകൾക്കും ടി തുക ലഭിച്ചതായി ഉറപ്പുവരുത്തിയിട്ടുമുണ്ട്.

(സി) ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്ത് ഉത്തരവ് ആയപ്പോൾതന്നെ ബാങ്കുകളുമായി ബന്ധപ്പെട്ട ജപ്തി ഒഴിവാക്കാൻ വേണ്ട നടപടികൾ കുടുംബശ്രീ മിഷൻ സ്വീകരിച്ചിരുന്നു.

(ഡി) ഗുണഭോക്താക്കളെ ജപ്തി നടപടികളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

## കുടുംബശ്രീ യൂണിറ്റുകൾ

166(1754) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കുടുംബശ്രീ യൂണിറ്റുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ലകൾ തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) കുടുംബശ്രീ മിഷന്റെ ഇപ്പോഴത്തെ ആസ്തി എത്രയാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീയുടെ കീഴിൽ 17,032 സൂക്ഷ്മ സംരംഭ യൂണിറ്റുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെചേർക്കുന്നു:

| ക്രമ നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1325 |
| 2 | കൊല്ലം | 851 |
| 3 | പത്തനംതിട്ട | 771 |
| 4 | ആലപ്പുഴ | 1341 |
| 5 | കോട്ടയം | 852 |
| 6 | ഇടുക്കി | 911 |
| 7 | എറണാകുളം | 4176 |
| 8 | തൃശ്ശൂർ | 914 |
| 9 | പാലക്കാട് | 1400 |
| 10 | മലപ്പുറം | 1521 |
| 11 | കോഴിക്കോട് | 1129 |
| 12 | വയനാട് | 390 |
| 13 | കണ്ണൂർ | 826 |
| 14 | കാസർഗോഡ് | 625 |

(ബി) കുടുംബശ്രീയുടെ ബാലൻസ് ഷീറ്റിൽ ആസ്തിയില്ല.

**കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന ശൃംഖല വിപുലപ്പെടുത്തുവാൻ പദ്ധതി**

167(1755) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന ശൃംഖല വിപുലപ്പെടുത്തുവാൻ നൂതന വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) ഏതൊക്കെ ഉല്പന്നങ്ങളാണ് ഓൺലൈൻ വഴി ലഭ്യമാക്കുകയെന്നും, അതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) കുടുംബശ്രീ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡ് ആയി വിപണനം ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം ലക്ഷ്യമാക്കി 21-2-2018-ൽ www.kudumbashreebazaar.com എന്ന പേരിൽ ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ എവിടെയും തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഈ വിധം ലഭ്യമാകുന്നതാണ്.

(സി) തെരഞ്ഞെടുക്കപ്പെട്ടതും ഏറ്റവും ഗുണമേന്മയുള്ളതുമായ 110 സംരംഭകരുടെ 452 ഉൽപ്പന്നങ്ങളാണ് പോർട്ടലിൽ വിപണനത്തിനായി ഒരുക്കിയിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങൾ, കാലാവധി അധികമുള്ള ഉൽപ്പന്നങ്ങൾ എന്നിവയാണ് ഈ പോർട്ടലിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. ഭക്ഷ്യോത്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, ബാഗുകൾ, കുട, ചെരുപ്പ്, ആഭരണങ്ങൾ, സോപ്പ്, ടോയിലറ്ററീസ്, അലങ്കാര വസ്തുക്കൾ മുതലായവയാണ് വിപണനം ചെയ്യുന്ന വസ്തുക്കൾ. വിവിധ മേളകളിൽ കൂടുതൽ വിൽപ്പനയുള്ള ഉൽപ്പന്നങ്ങളും അന്യസംസ്ഥാന മലയാളികൾക്ക് താൽപ്പര്യമുള്ള ഉൽപ്പന്നങ്ങളുമാണ് പോർട്ടലിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് പ്രത്യേകമായി ഒരു പഠനം നടത്തിയിട്ടില്ല.

(ഡി) കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാന്റായി വിപണനം ചെയ്യുന്നത് സംബന്ധിച്ച് പ്രാരംഭ ഘട്ട ചർച്ചകൾ നടന്നുവരുന്നു.

**കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ അർബൻ സർവ്വീസ് ടീം**

168(1756) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവാസികളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ഉറപ്പാക്കുന്നതിനായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ അർബൻ സർവ്വീസ് ടീം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ജോലികൾക്കാണ് ഇവരുടെ സേവനം ലഭ്യമാകുന്നത്;

(സി) എല്ലാ നഗരങ്ങളിലും ഇത്തരം ടീം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ തിരുവനന്തപുരം, വടക്കൻ പറവൂർ നഗരസഭകളിൽ അർബൻ സർവ്വീസ് ടീം രൂപീകരിച്ചിട്ടുണ്ട്.

(ബി) എ.സി. റിപ്പയറിംഗ്, തടിപ്പണി, ക്ലീനിംഗ്, ഡ്രൈവർ, ഡി.റ്റി.പി., ഇലക്ട്രീഷ്യൻ, ഗാർഡനിംഗ്, ഹൗസ് കീപ്പിംഗ്, മേസൺ, നഴ്സിംഗ്, ഓഫീസ് അസിസ്റ്റന്റ്, പാക്കിംഗ്, പ്ലംബിംഗ്, പെട്രോൾ പമ്പ് (എച്ച്.ആർ. സപ്ലൈ) വെൽഡർ എന്നീ ജോലികൾക്ക് ഇവരുടെ സേവനം ലഭ്യമാണ്.

(സി) സാധ്യതയുള്ള എല്ലാ നഗരങ്ങളിലും അർബർ സർവ്വീസ് ടീം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ**

169(1757) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം 1000 ഇറച്ചിക്കോഴികളെ വളർത്താൻ കഴിയുന്ന 1000 യൂണിറ്റുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) കുടുംബശ്രീയും മൃഗസംരക്ഷണ വകുപ്പും കെപ്കോയും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്ന കോഴിയിറച്ചി ലഭ്യമാക്കുന്നതിനോടൊപ്പം കുടുംബശ്രീ അംഗങ്ങൾക്ക് അധിക വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ 1000 ഇറച്ചിക്കോഴികളെ വളർത്താനുള്ള ഭൗതിക സാഹചര്യമുള്ളവർക്ക് ഒരു ലക്ഷം രൂപ 4% പലിശയോടെ വായ്പാ ധനസഹായമായും പുതുതായി ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നവർക്ക് 50,000 രൂപ സബ്സിഡിയും കുടുംബശ്രീ നൽകിവരുന്നു.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

170(1758) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്കുള്ള അപേക്ഷകൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ പരിശോധിച്ച് പാസ്സാക്കിയാലും സോഫ്റ്റ്‌വെയർ എൻട്രി നടത്താൻ കഴിയാത്തതിനാൽ ഗുണഭോക്താക്കൾക്ക് പെൻഷന് അർഹത ലഭിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാങ്കേതിക തടസ്സം പരിഹരിക്കുന്നതിനും സാമൂഹ്യസുരക്ഷാ പെൻഷന് അർഹരായവർക്ക് പെൻഷൻ സമയബന്ധിതമായി ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ കാലാനുസൃതമാക്കി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായിട്ടാണ് പുതിയ പെൻഷൻ അപേക്ഷകരുടെ സോഫ്റ്റ്‌വെയർ എൻട്രി താൽക്കാലികമായി തടഞ്ഞിട്ടുള്ളത്. നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവര പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ രേഖപ്പെടുത്തി അയച്ചാലുടൻ പെൻഷൻ ലഭിച്ചുതുടങ്ങുന്നതാണ്. നിലവിലുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളുടെ ശേഖരണം സമയബന്ധിതമായി നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ക്ഷേമപെൻഷനുകൾ വാങ്ങുന്ന സ്ത്രീകളുടെ വിവരം

171(1759) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, അവിവാഹിത പെൻഷൻ, കാർഷിക പെൻഷൻ, മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ എന്നീ ക്ഷേമപെൻഷനുകൾ വാങ്ങുന്ന സ്ത്രീകളുടെ വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

വിശദവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തെരുവ് നായ ശല്യം

172(1760) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ ശല്യം ഒരു സാമൂഹ്യ വിപത്തായി മാറുമ്പോൾ ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെടുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച എ. ബി. സി. മൊബൈൽ യൂണിറ്റുകൾ വിജയപ്രദമാണോ; ഇതിനകം എത്ര സ്ഥലങ്ങളിൽ പ്രസ്തുത യൂണിറ്റ് ആരംഭിച്ചുവെന്ന് അറിയിക്കുമോ;

(സി) തെരുവ് നായ നിയന്ത്രണ പദ്ധതി ഊർജ്ജിതപ്പെടുത്തി ജനങ്ങളുടെ ജീവന് സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തെരുവ് നായ്ക്കളുടെ ശല്യം തടയുന്നതിനും തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനും, പുനരധിവാസത്തിനുമായി ജില്ലാ പഞ്ചായത്ത്, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വളർത്തുമൃഗങ്ങൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കിയിട്ടുണ്ട്. 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ മാത്രമേ കൊല്ലാൻ അനുവാദമുള്ളൂ. എ.ബി.സി. റൂൾസിലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെയും കൊല്ലാൻ അനുവാദമുണ്ട്. ഇപ്രകാരമുള്ളതല്ലാതെ മറ്റ് തെരുവ് നായ്ക്കളെ കൊല്ലാനോ നിർമ്മാർജ്ജനം ചെയ്യാനോ കഴിയില്ല.

(ബി) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ്, പുല്ലൻപാറ, കുന്നത്തുകാൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീയുടെ കീഴിൽ എ.ബി.സി. മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) തെരുവ് നായ നിയന്ത്രണ പദ്ധതികൾ ഊർജ്ജിത നിലയിലാണ് നടപ്പിലാക്കി വരുന്നത്.

## തെരുവ് നായ്ക്കളുടെ ശല്യത്തിനെതിരെ നടപടി

173(1761) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമായിട്ടും അതിനെതിരെ നടപടി സ്വീകരിക്കുന്നതിൽ തിരുവനന്തപുരം കോർപ്പറേഷൻ പരാജയപ്പെട്ടതായി ആക്ഷേപമുയർന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) എ.ബി.സി. പദ്ധതിക്കായി 2017-18 വർഷം എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര തുക 2018 മാർച്ച് 31 വരെ ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) ഈയിനത്തിൽ അനുവദിച്ച ഫണ്ട് വകമാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) തിരുവനന്തപുരം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പേട്ട മൃഗാശുപത്രിയിൽ 2017 ജൂണിനുശേഷം എ. ബി. സി. പ്രോഗ്രാം പ്രകാരം എത്ര ശസ്ത്രക്രിയകൾ നടത്തി;

(ഇ) നായ്ക്കളുടെ വന്ധ്യംകരണത്തിനായി നടപ്പിലാക്കിയ മൊബൈൽ യൂണിറ്റ് പദ്ധതി നിലവിലുണ്ടോ;

(എഫ്) തലസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം അതിരൂക്ഷമായ സാഹചര്യത്തിൽ എ.ബി.സി. പ്രോഗ്രാം കാര്യക്ഷമമായി നടത്തുന്നതിന് അടിയന്തര സംവിധാനം ഒരുക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതിൽ തിരുവനന്തപുരം കോർപ്പറേഷന് വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എ.ബി.സി. പദ്ധതിക്കായി 2017-18 വർഷത്തേയ്ക്ക് 2 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2017 നവംബറിനുശേഷം മൃഗാശുപത്രി നവീകരണത്തിനായി സർജറി യൂണിറ്റ് പൊളിച്ച് മാറ്റുന്നതിനാൽ ഫണ്ട് പാഴായി പോയേയ്ക്കാവുന്ന ഘട്ടം വന്നപ്പോൾ കൗൺസിൽ തീരുമാനപ്രകാരം PMAY, life എന്നീ പദ്ധതികൾക്ക് വിനിയോഗിച്ചിട്ടുണ്ട്.

(ഡി) 520 ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്.

(ഇ) മൊബൈൽ യൂണിറ്റ് പദ്ധതി നിലവിലില്ല.

(എഫ്) തിരുവല്ലം മൃഗാശുപത്രിയിൽ അടിയന്തര സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

**ഉറവിട മാലിന്യ സംസ്കരണം**

174(1762) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പണിയുന്ന ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണം നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നഗരങ്ങളിൽ മഴവെള്ള സംഭരണികളും ഉറവിടമാലിന്യ സംസ്കരണ സംവിധാനവും ഏർപ്പെടുത്താൻ ശക്തമായ നിർദ്ദേശങ്ങൾ നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 15-2-2016-ലെ 82200/ഡി.സി.1/2014/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുനിസിപ്പൽ കോർപ്പറേഷനുകളും ഭരണ പ്രദേശത്തെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും അഴുകുന്ന മാലിന്യങ്ങൾ സ്വന്തം നിലയിൽ ഉറവിടത്തിൽതന്നെ കമ്പോസ്റ്റിംഗ്/ബയോമെതനേഷൻ ചെയ്യുമെന്ന് ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അതുപോലെ 22-7-2017-ലെ സ.ഉ(സാധാ)നമ്പർ 2511/2017/തസ്വഭവ പ്രകാരം സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ട പ്രകാരം മഴവെള്ള സംഭരണി സ്ഥാപിക്കുന്നത് സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുണ്ട്.

**മാലിന്യ സംസ്കരണം**

175(1763) ശ്രീ. കെ. മുരളീധരൻ :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണ കാര്യത്തിൽ ജനങ്ങൾ കാണിക്കുന്ന വിമുഖതയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമല്ലാത്ത പ്രവൃത്തിയുംമൂലം സംസ്ഥാനത്തെ നഗരങ്ങൾ മാലിന്യക്കുമ്പാരങ്ങൾ ആകുന്നതും അതുമൂലം പകർച്ചവ്യാധികൾ പിടിപെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാലിന്യ സംസ്കരണ രംഗത്ത് ശുചിത്വ മിഷന്റെ ഇടപെടൽ എന്തൊക്കെയാണ്; ഇത് വിജയപ്രദമാണോ; വിശദമാക്കുമോ;

(സി) അജൈവ മാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ഈ മാലിന്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നേരിട്ടോ ഏജൻസികൾ വഴിയോ ഉറവിടത്തിൽ തന്നെ വേർതിരിച്ച് കൈമാറുന്ന സംവിധാനം വിജയപ്രദമാണോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പടർന്നുപിടിക്കുന്ന വൈറൽ പകർച്ചവ്യാധികൾ ഉടലെടുക്കുന്നത് മാലിന്യ കൂമ്പാരങ്ങളിൽനിന്നും മാത്രമാണെന്ന് പറയാനാവില്ല. എന്നാൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്ന അവസ്ഥ പകർച്ചവ്യാധികൾ പകരാൻ ഒരു കാരണമാണ് എന്നതും ജനങ്ങളിൽ സുരക്ഷിത മാലിന്യ സംസ്കരണം സംബന്ധിച്ച അവബോധം സൃഷ്ടിച്ചുകൊണ്ടും അനുയോജ്യമായ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിലും ഗാർഹിക തലത്തിലും ഒരുക്കിക്കൊണ്ടും ഈ അവസ്ഥ പരിഹരിക്കാൻ കഴിയും എന്നതും വസ്തുതയാണ്. ഈ സാഹചര്യത്തിൽ സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് ജനങ്ങളുടെ ശീലങ്ങളിൽ അനുകൂല മാറ്റം ഉണ്ടാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് പരിശീലനങ്ങളും വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതോടൊപ്പംതന്നെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യ പരിപാലന പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട സാങ്കേതിക പിന്തുണയും പരിശീലനങ്ങളും ഹരിതകേരള മിഷന്റെ ഭാഗമായി ശുചിത്വ മിഷൻ വഴി നൽകിവരുന്നുണ്ട്.

(ബി) ശുചിത്വ മിഷൻ മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ട പിന്തുണയും സഹായവും സാങ്കേതിക സാമ്പത്തിക സഹായവും നൽകുന്നതിനുള്ള സ്ഥാപനമാണ്. ശുചിത്വ മിഷന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ ചുവടെ പറയുംപ്രകാരമാണ്:

പരിസ്ഥിതി സൗഹൃദമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മാതൃകകൾ പ്രാദേശിക സവിശേഷതകൾ പരിഗണിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുക.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്ക് ചെലവ് കുറഞ്ഞതും ഏറ്റവും ഉചിതവും പ്രാദേശിക സവിശേഷതകൾ പരിഗണിച്ച് നടപ്പിലാക്കുവാനും കഴിയുന്ന സാങ്കേതിക വിദ്യകളും സംവിധാനങ്ങളും കണ്ടെത്തുക.

അവശ്യവും ഉചിതവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന്/സ്ഥാപിക്കുന്നതിലേയ്ക്ക് പ്രാദേശിക സർക്കാരുകളെ സഹായിക്കുവാൻ വേണ്ട ഏജൻസികളെ കണ്ടെത്തുക.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ അധിക ധനം സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും ലഭ്യമാക്കി അനുവദിക്കുക.

സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കി പരിസര ശുചിത്വം പാലിക്കുന്നതിന് പൗരന്മാരിൽ ഉത്തരവാദിത്വബോധം സൃഷ്ടിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.

പൗരന്മാരിൽ ആരോഗ്യം, ശുചിത്വം, ജലം, മാലിന്യ സംസ്കരണം എന്നീ വിഷയങ്ങളിൽ അനുകൂലമായ മനോഭാവവും ശീലങ്ങളും സൃഷ്ടിക്കുന്നതിനുള്ള നടപടികളെടുക്കുക.

പ്രാദേശിക സർക്കാരുകളുടെ പരിസ്ഥിതി ശുചിത്വ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും നടപ്പാക്കുന്നതിനും മാനേജ് ചെയ്യുന്നതിനുംവേണ്ട ശേഷി വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

മേൽപ്പറഞ്ഞ മേഖലകളിലെ ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ വിജയപ്രദമാണ്. സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രം, ജനസാന്ദ്രത, കാലാവസ്ഥ തുടങ്ങിയ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണം പ്രത്സാഹിപ്പിക്കുന്ന സമീപനം ശുചിത്വ മിഷൻ മുന്നോട്ടുവച്ചതാണ്.

ഇതിലേയ്ക്ക് കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിലുള്ള വിവിധ സാങ്കേതിക സംവിധാനങ്ങൾ കണ്ടെത്തുകയും അവയുടെ യൂണിറ്റ് കോസ്റ്റുകളും ശുചിത്വ മിഷൻ നിർണ്ണയിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ പ്രോജക്ടുകൾ എളുപ്പത്തിൽ നിർവ്വഹണം നടത്തുന്നതിലേക്ക് അക്രഡിറ്റഡ് ഏജൻസികളെയും സർവ്വീസ് പ്രൊവൈഡർമാരെയും ശുചിത്വ മിഷൻ കണ്ടെത്തി ഉത്തരവ് നൽകിവരുന്നുണ്ട്. മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം, പരിപാലനം എന്നീ കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഇതര പങ്കാളികൾക്കുവേണ്ടിയുള്ള ശേഷിവികസന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പൗരന്മാരിൽ ആരോഗ്യ ശുചിത്വ ബോധവും സുരക്ഷിത മാലിന്യ സംസ്കരണത്തിന് അനുരോധമായ ശീലങ്ങളും സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ നിരന്തരമായി സംഘടിപ്പിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ശുചിത്വം, മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും സംസ്ഥാന കേന്ദ്ര സർക്കാർ പദ്ധതികളുടെ ഭാഗമായി ഫണ്ടും ലഭ്യമാക്കി വിതരണം ചെയ്യുന്നുണ്ട്.

സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ സാങ്കേതിക സഹായ സ്ഥാപനമായും ശുചിത്വ മിഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ആദ്യാവസാന സാങ്കേതിക പിന്തുണ ശുചിത്വ മിഷനാണ് നിർവ്വഹിച്ചുപോരുന്നത്.

(സി) അജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേന വഴി ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ സംഭരിച്ച് തരംതിരിച്ച് റീ സൈക്ലിംഗിനായി കൈമാറുന്നതിനും പുനഃചംക്രമണ സാധ്യത ഇല്ലാത്തവ ഷ്രെഡ്ഡ് ചെയ്ത് പി.ഡബ്ല്യു.ഡി./തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നതിനുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നു. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ബെയിലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവമാലിന്യ പരിപാലനത്തിനായി 227 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 81 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും തദ്ദേശഭരണ സ്ഥാപനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ശുചിത്വ മിഷൻ, ക്ലീൻകേരള കമ്പനി എന്നിവരുടെ സാങ്കേതിക സഹായം

നൽകിവരുന്നുണ്ട്. ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ തരംതിരിച്ച അജൈവ മാലിന്യങ്ങൾ സുരക്ഷിത പുനഃചംക്രമണം ഉറപ്പാക്കുന്നതിലേയ്ക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാദേശിക പാഴ് വസ്തു വ്യാപാരികളുടെ സേവനവും ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

## ശുചിമുറി മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടുവന്ന് തള്ളുന്നതുമൂലമുള്ള പ്രശ്നങ്ങൾ

176(1764) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലും,ജലാശയങ്ങളിലും ശുചിമുറി മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടുവന്ന് തള്ളുന്നതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുചിമുറി മാലിന്യ സംസ്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യക്തമായ പദ്ധതികൾ പ്രാവർത്തികമാക്കാത്തതിനാലാണ് പ്രസ്തുത സംഭവങ്ങൾ ആവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ഇക്കാര്യത്തിലേയ്ക്കുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃതമായി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം പദ്ധതി രൂപീകരണ മാർഗ്ഗരേഖയുടെ ഭാഗമായി ഇതിനകം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

## തൃക്കാക്കര നിയോജകമണ്ഡലത്തിൽ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടി

177(1765) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ ചിലവന്നൂർ വിനോബ നഗറിലും പരിസരങ്ങളിലും മഴ പെയ്താൽ റോഡ് നിറഞ്ഞ് വീടുകളിൽ വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴക്കാലത്തിന് മുമ്പേ ഓടകൾ വൃത്തിയാക്കാത്തതിനാലും ഓടയിലൂടെയുള്ള ഒഴുക്ക് നിലച്ചതിനാലുമാണ് പ്രസ്തുത പ്രദേശത്ത് ഇത്തരത്തിൽ വെള്ളക്കെട്ട് ഉണ്ടാകുന്നതെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ പ്രദേശത്തെ ഓടകൾ വൃത്തിയാക്കി വെള്ളക്കെട്ട് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഈ പ്രദേശത്തെ ഓടകൾ വൃത്തിയാക്കി വെള്ളക്കെട്ട് പരിഹരിക്കുന്നതിന് കൊച്ചി നഗരസഭ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**മാലിന്യത്തിൽ നിന്നും വൈദ്യുതി**

178(1766) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. സി. മമ്മൂട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്,

(സി) പ്രസ്തുത പദ്ധതി പ്രകാരം ഉൽപാദിപ്പിക്കുന്ന വൈദ്യുതി എപ്രകാരം വിപണനം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. കൊച്ചി നഗരസഭയിലെ ബ്രഹ്മപുരത്ത് തെർമ്മൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പ്രതിദിനം 300 ടൺ മാലിന്യം

സംസ്കരിക്കുന്നതിനും സുൽത്താൻ ബത്തേരി നഗരസഭയിൽ ബയോമെതനേഷൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പ്രതിദിനം 5 ടൺ ജൈവ മാലിന്യം സംസ്കരിക്കുന്നതിനും അതാത് തദ്ദേശഭരണ സ്ഥാപനം മുഖേന PPP/BOT അടിസ്ഥാനത്തിൽ മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാൻറുകൾ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഴി വൈദ്യുതി വിപണനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

**വയനാട് ജില്ലയിൽ ഹരിത കേരളം പദ്ധതി**

179(1767) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2017-18, 2018-19 വർഷത്തെ ബഡ്ജറ്റുകളിൽ വയനാട് ജില്ലയിലെ കാർഷിക മേഖലയിൽ നിർദ്ദേശിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(സി) ഈ പദ്ധതികളിൽ ഇതുവരെ ആരംഭിച്ച പദ്ധതികളും ആരംഭിക്കാൻ ബാക്കിയുള്ള പദ്ധതികളും ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(ഡി) ആരംഭിക്കാൻ ബാക്കിയുള്ള പദ്ധതികൾ എന്ന് നടപ്പിൽ വരുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി-ഡി) 2017-18, 2018-19 വർഷത്തെ ബഡ്ജറ്റുകളിൽ വയനാട് ജില്ലയിലെ കാർഷിക മേഖലയിൽ നിർദ്ദേശിച്ച പദ്ധതികളുടെയും ഇതുവരെ ആരംഭിച്ച പദ്ധതികളുടെയും ആരംഭിക്കാൻ ബാക്കിയുള്ള പദ്ധതികളുടെയും വിശദവിവരങ്ങൾ കൃഷി വകുപ്പിൽ നിന്നും അനുബന്ധ ഓഫീസുകളിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നേമം മണ്ഡലത്തിലെ ഹരിത കേരളം പദ്ധതികൾ**

180(1768) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം മിഷന്റെ ഭാഗമായി നേമം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; പ്രവൃത്തികളുടെ തുകയും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) നേമം നിയോജകമണ്ഡലത്തിലെ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & സി) ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ്, മണ്ണ് പര്യവേക്ഷണ വകുപ്പ്, ഭൂജല വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ മുതലായ വിവിധ വകുപ്പുകൾ വഴിയും ഏജൻസികൾ വഴിയും സന്നദ്ധ സേവനത്തിലൂടെയുമാണ് നടപ്പിൽ വരുത്തുന്നത്. ഓരോ വകുപ്പുകളും ഏജൻസികളും അവയ്ക്ക് ലഭ്യമായ ധനസ്രോതസ്സുകളാണ് ഇതിനായി വിനിയോഗിക്കുന്നത്. നേമം നിയോജകമണ്ഡലത്തിൽ ഹരിത കേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളും ഏജൻസികളും തിരുവനന്തപുരം കോർപ്പറേഷനും ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച് വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്.

ഹരിത കേരളം മിഷന്റെ ശുചിത്വമാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നേമം നിയോജകമണ്ഡലത്തിലെ കോർപ്പറേഷൻ വാർഡുകളിൽ ഏറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് (തുമ്പൂർമൂഴി) സ്ഥാപിക്കുകയും പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

**ഹരിത കേരളം മിഷൻ മുഖേന മാലിന്യ സംസ്കരണം**

181(1769) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത കേരളം മിഷനിലൂടെ മാലിന്യ സംസ്കരണ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഹരിത കർമ്മസേന രൂപീകരിക്കാത്ത പഞ്ചായത്തുകളുണ്ടോ; എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹരിത കേരളം മിഷൻ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ 15-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 2420/2017/തസ്വഭവ. പ്രകാരമാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. പരമാവധി പൊതുജന പങ്കാളിത്തം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ടി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രോജക്ട് രൂപീകരണം സംബന്ധിച്ചും ശില്പശാലയും പരിശീലനവും നൽകിയിട്ടുണ്ട്.

ഹരിത കേരളം മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ഫീൽഡുതല ക്യാമ്പെയ്ൻ പ്രവർത്തനങ്ങളാണ് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ടത്. ക്യാമ്പെയിന്റെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ അവസ്ഥാ നിർണ്ണയ വിവര ശേഖരണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിനും അനുയോജ്യമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സഹായകമായിട്ടുണ്ട്.

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ കിച്ചൻബിൻ, മൺകലം, കമ്പോസ്റ്റ്, എയറോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്കരിക്കപ്പെടുന്നതിനും തദ്ദേശഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേന വഴി അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തദ്ദേശഭരണ സ്ഥാപന തലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിക്കുകയും അവിടെ നിന്നും പുനഃചംക്രമണ, പുനരുപയോഗ വിധേയമാക്കാവുന്നവ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിച്ച് രണ്ടാം തരംതിരിവ് നടത്തി ക്ലീൻ കേരള കമ്പനി വഴി പുനഃചംക്രമണത്തിന് കൈമാറുന്നതിനും പുനഃചംക്രമണ വിധേയമാക്കാൻ കഴിയാത്തവ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിന് വിധേയമാക്കുവാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

സംസ്ഥാനത്തെ 878 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുവേണ്ടി ഹരിത കർമ്മസേന രൂപീകരിച്ചുകഴിഞ്ഞു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ 274 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സ്ഥാപിക്കുകയും അതിൽ 227 എണ്ണം (എം.സി.എഫ്.) പ്രവർത്തനക്ഷമമായിട്ടുമുണ്ട്. അതുപോലെ 91 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സ്ഥാപിച്ചതിൽ 81 എണ്ണം പ്രവർത്തനമാരംഭിച്ചു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗിനായി ആർ.ആർ.എഫ്.-ൽ ഉൾപ്പെട്ടും അല്ലാതെയും 97 യൂണിറ്റും സ്ഥാപിച്ചു. ശേഷിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിക്കുവാനും അതുപോലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ഹരിത കർമ്മസേനയ്ക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിന് 36 എണ്ണം ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവർ ജില്ലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത കർമ്മസേനയ്ക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നതാണ്. അജൈവ മാലിന്യ പരിപാലനത്തിൽ ക്ലീൻ കേരള കമ്പനിക്ക് ചുമതല നിശ്ചയിച്ചിട്ടുണ്ട്.

2017-18, 2018-19 വർഷങ്ങളിലെ തദ്ദേശ സ്ഥാപന പദ്ധതി രേഖയിൽ ത്രിതല പഞ്ചായത്തുകളും നഗരസഭകളും പൊതുവിഭാഗം വികസന ഫണ്ടിന്റെ യഥാക്രമം 10%, 15% തുക മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ഹരിത കേരള മിഷൻ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം 2017-18-ൽ 252 കോടി രൂപ അടങ്കൽ വരുന്ന 3814 എണ്ണം മാലിന്യ പരിപാലന പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ ഹരിത ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതല നോഡൽ ഓഫീസർമാർ, സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാർ, ജില്ലാ/ബ്ലോക്കുതല നോഡൽ ഓഫീസർമാർ എന്നിവരുടെ പരിശീലന പരിപാടി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ജൂൺ 5 പരിസ്ഥിതി ദിനത്തിന് മുന്നോടിയായി സർക്കാർ ഓഫീസുകൾ സ്വയം ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

അജൈവ വസ്തുക്കളുടെ ശേഖരണം, പുനഃചംക്രമണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പാഴ്വസ്തു വ്യാപാരികളുടെ സംഘടനയുമായും പ്ലാസ്റ്റിക് റീ-സൈക്ലിംഗ് മേഖലയിലെ സംഘടനകളുമായും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനം നടന്നുവരുന്നു. പാഴ്വസ്തു വ്യാപാരികൾക്ക് രജിസ്ട്രേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പ്രസ്തുത സംഘടനകളുമായി സഹകരിച്ച് അജൈവ മാലിന്യ ശേഖരണ ഡ്രൈവുകളും ആരോഗ്യ ജാഗ്രതയുടെ ഭാഗമായി നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്. ഹരിത കർമ്മസേന രൂപീകരിക്കാത്ത പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|
| തിരുവനന്തപുരം | വിളപ്പിൽ, ചെങ്കൽ, കാഞ്ഞിരംകുളം, വെട്ടൂർ, അമ്പൂരി |
| ഇടുക്കി | പെരുവന്താനം, ഇടമലക്കുടി |
| എറണാകുളം | കടുങ്ങല്ലൂർ, മുളവുകാട്, എടത്തല, ഇലഞ്ഞി, കോട്ടുവള്ളി, വാളകം, ഉദയംപേരൂർ, ഒക്കൽ |
| തൃശ്ശൂർ | അന്തിക്കാട്, മാള, ചാഴൂർ, പൊയ്യ, അരിമ്പൂർ, മതിലകം, കാട്ടുകുറ്റി, ഏറിയാട്, കോടശ്ശേരി, ചേലക്കര, കൊരട്ടി, കൊണ്ടാഴി, മേലൂർ, പാഞ്ഞാൾ, അതിരപ്പിള്ളി, തിരുവില്വാമല, പുന്നയൂർ, അവണൂർ, വടക്കേക്കാട്, തോളൂർ, ചൊവ്വന്നൂർ, കോലഴി, കടവല്ലൂർ, നാട്ടിക, അളഗപ്പനഗർ, പടിയൂർ, പുതുക്കാട്, വേളൂക്കര, കുഴൂർ, ദേശമംഗലം, മുള്ളൂർക്കര |
| മലപ്പുറം | പാണ്ടക്കാട്, മൂർക്കനാട്, വണ്ടൂർ, പുഴക്കാട്ടിരി, ചീക്കോട്, കുറുവ, തൃപ്രങ്ങോട്, ഒതുക്കുങ്ങൽ, പൊന്മുണ്ടം, എടപ്പാൾ, വെളിയങ്കോട്, കാലടി |
| വയനാട് | കണിയാംപറ്റ, നൂൽപ്പുഴ, വെള്ളമുണ്ട |
| കാസർഗോഡ് | ബളാൽ, കുറ്റിക്കോൽ, ബെള്ളൂർ, മധൂർ, ചെമ്മനാട്, മഞ്ചേശ്വരം, ചെങ്കള, മുളിയാർ, ദേലംപാടി, പടന്ന, ഈസ്റ്റ് എളേരി, പനത്തടി, കള്ളാർ, പിലിക്കോട്, കാറഡുക്ക, പുത്തിഗെ, കോടോംബേളൂർ, ഉദുമ, കുമ്പഡാജെ, വലിയപറമ്പ, കുമ്പള, വെസ്റ്റ് എളേരി |

## സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം

182(1770) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ഈ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമ്പൂർണ്ണ ശുചിത്വ കേരളമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളെ 2016 നവംബർ 1-ന് വെളിയിട വിസർജ്ജനമുക്ത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാനത്ത് ആകെയുള്ള 93 നഗരസഭ/മുനിസിപ്പൽ കോർപ്പറേഷനുകളിൽ കൊച്ചി കോർപ്പറേഷനൊഴികെയുള്ള നഗരസഭകളും മുനിസിപ്പൽ കോർപ്പറേഷനുകളും വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും സുസ്ഥിര വെളിയിട വിസർജ്ജന വിമുക്ത പ്രദേശങ്ങളായി സൂക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതോടൊപ്പം സമ്പൂർണ്ണ ശുചിത്വ കേരളമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു:

1. സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികളുടെ കീഴിൽ നിർമ്മിക്കപ്പെടുന്ന പുതിയ വീടുകളോടനുബന്ധിച്ച് ശൗചാലയങ്ങൾ നിർബന്ധമാക്കുക.

2. കേടുപാടുകളുള്ള ഗാർഹിക ശൗചാലയങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കി മാറ്റുക, ഒറ്റക്കുഴി കക്കൂസുകളെ ഇരട്ടക്കുഴി കക്കൂസുകളാക്കുക.

3. പൊതു സ്ഥലങ്ങളിൽ ആവശ്യമായ പൊതു ശൗചാലയങ്ങൾ പണിയുക.

4. സ്കൂൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ ശൗചാലയങ്ങൾ ആവശ്യമായത്ര എണ്ണം ഉറപ്പാക്കുക.

5. സുസ്ഥിരമായ വെളിയിട വിസർജ്ജന വിമുക്ത സംസ്കാരം നിലനിർത്തുന്നതടക്കമുള്ള ബോധവൽക്കരണത്തിനായി ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങൾ മുഖേനയും വിവര-വിജ്ഞാപന-വ്യാപന പ്രവർത്തനങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കുക.

6. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

7. കേന്ദ്രീകൃത മാലിന്യ സംസ്കരണം നടത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

8. കേരളത്തിലെ മാലിന്യപ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹരിതകർമ്മ സേനയെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. അജൈവ മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.), പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവയും സ്ഥാപിച്ചുവരുന്നു.

10. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, വസ്തുക്കൾ പരമാവധി പുനരുപയോഗിക്കുകയെന്ന തത്വത്തിലധിഷ്ഠിതമായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ക്ലീൻ കേരള കമ്പനി മുഖേന സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 941 ഗ്രാമ പഞ്ചായത്തുകളിൽ പുതിയതായി 174720 കുടുംബങ്ങളിൽ വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ചുനൽകി. നഗര പ്രദേശങ്ങളിൽ 29578 വ്യക്തിഗത ഗാർഹിക ശൗചാലയവും നിർമ്മിച്ചു. ആവശ്യത്തിന് എണ്ണം കമ്മ്യൂണിറ്റി/പൊതുശൗചാലയങ്ങളും നിർമ്മിച്ചിട്ടുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 878 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അജൈവ മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപന

തലങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.), പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവയും സ്ഥാപിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലായി 274 എം.സി.എഫ്.-കളും 91 ആർ.ആർ.എഫ്.-കളും 97 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 1064 ടണ്ണിൽ അധികം ഇ-മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യുന്നതിന് അംഗീകൃത ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, വസ്തുക്കൾ പരമാവധി പുനരുപയോഗിക്കുകയെന്ന തത്വത്തിലധിഷ്ഠിതമായി സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരളത്തിലെ ഗ്രാമപ്രദേശങ്ങളെ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിക്കപ്പെടുകയും നഗരപ്രദേശങ്ങളിലെ ടി പ്രവൃത്തികൾ അന്തിമഘട്ടത്തിലുമാണ്. സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു. വളരെ സമീപഭാവിയിൽ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനം

183(1771) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രഖ്യാപനത്തിന് ശേഷവും തുറസ്സായ സ്ഥലങ്ങളിലും പൊതുവഴികളിലും വിസർജ്ജനം നടത്തുന്ന സാഹചര്യത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള ശൗചാലയങ്ങൾ നിർമ്മിച്ച് ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളെ 2016 നവംബർ 1-ന് വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളെ സമ്പൂർണ്ണ

വെളിയിട വിസർജ്ജന വിമുക്ത പ്രദേശമാക്കി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചി കോർപ്പറേഷൻ ഒഴികെ മറ്റെല്ലാ നഗരസഭകളും വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പൊതുസ്ഥലങ്ങളിൽ ആധുനിക പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപന തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

**മാലിന്യനിർമ്മാർജനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി**

184(1772) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാലിന്യനിർമ്മാർജനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പകർച്ചവ്യാധികൾ പടരുന്ന സാഹചര്യം ഒഴിവാക്കാനായി മഴക്കാലത്തിനുമുൻപ് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) പകർച്ചവ്യാധികൾ തടയുന്നതിനായി ആരോഗ്യവകുപ്പുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ജനപങ്കാളിത്തത്തോടെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മിഷൻ മാതൃകയിൽ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അതിൻ പ്രകാരം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി വരുന്നുണ്ട്.

2. അഴുകുന്ന ജൈവമാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുവേണ്ട സാങ്കേതിക സംവിധാനങ്ങളും അവയുടെ യൂണിറ്റ് നിരക്കുകളും ശുചിത്വ മിഷൻ മുഖേന നിശ്ചയിച്ച് ഉത്തരവുകൾ നൽകിയിട്ടുണ്ട്.

3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് നിർവ്വഹണ പ്രക്രിയയെ സഹായിക്കുന്നതിലേക്ക് മാലിന്യ സംസ്കരണ മേഖലയിൽ ശേഷിയുള്ള സർവ്വീസ് പ്രൊവൈഡർമാരെയും അക്രഡിറ്റഡ് ഏജൻസികളെയും കണ്ടെത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

4. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയിൽ വേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിനും സംസ്ഥാന കേന്ദ്ര സർക്കാർ പദ്ധതികളുടെ ഭാഗമായ സാമ്പത്തികം ലഭ്യമാക്കുന്നതിനും ശുചിത്വ മിഷൻ മുഖേന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

5. ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ചിട്ടയാക്കുന്നതിന് ഹരിതകർമ്മസേന രൂപീകരിക്കുവാൻ നിർദ്ദേശിച്ചു. ഇതിൻപ്രകാരം 878 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന രൂപീകരിച്ചു. ബാക്കിയുള്ള സ്ഥാപനങ്ങളിൽ രൂപീകരണ നടപടി പുരോഗതിയിലാണ്.

6. ഹരിത കർമ്മസേനയ്ക്കാവശ്യമായ പരിശീലനം സംഘടിപ്പിച്ചു കഴിഞ്ഞു.

7. ഹരിത കർമ്മ സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള ചെലവുകൾ സംബന്ധിച്ച ഫെസിലിറ്റേറ്റിംഗ് സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

8. ഹരിത കർമ്മസേനയ്ക്കുവേണ്ട സാങ്കേതിക സഹായം ക്ലസ്റ്ററടിസ്ഥാനത്തിൽ നൽകുന്നതിന് ഹരിത സഹായ സ്ഥാപനങ്ങളെ കണ്ടെത്തുകയും അവർക്ക് ഉത്തരവാദിത്വം നൽകുവാനും നടപടിയെടുത്തിട്ടുണ്ട്.

9. ത്രിതല പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതുവിഭാഗം വികസന ഫണ്ടിന്റെ 10 ശതമാനവും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും തങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതുവിഭാഗം വികസന ഫണ്ടിലെ 15 ശതമാനവും മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് മുൻഗണന നൽകി ഹരിത കേരള മിഷന്റെ പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിശ്ചയിച്ച് ഉത്തരവ് നൽകി. അതിൻപ്രകാരം പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതി മുതൽ ഏറ്റെടുത്തിട്ടുണ്ട്.

10. തദ്ദേശഭരണ സ്ഥാപനങ്ങൾ/ഹരിത കർമ്മസേന നേരിട്ട് ശേഖരിക്കുന്ന അജൈവ മാലിന്യം സുരക്ഷിതമായി സംസ്കരിക്കപ്പെടുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിൽ വേണ്ട മാനേജ്മെന്റ് പിന്തുണ നൽകുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

11. എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം 274 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 91 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ചിട്ടുണ്ട്.

12. മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 2018 വർഷത്തിൽ പകർച്ചപ്പനി വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും മിഷനുകളുടെയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടത്തിവരുന്നു. പ്രവർത്തനങ്ങൾ ചിട്ടയായി നടത്തുന്നതിലേയ്ക്കുള്ള സർക്കാർ നിർദ്ദേശങ്ങൾ സമയബന്ധിതമായി പുറപ്പെടുവിച്ചിരുന്നു (നമ്പർ 17/ഡിസി1/2018/തസ്വഭവ. തീയതി 22-1-2018, നമ്പർ 233/ഡിസി1/18/തസ്വഭവ. തീയതി 28-4-2018, 720/ഡിസി1/18/തസ്വഭവ. തീയതി 22-5-2018, ഡിസി1/78/2018/തസ്വഭവ തീയതി 31-5-2018) ഇതിൻപ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളുടെ നേതൃത്വത്തിൽ ഫീൽഡുതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംഘടിപ്പിച്ചുവരുന്നുണ്ട്. വാർഡുതല ശുചിത്വാരോഗ്യ പോഷണ സമിതികൾ ചേരുകയും സന്നദ്ധ പ്രവർത്തകരും ഉദ്യോഗസ്ഥരും ഉൾക്കൊണ്ട സ്ക്വാഡുകൾ രൂപീകരിക്കുകയും ഗൃഹസന്ദർശനം നടത്തുകയും ചെയ്തിട്ടുണ്ട്. ശുചിത്വ മാപ്പിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ഗ്രാമ/വാർഡ് സഭകളിലും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ജനങ്ങളുടെ ആശങ്കയകറ്റാൻവേണ്ടി വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു. സർക്കാർ തലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി നേരിട്ടും ബന്ധപ്പെട്ട വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാരും ജില്ലകളിൽ

ചുമതലയുള്ള മന്ത്രിമാരും ജില്ലാ കളക്ടർമാരും തദ്ദേശഭരണ സ്ഥാപനതലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടത്തിവരുന്ന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തുവരുന്നുണ്ട്.

(സി) നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും ആരോഗ്യ വകുപ്പുമായി ചേർന്ന് ഇതര വകുപ്പുകൾ, ഏജൻസികൾ, ബഹുജന സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

## പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ

185(1773) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും എങ്കിൽ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര യൂണിറ്റുകൾ പൂർണ്ണമായി പ്രവർത്തനം ആരംഭിച്ചുവെന്നും അതിൽ തിരുവനന്തപുരം ജില്ലയിൽ എത്ര യൂണിറ്റുകളുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

ഉത്തരം

(എ) ഉണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) വിശദവിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.+

## ഫ്ളക്സ് ബോർഡുകൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

186(1774) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാതൊരു മാനദണ്ഡവുമില്ലാതെ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിനെതിരെ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് സംസ്ഥാനത്തിന്റെ പല ഭാഗത്തും ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ; അവ സ്ഥാപിച്ചത് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ;

(ഡി) ഫ്ളക്സിന് പകരം തുണിയോ പരിസരമലിനീകരണം ഉണ്ടാക്കാത്ത ഏതെങ്കിലും വസ്തുക്കൾ കൊണ്ടോ ഇത്തരം ബോർഡുകൾ സ്ഥാപിക്കുന്നതിനും ഫ്ളക്സിന് നിയന്ത്രണം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 6-11-2014-ലെ സ.ഉ.(കൈ) നമ്പർ 195/2014/തസ്വഭവ. നമ്പർ പ്രകാരം സംസ്ഥാനത്ത് പ്ലാസ്റ്റിക് ഫ്ലക്സ് ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഫ്ലക്സ് ബോർഡുകൾക്കും ബാനറുകൾക്കും പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. രഹിതവുമായ പോളി എത്തിലീൻ (പോളിത്തീൻ) നിർമ്മിത വസ്തുക്കളോ അതുപോലുള്ള മറ്റ് വസ്തുക്കളോ ഉപയോഗിക്കുന്നതിന് അനുമതി നൽകി 27-10-2015-ലെ സ.ഉ. (സാധാ.) നമ്പർ 3185/2015/തസ്വഭവ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ സർക്കാർ പരിപാടികളുടെ പരസ്യ പ്രചാരണത്തിനായി ഫ്ലക്സ് ബോർഡുകൾ ഉപയോഗിക്കുന്നത് പൂർണ്ണമായും ഒഴിവാക്കണമെന്ന് 14-2-2018-ലെ സി2/274/2017/ഐ&പി.ആർ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ഉത്തരവുകളൊന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സർക്കാർ വാടകയ്ക്ക് എടുത്തിരുന്ന ഹോർഡിംഗുകളിൽ സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച പരസ്യം സ്ഥാപിക്കുന്നതിനും അവയിൽ ഫ്ലക്സ് പ്രിന്റിംഗ് ഉപയോഗിക്കുന്നപക്ഷം അവ പ്രകൃതി സൗഹാർദ്ദപരമായി റീ-സൈക്കിൾ ചെയ്യണമെന്നും ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പി.വി.സി. ഫ്ലക്സിന് പകരമായി തുണിയും റീ-സൈക്കിൾ ചെയ്യാവുന്നതും പി.വി.സി. മുക്തവുമായ പോളി എത്തിലീനും (പോളിത്തീൻ) പോലുള്ള വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ട് പി.വി.സി. ഫ്ലക്സ് നിരോധിക്കുന്നതിന്റെ പ്രായോഗികത സർക്കാർ പരിശോധിച്ചുവരികയാണ്.

## മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ

187(1775) ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. വി. ജോയി:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വ - മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ ക്ലീൻ കേരള കമ്പനി ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രധാന മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ എന്തൊക്കെയാണ്; വെളിപ്പെടുത്താമോ ;

(സി) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണത്തിനും അവയുടെ ശാസ്ത്രീയ പുനഃചംക്രമണത്തിനും എന്തെല്ലാം നടപടികളാണ് ക്ലീൻ കേരള കമ്പനി സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും (വേസ്റ്റ് ടു എനർജി പ്ലാന്റ്) നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ജനപങ്കാളിത്തത്തോടെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മിഷൻ മാതൃകയിൽ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അതിൻ പ്രകാരം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി വരുന്നുണ്ട്.

3. അഴുകുന്ന ജൈവമാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുവേണ്ട സാങ്കേതിക സംവിധാനങ്ങളും അവയുടെ യൂണിറ്റ് നിരക്കുകളും ശുചിത്വ മിഷൻ മുഖേന നിശ്ചയിച്ച് ഉത്തരവുകൾ നൽകിയിട്ടുണ്ട്.

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് നിർവ്വഹണ പ്രക്രിയയെ സഹായിക്കുന്നതിലേയ്ക്ക് മാലിന്യസംസ്കരണ മേഖലയിൽ ശേഷിയുള്ള സർവ്വീസ് പ്രൊവൈഡർമാരെയും അക്രഡിറ്റഡ് ഏജൻസികളെയും കണ്ടെത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

5. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയിൽ വേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിനും സംസ്ഥാന കേന്ദ്ര സർക്കാർ പദ്ധതികളുടെ ഭാഗമായ സാമ്പത്തികം ലഭ്യമാക്കുന്നതിനും ശുചിത്വ മിഷൻ മുഖേന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

6. ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ചിട്ടയാക്കുന്നതിന് ഹരിത കർമ്മസേന രൂപീകരിക്കാൻ നിർദ്ദേശിച്ചു. ഇതിൻ പ്രകാരം 878 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിച്ചു. 216 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള സ്ഥാപനങ്ങളിൽ രൂപീകരണ നടപടി പുരോഗതിയിലാണ്. ഹരിത കർമ്മസേനയ്ക്കുവേണ്ട സാങ്കേതിക സഹായം ക്ലസ്റ്ററടിസ്ഥാനത്തിൽ നൽകുന്നതിന് ഹരിത സഹായ സ്ഥാപനങ്ങളെ കണ്ടെത്തുകയും അവർക്ക് ഉത്തരവാദിത്വം നൽകുവാനും നടപടിയെടുത്തിട്ടുണ്ട്.

7. ഹരിത കർമ്മസേനയ്ക്കാവശ്യമായ പരിശീലനം സംഘടിപ്പിച്ചുകഴിഞ്ഞു.

8. ഹരിത കർമ്മസേനയ്ക്ക് സാങ്കേതിക പിന്തുണ നൽകേണ്ട ഹരിത സഹായ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പും പൂർത്തിയായിട്ടുണ്ട്.

9. ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള ചെലവുകൾ സംബന്ധിച്ച ഫെസിലിറ്റേറ്റിംഗ് സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

10. ത്രിതല പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതുവിഭാഗം വികസന ഫണ്ടിന്റെ 10 ശതമാനവും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും തങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതുവിഭാഗം

വികസന ഫണ്ടിലെ 15 ശതമാനവും മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് മുൻഗണന നൽകി ഹരിത കേരള മിഷന്റെ പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിശ്ചയിച്ച് ഉത്തരവ് നൽകി. അതിൻപ്രകാരം പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതി മുതൽ ഏറ്റെടുത്തിട്ടുണ്ട്.

11. തദ്ദേശഭരണ സ്ഥാപനങ്ങൾ/ഹരിത കർമ്മസേന നേരിട്ട് ശേഖരിക്കുന്ന അജൈവ മാലിന്യം സുരക്ഷിതമായി സംസ്കരിക്കപ്പെടുന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിൽ വേണ്ട മാനേജ്മെന്റ് പിന്തുണ നൽകുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

12. എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (ഇതിനകം 274 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 91 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ചിട്ടുണ്ട്.)

13. മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കുന്നതിന് സഹായകമാകുന്ന ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെയും ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണവും പുനഃചംക്രമണവുമാണ് ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കുന്നത്.

(സി) ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മസേന വഴി ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലും തുടർന്ന് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലുമെത്തിച്ച് തരംതിരിച്ച് പുനഃചംക്രമണ യോഗ്യമായവ ആയതിനും പുനഃചംക്രമണ സാധ്യമല്ലാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി മുഖേന സ്ഥാപിക്കപ്പെടുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളിൽ എത്തിച്ച് ഷ്രഡ് ചെയ്ത് റോഡ് ടാറിംഗിന് ലഭ്യമാക്കുന്ന തരത്തിലുള്ള നടപടികളാണ് പ്ലാസ്റ്റിക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ക്ലീൻ കേരള കമ്പനി സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തെ 330 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 245 ടണ്ണോളം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ച് 150 കി.മീ. റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ വിപണനം, പുനഃചംക്രമണ സാധ്യമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിപണനം, തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന ഇ-മാലിന്യങ്ങളുടെ പുനഃചംക്രമണം എന്നിവയുടെ ചുമതല ക്ലീൻ കേരളയ്ക്കാണ്.

(ഡി) 19-5-2017-ലെ സ.ഉ.(സാധാ.) നമ്പർ 1641/2017/തസ്വഭവ. അനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ക്ലീൻ കേരള കമ്പനി ആരംഭിച്ചിട്ടുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിലും വലിയ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് ആവശ്യമായ പ്രോജക്ട് പ്രൊപ്പോസൽ ക്ലീൻ കേരള കമ്പനി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ 195 തദ്ദേശഭരണ സ്ഥാപനങ്ങളുമായി കമ്പനി കരാറിൽ ഏർപ്പെടുകയും 90 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മെഷിനറികൾ സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 200 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## കായംകുളം ഗവൺമെന്റ് എൽ.പി.എസ്-ന് കെട്ടിടം

188(1776) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് എൽ.പി.എസ്-ന് പുതിയ കെട്ടിടത്തിനായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചതിന് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കായംകുളം ഗവൺമെന്റ് എൽ.പി.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് 19-4-2017-ൽ ഭരണാനുമതി നൽകിയ ശേഷം 18-8-2017-ൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിച്ച് 4-12-2017-ൽ കരാർ ഉടമ്പടി വച്ചിട്ടുണ്ട്. പ്രവൃത്തി സ്ഥലത്ത് നിലവിൽ ഉണ്ടായിരുന്ന കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള കാലതാമസമാണ് പ്രവൃത്തി ആരംഭിക്കുന്നത് വൈകാൻ ഇടയാക്കിയത്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

## കൊഴിഞ്ഞാമ്പാറയിൽ മാതൃക ശ്മശാനം ആരംഭിക്കുന്നതിന് നടപടി

189(1777) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ മാതൃക ശ്മശാനങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ഈ വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഒരു മാതൃക ശ്മശാനത്തിന് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) പാലക്കാട് ജില്ലയിൽ കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തിൽ ഈ പദ്ധതി ആരംഭിക്കുന്നതിന് ചിറ്റൂർ എം.എൽ.എ. നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകുന്ന പദ്ധതിക്കായി 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രത്യേക പദ്ധതിയിൽപ്പെടുത്തി ആധുനിക ശ്മശാനം അനുവദിക്കുന്ന പദ്ധതിയിൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് ചിറ്റൂർ എം.എൽ.എ. നൽകിയ നിവേദനം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ 21-11-2017, 6-6-2018 എന്നീ തീയതികളിലെ ഡിബി3/215/2017/തസ്വഭവ. നമ്പർ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

190(1778) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള രണ്ട് വർഷക്കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക എത്ര; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഈ തുക ഉപയോഗിച്ച് പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിനായി ഏതൊക്കെ പദ്ധതിയാണ് ആവിഷ്കരിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ ഒൻപത് ഗ്രാമ പഞ്ചായത്തുകളുടെ പരിധിയിലുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി 27,18,11,631 രൂപ (ഇരുപത്തിയേഴ കോടി പതിനെട്ട് ലക്ഷത്തി പതിനൊന്നായിരത്തി അറുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി അനുവദിച്ച തുക ഉപയോഗിച്ച് 284 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പി.എം.ജി.എസ്.വൈ.**

191(1779) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പ്രകാരം പുതിയതായി കോഴിക്കോട് ജില്ലയിൽ നിന്നും നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടിയും പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രകാരം സാഗി പഞ്ചായത്തുകളിൽ ചുവടെ ചേർത്തിരിക്കുന്ന റോഡുകളാണ് നിർദ്ദേശിച്ചത്:

| റോഡിന്റെ പേര് | നീളം (കി.മീ.) | അടങ്കൽ തുക (കോടിയിൽ) |
|---|---|---|
| ഇകരുൾ - വിരിയമ്പ്രം | 5 | 395.56 |
| നടുവണ്ണൂർ-കോട്ടൂർ വെസ്റ്റ് | 4.5 | 333.08 |
| കല്ലനോട്-കക്കയം | 5 | 513.94 |
| കാട്ടിലപീഠിക-കണ്ണങ്കടവ് | 1.56 | 149.47 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അന്തിമ അനുമതി പത്രം ലഭിച്ചിട്ടില്ല.

**രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്കുള്ള നികുതി**

192(1780) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ രാഷ്ട്രീയ പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങൾക്ക് നിലവിൽ, ഓഫീസ്/കൊമേഴ്സ്യൽ കെട്ടിടങ്ങളായി കണക്കാക്കി ചതുരശ്രമീറ്ററിന് 50, 60 രൂപാ നിരക്കിൽ വലിയ തുക നികുതി ചുമത്തിയിട്ടുള്ള നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാഷ്ട്രീയ പാർട്ടികളുടെ ഓഫീസ് പൊതുജനസേവനകേന്ദ്രങ്ങൾ എന്ന നിലയിൽ പരിഗണിച്ചോ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളായി പരിഗണിച്ചോ നിലവിലുള്ള വർദ്ധിത നികുതി നിരക്ക് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കെട്ടിടനികുതി ചട്ടം ഭേദഗതി ചെയ്ത് രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളെ പ്രത്യേകമായി കണക്കാക്കി, കുറഞ്ഞ കെട്ടിടനികുതി നിരക്ക് നിശ്ചയിച്ച് നിലവിലുള്ള പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രാഷ്ട്രീയ പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങളെ ഓഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തിയാണ് നികുതി ചുമത്തിവരുന്നത്. ഓഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് മുനിസിപ്പൽ പരിധിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് 40 രൂപയും ഏറ്റവും കൂടിയ നിരക്ക് 70 രൂപയുമാണ്. എന്നാൽ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ആയത് യഥാക്രമം 60 രൂപയും 90 രൂപയുമാണ്. ടി നികുതി നിരക്കിന് വിധേയമായി നഗരസഭ കൗൺസിൽ അംഗീകരിക്കുന്ന നിരക്കിലാണ് ഓഫീസ് കെട്ടിടങ്ങൾക്ക് നിലവിൽ നികുതി നിശ്ചയിക്കുന്നത്.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

## കാട്ടാക്കട മണ്ഡലത്തിൽ സഞ്ചയ സോഫ്റ്റ് വെയർ

193(1781) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഞ്ചയ സോഫ്റ്റ് വെയർ വഴി ഓൺലൈൻ ആയി നികുതി അടയ്ക്കുന്നതിനുള്ള സംവിധാനം കാട്ടാക്കട മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് ലഭ്യമാണോ; ഇല്ലെങ്കിൽ ഇതിനായുള്ള സംവിധാനമൊരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

ഉത്തരം

സഞ്ചയ സോഫ്റ്റ്‌വെയർ വഴി ഓൺലൈൻ ആയി നികുതി അടയ്ക്കുന്നതിനുള്ള സംവിധാനം കാട്ടാക്കട മണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിലവിലുണ്ട്.

## കെട്ടിടനികുതി വരുമാനം

194(1782) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഒൻപതു ഗ്രാമപഞ്ചായത്തുകളിൽ 2017-18 സാമ്പത്തിക വർഷത്തെ കെട്ടിടനികുതി വരുമാനം എത്ര ശതമാനം വീതമാണെന്ന് വിശദമാക്കാമോ?

ഉത്തരം

തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 9 ഗ്രാമപഞ്ചായത്തുകളുടെ 2017-18 വർഷത്തെ വസ്തു നികുതി/കെട്ടിട നികുതി വരവ് ശതമാനം താഴെപ്പറയും പ്രകാരമാണ്:

| | | | |
|---|---|---|---|
| 1. | വാമനപുരം | - | 99.98% |
| 2. | പനവൂർ | - | 83.65% |
| 3. | പുല്ലമ്പാറ | - | 65.58% |
| 4. | പെരിങ്ങമ്മല | - | 59.24% |
| 5. | നന്ദിയോട് | - | 65.38% |
| 6. | കല്ലറ | - | 85.98% |
| 7. | പാങ്ങോട് | - | 73.99% |
| 8. | നെല്ലനാട് | - | 74.58% |
| 9. | ആനാട് | - | 60.82% |

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ്**

195(1783) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതി പിരിവിന്റെ കാര്യത്തിൽ മുൻവർഷങ്ങളെക്കാൾ നേട്ടം കൈവരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നികുതി പിരിവിൽ നേട്ടം കൈവരിച്ചിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ നികുതി പിരിവിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| LSGI | Year | Total demand (in ₹) | Total collection (in ₹) | Total balance (in ₹) | % |
|---|---|---|---|---|---|
| Grama Panchayat | 2015-16 | 5737802829 | 3712170077 | 2025632752 | 64.7% |
| | 2016-17 | 7335281053 | 5274134041 | 2061147012 | 71.9% |
| | 2017-18 | 7585140304 | 6502306166 | 1082834138 | 85.72% |
| Municipal Corporation | 2015-16 | 2273235355 | 1894263626 | 378971729 | 83.33% |
| | 2016-17 | 3896716459 | 3358305178 | 538411281 | 86.18% |
| | 2017-18 | 3715204295 | 3296197000 | 419007295 | 88.72% |
| Municipalities | 2015-16 | 2805305146 | 2429294730 | 376010416.4 | 86.60% |
| | 2016-17 | 3441889935 | 2846383077 | 595506858 | 82.70% |
| | 2017-18 | 3432894941 | 3101455371 | 331439570 | 90.35% |

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ജി.എസ്.ടി.യിലെ അപാകത**

196(1784) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ജി.എസ്.ടി. യുമായി ബന്ധപ്പെട്ട അപാകതയും ന്യൂനതയും പരിഹരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉറപ്പുകൾ പാലിക്കാത്ത സാഹചര്യം പരിശോധിക്കുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ബില്ലുകൾ ബാങ്കുകൾ മുഖേന നൽകുന്ന സാഹചര്യം പരിശോധിക്കുമോ.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാറുകാർക്കും ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുമോ; പ്രാദേശിക വിപണി നിരക്ക് കരാർ പണിയുടെ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കുമോ.

(ഡി) ജി.എസ്.ടി. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം എഞ്ചിനീയർമാർ പാലിക്കാത്ത സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ജി.എസ്.ടി. സംബന്ധിച്ച അപാകതകളും ന്യൂനതകളും പരിഹരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ജി.എസ്.ടി. ചട്ടങ്ങൾക്കനുസൃതമായി നടപ്പിൽ വരുത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ബില്ലുകൾ ഐ.കെ.എം.-ന്റെ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ബാങ്കുകൾ മുഖേനയാണ് നൽകിവരുന്നത്.

(സി) കരാറുകാരുടെ ബില്ലുകൾ ബാങ്കുകൾ മുഖേന നൽകുന്നതിനാൽ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തേണ്ട ആവശ്യമില്ലാത്തതാണ്. ഡൽഹി ഷെഡ്യൂൾഡ് റേറ്റ്സിൽ (ഡി.എസ്.ആർ.) ഉൾപ്പെട്ടിട്ടുള്ള ഇനങ്ങൾക്ക് പ്രാദേശിക വിപണി നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കുന്നതല്ല.

(ഡി) ജി.എസ്.ടി. കോമ്പൻസേഷൻ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് 1-1-2017-ലെ ജി.ഒ.(പി) 87/2017/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അതുപ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടുത്തി വരുന്നുണ്ട്.

**കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് വരുത്തുന്നതിന് നടപടി**

197(1785) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെങ്കിലും ഇളവ് വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) കെട്ടിട നിർമ്മാണത്തിനുള്ള അനുമതിക്കായുള്ള അപേക്ഷകൾ വ്യക്തമായി പരിശോധിക്കാതെ നിസ്സാര കാര്യങ്ങൾ ചൂണ്ടിക്കാട്ടി അനുമതി നിഷേധിക്കാറുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിശ്ചിത കാലാവധിക്കുള്ളിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നല്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) 31-10-2017-ലെ ജി.ഒ.(പി) നമ്പർ 81/2017/ത.സ്വ.ഭ.വ. ജി.ഒ.(പി) നമ്പർ 82/2017/ത.സ്വ.ഭ.വ. എന്നീ വിജ്ഞാപനങ്ങൾ പ്രകാരം യഥാക്രമം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി പുറപ്പെടുവിച്ച 31-10-2017-ലെ ജി.ഒ.(പി) നമ്പർ 81/2017/ത.സ്വ.ഭ.വ., ജി.ഒ.(പി) നമ്പർ 82/2017/ ത.സ്വ.ഭ.വ. എന്നീ വിജ്ഞാപനങ്ങൾപ്രകാരം കെട്ടിടനിർമ്മാണ അനുമതി 15 ദിവസത്തിനകം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കെട്ടിട നിർമ്മാണാനുമതി ഓൺലൈനായി നൽകുന്ന പദ്ധതി**

198(1786) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണാനുമതി ഓൺലൈനായി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പൈലറ്റ് അടിസ്ഥാനത്തിൽ എവിടെയാണ് പ്രസ്തുത പദ്ധതി ആദ്യം നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും 'സുവേഗ' പദ്ധതി വ്യാപിപ്പിക്കുവാൻ ആലോചിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഐ.കെ.എം. വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നിലവിൽ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് 92 നഗരസഭകളിൽ കെട്ടിട നിർമ്മാണ അനുമതികൾ ഓൺലൈനായി നൽകുന്നതിനായി വികസിപ്പിച്ച Intelligent Building Plan Management System (IBPMS) എന്ന സോഫ്റ്റ്വെയർ വർക്കല മുനിസിപ്പാലിറ്റിയിൽ ട്രയൽ റൺ നടന്നുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

**കെട്ടിട നിർമ്മാണങ്ങളിൽ ചട്ടങ്ങൾ പാലിക്കാൻ നടപടി**

199(1787) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട കെട്ടിട നിർമ്മാണങ്ങളിൽ ചട്ടങ്ങൾ പാലിക്കാത്തതിനാൽ നിർമ്മാണത്തിനിടെയുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ നിലവിലെ ചട്ടങ്ങൾ പാലിച്ച് തന്നെയാണ് നടക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നിർമ്മാണങ്ങൾ നിലവിലെ ചട്ടങ്ങളനുസരിച്ച് തന്നെയാണ് നടത്തുന്നതെന്ന് ഉറപ്പാക്കാൻ ബിൽഡിംഗ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ ഇക്കാര്യം നിർവ്വഹിച്ചുവരുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ സുരക്ഷ ഉറപ്പുവരുത്തേണ്ടതും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായാണ് നിർമ്മാണം നടക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും കെട്ടിട ഉടമയുടെയും ബന്ധപ്പെട്ട അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസറുടെയും/എഞ്ചിനീയറുടെയും ചുമതല കൂടിയാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം എന്നിവയിൽ അധ്യായം II-ൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ സെക്രട്ടറി പാലിക്കേണ്ട വ്യവസ്ഥകളെപ്പറ്റിയും അദ്ധ്യായം III-ൽ അനധികൃത നിർമ്മാണങ്ങളിന്മേൽ സെക്രട്ടറി സ്വീകരിക്കേണ്ട നടപടികളെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉടമസ്ഥന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും പ്ലാനുകൾ ഒപ്പുവയ്ക്കുന്ന രജിസ്റ്റർ ചെയ്ത ആർക്കിടെക്ട്/എഞ്ചിനീയർ/ടൗൺ പ്ലാനർ തുടങ്ങിയവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (യഥാക്രമം കെ.എം.ബി.ആർ. ചട്ടം 20, 153, കെ.പി.ബി.ആർ. ചട്ടം 22, 144) ഇതിനുപുറമെ

കെ.എം.ബി.ആർ. അദ്ധ്യായം XXIII, കെ.പി.ബി.ആർ. അദ്ധ്യായം XXV എന്നിവയിൽ അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുന്നതിനെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനുമായി ഒരു വിജിലൻസ് വിംഗ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അവധി ദിവസങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ട് വിവിധ ഘട്ടങ്ങളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയവർക്ക് കെട്ടിട നിർമ്മാണത്തിന് ഇളവ്

200(1788) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയവർക്ക് കെട്ടിട നിർമ്മാണത്തിന് ഇളവ് നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ബി) ഇത്തരത്തിൽ സ്ഥലം വിട്ടുനൽകിയ ഉടമകൾക്ക് പുതിയ കെട്ടിടം ആ സ്ഥലത്തോട് ചേർന്ന് പണിയുമ്പോൾ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ തീരുമാനമാകാതെ കിടക്കുന്നുണ്ട് എന്നറിയിക്കാമോ;

(സി) ഇത്തരം അപേക്ഷകളിൽ എത്രയെണ്ണത്തിന് ഇളവ് നൽകി എന്ന് അറിയിക്കാമോ; ഏതൊക്കെ പഞ്ചായത്തിൽ എന്നും വ്യക്തമാക്കാമോ;

(ഡി) നഷ്ടപരിഹാരത്തുക വാങ്ങിയെങ്കിലും മാനുഷിക പരിഗണന നൽകി എത്ര കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്; അവ ഏതൊക്കെ പഞ്ചായത്തിലാണ്; ആർക്കൊക്കെ നൽകി; വിശദാംശം വ്യക്തമാക്കുമോ;

(ഇ) സ്ഥലം വിട്ടുകൊടുത്ത കെട്ടിട ഉടമകൾക്ക് ആദ്യത്തെ നിലയ്ക്ക് നേരത്തെ നമ്പർ നൽകുകയും എന്നാൽ സ്ഥലം വിട്ടുനൽകിയ ശേഷം കെട്ടിട നിർമ്മാണച്ചട്ടം പാലിച്ചില്ല എന്ന കാരണം പറഞ്ഞ് കെട്ടിട നമ്പർ നിഷേധിക്കുന്ന അവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഇത്തരം എത്ര അപേക്ഷകൾ തീരുമാനമാകാതെ സർക്കാരിന്റെ മുന്നിലുണ്ട് എന്നറിയിക്കാമോ; ഇവയിൽ എത്രയും വേഗം തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റോഡ് വികസനത്തിന് ഭൂമിയുടെ ഭാഗം സൗജന്യമായി വിട്ടുകൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI (ചട്ടം 79), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI (ചട്ടം 77) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളവ് അനുവദിക്കാവുന്നതാണ്.

(ബി & സി) 19-1-2013-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 2343/13/ത.സ്വ.ഭ.വ. പ്രകാരം പൊതു ആവശ്യങ്ങൾക്ക് ഭൂമി വിട്ടുനൽകിയവർക്ക് ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നത് പ്രാദേശികതല സമിതിയാണ്. ഇത് സംബന്ധിച്ച അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ സമർപ്പിക്കാറില്ല.

(ഡി) ഇത്തരത്തിൽ ഇളവുകളൊന്നും നൽകിയിട്ടില്ല.

(ഇ) 19-1-2013-ലെ സ.ഉ.(ആർ.റ്റി.) നമ്പർ2343/13/ത.സ്വ.ഭ.വ. പ്രകാരം പൊതു ആവശ്യങ്ങൾക്ക് ഭൂമി വിട്ടുനൽകിയവർക്ക് ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നത് പ്രാദേശികതല സമിതിയാണ്. ടി സമിതിയിൽ നിന്നും ഇത്തരത്തിലുള്ള അപേക്ഷകൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

**ഓൺലൈൻ കെട്ടിട നിർമ്മാണാനുമതി**

201(1789) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഓൺലൈനായി കെട്ടിട നിർമ്മാണ അനുമതി നേടാൻ സഹായിക്കുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയർ സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ;

(ബി) ഈ സോഫ്റ്റ്‌വെയർ തയ്യാറാക്കിയത്ഏത് സ്ഥാപനം മുഖേനയാണ്; ഇതിന് വന്ന ചെലവ് എത്രയെന്ന് അറിയിക്കാമോ;

(സി) ഈ സോഫ്റ്റ്‌വെയർ മുഖേന കെട്ടിടനിർമ്മാണ അനുമതിക്കായി അപേക്ഷ സമർപ്പിക്കുന്നതിന്റെയും അനുമതി നൽകുന്നതിന്റെയും രീതികൾ വിശദമാക്കാമോ; ഇത് സംസ്ഥാനത്ത് മുഴുവൻ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) Intelligent Building Plan Management System (IBPMS) തയ്യാറാക്കിയത് ദേവ് ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ്. 3,25,01,635 (മൂന്ന് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി ആയിരത്തി അറുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപയാണ് ഈ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുവേണ്ടി വന്ന ചെലവ്.

(സി) Intelligent Building Plan Management System (IBPMS) മുഖേന ഏതൊരപേക്ഷകനും ഓൺലൈനായി ബിൽഡിംഗ് പ്ലാൻ, അപേക്ഷകൾ, അനുബന്ധ രേഖകൾ തുടങ്ങിയവ സമർപ്പിക്കാൻ കഴിയും. തുടർന്നുള്ള ഓൺലൈൻ പരിശോധന കഴിഞ്ഞതിനുശേഷം ലേ ഔട്ട്, കെട്ടിട നിർമ്മാണാനുമതികൾ എന്നിവ ഓൺലൈനായി നൽകാൻ സാധിക്കും. ഇത് എല്ലാ നഗരസഭകളിലും വ്യാപിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത വൻകിട നിർമ്മാണ പ്രവൃത്തികൾ**

202(1790) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ വൻകിട നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനാൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും മണ്ണിടിഞ്ഞ് അപകടങ്ങൾ ഉണ്ടാകുന്നത് വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്നും കെട്ടിടം പണിയാൻ അനുമതി വാങ്ങിയ ശേഷം അതിൽ നിന്നും വ്യത്യാസം വരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്നും പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്തെന്ന് വിശദമാക്കുമോ; ഇവ ഫലപ്രദമാണോ എന്ന് പരിശോധിക്കുമോ;

(സി) ബഹുനിലകെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നതിന് മുമ്പായി മണ്ണുപരിശോധന നടത്തണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മേൽപരിശോധനകൾക്കായി ബിൽഡിംഗ് ഇൻസ്പെക്ടർമാരെയും മേൽനോട്ടം വഹിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണാവസ്ഥയിൽ മണ്ണിടിച്ചിൽ പോലെയുള്ള അത്യാഹിതങ്ങൾ ഉണ്ടാകാതെ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും സ്ട്രക്ചറൽ ഡിസൈൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതും കെട്ടിട ഉടമയുടെയും ബന്ധപ്പെട്ട ലൈസൻസ്ഡ് സൂപ്പർവൈസറുടെയും ചുമതലയാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം എന്നിവയിൽ അദ്ധ്യായം II-ൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ സെക്രട്ടറി പാലിക്കേണ്ട വ്യവസ്ഥകളെപ്പറ്റിയും അദ്ധ്യായം III-ൽ അനധികൃത നിർമ്മാണങ്ങളിന്മേൽ സെക്രട്ടറി സ്വീകരിക്കേണ്ട നടപടികളെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉടമസ്ഥന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും പ്ലാനുകൾ ഒപ്പുവയ്ക്കുന്ന രജിസ്റ്റർ ചെയ്ത ആർക്കിടെക്ട്/ എഞ്ചിനീയർ/ടൗൺ പ്ലാനർ തുടങ്ങിയവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. (യഥാക്രമം കെ.എം.ബി.ആർ. ചട്ടം 20, 153, കെ.പി.ബി.ആർ. ചട്ടം 22, 144) ഇതിനുപുറമെ കെ.എം.ബി.ആർ. അദ്ധ്യായം XXIII, കെ.പി.ബി.ആർ. അദ്ധ്യായം XXV എന്നിവയിൽ അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുന്നതിനെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനുമായി ഒരു വിജിലൻസ് വിംഗ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അവധി ദിവസങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ട് വിവിധ ഘട്ടങ്ങളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ബഹുനില കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നതിന് മുമ്പായി മണ്ണ് പരിശോധന നടത്തണമെന്ന വ്യവസ്ഥ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണാനുമതിക്കുള്ള അപേക്ഷയ്ക്കൊപ്പം രജിസ്റ്റർ ചെയ്ത എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്ട്രക്ചറൽ ഡിസൈനിന്റെ ഡ്രോയിംഗും സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റും നൽകണമെന്ന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (കെ.എം.ബി.ആർ. ചട്ടം 120, കെ.പി.ബി.ആർ. ചട്ടം 115) കൂടാതെ ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങുന്നത് മുതൽ പൂർത്തിയാകുന്നതുവരെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്ത ഒരാളെ മുഴുവൻ സമയ മേൽനോട്ടക്കാരനായി ഉടമസ്ഥൻ സൈറ്റിൽ നിയമിക്കേണ്ടതാണെന്നും അത്തരം മേൽനോട്ടക്കാരുടെ അഭാവത്തിൽ സൈറ്റിൽ യാതൊരു പ്രവർത്തനവും നടത്താവുന്നതല്ലെന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (കെ.എം.ബി.ആർ. ചട്ടം 120 എ, കെ.പി.ബി.ആർ ചട്ടം 116)

## ആസ്തിവികസന ഫണ്ട് പദ്ധതികൾ

203(1791) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ നിർമ്മാണപ്രവർത്തനം നടത്തുന്ന പദ്ധതികൾക്ക് ഫണ്ട് ഡിപ്പോസിറ്റ് ചെയ്യുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നത് എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവുണ്ടാക്കുകയും പദ്ധതിയുടെ പൂർത്തീകരണത്തിന് തുക അപര്യാപ്തമാകുന്നതുമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഫണ്ട് വേഗത്തിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ-സി) 2017-18 സാമ്പത്തിക വർഷം എൽ.എ.സി.-എ.ഡി.എസ്. നിർമ്മാണ പ്രവൃത്തികളുടെ ബിൽ / ഡെപ്പോസിറ്റ് വർക്കുകൾക്ക് 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇതിലുപരിയായ അപേക്ഷകൾ ലഭിച്ചിരുന്നതിനാൽ ഇതിലേയ്ക്കായി ആവശ്യമുള്ള അധിക തുക ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ 36 കോടി രൂപയുടെ ബിൽ/ ഡെപ്പോസിറ്റ് തുകയ്ക്കുള്ള അപേക്ഷ മാറ്റിവയ്ക്കേണ്ടിവരികയും ആയത് നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് വർഷം ബില്ലുകൾ/ ഡെപ്പോസിറ്റ് ഫണ്ട് സമയബന്ധിതമായി നൽകിവരുന്നുണ്ട്.

## പാലിയേറ്റീവ് നേഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി

204(1792) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് നേഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) കിടപ്പുരോഗികളെയും മറ്റും നല്ല നിലയിൽ പരിചരിക്കുന്ന ഇവർക്കുള്ള ശമ്പള വർദ്ധനവ് എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 29-11-2017-ലെ സ.ഉ.(സാധാ) നമ്പർ 3845/2017/ ത.സ്വ.ഭ.വ., 12-12-2017-ലെ സ.ഉ.(സാധാ.) നമ്പർ 4009/2017/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം 1-6-2017 മുതൽ പ്രാബല്യത്തിൽ 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏകോപനം**

205(1793) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തസ്തികകളുടെ ഏകോപനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവിധ വിഭാഗം ജീവനക്കാരുടെ സർവ്വീസ് സീനിയോറിറ്റി തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. തദ്ദേശഭരണ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുകയും ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സർക്കാരിന് സമർപ്പിക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കരട് സർവ്വീസ് ചട്ടങ്ങൾ പരിശോധിച്ചതിനുശേഷം ഏകീകൃത സർവ്വീസിൽ വിവിധ വിഭാഗം ജീവനക്കാരുടെ സർവ്വീസ് സീനിയോരിറ്റി തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**നഗരകാര്യ വകുപ്പിലെ അനധികൃത പ്രമോഷനുകൾ**

206(1794) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകാര്യ വകുപ്പിൽ അനധികൃതമായി നിരവധി പ്രമോഷനുകൾ നടക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നഗരകാര്യവകുപ്പിൽ യു.ഡി.ക്ലാർക്ക്, സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ എന്നിവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതിൽ നഗരകാര്യ വകുപ്പ് ഡയറക്ടറേറ്റിൽ പൊതുതത്വം അട്ടിമറിച്ചെന്ന പരാതി നിലവിലുണ്ടോ; ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) തിരുവനന്തപുരം നഗരസഭയിൽ ഇത്തരത്തിൽ തെറ്റായ രീതിയിൽ നടന്ന പ്രമോഷനുകൾ ഏതെല്ലാം; ഇത് സംബന്ധിച്ച് നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഈ വിഷയം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) തിരുവനന്തപുരം നഗരസഭയിൽ തെറ്റായ രീതിയിലുള്ള പ്രൊമോഷനുകൾ ഒന്നുംതന്നെ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ജീവനക്കാരുടെ ഒഴിവുകൾ**

207(1795) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ത്രിതല പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും ഓഫീസ്, എഞ്ചിനീയറിങ് ജീവനക്കാരുടെ ഒഴിവുകൾ നിമിത്തം ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉണ്ടാകുന്ന തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ എപ്പോൾ നികത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. വഴിയുള്ള നിയമനം വഴിയും പ്രൊമോഷൻ വഴിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്

208(1796) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ പൊതു സർവ്വീസ് ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഏതൊക്കെ വിഭാഗങ്ങളെ സംയോജിപ്പിച്ചാണ് പൊതുസർവ്വീസ് രൂപീകരിക്കുന്നത് ;

(സി) പൊതു സർവ്വീസ് രൂപീകരിക്കുന്നതോടെ ജീവനക്കാരുടെ സീനിയോറിറ്റി തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പൊതു സർവ്വീസ് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകൾ രേഖപ്പെടുത്തിയിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) തദ്ദേശഭരണ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, മുനിസിപ്പൽ കോമൺ സർവ്വീസ്, നഗര-ഗ്രാമാസൂത്രണം, തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളെ സംയോജിപ്പിച്ചാണ് പൊതു സർവ്വീസ് രൂപീകരിക്കുന്നത്.

(സി) ഏകീകൃത പൊതു സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് സീനിയോരിറ്റി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുവാൻ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്. പൊതു സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിന് മുൻപായി കരട് ചട്ടങ്ങൾ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തുന്നതാണ്.

## തേർഡ് ഗ്രേഡ് ഓവർസിയർമാരുടെ പ്രൊമോഷൻ

209(1797) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ തേർഡ് ഗ്രേഡ് ഓവർസിയർമാരുടെ പ്രൊമോഷൻ കഴിഞ്ഞ കുറെ വർഷങ്ങളായി നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തേർഡ് ഗ്രേഡ് ഓവർസിയർമാരുടെ പ്രൊമോഷൻ അടിയന്തരമായി നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ & ബി) തേർഡ് ഗ്രേഡ് ഓവർസിയർമാരിൽ നിന്നും സെക്കന്റ് ഗ്രേഡ് ഓവർസിയർമാരിലേക്കുള്ള ഒഴിവുകളിൽ കൃത്യമായി സ്ഥാനക്കയറ്റം നടന്നുവരുന്നുണ്ട്.

**പഞ്ചായത്തു വകുപ്പിലെ നിയമനങ്ങൾ**

210(1798) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തു വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തു വകുപ്പിൽ എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയെന്നും അതിന്റെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) 2015-ൽ 37 ഗ്രാമപഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനം ചെയ്തപ്പോൾ വകുപ്പിന് നഷ്ടപ്പെട്ട 448 തസ്തികകൾ 6/2017-ൽ പുനഃക്രമീകരിച്ച് വകുപ്പിൽ നിലനിർത്തിയിട്ടുണ്ട്.

| തസ്തിക | എണ്ണം |
|---|---|
| സീനിയർ സൂപ്രണ്ട് | 29 |
| അസിസ്റ്റന്റ് സെക്രട്ടറി | 37 |
| സീനിയർ ക്ലാർക്ക് | 146 |
| ക്ലാർക്ക് | 170 |
| ഓഫീസ് അറ്റൻഡന്റ് | 66 |
| ആകെ | 448 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് വകുപ്പിൽ പി.എസ്.സി. മുഖാന്തരം ആകെ 1729 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1. ക്ലാർക്ക് | - | 1171 |
| 2. ഓഫീസ് അറ്റൻഡന്റ് | - | 459 |
| 3. ഡ്രൈവർ | - | 91 |
| 4. ഹെൽത്ത് ഇൻസ്പെക്ടർ | - | 2 |
| 5. ലൈബ്രേറിയൻ | - | 1 |
| 6. എൽ.ഡി. ടൈപ്പിസ്റ്റ് | - | 4 |
| 7. അക്സിലറി നഴ്സ് | - | 1 |
| ആകെ | - | 1729 |

**മുനിസിപ്പൽ കോമൺ സർവ്വീസിലെ ഒഴിവുകൾ**

211(1799) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ 2018 ജൂൺ 30 വരെ എത്ര റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് തസ്തികകളുടെ ഒഴിവുകൾ ഉണ്ടാകും എന്നറിയിക്കാമോ; മുനിസിപ്പാലിറ്റി,കോർപ്പറേഷൻ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച തീരുമാനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) റിട്ടയർമെന്റ് മുഖാന്തരവും ഉദ്യോഗക്കയറ്റം നൽകുന്നതുമൂലവും 2018 ജൂൺ 30 വരെ സൂപ്രണ്ട് തസ്തികയിൽ 43 ഒഴിവുകളും ഹെഡ് ക്ലാർക്ക് / റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 46 ഒഴിവുകളും ഉണ്ടാകുന്നുണ്ട്. ഒഴിവ് വിവരം സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലാസ്റ്റ്ഗ്രേഡ്

212(1800) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുവകുപ്പിൽ പി.റ്റി.എസ്, ലാസ്റ്റ്ഗ്രേഡ് ഉൾപ്പെടെയുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് പ്രമോഷൻ (ബൈ ട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് )നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രമോഷൻ ആവശ്യപ്പെട്ട് കാസർഗോഡ് ജില്ലയിൽ നിന്നും നൽകിയ അപേക്ഷകളിൽ തീർപ്പ് കല്പിക്കാത്തതെന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവിധ വകുപ്പിൽ ഫുൾടൈം സ്വീപ്പർ പ്രൊമോഷനുവേണ്ടി ഓപ്ഷൻ കൊടുത്തിട്ടുള്ള പാർട്ട് ടൈം സ്വീപ്പർമാരുടെ ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ കാലാകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ നിന്നും ഫുൾടൈം സ്വീപ്പർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുന്നുണ്ട്. എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10 ശതമാനം ഒഴിവുകളിൽ വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിന് 3-1-2014-ൽ സ.ഉ.(പി) നമ്പർ 1/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ 23-12-2014-ലെ 59989/ഇപിഎ 1/14/ത.സ്വ.ഭ.വ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാരെക്കൂടി ടി ലിസ്റ്റിൽ ഉൾപ്പെടുത്തി സംയോജിത സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗക്കയറ്റം നൽകിയിരുന്നു. ആയതിനെതിരെ മുക്കം ഗ്രാമപഞ്ചായത്ത് ഓഫീസ് അറ്റൻഡന്റ് ശ്രീ. സൂരജ് സി.റ്റി. ഫയൽ ചെയ്ത ഒ.എ.367/15 നമ്പർ കേസിലെ ഉത്തരവ് പാലിച്ചുകൊണ്ട് കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് റൂളിലോ, കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിലോ ഉൾപ്പെടാത്തതിനാൽ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ പ്രസ്തുത തസ്തിക മാറ്റത്തിൽ നിന്നും ഒഴിവാക്കി 7-1-2017-ലെ സ.ഉ.(സാധാ)നമ്പർ 49/2017/ തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അന്യായം ഫയൽ ചെയ്യുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സമാനമായ കേസുകൾ ഒന്നായി പരിഗണിച്ച് 2-6-2017-ലെ OA(EKM) 164, 232, 287, 345, 371, 390, 744, 874/2017 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ഈ ഉത്തരവിൽ 7-1-2017-ലെ സ.ഉ.(സാധാ) നമ്പർ 49/2017/ത.സ്വ.ഭ.വ. ഉത്തരവ് റദ്ദ് ചെയ്യുകയും പരാതിക്കാരെയും ഉത്തരവ് ബാധിക്കുന്നവരെയും നേരിൽകേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയും

ചെയ്തു. ഇക്കാര്യം നിലവിൽ സർക്കാർ പരിശോധനയിലായതിനാൽ പഞ്ചായത്ത് വകുപ്പിലെ തസ്തിക മാറ്റ നിയമനം താൽക്കാലികമായി തടസ്സപ്പെട്ടിട്ടുണ്ട്.

**അനധികൃത പാർക്കിംഗ് ഫീസ് പിരിക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി**

213(1801) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വൻകിട വ്യാപാര സ്ഥാപനങ്ങളും, ആശുപത്രികളും അനധികൃതമായി പാർക്കിംഗ് ഫീസ് പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 475-ാം വകുപ്പ് പ്രകാരം സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ അനുമതിയുണ്ടോ ;

(സി) ഇല്ലെങ്കിൽ അനധികൃത പാർക്കിംഗ് ഫീസ് പിരിക്കുന്നത് അവസാനിപ്പിക്കുവാൻ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ വൻകിട വ്യാപാര സ്ഥാപനങ്ങളും ആശുപത്രികളും അനധികൃതമായി പാർക്കിംഗ് ഫീസ് പിരിക്കുന്നതായി നാളിതുവരെ പരാതി ലഭിച്ചിട്ടില്ല.

(ബി & സി) കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 475-ാം വകുപ്പ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകാറുണ്ട്. ലൈസൻസിന് വിരുദ്ധമായിട്ടോ ലൈസൻസ് കൂടാതെയോ ഏതെങ്കിലും സ്വകാര്യ സ്ഥാപനം പാർക്കിംഗ് ഫീസ് പിരിവ് നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം അത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ഇടക്കൊച്ചിയിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി സ്ഥലം**

214(1802) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിൽ കൊച്ചി നഗരസഭയുടെ 16-ാം ഡിവിഷനിൽ വി.എ.ടി.റോഡിന് സമീപം വർഷങ്ങളായി നഗരസഭയുടെ കൈവശമുള്ള രണ്ടര ഏക്കർ ഭൂമിയിൽ നിന്നും 10 സെന്റ് സ്ഥലം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനായി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിനും കൊച്ചി നഗരസഭയ്ക്കും 6-4-2018-ൽ നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇടക്കൊച്ചിയിൽ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിനുള്ള സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം കൊച്ചി നഗരസഭയുടെ ടൗൺപ്ലാനിംഗ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. കൊച്ചി നഗരസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കായംകുളം നഗരസഭയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ്**

215(1803) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നഗരസഭയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ പദ്ധതിയുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം നഗരസഭയിലെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 2.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രോജക്ടിനുള്ള സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടെങ്കിലും പ്രദേശവാസികളുടെ എതിർപ്പുകൾമൂലം പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ വന്നിട്ടുള്ളതും ബഹു. ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശപ്രകാരം ഗ്രീൻ ബെൽറ്റ് രൂപീകരിച്ച് ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. നിലവിലെ ഷെഡ്യൂൾ പ്രകാരം പുതുക്കിയ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ശുചിത്വ മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**അരൂർ മണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ**

216(1804) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കോടംതുരുത്ത് പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തു കൈമാറ്റുന്നതിനായി 16-4-2012 ലെ 5(6)-ാം നമ്പർ തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ബഹു. എം.എൽ.എ. ശ്രീ. എ. എം. ആരിഫിന്റെ 12-2-2018-ലെ ആമുഖ കത്ത് സഹിതം ലഭ്യമായ കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 16-4-2012-ലെ 5(6)-ാം നമ്പർ തീരുമാനവുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ**

217(1805) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി, നടത്തറ, മാടക്കത്തറ, പുത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എത്ര ഒഴിവുകളുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ നടത്തറ ഗ്രാമപഞ്ചായത്തിൽ രണ്ടാം തരം ഓവർസിയറുടെ ഒരൊഴിവും പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒരൊഴിവും നിലവിലുണ്ട്. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ ഒഴിവുകൾ നിലവിലില്ല.

(ബി) സ്വീകരിച്ചുവരുന്നു.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ കമ്മു സ്മാരക റോഡ് നവീകരണം**

218(1806) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ പഞ്ചായത്തിലെ കമ്മു സ്മാരക റോഡ് (0/800-1/000) നവീകരണം എന്ന പ്രവൃത്തിക്ക് 19-8-2017-ലെ സ.ഉ (സാധാ.) നമ്പർ 2842/2017/ത.സ്വ.ഭ.വ. പ്രകാരം 10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെയും ആവശ്യമായ തുക പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിന് (റോഡ്സ് & ബ്രിഡ്ജസ്) ഡെപ്പോസിറ്റ് ചെയ്യണമെന്ന് ഉത്തരവായതിന്റെയും അടിസ്ഥാനത്തിൽ തുക കൈമാറി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് തുക കൈമാറി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(സി) നാളിതുവരെ തുക കൈമാറി നൽകിയിട്ടില്ലെങ്കിൽ തുക അടിയന്തരമായി കൈമാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ പഞ്ചായത്തിലെ കമ്മു സ്മാരക റോഡ് (0/800-1000) നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ 10 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് (റോഡ്സ് & ബ്രിഡ്ജസ്) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി & സി) വിശദവിവരം ചുവടെ ചേർക്കുന്നു.

ട്രഷറി അക്കൗണ്ടിംഗ് തീയതി 15-5-2018

| | | |
|---|---|---|
| ഡി.ഡി.ഒ. കോഡ് | - | 150259C007 |
| ടി.ആർ.എൻ. | - | 181501000000003039 |
| തുക | - | 10,00,000 രൂപ |

**ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കാനായി അനുമതി**

219(1807) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽകൂടി കടന്നുപോകുന്ന ചിത്രപുഴ-മാമല തിരുവാങ്കുളം ബൈപാസ് റോഡിനായി പ്രദേശവാസികൾ വിട്ടുകൊടുത്ത സ്ഥലത്തും റവന്യൂ പുറമ്പോക്കിലുമായി ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കാനായി അനുമതി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി സർക്കാരിലേയ്ക്ക് റോയൽറ്റി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ നഗരസഭ അനുമതി നൽകിയിട്ടുണ്ട്. നഗരസഭ റെസല്യൂഷന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) റോയൽറ്റി ലഭിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പരിശീലന കേന്ദ്രങ്ങൾ

220(1808) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ എത്ര പരിശീലന കേന്ദ്രങ്ങൾ ഉണ്ടെന്നും പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) കൂടുതൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഒരു പരിശീലന കേന്ദ്രം എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ സ്ഥാപിതമായിട്ടുള്ള പരിശീലന കേന്ദ്രമാണ് തൃശ്ശൂർ ആസ്ഥാനമായിട്ടുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില). ഇതിന് കീഴിൽ താഴെപ്പറയുന്ന 5 ക്യാമ്പസുകളാണ് ഉള്ളത്:

1. കില സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് - കൊട്ടാരക്കര, (കൊല്ലം)

2. കില സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ് - കൊട്ടാരക്കര, (കൊല്ലം.)

3. കില സെന്റർ ഫോർ ഗുഡ് ഗവേണൻസ് - മണ്ണുത്തി, (തൃശ്ശൂർ)

4. കില സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെന്റ്- തളിപ്പറമ്പ്, (കണ്ണൂർ)

5. കില സെന്റർ ഫോർ ട്രൈബൽ ഡെവലപ്മെന്റ് ആൻഡ് നാച്വറൽ റിസോഴ്സ് മാനേജ്മെന്റ് - അഗളി, (പാലക്കാട്)

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## വിവരസാങ്കേതികവിദ്യാധിഷ്ഠിത പ്രവർത്തനങ്ങൾ

221(1809) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പദ്ധതി വിഹിതത്തിന്റെ നാലിലൊന്നോളം ലഭിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ, അവരുടെ വികസനപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ സ്ഥാപനശാക്തീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) പ്രാദേശിക ഭരണത്തിൽ നിലനിന്നിരുന്ന അഴിമതിയും കെട്ടുകാര്യസ്ഥതയും അവസാനിപ്പിക്കാൻ നടത്തിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത ആധുനീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) അഴിമതി വ്യാപകമായി നടന്നിരുന്ന പ്രധാന മേഖലയായ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ഓൺലൈൻ ആക്കാൻ തീരുമാനമായിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളും പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുകയും പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ ഓൺലൈൻ ആകുകയും ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയവ ഓൺലൈനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സുലേഖ' സോഫ്റ്റ്‌വെയർ വഴിയാണ് നടക്കുന്നത്. ഗ്രാമസഭകൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായുള്ള ഓൺലൈൻ ഗ്രാമസഭാ പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് തങ്ങളുടെ നിർദ്ദേശങ്ങൾ രേഖപ്പെടുത്താൻ കഴിയും. പദ്ധതി നിർവ്വഹണ നടപടിക്രമങ്ങളിൽ പ്രധാനപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഉൾപ്പെടെയുള്ളവ സുലേഖ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബിൽഡിംഗ് പെർമിറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, ജനന-മരണ, വിവാഹ രജിസ്ട്രേഷനുകൾ തുടങ്ങിയ സേവനങ്ങൾ ഓൺലൈനായതോടുകൂടി അപേക്ഷകളുടെ നടപടിക്രമങ്ങൾ ഓരോ ഘട്ടത്തിലും ഉദ്യോഗസ്ഥർ മുതൽ പൊതുജനങ്ങൾ വരെ എല്ലാവർക്കും നിരീക്ഷിക്കാൻ സാധിക്കുന്നതിനാൽ കാലതാമസവും അഴിമതിയും ഒരു പരിധിവരെ ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിച്ച് നടപടി സ്വീകരിക്കുന്നതിനും ഐ.കെ.എം. സങ്കേതം എന്ന പേരിൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിരുന്നു. ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളിലും സങ്കേതം ആപ്ലിക്കേഷൻ നടപ്പിലാക്കി. ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ട്രൈബൽ പ്രദേശമായതിനാൽ പ്രത്യേക പരിഗണനയുള്ളതും സങ്കേതം നടപ്പിലാക്കേണ്ട ആവശ്യമില്ലാത്തതുമാണ്.

**സമ്പൂർണ്ണ പാർപ്പിട പദ്ധതി**

222(1810) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിലെ ഭൂരഹിതർക്കായുള്ള ഫ്ലാറ്റ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ ഏജൻസികളാണ് താൽപര്യം അറിയിച്ചിട്ടുള്ളത് ; സംസ്ഥാനത്തൊട്ടാകെ ഒരേ ഏജൻസിയെയാണോ ഈ പദ്ധതി നടപ്പാക്കുന്നതിനായി ഉത്തരവാദപ്പെടുത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതി എപ്പോഴേയ്ക്ക് പൂർത്തീകരിക്കാനാകും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ആദ്യഘട്ടമായി 14 ജില്ലകളിൽ ഓരോ ഭവനസമുച്ചയം വീതം നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. ഇതിൽ കാസർഗോഡ്, കൊല്ലം, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓപ്പൺ ടെണ്ടർ (ഇ-ടെണ്ടർ) ആണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ഏത് ഏജൻസിക്കും ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേകിച്ച് ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) പദ്ധതിയുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ടെണ്ടർ അംഗീകരിച്ച് കരാറുടമ്പടി വച്ചാൽ 10 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**പാമ്പായിമൂല ഇന്ദിരാ ഗാന്ധി റോഡ് ജംഗ്ഷൻ നവീകരണം**

223(1811) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷത്തെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 30 ലക്ഷം രൂപയും ഒരു കോടി രൂപയും വിനിയോഗിച്ചുള്ള കൊച്ചി നഗരസഭയുടെ 15-ാം വാർഡിൽപ്പെട്ട പാമ്പായിമൂല ഇന്ദിരാ ഗാന്ധി റോഡ് ജംഗ്ഷൻ നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ പ്രൊജക്ട് റിപ്പോർട്ട് ആരാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

(സി) നവീകരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്?

ഉത്തരം

(എ & ബി) കൊച്ചി നഗരസഭയിലെ 15-ാം ഡിവിഷനിലുൾപ്പെടുന്ന പാമ്പായിമൂല ഇന്ദിരാ ഗാന്ധി റോഡ് ജംഗ്ഷൻ നവീകരണ പ്രവർത്തനങ്ങൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് കൊച്ചി റെയിൽ ലിമിറ്റഡാണ്. പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) 2018 ആഗസ്റ്റ് മാസം 31-ാം തീയതിക്ക് മുമ്പായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ഡി) അമൃത് പദ്ധതിയിൽ പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകൽ, ടെണ്ടർ നടപടി, വർക്ക് അവാർഡ് ചെയ്യൽ തുടങ്ങിയ കാര്യങ്ങൾ നടത്തുന്നതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി കൊച്ചി കോർപ്പറേഷനും അമൃത് മിഷൻ ഡയറക്ടറും ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ട്. തുടർ നടപടികൾ പൂർത്തീകരിക്കേണ്ടത് കെ.എം.ആർ.എൽ. ആണ്.

**തിരുവനന്തപുരം സ്മാർട്ട് സിറ്റി**

224(1812) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ കൺസൾട്ടന്റിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തെയാണ് കൺസൾട്ടന്റായി തെരഞ്ഞെടുത്തത്;

(ബി) ഈ പദ്ധതിക്കായി ആദ്യം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനം കരിമ്പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കമ്പനിയായിരുന്നോ; പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കി പുതിയ സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്തതുമൂലം പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് ആറ് മാസത്തെ സമയനഷ്ടം ഉണ്ടായിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഈ പദ്ധതിക്ക് എത്ര കോടി രൂപയാണ് വിനിയോഗിക്കുന്നതെന്നും അതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും കോർപ്പറേഷന്റെയും വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിക്കായി കേന്ദ്ര വിഹിതമായി ഇതിനകം എന്തെങ്കിലും തുക ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുവാൻ തന്നെ കാലതാമസമുണ്ടായ സാഹചര്യത്തിൽ നാല് വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐ.പി.ഇ. ഗ്ലോബൽ ജെ.എൽ.എൽ. കൺസോർഷ്യത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) അതെ. കരിമ്പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനത്തെ ഒഴിവാക്കി പുതിയ സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്തതുമൂലം പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് സമയനഷ്ടമുണ്ടായിട്ടില്ല.

(സി) തിരുവനന്തപുരം സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടമായി നടപ്പിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകളുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഈ പദ്ധതിക്ക് ആകെ 1538.19 കോടി രൂപയാണ് പദ്ധതി ചെലവായി സ്മാർട്ട് സിറ്റി പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര വിഹിതം - 500 കോടി രൂപ

സംസ്ഥാന വിഹിതം-കേന്ദ്ര വിഹിതത്തിന് സമാനമായ തുക (അനുപാതം 50:50)

തിരുവനന്തപുരം കോർപ്പറേഷൻ - 135.7 കോടി രൂപ

(ഡി) കേന്ദ്ര ഭവന നിർമ്മാണ നഗരവികസന മന്ത്രാലയത്തിൽ നിന്ന് പ്രോജക്ട് ഫണ്ടായി 16 കോടി രൂപയും A&OE ഫണ്ടായി 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) സമയബന്ധിതമായി പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി ടെണ്ടർ ചെയ്ത് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റുമാരായി കരാറിൽ ഏർപ്പെട്ടയുടൻ തന്നെ സാങ്കേതിക സമിതി കൂട്ടുകയും ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകൾ തെരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ നടത്തിവരികയും ചെയ്യുന്നു.

**റോ റോ സർവ്വീസ്**

225(1813) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി-വൈപ്പിൻ റൂട്ടിൽ റോ റോ സർവ്വീസ് ആരംഭിച്ചതോടെ ജങ്കാർ സർവ്വീസിൽ വിവിധ വിഭാഗങ്ങളിലായി ജോലി ചെയ്തിരുന്ന തൊഴിൽ നഷ്ടമായ 36 ഓളം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഫോർട്ട് കൊച്ചി വൈപ്പിൻ റൂട്ടിൽ ജങ്കാർ സർവ്വീസ് നടത്തിയിരുന്നത് കരാർ വ്യവസ്ഥ പ്രകാരം കൊച്ചിൻ സർവ്വീസ് എന്ന സ്വകാര്യ സ്ഥാപനമാണ്. ടി ജങ്കാർ സർവ്വീസിൽ വിവിധ വിഭാഗങ്ങളിലായി ജോലി ചെയ്തിരുന്നത് കൊച്ചിൻ സർവ്വീസിന്റെ തൊഴിലാളികളാണ്. ഇവരെ നഗരസഭയോ സർക്കാരോ നിയമിച്ചിട്ടുള്ളതല്ല. ഇവരുടെ പുനരധിവാസത്തിനായി നടപടി സ്വീകരിച്ചിട്ടില്ല.

## ബി. എസ്. യു. പി. പദ്ധതി

226(1814) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. എസ്. യു. പി. പദ്ധതി പ്രകാരം തിരുവനന്തപുരം കരിമഠം കോളനിയിൽ എത്ര വീടുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും അതിൽ കേന്ദ്ര വിഹിതമെത്രയാണെന്നും വെളിപ്പെടുത്താമോ;

(സി) രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 320 യൂണിറ്റുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി 20.3 കോടി രൂപ ചെലവായിട്ടുണ്ട്. ഇതിൽ 4.95 കോടി രൂപ കേന്ദ്ര വിഹിതമാണ്.

(സി) അവസാനഘട്ടത്തിൽ ബാക്കിയുള്ള 240 ഭവനങ്ങൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.

## കോഴിക്കോട് അർബൻ മാസ്റ്റർ പ്ലാൻ

227(1815) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അർബൻ മാസ്റ്റർ പ്ലാനിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കോഴിക്കോടൻകുന്ന് പ്രദേശം ഇൻഡസ്ട്രിയൽ പ്രൊമോഷൻ സോണായി വിഭാവനം ചെയ്തതുകാരണം വാസഗൃഹനിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭ സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കോഴിക്കോടൻകുന്ന് പ്രദേശം മാസ്റ്റർപ്ലാനിന്റെ ഭാഗമായി വ്യവസായ മേഖലയായി പ്രഖ്യാപിച്ചതിനെ തുടർന്ന് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് വല്ലതും ഉണ്ടായിട്ടുണ്ടോയെന്ന് വിശദമായി പരിശോധിച്ച് കേരള നഗര ഗ്രാമാസൂത്രണ ആക്ട് 2016 സെക്ഷൻ 50(3) പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി പ്ലാനിൽ വ്യതിയാനം വരുത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മുഖ്യ നഗരാസൂത്രകനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം

228(*T1816) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി സർക്കാർ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; അറിയിക്കുമോ;

(ബി) പ്രസ്തുത ജംഗ്ഷന്റെ വികസനം എത്ര വർഷംകൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

*മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ & ബി) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് പദ്ധതിയൊന്നും നിലവിലില്ല.

**വിമാനത്താവളങ്ങൾക്കുചുറ്റുമുള്ള റെഡ് സോൺ മേഖലയുടെ പരിധി**

229(1817) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങൾക്കു ചുറ്റുമുള്ള റെഡ് സോൺ മേഖലയുടെ പരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കെട്ടിടങ്ങളുടെ ഉയരത്തിൽ ഇപ്പോൾ അനുവദനീയമായ പരിധി എത്രയെന്നും ഇതിൽ വർദ്ധനവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2017-ൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ പുറത്തിറക്കിയ കളർ കോഡഡ് സോണിംഗ് മാപ്പ് പ്രകാരം റെഡ് സോൺ ഒഴികെയുള്ള മേഖലകളിൽ 35 മീറ്റർ മുതൽ 105 മീറ്റർ വരെ ഉയരം Mean Sea level-ൽ നിന്നും അനുവദനീയമാണ്. 2018-ൽ എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ പുറത്തിറക്കിയ പുതുക്കിയ കരട് കളർ കോഡഡ് സോണിംഗ് മാപ്പ് പ്രകാരം റെഡ് സോൺ ഒഴികെയുള്ള മേഖലകളിൽ 10 മീറ്റർ മുതൽ 140 മീറ്റർ വരെ Mean Sea Level-ൽ നിന്നും അനുവദനീയമാണ്.

കെട്ടിടങ്ങളുടെ ഉയരത്തിലെ അനുവദനീയമായ പരിധിയിൽ വർദ്ധനവ് വരുത്തുന്ന കാര്യം തീരുമാനിക്കുന്നത് എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ്.

## ന്യൂനപക്ഷ കമ്മീഷൻ നൽകിയ നിർദ്ദേശം

230(1818) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എ.എസ്. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ കമ്മീഷൻ നൽകിയ നിർദ്ദേശത്തിന്മേൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്ത് തീരുമാനം എടുത്തു; പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് കമ്മീഷൻ നൽകിയ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കെ.എ.എസ്. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ജീവനക്കാരായി എത്ര പേർ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവരുണ്ട് എന്ന കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ന്യൂനപക്ഷ കമ്മീഷൻ ചെയർമാന് ക്യാബിനറ്റ് പദവി നൽകുന്ന തീരുമാനം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കെ.എ.എസ്. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ കമ്മീഷൻ ഈ വകുപ്പിന് നിർദ്ദേശമൊന്നും നൽകിയിട്ടില്ല. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നൽകിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കണക്കെടുത്തിട്ടില്ല.

(സി) പരിഗണനയിലില്ല.

## ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാ ഓഫീസുകൾ

231(1819) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാ തലത്തിൽ ഓഫീസുകൾ ആരംഭിക്കുമെന്ന വാഗ്ദാനം നടപ്പാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ജില്ലാ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ക്രോഡീകരിക്കുന്നതിനും ക്രിയാത്മകമായി നടപ്പാക്കുന്നതിനും ജില്ലകളിൽ പ്രവർത്തിക്കുന്ന സെല്ലുകളും കോച്ചിംഗ് സെന്ററുകളും കൂടുതൽ ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ-സി) വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ക്രോഡീകരിക്കുന്നതിനും ക്രിയാത്മകമായി നടപ്പാക്കുന്നതിനും 10-8-2015-ലെ സ.ഉ.(പി)നമ്പർ 217/15/പൊഭവ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ സംരക്ഷിത അദ്ധ്യാപകരെ ജില്ലാ ആഫീസർമാരായി നിയമിച്ചുകൊണ്ടും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്, ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ, ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെല്ലുകൾ എന്നീ സ്ഥാപനങ്ങളിലെ തസ്തികകൾ പുനർവിന്യസിച്ചുകൊണ്ടും ന്യൂനപക്ഷ ഡയറക്ടറേറ്റിന് കീഴിൽ 14 ജില്ലകളിലും ജില്ലാ ആഫീസുകൾ രൂപീകരിക്കുന്നതിന് ഉത്തരവായിരുന്നു. ഇത്തരത്തിൽ തസ്തികകൾ പുനർ വിന്യസിക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ജില്ലാ ആഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**പുതിയതായി ആരംഭിച്ച ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

232(1820) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിയുടെ കീഴിലും നാളിതുവരെ എത്ര തുക വകയിരുത്തിയിട്ടുണ്ട്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ നിർത്തലാക്കിയത്; ഇതുമൂലം എത്ര ഗുണഭോക്താക്കൾക്കാണ് ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ)1) വിധവ/വിവാഹ ബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി. ഈ പദ്ധതിക്ക് 2017-18 വർഷം വകയിരുത്തിയ 500 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(2) എസ്.എസ്.എൽ.സി./പ്ലസ്ടു./വി.എച്ച്.എസ്.ഇ./ബിരുദ /ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്. ഈ പദ്ധതിയിൽ 2016-17 വർഷം 150 ലക്ഷം രൂപയും 2017-18 വർഷം 250 ലക്ഷം രൂപയും വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ മൂന്ന് പുതിയ പദ്ധതികൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്.

1. നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (വകയിരുത്തിയ തുക 75 ലക്ഷം)

2. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (വകയിരുത്തിയ തുക 60 ലക്ഷം)

3. ന്യൂനപക്ഷ യുവജനങ്ങൾക്കുള്ള പ്രീ മാരിറ്റൽ കൗൺസിലിംഗ് പദ്ധതി (വകയിരുത്തിയ തുക 80 ലക്ഷം)

(ബി) പദ്ധതികളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല.

## ന്യൂനപക്ഷ മേഖലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

233(1821) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ മേഖലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായുള്ള പദ്ധതിയിൽ ഈ വർഷം ഉൾപ്പെടുത്തിയ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുക എത്രയെന്നും ഇവ എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ 2018-19 വർഷത്തെ കുടിവെള്ള പദ്ധതിക്കായുള്ള പ്രൊപ്പോസലുകളുടെ അന്തിമ തീരുമാനമായിട്ടില്ല.

## ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമവും ഉന്നമനവും

234(1822) ശ്രീ. എ. എം. ആരിഫ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്താൽ നടപ്പാക്കി വരുന്ന മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാമിൽ (എം.എസ്.ഡി.പി.) ഏതെല്ലാം മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പുകൾ ഏതൊക്കെയാണ്;

(ഡി) പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്കായി നടപ്പാക്കിവരുന്ന കരിയർ ഗൈഡൻസ് പരിശീലന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1.സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.

2. വിധവ/വിവാഹബന്ധം വേർപെടുത്തിയ /ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി.

3. ഹൈസ്കൂൾ, ഹയർ സെക്കൻഡറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.

4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം.

5. എസ്.എസ്.എൽ.സി./പ്ലസ്ടു/വി.എച്ച്.എസ്.ഇ./ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതി.

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.

10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായ പദ്ധതി.

12. എസ്.എസ്.എൽ.സി. / പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP)

14. മദ്രസ്സാ ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്കുള്ള ചികിത്സാ ധനസഹായ പദ്ധതി.

15. മദ്രസ്സാ ക്ഷേമനിധി അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.

16. മദ്രസ്സാ ക്ഷേമനിധി അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന പലിശരഹിത ഭവനവായ്പാ പദ്ധതി.

ഈ സാമ്പത്തിക വർഷം അനുമതി നൽകിയിട്ടുള്ള പുതിയ പദ്ധതികൾ:

1. നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.

2. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.

3. ന്യൂനപക്ഷ യുവജനങ്ങൾക്കുള്ള പ്രീ-മാരിറ്റൽ കൗൺസിലിംഗ് പദ്ധതി.

(ബി) വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം നിലവിൽ നടപ്പിലാക്കുന്നത്. വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകൾക്കാണ് ഈ പദ്ധതി പ്രാമുഖ്യം നൽകുന്നത്. വിദ്യാഭ്യാസ മേഖലകളിലെ പദ്ധതികൾക്ക് തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത സ്കൂളുകളിൽ അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം, ആരോഗ്യ മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് അധിക വാർഡ്, അധിക കെട്ടിടങ്ങളുടെ നിർമ്മാണം, കുടിവെള്ള മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവിക്കുന്നവർക്ക് അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ടി പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു.

(സി) ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന സ്കോളർഷിപ്പുകൾ നൽകിവരുന്നു.

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.

2. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്

3. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്

4. സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ്.

5. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് റീ-ഇംബേഴ്സ്മെന്റ്

6. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

7. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മദ്രസാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ്.

കൂടാതെ ഈ സാമ്പത്തിക വർഷം നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കും സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കും അനുമതി നൽകിയിട്ടുണ്ട്.

(ഡി) വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠന മേഖലകൾ കണ്ടെത്തുന്നതിനായി ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി. പ്ലസ്ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിശീലനം നൽകിവരുന്നു. ബി.പി.എൽ. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിക്കൊണ്ട് 30 ശതമാനം സീറ്റുകൾ പെൺകുട്ടികൾക്കും 20 ശതമാനം സീറ്റുകൾ മറ്റ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്കും സംവരണം ചെയ്തിരിക്കുന്നു. കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസനം, നേതൃത്വ പാടവം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധരായ പരിശീലകരാണ് ക്യാമ്പിന് നേതൃത്വം നൽകുന്നത്.

## ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിലുള്ള ഭവന നിർമ്മാണ പദ്ധതി

235(1823) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിലുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഓരോവർഷവും എത്ര ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് സഹായം നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ വീതം നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിച്ച വീടുകളിൽ എത്ര എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഗുണഭോക്താക്കൾക്ക് പൂർണ്ണമായും തുക വിതരണം ചെയ്തിട്ടുണ്ടോയെന്നും ആദ്യ ഗഡുപോലും ലഭിക്കാത്ത എത്ര ഗുണഭോക്താക്കൾ ബാക്കിയുണ്ടെന്നും വിശദമാക്കാമോ;

(സി) യഥാസമയം തുക വിതരണം നടത്താത്തത് കാരണം നിർമ്മാണം നിലച്ച വീടുകൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക മുഴുവൻ അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന് കീഴിൽ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 1240 ഗുണഭോക്താക്കൾക്കായി 3100 ലക്ഷം രൂപ നീക്കിവയ്ക്കുകയും ആയത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 1798 പുതിയ ഭവനങ്ങൾക്കും 1000 ഭവനങ്ങളുടെ

പുനരുദ്ധാരണത്തിനുമായി 5000 ലക്ഷം രൂപ നീക്കിവയ്ക്കുകയും ആയത് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 5000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഇതുവരെ 704 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുമുണ്ട്. 2017-18 സാമ്പത്തിക വർഷം അനുവദിച്ച വീടുകളുടെ ഫീൽഡ് വെരിഫിക്കേഷനടക്കമുള്ള നടപടിക്രമങ്ങൾക്കുശേഷം ജില്ലാ കളക്ടറുമായി കരാർ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. പദ്ധതി പ്രകാരം കരാർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമാണ് 3 ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുക അനുവദിക്കുന്നത്. ഇതനുസരിച്ചിട്ടുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) വകുപ്പിന്റെ ഭവന പദ്ധതിയിൽ യഥാക്രമം തുക വിതരണം നടത്താത്തത് കാരണം നിർമ്മാണം നിലച്ച വീടുകളൊന്നുംതന്നെയില്ല.

**ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷൻ**

236(1824) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷന്റെ ഹെഡ് ഓഫീസിലും ബ്രാഞ്ചുകളിലുമായി ആകെ എത്ര ജീവനക്കാർ ജോലിചെയ്യുന്നു; ഹെഡ് ഓഫീസ്; ബ്രാഞ്ച്, തസ്തിക, എണ്ണം എന്നിവ തരം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇവരുടെ നിയമനരീതി എപ്രകാരമായിരുന്നുവെന്ന് വെളിപ്പെടുത്താമോ; കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരാണെങ്കിൽ എത്ര കാലത്തേയ്ക്കാണ് കോൺട്രാക്ട് നിയമനം എന്ന് വെളിപ്പെടുത്താമോ;

(സി) കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെയെല്ലാം സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയതായി ആർക്കെങ്കിലും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നൽകുവാനും സ്ഥിരപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നാളിതുവരെ ജോലിചെയ്യുവരെ തെരഞ്ഞെടുത്തതിന് സ്വീകരിച്ചു വന്നിരുന്ന മാനദണ്ഡം എന്തായിരുന്നു; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കരാർ, ദിവസ വേതനം, ഡെപ്യൂട്ടേഷൻ എന്നീ അടിസ്ഥാനത്തിലാണ് ഇതുവരെ നിയമനങ്ങൾ നടത്തിവന്നിട്ടുള്ളത്. കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കാണ് നിയമനം.

(സി) ഉദ്ദേശിക്കുന്നില്ല.

(ഡി) ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രങ്ങളിൽ പരസ്യപ്പെടുത്തി അപേക്ഷ സ്വീകരിച്ച് ഇന്റർവ്യൂ ബോർഡ് മുഖാന്തരം ഇന്റർവ്യൂ നടത്തി അവരുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവുംകൂടി കണക്കിലെടുത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാണ് ഇതുവരെ ജോലി ചെയ്യുവരെ തെരഞ്ഞെടുത്തിട്ടുള്ളത്.

## കേന്ദ്ര വഖഫ് കൗൺസിൽ സെക്രട്ടറി അനധികൃത സ്വത്ത് സമ്പാദിച്ചു എന്ന പരാതി

237(1825) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വഖഫ് കൗൺസിൽ സെക്രട്ടറി സംസ്ഥാന വഖഫ് ജോലിയിലിരിക്കേ അനധികൃത സ്വത്ത് സമ്പാദിച്ചു എന്ന പരാതിയിൽ വിജിലൻസ് അന്വേഷണത്തിന് വഖഫ് ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) പ്രാഥമിക അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അന്വേഷണത്തിൽ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) കേരള സ്റ്റേറ്റ് വഖഫ് ബോർഡ് മുൻ എക്സിക്യൂട്ടീവ് ഓഫീസറും ഇപ്പോൾ കേന്ദ്ര വഖഫ് കൗൺസിൽ സെക്രട്ടറിയുമായ ശ്രീ. ബി. എം. ജമാലിനെതിരെ അനധികൃത സ്വത്ത് സമ്പാദ്യം സംബന്ധിച്ച നടത്തിയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സി.വി.22/16/എസ്.സി.കെ. നമ്പർ കോൺഫിഡൻഷ്യൽ വെരിഫിക്കേഷനിൽ കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമപ്രകാരം വി.സി.1/18/എസ്.സി.കെ. നമ്പർ പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

**ഹജ്ജ് കമ്മിറ്റി പുനഃസംഘടന**

238(1826) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഏതൊക്കെ മേഖലയിൽ നിന്ന് എത്ര വീതം പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 20-7-2018-ൽ

(ബി) കാലാവധി തീരുന്ന മുറയ്ക്ക് ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതാണ്.

(സി) 2002-ലെ ഹജ്ജ് കമ്മിറ്റി ആക്ടിലെ 18-ാം വകുപ്പ് പ്രകാരം വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് 16 അംഗങ്ങളുള്ള കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഹജ്ജ് തീർത്ഥാടനം**

239(1827) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കാറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ട് വർഷം കേന്ദ്രത്തിൽ നിന്ന് എത്ര തുക ധനസഹായമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിലേയ്ക്ക് എത്ര തവണ കത്ത് അയച്ചിട്ടുണ്ട് ; പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ഹജ്ജ് വോളണ്ടിയർമാരായി (ഖാദിമുൽ ഹുജ്ജാജ്) പോകുന്നവരുടെ മൊത്തം ചെലവിന്റെ 50 ശതമാനം കേന്ദ്ര ഹജ്ജ് കമ്മിറ്റിയാണ് വഹിക്കുന്നത്. കൂടാതെ ഹജ്ജ് അപേക്ഷകരിൽ നിന്നും ലഭിക്കുന്ന അപേക്ഷാ ഫീസിന്റെ മൂന്നിൽ രണ്ട് ഭാഗവും ഹജ്ജ് ക്യാമ്പ് സംഘടിപ്പിക്കുന്ന വകയിലും കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കാറുണ്ട്.

(ബി) ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ട് വർഷം കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും ലഭിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(സി) 2018-ലെ പുതിയ ഹജ്ജ് നയം, 2017, 2018 വർഷങ്ങളിലെ ഹജ്ജ് തീർത്ഥാടനം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാന ഹജ്ജ് കമ്മിറ്റി 11 തവണ കേന്ദ്ര സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ട്. ടി കത്തുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

**വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനം**

240(1828) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി ഇപ്പോൾ നടക്കുന്ന വേഗതയിൽ പണി തുടർന്നാൽ പ്രഖ്യാപിത ദിവസത്തിന് മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ ;

(ബി) പദ്ധതിയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം-നാഗർകോവിൽ റെയിൽപാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന റെയിൽവെ പാതയുടെ നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ദേശീയ പാത 66 നെയും, തുറമുഖത്തേയും ബന്ധിപ്പിക്കുന്ന നാല് വരി പാതയുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി പൂർണ്ണതോതിൽ ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ ;എങ്കിൽ പ്രസ്തുത പാതയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ?

ഉത്തരം

(എ & ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കൺസഷൻ കരാർ പ്രകാരം 2019 ഡിസംബർ 4-ാം തീയതി പണി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 2017 നവംബർ 30-നുണ്ടായ ഓഖി ചുഴലിക്കാറ്റിൽ യന്ത്രസാമഗ്രികൾക്കും നിർമ്മാണ പ്രവൃത്തികൾക്കുമുണ്ടായ നാശനഷ്ടങ്ങൾ കാരണം നിർമ്മാണ പ്രവൃത്തി 16 മാസം വരെ നീണ്ടുപോകാമെന്ന് അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. പ്രധാന പ്രവൃത്തിയായ പുലിമുട്ടിന്റെ പണി 1600 മീറ്റർ നീളം പൂർത്തീകരിക്കേണ്ട സമയത്ത് 600 മീറ്റർ ആണ് ഇപ്പോൾ പൂർത്തിയായത്. ആയതിനാൽ കൂടുതൽ ശേഷിയുള്ള ഡ്രഡ്ജറുകൾ ഉപയോഗിച്ച് റിക്ലമേഷൻ ജോലികൾ ത്വരിതപ്പെടുത്തി നിശ്ചിത സമയത്തുതന്നെ പണി പൂർത്തീകരിക്കാൻ അദാനി തുറമുഖ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) റെയിൽപാതയുടെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാഥമിക പഠനങ്ങൾ നടത്തുവാൻ RITES, RVNL തുടങ്ങിയ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചിരുന്നത്. ഇവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തുരങ്കമാർഗ്ഗമുള്ള റെയിൽ പാതയാണ് പദ്ധതിക്ക് അനുയോജ്യമെന്ന് കണ്ടെത്തുകയും കൊങ്കൺ റെയിൽ കോർപ്പറേഷനെ ടി പദ്ധതിയുടെ വിശദ പഠനവും നിർമ്മാണവും ഏൽപ്പിച്ചുകൊണ്ട് 2018, ഫെബ്രുവരി 20-ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊങ്കൺ റെയിൽ കോർപ്പറേഷൻ 2018 ജൂൺ മാസത്തിൽ പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(ഇ) റോഡ് നിർമ്മാണത്തിനുള്ള ഭൂമി പൂർണ്ണമായും ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. 1.8 കി.മീ. നീളമുള്ള നാലുവരി പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജലാശയങ്ങളും കുളങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) എന്ന സ്ഥാപനം വഴി പഠനം നടത്തിവരികയാണ്.

## വിഴിഞ്ഞം പദ്ധതി

241(1829) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിക്കായി എത്ര ഏക്കർ ഭൂമിയാണ് ഇനി ഏറ്റെടുത്ത് നൽകേണ്ടത്; ഇതിനായുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നവർക്ക് നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തുറമുഖ നിർമ്മാണം തുടങ്ങുമ്പോൾ തന്നെ സ്ഥലം പൂർണ്ണമായും ഏറ്റെടുത്ത് തുറമുഖ കമ്പനിക്ക് കൈമാറണമെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ;

(ഡി) ഏറ്റെടുക്കുവാൻ വൈകുന്ന ഓരോ ദിവസവും ഏക്കറിന് എന്ത് തുകയാണ് കരാർ പ്രകാരം സർക്കാർ തുറമുഖ കമ്പനിക്ക് നഷ്ടപരിഹാരമായി നൽകേണ്ടതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിക്കായി 29.8 ഏക്കർ ഭൂമിയാണ് ഇനി ഏറ്റെടുത്ത് നൽകേണ്ടത്. CRZ-1 മേഖലയിൽ ഉൾപ്പെടുന്ന ഭൂമിയിലെ നിർമ്മിതികളുടെ വില നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. ഈ പ്രദേശത്തെ ഭൂമിവില നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നവർക്ക് ചുവടെപ്പറയും പ്രകാരമുള്ള നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

1. ഭൂമിയുടെ വില.

2. വീടുള്ള ഭൂമി കൈമാറുന്നവർക്ക് പകരം 5 സെന്റ് ഭൂമി.

3. കൈമാറുന്ന ഭൂമിയിലുള്ള വീടുകൾക്ക് PWD നിശ്ചയിക്കുന്ന വിലയുടെ 50% അധികതുക (ഇത് കുറഞ്ഞത് 3 ലക്ഷം എന്ന രീതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്.) മറ്റ് നിർമ്മിതികൾക്ക് PWD നിശ്ചയിക്കുന്ന വില.

4. ജീവനോപാധി നഷ്ടമായും, വാടക ഇനത്തിലും ഹാർഡ്ഷിപ്പ് അലവൻസായും 6 മാസത്തേയ്ക്ക് നഷ്ടപരിഹാരം.

(സി) തുറമുഖ നിർമ്മാണത്തിന്റെ നിയുക്ത തീയതിക്കു മുമ്പായി തുറമുഖ നിർമ്മാണത്തിന് ആവശ്യമായ 90%-ത്തിൽ കുറയാതെ, ഭൂമി കൈമാറണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പാലിച്ചിട്ടുണ്ട്.

(ഡി) ശേഷിക്കുന്ന ഭൂമി 12-5-2017-ന് മുമ്പായി ഏറ്റെടുത്ത് കൈമാറേണ്ടതായിരുന്നു. ഏറ്റെടുത്ത് കൈമാറുവാൻ വൈകുന്ന ഓരോ ദിവസവും ഏക്കറിന് 8093.72 രൂപ കരാർ പ്രകാരം അദാനി കമ്പനിക്ക് നഷ്ടപരിഹാരം നൽകേണ്ടിവരും.

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

242(1830) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) കരാർ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായോ;

(സി) ഇല്ലെങ്കിൽ കരാർ ലംഘനത്തിന് നിയമ നടപടികൾ സ്വീകരിക്കുമോ;

(ഡി) തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ 600 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ നീളമുള്ള ബെർത്തിന് വേണ്ടിയുള്ള 615 പൈലുകളിൽ 278 എണ്ണം താഴ്ത്തിക്കഴിഞ്ഞിട്ടുണ്ട്. പുലിമുട്ടിന്റെ പുറംചട്ടയായി ഇടുന്നതിന് വേണ്ടിവരുന്ന 16,000-ത്തോളം കോൺക്രീറ്റ് അക്രോപോഡുകളിൽ 4060 എണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. കടൽ നികത്തി കര ഭൂമിയാക്കേണ്ട 53 ഹെക്ടറിൽ 33 ഹെക്ടർ നികത്തിക്കഴിഞ്ഞു. ഇതുകൂടാതെ തുറമുഖത്തിനാവശ്യമായ കെട്ടിടങ്ങൾ, തുറമുഖത്തിലേയ്ക്കുള്ള നാലുവരിപാത, യാർഡ് തുടങ്ങിയവയുടെ പണികളും പുരോഗമിച്ചു വരുന്നു.

(ബി & സി) കൺസഷൻ കരാർ പ്രകാരം നിയമന തീയതിയിൽ നിന്നും 690-ാം ദിവസം (രണ്ടാം നാഴികക്കല്ല്- 2017 ഒക്ടോബർ 24) പദ്ധതിച്ചെലവിന്റെ 25% തുക ചെലവഴിച്ചുകഴിഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഈ തീയതിയിൽ 35.8% തുക ചെലവഴിച്ചതായി അദാനി കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇന്റേണൽ

ഓഡിറ്റർമാരുടെ വിലയിരുത്തൽ പ്രകാരം 21.75% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നാണ് കണക്കാക്കിയിരിക്കുന്നത്. അദാനി തുറമുഖ കമ്പനി അവകാശപ്പെട്ട ചില ചെലവുകൾ കരാർ പ്രകാരമുള്ള ചെലവുകളായി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഈ വ്യത്യാസം. തുടർന്ന്, കൺസഷൻ കരാറിലെ ഷെഡ്യൂൾ-ജി പ്രാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വന്നതിനാൽ അദാനി കമ്പനിയോട് നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) തുറമുഖ നിർമ്മാണ കരാർ അനുസരിച്ച് പദ്ധതിക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള ചുമതല കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. നിർമ്മാണത്തിന് ആവശ്യമായ പാറയുടെ ലഭ്യത കുറവാണെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും പാറയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

243(1831) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം 2019 ഡിസംബർ 19-ന് പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തുറമുഖത്തിനാവശ്യമായ പാറ നഗരൂർ പഞ്ചായത്തിലെ ആയിരവില്ലി കുന്നിൽ നിന്നും എടുക്കുന്നതിന് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; പ്രസ്തുത സ്ഥലത്ത് നിന്നും പാറപൊട്ടിക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രതിബന്ധം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പാറ ലഭിക്കാത്തതുമൂലം തുറമുഖ നിർമ്മാണം മന്ദഗതിയിൽ ആയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള പ്രതിസന്ധി നീക്കി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമ്മാണത്തിന് വെള്ളം, വൈദ്യുതി, റെയിൽ തുടങ്ങിയ ബാഹ്യാടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടത് അതോറിറ്റി (സർക്കാർ)യുടെ ചുമതലയാണ്. ഇതിൽ തുറമുഖത്തിലേയ്ക്ക് വെള്ളം എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 220 KV വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. തുറമുഖത്തിലേയ്ക്കുള്ള റെയിൽ പാത നിർമ്മാണത്തിന് കൊങ്കൺ റെയിൽ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതിക്കുവേണ്ടി ഏറ്റെടുത്തുനൽകേണ്ട ഭൂമിയുടെ 92% കരാറുകാരന് കൈമാറിയിട്ടുണ്ട്.

(ബി) ഉണ്ട്. ചില പ്രാദേശിക എതിർപ്പുകളുണ്ടെന്ന് അദാനി കമ്പനി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കരാർ അനുസരിച്ച് 2019 ഡിസംബറിലാണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. ഇതനുസരിച്ച് തയ്യാറാക്കിയിട്ടുള്ള സമയ പട്ടിക പ്രകാരം, 2018 ജൂൺ മാസത്തിൽ 1600 മീറ്റർ നീളം പുലിമുട്ട് പൂർത്തീകരിക്കേണ്ട സമയത്ത് 600 മീറ്റർ ആണ് ഇപ്പോൾ പൂർത്തിയായത്. പുലിമുട്ട് നിർമ്മാണത്തിന് പാറ ലഭിക്കുന്നില്ലെന്ന് അദാനി കമ്പനി പരാതിപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തി കരാർ പ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അദാനി കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രവർത്തന സജ്ജമായ തുറമുഖങ്ങൾ**

244(1832) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ എത്ര തുറമുഖങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) പ്രവർത്തനരഹിതമായ എത്ര തുറമുഖങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും കഴിഞ്ഞ 2 വർഷം തുറമുഖങ്ങളുടെ നവീകരണത്തിനായി എത്ര തുക ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ നാല് തുറമുഖങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **തുറമുഖം** | **ജില്ല** |
|---|---|
| വിഴിഞ്ഞം | തിരുവനന്തപുരം |
| കൊല്ലം | കൊല്ലം |
| ബേപ്പൂർ | കോഴിക്കോട് |
| അഴീക്കൽ | കണ്ണൂർ |

(ബി) സംസ്ഥാനത്ത് പ്രവർത്തനരഹിതമായ 13 തുറമുഖങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **തുറമുഖം** | **ജില്ല** |
|---|---|
| വലിയതുറ | തിരുവനന്തപുരം |
| നീണ്ടകര | കൊല്ലം |
| കായംകുളം | ആലപ്പുഴ |
| ആലപ്പുഴ | ആലപ്പുഴ |
| കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| കോഴിക്കോട് | കോഴിക്കോട് |
| വടകര | കോഴിക്കോട് |
| പൊന്നാനി | മലപ്പുറം |
| കണ്ണൂർ | കണ്ണൂർ |
| തലശ്ശേരി | കണ്ണൂർ |
| കാസർഗോഡ് | കാസർഗോഡ് |
| മഞ്ചേശ്വരം | കാസർഗോഡ് |
| നീലേശ്വരം | കാസർഗോഡ് |

(സി) Centrally Sponsored Scheme ആയ സാഗർമാല വഴി 3.61 കോടി രൂപ കൊല്ലം മൾട്ടി പർപ്പസ് ബർത്തിനുവേണ്ടി അനുവദിച്ചിട്ടുണ്ട്.

**നോൺ മേജർ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി**

245(1833) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ;

(ബി) മലബാറിലെ വാണിജ്യ വ്യവസായ കുതിപ്പിനു വഴിവെക്കുന്ന അഴീക്കൽ തുറമുഖവികസന പദ്ധതിയുടെ വിശദാംശവും നിലവിലെ പുരോഗതിയും അറിയിക്കാമോ ;

(സി) കൊല്ലം പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) പൊതു സ്വകാര്യ പങ്കാളിത്തത്തിൽ വികസിപ്പിക്കുന്ന പൊന്നാനി തുറമുഖ നിർമ്മാണം ഏതു ഘട്ടത്തിലാണ് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനും, ചരക്കുനീക്കം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സമഗ്രമായ തീരദേശകപ്പൽ ഗതാഗതപദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. 20 കോടി രൂപ മുതൽ മുടക്കിൽ കൊല്ലം തുറമുഖത്ത് 100 മീറ്റർ വാർഫിന്റെ പണി പൂർത്തിയായി വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വാർഫിന്റെ ബാക്കിഭാഗം നിർമ്മിക്കുന്നതിന് സാങ്കേതിക പഠനത്തിന് കൺസൾട്ടന്റിനെ നിയമിച്ചു കഴിഞ്ഞു.

2. ബേപ്പൂർ തുറമുഖത്ത് പടിഞ്ഞാറ് ഭാഗത്തായി 200 മീറ്റർ വാർഫിന്റെ നിർമ്മാണം ഈ സാമ്പത്തികവർഷം തുടങ്ങാൻ സാധിക്കുന്ന വിധത്തിൽ പ്രവർത്തനം നടത്തിവരുന്നു. ഇതിന്റെ വിശദമായ പഠനറിപ്പോർട്ട് ഐ.ഐ.ടി, ചെന്നൈ മുഖാന്തരം തയ്യാറാക്കി വരുന്നു. നിർമ്മാണപ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖാന്തരം നടപ്പിലാക്കുന്നത്.

3. തീരദേശകപ്പൽ ഗതാഗത പദ്ധതി വികസിപ്പിക്കുന്നതിനായി വലിയ കപ്പലുകൾക്ക് വരാൻ സാധിക്കുന്ന വിധത്തിൽ ചെറുകിട തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായുള്ള സാമ്പത്തിക/സാങ്കേതിക സാദ്ധ്യതാ പഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്.

(ബി) അഴീക്കൽ തുറമുഖവികസനത്തിനുവേണ്ടി Azhikkal Port Limited എന്ന പേരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി പ്രത്യേക കമ്പനി (SPV) രൂപീകരിക്കുകയും രണ്ട് ഘട്ടമായി വികസിപ്പിക്കുന്ന തുറമുഖത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക പഠനം പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും M/s.Howe Engineering Projects India Pvt Ltd. എന്ന കമ്പനിയെ Technical Consultant ആയി നിയമിക്കുകയും ചെയ്തു.

(സി) 100 മീറ്റർ നീളമുള്ള കൊല്ലം പാസ്സഞ്ചർ ടെർമിനലിന്റെ പണി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പൊന്നാനി തുറമുഖം മലബാർ പോർട്സ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് വികസിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുലിമുട്ടിന്റെ നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ നടന്നുവരുന്നു.

## കൊല്ലം തുറമുഖ വികസനം

246(1834) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം തുറമുഖത്ത് ചരക്ക് ഗതാഗത പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം തുറമുഖത്തെ തൊഴിൽ പ്രശ്നങ്ങൾ തുറമുഖത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തുറമുഖത്ത് കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ അംഗീകൃത കയറ്റിറക്ക് നിരക്കുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൊല്ലം തുറമുഖത്തിലെ പാസ്സഞ്ചർ ടെർമിനലിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) കൊല്ലം തുറമുഖത്തുനിന്ന് യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി സ്വീകരിച്ചു വരുന്ന മറ്റ് നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ തീരദേശ കപ്പൽ ഗതാഗതപദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം തുറമുഖത്ത് എല്ലാവിധ ചരക്കുകളും കൈകാര്യം ചെയ്യത്തക്ക വിധത്തിൽ വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്തിലേയും, മറ്റ് ചെറുകിട തുറമുഖങ്ങളിലേയും ചരക്കുനീക്കം വർദ്ധിപ്പിക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പോർട്ടിലെ അടിസ്ഥാന സൗകര്യങ്ങൾക്കും സേവനങ്ങൾക്കും ഉള്ള നിരക്ക് ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

2. ചരക്ക നീക്കത്തിനുള്ള ഇൻസെന്റീവ് ഒരു മെട്രിക് ടണ്ണിന് കി.മീറ്ററിന് 1 രൂപ എന്നത് മൂന്ന് രൂപയായി വർദ്ധിപ്പിച്ചു.

3. കൊല്ലം തുറമുഖത്ത് ഒരു ആധുനിക സിമന്റ് ടെർമിനൽ പി.പി.പി. മോഡലിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഏകദേശം 5 ലക്ഷം ടൺ സിമന്റ് കൊല്ലം തുറമുഖം വഴി കൈകാര്യം ചെയ്യാൻ സാധിക്കും. സിമന്റ് ടെർമിനലിന്റെ പണി പൂർത്തിയാകുന്നതിന് മുമ്പ് തന്നെ തുറമുഖം വഴി സിമന്റ് നീക്കം ആരംഭിക്കാൻ ആലോചിക്കുന്നുണ്ട്.

(ബി) കൊല്ലം തുറമുഖത്ത് ചരക്കുകളുടെ കയറ്റിറക്കുമതി കൂലി ഏകീകരിച്ച് നിശ്ചയിക്കാത്തതിനാൽ ഷിപ്പിംഗ് കമ്പനികൾ തുറമുഖത്തു വരുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. ഈ നിരക്കുകൾ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ലേബർ ഓഫീസറുടെ നേതൃത്വത്തിൽ മീറ്റിംഗ് കൂടിയെങ്കിലും തീരുമാനമായില്ല. തുടർ ചർച്ചകൾ നടത്തുന്നതാണ്.

(സി) നിലവിൽ അംഗീകരിച്ചിട്ടുള്ള ചരക്കുകളുടെ അംഗീകൃത കയറ്റിറക്ക് നിരക്കുകൾ സംബന്ധിച്ച വിശദാംശം Annexure ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ഡി) പാസ്സഞ്ചർ ടെർമിനലിന്റെ പണി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഇ) പാസ്സഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കൊല്ലം-മിനിക്കോയ് യാത്രാകപ്പൽ സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. തുറമുഖ ഡയറക്ടർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ പ്രതിനിധി, കൊല്ലം പോർട്ടോഫീസർ, കോഴിക്കോട് പോർട്ടോഫീസർ എന്നിവരെ മിനിക്കോയിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കണ്ണൂർ അഴീക്കൽ തുറമുഖ നിർമ്മാണം**

247(1835) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അഴീക്കൽ തുറമുഖ നിർമ്മാണത്തിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; അതിനായി ടെക്നിക്കൽ കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എപ്രകാരമാണ് തുറമുഖ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; പൊതു -സ്വകാര്യ പങ്കാളിത്തത്തിലൂടെ തുറമുഖ നിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ;

(സി) ഈ പദ്ധതിക്കായി കിഫ്ബിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) മലബാറിന്റെ വികസനത്തിന് മുതൽക്കൂട്ടാകുന്ന അഴീക്കൽ തുറമുഖം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അഴീക്കൽ തുറമുഖവികസനം കാര്യക്ഷമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനുവേണ്ടി Azhikkal Port Limited എന്ന പേരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി പ്രത്യേക കമ്പനി (SPV) രൂപീകരിച്ച് കഴിഞ്ഞു. രണ്ട് ഘട്ടമായി വികസിപ്പിക്കുന്ന തുറമുഖത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക പഠനം പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും M/s.Howe Engineering Projects India Pvt Ltd. എന്ന കമ്പനിയെ Technical Consultant ആയി നിയമിച്ചിട്ടുണ്ട്.

(ബി) തുറമുഖ നിർമ്മാണത്തിനായി കിഫ്ബി മുഖാന്തരം 496 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റ് വിഭവ സമാഹരണ സാദ്ധ്യതകൾ പദ്ധതിയുടെ മാസ്റ്റർ പ്ലാനും, ഡി.പി.ആർ.-ഉം ലഭ്യമായതിനുശേഷം പരിശോധിക്കുന്നതാണ്. നിലവിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ നിർമ്മാണം നടത്തുന്നതിന് നിർദ്ദേശങ്ങളൊന്നും ഇല്ല.

(സി) അഴീക്കൽ തുറമുഖ വികസനത്തിന്റെ പ്രാരംഭഘട്ടം പൂർത്തീകരിക്കുന്നതിനായി കിഫ്ബി മുഖാന്തരം 496 കോടി രൂപ ലഭ്യമാക്കുന്നതാണ്. പദ്ധതി രേഖ തയ്യാറാക്കുന്ന മുറയ്ക്ക് അത് കിഫ്ബി ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്.

(ഡി) അഴീക്കൽ തുറമുഖവികസനം കാര്യക്ഷമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനുവേണ്ടി Azhikkal Port Limited എന്ന പേരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി പ്രത്യേക കമ്പനി രൂപീകരിച്ചുകഴിഞ്ഞു. രണ്ട് ഘട്ടമായി വികസിപ്പിക്കുന്ന തുറമുഖത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക പഠനം പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും M/s.Howe Engineering Projects India Pvt Ltd. എന്ന കമ്പനിയെ Technical Consultant ആയി നിയമിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖവികസനം സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിന് പദ്ധതി പ്രദേശത്തേക്കുള്ള റോഡ്/റെയിൽ ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട കേന്ദ്ര ഏജൻസിയായ ഐ.പി.ആർ.സി.എൽ.-മായി പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു. തുടർനടപടികൾ ആരംഭിച്ചതായി ഐ.പി.ആർ.സി.എൽ. അറിയിച്ചിട്ടുണ്ട്.

## തലശ്ശേരി തുറമുഖത്തിന്റെ സംരക്ഷണം

248(1836) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി തുറമുഖത്തിന്റെ സംരക്ഷണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഭാഗമായി എന്തെങ്കിലും മെയിന്റനൻസ് വർക്കുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19-ൽ ചെറുകിടതുറമുഖങ്ങളുടെ വികസനത്തിനായി "5051-02-200-86-ചെറുകിട തുറമുഖ വികസനം" എന്ന ശീർഷകത്തിൽ 3,19,00,000 (മൂന്ന് കോടി പത്തൊൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ഇതിൽ തലശ്ശേരി തുറമുഖവികസനവും ഉൾപ്പെടുന്നുണ്ട്.

(ബി) ഇല്ല.

## വെള്ളയിൽ, താനൂർ, അർത്തുങ്കൽ, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

249(1837) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കാൻ നിശ്ചയിച്ചിരുന്ന വെള്ളയിൽ, താനൂർ, അർത്തുങ്കൽ, മഞ്ചേശ്വരം എന്നീ നാലു മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എത്ര ഫണ്ടാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളതെന്നും അതിലെത്ര ചെലവാക്കിയെന്നും അറിയിക്കാമോ;

(സി) ഫണ്ട് ലഭ്യതയിൽ കുറവു വന്നിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ഡി) ഈ തുറമുഖങ്ങൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസഹായ പദ്ധതികളായ വെള്ളയിൽ ഫിഷിംഗ് ഹാർബർ 90%വും താനൂർ ഫിഷിംഗ് ഹാർബർ 86%വും അർത്തുങ്കൽ ഫിഷിംഗ് ഹാർബർ 30%വും പൂർത്തീകരിച്ചു. പ്രസ്തുത ഫിഷറി ഹാർബറുകളുടെ പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കാത്തതിനാൽ ശേഷിക്കുന്ന ഘടകങ്ങൾ പൂർത്തിയാക്കുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന് 61 കോടി രൂപയും താനൂർ ഫിഷിംഗ് ഹാർബറിന് 36 കോടി രൂപയും വെള്ളയിൽ ഫിഷിംഗ് ഹാർബറിന് 22 കോടി രൂപയും 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി അർത്തുങ്കൽ, താനൂർ എന്നീ ഫിഷിംഗ് ഹാർബറുകൾക്ക് 15 കോടി രൂപയുടെയും വെള്ളയിൽ ഫിഷിംഗ് ഹാർബറിന് 15.30 കോടി രൂപയുടെയും പ്രൊപ്പോസലുകൾ പരിശോധിച്ചു വരുന്നു. നബാർഡിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ 80% പൂർത്തീകരിച്ചു. പ്രവൃത്തി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. 2018 ഡിസംബറോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി)

| പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | അർഹമായ കേന്ദ്ര വിഹിതം (ലക്ഷത്തിൽ) | കേന്ദ്രത്തിൽ നിന്നും ലഭ്യമായ തുക (ലക്ഷത്തിൽ) | കേന്ദ്രത്തിൽ നിന്നും ലഭിക്കുവാനുള്ള തുക (ലക്ഷത്തിൽ) | ആകെ ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| അർത്തുങ്കൽ | 4939 | 3704.25 | 1050 | 2654.25 | 2316.64 |
| താനൂർ | 4487 | 3365.25 | 1550 | 1815.25 | 5764.57 |
| വെള്ളയിൽ | 3930.20 | 2947.65 | 1250 | 1697.65 | 4134.93 |
| മഞ്ചേശ്വരം | 4880 | 3660 | 100 | 3560 | 3902.60 |

ടി നാലു ഫിഷിംഗ് ഹാർബറുകളുടെയും ലഭ്യമായ കേന്ദ്ര ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

(സി) 97.27 കോടി രൂപയാണ് ഈ നാല് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രവിഹിതമായി ലഭിക്കുവാനുള്ളത്. എന്നാൽ കഴിഞ്ഞ 2 വർഷമായി ഈ പദ്ധതികൾക്ക് കേന്ദ്രവിഹിതം ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) അർത്തുങ്കൽ ഫിഷിംഗ് ഹാർബർ 2021 ഓട്ടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. താനൂർ, വെള്ളയിൽ ഫിഷിംഗ് ഹാർബറുകൾ 2019-ലും മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ 2018 ഡിസംബറോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

**തുറമുഖ വകുപ്പിലെ സ്പെഷ്യൽ റൂൾസിന്റെ ഭേദഗതി**

250(1838) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 3-5-2017-ലെ 5161/D1/2013 മ.തു.വ. കത്തിലെ നിർദ്ദേശപ്രകാരം വകുപ്പിലെ അംഗീകൃത സർവ്വീസ് സംഘടനകൾ ഭേദഗതികളൊന്നും നിർദ്ദേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 18-11-2016-ലെ യോഗത്തിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിലെയും നിയമവകുപ്പിലെയും ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ട പ്രകാരം തുറമുഖ വകുപ്പിലെ സ്പെഷ്യൽ റൂൾസിന്റെ ഭേദഗതി കൃത്യമായ മാതൃകയിൽ തയ്യാറാക്കി സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉടനെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) രജിസ്റ്ററിംഗ് അതോറിറ്റി ശ്രീ. കെ. ആർ. വിനോദിന്റെ പരാതിയനുസരിച്ച് സ്പെഷ്യൽ റൂൾസിന്റെ കരട് ഭേദഗതിയിൽ മാറ്റം വരുത്തുന്നതിന് സർക്കാരിൽ നിന്നോ തുറമുഖ ഡയറക്ടറിൽ നിന്നോ മറ്റേതെങ്കിലും ഔദ്യോഗികതലത്തിൽ നിന്നോ എന്തെങ്കിലും നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) സ്പെഷ്യൽ റൂൾസ് പരിഷ്കരണം സംബന്ധിച്ച തുറമുഖ വകുപ്പിലെ ബന്ധപ്പെട്ട ഫയൽ 23-1-2017 മുതൽ 19-3-2017 വരെ ആരുടെ കൈവശമായിരുന്നുവെന്ന് വ്യക്തമാക്കാമോ;എങ്കിൽ ആ വ്യക്തി ഏത് ഉത്തരവ് പ്രകാരമാണ് ഈ ഫയൽ കൈകാര്യം ചെയ്തതെന്ന് വിശദമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തുറമുഖ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയുള്ള ശ്രീ. കെ. ആർ. വിനോദ്, രജിസ്റ്ററിംഗ് അതോറിറ്റിയുടെ കൈവശമായിരുന്ന ഫയൽ. ഫയൽ കൈകാര്യം ചെയ്തത് പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല.

(ഇ) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## തലശ്ശേരി കടൽപ്പാലം സംരക്ഷണം

251(1839) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന, നൂറ്റാണ്ടുകൾ പഴക്കമുള്ളതും തുറമുഖ വകുപ്പിനു കീഴിലുള്ളതുമായ പഴകി ദ്രവിച്ച തലശ്ശേരി കടൽപ്പാലം സംരക്ഷിക്കുന്ന രീതിയിലുള്ള എന്തെങ്കിലും നടപടികൾ തുറമുഖ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

തലശ്ശേരി ബീച്ചിന്റെ വികസനത്തിന്റെ ഭാഗമായി കടൽപ്പാലത്തിന്റെ നവീകരണ പ്രവൃത്തിക്ക് 777 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ പാലം നവീകരിക്കാൻ കഴിയാത്തവിധം അപകടാവസ്ഥയിൽ ആയതിനാൽ നവീകരണ പ്രവൃത്തികൾ നടത്തുന്നത് അഭികാമ്യമല്ല എന്ന് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് അഭിപ്രായപ്പെടുകയുണ്ടായി. അതുകൊണ്ട് പാലത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചും നവീകരിക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ചും വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് National Institute of Technology-യെ ചുമതലപ്പെടുത്തുവാൻ കണ്ണൂരിലെ തുറമുഖ എഞ്ചിനീയറിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മ്യൂസിയങ്ങൾ

252(1840) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയം അന്തർദേശീയ നിലവാരത്തിൽ പുനഃരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ധസമിതിയുടെ നേതൃത്വത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതിന്റെ പ്രാരംഭ നടപടികൾക്കായി മ്യൂസിയം കെട്ടിടത്തിന്റെ കൺസർവേഷൻ നടത്തുന്നതിന് ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള സെന്റർ ഫോർ ഹെറിറ്റേജ് ഇൻഷ്യേറ്റീവ്സ് എന്ന ഏജൻസിയെ ഏൽപ്പിക്കുകയും, ഡി.പി.ആർ. സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ പുതുതായി ഹെറിറ്റേജ് മ്യൂസിയം നിർമ്മിച്ചുവരുന്നു. മ്യൂസിയം കെട്ടിട നിർമ്മാണത്തിന്റെ 95% പൂർത്തിയായി കഴിഞ്ഞു. കോഴിക്കോട് ആർട്ട് ഗ്യാലറി ആൻഡ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് ആദ്യഘട്ടമായി മ്യൂസിയം കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് കേരള നിർമ്മിതി കേന്ദ്രവുമായി നടപടികൾ സ്വീകരിക്കുകയും ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുന്നതിലേയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ തൃപ്പൂണ്ണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയത്തെ തീമാറ്റിക് ഇന്ററാക്ടീവ് തലത്തിലേയ്ക്ക് ഉയർത്തി ഇതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ ശാസ്ത്രീയമായ പ്രദർശനവും പ്രകാശ വിന്യാസവും നടപ്പിലാക്കിക്കൊണ്ടും മ്യൂസിയം സംബന്ധമായ വിവരങ്ങൾ വിശദമാക്കുന്ന കിയോസ്കുകൾ, വീഡിയോ പ്രദർശനങ്ങൾ, ഡിസ്ക്രിപ്ഷൻ ബോർഡുകൾ, മോഡലുകൾ തുടങ്ങിയവയും ആധുനിക രീതിയിലുള്ള ഇന്ററാക്ടീവ് തീയേറ്റർ റൂമും സജ്ജീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ മറ്റ് മ്യൂസിയങ്ങളുടേയും നിലവാരം ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും അവയെ അന്തർദേശീയ നിലവാരമുള്ളവയാക്കുന്നതിനുമായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ 'ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള' എന്ന സ്ഥാപനത്തെ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുകയും ഈ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ സ്ഥാപനങ്ങളിലെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മ്യൂസിയങ്ങൾ സന്ദർശിക്കുന്ന ഭിന്നശേഷിക്കാരായ സന്ദർശകർക്ക് ആവശ്യമായ സ്പെഷ്യൽ ടോയ്‌ലറ്റ്, റാമ്പ്, വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലിഫ്റ്റ്, വീൽചെയർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഭിന്നശേഷിയുള്ള സന്ദർശകർക്കും സാധാരണക്കാർക്കും വേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു പദ്ധതി പ്രദർശനവസ്തുക്കളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആധുനിക രീതിയിലുള്ള ദൃശ്യശ്രവ്യ സംവിധാനങ്ങൾ സജ്ജമാക്കുക എന്നതാണ്. ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആദ്യ രണ്ട് ഘട്ടമായി തെരഞ്ഞെടുത്ത 200 കലാവസ്തുക്കളുടെ ഫോട്ടോഗ്രാഫും ഇവയെ സംബന്ധിക്കുന്ന വിശദ വിവരങ്ങളും തയ്യാറാക്കുകയും, കൂടാതെ ടി മ്യൂസിയത്തിനെ സംബന്ധിച്ച 4 മിനിട്ട് വീതം ദൈർഘ്യമുള്ള രണ്ട് ഷോർട്ട് ഫിലിമുകൾ, 1 മിനിട്ട് ദൈർഘ്യമുള്ള പത്തോളം മൂവികൾ എന്നിവ ചിത്രീകരിച്ച് സജ്ജമാക്കി. ഇതിനും പുറമേ മൂന്നാം ഘട്ടമായി പ്രദർശന വസ്തുക്കളെ സംബന്ധിച്ച് 246 പേജുകളുള്ള ഒരു വെബ്സൈറ്റ് തയ്യാറാക്കുകയും ചെയ്തു. നാലാം ഘട്ടമായി ഭിന്നശേഷിയുള്ള സന്ദർശകർക്കായി ബ്രയിലി ലിപിയിൽ തയ്യാറാക്കിയ വിവരങ്ങൾ ലഭ്യമാക്കിയും മറ്റ് സന്ദർശകർക്കായി ഇന്ത്യൻ ഭാഷകളായ ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ വിവരങ്ങൾ തയ്യാറാക്കിയും പ്രസ്തുത മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ട്.

അഞ്ചാംഘട്ടമായി 120 മിനിട്ട് ദൈർഘ്യമുള്ള ശ്രവ്യ സംവിധാനം മൂന്ന് ഭാഷയിൽ തയ്യാറാക്കി സന്ദർശകർക്കായി അവതരിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഇതിനു പുറമേ ഇവയെല്ലാം തന്നെ പൊതുജനങ്ങളായ സന്ദർശകർക്ക് ലഭ്യമാക്കുന്ന തരത്തിൽ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള 12 മ്യൂസിയങ്ങളിലും 7 ജില്ലാ പൈതൃക മ്യൂസിയങ്ങളിലും 6 സംരക്ഷിത സ്മാരകങ്ങളിലും ഭിന്നശേഷി സൗഹൃദ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി വീൽ ചെയറുകൾ, ശുചിമുറികൾ, പാർക്കിംഗ് മേഖല ക്രമീകരണങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

വകുപ്പിന്റെ പ്രധാന മ്യൂസിയങ്ങളിൽ റാംപ് സജ്ജീകരിക്കുന്ന പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. പത്മനാഭപുരം കൊട്ടാരത്തിൽ എത്തുന്ന ഭിന്നശേഷിക്കാരുടെ സൗകര്യത്തിനായി പ്രത്യേകം സ്ഥലത്ത് ആധുനിക ദൃശ്യ മാധ്യമോപകരണങ്ങളുടെ സഹായത്തോടെ കൊട്ടാരത്തിനുള്ളിലെ ദൃശ്യങ്ങൾ കാണുവാനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം**

253(1841) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ജില്ലാ പൈതൃക മ്യൂസിയം ആരംഭിക്കുന്നതിനുള്ള സജ്ജീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകാമോ;

(സി) 2014-ൽ തുക അനുവദിച്ചിട്ടും നാളിതുവരെയായി എന്തുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ജനങ്ങൾക്കായി മ്യൂസിയം തുറന്നു കൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. വനം വകുപ്പ് വിട്ടുതന്നിട്ടുള്ളതും മ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ മൂന്ന് കെട്ടിടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി പത്തനംതിട്ട ജില്ലയുടെ പൈതൃകവുമായി ബന്ധപ്പെട്ട വസ്തുക്കൾ സമാഹരിക്കുന്ന നടപടികൾ നടന്നുവരുന്നു.

(സി) വനം വകുപ്പിൽ നിന്നും കെട്ടിടങ്ങൾ പൂർണ്ണമായും കൈമാറിക്കിട്ടാനുള്ള കാലതാമസം, കൈമാറിക്കിട്ടിയ പഴക്കമേറിയ കെട്ടിടങ്ങൾ നവീകരിക്കുന്നതിന് ആവശ്യമായ സമയം, വനം വകുപ്പും, പുരാവസ്തു വകുപ്പും തമ്മിൽ ധാരണാ പത്രം ഒപ്പ് വയ്ക്കുന്നതിലെ കാലതാമസം, പ്രദർശന വസ്തുക്കളുടെ സമാഹരണം എന്നിവയാണ് മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ കാലതാമസത്തിനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ.

(ഡി) ഈ സാമ്പത്തിക വർഷം തന്നെ തുറന്നു കൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ചരിത്ര പ്രാധാന്യമുള്ള വ്യക്തികൾക്ക് സ്മാരകങ്ങൾ

254(1842) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചരിത്ര പ്രാധാന്യമുള്ള ഏതൊക്കെ വ്യക്തികൾക്കാണ് പുതുതായി സ്മാരകങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതുതായി ഏതെങ്കിലും സ്ഥലങ്ങളും കെട്ടിടങ്ങളും മ്യൂസിയമായി സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) സ്വാതന്ത്ര്യ സമരസേനാനികൾ ഉൾപ്പെടെയുള്ള മൺമറഞ്ഞ മഹദ് വ്യക്തികൾക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള പൊതു മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) മേൽസൂചിപ്പിച്ച പ്രകാരമുള്ള വ്യക്തികളുടെ വീടും സ്ഥലവും അവകാശികൾ സർക്കാരിന് കൈമാറിയാൽ ഏറ്റെടുക്കാനും സാംസ്കാരിക നിലയമായോ സ്മാരകമായോ മറ്റ് ഏതെങ്കിലും രീതിയിലോ സംരക്ഷിക്കുന്നതിനും എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്വാതന്ത്ര്യ സമരസേനാനിയും, വിപ്ലവ നേതാവുമായിരുന്ന ശ്രീ. എ. കെ. ഗോപാലന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജന്മനാടായ കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തികൊണ്ടുള്ള എ.കെ.ജി. സ്മൃതി മ്യൂസിയവും, സ്മാരകവും നിർമ്മിക്കുന്നതിന് മ്യൂസിയം വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കവിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ശ്രീ. ബോധേശ്വരന് ജന്മം നൽകിയ 'വാഴവേലിൽ തറവാട് ' വീടും അതിന്റെ വാസ്തു ശില്പ പൈതൃകം കൂടി കണക്കിലെടുത്ത് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഡോ. പൽപ്പുവിന്റെ ജന്മഗൃഹം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ടുള്ള ഗുരുവായൂർ സത്യാഗ്രഹ സ്മാരക നിർമ്മാണം, കാസർഗോഡ് ജില്ലയിലെ കയ്യൂർ രക്തസാക്ഷി സ്മാരക നിർമ്മാണം, കണ്ണൂർ ജില്ലയിലെ പഴയ പോലീസ് സ്റ്റേഷൻ, കണ്ടോന്താർ ജയിൽ എന്നിവ സ്മാരക മ്യൂസിയങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്വാതന്ത്ര്യ സമരസേനാനികൾക്കും മൺമറഞ്ഞ മഹദ് വ്യക്തികൾക്കും സ്മാരകം നിർമ്മിക്കുമ്പോൾ അവർ നാടിനും സമൂഹത്തിനുംവേണ്ടി ചെയ്ത സംഭാവനകൾ ഉയർത്തി കാണിച്ചുകൊണ്ട് അവയെക്കുറിച്ച് പുതു തലമുറയെ ബോദ്ധ്യപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സാധാരണ ഗതിയിൽ സ്മാരകങ്ങൾ നിർമ്മിക്കാറുള്ളത്.

(ഡി) ചരിത്ര പ്രാധാന്യമുള്ള വ്യക്തികളുടെ വീടും സ്ഥലവും കൈമാറുന്ന പക്ഷം ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കുങ്കിച്ചിറയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ**

255(1843) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറയിൽ മ്യൂസിയം വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) കുങ്കിച്ചിറയിലെ പദ്ധതികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി എപ്പോൾ തുറന്നു കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) രണ്ട് പദ്ധതികളാണ് മ്യൂസിയം മൃഗശാലാ വകുപ്പ് കുങ്കിച്ചിറയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 1. കുങ്കിച്ചിറയിലുള്ള ചിറയുടെ സംരക്ഷണവും നവീകരണവും 2. വയനാട്ടിലെ ഗോത്ര ജനതയുടെ പൈതൃകത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണവും.

(ബി) ചിറകെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ചിറയിൽ ഈ പ്രദേശത്തിന്റെ പുരാവൃത്തവുമായി ബന്ധപ്പെട്ട് കുങ്കിയുടെ സ്മരണ നിലനിർത്തുന്ന ശില്പം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ചിറയുടെ ചുറ്റുമുള്ള ഭാഗങ്ങൾ മോടി കൂട്ടി പൊതുജനങ്ങൾക്ക് വിശ്രമത്തിനും വിനോദത്തിനും ഉതകുന്ന വിധത്തിൽ ഒരുക്കിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. പൈതൃക മ്യൂസിയത്തിന്റെ പ്രധാന കെട്ടിടത്തിന്റെ പണി 90% പൂർത്തിയായിട്ടുണ്ട്. അംഗപരിമിതർക്കായി റാമ്പ്, ഇ ടോയ്‌ലറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

അനുബന്ധ കെട്ടിടങ്ങളായ ഇൻഫർമേഷൻ സെന്റർ, ഗാർഡ് റൂം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കെട്ടിടത്തിനകത്ത് ലിഫ്റ്റ് സ്ഥാപിക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്. മ്യൂസിയത്തിലേയ്ക്കാവശ്യമായ പ്രദർശന വസ്തുക്കൾ, വയനാടിന്റെ ചരിത്ര പൈതൃക അറിവുകൾ എന്നിവ ശേഖരിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഈ പദ്ധതിക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ട്രാൻസ്ഫോർമറും മറ്റ് അനുബന്ധ ഘടകങ്ങളും മ്യൂസിയത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. ട്രാൻസ്ഫോർമറിലേയ്ക്കുള്ള ഹൈ ടെൻഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മ്യൂസിയത്തിലേയ്ക്കാവശ്യമായ പ്രദർശന വസ്തുക്കളുടെ ശേഖരണം ത്വരിതപ്പെടുത്തുകയും, പ്രദർശന രീതി സംബന്ധിച്ച് വിദഗ്ധ സമിതി തീരുമാനം കൂടി പരിഗണിച്ചുകൊണ്ട് നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ ഈ പദ്ധതികൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാൻ കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം സൂപ്രണ്ടിന് കുങ്കിച്ചിറ പദ്ധതിയുടെ അധിക ചുമതല നൽകുകയും അഞ്ച് ജീവനക്കാരെ പ്രവൃത്തി ക്രമീകരണാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

**നേമം നിയോജകമണ്ഡലത്തിലെ പൈതൃക സ്ഥലങ്ങൾ**

256(1844) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ സ്ഥലങ്ങളോ കെട്ടിടങ്ങളോ പൈതൃക സ്ഥലങ്ങളും സ്ഥാപനങ്ങളുമായി പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നേമം വില്ലേജിലെ നീറമൺകര ക്ഷേത്രം, മാറനല്ലൂർ വില്ലേജിലെ അരുവിക്കര വിഷ്ണു ക്ഷേത്രം എന്നിവയാണ് നേമം നിയോജകമണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ.

**ചടയമംഗലം കോട്ടുക്കൽ ഗുഹാക്ഷേത്രം**

257(1845) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ കോട്ടുക്കൽ ഗുഹാക്ഷേത്ര സംരക്ഷണവും വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ കോട്ടുക്കൽ ഗുഹാക്ഷേത്രത്തിന്റെ സമഗ്ര സംരക്ഷണ പ്രവർത്തികൾക്കായി 10-5-2018-ലെ സ.ഉ(സാധ.)നമ്പർ 339/2018/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മഴക്കാലത്ത് ക്ഷേത്ര പരിസരത്ത് വെള്ളം കയറുന്നത് ഒഴിവാക്കൽ, ചുറ്റുമതിൽ, ക്ഷേത്ര കവാടത്തിന്റെ നവീകരണം എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മേൽ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പുരാവസ്തു വകുപ്പ് ഏറ്റെടുത്ത സ്ഥലങ്ങളും സ്ഥാപനങ്ങളും**

258(1846) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്ഥലങ്ങളോ കെട്ടിടങ്ങളോ പൈതൃക സ്ഥലങ്ങളും സ്ഥാപനങ്ങളുമായി പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ താലൂക്കിൽ കുത്തന്നൂർ വില്ലേജ് I-ൽപ്പെട്ട റോക്ക് കേവ്, നന്നങ്ങാടി എന്നിവയും, കുത്തന്നൂർ വില്ലേജ് II-ലെ തോലന്റെ കട്ടിൽ എന്നിവയുമാണ് ആലത്തൂർ നിയോജകമണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ.

## പുരാവസ്തു സംരക്ഷണത്തിനായി പദ്ധതികൾ

259(1847) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പുതുതലമുറയ്ക്ക് കേരളത്തിന്റെ പൈതൃകവും സംസ്കാരവും അടുത്തറിയുന്നതിനായി വിപുലമായ ചരിത്രപഠന യാത്ര സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജനങ്ങളിൽ പൈതൃക അവബോധം വളർത്തുന്നതിനായി എന്തെല്ലാം അവബോധ പരിപാടികളാണ് വകുപ്പ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചുവരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, സ്ട്രക്ച്ചറൽ കൺസർവേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് പ്രധാനമായും ഏറ്റെടുത്ത് നടത്തിവരുന്നത്. പത്മനാഭപുരം കൊട്ടാരം, വയനാട് എടയ്ക്കൽ ഗുഹ എന്നിവ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരം

യുനെസ്കോയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സാംസ്കാരികപാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും പൈതൃക ശേഷിപ്പുകളുടേയും സംരക്ഷണത്തിനും ആയവ ദൃശ്യവൽക്കരിക്കുന്നതിനും, ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിന്റെ ശേഖരത്തിലുള്ള നാണയങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

(ബി) ചരിത്ര പഠന യാത്രകൾ പുരാവസ്തു വകുപ്പ് സംഘടിപ്പിച്ചിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള പഠന യാത്രകൾ പുരാരേഖാ വകുപ്പ് മുഖേന നടത്താറുണ്ട്. അതിലൂടെ പുതുതലമുറയ്ക്ക് കേരളത്തിന്റെ പൈതൃകവും സംസ്കാരവും തൊട്ടറിയുന്നതിന് സാധ്യമാകുന്നുണ്ട്.

(സി&ഡി) ജനങ്ങളിൽ പൈതൃക അവബോധം സൃഷ്ടിക്കുന്നതിനും പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനുമായും കേരളത്തിനകത്തും പുറത്തും സാംസ്കാരിക പൈതൃകോത്സവങ്ങളും സെമിനാറുകളും എക്സിബിഷനുകളും വകുപ്പ് സംഘടിപ്പിക്കാറുണ്ട്. മറുനാടൻ മലയാളികൾക്കായി 2017 ഒക്ടോബറിൽ ന്യൂഡൽഹിയിൽ നടന്ന കേരള ഡൽഹി സാംസ്കാരിക പൈതൃകോത്സവത്തിൽ വകുപ്പ് സെമിനാർ, എക്സിബിഷൻ, കുട്ടികൾക്കായി പൈതൃക ക്വിസ് എന്നിവ സംഘടിപ്പിച്ചിരുന്നു. കൂടാതെ മലബാർ മേഖലയുടെ പൈതൃകവും, സാംസ്കാരികവും പുതുതലമുറയ്ക്ക് പകർന്ന് നൽകുക എന്ന ഉദ്ദേശ്യത്തിൽ 2018 മാർച്ച് മാസത്തിൽ സംഘടിപ്പിക്കപ്പെട്ട മലബാർ പൈതൃകോത്സവത്തിൽ വകുപ്പ് സെമിനാർ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. കേരളത്തിലുടനീളം തെരഞ്ഞെടുക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എക്സിബിഷൻ, സെമിനാർ, എന്നിവ സംഘടിപ്പിച്ച് വരികയും ചെയ്യുന്നു. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിലെ 8 ജില്ലകളിൽ വകുപ്പ് പ്രദർശനങ്ങളും, അവബോധ പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി. ചരിത്ര സ്മാരകങ്ങളേയും പുരാവസ്തുക്കളേയും സംബന്ധിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

## കുട്ടിക്കാനത്തെ അമ്മച്ചി കൊട്ടാരം

260(1848) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കുട്ടിക്കാനത്തെ അമ്മച്ചി കൊട്ടാരവും മറ്റു വസ്തുവകകളും സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ചരിത്ര സ്മാരകമായി സംരക്ഷിക്കപ്പെടേണ്ട ഈ കൊട്ടാരവും വസ്തുവകകളും സ്വകാര്യ വ്യക്തിയുടെ കയ്യിൽ അകപ്പെട്ടത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ കൊട്ടാരം സംരക്ഷിതസ്മാരകമായി നിലനിർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ കുട്ടിക്കാനത്ത് തിരുവിതാംകൂർ രാജവംശത്തിന്റെ വേനൽക്കാല വസതി എന്നറിയപ്പെടുന്ന കെട്ടിടം സംരക്ഷിക്കുന്നത് സംബന്ധിച്ച് പുരാവസ്തുവകുപ്പ് പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്.

(ബി) തിരുവിതാംകൂർ രാജകുംടുബത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കുട്ടിക്കാനത്തെ അമ്മച്ചി കൊട്ടാരം സ്വകാര്യ വ്യക്തികളുടെ കൈവശം എങ്ങനെ വന്നു ചേർന്നുവെന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു.

(സി) പരാമർശ കൊട്ടാരം നിലവിൽ സ്വകാര്യ വ്യക്തികളുടെ കൈവശം എങ്ങനെ എത്തിച്ചേർന്നു എന്നത് സംബന്ധിച്ച് അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ മേൽ വിഷയത്തിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ടി കൊട്ടാരം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് ഏറ്റെടുക്കുന്ന വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പുരാരേഖ, പുരാവസ്തു വകുപ്പുകളുടെ പ്രവർത്തനം**

261(1849) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാരേഖ, പുരാവസ്തു വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ശാക്തീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്കൂൾ ഓഫ് എപ്പിഗ്രാഫിയെ ലിപി പഠനത്തിനും പരിശീലനത്തിനുമുള്ള ദേശീയനിലവാരമുള്ള കേന്ദ്രമാക്കി മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ചരിത്രരേഖകളുടെയും, ചരിത്രസ്മാരകങ്ങളുടെയും സംരക്ഷണം സംബന്ധിച്ച അവബോധം പകർന്നു നൽകുന്നതിന് ഈ വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) മഹാന്മാരുടെ കയ്യൊപ്പുകൾ സൂക്ഷിക്കുന്ന കയ്യൊപ്പ് രേഖാമ്യൂസിയം സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു-പുരാരേഖാ വകുപ്പ് ഓഫീസുകളിൽ ബയോ മെട്രിക് സംവിധാനം, പഞ്ചിംഗ്, ഹാജർ മോണിറ്ററിംഗ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വാർഷിക പ്രവർത്തനങ്ങൾക്കായുള്ള റോഡ് മാപ്പ് തയ്യാറാക്കി സമയബന്ധിതമായി അവ നടപ്പാക്കി വരുന്നു. പുരാരേഖ വകുപ്പിൽ പൊതുജനങ്ങളുമായി ബന്ധപ്പെട്ട് വിവരാവകാശം പോലുള്ള അപേക്ഷകൾ ഓൺലൈൻവഴി സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പുരാരേഖ-പുരാവസ്തു വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ പ്രത്യേക ഏജൻസിയെകൊണ്ട് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണനാ വിഷയങ്ങൾ നിർണ്ണയിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ശ്രീപാദം കൊട്ടാരത്തിൽ സ്കൂൾ ഓഫ് എപ്പിഗ്രാഫിയെ വിപുലീകരിക്കുന്നതിനും അവിടെ എപ്പിഗ്രാഫിയിൽ ഹ്രസ്വകാല ലിപി പഠന ക്ലാസ്സുകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ലിപി പഠന ക്ലാസുകൾ തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുരാരേഖാ വകുപ്പിൽ വിദ്യാർത്ഥികളിൽ ചരിത്ര അവബോധം വളർത്തുന്നതിനായി വിദ്യാലയങ്ങളിൽ ഹെറിറ്റേജ് ക്ലബ് ആരംഭിച്ചു. ഹെറിറ്റേജ് ക്ലബിലെ കുട്ടികൾക്കായി ചരിത്ര ക്വിസ്സും, ഹെറിറ്റേജ് ടൂറും നടത്തിവരുന്നു. കൂടാതെ കേരളത്തിൽ ഉടനീളം ചരിത്ര പ്രദർശനം, സെമിനാർ, വർക്ക്ഷോപ്പ് എന്നിവയും നടത്തിവരുന്നു. കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ഹൈദരാബാദ് എന്നിവിടങ്ങളിലെ മലയാളികൾക്കായി സാംസ്കാരികോത്സവം സംഘടിപ്പിച്ചിരുന്നു. കമ്മ്യൂണിറ്റി ആർക്കൈവ്സിന്റെ ഭാഗമായി പ്രാദേശിക ചരിത്രരേഖകൾ കണ്ടെത്തുന്നതിന് 70000 വോളന്റിയർമാർ പങ്കെടുക്കുന്ന സർവ്വേയും കൺസർവേഷൻ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

പുരാവസ്തു വകുപ്പിൽ ചരിത്രസ്മാരകങ്ങളുടെയും ചരിത്ര ശേഷിപ്പുകളുടേയും സംരക്ഷണം സംബന്ധിച്ച് അവബോധം പകർന്ന് നൽകുന്നതിലേയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ മേളകളിലും വകുപ്പിന്റെ പ്രദർശനം, സെമിനാർ എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ പുരാവസ്തു സംബന്ധിയായ പുസ്തകങ്ങളും വകുപ്പ് പ്രസിദ്ധീകരിക്കുന്നു. കൂടാതെ കേരളത്തിന്റെ സാംസ്കാരിക ചരിത്ര പൈതൃകം മറുനാടൻ മലയാളികൾക്ക് പകർന്ന് കൊടുക്കുന്നതിനായി പുരാവസ്തു വകുപ്പ് മറ്റ് സാംസ്കാരിക സ്ഥാപനങ്ങളുമായി ചേർന്ന് കേരള ചരിത്ര പൈതൃകോത്സവങ്ങൾ സംഘടിപ്പിക്കാറുണ്ട്.

സംസ്ഥാനത്തിനകത്തും പൈതൃകോത്സവങ്ങൾ സംഘടിപ്പിച്ചു വരുന്നു. 2018 മാർച്ചിൽ കണ്ണൂരിൽ മലബാർ പൈതൃകോത്സവം സംഘടിപ്പിച്ചു.

(ഡി) പുരാരേഖാ വകുപ്പിൽ അന്തർദേശീയ/ദേശീയ/പ്രാദേശികമായി വിവിധ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച വിശിഷ്ട വ്യക്തികളുടെ കൈയൊപ്പ് രേഖാലയ മ്യൂസിയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യുടേതല്ലാത്ത ബസ് സ്റ്റാൻഡുകൾ

262(1850) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ കെ.എസ്.ആർ.ടി.സി.യുടേതല്ലാത്ത എത്ര ബസ് സ്റ്റാൻഡുകളുണ്ട്; എവിടെയെല്ലാം; ഇവ ഏതൊക്കെ സർക്കാർ ഇതര ഏജൻസികൾ ആണ് നിർമ്മിച്ച് പരിപാലിച്ച് പോരുന്നത്;

(ബി) ഇത്തരം ബസ് സ്റ്റാൻഡുകളിൽ കെ.എസ്.ആർ.ടി.സി.ബസ്സുകൾക്ക് പുറമേ സ്വകാര്യ ബസ്സുകൾക്കും കയറാനും യാത്രക്കാരെ എടുക്കുന്നതിനും അനുമതി ഉണ്ടോ; എങ്കിൽ സർക്കാർ ഏജൻസികൾ നിർമ്മിച്ച് നൽകിയിട്ടുള്ള ഇത്തരം സ്റ്റാൻഡുകളിൽ സ്വകാര്യ ബസ്സുകൾക്ക് ഓരോ തവണയും കയറി ഇറങ്ങുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; നിശ്ചയിച്ച പ്രകാരം നിരക്ക് ഈടാക്കുന്നുണ്ടോ; എങ്കിൽ ഓരോ ബസ്സുകൾക്കും എത്ര വീതം; ഓരോ തവണയ്ക്കാണോ ഫീസ് ചുമത്തുന്നത്;

(സി) ഇത്തരത്തിൽ ഫീസ് നൽകി കയറുന്ന സ്വകാര്യ ബസ്സുകൾക്ക് എത്ര നേരം വീതമാണ് പാർക്കിംഗ് അനുവദിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ഡി) സർക്കാരോ സർക്കാർ ഏജൻസികളോ നിർമ്മിച്ച് പരിപാലിച്ച് വരുന്ന ഇത്തരം ബസ്സ് സ്റ്റാൻഡുകളിൽ സ്വകാര്യ ബസ്സുകൾക്ക് എൻട്രി ഫീസ് ഓരോ തവണയും ഈടാക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം എന്താണ്; ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ അതിനാധാരമായ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) എൻട്രി ഫീസ് നിലവിലുണ്ടെങ്കിൽ അടുത്തകാലത്തെങ്ങാനും ഇത് പുനർ നിർണയം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം നഗരസഭയുടെ അധീനതയിൽ ബസ് സ്റ്റാൻഡുകൾ ഒന്നും തന്നെയില്ല.

(ബി) തിരുവനന്തപുരം നഗരസഭയ്ക്ക് സ്വന്തമായി ബസ് സ്റ്റാൻഡ് ഇല്ലാത്തതിനാൽ നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടില്ല.

(സി-ഇ) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യ വികസനം**

263(1851) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. യുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്ര ഗവൺമെൻറിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിരുന്നോ; ഇപ്പോൾ ലഭിച്ചുവരുന്നുണ്ടോ; ഇതിനായി കേന്ദ്ര ഗവൺമെൻറിനോട് എന്തെങ്കിലും അഭ്യർത്ഥന നടത്തിയിരുന്നോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും നിവേദനം കേന്ദ്രത്തിന് നൽകിയിരുന്നോ;

(സി) ഇതിനനുകൂലമായി എന്തെങ്കിലും മറുപടി കേന്ദ്രത്തിൽ നിന്ന് നാളിതുവരെയായി ലഭിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ഇല്ല.

## കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം

264(1852) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം എത്ര കോടി രൂപയാണ്; ഇപ്പോൾ കെ.എസ്.ആർ.ടി.സി. പ്രതിദിന നഷ്ടത്തിലാണോ ഓടുന്നത്; ആണെങ്കിൽ പ്രതിദിന നഷ്ടം എത്ര രൂപയാണ്;

(ബി) ഏതൊക്കെ കാരണങ്ങളാലാണ് കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം സംഭവിക്കുന്നത്; പ്രതിദിന നഷ്ടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതു വഴി നഷ്ടത്തിന്റെ തോത് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകൾക്ക് സമീപമുള്ള കെ.എസ്.ആർ.ടി.സി.യുടെ സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് അതിൽ നിന്നുള്ള വരുമാനം കൂടി കെ.എസ്.ആർ.ടി.സി.ക്ക് മുതൽക്കൂട്ടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017 മാർച്ച് 31 വരെയുള്ള സഞ്ചിത നഷ്ടം 8031.56 കോടി രൂപയാണ്. ഇപ്പോൾ പ്രതിദിന നഷ്ടത്തിലാണ് ഓടുന്നത്. പ്രതിദിന നഷ്ടം (പെൻഷൻ ബാദ്ധ്യത കൂടാതെ) 3.54 കോടി രൂപയാണ്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം സംഭവിക്കുന്നതിനുള്ള വിവിധ കാരണങ്ങൾ വിശകലനം ചെയ്ത് സ്ഥാപനത്തെ ലാഭകരമാക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും

ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്റർ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് 1961-ലെ മോട്ടോർ ഗതാഗത തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപാസ് റോഡുകൾ ഉപയോഗപ്പെടുത്തിയും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

അടിയ്ക്കടി വർദ്ധിച്ചുവരുന്ന ഇന്ധന വില, സ്പെയർ പാർട്ട്സുകളുടെ വില എന്നിവ നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസിസ്റ്റന്റ് വർക്സ് മാനേജർ (മെയിന്റനൻസ്)-ന്റെയും മേൽ നോട്ടത്തിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസിസ്റ്റന്റ് വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിന്റെ ചുമതലയ്ക്കു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വിഭാഗം ജീവനക്കാരെയും യോജിപ്പിച്ചുകൊണ്ട് ഗ്യാരേജ് മീറ്റുകളും ബോധവൽകരണ ക്ലാസ്സുകളും ട്രെയിനിംഗും നടന്നുവരുന്നു. സ്പെയർ പാർട്ട്സുകളുടെ ഉപഭോഗം നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ളവ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി എല്ലാ ജീവനക്കാരുടെയും പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) വരുമാനക്കുറവുള്ള സർവ്വീസുകളുടെ സമയം, റൂട്ട്, ഡ്യൂട്ടി പാറ്റേൺ എന്നിവ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന തരത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഇതുപ്രകാരം 2018 ഏപ്രിൽ-മേയ് മാസങ്ങളിലെ ശരാശരി മാസ വരുമാനം വർദ്ധിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ആയതിന്റെ ഭാഗമായി നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും കുറഞ്ഞ കാലദൈർഘ്യവുമുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യംകൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവ് ഇനത്തിൽ പ്രതിദിനം 2 കോടിയോളം രൂപയുടെ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ പ്രതിമാസ ശമ്പളം കൃത്യമായി നൽകാൻ കഴിഞ്ഞുവരുന്നു. ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിവരുന്നു. പെൻഷൻ കുടിശ്ശിക നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ, എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർ ലേലം നടത്തുകയും ആയതിലൂടെ പ്രതിമാസ ലൈസൻസ് ഫീയിൽ പതിൻമടങ്ങ് വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ എല്ലാ ബസ് സ്റ്റേഷനുകളിലും മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ പ്രതിമാസ വാടകയിനത്തിൽ 12,27,622 രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്.

(ഇ) ഉണ്ട്.

നിലവിൽ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, ഹരിപ്പാട്, മലപ്പുറം, നിലമ്പൂർ എന്നീ ബസ് സ്റ്റേഷനുകളിൽ വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

## റോഡ് സുരക്ഷാ പദ്ധതികൾ

265(T1853) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയ്ക്കായി പൂർണ്ണ ചുമതലയുള്ള കമ്മീഷണറെ നിയമിച്ചിട്ടുണ്ടോ; ഇതുമൂലം റോഡ് സുരക്ഷാ പദ്ധതികൾക്കുണ്ടായിട്ടുള്ള നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന് റോഡ് സുരക്ഷയ്ക്കായി പദ്ധതി-പദ്ധതിയേതര ഇനത്തിൽ ഫണ്ട് ലഭിക്കുന്നുണ്ടോ;

(സി) റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് നിലവിൽ എത്ര തുക നീക്കിവെച്ചിട്ടുണ്ട്; പ്രസ്തുത ഫണ്ട് ഏതൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് സുരക്ഷ സംബന്ധിച്ച് അംഗീകൃത പഠനമോ ഗവേഷണമോ നടക്കുന്നുണ്ടോ; ഇതിനായി പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) 2017-ൽ ട്രോമാ കെയർ പരിപാടിക്കായി റോഡ് സുരക്ഷാ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. റോഡ് സുരക്ഷാ കമ്മീഷണറുടെ നിയമനത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പദ്ധതികളും പ്രവർത്തനങ്ങളും അവലോകനം ചെയ്യുന്നതിനും അനുബന്ധ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും സാധിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) പൊതുമരാമത്ത് (നിരത്ത് വിഭാഗം) വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തിൽ റോഡ് സുരക്ഷയ്ക്കായി പദ്ധതി ഇനത്തിൽ 4.25 കോടി രൂപ (നാല് കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ)യും, പദ്ധതിയേതര ഇനത്തിൽ 2.00 കോടി രൂപ (രണ്ട് കോടി രൂപ)യും വകയിരുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് (ദേശീയപാത വിഭാഗം) വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തിൽ റോഡ് സുരക്ഷയ്ക്കായി പദ്ധതി ഇനത്തിൽ 16,30,97,000 രൂപയും അനുവദിച്ചിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

2018-19-ലെ ബഡ്ജറ്റ് വിഹിതമായി കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക്, റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് ചാർജ്ഡ് ഇനത്തിൽ 70.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, നിരീക്ഷണ ക്യാമറകൾ, ദിശാ ബോർഡുകൾ, റോഡ് മാർക്കിംഗ്, റിഫ്ലക്റ്റിവ് സ്റ്റഡുകൾ എന്നിവ സ്ഥാപിക്കൽ, ട്രോമകെയർ സംവിധാനം ഏർപ്പെടുത്തൽ, ഇന്റർസെപ്റ്റർ വാഹനങ്ങൾ, ആംബുലൻസ്, ആൽക്കോമീറ്റർ എന്നിവ വാങ്ങുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്.

(ഡി) കേരള റോഡ് സുരക്ഷാ അതോറിറ്റിക്കുവേണ്ടി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഏജൻസിയായ നാറ്റ്പാക് വഴി റോഡ് സുരക്ഷ സംബന്ധിച്ച പഠനങ്ങൾ നടത്താറുണ്ട്. അനുവദിച്ച ഫണ്ട് ഇതിനായി വിനിയോഗിക്കുന്നുണ്ട്.

(ഇ) 2017-ൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ സൗകര്യമൊരുക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റി 38,88,051 രൂപ നൽകിയിട്ടുണ്ട്.

**റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

266(1854) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണനിരക്കും ഗണ്യമായി കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗത്ത് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അതോറിറ്റി നിരത്തിലെ മരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ സുരക്ഷ വീഥി പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ഡി) റോഡ് സുരക്ഷയുടെ ഭാഗമായി നടപ്പാക്കി വരുന്ന മോഡൽ സേഫ് കോറിഡോർ പദ്ധതി സംസ്ഥാനമാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, നിരീക്ഷണ ക്യാമറകൾ, ദിശാബോർഡുകൾ, റോഡ് മാർക്കിംഗ്, റിഫ്ളക്ടീവ് സ്റ്റഡ് എന്നിവ സ്ഥാപിക്കൽ, ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തൽ, Intercepter വാഹനങ്ങൾ, ആംബുലൻസ്, ആൽകോമീറ്റർ എന്നിവയുടെ വാങ്ങൽ, ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് പ്രധാനമായും കേരള റോഡ് സുരക്ഷാ അതോറിറ്റി, റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ. നാറ്റ്പാക് മുഖേന സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ട് കണ്ടെത്തിയിട്ടുണ്ട്. അപകടമരണങ്ങൾ കൂടുതൽ നടന്ന സ്ഥലങ്ങളെയാണ് Black Spot-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 159 എണ്ണം ദേശീയ പാതയിലാണ്. ഇതരപാതകളിൽപ്പെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ അപകട നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയിലെ സാങ്കേതിക സഹായ വിഭാഗം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്.

അമിതവേഗതയും മറ്റ് ഗതാഗത നിയമ ലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അമിതവേഗത, വാഹനമോടിക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിത ഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന-പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല.

കഴക്കൂട്ടം-അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്" നടപ്പിൽ വരുത്തുന്നതിനുവേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പി.-ക്ക് നൽകിവരുന്നു.

(സി) "സുരക്ഷാ വീഥി പദ്ധതി" യുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുവാൻ 18-11-2017-ൽ ചേർന്ന 33-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) സേഫ് കോറിഡോർ പദ്ധതി കെ.എസ്.ടി.പി.-യുടെ ചലഞ്ച് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തുന്നതിനായി ശിപാർശകൾ സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോടഭ്യർത്ഥിച്ചിട്ടുണ്ട്.

## സർവീസ് ബസ്സുകളുടെ റണ്ണിംഗ് ടൈം

267(1855) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ റൂട്ടിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾക്കും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും രണ്ട് രീതിയിൽ റണ്ണിംഗ് ടൈം അനുവദിക്കുന്നത് തുടരുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) റണ്ണിംഗ് ടൈം കുറവുള്ള സ്വകാര്യ ബസ്സുകളെയാണോ അതോ കെ.എസ്.ആർ.ടി.സി. ബസ്സുകളെയാണോ യാത്രക്കാർക്ക് അധികവും ആശ്രയിക്കാൻ താൽപ്പര്യം ഉണ്ടാകുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഗവൺമെന്റിന്റെ ഈ നയം സ്വകാര്യ ബസ് മുതലാളിമാർക്ക് മാത്രമേ ഗുണകരമാകുന്നുള്ളുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പൊതുഗതാഗതമേഖലയ്ക്ക് ഗവൺമെന്റിന്റെ ഈ നടപടി ഹാനികരമാകുമെങ്കിൽ ആയത് പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ ബസ്സുകൾ ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ മാത്രമാണ് നടത്തുന്നത്. എന്നാൽ സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.-യിൽ മാത്രം നിക്ഷിപ്തമാണ്. ഇക്കാരണത്താൽ രണ്ടുതരത്തിൽ റണ്ണിംഗ് ടൈം അനുവദിക്കാറുണ്ട്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 4-1-2018-ൽ നടന്ന യോഗത്തിൽ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ബസ്സുകളുടെ റണ്ണിംഗ് ടൈം കെ.എസ്.ആർ.ടി.സി.-യുടെ ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസിന് നൽകിയിരുന്ന റണ്ണിംഗ് ടൈമിനേക്കാൾ കുറച്ച് നൽകിക്കൊണ്ട് ഉത്തരവ് നൽകിയിരുന്നു.

ഈ തീരുമാനത്തിനെതിരെ കെ.എസ്.ആർ.ടി.സി. പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 21-4-2018-ന് ചേർന്ന STA യോഗം മേൽ വിഷയം പരിശോധിക്കുകയും സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസിന്റെ സമയം അതുപോലെ നിലനിർത്തിക്കൊണ്ട് തന്നെ കെ.എസ്.ആർ.ടി.സി.-യുടെ ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകളുടെ റണ്ണിംഗ് ടൈം 2 മിനിട്ടിൽ നിന്ന് 1.30 മിനിട്ടായി കുറച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി&സി) (എ)യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) സർക്കാരിന്റെ ഏതെങ്കിലും തീരുമാനം കെ.എസ്.ആർ.ടി.സി.-ക്ക് ഹാനികരമാണെന്ന് ബോധ്യമായാൽ അത് പുനഃപരിശോധിക്കാവുന്നതാണ്.

**ആലുവയിൽ നടപ്പിലാക്കിയിട്ടുള്ള ഗതാഗത പരിഷ്കരണം**

268(1856) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവയിൽ നടപ്പിലാക്കിയിട്ടുള്ള പുതിയ ഗതാഗത പരിഷ്കരണംമൂലം കോതമംഗലം, മൂന്നാർ ഭാഗത്തേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾ, രണ്ട് പ്രാവശ്യം ആലുവ ടൗൺ കറങ്ങേണ്ടി വരുന്നതിനാൽ അരമണിക്കൂറോളം സമയം നഷ്ടപ്പെടുന്നതും ഇന്ധനചെലവ് വർദ്ധിക്കുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഈ വിഷയം സംബന്ധിച്ച് ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ടിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) എറണാകുളത്ത് നിന്നും കോതമംഗലം, മൂന്നാർ ഇടുക്കി എന്നീ സ്ഥലങ്ങളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകളെയെങ്കിലും പുതിയ ട്രാഫിക് പരിഷ്കരണത്തിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ടി വിഷയത്തിൽ യാത്രക്കാർക്ക് ഉണ്ടാകുന്ന സമയനഷ്ടവും, കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടവും പരിഹരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള അധികാരികൾക്ക് കെ.എസ്.ആർ.ടി.സി. പരാതി നൽകിയിട്ടുണ്ടെങ്കിലും നിലവിൽ ടി റൂട്ടിൽ വൺവേ സംവിധാനം നടപ്പിലാക്കിയിരിക്കുന്നതിനാൽ അനുകൂല തീരുമാനം നാളിതുവരെയും ഉണ്ടായിട്ടില്ല.

## ഇ-ബസ്സുകൾ

269(1857) ശ്രീ. കെ. മുരളീധരൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില ദിനംപ്രതി കൂട്ടുന്ന സാഹചര്യത്തിൽ ഇ-ബസ്സുകൾ നിരത്തിലിറക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.-യുടെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ ;

(ബി) ബസ്സുകൾ വിലയ്ക്ക് വാങ്ങുവാനുള്ള സാമ്പത്തിക ശേഷി കോർപ്പറേഷനില്ലാത്തതിനാൽ ഇ-ബസ്സുകൾ വാടകയ്ക്ക് എടുത്ത് ഓടിക്കാമെന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിഗണിക്കുന്നുണ്ടോ; എങ്കിൽ ഏത് കമ്പനിയുമായാണ് ചർച്ച നടത്തിയതെന്നും അവർ മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) ഇ-ബസ്സിന് ആവശ്യമായി വരുന്ന വൈദ്യുതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുവാൻ സാധ്യതയുണ്ടോ;വിശദമാക്കുമോ ;

(ഡി) ഇ-ബസ്സുകൾ എന്നത്തേയ്ക്ക് നിരത്തിലിറക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്;വിശദാംശം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) പരിഗണനയിൽ ഉണ്ട്. ഇത്തരം ബസ്സുകൾ കേരളത്തിലെ റോഡുകളിൽ ഓടിച്ച് പ്രവർത്തന നിലവാരം പരിശോധിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ ബസ് ഓടിച്ചുനോക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

(ബി) സജീവമായി പരിഗണിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പാക്കിയ അന്യസംസ്ഥാനങ്ങളിലെ മാതൃക പഠിച്ച, വിവിധ കമ്പനികളുമായി പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു.

(സി) പരീക്ഷണാടിസ്ഥാനത്തിലുള്ള സർവ്വീസ് വിജയകരമാവുകയാണെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) പരീക്ഷണാടിസ്ഥാനത്തിൽ ഇത്തരം ബസ് ജൂൺ മാസത്തിൽ തന്നെ ട്രയൽ റൺ നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. തുടർ നടപടികൾ നടന്നുവരികയാണ്.

## കെ. എസ്. ആർ. ടി. സി. പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ്

270(1858) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പ്രതിസന്ധി പരിഹരിക്കാനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കിയതിനെത്തുടർന്നുള്ള ഗുണഫലങ്ങൾ വിശദമാക്കാമോ;

(ബി) ഗ്രാമീണ മേഖലയിൽ കൂടുതൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ, സൂപ്പർ ഡീലക്സ്, സ്കാനിയ, മിന്നൽ ബസ്സുകൾക്ക് ഫെയർ സ്റ്റേജ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ;

(ഡി) കെ. എസ്. ആർ. ടി. സി. ഓൺലൈൻ റിസർവേഷൻ കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രത്യേക പാക്കേജിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും കുറഞ്ഞ കാലാവധിയിലുമുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയും ഉള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവ് നടത്തിക്കൊണ്ടിരുന്ന ഇനത്തിൽ 2 കോടിയോളം രൂപ പ്രതിദിനം കുറവ് വന്നിട്ടുണ്ട്. ആയതിനാൽ പ്രതിമാസ ശമ്പള വിതരണത്തിനായി പൂർണ്ണമായും സർക്കാരിനെ ആശ്രയിക്കേണ്ട അവസ്ഥയിൽനിന്നും കെ.എസ്.ആർ.ടി.സി. കരകയറിയിട്ടുണ്ട്. പ്രതിമാസ ശമ്പളം കൃത്യമായി നൽകുവാനും കഴിയുന്നുണ്ട്.

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി സമഗ്ര പുനരുദ്ധാരണം നടന്നുവരുന്നതും അതിന്റെ ഭാഗമായി സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുന്നതിനുമായി ഷെഡ്യൂളുകൾ പുനഃക്രമീകരണം നടത്തി വരികയുമാണ്. ഈ സാഹചര്യത്തിൽ ഗ്രാമീണ മേഖലയിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സി) മിന്നൽ സർവ്വീസിനും, ഡീലക്സ് സർവ്വീസിനും കൽപ്പറ്റയിൽ ഫെയർ സ്റ്റേജ് ഉണ്ട്. സ്ഥാനിയ ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമാകില്ല എന്നതിനാൽ പ്രസ്തുത വിഭാഗം സർവ്വീസിന് കൽപ്പറ്റയിൽ ഫെയർ സ്റ്റേജ് അനുവദിക്കുവാൻ കഴിയുകയില്ല. നിലവിൽ സ്ഥാനിയ സർവ്വീസുകൾക്ക് സുൽത്താൻ ബത്തേരിയിൽ ഫെയർ സ്റ്റേജ് ഉണ്ട്.

(ഡി) സ്വീകരിക്കും.

ഓൺലൈൻ റിസർവേഷൻ സംവിധാനം കൂടുതൽ ആകർഷകമാക്കുന്നതിനും ജനകീയമാക്കുന്നതിനും ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ബസ് ടിക്കറ്റിംഗ് കമ്പനിയായ റെഡ് ബസ്സിൽ കെ.എസ്.ആർ.ടി.സി.-യുടെ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബാങ്കിംഗ് ട്രാൻസാക്ഷനുകൾക്കായി കൂടുതൽ പേയ്മെന്റ് ഗേറ്റ്‌വേകൾ ചേർക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. റെഡ് ബസ് പോലെയുള്ള മറ്റ് ബസ് ടിക്കറ്റിംഗ് കമ്പനികൾക്കും റെഡ് ബസിന് നൽകിയ അതേ സംവിധാനം ഏർപ്പെടുത്തുന്നതിന് ആലോചിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. യെ പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

271(1859) ശ്രീ. എം. സ്വരാജ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ സമഗ്രമായി പുനരുദ്ധരിച്ച് സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ചെലവ് നിയന്ത്രണത്തോടൊപ്പം വരുമാന വർദ്ധനവിനും പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) കാലാവധി പൂർത്തിയാക്കിയ പഴയ ബസ്സുകൾക്കു പകരം പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിന് 900 ബസ്സുകൾ വാങ്ങാൻ ഭരണാനുമതി ലഭിച്ചതു പ്രകാരം സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വർക്ക്ഷോപ്പുകളിൽ ആധുനിക ഉപകരണങ്ങളും മറ്റു സംവിധാനങ്ങളും ഏർപ്പെടുത്തി വാഹന വിനിയോഗം വർദ്ധിപ്പിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ബസുകളുടെ ബോഡി നിർമ്മാണം സ്വകാര്യ സ്ഥാപനത്തിന് നൽകേണ്ടി വന്ന സ്ഥിതി ഒഴിവാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 കാലഘട്ടം മുതൽ കെ.എസ്.ആർ.ടി.സി-യിൽ നിരവധി പുനരുദ്ധാരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ പുതിയ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിൽ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുള്ള വായ്പാ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്കെത്തിക്കുന്നതിനുമായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായിരുന്ന പ്രൊഫ.സുശീൽ ഖന്നയെ, 24-9-2016-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)367/2016/Trans. പ്രകാരം വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിക്കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി തയ്യാറാക്കി വരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസുകൾ സർവീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്നസമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരം കുറച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്ടീവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത

വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്ക്സ് മാനേജർ (മെയിന്റനൻസ്) മേൽ നോട്ടത്തിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്ക്സ് മാനേജരെ ഫ്യൂവൽ സെല്ലിന്റെ ചുമതലയ്ക്ക് മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വിഭാഗം ജീവനക്കാരെയും യോജിപ്പിച്ചുകൊണ്ട് ഗ്യാരേജ് മീറ്റുകളും ബോധവൽക്കരണ ക്ലാസ്സുകളും ട്രെയിനിംഗും നടന്നുവരുന്നു.

(ബി) ഇപ്പോൾ അറ്റകുറ്റപ്പണിക്കൾക്കായി ഗ്യാരേജുകളിലുള്ള ബസ്സുകൾ പ്രസ്തുത ജോലികൾ തീർത്ത് സർവ്വീസിന് തയ്യാറാക്കുന്നതിനാവശ്യമായ ടയറും മറ്റ് സ്പെയർ പാർട്സുകളും വാങ്ങുന്നതിനുപോലും കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പരാധീനതമൂലം സാധിക്കുന്നില്ല. കൂടാതെ ഇത്രയും ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി ഡോക്ക് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പോലും ബാക്കിയുള്ള ഓടിക്കാൻ യോഗ്യമായ ബസ്സുകൾ പൂർണ്ണമായും സർവീസിന് ഉപയോഗിക്കുന്നതിന് ജീവനക്കാരുടെ ഗണ്യമായ കുറവുമൂലം കഴിയുന്നതുമില്ല. ഈ സാഹചര്യത്തിൽ നിലവിൽ അറ്റകുറ്റപ്പണികൾക്കായി ഗ്യാരേജുകളിലുള്ള ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കിയും ജീവനക്കാരുടെ കുറവ് പരിഹരിച്ചും ഓടിക്കാൻ കഴിയുന്ന എല്ലാ ബസ്സുകളും സർവീസിന് അയയ്ക്കാൻ കഴിയുന്ന സാഹചര്യം സംജാതമാക്കിയതിനുശേഷം മാത്രം പുതിയ ബസ്സുകൾ വാങ്ങുന്നതാണ് അഭികാമ്യം എന്ന നിഗമനത്തിലാണ് കെ.എസ്.ആർ.ടി.സി.

(സി) വർക്ക്ഷോപ്പുകളിലെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും വാഹനവിനിയോഗം വർദ്ധിപ്പിക്കുന്നതിനുമായുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. Pneumatic wrenches, torque multiplier, automatic tyre changer, wheel alignment machine, wheel balancer, air hydraulic floor jack, 4 column mobile lift, trolley jack, gear box lifting jack, turbo air ventilator, heavy duty hydraulic engine lifting crane, multi purpose jib crane, തുടങ്ങിയവ ലഭ്യമാക്കിക്കഴിഞ്ഞു. ബസ് ബോഡി നിർമ്മാണം സ്വകാര്യ സ്ഥാപനത്തെ കെ.എസ്.ആർ.ടി.സി. ഏല്പിച്ചിട്ടില്ല. എന്നാൽ 100 പൂർണ്ണനിർമിത ബസ്സുകൾ അശോക് ലൈലാൻഡ് കമ്പനിയിൽ നിന്നും 2017-18 കാലയളവിൽ വാങ്ങുന്നതിന് വിതരണ ഉത്തരവ് നല്കിയതിൻ പ്രകാരം ബസ് ലഭിച്ചുവരുന്നുണ്ട്. പുതിയതായി കേന്ദ്ര സർക്കാർ നടപ്പാക്കിയ AIS 052 പ്രകാരമുള്ള ബസ് ബോഡി കോഡ് അനുസരിച്ച് ബസ് നിർമ്മിക്കുന്നതിനുള്ള ടൈപ്പ് അപ്രൂവൽ (ഫേസ്-1, ഫേസ്-2) കെ.എസ്.ആർ.ടി.സി.-യുടെ പാപ്പനംകോട് സെൻട്രൽ വർക്ക് ഷോപ്പിന് ലഭ്യമായിട്ടുണ്ട്. എടപ്പാൾ വർക്ക്ഷോപ്പിനും കൂടി AIS 052 പ്രകാരമുള്ള അംഗീകാരം ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.യിലെ ചെലവ് ചുരുക്കൽ

272(1860) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ ചെലവ് ചുരുക്കലിന്റെ ഭാഗമായി എത്ര ഉന്നത ഉദ്യോഗസ്ഥർ സ്വമേധയാ അവർക്ക് അനുവദിച്ചിട്ടുള്ള ഔദ്യോഗിക വാഹനം ഒഴിവാക്കി അനുവദിച്ചിട്ടുള്ള യാത്ര പാസ് ഉപയോഗപ്പെടുത്തി വീട്ടിൽ നിന്ന് ഓഫീസിലേയ്ക്കും തിരിച്ചു പോകുന്നതിനും ഉപയോഗിച്ചുവരുന്നു;

(ബി) കെ.എസ്.ആർ.ടി.സി.യിലെ ഉന്നത ഉദ്യോഗസ്ഥർക്ക് മറ്റ് സർക്കാർ ഓഫീസിലുള്ളവരിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സൗജന്യ യാത്ര പാസ് അനുവദിച്ചിട്ടുള്ളതിനാൽ അവർക്ക് ചെലവ് ചുരുക്കലിന്റെ ഭാഗമായി ഔദ്യോഗിക വാഹനം ഒഴിവാക്കാതിരിക്കാനുള്ള കാരണം അറിയിക്കുമോ?

### ഉത്തരം

(എ) ചെലവ് ചുരുക്കലിന്റെ ഭാഗമായി സോണൽ ഓഫീസർമാർ, അസിസ്റ്റന്റ് വർക്സ് മാനേജർ (മെയിന്റനൻസ്), സ്ക്വാഡ് യൂണിറ്റുകൾ, യൂണിറ്റ് ഓഫീസർമാർ എന്നിവർക്ക് ഔദ്യോഗിക ആവശ്യത്തിനായി അനുവദിച്ചിരിക്കുന്ന ഔദ്യോഗിക വാഹനത്തിൽ നിന്നും ഡ്രൈവർമാരെ പിൻവലിക്കുകയും ടി വാഹനങ്ങൾ സ്വയം ഓടിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സീനിയർ ഉദ്യോഗസ്ഥർ ഒഴികെ എല്ലാ ഓഫീസർമാരും ഔദ്യോഗിക യാത്രയ്ക്ക് ഒഴികെയുള്ള യാത്രയ്ക്ക് പൊതുഗതാഗത സംവിധാനം തന്നെയാണ് ഉപയോഗിക്കുന്നത്.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ഹയർ ഡിവിഷൻ ആഫീസർമാർക്ക് ഔദ്യോഗിക വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഹയർ ഡിവിഷൻ ആഫീസർമാരെല്ലാം ഔദ്യോഗിക ജോലികളുടെ ഭാഗമായി ഒട്ടുമിക്ക ദിവസവും വളരെ വൈകിയാണ് ആഫീസ് വിട്ടുപോകുന്നത്, കൂടാതെ ഔദ്യോഗിക സംബന്ധമായ ആവശ്യത്തിലേയ്ക്ക് വളരെ നേരത്തെ വീട്ടിൽ നിന്നും യാത്ര തിരിക്കേണ്ടതുണ്ട്. കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് ടി ആഫീസർമാരുടെ വിലപ്പെട്ട സമയം യാതൊരു കാരണവശാലും നഷ്ടപ്പെടുത്താതെ കോർപ്പറേഷന് ഗുണപ്രദമാകുന്നതിലേയ്ക്ക് വേണ്ടി അവർ കഴിവതും വേഗം ആഫീസിൽ എത്തിച്ചേരുന്നതിനുവേണ്ടിയാണ് ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി.യുടെ നവീകരണം

273(1861) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മാനേജിംഗ് ഡയറക്ടർ ചുമതല ഏറ്റെടുത്തശേഷം കെ.എസ്.ആർ.ടി.സി.യെ നവീകരിക്കുന്നതിനായി എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; അതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിച്ചതുമൂലം ജീവനക്കാർക്കുണ്ടായ ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ വിഷയത്തിൽ ഉണ്ടായ പോരായ്മകൾ ഏതു രീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) പുതിയ മാനേജിംഗ് ഡയറക്ടർ ചുമതല ഏറ്റെടുത്തശേഷം കെ.എസ്.ആർ.ടി.സി.-യുടെ നവീകരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ജീവനക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ വിവിധ തൊഴിലാളി സംഘടനകൾ അറിയിക്കുകയും ആയത് സംബന്ധിച്ച് എല്ലാ വിഭാഗം ജീവനക്കാരുടെയും ക്ഷേമവും, കോർപ്പറേഷന്റെ ഉന്നമനവും മുൻനിർത്തി പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## സുശീൽഖന്നയുടെ പ്രാഥമിക റിപ്പോർട്ട്

274(1862) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

24-9-16-ലെ G.O.RT No.367/2016/Transport, പ്രകാരം നിയോഗിച്ച സുശീൽഖന്നയുടെ പ്രാഥമിക റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. കാര്യക്ഷമമാക്കുന്നതിന് സി.സി.ടി.വി.ക്യാമറകൾ

275(1863) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ട്രാൻസ്പോർട്ട് ഭവനിലുൾപ്പെടെയുള്ള ഓഫീസുകളിൽ ജോലി നടക്കുന്നുണ്ടോന്നുറപ്പാകുന്നതിനും അഡ്മിനിസ്ട്രേഷൻ കാര്യക്ഷമമാക്കുന്നതിനും സി.സി.ടി.വി.ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ എവിടെയെല്ലാം; ഏതെല്ലാം ഓഫീസുകളിൽ; എത്രവീതം; വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മിനിട്ടുകൾ ഇടവിട്ട് സ്ക്വാഡ് പരിശോധന നടത്തുന്നതുപോലെ ഓഫീസുകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(സി) ഇതിന്റെ മാതൃകയെന്നോളം തലസ്ഥാനനഗരിയുടെ സിറ്റി ഡിപ്പോ ഓഫീസിൽ നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ എവിടെയെല്ലാം; എന്നായിരുന്നു സ്ഥാപിച്ചത്; എന്ത് തുക ഇതിനായി ചെലവഴിച്ചു ;

(ഡി) സി.സി.ടി.വി.ക്യാമറ സ്ഥാപിച്ചതിനുശേഷം നീക്കം ചെയ്യുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു;

(ഇ) സെക്രട്ടേറിയറ്റിൽ ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ നിരീക്ഷണ ക്യാമറ വ്യാപകമായി സ്ഥാപിച്ചുകൊണ്ടിരിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. ഓഫീസിൽ മാത്രം ഇവ സ്ഥാപിക്കാൻ അനുവദിക്കാതിരിക്കുകയോ അല്ലെങ്കിൽ സ്ഥാപിച്ചതിനെ എടുത്തു മാറ്റുകയോ ചെയ്ത നടപടിയെ അതീവ ഗൗരവമായി കാണുമോ;

(എഫ്) ഇത്തരത്തിൽ നീക്കം ചെയ്ത സി.സി.ടി.വി.ക്യാമറ ഉടനടി പുനഃസ്ഥാപിക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് സത്വരം നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ ചീഫ് ഓഫീസിൽ ജീവനക്കാരുടെ ജോലിയിൽ കൃത്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി 18 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർ അനധികൃതമായി പുറത്തുപോകുന്നതും തിരികെ വരുന്നതും നിരീക്ഷിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് ഓഫീസുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്തിട്ടില്ല.

(സി) ഉണ്ടായിരുന്നു. തിരുവനന്തപുരം സിറ്റി ഡിപ്പോയുടെ കീഴിൽ വരുന്ന നോർത്ത് ബസ് സ്റ്റാൻഡിലും സിറ്റി യൂണിറ്റ് ഓഫീസറുടെ ഓഫീസിലുമായി ക്യാമറകൾ സ്ഥാപിച്ചിരുന്നു. 29-8-2017-ലാണ് ടി ഓഫീസുകളിൽ ക്യാമറകൾ സ്ഥാപിച്ചത്. ഇതിനായി 1,80,709 രൂപ ചെലവായിട്ടുണ്ട്.

(ഡി) സിറ്റി യൂണിറ്റിലെ ഓഫീസിനുള്ളിൽ സ്ഥാപിച്ചിരുന്ന CCTV ക്യാമറകളുടെ നിരീക്ഷണം സംബന്ധിച്ച് വ്യാപകമായ പരാതിയുടെ അടിസ്ഥാനത്തിൽ സിറ്റി യൂണിറ്റ് ഓഫീസിനുള്ളിൽ സ്ഥാപിച്ചിരുന്ന CCTV ക്യാമറകൾ നീക്കം ചെയ്യുകയുണ്ടായി.

(ഇ) CCTV ക്യാമറകൾ പൊതുവായി ജീവനക്കാരെ നിരീക്ഷിക്കുന്ന തരത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) തിരുവനന്തപുരം സിറ്റി ഓഫീസിൽ നിന്നും ഇളക്കി മാറ്റിയ ക്യാമറകൾ മിനി ഗാരേജിലും മറ്റും പുനഃസ്ഥാപിക്കുന്നതിന് യൂണിറ്റാഫീസറുടെ അപേക്ഷയിന്മേൽ അനുമതി നൽകിയിട്ടുണ്ട്.

**കെ എസ് ആർ ടി സി പെൻഷൻ**

276(1864) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ എസ് ആർ ടി സി-യിൽ തുടർച്ചയായി കൃത്യമായി പെൻഷൻ നൽകാനാവാത്ത സാഹചര്യത്തിൽ പെൻഷൻകാർ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിനാൽ ആത്മഹത്യയിലേയ്ക്ക് എത്തിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തുടർച്ചയായി ഈ കാലയളവിൽ കെ എസ് ആർ ടി സി-യിൽനിന്ന് പെൻഷൻ പറ്റിയവരായ 15 ഓളം പേർ അടുത്തടുത്ത് മരണപ്പെടാനിടയായ സാഹചര്യം എന്തായിരുന്നുയെന്ന് വ്യക്തമാക്കുമോ;

(സി) രോഗികളായ പെൻഷൻകാർക്ക് ഇത്തരം അവസ്ഥാവിശേഷം ഉണ്ടാകാതിരിക്കാൻ കൃത്യമായി പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി.-യിൽ തുടർച്ചയായി കൃത്യമായി പെൻഷൻ നൽകാൻ ആവാത്ത സാഹചര്യത്തിൽ പെൻഷൻകാർ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു.

ഈ സാഹചര്യം ഒഴിവാക്കുന്നതിനായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം വഴി 2018 ജൂലൈ വരെയുള്ള പെൻഷൻ സുഗമമായി വിതരണം ചെയ്യുന്നതിന് സർക്കാർ, സഹകരണ വകുപ്പ്, കെ.എസ്.ആർ.ടി.സി. എന്നിവർ ചേർന്ന് ഒപ്പുവച്ച ധാരണാപത്ര പ്രകാരം നടപടികൾ നടന്നുവരുന്നു.

**കെ.എസ്.ആർ.ടി.സി പെൻഷൻ പദ്ധതികൾ**

277(1865) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ എത്ര തരം പെൻഷൻ പദ്ധതികൾ നിലവിൽ ഉണ്ട്; വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി യിൽ കെ.എസ്.ആർ. പാർട്ട് III പെൻഷൻ സ്കീമിൽ ഉള്ള എത്ര ജീവനക്കാർ ഉണ്ട്; വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി യിൽ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ജീവനക്കാർ ഉണ്ട്; വ്യക്തമാക്കാമോ;

(ഡി) ദേശീയ പെൻഷൻ പദ്ധതിയിൽ നാളിതുവരെ ജീവനക്കാരുടെയും കെ.എസ്.ആർ.ടി.സി. യുടെയും വിഹിതം ദേശീയ പെൻഷൻ പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഇനി എത്ര മാസത്തെ വിഹിതം നിക്ഷേപിക്കുവാൻ ഉണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) രണ്ട് തരം.

1. സ്റ്റാറ്റ്യൂട്ടറി പെൻഷൻ

2. നാഷണൽ പെൻഷൻ സിസ്റ്റം (1-4-2013 മുതൽ)

(ബി) 23270 ജീവനക്കാർ.

(സി) കെ.എസ്.ആർ.ടി.സി.-യിൽ 9659 ജീവനക്കാരാണ് ദേശീയ പെൻഷൻ പദ്ധതിയിൽ നിലവിലുള്ളത്.

(ഡി) ദേശീയ പെൻഷൻ പദ്ധതിയിൽ നാളിതുവരെ 9 മാസത്തെ തുക നിക്ഷേപിച്ചിട്ടുണ്ട്. ഇനി 37 മാസത്തെ തുക നിക്ഷേപിക്കുവാനുണ്ട്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വിരമിക്കൽ പ്രായം**

278(1866) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വിരമിക്കൽ പ്രായം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിരമിച്ച ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ പെൻഷൻ സ്കീം (NPS)-ന്റെ കീഴിൽ വരുന്ന ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരുടെയും വിരമിക്കൽ പ്രായം 56 വയസ്സും, NPS-ന് കീഴിൽ വരുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സുമാണ്.

(ബി) ഇല്ല.

(സി) ഡോക്കിൽകിടക്കുന്ന പരമാവധി ബസ്സുകൾ റിപ്പയർ ചെയ്ത് നിരത്തിലിറക്കി ഓടിച്ചുകൊണ്ടും വരുമാനം കുറഞ്ഞ ഷെഡ്യൂളുകളെ പുനഃക്രമീകരിച്ചുകൊണ്ടും ചെലവുകൾ ചുരുക്കിക്കൊണ്ടും നഷ്ടം കുറച്ച് കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

279(1867) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക് കൺസോർഷ്യം മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തുന്നതിലൂടെ സർക്കാരിനോ കെ.എസ്.ആർ.ടി.സി. യ്ക്കോ നേരത്തേ ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടോ;

(ബി) എങ്കിൽ എന്ത് തുകയ്ക്ക്; ആർക്കൊക്കെ; ഏതെല്ലാം വിധത്തിൽ; ഇതിന്റെ പൂർണ്ണവിവരം വിശദമാക്കുമോ;

(സി) കൂടിയ പലിശ ബാധ്യതയിൽ നിന്ന് കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കാനെന്ന പേരിൽ ഈ സർക്കാർ നടപ്പിലാക്കിയ പുതിയ പെൻഷൻ പദ്ധതി ആത്യന്തികമായി സ്ഥാപനത്തിന് പ്രതിമാസം എന്ത് തുകയുടെ ലാഭം നേടിത്തരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന 2018 ജൂലൈ മാസം വരെയുള്ള കെ.എസ്.ആർ.ടി.സി. പെൻഷനാണ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്. ഈ ഇനത്തിൽ കൺസോർഷ്യത്തിന് ചെലവാകുന്ന തുക, സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് 2018-19 സാമ്പത്തിക വർഷം പ്രഖ്യാപിച്ചിട്ടുള്ള 1000 കോടി രൂപയിൽ നിന്നും 10% പലിശ സഹിതം കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്. ഇപ്രകാരം പലിശ ഇനത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. ജൂലൈ 2018 വരെയുള്ള പെൻഷൻ വിതരണം പൂർണ്ണമാകുന്ന മുറയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യതാ തുക കണക്കാക്കുന്നതാണ്.

(സി) സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേനയുള്ള കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടപ്പിലാക്കിയത് കൂടിയ പലിശ ബാദ്ധ്യതയിൽ നിന്നും കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുവാനല്ല, മറിച്ച്

സാമ്പത്തിക പ്രതിസന്ധിമൂലം പെൻഷൻ വിതരണം മുടങ്ങുന്നത് ഒഴിവാക്കുവാനാണ്. ഇതുമൂലം പെൻഷൻ വിതരണത്തിനായി പ്രതിമാസം ഏകദേശം 60 കോടി രൂപ കെ.എസ്.ആർ.ടി.സി. കണ്ടെത്തേണ്ട അവസ്ഥ തൽക്കാലം ഒഴിവായിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ പ്രായം**

280(1868) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(ബി) പെൻഷൻ പ്രായ വർദ്ധനവ് ഭാവിയിൽ കെ.എസ്.ആർ.ടി.സി.ക്ക് കടുത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാനുള്ള തീരുമാനം ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം അംഗീകരിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ പ്രായം**

281(1869) ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 1-4-2017-ൽ ചേർന്ന യോഗത്തിൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ പ്രായം 58 ആയി ഉയർത്തുന്ന കാര്യം ചർച്ചചെയ്തിരുന്നോ;

(ബി) ഈ ശിപാർശ നടപ്പിൽ വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ?

<u>ഉത്തരം</u>

(എ) ചെയ്തിരുന്നു.

(ബി) ഇല്ല.

(സി) ഇല്ല. പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**കെ. എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

282(1870) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. വി. പി. സജീന്ദ്രൻ</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിന് ഇന്ധനവിലയിലുണ്ടായിട്ടുള്ള വൻവർദ്ധനവ് എത്ര മാത്രം കാരണമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3100 കോടി രൂപ കെ.എസ്.ആർ.ടി.സിക്ക് ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ ബാങ്കുകളുടെ കൺസോർഷ്യമാണ് പ്രസ്തുത തുക അനുവദിച്ചതെന്ന് അറിയിക്കാമോ;

(സി) കൺസോർഷ്യത്തിൽ നിന്ന് ലഭിച്ച തുക എപ്രകാരമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) അടുത്ത രണ്ട് വർഷത്തേയ്ക്ക് കടമെടുക്കുന്നതിന് ബാങ്കുളുടെ കൺസോർഷ്യം കർശന വായ്പ നിബന്ധനകൾ വച്ചിട്ടുണ്ടോ; എങ്കിൽ ശമ്പളവും പെൻഷനും നൽകുന്നതിന് കെ.എസ്.ആർ.ടി.സി. നിലവിൽ എന്ത് മാർഗ്ഗമാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അടിക്കടിയുണ്ടാകുന്ന ഇന്ധന വിലയിലുള്ള വൻ വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം 11 കോടി രൂപയോളം അധിക ചെലവ് വരുന്നുണ്ട്. ഇതുമൂലം ടയർ വാങ്ങിയ ഇനത്തിലും സ്പെയർ പാർട്സുകൾ വാങ്ങിയ ഇനത്തിലും കമ്പനികൾക്ക് കൊടുക്കാനുള്ള തുക കണ്ടെത്താൻ സാധിക്കാതെ പ്രതിസന്ധി ഉണ്ടാകുന്നുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| എസ്.ബി.ഐ. | - | 1000 കോടി |
| കാനറാ ബാങ്ക് | - | 500 കോടി |
| വിജയാ ബാങ്ക് | - | 500 കോടി |
| ലക്ഷ്മി വിലാസ് ബാങ്ക് | - | 150 കോടി |
| കെ.റ്റി.ഡി.എഫ്.സി. | - | 950 കോടി |

(സി) കൺസോർഷ്യത്തിൽ നിന്നും ലഭിച്ച തുകകൊണ്ട് കെ.എസ്.ആർ. ടി.സി. മുൻ ബാങ്ക് കൺസോർഷ്യം, മറ്റ് സഹകരണ ബാങ്കുകൾ, LIC, HUDCO, ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശയ്ക്കും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക അടച്ചുതീർത്തു കഴിഞ്ഞു.

(ഡി) ഉണ്ട്. പുതിയ കൺസോർഷ്യം വായ്പ ലഭിച്ചതിനുശേഷം തിരിച്ചടവിൽ മിച്ചം പിടിക്കുന്ന തുകയും സർക്കാരിൽ നിന്നും വായ്പ ഇനത്തിൽ ലഭിക്കുന്ന സാമ്പത്തിക സഹായവുംകൊണ്ട് ശമ്പളം കൃത്യമായി നൽകിവരുന്നു. പെൻഷൻ വിതരണം സംബന്ധിച്ച് ജൂലൈ 2018 വരെ സഹകരണ ബാങ്കുകളുടെ കൺസോർഷ്യവുമായി ഒരു ധാരണാപത്രം നിലവിലുണ്ട്. അതിൻപ്രകാരം പെൻഷൻ വിതരണം നടന്നുവരുന്നു.

**കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

283(1871) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി മുതൽ മേയ് മാസം വരെ കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവും ചെലവും എത്രയെന്നും പ്രതിമാസ നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി. സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുമായി 15-6-2017 മുതൽ ഡ്യൂട്ടി സമ്പ്രദായം ഏകീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ടായിരുന്നു. ജീവനക്കാരുടെ കുറവുമൂലം സർവ്വീസുകൾ റദ്ദ് ചെയ്യുന്നതും, ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതുമായ പ്രവണതകൾ ഒരു വലിയ അളവുവരെ പരിഹരിക്കുന്നതിന് ഈ നടപടിയിലൂടെ കഴിഞ്ഞിരുന്നു. എന്നാൽ ഈ ഉത്തരവിനെ 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ല എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ചില തൊഴിലാളി സംഘടനകളും മറ്റ് ചില തൊഴിലാളികളും റിട്ട് ഹർജ്ജികളും അപ്പീൽ ഹർജ്ജികളും നൽകിയിട്ടുണ്ട്. ടി ഹർജികളിലെ വിധിപ്രകാരം ടി അപ്പീൽ ഹർജികളിലെ ഹർജ്ജിക്കാരേയും, അംഗീകൃത തൊഴിലാളികളേയും വിളിച്ചുചേർത്ത് കൂടിയാലോചനകൾ നടത്തി പുതുതായി ഡ്യൂട്ടി പാറ്റേൺ സംബന്ധിച്ച് ഉത്തരവ് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. അപ്രകാരം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1961-ലെ മോട്ടോർ തൊഴിലാളി നിയമത്തിലേയും, 1962-ലെ കേരള മോട്ടോർ തൊഴിലാളി ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ നഷ്ടം

284(1872) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ നഷ്ടം എത്ര രൂപയാണ്;

(ബി) കെ.എസ്.ആർ.ടി.സി.യിൽ ഒരു ബസ്സിന് ശരാശരി എത്ര ജീവനക്കാരാണ് നിലവിലുള്ളത് ;

(സി) ഇത് സംസ്ഥാനത്തെ മറ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങളുടേതുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണ്എന്ന് കരുതുന്നുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.യിലെ ചില വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത കുറവാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രതിമാസ ശരാശരി നഷ്ടം 105 കോടി രൂപയാണ്.

(ബി) സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു ബസ്സിന് 9 ജീവനക്കാരുണ്ട്.

(സി) കൂടുതലാണ്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിന് നടപടി**

285(1873) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ രേഖകളില്ലാതെയും നിയമാനുസൃതമല്ലാതെയും സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ പരിശോധന കർശനമാക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, പരിശോധന നടത്തുന്നതിന് ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിച്ച് മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുന്നതിനും അതിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി മോട്ടോർ വാഹന വകുപ്പും, പോലീസ് വകുപ്പും, കെ.എസ്.ആർ.ടി.സി.-യും സംയുക്തമായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, തിരുവനന്തപുരം ജില്ലയിൽ അത്തരത്തിലുള്ള രണ്ട് സ്വാഡുകൾ പ്രവർത്തിച്ച് വരുന്നതുമാണ്. ടി സ്ക്വാഡുകളുടെ പ്രവർത്തനംമൂലം തിരുവനന്തപുരം ജില്ലയിലെ അനധികൃത സമാന്തര സർവ്വീസുകളെ കർശനമായി തടയുന്നതിനും, കെ.എസ്.ആർ.ടി.സി.-യുടെ ടി മേഖലകളിലെ വരുമാന ചോർച്ച തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ആവശ്യപ്പെടുന്ന റൂട്ടുകളിൽ പരിശോധന നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ ഉദ്യോഗസ്ഥർക്കൊപ്പം ആവശ്യമുള്ള ഉദ്യോഗസ്ഥരെ മോട്ടോർ വാഹന വകുപ്പ് നിയമിക്കുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.യിലെ ഓഡിറ്റ് സംവിധാനം**

286(1874) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻറ്റേണൽ ഓഡിറ്റ് സംവിധാനത്തിന് പുറമേ കെ.എസ്.ആർ.ടി.സി. യിൽ ഏത് തരത്തിലുള്ള ഓഡിറ്റ് സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) ഏത് വർഷം വരെയുള്ള കണക്കുകൾ പുറമെയുള്ള ഏജൻസികൾ മുഖേന ഓഡിറ്റ് നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) എത്ര വർഷത്തെ ഓഡിറ്റ് നടപടികൾ ഇനിയും പൂർത്തിയാക്കുവാനുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഓഡിറ്റുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലെത്തിക്കുന്നതിനുള്ള അനിവാര്യമായ ഓഡിറ്റ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി അപ് ടു ഡേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സി.&എ.ജി. ഓഡിറ്റ്.

(ബി) സി.&എ.ജി. ഓഡിറ്റിനു വിധേയമായിട്ടുള്ള വാർഷിക കണക്കുകളിൽ പുറമേയുള്ള ഓഡിറ്റുകൾ നടത്തേണ്ടതില്ല.

(സി) 2014-15 സാമ്പത്തിക വർഷത്തെ ആന്വൽ അക്കൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ടിന്റെ പരിശോധന അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കുകയും ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷത്തെ ആന്വൽ അക്കൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി അംഗീകരിക്കുകയും ഓഡിറ്റ് നടത്തുന്നതിനായി അക്കൗണ്ടന്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തെ ആന്വൽ അക്കൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രൊവിഷണൽ അക്കൗണ്ട്സ് പൂർത്തിയായിട്ടുണ്ട്.

(ഡി) C&AG Audit & Certification ലഭിച്ചതിനുശേഷം മാത്രമേ അടുത്ത ഓഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനാവൂ.

(ഇ) നിലവിലുള്ള ഓഡിറ്റ് നടപടികൾ വേഗത പുലർത്തിവരുന്നു.

## കെ.എസ്.ആർ.ടി.സി. ചിറ്റൂർ ഡിപ്പോയിൽനിന്നും പുതിയ സർവ്വീസുകൾ

287(1875) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ എം.എൽ.എ.യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി ചിറ്റൂർ ഡിപ്പോയിൽ നിന്നും ഏതൊക്കെ പുതിയ സർവ്വീസുകൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിൽ ഏതൊക്കെ സർവ്വീസുകൾ ആരംഭിച്ചു;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകളും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) ചിറ്റൂരിൽ നിന്നും, ചിറ്റൂർ-തൃശ്ശൂർ മെഡിക്കൽ കോളേജ് സർവ്വീസ് 21-5-2018 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉത്തരവ് നമ്പർ. ടി.ആർ.5/000601/2018, തീയതി 7-5-2018 പ്രകാരമാണ് ടി സർവ്വീസ് ആരംഭിച്ചത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകൾ

288(1876) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യമായ ജീവനക്കാരില്ലാത്തത് ദീർഘദൂര സർവ്വീസുകളെ ബാധിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃത്യമായി സർവ്വീസ് നടത്താത്തതിനാൽ കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകളിൽ യാത്രക്കാർ കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ദീർഘദൂര ട്രിപ്പുകൾ മുടക്കമില്ലാതെ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) മുൻകാലങ്ങളിൽ ജീവനക്കാരുടെ അഭാവംമൂലം ദീർഘദൂര സർവ്വീസുകൾ ഉൾപ്പെടെയുള്ള സർവ്വീസുകളുടെ നടത്തിപ്പിനെ ബാധിച്ചിരുന്നെങ്കിലും സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായുള്ള പരിഷ്കരണങ്ങളിലൂടെയും, ഡ്യൂട്ടി പാറ്റേൺ പരിഷ്കരണങ്ങളിലൂടെയും കർശന നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ നിലവിൽ ദീർഘദൂര സർവ്വീസുകൾ ജീവനക്കാരുടെ അഭാവംമൂലം റദ്ദ് ചെയ്യുന്ന സാഹചര്യം ഒഴിവാക്കിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ്സുകൾ**

289(1877) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ എത്ര ബസ്സുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബസ്സുകളിൽ കട്ടപ്പുറത്തുള്ളവയുടെ വിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബസുകൾ നിരത്തിലിറക്കിയെന്ന് അറിയിക്കുമോ;

(ഡി) ഡ്രൈവർമാരും കണ്ടക്ടർമാരും ഇല്ല എന്ന കാരണത്താൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കാനാകുന്നില്ല എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 6387 ബസ്സുകൾ ഉണ്ട്.

(ബി) 1-6-2018-ലെ കണക്കുപ്രകാരം 744 ബസ്സുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായും ടയറിന്റെ ദൗർലഭ്യംമൂലവും ഡോക്കിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 763 ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്.

(ഡി) നിലവിലുള്ള പുതിയ ബസ്സുകളെല്ലാം നിരത്തിൽ ഇറക്കിയിട്ടുണ്ട്. ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവ് പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനെ ഒട്ടും ബാധിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം**

290(1878) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവസേന ഡീസൽ, പെട്രോൾ വില വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കൂടിവരുന്ന സാഹചര്യത്തിൽ ഇത് മറികടക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സിയുടെ നഷ്ടം നികത്തുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡ്രൈവർമാർക്ക് PCRA മുഖാന്തരവും വാഹന നിർമ്മാതാക്കൾ മുഖാന്തരവും ട്രെയിനിംഗ് നൽകി വരുന്നുണ്ട്. ഇതുകൂടാതെ ഓരോ അസിസ്റ്റന്റ് വർക്ക്സ് മാനേജർ (മെയിന്റനൻസ്)ന്റെയും മേൽനോട്ടത്തിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഒരു അസിസ്റ്റന്റ് വർക്ക്സ് മാനേജരെ (ഫ്യൂവൽ സെൽ) ഇതിന് മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വിഭാഗം ജീവനക്കാരെയും യോജിപ്പിച്ചുകൊണ്ട് ഗ്യാരേജ് മീറ്റുകളും ബോധവൽക്കരണ ക്ലാസ്സുകളും ട്രെയിനിംഗും നടന്നുവരുന്നു. കൂടാതെ ഇന്ധന വില താരതമ്യേന കുറഞ്ഞ ഇലക്ട്രിക്ക് ബസ്സുകൾ, സി.എൻ.ജി. ബസ്സുകൾ എന്നിവ ഓടിക്കുന്നതിന്റെ സാധ്യത പഠനങ്ങൾ നടന്നുവരുന്നു.

(ബി)കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി മൂന്ന് മേഖലകളായി തിരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**പഴയ ബസ്സുകളിൽ ക്യാന്റീൻ സ്ഥാപിക്കുന്നതിന് നിർദ്ദേശം**

291(1879) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഉള്ള പഴയ ബസ്സുകളിൽ ക്യാന്റീൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കുടുംബശ്രീ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിനായി കുടുംബശ്രീ സമർപ്പിച്ചതിൽ എന്തൊക്കെ നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി അംഗീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ വിഷയം കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരുന്നു.

**ബസ്സ് സർവ്വീസ് നിർത്തലാക്കിയ നടപടി**

292 (1880) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തുനിന്നും ഗോശ്രീപ്പാലം വഴി കോഴിക്കോട് വരെ പുതുതായി ആരംഭിച്ച ബസ് സർവ്വീസ് ലാഭകരമല്ലായെന്ന കാരണത്താലാണോ നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ലാഭകരമായി പ്രസ്തുത സർവ്വീസ് നടത്തുന്നതിന് പ്രതീക്ഷിക്കുന്ന ശരാശരി പ്രതിദിന കളക്ഷൻ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലാഭകരമല്ലാത്തതിനാലാണ് നിർത്തലാക്കിയത്.

(ബി) പ്രതിദിനം ശരാശരി 16,000 രൂപയെങ്കിലും വരുമാനം ലഭിക്കണമെന്നാണ് കണക്കാക്കുന്നത്.

**അന്തർ സംസ്ഥാന ബസ്സ് സർവ്വീസ്**

293(1881) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ബസ്സ് സർവ്വീസ് നടത്തുന്നതിനു വേണ്ടി തമിഴ് നാട് സർക്കാരുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ; ആയതിൻ പ്രകാരം ഏതെല്ലാം റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് കരാറായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കരുനാഗപ്പള്ളിയിൽ നിന്നും പാലക്കാട് വഴി പഴനിക്ക് സൂപ്പർഫാസ്റ്റ് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) അന്തർ സംസ്ഥാന ബസ് സർവ്വീസ് നടത്തുന്നതിനായി തമിഴ്നാട് സർക്കാരുമായി, 27-2-2018-ന് കരട് കരാറിൽ ഒപ്പുവയ്ക്കുകയും, ആയത് 11-4-2018-ന് പ്രാഥമിക വിജ്ഞാപനമായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിർദ്ദിഷ്ട അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ടി സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയില്ല.

**കൊച്ചി നഗരത്തിലെ ദേശസാൽകൃത റൂട്ടുകൾ**

294(1882) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ ദേശസാൽകൃത റൂട്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റൂട്ടുകളിലൂടെ സ്വകാര്യ ബസ്സുകൾ നിലവിൽ സർവീസ് നടത്തുന്നുണ്ടോയെന്നും എങ്കിൽ ഏതെല്ലാം റൂട്ടുകളിൽ എത്ര വീതം സർവീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചി നഗരത്തിന് മാത്രമായി ദേശസാൽകൃത റൂട്ടുകൾ ഒന്നും തന്നെ നിലവിലില്ലെങ്കിലും താഴെപ്പറയുന്ന വിവിധ ദേശസാൽകൃത റൂട്ടുകളിൽ കൊച്ചി നഗരവും ഉൾപ്പെടുന്നുണ്ട്.

1. തിരുവനന്തപുരം - പാലക്കാട്
2. തിരുവനന്തപുരം - കണ്ണൂർ
3. എറണാകുളം - തേക്കടി
4. എറണാകുളം - തൃശ്ശൂർ
5. എറണാകുളം - പാലക്കാട്
6. എറണാകുളം - ഗുരുവായൂർ
7. എറണാകുളം - പയ്യന്നൂർ
8. എറണാകുളം - മൂവാറ്റുപുഴ

(ബി) മുൻകാലത്ത് 650-ൽ പരം സ്വകാര്യ ബസുകൾക്ക് പെർമിറ്റ് അനുവദിച്ചിരുന്നു. ഈ ബസ്സുകളെല്ലാം തന്നെ മേൽ പരാമർശിച്ച ഏഴ് ദേശസാൽകൃത റൂട്ടുകളുടെ ഭാഗങ്ങളിൽ കൂടിയും സർവ്വീസ് നടത്തിവരുന്നു. സർക്കാർ വിജ്ഞാപനത്തിലെ നിബന്ധനകൾക്ക് വിധേയമായി വിവിധ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ അനുവദിച്ചുനല്കിയ പെർമിറ്റുപയോഗിച്ച് മറ്റ് ജില്ലകളിൽനിന്നുംവരുന്ന സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും അവയുടെ എണ്ണം ലഭ്യമല്ല. 2006-നുശേഷം സ്വകാര്യ ബസ്സുകൾക്കൊന്നും മേൽ റൂട്ടിൽ സ്ഥിര പെർമിറ്റ് അനുവദിച്ചിട്ടില്ല.

**മിന്നൽ സർവ്വീസ് ബസ്സുകൾ**

295(1883) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിന്നൽ സർവ്വീസ് ബസ്സുകൾക്ക് ഒരു ജില്ലയിൽ ഒരു സ്റ്റോപ്പ് എന്ന ആശയം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിലെ യാത്രക്കാർക്ക് പ്രയോജനപ്പെടുന്ന തരത്തിൽ കോട്ടയ്ക്കലിൽ (ചങ്കുവെട്ടി) സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) ദീർഘദൂര യാത്രക്കാർക്ക് സഹായകരമായ രീതിയിൽ കോട്ടയ്ക്കലിൽ സ്റ്റോപ്പ് അനുവദിക്കുവാൻ ആവശ്യമായ നിർദ്ദേശം കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്ക് നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സ്റ്റോപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി സമയനിഷ്ഠ പാലിക്കുന്ന രീതിയിൽ ആരംഭിച്ച പ്രത്യേക വിഭാഗം സർവ്വീസ് ആണ് മിന്നൽ സർവ്വീസ്. സ്റ്റോപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ടി സർവ്വീസിന്റെ സമയനിഷ്ഠ പാലിക്കുന്നതിന് ബുദ്ധിമുട്ടാകും എന്നതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കോഴിക്കോട് നിന്നുള്ള രാത്രികാല കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

296(1884) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും തിരൂർ ചമ്രവട്ടം വഴി എറണാകുളത്തേയ്ക്കോ ഗുരുവായൂർക്കോ കെ.എസ്.ആർ.ടി.സി.യുടെ രാത്രികാല സർവ്വീസുകളില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെയേറെ യാത്രക്കാരുള്ള പ്രസ്തുത റൂട്ടിൽ ആവശ്യമായ രാത്രികാല സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടി റൂട്ടിൽ നിലവിൽ രാത്രികാല യാത്രക്കാർ വളരെയധികം കുറവാണ് എന്നാണ് കെ.എസ്.ആർ.ടി.സി.-യുടെ പ്രാഥമിക അന്വേഷണത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ടാണ് രാത്രികാല സർവ്വീസുകളുടെ കുറവ് ടി മേഖലയിൽ അനുഭവപ്പെടുന്നത്.

(ബി) കൂടുതൽ യാത്രക്കാർ ആവശ്യപ്പെടുന്ന പക്ഷം ടി മേഖലയിലൂടെ അധിക രാത്രികാല സർവ്വീസുകൾ പൊതുജനങ്ങൾക്കും, കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമാകുന്ന രീതിയിൽ സാധ്യതാപഠനം നടത്തി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ്സുകൾ**

297(1885) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് സർവ്വീസ് നടത്താൻ പയ്യന്നൂർ ഡിപ്പോയ്ക്ക് ഇപ്പോൾ എത്ര ബസ്സുകളാണ് ഉള്ളതെന്നും അതിൽ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്നും വെളിപ്പെടുത്തുമോ;

(ബി) അടുത്ത കാലത്തായി പയ്യന്നൂർ ഡിപ്പോയിൽ നിന്ന് എത്ര ബസ്സുകളാണ് സ്ക്രാപ്പ് ചെയ്യപ്പെട്ടതെന്നും അതിന് പകരമായി എത്ര ബസ് അനുവദിച്ചു കിട്ടിയെന്നും വിശദമാക്കുമോ;

(സി) ടയർ, സ്പെയർ പാർട്സ് എന്നിവ ഇല്ലാത്തതു കാരണം ബസ്സുകൾ സർവ്വീസ് നടത്താതിരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ബസ്സ്; അതിന്റെ ഭാഗമായി ഏതെല്ലാം സർവ്വീസുകളാണ് ഒഴിവാക്കിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 92 ആർ.ടി.സി. ബസ്സുകളും 5 ജൻറം ബസ്സുകളും ഉൾപ്പെടെ മൊത്തം 97 ബസ്സുകൾ ഉണ്ട്. ഇതിൽ 83 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 2 എണ്ണം സ്പെയർ ബസ്സുകളാണ്. 2-6-2018-ൽ 12 ബസ്സുകൾ ഡോക്കിലുണ്ട്.

(ബി) കഴിഞ്ഞ ആറുമാസ കാലത്തിനിടയിൽ ഒരു ബസ് മാത്രമാണ് സ്ക്രാപ്പ് ചെയ്യപ്പെട്ടത്. എന്നാൽ ഈ കാലയളവിൽ പുതുതായി 5 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2-6-2018-ൽ 4 ബസ്സുകൾ ടയർ ഇല്ലാത്തതുമൂലവും, 8 ബസ്സുകൾ മറ്റ് അറ്റകുറ്റപ്പണികൾമൂലവും ഓടിക്കാൻ സാധിച്ചിട്ടില്ല. താഴെപ്പറയുന്ന അഞ്ച് സർവ്വീസുകൾ ടയർ, സ്പെയർ പാർട്സ് എന്നിവയുടെ അഭാവംമൂലം താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

1. 06.30 - ചെമ്പേരി
2. 07.00 - ചെറുവത്തൂർ
3. 07.00 - പഴയങ്ങാടി
4. 07.05 - മാലോം
5. 07.45 - ചെറുപുഴ

**കോതമംഗലത്തു നിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനു നടപടി**

298(1886) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-തെങ്കാശി, കോതമംഗലം-കളിയിക്കവിള, കോതമംഗലം-വെള്ളരിക്കുണ്ട്, കോതമംഗലം - കോഴിക്കോട് തോട്ടുമുക്കം എന്നീ 4 സർവ്വീസുകൾ പുതുതായി ആരംഭിക്കണമെന്ന ആവശ്യത്തിന്മേലുള്ള നിലവിലെ നടപടികളുടെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഏറെ കാലമായുള്ള കോതംഗലം നിവാസികളുടെ ആവശ്യവും കോർപ്പറേഷനു ലാഭകരവുമായ ഈ സർവ്വീസുകൾ എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന കരാർ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ കോതമംഗലം-തെങ്കാശി റൂട്ടിൽ, പുതുതായി സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയില്ല. കൂടാതെ കോതമംഗലം-കളിയിക്കാവിള, കോതമംഗലം- വെള്ളരിക്കുണ്ട്, കോതമംഗലം-കോഴിക്കോട് തോട്ടുമുക്കം എന്നീ പുതിയ സർവ്വീസുകൾ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ ആരംഭിക്കവാൻ നിർവ്വാഹമില്ല.

**പി.എസ്.സി. മുഖേന കണ്ടക്ടർമാർക്ക് അഡ്വൈസ് മെമ്മോ**

299 (1887) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി മുഖേന എത്ര കണ്ടക്ടർമാർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്;

(ബി) അഡ്വൈസ് മെമ്മോയുടെ കാലാവധി കഴിഞ്ഞിട്ടും ഇവർക്ക് നിയമനം നൽകുന്നതിനുള്ള തടസ്സമെന്ത്; വിശദമാക്കുമോ;

(സി) ഇവരെ ഉടൻ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പി.എസ്.സി. മുഖേന കെ.എസ്.ആർ.ടി.സി.-യിൽ 4051 പേർക്ക് കണ്ടക്ടർ തസ്തികയിൽ അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്.

(ബി &സി) കെ.എസ്.ആർ.ടി.സി. അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ കൊൽക്കത്ത ഐ.ഐ.എം-ലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിക്കൊപ്പ മെത്തിക്കാനുള്ള നടപടികൾ നടന്നുവരികയുമാണ്. ആയതിനാൽ പുതിയ നിയമനങ്ങൾ തൽക്കാലം നടത്താൻ നിർവ്വാഹമില്ല. പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് അനുസരിച്ച് ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തിയതിന് ശേഷം മാത്രമേ പുതിയ നിയമനം നടത്തുവാൻ നിർവ്വാഹമുള്ളൂ.

## കെ.എസ്.ആർ.ടി.സി.യിലെ അദർ ഡ്യൂട്ടി

300(1888) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.യിൽ എത്ര സി.എം.ഡി.മാർ ചുമതലയേറ്റിട്ടുണ്ട്; കാലയളവ് സഹിതം വെളിപ്പെടുത്തുമോ;

(ബി) താഴേത്തട്ടിലുള്ള കണ്ടക്ടറെയും ഡ്രൈവറെയും മാത്രം തൊഴിൽപരമായും മാനസികപരമായും പീഡിപ്പിക്കുന്ന നിലവിലെ രീതിക്ക് മാറ്റമുണ്ടാക്കി മറ്റ് മിനിസ്റ്റീരിയൽ സ്റ്റാഫിലുള്ളവർക്കും യഥാർത്ഥ സർവ്വീസ് ചട്ടം ജോലിയിൽ ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പുതിയ സി.എം.ഡി. ചാർജ്ജ് എടുത്ത ശേഷം ട്രാൻസ്പോർട്ട് ഭവനിലുൾപ്പെടെയുള്ള ഓഫീസുകളിൽ നിന്ന് എത്ര അദർ ഡ്യൂട്ടിക്കാരെ തിരികെ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്;

(ഡി) ക്ലാർക്ക് മുതലുള്ള എല്ലാ അദർ ഡ്യൂട്ടിക്കാരെയും അവരവരുടെ യഥാർത്ഥ ജോലിക്ക് നിയോഗിക്കാൻ ഉദ്ദേശ്യമുണ്ടോയെന്നറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6-10-2016 മുതൽ 16-10-2017 വരെ ശ്രീ. എം. ജി. രാജമാണിക്യം IAS, 17-10-2017 മുതൽ 15-4-2018 വരെ ശ്രീ. എ. ഹേമചന്ദ്രൻ IPS, 16-4-2018 മുതൽ നാളിതുവരെ ശ്രീ. ടോമിൻ ജെ. തച്ചങ്കരി IPS എന്നിങ്ങനെ മൂന്ന് സി.എം.ഡി. മാർ കെ.എസ്.ആർ.ടി.സി.-യിൽ ചുമതലയേറ്റിട്ടുണ്ട്.

(ബി) കണ്ടക്ടർ, ഡ്രൈവർ തുടങ്ങി ഒരു തസ്തികയിലുള്ളവരെയും തൊഴിൽ പരമായും മാനസികപരമായും പീഡിപ്പിക്കുന്ന രീതി നിലവിലില്ല. മിനിസ്റ്റീരിയൽ സ്റ്റാഫിലുള്ള ജീവനക്കാർക്കടക്കം എല്ലാപേർക്കും നിലവിൽ സർവ്വീസ് ചട്ടം ജോലിയിൽ ബാധകമാണ്.

(സി) പുതിയ സി.എം.ഡി. ചാർജ് എടുത്ത ശേഷം ട്രാൻസ്പോർട്ട് ഭവൻ ഓഫീസ് ഉൾപ്പെടെയുള്ള ഓഫീസുകളിൽ നിന്ന് 514 അദർ ഡ്യൂട്ടി ജീവനക്കാരെ തിരികെ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്.

(ഡി) ക്ലാർക്ക് മുതലുള്ള എല്ലാ അദർ ഡ്യൂട്ടിക്കാരെയും അവരവരുടെ യഥാർത്ഥ ജോലിയ്ക്ക് നിയോഗിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.യിൽ ആശ്രിത നിയമനം**

301(1889) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ആശ്രിതനിയമനം നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിലേക്കാണ് ആശ്രിത നിയമനം നൽകുന്നത്;

(ബി) ആശ്രിതനിയമന കാര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള വ്യവസ്ഥകൾ കെ.എസ്.ആർ.ടി.സി.ക്ക് ബാധകമാണോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ ഉന്നത തസ്തികകളിലിരിക്കുന്ന 90 ശതമാനത്തിൽ അധികം പേരും ആശ്രിത നിയമനം കിട്ടിയവരാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. എം.ഡി. വ്യക്തത തേടി സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹം ഉന്നയിച്ച കാര്യങ്ങളിൽ എന്ത് മറുപടിയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. ജൂനിയർ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക്, സ്റ്റോർ ഇഷ്യൂവർ, പ്യൂൺ, ബ്ലാക്ക്സ്മിത്ത്, പെയിന്റർ, പമ്പ് ഓപ്പറേറ്റർ, സ്വീപ്പർ, ബൈൻഡർ, ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിലാണ് ആശ്രിത നിയമനം നൽകുന്നത്.

(ബി) ബാധകമാണ്.

(സി) നിലവിലുള്ള 204 ഹയർ ഡിവിഷൻ ഓഫീസർമാരിൽ 118 പേർ പ്രാഥമികമായി ആശ്രിത നിയനത്തിൽ വന്ന് സീനിയോറിറ്റിയുടെയും കഴിവിന്റെയും അടിസ്ഥാനത്തിൽ DPC സെലക്ട് ചെയ്ത് സ്ഥാനക്കയറ്റം ലഭ്യമായവരാണ്.

(ഡി) ഉണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

302(1890) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) നാളിതുവരെ ഏതെല്ലാം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനി എന്തെല്ലാം പൂർത്തീകരിക്കാനുണ്ട് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഡിപ്പോയുടെ നിർമ്മാണപ്രവർത്തനത്തിന് നൽകിയ മുഴുവൻ തുകയും വിനിയോഗിച്ചുവോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(ഡി) നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ചു വ്യക്തമാക്കുമോ?

ഉത്തരം

(എ) കോന്നി ഡിപ്പോയുടെ നിർമ്മാണപ്രവർത്തനങ്ങൾ നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. യാർഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ രൂപരേഖ ഇതുവരെയും ലഭ്യമായിട്ടില്ല.

(ബി) ഗ്യാരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. യാർഡ്, റോഡ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

(സി) ഇല്ല. ഗ്യാരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏകദേശം ഒരു കോടി 67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. യാർഡ് നിർമ്മാണം ബന്ധപ്പെട്ട റോഡിന്റെ പണി എന്നിവയ്ക്കായി ഏകദേശം ഒരു കോടി 33 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ഡി) യാർഡ് നിർമ്മാണത്തിനാവശ്യമായ രൂപരേഖ ലഭിച്ചാൽ ഉടൻതന്നെ യാർഡ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ സാധിക്കും.

(ഇ) കോന്നിയിലെ നിർദ്ദിഷ്ട കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷനായി 2 ഏക്കർ 70.86 സെന്റ് സ്ഥലമാണ് കോന്നി ഗ്രാമപഞ്ചായത്ത് കെ.എസ്.ആർ.ടി.സി.-ക്കായി നൽകിയത്. എന്നാൽ ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുന്നതിനായി ആധാരം രജിസ്റ്റർ ചെയ്ത് നൽകിയിട്ടില്ല. ഇതിൽ 1 ഏക്കർ സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമുള്ളതാണ്. ആയത് സ്വകാര്യ വ്യക്തിയിൽ നിന്നും വാങ്ങി കെ.എസ്.ആർ.ടി.സി.യുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്നതിനുവേണ്ട നടപടികൾ കോന്നി ഗ്രാമപഞ്ചായത്ത് മുഖേന സ്വീകരിച്ചുവരികയാണ്.

### കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും എസ്.ബി.ഐ. ഇൻഷ്വറൻസ്

303(1891) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിലെ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ശമ്പളത്തിൽ നിന്ന് വർഷത്തിലൊരിക്കൽ എസ് ബി ഐ ഇൻഷ്വറൻസ് എന്ന ഇനത്തിൽ അഞ്ഞൂറ് രൂപ വീതം പിടിക്കുന്ന സംവിധാനം നിലനില്ക്കുന്നുണ്ടോ;

(ബി) ശമ്പളത്തിൽ നിന്ന് തുക പിടിക്കുന്നതിന് കെ എസ് ആർ ടി സി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ശമ്പളത്തിൽനിന്ന് ജീവനക്കാരുടെ സമ്മതം ഇല്ലാതെ തുക പിടിക്കുന്നതിന് ഗവൺമെൻറ് കെ.എസ്.ആർ.ടി.സി.ക്ക് അധികാരം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത അനുമതിപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എസ് ബി ഐ ഇൻഷ്വറൻസ് എന്നത് എസ് ബി ഐ യുടെ കമ്പനിയോ എസ് ബി ഐ യുടെ സബ്സിഡീയറിയായ സ്വകാര്യ കമ്പനിയോ ആണോ എന്ന വിവരം അറിയുമോ;എങ്കിൽ ഏതാണ്;

(ഡി) ഇത്തരത്തിൽ ജീവനക്കാരുടെ സമ്മതമില്ലാതെ ശമ്പളത്തിൽ നിന്നും പണം പിടിച്ചെടുക്കുന്നതിന് മറ്റേതെല്ലാം സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുമായാണ് കരാറുണ്ടാക്കിയിരിക്കുന്നത്; വിശദമാക്കുമോ;

(ഇ) രാവിലെ മുതൽ രാത്രി വരെ പണിയെടുക്കുന്ന ഇത്തരം ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് അവരുടെ അനുമതി ഇല്ലാതെ പണം പിടിച്ചെടുക്കുന്ന രീതി നിയമവിധേയമാണോ; അടുത്ത വർഷം മുതൽ ജീവനക്കാരുടെ സമ്മതമില്ലാതെ അവരുടെ ശമ്പളത്തിൽ നിന്നും ഈ ഇനത്തിൽ പണം പിടിച്ചെടുക്കുന്ന രീതിക്ക് വിരാമമാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രീമിയം തുക ഈടാക്കുന്നതിന് കെ. എസ്. ആർ. ടി. സി. പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*

കെ. എസ്. ആർ. ടി. സി. മാനേജ്മെന്റും, അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളും എസ്.ബി.ഐ. ജനറൽ ഇൻഷ്വറൻസ് പ്രതിനിധികളുമായി നടത്തിയ ത്രികക്ഷി ചർച്ചാ യോഗത്തിലെ തീരുമാന പ്രകാരമാണ് ജീവനക്കാരുടെ ശമ്പള അക്കൗണ്ടിൽ നിന്ന് ശമ്പളത്തോടൊപ്പം ഇൻഷ്വറൻസ് പ്രീമിയം തുക ഈടാക്കിയിട്ടുള്ളത്.

(സി) എസ്. ബി. ഐ. ജനറൽ ഇൻഷ്വറൻസ് എന്നത് എസ്. ബി. ഐ. യുടെ നിയന്ത്രണത്തിലുള്ള സബ്സിഡിയറി കമ്പനിയാണ്.

(ഡി) ജീവനക്കാരുടെ സമ്മതമില്ലാതെ ശമ്പളത്തിൽ നിന്നും പണം പിടിച്ചെടുക്കുന്നതിന് ഒരു സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾക്കും കോർപ്പറേഷൻ അനുമതി നൽകുകയോ, കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല.

(ഇ) കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളും, മാനേജ്മെന്റും, എസ്.ബി.ഐ. ജനറൽ ഇൻഷ്വറൻസ് പ്രതിനിധികളുമായി നടത്തിയ ത്രികക്ഷി ചർച്ചായോഗത്തിലാണ് കോർപ്പറേഷനിലെ എല്ലാ സ്ഥിരം, താൽക്കാലിക ജീവനക്കാർക്കും 500 രൂപ വാർഷിക പ്രീമിയത്തിൽ 10 ലക്ഷം രൂപ പരിരക്ഷ ലഭിക്കുന്ന അപകടമരണ ഇൻഷ്വറൻസ് സ്കീം നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത സ്കീമിൽ മുൻവർഷം അംഗമായിരുന്ന ജീവനക്കാരുടെയും, പുതിയതായി കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെയും ഫെബ്രുവരി മാസത്തെ ശമ്പളത്തോടൊപ്പം ശമ്പള അക്കൗണ്ടിൽ നിന്നും പ്രീമിയം തുകയായ 500 രൂപ ഈടാക്കുന്നതിനും ടി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

പ്രസ്തുത സ്കീമിൽ പുതുതായി ചേരുന്നതിനും നിലവിൽ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത സ്കീമിൽ തുരുന്നതിന് താൽപ്പര്യമില്ലായെങ്കിൽ വ്യക്തിഗത അപേക്ഷയുടെ അടിസ്ഥാനത്തിൽ അതിൽനിന്നും ഒഴിവാക്കുന്നതിനും ഇൻഷ്വറൻസ് ഇനത്തിൽ ഈടാക്കിയ തുക തിരികെ വാങ്ങുന്നതിനുമുള്ള അവസരം ഒരുക്കിയിട്ടുള്ളതുമാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കെ. എസ്. ആർ. ടി. സി. യിൽ ജീവനക്കാരുടെ ക്ഷാമം**

304(1892) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ഡ്രൈവർമാരുടേയും കണ്ടക്ടർമാരുടേയും ക്ഷാമംമൂലം എത്ര ബസ് സർവീസുകൾ ദിനംപ്രതി മുടങ്ങുന്നുണ്ട്; ഇതുമൂലം കോർപ്പറേഷന് ദിനംപ്രതി ഉണ്ടാകുന്ന നഷ്ടം എത്രയാണ്; ദീർഘകാല അവധി അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ അവധി റദ്ദാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഒരിക്കൽ ദീർഘകാല അവധി അനുവദിക്കപ്പെട്ടതിനുശേഷം വിദേശത്ത് കോൺട്രാക്ട്/എഗ്രിമെന്റിൽ ഏർപ്പെട്ട് ജോലിക്ക് പോയവരെ തിരിച്ചു വിളിക്കുന്നത് നിയമ നടപടികൾക്ക് വഴിയൊരുക്കില്ലേ; ഇത്തരത്തിലുള്ള അവധി റദ്ദാക്കലിന് കേരള സർവ്വീസ് ചട്ടങ്ങളിൽ അംഗീകാരമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരെ വിന്യസിച്ചിരിക്കുന്നതിലെ അപാകതമൂലം ശരാശരി 60 സർവ്വീസുകൾ ദിനംപ്രതി റദ്ദ് ചെയ്യേണ്ടിവരുന്നു. ഇപ്രകാരം സർവ്വീസ് റദ്ദ് ചെയ്യുന്നതുമൂലം ഏതാണ്ട് 6 ലക്ഷം രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. ദീർഘകാല അവധി അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ അവധി റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട റിട്ട് പെറ്റീഷൻ നമ്പർ 17815/2018-ലെ 4-6-2018-ലെ വിധിയിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ജീവനക്കാർക്ക് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് 45 ദിവസത്തെ സമയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

അവധി അനുവദിക്കപ്പെട്ട ജീവനക്കാരെ അടിയന്തര ഘട്ടങ്ങളിൽ തിരിച്ചുവിളിക്കാൻ വ്യവസ്ഥയുണ്ട്.

**കെ.എസ്.ആർ.ടി.സി. യിലെ സുപ്രധാന തസ്തികകൾ**

305 (1893) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ സുപ്രധാന തസ്തികയിലുള്ള ഉന്നത ഉദ്യോഗസ്ഥന്മാർ എന്ന് പരിഗണിക്കുന്നവരുടെ ഉദ്യോഗപ്പേരുകൾ വെളിപ്പെടുത്തുമോ?

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരിൽ എത്ര പേർ പി.എസ്.സി. വഴി നിയമനം ലഭിച്ച് സ്ഥാനക്കയറ്റം നേടിയവർ ആണെന്നും അവർ നിലവിൽ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നുവെന്നും വെളിപ്പെടുത്താമോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ ആകെ എത്ര മിനിസ്റ്റീരിയൽ ജീവനക്കാരുണ്ടെന്നും അതിൽ പി.എസ്.സി. നിയമനം വഴി ജോലി ലഭിച്ചവർ എത്രയെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 1. ചെയർമാൻ &മാനേജിംഗ് ഡയറക്ടർ

2. ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ

3. എക്സിക്യൂട്ടീവ് ഡയറക്ടർ (ഭരണം)

4. എക്സിക്യൂട്ടീവ് ഡയറക്ടർ ( ടെക്നിക്കൽ)

5. എക്സിക്യൂട്ടീവ് ഡയറക്ടർ

(മെയിന്റനൻസ് ആൻഡ് വർക്സ്)

6. എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)

7. എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

8. ചീഫ് എഞ്ചിനീയർ- എന്നീ തസ്തികകളാണ് കെ.എസ്.ആർ.ടി.സി. യിലെ സുപ്രധാന തസ്തികകളിൽ വരുന്നത്. ഇതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകൾ സർക്കാർ അംഗീകരിക്കാത്തതും റെഗുലേഷൻസ് നിലവിൽ ഇല്ലാത്തതുമാണ്.

(ബി) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് സർക്കാർ നേരിട്ട് നിയമനം നടത്തുന്നു. എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) തസ്തികയിൽ നിലവിൽ ആഭ്യന്തര വകുപ്പിൽ നിന്നുള്ള ജീവനക്കാരൻ അന്യത്ര സേവനം അനുഷ്ഠിക്കുകയാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് &വർക്സ്)എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം നേടിയവർ കേരള പി.എസ്.സി. മുഖാന്തരം നിയമിതരായവരാണ്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആകെ 2244 ജീവനക്കാരുണ്ട്. ഇതിൽ പി.എസ്.സി. നിയമനം വഴി ജോലി ലഭിച്ച 1051 ജീവനക്കാരാണുള്ളത്.

**കെ.എസ്.ആർ.ടി.സി. മരാമത്ത് വിഭാഗം ജീവനക്കാരുടെ പുനർവിന്യാസം**

306(1894) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ ചെലവ് ചുരുക്കലിന്റെ ഭാഗമായി മരാമത്ത് പണികൾ പി.ഡബ്ല്യു.ഡി.യെ എൽപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.യിൽ മരാമത്ത് വിഭാഗത്തിൽ മാത്രമായി എത്ര ജീവനക്കാർ ജോലി നോക്കിവരുന്നു; ഈ വിഭാഗം പ്രവർത്തിപ്പിക്കുന്നതിന് ശമ്പള ഇനത്തിൽ ഉൾപ്പെടെ പ്രതിമാസം എന്ത് തുക കോർപ്പറേഷനിൽ നിന്ന് ചെലവാക്കി വരുന്നു;

(സി) പ്രസ്തുത ഇനത്തിലുള്ള ചെലവ് ഒഴിവാക്കുന്നതിനും മരാമത്ത് പ്രവൃത്തികളിൽ നൂതന സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമായി മരാമത്ത് വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ച് പ്രവൃത്തികൾ പി.ഡബ്ല്യു.ഡി.യെ ഏൽപ്പിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ പൊതുമരാമത്ത് വിഭാഗത്തിൽ മാത്രമായി ആകെ 16 ജീവനക്കാരും, 10 ഓഫീസർമാരും സേവനം അനുഷ്ഠിക്കുന്നുണ്ട്. ശമ്പള ഇനത്തിൽ പ്രതിമാസം പ്രസ്തുത ജീവനക്കാർക്ക് ആകെ 5,36,717 രൂപയും, ഓഫീസർമാർക്ക് ആകെ 4,63,871 രൂപയും ഉൾപ്പെടെ മൊത്തം 10,00,588 രൂപ ചെലവായി വരുന്നു.

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ മരാമത്ത് ജോലികൾ PWD-യെ ഏൽപ്പിക്കുന്നത് പരിഗണനയിലില്ല. എന്നാൽ മരാമത്ത് പ്രവൃത്തികളിൽ നൂതന സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. പിരിച്ചുവിട്ട സ്ഥിരം ജീവനക്കാർ**

307(1895) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി. യിൽ ഏതെങ്കിലും സ്ഥിരജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരെ പിരിച്ചുവിട്ടു; വിശദമാക്കാമോ;

(ബി) സ്ഥിരനിയമനം ലഭിച്ചവരെ പിരിച്ചുവിടുവാനുള്ള കാരണമെന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സ്ഥിര നിയമനം നൽകിയ 141 ജീവനക്കാരെ ഈ സർക്കാർ നിലവിൽ വന്ന ശേഷം പിരിച്ചുവിട്ടിട്ടുണ്ട്. ഡ്രൈവർ - 55, കണ്ടക്ടർ - 72, മെക്കാനിക്-14 കൂടാതെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതുകൊണ്ട് പുനഃപ്രവേശനത്തിനുവേണ്ടി നോട്ടീസ് നൽകിയിട്ടും ജോലിക്ക് ഹാജരാകാതിരുന്നതിനാൽ താഴെപ്പറയും വിധത്തിൽ 342 ജീവനക്കാരെ കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

ഡ്രൈവർ - 157, കണ്ടക്ടർ - 163, മെക്കാനിക്ക് - 14, ഗ്യാരേജ് മസ്ദൂർ - 02

പെയിന്റർ - 01, ബ്ലാക്ക്സ്മിത്ത് - 01

പമ്പ് ഓപ്പറേറ്റർ - 01, ചാർജ്ജ്മാൻ - 01

ടയർ റിഡ്രീഡർ - 01, പ്യൂൺ - 01

(ബി) 22-12-2011-ലെ G.O.(MS) No.78/2011/Trans പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ 22-12-2011-ൽ 10 വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉത്തരവായിരുന്നു. ടി സ്ഥിരപ്പെടുത്തലിന് യോഗ്യതയായി 10 വർഷം താൽക്കാലിക സർവ്വീസും ടി 10 വർഷത്തിൽ പ്രതിവർഷം 120 ഡ്യൂട്ടിയും സർക്കാർ ഉത്തരവിന്റെ തീയതിയിൽ (22-12-2011) ആക്ടീവ് സേവനം ഉണ്ടായിരിക്കുകയും വേണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ 10 വർഷം താൽക്കാലിക സർവ്വീസ് ഉണ്ടെങ്കിലും പ്രതിവർഷം 120 ഡ്യൂട്ടിയില്ലാത്ത താൽക്കാലിക ജീവനക്കാർ, സ്ഥിരപ്പെടുത്തൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും കോടതി 10 വർഷം മാത്രം കണക്കാക്കി സ്ഥിരപ്പെടുത്തി ഉത്തരവ് നൽകാൻ ഉത്തരവായ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും ടി അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ തള്ളിയതിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി. സുപ്രീം കോടതിയിൽ അപ്പീൽ നൽകുകയും കെ.എസ്.ആർ.ടി.സി.-ക്ക് അനുകൂലമായി ബഹുമാനപ്പെട്ട സുപ്രീംകോടതി (SLP(C) No.18803-18806/2014 തീയതി 24-3-2017) ഉത്തരവ് നൽകുകയും ചെയ്തു. സുപ്രീംകോടതിയുടെ വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 120 ഡ്യൂട്ടിയില്ലാത്തവരും സ്ഥിരപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ തീയതിയായ 22-12-11-ൽ കോർപ്പറേഷന്റെ റോളിൽ ഇല്ലാത്തവരുമായ ജീവനക്കാരുടെ നിയമനമാണ് അസാധുവാക്കിയത്. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതുകൊണ്ട് പുനഃപ്രവേശനത്തിനുവേണ്ടി നോട്ടീസ് നൽകിയിട്ടും ജോലിക്ക് ഹാജരാകാതിരുന്നതിനാലാണ് 342 ജീവനക്കാരെ കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും പിരിച്ചുവിട്ടത്.

## കെ.എസ്.ആർ.ടി.സി.യിലെ ടയർ ക്ഷാമം

308(1896) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടയർ ക്ഷാമം കാരണം കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) ടയർ ക്ഷാമം പരിഹരിക്കുവാൻ റീ-ട്രെഡിംഗ് കൂട്ടുന്നതിന് മാനേജ്മെന്റ് തീരുമാനമെടുത്തിട്ടുണ്ടോ; ഉല്പാദനക്ഷമത കൂട്ടാത്തതിനാൽ ആലുവ യൂണിറ്റിലെ താൽക്കാലിക ജീവനക്കാരെ പിരിച്ച് വിട്ടിട്ടുണ്ടോ; എങ്കിൽ എത്ര ജീവനക്കാരെ ഇപ്രകാരം പിരിച്ചുവിട്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ സ്ഥിരം ജീവനക്കാർക്കും താല്ക്കാലിക ജീവനക്കാർക്കും ദിനംപ്രതി എത്ര ടയറുകളാണ് റീ-ട്രെഡ് ചെയ്യേണ്ടതെന്നും നേരത്തെയിത് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടയർ റീട്രേഡിംഗ് കൂട്ടുന്നതിന് മാനേജ്മെന്റ് തീരുമാനമെടുത്തിട്ടുണ്ട്. ഉല്പാദനക്ഷമത കൂട്ടാത്തതിനാൽ ആലുവ യൂണിറ്റിലെ ആരെയും പിരിച്ചുവിട്ടിട്ടില്ല.

(സി) നിലവിൽ എല്ലാ ജീവനക്കാർക്കും വ്യത്യാസമില്ലാതെയാണ് ജോബ് നോംസ് നിഷ്കർഷിച്ചിട്ടുള്ളത്. മുൻപ് ഉണ്ടായിരുന്നതുമായുള്ള താരതമ്യം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

## കെ.എസ്.ആർ.ടി.സി.യിലെ പാസഞ്ചർ ഇതര ഔദ്യോഗിക വാഹനങ്ങൾ

309(1897) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യിൽ നിന്നോ അല്ലാതെയോ നിയമനം ലഭിച്ച കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് അതിലെ പാസ്സഞ്ചർ ഇതര ഔദ്യോഗിക വാഹനങ്ങൾ ഓടിക്കുന്നതിന് അവസരം നൽകിവരുന്നുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ ആകെയുള്ള ഡ്രൈവർമാരിൽ നിന്ന് ഈ ആവശ്യത്തിന് മാത്രമായി ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന രീതി എന്താണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇത്തരം നിയമനത്തിന് മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാൽ ഈ ഡ്യൂട്ടിക്ക് വർഷങ്ങളായി ചിലർ മാത്രമാണ് തെരഞ്ഞെടുക്കപ്പെടുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം നിയമനത്തിന് അടിയന്തരമായി മാനദണ്ഡമുണ്ടാക്കി മറ്റുള്ളവർക്കും അവസരം ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) അവസരം നൽകിവരുന്നുണ്ട്.

(ബി) ഔദ്യോഗിക വാഹനം ഓടിക്കാനുള്ള ഡ്രൈവർമാരുടെ ആവശ്യകത അനുസരിച്ച് താല്പര്യമുള്ള കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാരിൽ നിന്നും അപേക്ഷ സ്വീകരിച്ചശേഷം നിയമന ഉത്തരവ് നൽകുകയാണ് ചെയ്യാറുള്ളത്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ഡ്രൈവർ വിഭാഗം ജീവനക്കാരിൽ നിന്നും ഓഫീസർമാരുടെ വാഹനം ഓടിക്കുന്നതിന് താല്പര്യമുള്ളവരുടെ അപേക്ഷ വാങ്ങി അവരിൽ നിന്നും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുകയാണ് ചെയ്യുന്നത്.

**കെ.എസ്.ആർ.ടി.സി.യിലെ നിയമനങ്ങൾ**

310(1898) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും അഭാവംമൂലം കെ.എസ്.ആർ. ടി.സി. സർവ്വീസുകൾ മുടങ്ങുന്നതായ ആക്ഷേപം വസ്തുതാപരമാണോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എത്ര ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ഒഴിവുകളുണ്ട്; ആയത് നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയ ഏതെങ്കിലും തസ്തികകളിലേയ്ക്ക് നിലവിൽ നിയമന ഉത്തരവ് നൽകാതെയുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരുടെ കൂട്ട സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കൂട്ട സ്ഥലംമാറ്റം നടത്തിയതിന്റെ കാരണമെന്താണ്?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരെയും കണ്ടക്ടർമാരെയും വിന്യസിച്ചിരിക്കുന്നതിലെ അപാകതമൂലം ചില സർവ്വീസുകൾ മുടങ്ങുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ കൊൽക്കത്ത IIM-ലെ റിട്ട. പ്രൊഫ. സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിക്ക് ഒപ്പമെത്തിക്കാൻ ശ്രമിച്ചുവരികയുമാണ്. ആയതിനാൽ പുതിയ നിയമനങ്ങൾ തൽക്കാലം നടത്താൻ നിർവ്വാഹമില്ല. പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് അനുസരിച്ച് മാത്രമേ പുതിയ നിയമനം നടത്താൻ നിർവ്വാഹമുള്ളൂ.

(സി) കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ച നിയമന ഉത്തരവ് നൽകാതെയുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജൂനിയർ അസിസ്റ്റന്റ് - 10

സെക്യൂരിറ്റി ഗാർഡ് - 16

പ്യൂൺ - 2

സ്റ്റോർ ഇഷ്യൂവർ - 13

മെക്കാനിക്ക് - 24

ബ്ലാക്ക്സ്മിത്ത് - 3

കണ്ടക്ടർ - 4051

പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് അനുസരിച്ച് മാത്രമേ പുതിയ നിയമനം നടത്താൻ നിർവ്വാഹമുള്ളൂ.

(ഡി) കൂട്ട സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 2012-ലെ സേവന വേതന കരാറിൽ പ്രതിപാദിച്ചിരിക്കുന്ന പൊതുസ്ഥലംമാറ്റ പ്രകാരം മാതൃ യൂണിറ്റുകളിൽ നിന്നും വിദൂര യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിശ്ചിത കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് തിരികെ അവരവരുടെ മാതൃ യൂണിറ്റുകളിലേക്ക് ഓരോരുത്തരുടെയും അപേക്ഷ പ്രകാരം സ്ഥലംമാറ്റം നൽകുന്നു.

ഇപ്രകാരം സ്ഥലംമാറ്റം നൽകുമ്പോൾ പ്രസ്തുത യൂണിറ്റുകളിൽ ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി തിരിച്ചും സീനിയറായ ജീവനക്കാരെ സ്ഥലം മാറ്റുന്നു. വിദൂര യൂണിറ്റുകളിൽ ജീവനക്കാരുടെ ഷോർട്ടേജ് നികത്തുന്നതിനാണ് ഇപ്രകാരം സ്ഥലംമാറ്റം നടത്തുന്നത്.

**ദീർഘകാല അവധിയിലുള്ള കെ.എസ്.ആർ.ടി.സി. ജീവനക്കാർ**

311(1899) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ജീവനക്കാർ തിരികെ ജോലിക്ക് ഹാജരാകണമെന്ന് മാനേജ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) കോർപ്പറേഷന്റെ ചട്ടമനുസരിച്ച് അഞ്ചുവർഷം വരെ ജീവനക്കാർക്ക് ദീർഘകാല അവധി അനുവദിക്കാമെന്നിരിക്കെ, അഞ്ചു വർഷത്തെ ലീവ് അനുവദിക്കപ്പെട്ട ജീവനക്കാർ തിരികെ ജോലിക്ക് പ്രവേശിക്കണമെന്ന് ആവശ്യപ്പെടുവാനുള്ള പ്രത്യേക സാഹചര്യമെന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ തിരികെ ജോലിക്ക് ഹാജരാകണമെന്ന് മാനേജ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം അനവധി സർവ്വീസുകൾ റദ്ദ് ചെയ്യുന്ന കാരണത്താലാണ് ടി ജീവനക്കാരോട് തിരികെ ജോലിയിൽ ഹാജരാകുവാൻ നിർദ്ദേശിച്ചത്.

(ബി) അടിയന്തര ഘട്ടങ്ങളിൽ കോർപ്പറേഷന് അഞ്ച് വർഷം വരെ അവധി അനുവദിക്കപ്പെട്ട ജീവനക്കാരെ തിരിച്ച് വിളിക്കാൻ വ്യവസ്ഥയുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ കുറവുമൂലം അനവധി സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വരികയും വൻ സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ടി ജീവനക്കാരെ തിരികെ വിളിച്ചത്.

**കെ. എസ്. ആർ. ടി. സി. യിലെ കൂട്ട വിരമിക്കൽ**

312(1900) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ നിന്നും 2018 മേയ് മാസത്തിൽ ജീവനക്കാർ കൂട്ടത്തോടെ വിരമിക്കുന്നത് നിലവിലുള്ള ബസ് സർവ്വീസുകളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ;

(ബി) വിരമിക്കുന്ന ഡ്രൈവർമാർക്കുപകരം പെൻഷൻ പറ്റിയ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണ് പ്രസ്തുത ജീവനക്കാരെ തെരഞ്ഞെടുക്കുന്നത്;

(സി) പ്രതിദിന വരുമാനം 8000 രൂപയിൽ കുറവായ എല്ലാ സർവ്വീസുകളും സിംഗിൾ ഡ്യൂട്ടി സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; ഇതിലൂടെ ഉണ്ടാകുന്ന നേട്ടം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ 2018 മേയ് മാസത്തിൽ ഡ്രൈവർ വിഭാഗം ജീവനക്കാർ കൂടുതലായി വിരമിച്ചത് കാരണം സർവ്വീസ് നടത്തിപ്പിന് പ്രതിസന്ധി വന്നിട്ടുണ്ട്.

(ബി) വിരമിക്കുന്ന ഡ്രൈവർമാർക്ക് പകരം പെൻഷൻ പറ്റിയ ഡ്രൈവർമാരുടെ സേവനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ച് 60 വയസ്സിന് താഴെ പ്രായവും ശാരീരികക്ഷമതയുമുള്ള ഡ്രൈവർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യൂണിറ്റധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ഒറ്റപ്പെട്ട മേഖലകളിലേയ്ക്ക് സാമൂഹിക പ്രതിബദ്ധതയുടേയും പൊതുജനങ്ങളുടെ യാത്രാ സൗകര്യം നിറവേറ്റപ്പെടുന്നതിനുമായും കെ.എസ്.ആർ. ടി.സി. നിരവധി സർവ്വീസുകൾ നടത്തിവരുന്നുണ്ട്. വളരെ കുറഞ്ഞ വരുമാനം മാത്രമാണ് ഈ സർവ്വീസുകൾക്ക് ലഭിച്ചുവരുന്നത്. എന്നാൽ ഡ്യൂട്ടി പുനഃക്രമീകരണത്തിന്റെ ഭാഗമായി വരുമാനം കുറഞ്ഞ ഇത്തരം സർവ്വീസുകൾ സിംഗിൾ ഡ്യൂട്ടി സംവിധാനത്തിലൂടെ മാറ്റിയതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് ജീവനക്കാരെ കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുവാനും വരുമാനം കുറഞ്ഞ സർവ്വീസുകളിലെ പ്രയോജനകരമായ ട്രിപ്പുകൾ നിലനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ പുനർവിന്യാസം സാധ്യമാക്കിയതിലൂടെ കൂടുതൽ ജനോപകാര പ്രദമായ സർവ്വീസുകൾ നടത്തുന്നതിനും കോർപ്പറേഷന് കൂടുതൽ വരുമാനം കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

## ഡീസൽ വിലവർദ്ധനവ് മൂലമുള്ള കെ.എസ്.ആർ.ടി.സി.യുടെ അധിക ബാധ്യത

313(1901) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.ക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള അധിക ബാധ്യത എത്ര രൂപയാണ് എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) ഇങ്ങനെ അധിക ബാധ്യത വരുന്നത് കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 1-3-2018 മുതൽ 31-5-2018 വരെ 12.45 കോടി രൂപയാണ് അധിക ബാദ്ധ്യത. എന്നാൽ ജൂൺ മാസം മുതൽ 12.59 കോടി രൂപ പ്രതിമാസം അധിക ചെലവുണ്ടാകുന്നതാണ്.

(ബി) ഡീസലിന്റെ വിലവർദ്ധനവ് സാമ്പത്തിക ബുദ്ധിമുട്ടിൽ നിൽക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഡീസൽ വിലവർദ്ധനവിനനുസരിച്ച് കോർപ്പറേഷന്റെ വരുമാനം വർദ്ധിക്കുന്നില്ല. ഏറ്റവും കൂടുതൽ ചെലവ് വരുന്നത് ഡീസൽ, വായ്പകളുടെ തിരിച്ചടവ്, ശമ്പളം, സ്പെയർ പാർട്സ് എന്നിവയ്ക്കാണ്. ഡീസൽ വില വർദ്ധനവുമൂലം സ്പെയർ പാർട്സുകളുടെ വാങ്ങൽ കുറയുകയും അതുവഴി ബസ്സുകളുടെ അറ്റകുറ്റപണികളെ ബാധിക്കുന്നതുമൂലം സർവ്വീസ് ഓപ്പറേഷൻ താറുമാറാവുകയും ചെയ്യുന്നു.

(സി) ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മാനവ വിഭവശേഷിയുടെ ഉപയോഗം വർദ്ധിപ്പിച്ചും, വരുമാനം കുറഞ്ഞ ട്രിപ്പുകൾ നിർത്തലാക്കിയും, ഡോക്കിൽ കിടക്കുന്ന വാഹനങ്ങൾ ഗതാഗത യോഗ്യമാക്കി വരുമാനമുള്ള റൂട്ടിൽ സർവ്വീസ് നടത്തിയും, ഇന്ധനക്ഷമത വർദ്ധിപ്പിച്ചും ഈ പ്രതിസന്ധി പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**കെ.എസ്.ആർ.ടി.സി.യുടെ അന്തർസംസ്ഥാന സർവ്വീസുകൾ**

314(1902) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയതായി അന്തർ സംസ്ഥാന റൂട്ടുകളിൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പുതിയ അന്തർസംസ്ഥാന റൂട്ടുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ;

(സി) കോഴിക്കോട് നിന്ന് മെഡിക്കൽ കോളേജ്, എടവണ്ണപ്പാറ, അരീക്കോട്, എടവണ്ണ, നിലമ്പൂർ വഴി ഗുഡല്ലൂരിലേയ്ക്ക് ഒരു പുതിയ സർവ്വീസ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) അന്തർ സംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളുമായാണ് അന്തർ സംസ്ഥാന കരാറിൽ ഏർപ്പെടുന്നത്. അന്തർ സംസ്ഥാന സർവ്വീസുകൾ വ്യാപിക്കുന്നതിനായി കേരള സർക്കാർ 2016-ൽ കർണ്ണാടകയുമായി പുതിയ അന്തർ സംസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം കർണ്ണാടകയിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളതും തമിഴ്നാടുമായുള്ള കരാർ രൂപീകരണം സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലുമാണ്. ടി കരാർ നടപടികൾ പൂർത്തിയാകുന്നതോടുകൂടി കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്.

(ബി) അയൽ സംസ്ഥാനങ്ങളിൽ അന്തർ സംസ്ഥാന കരാർ പ്രകാരം അനുവദിച്ചിരിക്കുന്ന കിലോമീറ്റർ, നിലവിലുള്ള റൂട്ടുകളിലെ അധിക സർവ്വീസുകൾ, പുതിയ റൂട്ടുകളുടെ ആവശ്യകത എന്നിവ അടിസ്ഥാനമാക്കി അയൽ സംസ്ഥാനങ്ങളിലെ ആർ. ടി. സി.-കളുമായി റൂട്ട് സംബന്ധിച്ച് നടത്തുന്ന ചർച്ചകളുടെയും കൂടിയാലോചനകളുടേയും അതിന്മേൽ പരസ്പരം സമ്മതിച്ച് ഉണ്ടാക്കുന്ന വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ് റൂട്ടുകൾ തെരഞ്ഞെടുക്കുന്നത്.

(സി) തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കോഴിക്കോട് നിന്നും ഗൂഡല്ലൂരിലേയ്ക്ക് പുതിയ സർവ്വീസ് സംബന്ധിച്ചുള്ള സാധ്യതാപഠനം നടത്തി ആയത് പരിശോധിക്കുന്നതാണ്.

**മൂന്നാറിനേയും തിരുവനന്തപുരത്തേയും ബന്ധിപ്പിച്ചുകൊണ്ട് സർവ്വീസുകൾ**

315(1903) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ഏതെങ്കിലും മൂന്നാർ വഴി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി. മൂന്നാർ ഡിപ്പോയുടെ പ്രതിദിന വരുമാനം എത്രയാണ്; വരുമാനത്തിൽ സംസ്ഥാനത്തെ ഡിപ്പോകളിൽ എത്രാമത് സ്ഥാനത്താണ് മൂന്നാർ ഡിപ്പോയെന്ന് വെളിപ്പെടുത്തുമോ;

(സി) മൂന്നാറിനേയും തിരുവനന്തപുരത്തേയും ബന്ധിപ്പിച്ചുകൊണ്ടുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ അപര്യാപ്തമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ സംബന്ധിച്ച നടപടികൾ നടന്നുവരികയാണ്. മൂന്നാർ വഴി തമിഴ്നാട്ടിലെ പഴനി, ഉദുമൽപേട്ട്, തേനി എന്നീ ഭാഗങ്ങളിലേയ്ക്ക് സർവ്വീസുകൾ ആരംഭിക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മേയ് മാസത്തെ കണക്ക് പ്രകാരം മൂന്നാർ ഡിപ്പോയിൽ നിന്നും ശരാശരി പ്രതിദിന വരുമാനം 5,67,477 രൂപ ലഭിക്കുന്നുണ്ട്. കേരളത്തിലെ ഡിപ്പോകളിൽ വരുമാനത്തിൽ 46-ാം സ്ഥാനത്താണ് മൂന്നാർ ഡിപ്പോ.

(സി) തിരുവനന്തപുരത്ത് നിന്നും മൂന്നാറിലേയ്ക്ക് കെ.എസ്.ആർ.ടി.സി. നിലവിൽ 9 സർവ്വീസുകൾ നടത്തിവരുന്നുണ്ട്. ടി രണ്ട് സ്ഥലങ്ങളും കേരള സംസ്ഥാനത്തിനുള്ളിൽ തന്നെയായതിനാൽ അന്തർസംസ്ഥാന സർവ്വീസുകൾ ഈ റൂട്ടിൽ നടത്തുന്നത് പ്രായോഗികമല്ല. കൂടാതെ തിരുവനന്തപുരം-മൂന്നാർ റൂട്ടിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും ഇപ്പോൾ പരിഗണനയിലില്ല.

## മലപ്പുറം ബസ്സ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

316(1904) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ. എസ്. ആർ. ടി. സി. ബസ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) നിർമ്മാണ നടപടികൾ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കരാറുകാരന് നൽകാനുള്ള ആദ്യ ഗഡു തുക മുഴുവൻ നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ഡി) നിർമ്മാണ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സിവിൽ മരാമത്ത് പണികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) സിവിൽ വിഭാഗത്തിൽ ഓവർസീയർമാരുടെ അഭാവമുള്ളതിനാൽ നിർമ്മാണ പ്രവൃത്തി നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്.

(സി) കരാറുകാരന് 2 പാർട്ട് ബിൽ തുക നൽകി കഴിഞ്ഞു.

(ഡി) പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## നിലമ്പൂർ കെ.എസ്.ആർ.ടി.സി. സബ് ഡിവിഷനിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

317(1905) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കെ.എസ്.ആർ.ടി.സി. സബ് ഡിവിഷനിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കാൻ ഇനിയും എത്ര തുക ആവശ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഈ തുക കോർപ്പറേഷന് വഹിക്കുവാൻ കഴിയുന്ന സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് എന്ത് മാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്;

(ബി) പാതി വഴിയിൽ നിലച്ച നിർമ്മാണ പ്രവൃത്തി സ്വകാര്യ പങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ കഴിയുമോ; ഇക്കാര്യത്തിൽ നിലപാട് വിശദമാക്കാമോ;

(സി) കഠിനമായതും അപ്രായോഗികവുമായ വ്യവസ്ഥകൾ കാരണം സംരംഭകർ നിർമ്മാണം പൂർത്തീകരിക്കാനുദ്ദേശിച്ച ടെണ്ടറുകളിൽ പങ്കെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെട്ടിടം ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് കൂടി സഹായകരമാകുന്ന തരത്തിൽ കരാർ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് സാധിക്കുമോ; ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് ആരാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സിവിൽ, മരാമത്ത് പണികൾക്കുവേണ്ടി 5.8 കോടി രൂപയ്ക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം നിർമ്മാണ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. കെട്ടിടം പൂർണ്ണമായി പൂർത്തീകരിക്കണമെങ്കിൽ വൈദ്യുതീകരണം, അഗ്നിസുരക്ഷാ സംവിധാനം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, യാർഡ് വർക്ക് എന്നിവ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്തിട്ടില്ല. മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ഏകദേശം 2½ കോടി രൂപ വേണ്ടിവരും.

ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത ചെലവുകൾ കെ.എസ്.ആർ. ടി.സി.-ക്ക് വഹിക്കുവാൻ കഴിയുകയില്ല. ആയത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പരിഗണനയിലില്ല.

(സി) നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും കഠിനവും അപ്രായോഗികവുമാണെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും, നിലവിലുള്ള ടെണ്ടർ/ലേലം വ്യവസ്ഥകൾ ഭേദഗതി ചെയ്ത് കൂടുതൽ ലൈസൻസികളെ കണ്ടെത്തുന്ന നടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണനയിലാണ്.

(ഡി) പ്രസ്തുത വിഷയം പരിഗണനയിലില്ല. കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡാണ് ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്.

## കൊല്ലം കെ.എസ്.ആർ.ടി.സി ഡിപ്പോ കെട്ടിടം

318(1906) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം കെ.എസ്.ആർ.ടി.സി ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പ്രൊപ്പോസൽ ഭരണാനുമതിക്കായി ജില്ലാ കളക്ടർക്ക് നൽകാതെ തടഞ്ഞുവച്ചിരിക്കുന്നതിന്റെ കാരണം അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

മാസ്റ്റർ പ്ലാൻ തയ്യാറാക്കി കൊല്ലം യൂണിറ്റിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതിക്കാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ മുൻഗണന നൽകിയിരിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ പദ്ധതി പൂർത്തിയാക്കുവാൻ മതിയാവുകയില്ല. ബാക്കി വരുന്ന പണം കണ്ടെത്തുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയുള്ളൂ.

## തൊടുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ

319(1907) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ മന്ദിരത്തിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തിയാകാനുള്ളതെന്ന് അറിയിക്കുമോ;

(ബി) എത്ര ദിവസങ്ങൾക്കുള്ളിൽ ഡിപ്പോ പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിച്ചുവരുന്നു. ഫയർ ഫൈറ്റിംഗ് ടെൻഡർ വിളിച്ചവർക്ക് ഓർഡർ M/s KEL-ന് നൽകിക്കഴിഞ്ഞു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സിവിൽ ജോലികൾ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) മേൽ പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ ഉടൻതന്നെ ഡിപ്പോ പ്രവർത്തനക്ഷമമാക്കാൻ കഴിയും.

**മാനന്തവാടി കെ. എസ്. ആർ. ടി. സി. ഡിപ്പോയിലെ ടയർ ലഭ്യത**

320(1908) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ യഥാസമയം ടയറുകൾ ലഭ്യമല്ലാത്തതിനാൽ സർവ്വീസ് മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടയർ ക്ഷാമംമൂലം 2018 ഏപ്രിൽ - മേയ് മാസങ്ങളിൽ മുടങ്ങിയ സർവ്വീസുകളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) മാനന്തവാടി ഡിപ്പോയിൽ യഥാസമയം ടയർ ലഭ്യമല്ലാത്തതിനാൽ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ;

(ഡി) യഥാസമയം ടയറും സ്പെയർ പാർട്സും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏപ്രിൽ - 204

മേയ് - 296

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

321(1909) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടന്നുവരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഡിപ്പോ പ്രവർത്തിക്കാത്തത് കാരണം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മൂവാറ്റുപുഴ വാണിജ്യ സമുച്ചയത്തിന്റെ സിവിൽ പ്രവൃത്തികളുടേയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും നിർമ്മാണ പ്രവൃത്തികൾ 90 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞു. അഗ്നി സുരക്ഷാ ജോലികൾക്കായി ടെണ്ടർ ക്ഷണിച്ച് എഗ്രിമെന്റ് വെച്ചുകഴിഞ്ഞു. പണി ഉടൻ തുടങ്ങുന്നതാണ്. വൈദ്യുതീകരണ പ്രവൃത്തികൾക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്യാരേജിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാർഡിന്റെ ടെണ്ടർ വിളിച്ച് അനുബന്ധ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

**കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് കൂടുതൽ ബസ്സുകൾ**

322(1910) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ ബസ്സിന്റെ കുറവുമൂലം പ്രതിദിനം ഷെഡ്യൂളുകൾ വെട്ടികുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ ഡിപ്പോയിൽ പെർമിറ്റ് കാലാവധി കഴിഞ്ഞ എത്ര ഫാസ്റ്റ് പാസ്സഞ്ചർ ബസുകൾ സർവ്വീസ് നടത്തുന്നു എന്ന് വിശദീകരിക്കുമോ;

(സി) ഗതാഗത സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത ഡിപ്പോയ്ക്ക് കൂടുതൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1-6-2018-ൽ 6 ബസ്സുകളാണ് ടയറിനും വിവിധ റിപ്പയറിനുമായി ഉണ്ടായിരുന്നത്. സാമ്പത്തിക പ്രതിസന്ധിമൂലം ടി ബസ്സുകൾ നിരത്തിൽ ഇറക്കാൻ കഴിയാത്ത സാഹചര്യമുണ്ട്.

(ബി) പെർമിറ്റ് കാലാവധി കഴിഞ്ഞ ഒരു ബസ്സും സർവ്വീസ് നടത്തുന്നില്ല.

(സി) 13 ഫാസ്റ്റ് പാസഞ്ചർ ഷെഡ്യൂളിന് 13 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നൽകിയിട്ടുണ്ട്. സ്പെയർ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ വികസനം

323(1911) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 2017-18 വർഷത്തിൽ പുതുതായി എത്ര ബസുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന പ്രധാന കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ ഏതൊക്കെയാണെന്നും അവയിൽ ഓരോന്നിന്റെയും പ്രതിമാസ വരുമാനം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര ഡിപ്പോയിൽ പുതുതായി ആരംഭിക്കുന്ന സർവ്വീസുകൾ ഏതൊക്കെ റൂട്ടിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) 2018-19 വർഷത്തിൽ പ്രസ്തുത ഡിപ്പോയെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ട് ബസ്സുകൾ (ഒരു പുതിയ ബസ്സും, മറ്റ് ഡിപ്പോയിൽ നിന്നും മാറ്റി നൽകിയ ഒരു ബസ്സും).

| | | |
|---|---|---|
| (ബി) തിരുവനന്തപുരം സെൻട്രൽ | - | 7,80,00,000 രൂപ |
| പാറശ്ശാല | - | 3,47,25,000 രൂപ |
| ആറ്റിങ്ങൽ | - | 3,07,50,000 രൂപ |
| നെയ്യാറ്റിൻകര | - | 3,06,00,000 രൂപ |

(സി) നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും ഉടൻതന്നെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ഡി) എല്ലാ റൂട്ടുകളിലും ചെയിൻ സർവ്വീസ്, പാരലൽ സർവ്വീസുകാരുടെ കടന്നുകയറ്റം തടയുന്നതിനും സാമൂഹ്യ വിരുദ്ധരുടെ അതിക്രമങ്ങൾ കണ്ടുപിടിക്കുന്നതിനും പോലീസിന്റെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. സ്ത്രീകളുടെ സുരക്ഷയ്ക്കായി ഹരിത സൗഹൃദ കേന്ദ്രം, നാപ്കിൻ വെൻഡിംഗ് മെഷീൻ, നാപ്കിൻ ബേർണിംഗ് മെഷീൻ, മുലയൂട്ടൽ കേന്ദ്രം, വനിതാ ഹെൽപ് ഡെസ്ക്ക് എന്നീ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

## കെ. എസ്. ആർ. ടി. സി. പിങ്ക് ബസ് സർവ്വീസുകൾ

324(1912) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പിങ്ക് ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ബി) കാട്ടാക്കടയിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് പിങ്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കാമോ ?

ഉത്തരം

(എ&ബി) സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ നയപദ്ധതിയുടെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി. രണ്ട് പിങ്ക് ബസ്സുകൾ പരീക്ഷണാർത്ഥം ആരംഭിച്ചിരുന്നത്.

കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ വരുമാനം വളരെയധികം കുറഞ്ഞതും നടത്തിപ്പ് ചെലവ് പോലും കൈവരിക്കാൻ കഴിയാത്തതുമായ ഇത്തരത്തിലുള്ള സർവ്വീസുകൾ പുതിയതായി ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## വാടകയ്ക്ക് എടുത്ത സ്കാനിയ ബസ്സുകൾ

325(1913) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന പാതകളിൽ സ്കാനിയ ബസ്സുകൾ വാടകയ്ക്ക് എടുത്ത് ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി. എടുത്ത തീരുമാനം ലാഭകരമായിരുന്നോ യെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് കമ്പനിയുമായാണ് കെ.എസ്.ആർ.ടി.സി. കരാറിൽ ഏർപ്പെട്ടിരുന്നതെന്നും ഇതിനകം കമ്പനിക്ക് കെ.എസ്.ആർ.ടി.സി. എത്ര തുക നൽകിയെന്നും 2017 നവംബർ മുതൽ 2018 മേയ് വരെ എത്ര തുക സർവ്വീസ് നടത്തിയതിലൂടെ ലഭ്യമായെന്നും വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. വിളിച്ച ടെണ്ടറിൽ എത്ര കമ്പനികളാണ് പങ്കെടുത്തതെന്നും ടെണ്ടർ നൽകിയ കമ്പനിക്ക് കിലോമീറ്ററിന് എത്ര രൂപയാണ് നൽകേണ്ടതെന്നും വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. സ്കാനിയ ബസ് വാടകയ്ക്ക് എടുക്കുവാൻ ഏർപ്പെട്ട കരാർ പുനപരിശോധിക്കുവാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 10 സ്കാനിയ ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി 5 സർവ്വീസുകൾ നടത്തിവരുന്നു.

പ്രസ്തുത വാടക ബസ്സുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ സുപ്രധാന അന്തർസംസ്ഥാന റൂട്ടുകളിൽ കൂടുതലായി ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രീമിയം ക്ലാസ് മൾട്ടി-ആക്സിൽ ലക്ഷ്വറി ബസ്സുകൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കപ്പെടുന്നുണ്ടെങ്കിലും നിലവിൽ കൂടുതൽ മുതൽമുടക്കുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള അത്തരം ബസ്സുകൾ നിരന്തരം അപകടത്തിൽപ്പെട്ടും മറ്റും കൃത്യമായി ഓപ്പറേറ്റ് ചെയ്യാനാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത്തരത്തിൽ കൃത്യമായി ഓപ്പറേറ്റ് ചെയ്യാനാകാത്തതിനാൽ ബസ്സുകളുടെ മുതൽമുടക്കും വരുമാന നഷ്ടവും സർവ്വോപരി യാത്രക്കാർക്ക് എല്ലാ ദിവസവും സർവ്വീസ് ലഭ്യമാകാതെ വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം ഒഴിവാക്കി കൂടുതൽ വരുമാനം നേടുന്നതിനും പൊതുജനങ്ങൾക്ക് ഉപകാര പ്രദമായും അപകടരഹിതമായും കെ. എസ്. ആർ. ടി. സി.-ക്ക് മുതൽമുടക്കില്ലാതെയും കൂടുതൽ പ്രീമിയം ക്ലാസ് ലക്ഷ്വറി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ടി സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്.

(ബി) M/s.Scania Commercial Vehicles Pvt.Ltd., M/s. Mahavoyage LLP എന്നീ സ്ഥാപനങ്ങളുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. 4,48,98,531 രൂപ കമ്പനിക്ക് നൽകിയിട്ടുണ്ട്. 2017 നവംബർ മുതൽ 2018 മേയ് വരെ 8,77,29,889 രൂപ ലഭിച്ചിട്ടുണ്ട്.

(സി) ഒരു കമ്പനിയാണ് പങ്കെടുത്തത്.

പ്രതി കിലോമീറ്ററിന് ചുവടെ ചേർത്തിട്ടുള്ള നിരിക്കിലാണ് വാടക നൽകുന്നത്.

| വാഹന ഉപയോഗം<br>ഷെഡ്യൂൾ (കി.മീ.) | പ്രതി കി. മീ. വാടകയ്ക്ക്<br>(നികുതി പുറമെ) |
|---|---|
| 800 & above | Rs. 23.00 |
| 750-799 | Rs. 24.00 |
| 700-749 | Rs. 25.50 |
| 650-699 | Rs. 26.40 |
| 600-649 | Rs. 27.72 |

(ഡി) വിശദ പഠനത്തിനുശേഷം തീരുമാനിക്കുന്നതാണ്.

## എ.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ

326(1914) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ എത്ര എ.സി. ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പുകളിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ബസ്സുകളുടെ അറ്റകുറ്റപ്പണികളുടെ കരാർ ആർക്കാണ് നൽകിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) ഇവർക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എത്ര തുകയാണെന്നും ഇത് എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) എ.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 79 ബസ്സുകൾ. (78 വോൾവോ ലോ ഫ്ലോർ എ. സി. ബസ്സുകളും ഒരു സ്കാനിയ ബസ്സും). വോൾവോയുടെ അംഗീകൃത സേവന ദാതാക്കളായ M/s Vista Drive line Motors, സ്കാനിയയുടെ അംഗീകൃത സേവനദാതാക്കളായ M/s EVM Heavy Commercial Vehicles എന്നീ സ്ഥാപനങ്ങളാണ് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നത്.

(സി) 31-5-2018-ലെ കുടിശ്ശിക 1.12 കോടി രൂപയാണ്. കെ. എസ്. ആർ. ടി. സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത തുക നൽകാനാവുകയുള്ളൂ.

(ഡി) അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കാനിയ ബസുകൾ

327(1915) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ദീർഘദൂര സർവ്വീസുകൾക്കായി സ്കാനിയ ബസ്സുകൾ വാടകക്കെടുത്ത് സർവ്വീസ് നടത്തുന്നുണ്ടോ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബസ്സുകൾ ഓരോന്നിനും അടയ്ക്കേണ്ട വാടക എത്രയാണ്;

(സി) ഈ ബസ്സുകൾ സർവ്വീസ് ആരംഭിച്ചത് എന്നുമുതലാണ്; അന്നുമുതൽ സർവ്വീസുകൾ ലാഭത്തിലാണോ അതോ നഷ്ടത്തിലാണോ;വ്യക്തമാക്കുമോ;

(ഡി) സ്കാനിയ ബസ്സുകളുടെ ഓരോ മാസത്തേയും വരുമാനവും അതിനായി ഓരോ മാസവും ചിലവഴിക്കേണ്ടുന്ന തുകയും എത്രയാണ് വിശദമാക്കുമോ;

(ഇ) വാടക സ്കാനിയ ബസ്സുകൾ ഉപയോഗിച്ചുള്ള സർവ്വീസുകൾ കെ.എസ്.ആർ.ടി.സി യുടെ നഷ്ടക്കണക്കിൽ കൂട്ടുതൽ നഷ്ടം ഉണ്ടാക്കുന്നുവെങ്കിൽ പ്രസ്തുത സർവ്വീസുകൾ തുടരുന്ന കാര്യം പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ദീർഘദൂര സർവ്വീസുകൾക്കായി 10 സ്കാനിയ ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തിവരുന്നു.

(ബി) പ്രതി കിലോമീറ്ററിന് ചുവടെ ചേർത്തിട്ടുള്ള നിരക്കിലാണ് വാടക നൽകുന്നത്.

| വാഹന ഉപയോഗം<br>ഷെഡ്യൂൾ (കി.മീ.) | പ്രതി കി. മീ. വാടകയ്ക്ക്<br>(നികുതി പുറമെ) |
|---|---|
| 800 & above | Rs. 23.00 |
| 750-799 | Rs. 24.00 |
| 700-749 | Rs. 25.50 |
| 650-699 | Rs. 26.40 |
| 600-649 | Rs. 27.72 |

(സി) 1-11-2017 മുതൽ KSRTC യുടെ സ്വന്തം ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തിയിരുന്നതിനേക്കാൾ വെറ്റ് ലീസ് ബസ്സുകൾ സർവ്വീസ് നടത്തിയപ്പോൾ പ്രവർത്തന നഷ്ടം കുറഞ്ഞിട്ടുണ്ട്.

(ഡി)

| മാസം | വരുമാനം | ചെലവ് |
|---|---|---|
| 11/2017 | 1,07,74,761 | 1,29,25,517 |
| 12/2017 | 1,21,14,056 | 1,26,38,031 |
| 01/2018 | 1,13,40,576 | 1,22,18,847 |
| 02/2018 | 1,05,35,760 | 1,24,60,157 |
| 03/2018 | 1,22,48,876 | 1,34,47,479 |
| 04/2018 | 1,46,45,642 | 1,33,39,782 |
| 05/2018 | 1,60,70,218 | 1,43,97,655 |

(ഇ) ലാഭ-നഷ്ടങ്ങളെ സംബന്ധിച്ചും റൂട്ടുകൾ സംബന്ധിച്ചും വിശദമായ പഠനം നടന്നുവരുന്നു.

**കെ.എസ്.ആർ.ടി.സി. ട്രാവൽ പാസ്സുകൾ**

328(1916) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലമായി കെ.എസ്.ആർ.ടി.സി. നടപ്പിലാക്കി വരുന്ന സീസൺ ടിക്കറ്റ് കാർഡുകൾ (Monthly Travel Pass) പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ടിക്കറ്റ് നിരക്ക് വർദ്ധനയ്ക്ക് ആനുപാതികമായ വർദ്ധനവോടുകൂടി കാർഡ് സംവിധാനം പുനഃസ്ഥാപിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് നാളിതുവരെ എത്ര രൂപ മുൻകൂറായി ലഭിച്ചു; വിശദമാക്കുമോ; ട്രാവൽ പാസുകളുടെ അപ്രഖ്യാപിത നിയന്ത്രണം സ്വകാര്യ ബസ് ലോബിയെ സഹായിക്കാൻ വേണ്ടിയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിരവധി സ്ഥിരം യാത്രക്കാർക്ക് ഉപകാരപ്രദമായിരുന്ന പ്രസ്തുത പദ്ധതി പെട്ടെന്ന് നിർത്തലാക്കിയതുമൂലം അവർക്കുണ്ടായ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) 2018 ജനുവരി ഒന്ന് മുതൽ മാർച്ച് 13 വരെ എത്ര ട്രാവൽ പാസുകൾ വിതരണം ചെയ്തിട്ടുണ്ട്; ആയതിൽ എത്ര രൂപ കെ.എസ്.ആർ.ടി.സി.ക്ക് വരുമാനമായി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് ഏർപ്പെടുത്തിയ ട്രാവൽ കാർഡുകളുടെ വിതരണം താൽക്കാലികമായി നിർത്തിയിട്ടുണ്ട്. കാർഡിന്റെ മൂല്യത്തെക്കാൾ കൂടുതൽ തുകയ്ക്ക് പലരും യാത്ര ചെയ്യുന്നതിനാലും ബസ് ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചതിനാലും പ്രസ്തുത കാർഡുകൾ കോർപ്പറേഷന് അധിക സാമ്പത്തിക ബാദ്ധ്യതയാകുമെന്നതിനാലാണ് താൽക്കാലികമായി കാർഡുകൾ പിൻവലിച്ചത്.

(ബി) ട്രാവൽ കാർഡുകൾക്ക് പകരമായി closed loop RFID Smart Card-കൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2017 ജനുവരി മുതൽ 2018 ഫെബ്രുവരി വരെ ട്രാവൽ കാർഡുകൾ വിതരണം ചെയ്ത ഇനത്തിൽ 9,46,90,500 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

അപ്രകാരമുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന തരത്തിൽ പ്രസ്തുത കാർഡുകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) 2018 ഫെബ്രുവരി 28-നുശേഷം ട്രാവൽ പാസ് വിതരണം ചെയ്തിട്ടില്ല. 2018 ജനുവരി 1 മുതൽ ഫെബ്രുവരി 28 വരെ ആകെ 11,821 ട്രാവൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ടി ഇനത്തിൽ 1,71,41,000 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

**ട്രാവൽ കാർഡ്**

329(1917) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയ ട്രാവൽ കാർഡ് സംവിധാനം കോർപ്പറേഷന് ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ട്രാവൽ കാർഡിന്റെ മൂല്യത്തേക്കാൾ കൂടിയ തുകയ്ക്ക് പലരും യാത്ര ചെയ്യുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാലോചിതമായി ഇവ പരിഷ്കരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൂടുതൽ യാത്രക്കാരെ കെ. എസ്. ആർ. ടി. സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനും പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് ട്രാവൽ കാർഡ് പദ്ധതി ആവിഷ്കരിച്ചത്. ഇതുപ്രകാരം പ്രതിമാസം ഒരു നിശ്ചിത തുക ഈടാക്കിക്കൊണ്ട് അനുവദിച്ചിട്ടുള്ള ശ്രേണിയിലെ ബസ്സുകളിൽ പരിധിയില്ലാതെ യാത്ര ചെയ്യുന്നതിനാണ് അനുമതി നൽകിയിരുന്നത്. സ്ഥിരം യാത്രക്കാർക്ക് ടിക്കറ്റ് മൂല്യത്തേക്കാൾ കൂടുതൽ തുകയ്ക്ക് ഈ കാർഡുകൾ ഉപയോഗിച്ച് യാത്ര ചെയ്യുന്നതിന് അനുവദിച്ചിരുന്നു. 1000 രൂപ, 1500 രൂപ, 3000 രൂപ, 5000 രൂപ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത കാർഡുകൾ നിലവിൽ ഉണ്ടായിരുന്നത്.

ട്രാവൽ കാർഡിന്റെ മൂല്യത്തെക്കാൾ കൂടിയ തുകയ്ക്ക് പലരും യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ 2018 മാർച്ച് മുതൽ ബസ് ടിക്കറ്റ് നിരക്ക് വർദ്ധിച്ചിട്ടുണ്ട്. ഈ കാരണത്താൽ ട്രാവൽ കാർഡുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്ന സാഹചര്യത്തിൽ ഈ സംവിധാനം താൽക്കാലികമായി പിൻവലിച്ചിരിക്കുകയാണ്.

(സി) ട്രാവൽ കാർഡുകൾക്ക് പകരമായി closed loop RFID Smart Card-കൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ട്രാവൽ കാർഡ് സംവിധാനം

330(1918) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്.ആർ .ടി .സി യാത്രക്കാർക്ക് ലഭ്യമാക്കിയിരുന്ന ട്രാവൽ കാർഡ് സംവിധാനം ഇപ്പോഴും നിലവിലുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി- യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സംവിധാനം പരിഷ്കരിച്ച് കൂടുതൽ യാത്രക്കാർക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് ഏർപ്പെടുത്തിയ ട്രാവൽ കാർഡുകളുടെ വിതരണം താൽക്കാലികമായി നിർത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 2017 ജനുവരി മുതൽ 2018 ഫെബ്രുവരി വരെ ട്രാവൽ കാർഡുകൾ വിതരണം ചെയ്ത ഇനത്തിൽ 9,46,90,500 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(സി) ട്രാവൽ കാർഡുകൾക്ക് പകരമായി Closed loop RFID Smart Card-കൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ടിക്കറ്റിന് പകരം സ്മാർട്ട് കാർഡ്

331(1919) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ ടിക്കറ്റിന് പകരം സ്മാർട്ട് കാർഡ് പുറത്തിറക്കുന്നതിന് ആലോചനയുണ്ടോ; വിശദമാക്കുമോ; ഇതിനായി ടെണ്ടർ വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏത് സ്ഥാപനമാണ് ഇതിനുള്ള സാങ്കേതിക സഹായം നൽകുന്നത്?

ഉത്തരം

(എ) ഉണ്ട്. സ്മാർട്ട് കാർഡ് പുറത്തിറക്കുന്നതിന് RFID റീഡറുള്ള ഇ.ടി.എം മെഷീനുകൾ പ്രാഥമികമായി വാങ്ങേണ്ടതുണ്ട്. ഇതിനാവശ്യമായ ടെണ്ടർ വിളിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

(ബി) തീരുമാനമായിട്ടില്ല.

**അന്തർ സംസ്ഥാന പാതകളിൽ വാടകയ്ക്ക് ഉപയോഗിക്കുന്ന ബസ്സുകൾ**

332(1920) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന പാതകളിൽ നിലവിൽ എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് ഉപയോഗിക്കുന്നുണ്ട്; പ്രസ്തുത വാടക ബസ്സുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്നു എന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) 2017 നവംബർ 1 മുതൽ നാളിതുവരെ പ്രസ്തുത ബസ്സുകൾക്ക് വാടകയായി നൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത്; ഒരു കമ്പനി മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത് എങ്കിൽ ഏക ടെണ്ടർ സ്വീകരിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) ഭീമമായ നഷ്ടം ഉണ്ടാവുന്ന സാഹചര്യത്തിൽ കരാറിൽനിന്നും പിന്മാറുവാനോ റൂട്ടുകൾ പുനക്രമീകരിക്കുവാനോ കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10 സ്കാനിയ ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി 5 സർവ്വീസുകൾ നടത്തിവരുന്നു.

പ്രസ്തുത വാടക ബസ്സുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ സുപ്രധാന അന്തർസംസ്ഥാന റൂട്ടുകളിൽ കൂടുതലായി ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രീമിയം ക്ലാസ് മൾട്ടി ആക്സിൽ ലക്ഷ്വറി ബസ്സുകൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കപ്പെടുന്നുണ്ടെങ്കിലും നിലവിൽ കൂടുതൽ മുതൽമുടക്കുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള അത്തരം ബസ്സുകൾ നിരന്തരം അപകടത്തിൽപ്പെട്ടും മറ്റും കൃത്യമായി ഓപ്പറേറ്റ് ചെയ്യാനാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത്തരത്തിൽ കൃത്യമായി ഓപ്പറേറ്റ് ചെയ്യാനാകാത്തതിനാൽ ബസ്സുകളുടെ മുതൽമുടക്കും വരുമാന നഷ്ടവും സർവ്വോപരി യാത്രക്കാർക്ക് എല്ലാ ദിവസവും സർവ്വീസ് ലഭ്യമാകാതെ വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം ഒഴിവാക്കി കൂടുതൽ വരുമാനം നേടുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായും അപകടരഹിതമായും കെ.എസ്.ആർ.ടി.സി.-ക്ക് മുതൽമുടക്കില്ലാതെയും കൂടുതൽ പ്രീമിയം ക്ലാസ് ലക്ഷ്വറി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ടി സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്.

(ബി) 2017 നവംബർ 1 മുതൽ നാളിതുവരെ പ്രസ്തുത ബസ്സുകൾക്ക് വാടകയായി 4,48,98,531 രൂപ നൽകിയിട്ടുണ്ട്.

(സി) ഒരു കമ്പനി ASRTU നിരക്കിനേക്കാൾ കുറഞ്ഞ നിരക്കായതിനാലാണ് ടെണ്ടർ സ്വീകരിച്ചത്.

(ഡി) വാടക സ്കാനിയ ബസ്സുകൾ ഉപയോഗിച്ചുള്ള സർവ്വീസുകളിൽ താരതമ്യേന കൂടുതൽ നഷ്ടം ഉണ്ടാക്കുന്ന സർവ്വീസുകളെ പുനഃക്രമീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**പട്ടാമ്പി ടൗണിലുള്ള ബസ് സ്റ്റോപ്പുകളിലെ യാത്രാ നിരക്ക്**

333(1921) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകദേശം 800 മീറ്റർ മാത്രം ദൂരവ്യത്യാസമുള്ള പട്ടാമ്പി ബസ് സ്റ്റാൻഡും മേലെ പട്ടാമ്പി ബസ് സ്റ്റോപ്പും തമ്മിൽ ദീർഘദൂരബസുകളിൽ വളരെ വ്യത്യാസമുള്ള നിരക്കുകൾ നിലവിൽ ഉണ്ടെന്നുള്ളത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) നിരക്കുകൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടാമ്പി-പെരിന്തൽമണ്ണ ഭാഗത്ത് ഓർഡിനറി ബസ്സുകൾക്ക് ശങ്കരമംഗലവും ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് തൃത്താല കൊപ്പവും സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെരിന്തൽമണ്ണയുമാണ് ഫെയർ സ്റ്റേജ് നിശ്ചയിച്ചിട്ടുള്ളത്.

കുന്നംകുളം ഭാഗത്തുനിന്നും വരുന്ന യാത്രക്കാരൻ ഓർഡിനറി ബസ്സിൽ മേലെപട്ടാമ്പിയിൽ ഇറങ്ങുകയാണെങ്കിൽ ശങ്കരമംഗലത്തേയ്ക്കുള്ള ചാർജും ഫാസ്റ്റ് പാസഞ്ചർ ബസ്സിലാണെങ്കിൽ തൃത്താല കൊപ്പത്തേയ്ക്കുള്ള ചാർജും സൂപ്പർ ഫാസ്റ്റ് ബസ്സിലാണെങ്കിൽ പെരിന്തൽമണ്ണയിലേയ്ക്കുള്ള ചാർജും നൽകേണ്ടതാണ്.

(ബി) യാത്രാ നിരക്കുകൾ ഏകീകരിക്കുന്നതിന് ഫെയർസ്റ്റേജിൽ അപാകതകൾ പരിഹരിച്ച് പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഫെയർസ്റ്റേജ് പുനർനിർണ്ണയത്തിന് വിശദമായ പഠനവും അന്വേഷണവും ആവശ്യമാണ്. അതിനുശേഷം മാത്രമേ ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## മിന്നൽ സർവ്വീസിന് മുക്കത്ത് സ്റ്റോപ്പ്

334(1922) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ നിന്നും തിരുവനന്തപുരത്തേക്ക് സർവ്വീസ് നടത്തുന്ന മിന്നൽ കെ.എസ്.ആർ.ടി.സി. ബസ്സിന് മുക്കത്ത് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ പ്രധാന കേന്ദ്രമായ മുക്കത്ത് മിന്നൽ സർവ്വീസിന് സ്റ്റോപ്പ് അനുവദിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റോപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി സമയനിഷ്ഠ പാലിക്കുന്ന വിധത്തിൽ ഒരു പ്രത്യേക സർവ്വീസ് ആയിട്ടാണ് മിന്നൽ സർവ്വീസുകൾ ആരംഭിച്ചത്. സ്റ്റോപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സമയനിഷ്ഠ പാലിക്കുന്നതിന് തടസ്സമാകും എന്നതിനാലും ഈ പ്രത്യേക സർവ്വീസിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തും എന്നതിനാലും കോഴിക്കോട് ജില്ലയിൽ മുക്കം എന്ന സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുവാൻ നിർവ്വാഹമില്ല.

## തിരുവമ്പാടിയിൽ നിന്നും തിരുവനന്തപുരം, മൂന്നാർ സർവ്വീസ്

335(1923) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഡിപ്പോയിൽ നിന്നും തിരുവനന്തപുരം, മൂന്നാർ സർവ്വീസുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) സർവ്വീസുകൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) തുടർനടപടികൾ സ്വീകരിക്കുന്നതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ട്.

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസുകളും ഡ്യൂട്ടി പാറ്റേണും വരുമാന ലഭ്യത ഉറപ്പ് വരുത്തുന്ന രീതിയിൽ ക്രമീകരിച്ച് വരികയാണ്. ടി സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.യിലെ ഡ്യൂട്ടി സമ്പ്രദായം

336(1924) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. യിൽ കണ്ടക്ടർക്കും ഡ്രൈവർക്കും നിലനിന്നിരുന്ന ഡ്യൂട്ടി സമ്പ്രദായത്തിൽ പുനഃക്രമീകരണത്തിന് എതിരെ ഏതെങ്കിലും തൊഴിലാളി സംഘടനകൾ കോടതിയെ സമീപിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ സംഘടനകൾ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും വിധി പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ എന്ന്; പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ നിലവിലെ ഡ്യൂട്ടികൾ സിംഗിൾ ആക്കി മാറ്റുന്നതിന് നിഷ്കർഷിച്ചിരുന്നോ; എങ്കിൽ അത് ഈ ഗവൺമെന്റ് അധികാരമേൽക്കുന്നത് വരെ നിലനിന്നിരുന്ന സിംഗിൾ ഡ്യൂട്ടിയെയാണോ;

(ഡി) എന്നാൽ അപ്രകാരമുള്ള സിംഗിൾ ഡ്യൂട്ടി സമ്പ്രദായത്തിന് പകരം നിലവിലെ ഗവൺമെന്റ് നടപ്പാക്കിയ 1, 1 1/2, 1 1/4, 1 3/4 എന്നീ തോതിലുള്ള ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തുന്നത് അവസാനിപ്പിച്ച് മുൻ കാലങ്ങളിൽ നിലവിലുണ്ടായിരുന്ന ലൈൻ ഡ്യൂട്ടി സംവിധാനമേർപ്പെടുത്തുമോ;

(ഇ) നിലവിലെ ഗവൺമെന്റ് ഏർപ്പെടുത്തിയ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ ലൈൻ ഡ്യൂട്ടിക്കാരായ കണ്ടക്ടർക്കും ഡ്രൈവർക്കും നേരത്തെ നൽകിക്കൊണ്ടിരുന്ന സാമ്പത്തിക ഗുണത്തിൽ നിന്നും എത്ര തുകയുടെ ആകെ ലാഭം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാക്കാനായി; ഇതിന്റെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്. ആർ.ടി.സി.-യിൽ കണ്ടക്ടർക്കും ഡ്രൈവർക്കും നിലനിന്നിരുന്ന ഡ്യൂട്ടി സമ്പ്രദായത്തിന്റെ പുനഃക്രമീകരണത്തിന് എതിരെ തൊഴിലാളി സംഘടനകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചിരുന്നു. ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ എന്ന അംഗീകൃത തൊഴിലാളി സംഘടനയും മറ്റ് ചില തൊഴിലാളികളും ഒറ്റയ്ക്കും കൂട്ടായും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ റിട്ട് ഹർജ്ജിയും (W.P.(C)No.19465/17 and connected cases, W.A.1797/17 and connected cases), അപ്പീൽ ഹർജ്ജികളും നൽകിയിരുന്നു.

(ബി) ഇതുസംബന്ധിച്ച് 12-12-2017-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) തൊഴിലാളി സംഘടനകളുമായും ഹർജി കക്ഷികളുമായും ചർച്ച നടത്തിയ ശേഷം എല്ലാ ഡ്യൂട്ടികളും 1961-ലെ മോട്ടോർ ഗതാഗത തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ക്രമീകരിച്ച് നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) മേൽ നമ്പർ W.A.1797/17 മുതൽ നമ്പർ W.A.-യിലെ ഉത്തരവ് പ്രകാരം 1961-ലെ മോട്ടോർ ഗതാഗത തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് നിലവിലെ കിലോമീറ്റർ അടിസ്ഥാനത്തിലുള്ള ഡ്യൂട്ടി ഒഴിവാക്കി സ്റ്റിയറിംഗ് സമയത്തിന് ആനുപാതികമായി ഡ്യൂട്ടി ക്രമീകരിച്ച് നൽകണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായ സാഹചര്യത്തിൽ മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന തരത്തിലുള്ള ലൈൻ ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തുന്നതിന് സാധിക്കുകയില്ല.

(ഇ) പുതിയ ഡ്യൂട്ടി സമ്പ്രദായ പ്രകാരം ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായി ഉപയോഗിച്ചുകൊണ്ട് സർവ്വീസ് ഓപ്പറേഷൻ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് ഡ്യൂട്ടി ക്രമീകരണം സംബന്ധിച്ച പരിഷ്കരണങ്ങൾ നടപ്പിലാക്കിയത്. എന്നാൽ ജീവനക്കാർക്ക് നൽകിവന്നിരുന്ന സാമ്പത്തിക ഗുണങ്ങൾ/ആനുകൂല്യങ്ങളിൽ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ സാമ്പത്തിക ലാഭം ഉണ്ടായിട്ടില്ല.

## ആഭ്യന്തര ഓഡിറ്റ് സംവിധാനം

337(1925) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ചീഫ് ഓഫീസിലെയും യൂണിറ്റ് ഓഫീസുകളിലെയും ചെലവ് ചുരുക്കുവാൻ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സിയിൽ ആഭ്യന്തര ഓഡിറ്റ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ ഉണ്ടാകുന്ന അനാവശ്യ ചെലവുകൾ കണ്ടെത്തുവാൻ ഓഡിറ്റ് സംവിധാനത്തിന് കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കെ.എസ്. ആർ.ടി.സി.-യിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

1. മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഡ്യൂട്ടി പരിഷ്കരണം നടത്തിവരുന്നു.

2. എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി 8 മണിക്കൂർ ആയി നിജപ്പെടുത്തി.

3. ടയർ റീ-ട്രെഡിംഗിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു.

4. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. വരുമാനം കുറഞ്ഞ ട്രിപ്പുകൾ നിർത്തലാക്കി. റൂട്ടുകളും, ഷെഡ്യൂളുകളും പുനഃസംഘടിപ്പിച്ച് വരുന്നു.

(ബി) നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ ആഭ്യന്തര ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. അനാവശ്യ ചെലവുകൾ യഥാസമയം കണ്ടെത്തുകയും നിയന്ത്രണ വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ**

338(1926) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) നിലവിൽ എത്ര കോടി രൂപയുടെ കെ.റ്റി.ഡി.എഫ്.സി. വായ്പയാണുള്ളത്; ഒരു വർഷം ഈയിനത്തിൽ നൽകേണ്ടിവരുന്ന പലിശ എത്രയെന്ന് വിശദമാക്കുമോ; ഈ തുക അടച്ച് തീർത്തശേഷം വായ്പ എടുക്കുന്നപക്ഷം നേരിയ നിരക്കിൽ പലിശയുള്ള ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി നിലവിൽ കോർപ്പറേഷൻ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും കുറഞ്ഞ കാല ദൈർഘ്യവുമുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പ തിരിച്ചട് ഇനത്തിൽ പ്രതിദിനം 2 കോടിയോളം രൂപയുടെ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ പ്രതിമാസം ശമ്പളം കൃത്യമായി നൽകാൻ കഴിഞ്ഞുവരുന്നു. ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു.

കൂടാതെ, സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിലധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട്

കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ്ലീസ് വ്യവസ്ഥയിൽ 10 പുതിയ സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) കൺസോർഷ്യം ബാങ്കുകൾ മുഖേനയുള്ള വായ്പ പുനഃസംഘടനയ്ക്ക് മുമ്പായി കെ.റ്റി.ഡി.എഫ്.സി.-ക്ക് വായ്പ ഇനത്തിൽ 1221 കോടി രൂപ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്നു. ആയതിൽ നിന്ന് 1100 കോടി രൂപ കൺസോർഷ്യം ബാങ്കുകൾ മുഖേന തിരിച്ചടവ് കാലാവധി കൂടിയ വായ്പയാക്കി മാറ്റിയിരുന്നു. പിന്നീട് ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് പുതിയ ബാങ്ക് (ലക്ഷ്മി വിലാസ് ബാങ്ക്) ചേരുകയും 150 കോടി രൂപ അനുവദിക്കുകയും ചെയ്തതിനെ തുടർന്ന് കൺസോർഷ്യത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ പങ്ക് 950 കോടി രൂപയായി കുറഞ്ഞു. കൺസോർഷ്യം വായ്പയായി മാറ്റിയ തുക കിഴിച്ചുള്ള ബാക്കി തുകയായ 121 കോടി രൂപ കൂടി കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-ക്ക് തിരിച്ചടയ്ക്കാൻ ഉണ്ട്.

നിലവിലെ 950 കോടി രൂപ വായ്പയ്ക്ക് 20 വർഷമാണ് തിരിച്ചടവ് കാലാവധി. ടി വായ്പ 11.82% പലിശയ്ക്കാണ് കെ.റ്റി.ഡി.എഫ്.സി. അനുവദിച്ചിട്ടുള്ളത്. എന്നാൽ കൺസോർഷ്യം ബാങ്ക് വായ്പയുടെ ഏകീകൃത പലിശ നിരക്ക് 9.2% ആണ്. ആയതിനാൽ 11.82%, 9.2% എന്നീ പലിശ നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലമുള്ള അധിക തുക സർക്കാർ കെ.റ്റി.ഡി.എഫ്.സി.-ക്ക് നൽകും. ഫലത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് 9.2% പലിശ നിരക്ക് മാത്രമാണ് നൽകേണ്ടി വരുന്നത്. 950 കോടി രൂപ വായ്പയുടെ 20 വർഷത്തേയ്ക്കുള്ള തിരിച്ചടവ് തുകയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ഇതുകൂടാതെ കൺസോർഷ്യം ബാങ്ക് മുഖേനയുള്ള വായ്പ പുനഃസംഘടനയുടെ ഭാഗമായി, കെ.എസ്.ആർ.ടി.സി.-ക്ക് മറ്റ് പല ധനകാര്യ സ്ഥാപനങ്ങളിലും ഉണ്ടായിരുന്ന വായ്പ ബാധ്യതകൾ തീർക്കുന്നതിനായി 2332.37 കോടി രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

12% പലിശ നിരക്കിൽ 10 ദിവസത്തേയ്ക്ക് ഹ്രസ്വകാല വായ്പയായി കെ.റ്റി.ഡി.എഫ്.സി. നൽകിയിരുന്നു. ഈ ഹ്രസ്വകാല വായ്പയിൽ കെ.എസ്.ആർ.ടി.സി. 2000 കോടി രൂപ തിരിച്ചടച്ചിരുന്നു. ശേഷിക്കുന്ന 332.37 കോടി രൂപ കെ. എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-ക്ക് തിരിച്ച് നൽകേണ്ടതായുണ്ട്.

നിലവിലുള്ള വായ്പ പൂർണ്ണമായും അടച്ചുതീർത്തശേഷം നേരിയ നിരക്കിൽ പലിശയുള്ള വായ്പകൾക്കായി മറ്റ് ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുന്നതിന് തടസ്സങ്ങൾ ഇല്ല.

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഉയർന്ന നിരക്ക്

339(1927) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകളെക്കാൾ ഉയർന്ന നിരക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഈടാക്കുന്നത് യാത്രക്കാർ കുറയുന്നതിന് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളിൽ ഈടാക്കുന്ന പെൻഷൻ സെസ്സ് ഒഴിവാക്കണമെന്ന് ഇത് സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ച ഉപസമിതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് തീരുമാനം എടുത്തു;

(സി) ഈ തീരുമാനം നടപ്പിലാക്കിയാൽ, നിലവിൽ നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.ക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിൽ എന്ത് കുറവ് ഉണ്ടാകും;

(ഡി) നിലവിൽ ഈടാക്കുന്ന സെസ്സ് നിർത്തലാക്കിയാൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുക കണ്ടെത്തുന്നതിന് എന്ത് ബദൽ നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഇ) വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിലൂടെ കെ.എസ്.ആർ.ടി.സി. ക്കുണ്ടാകുന്ന നഷ്ടം നികത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സ്വകാര്യ ഓർഡിനറി ബസ്സുകളേക്കാൾ ഉയർന്ന നിരക്ക് കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളിൽ ഈടാക്കുന്നത് യാത്രക്കാർ കുറയുന്നതിനുള്ള ഒരു കാരണമായി കണ്ടെത്തിയിട്ടില്ല.

(ബി&സി) സർക്കാർ ഇതിനായി ഉപസമിതി രൂപീകരിച്ചിട്ടില്ല.

(ഡി) സെസ്സ് ഇനത്തിൽ ലഭിക്കുന്ന തുക പെൻഷനുവേണ്ടി വരുന്ന തുകയുടെ 10% മാത്രമേ വരൂ. പെൻഷൻ ഫണ്ടിലേയ്ക്ക് തുക കണ്ടെത്തുന്നതിലേയ്ക്ക് ബദൽ നിർദ്ദേശമൊന്നും നിലവിലില്ല.

(ഇ) വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിലൂടെ ഉണ്ടാകുന്ന നഷ്ടം നികത്തണമെന്ന് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നത് കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതി-പദ്ധതിയിതര ഫണ്ട് ഉദാരമായി അനുവദിച്ചുകൊണ്ടും ഗുണകരമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയും നഷ്ടം പരമാവധി ഒഴിവാക്കി സ്ഥാപനത്തെ മെച്ചപ്പെടുത്തുക എന്നതാണ് സർക്കാർ നിലപാട്.

## കെ.എസ്.ആർ.ടി.സി. യാത്രക്കാർ വഴി കള്ളനോട്ട്

340(1928) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളനോട്ട് ലോബികൾ കെ.എസ്.ആർ.ടി.സി. യാത്രക്കാർവഴി കള്ളനോട്ട് മാറുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ബാങ്കുകളിൽ പോലും ഇവ കൃത്യമായി കണ്ടുപിടിക്കാനുള്ള സാങ്കേതിക വിദ്യ നിലവിലില്ലാത്ത സാഹചര്യത്തിൽ യാത്രാവേളകളിൽ ലഭിക്കുന്ന ഇത്തരം നോട്ടുകളുടെ ഉത്തരവാദിത്തത്തിൽ നിന്ന് കണ്ടക്ടർമാരെ ഒഴിവാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത്തരം കള്ളനോട്ടുകളുടെ ബാധ്യതയിൽ നിന്ന് കണ്ടക്ടർമാരെ ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കള്ളനോട്ട് ലോബികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടില്ല. എന്നാൽ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്ന് SBI പുത്തൻചന്ത ബ്രാഞ്ചിൽ അടച്ച കളക്ഷൻ തുകയിൽ 200 രൂപയുടെ 26 കള്ളനോട്ടുകൾ കണ്ടെത്തിയത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് കെ.എസ്.ആർ.ടി.സി. ആഡിറ്റ് വിഭാഗം അന്വേഷണം നടത്തിവരികയാണ്.

(ബി&സി) കള്ളനോട്ടുകൾ കണ്ടുപിടിക്കുന്നതിലേക്കായി RBI മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കള്ളനോട്ട് കണ്ടുപിടിക്കുന്നതിനായി ബാങ്കുകളിലും, KSRTC കൗണ്ടറുകളിലും Fake Note Detecting Machine - കൾ സ്ഥാപിച്ചിട്ടുണ്ട്. കള്ളനോട്ട് കൈവശംവയ്ക്കുന്ന കാര്യത്തിൽ ആരെയും ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

### കെ.എസ്.ആർ.ടി.സി. യിൽ ചായ സൽക്കാര ചെലവ്

341(1929) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി യിൽ ബോർഡ് മീറ്റിംഗിനൊഴികെയുള്ള ചായ സൽക്കാര ചെലവിൽ ക്രമരഹിതമായ വർദ്ധനവ് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ബോർഡ് മീറ്റിംഗിനൊഴികെ മറ്റ് എന്തെല്ലാം കാര്യങ്ങൾക്കാണ് ചായ സൽക്കാര ചെലവ് അനിവാര്യമായി വരുന്നത്; വ്യക്തമായ വിവരം വെളിപ്പെടുത്താമോ;

(സി) കെ.എസ്.ആർ.ടി.സി വക ഫണ്ടിൽ നിന്ന് ചായ സൽക്കാര ഇനത്തിൽ എത്ര തുക വരെ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് പ്രതിമാസം /വർഷം ചെലവഴിക്കുന്നതിന് അധികാരമുണ്ട്; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ചുള്ള അനധികൃത ചെലവ് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ചായ സൽക്കാര ചെലവിൽ വർദ്ധനവ് ഇല്ല.

(ബി) സോണൽ മീറ്റിംഗ് നടത്തുമ്പോഴും, ഇന്റർസ്റ്റേറ്റ് പെർമിറ്റുമായി ബന്ധപ്പെട്ട ചർച്ചകൾ, ബോർഡ് റൂമിൽ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടക്കുന്ന മീറ്റിംഗുകൾ, അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടനാ പ്രതിനിധികളുമായി നടത്തുന്ന ചർച്ചാ യോഗങ്ങളിലും ചായ സൽക്കാരം നടത്തുന്നുണ്ട്.

(സി) ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ചായ സൽക്കാരത്തിന് നിലവിൽ അധിക ചെലവില്ല.

### കെ.എസ്.ആർ.ടി.സി.യിലെ ഓഡിറ്റിംഗ് സംവിധാനം

342(T1930) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ നാളിതുവരെയായി നടത്തിവന്നിരുന്ന ഓഡിറ്റിംഗ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി.യിൽ വരുമാനം ദിനംപ്രതി വർദ്ധിച്ച് വരുന്നുണ്ടെങ്കിലും വരുമാന ചോർച്ച കണ്ടുപിടിക്കുന്നതിനോ അത് തടയുന്നതിനോ കഴിയാത്തതിനാൽ ഓഡിറ്റിംഗിൽ മാറ്റം വരുത്തുന്നതിനും അത് പൂർണ്ണമായും സർക്കാരിന്റെ വിദഗ്ദ്ധ ടീമിനെ ഏൽപ്പിച്ച് വർഷംതോറും കൃത്യമായി ഓഡിറ്റിംഗ് നടത്തുന്നതിന് സംവിധാനമൊരുക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് Act 1950 (Central Act LXIV of 1950) പ്രകാരം കൺട്രോളർ ആൻഡ് ആഡിറ്റർ ജനറലാണ് കോർപ്പറേഷന്റെ കണക്കുകളുടെ ആഡിറ്റർ. ഇതിൽ മാറ്റം വരുത്തുവാൻ കഴിയുകയില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ വരുമാന ചോർച്ച കണ്ടുപിടിക്കുന്നതിന് നിലവിൽ രണ്ട് ആഭ്യന്തര ഓഡിറ്റിംഗ് സംവിധാനങ്ങൾ ഉണ്ട്. ഇവർ ഡിപ്പോയിലെ വരുമാനവും അത് കൃത്യമായി അടയ്ക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നു. കൂടാതെ കൺട്രോളർ & ഓഡിറ്റ് ജനറലിന്റെ ആഡിറ്റ് വർഷംതോറും നടക്കുന്നുണ്ട്. ഈ സംവിധാനങ്ങൾകൊണ്ട് തൃപ്തികരമായ ആഡിറ്റിംഗ് നടത്തിവരുന്നു.

**കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ**

343(1931) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ മിക്ക ഭാഗങ്ങളും കാലപ്പഴക്കത്താൽ പൊട്ടിപ്പൊളിഞ്ഞ് അടർന്നുവീഴുന്ന സാഹചര്യവും സ്ത്രീകളുടെ വിശ്രമമുറിയും ടോയിലറ്റുകളും അപകടാവസ്ഥമൂലം പൂട്ടിയിട്ടിരിക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥമൂലം യാത്രക്കാരും ജീവനക്കാരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിനോ പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ ഉള്ള നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നിലവിൽ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. കൊല്ലം ഡിപ്പോയുടെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി external agency-യെക്കൊണ്ട് പണി ചെയ്യാനാണുദ്ദേശിക്കുന്നത്.

**സ്വകാര്യ ബസ്സുകളുടെ നിറംമാറ്റം**

344(1932) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ബസ്സുകളുടെ നിറംമാറ്റാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്വകാര്യ ബസ്സുകളുടെ നിറം മാറ്റം എന്നുമുതൽ പ്രാബല്യത്തിൽ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 14-6-2017-ലെ യോഗ തീരുമാനപ്രകാരം സ്വകാര്യ ബസ്സുകൾക്ക് 1-2-2018 മുതൽ ഏകീകൃത കളർ കോഡ് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ബസ്സുകൾക്ക് ഫിറ്റ്നസ് നൽകുമ്പോഴും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കി നൽകുമ്പോഴും 1-2-2018 മുതൽ ഏകീകൃത കളർ കോഡ് നിർബന്ധമാക്കിയിട്ടുണ്ട്. വിവിധ തരം ബസ്സുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിറം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സിറ്റി/ടൗൺ സർവ്വീസുകൾ | ലൈം ഗ്രീൻ നിറം (വാഹനത്തിന്റെ വീൽ ആർച്ചിന്റെ ഉയരത്തിന് താഴെയായി തുല്യ അകലത്തിലുള്ള മൂന്ന് വെളുത്ത വരകളും ഉണ്ടായിരിക്കണം) |
| 2 | മൊഫ്യൂസൽ/ ഓർഡിനറി സർവ്വീസുകൾ | കടുത്ത ആകാശ നീല നിറം (വാഹനത്തിന്റെ വീൽ ആർച്ചിന്റെ ഉയരത്തിന് താഴെയായി തുല്യ അകലത്തിലുള്ള മൂന്ന് വെളുത്ത വരകളും ഉണ്ടായിരിക്കണം) |
| 3 | ലിമിറ്റഡ് സ്റ്റോപ്പ്/ ഓർഡിനറി സർവ്വീസുകൾ | മെറൂൺ (വാഹനത്തിന്റെ വീൽ ആർച്ചിന്റെ ഉയരത്തിന് താഴെയായി തുല്യ അകലത്തിലുള്ള മൂന്ന് വെളുത്ത വരകളും ഉണ്ടായിരിക്കണം) |

## സ്വകാര്യ ബസ്സുകളിൽ നൽകിവരുന്ന യാത്രാ സൗജന്യങ്ങൾ

345(1933) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്ക് നിലവിൽ സ്വകാര്യ ബസുകളിൽ നൽകിവരുന്ന യാത്രാ സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് നൽകുന്ന യാത്രാ നിരക്കിൽ വർദ്ധനവ് വരുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചില സ്വകാര്യ ബസ് ഉടമ സംഘടനകളുടെ ആവശ്യപ്രകാരം നിലവിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന യാത്രാ കൺസഷൻ നിരക്കിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പേര് രജിസ്റ്റർ ചെയ്ത് പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും, 40 കി.മീ. ദൂരപരിധിയിൽ താമസിക്കുന്ന സ്ഥലം മുതൽ വിദ്യാഭ്യാസ സ്ഥാപനം വരെ എല്ലാ അവധി ദിവസങ്ങളും ഉൾപ്പടെ അദ്ധ്യയന വർഷം മുഴുവനും രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ സിറ്റി/ടൗൺ, ഓർഡിനറി മൗഫിസിൽ സർവ്വീസ്, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസ് ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളുടെ യാത്രാ നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഏതാനും അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും നിലവിൽ യാത്രാ നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

## പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

346(1934) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുച്ചേരിയിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകളെ ഇതുമായി ബന്ധപ്പെട്ട നിയമ നടപടികളിൽ നിന്നും വിമുക്തരാക്കാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രതീക്ഷിച്ച തുക ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രതീക്ഷിച്ച തുകയുടെ എത്ര ശതമാനമാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്കീം പ്രകാരം പ്രതികരിക്കാത്ത വാഹന ഉടമകളുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ&ബി) 2018-19-ലെ ബഡ്ജറ്റിൽ ഈ സ്കീം വഴി 100 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നത്. 1007 വാഹനങ്ങൾക്ക് നോട്ടീസ് നൽകി. പൊതുമാപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കീം പ്രഖ്യാപിച്ചതിനുശേഷം 17,56,28,230 രൂപ ശേഖരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇത് പ്രതീക്ഷിച്ച തുകയുടെ 17.56%ആണ്.

26-5-2018-ലെ കണക്കനുസരിച്ച് ആകെ 34,57,55,884 രൂപ നികുതിയിനത്തിൽ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

(സി) ഇനിയും നികുതിയടയ്ക്കാതെ വാഹനങ്ങൾ കേരളത്തിൽ ഉപയോഗിച്ച് വരുന്നതായി കാണുകയാണെങ്കിൽ വാഹനം പിടിച്ചെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**സേഫ് കേരള പ്രോജക്ട്**

347(1935) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പ്രോജക്ട് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രോജക്ടിന്റെ കീഴിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഇതിനുവേണ്ടി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രോജക്ടിന്റെ വിജയകരമായ നടത്തിപ്പിനു ഏർപ്പെടുത്തിയ മറ്റ് സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് പ്രോജക്ട് പ്രകാരം ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2020-ഓടുകൂടി സംസ്ഥാനത്തെ വാഹന അപകടമരണ നിരക്ക് പകുതിയായി കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് സേഫ് കേരള പ്രോജക്ട്. നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമേ 51 പുതിയ സ്ക്വാഡുകൾ കൂടി രൂപീകരിക്കുന്നതാണ്. പുതിയ സ്ക്വാഡുകൾ രൂപീകരിക്കുന്നത് 24X7 നിരീക്ഷണ-പരിശോധനകൾ നടത്തുന്നതിനായാണ്. ആയതുപ്രകാരം 2020-തോടെ സംസ്ഥാനത്തെ വാഹനാപകടങ്ങൾ 50 ശതമാനം കുറയ്ക്കാൻ കഴിയുമെന്ന് കരുതുന്നു.

(ഡി) പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ തീരുമാനമാകുന്ന മുറയ്ക്കേ ഇതുസംബന്ധിച്ച് വ്യക്തതയുണ്ടാവൂ.

**ഗതാഗത നിയമലംഘനങ്ങൾ**

348(1936) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഗതാഗത നിയമം ലംഘിച്ചവരിൽനിന്നും പിഴയിനത്തിൽ ലഭിച്ച തുകകളുടെയും ഇതിനായി പ്രവർത്തിച്ച സ്ക്വാഡുകളുടെ എണ്ണത്തിന്റെയും വിശദാംശങ്ങൾ നൽകാമോ;

(ബി) സ്ക്വാഡുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടും പിഴവരുമാനത്തിൽ കുറവുണ്ടായ സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്ക്വാഡുകളുടെ എണ്ണം വീണ്ടും കൂട്ടുന്നതിന് അനുമതി നൽകുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ക്വാഡുകളുടെ എണ്ണം വർദ്ധിച്ചിട്ടും പിഴവരുമാനം വർദ്ധിക്കാത്ത സാഹചര്യം നിലനിൽക്കെ വീണ്ടും പുതിയ സ്ക്വാഡുകൾക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് ലാഭകരമാകില്ലെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ ലഭിച്ച തുക 43,26,58,548 രൂപയും ഫീൽഡിൽനിന്നും ശേഖരിച്ച തുക 41,53,40,539 രൂപയുമാണ്.

2017-18 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ ലഭിച്ച തുക 55,40,16,314 രൂപയും ഫീൽഡിൽനിന്നും ശേഖരിച്ച തുക 39,85,88,814 രൂപയുമാണ്. ഇതിൽ വിവിധ ഗതാഗത നിയമ ലംഘനങ്ങൾക്ക് ഈടാക്കിയ തുകയും ഉൾപ്പെടുന്നു. നിലവിൽ 34 സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്ക്വാഡുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായപ്പോൾ കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞതിനാലും ചെക്ക് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന കുറ്റകൃത്യങ്ങൾക്ക് പിഴ അടയ്ക്കുവാൻ വാഹന ഉടമകൾ വിസമ്മതിക്കുന്നതുമാണ് പിഴ വരുമാനത്തിൽ കുറവുണ്ടാകാൻ കാരണം. മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ എല്ലാ സേവനങ്ങൾക്കും വാഹനത്തിന്റെ ചെക്ക് റിപ്പോർട്ട് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന നിബന്ധന ഏർപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയെത്തുടർന്ന് ഈ നിബന്ധന പിൻവലിക്കേണ്ടി വന്നതും പിഴ വരുമാനത്തിൽ കുറവ് വരുവാൻ കാരണമായിട്ടുണ്ട്.

(സി) പുതുതായി 51 സ്ക്വാഡുകൾ കൂടി രൂപീകരിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ഡി) ഭയാനകമാംവണ്ണം വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങളും നിയമലംഘനങ്ങളും പരമാവധി കുറച്ച് റോഡ് സുരക്ഷ ഉറപ്പുവരുത്തുക എന്നതാണ് സ്ക്വാഡുകളുടെ മുഖ്യ ലക്ഷ്യം. സർക്കാർ വരുമാന വർദ്ധനവിനേക്കാൾ ജീവൻ രക്ഷയാണ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രധാന കടമയായി നിർണ്ണയിച്ചിട്ടുള്ളത്.

**വാഹനങ്ങളുടെ മത്സരയോട്ടവും അപകടങ്ങളും**

349(1937) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളയമ്പലം-കവടിയാർ റോഡിൽ മത്സര ഓട്ടവും അപകടങ്ങളും കുറയ്ക്കുവാൻ മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ച ക്യാമറയുടെ പ്രവർത്തനം ആരംഭിച്ച ശേഷം പ്രസ്തുത ഭാഗത്ത് അപകടങ്ങൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്യാമറ പ്രവർത്തനക്ഷമമായശേഷം അമിത വേഗത്തിന് എത്ര വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എത്ര തുക ഈയിനത്തിൽ ലഭ്യമായിയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്യാമറ സ്ഥാപിക്കുന്നതിന് എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത ക്യാമറ പ്രവർത്തനമാരംഭിച്ചതിനുശേഷം 16,809 വാഹന ഉടമകൾക്കെതിരെ 67,23,600 (അറുപത്തിയേഴ ലക്ഷത്തി ഇരുപത്തിമൂവായിരത്തി അറുന്നൂറ്) രൂപ പിഴ ചുമത്തിയിട്ടുണ്ട്.

(സി) വാളയാർ - വടക്കാഞ്ചേരി റൂട്ടിൽ ക്യാമറകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ച പ്ലാൻ ഫണ്ടായ 7.14 കോടി രൂപയിൽ നിന്നുമാണ് അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് 2 ക്യാമറകൾ തിരുവനന്തപുരം ജില്ലയിലെ വെള്ളയമ്പലം-കവടിയാർ റോഡിൽ സ്ഥാപിച്ചത്. പദ്ധതി പൂർത്തീകരിച്ച ശേഷമേ ബില്ലുകൾ സമർപ്പിക്കുകയുള്ളൂ.

**സ്കൂൾ വാഹനങ്ങളുടെ കാലപ്പഴക്കവും മത്സരയോട്ടവും അശ്രദ്ധയുംമൂലം ഉണ്ടാകുന്ന അപകടങ്ങൾ**

350(1938) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങളുടെ കാലപ്പഴക്കവും മത്സരയോട്ടവും അശ്രദ്ധയുംമൂലം നിരവധി അപകടങ്ങൾ നിത്യേന നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ വാഹനങ്ങളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ വാഹനങ്ങളുടെ മത്സരയോട്ടം മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ നിരീക്ഷണവിധേയമാക്കി അപകടം വരുത്തുന്നവർക്കും കുറ്റക്കാർക്കുമെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന കൂടുതൽ കർശനമാക്കുമോ;

(ഇ) സ്കൂൾ വാഹനങ്ങളുടെ അപകടം കുറയ്ക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) സ്കൂൾ വാഹനങ്ങൾ, കുട്ടികളെ കയറ്റി വരുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ, ആട്ടോറിക്ഷകൾ എന്നിവ പരിശോധിക്കുന്നതിനും അമിതമായി

കുട്ടികളെ കയറ്റിവരുന്ന വാഹനങ്ങളുടെ പെർമിറ്റും ഡ്രൈവർമാരുടെ ലൈസൻസും റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുവാൻ സ്പീഡ് ലിമിറ്റിംഗ് ഉപകരണം ഘടിപ്പിച്ചിട്ടുണ്ടോയെന്നും പരിശോധിച്ചുവരുന്നുണ്ട്.

അദ്ധ്യയന വർഷാരംഭത്തിൽ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും അവരവരുടെ അധികാര പരിധിയിലുള്ള സ്കൂളുകളിലെ വാഹനങ്ങളുടെ ഫിറ്റ്നസ് കർശനമായും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

**ആഡംബര കാറുകൾക്ക് പുതുച്ചേരി രജിസ്ട്രേഷൻ**

351(1939) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള ആഡംബര കാറുകൾ പുതുച്ചേരിയിൽ വ്യാജ വിലാസത്തിൽ രജിസ്റ്റർ ചെയ്ത് നികുതി വെട്ടിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്ര തുക നികുതിയിനത്തിൽ അധികമായി ലഭിച്ചിട്ടുണ്ട്;

(സി) ഇത്തരത്തിലുള്ള നികുതിവെട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 285 കേസ്സുകൾ ക്രൈംബ്രാഞ്ചിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന നിയമ പ്രകാരം 1007 വാഹന ഉടമകൾക്ക് നോട്ടീസ് നൽകുകയുമുണ്ടായി.

(ബി) മോട്ടോർ വാഹന നിയമപ്രകാരം 1007 വാഹനങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിൽ 407 വാഹനങ്ങൾ നികുതി അടച്ചിട്ടുണ്ട്. ഈ ഇനത്തിൽ 34 കോടി 57 ലക്ഷം രൂപ ശേഖരിച്ചിട്ടുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിനും ആയവയിൽ നിന്നും കേരളത്തിലെ നികുതി ഈടാക്കുന്നതിനും റവന്യൂ റിക്കവറി നടപടികൾ, വാഹനം പിടിച്ചെടുക്കൽ എന്നിവ അടക്കമുള്ള സാദ്ധ്യമായ എല്ലാ നടപടികളും

സ്വീകരിക്കുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഫലമായി ഇത്തരത്തിലുള്ള രജിസ്ട്രേഷനുകൾ നടത്തി നികുതി വെട്ടിക്കുന്ന പ്രവണതകൾ കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**തേർഡ് പാർട്ടി ഇൻഷ്വറൻസ് നിർബന്ധമാക്കണമെന്ന നിർദ്ദേശം**

352(1940) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേർഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ പിടിച്ചെടുക്കണമെന്ന് റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീംകോടതി സമിതി 2017 ജനവരിയിൽ നിർദ്ദശിച്ചിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ എത്ര വാഹനങ്ങൾ പിടിച്ചെടുത്തു എന്നു അറിയിക്കാമോ ;

(ബി) രജിസ്ട്രേഷൻ നടത്തുമ്പോൾ തന്നെ ഇരുചക്രവാഹനങ്ങൾക്ക് അഞ്ച് വർഷത്തേയും കാറുകൾക്ക് മൂന്ന് വർഷത്തേയും തേർഡ് പാർട്ടി ഇൻഷ്വറൻസ് നിർബന്ധമാക്കണമെന്ന സമിതിയുടെ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് 2017 ജനവരി മുതൽ ഇതുവരെ മോട്ടോർ വാഹന വകുപ്പ് 12,186 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. 2017 ഏപ്രിൽ മുതൽ 2018 മാർച്ച് 31 വരെ പോലീസ് വകുപ്പ് 13,130 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) ഇല്ല.

**കോന്നി താലൂക്കിൽ ആർ.ടി.ഓഫീസ്**

353(1941) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പുതുതായി രൂപീകരിച്ച കോന്നി താലൂക്കിൽ ആർ.ടി.. ഓഫീസ് ആരംഭിക്കുന്നതിന് നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) കോന്നിയിൽ ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിലേയ്ക്കായി എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കോന്നിയിൽ എന്നത്തേയ്ക്ക് ആർ.ടി.ഓഫീസ് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പുതിയ താലൂക്കുകളിലും കോന്നി ഉൾപ്പെടെ 11 സ്ഥലങ്ങളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിന് ഗതാഗത കമ്മീഷണർ ശിപാർശ നൽകിയിരുന്നു.

(ബി) കോന്നി ഉൾപ്പെടെ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഇല്ലാത്ത ഏഴ് താലൂക്കുകളിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) അടുത്ത സാമ്പത്തിക വർഷത്തോടെ ഈ നടപടികൾ പൂർത്തിയാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

**സ്വകാര്യ സ്കൂൾ വാഹനങ്ങളുടെ പരിശോധന**

354 (1942) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയന വർഷം ആരംഭിക്കുന്നതിന്റെ മുന്നോടിയായി സ്കൂൾ വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തുന്നതിനും മറ്റുമായി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ എത്തിക്കുന്ന സ്വകാര്യ വാഹനങ്ങളുടെ വിശദാംശം ശേഖരിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗതാഗത വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്കൂൾ കുട്ടികളെ കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ പ്രത്യേക പരിശോധനകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച്, സ്കൂൾ വാഹനങ്ങൾ, കുട്ടികളെ കയറ്റിവരുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ, ആട്ടോറിക്ഷകൾ എന്നിവ പരിശോധിക്കുന്നതിനും അമിതമായി കുട്ടികളെ കയറ്റിവരുന്ന വാഹനങ്ങളുടെ പെർമിറ്റും ഡ്രൈവർമാരുടെ

ലൈസൻസും റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം സുരക്ഷാ പരിശോധന നടത്തിയ എല്ലാ സ്കൂൾ ബസ്സുകൾക്കും കുട്ടികളുടെ സുരക്ഷ എന്ന സേഫ്റ്റി സ്റ്റിക്കർ പതിക്കുന്നതിനും സ്റ്റിക്കർ പതിക്കാത്ത വാഹനങ്ങൾ ഒന്നും തന്നെ കുട്ടികളെ കയറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെ പരിശോധന പൂർത്തിയാക്കി സ്റ്റിക്കർ പതിച്ച വാഹനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒറ്റപ്പാലം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളെ എത്തിക്കുന്ന സ്വകാര്യ വാഹനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഒറ്റപ്പാലത്തിന് നൽകണമെന്നും ആയതിന് ഒരു അദ്ധ്യാപകനെ ചുമതലപ്പെടുത്തണമെന്നും പ്രധാന അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പട്ടികയിൽ ഉൾപ്പെട്ട വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ഒരു പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളെ കുത്തിനിറച്ച് പോകുന്ന വാഹനങ്ങൾ

355(1943) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങളിലും സ്വകാര്യ ടാക്സികളിലും അമിതമായി വിദ്യാർത്ഥികളെ കുത്തി നിറച്ച് പോകുന്നത് തടയിടാനുള്ള കർശന പരിശോധന ഗതാഗത വകുപ്പ് നടത്തുന്നുണ്ടോ;

(ബി) ഈ അദ്ധ്യയന വർഷാരംഭത്തിൽ അത്തരം പരിശോധനയ്ക്ക് വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ, ബോധവൽക്കരണം എന്നിവ വകുപ്പ് നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം പരിശോധനകൾക്കായി പ്രത്യേകം സ്ക്വാഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി, അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ പ്രത്യേക പരിശോധനകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രത്യേക ക്ഷമതാ പരിശോധന നടത്തുകയും, സ്റ്റിക്കർ പതിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ പരിശോധന പൂർത്തിയാക്കി സ്റ്റിക്കർ പതിച്ച വാഹനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* സ്റ്റിക്കർ പതിക്കാത്ത വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(സി) ഓരോ ആർ.ടി.ഒ./എസ്.ആർ.ടി.ഒ. തലത്തിലും പ്രത്യേക പരിശോധനകൾ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്.

**കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന**

356(1944) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുതാര്യവും ഏകീകൃതവുമായ വാഹന പരിശോധനയ്ക്കായി എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രവും ടെസ്റ്റിംഗ് ട്രാക്കും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വകുപ്പിന് സ്വന്തമായി സ്ഥലം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പ്രസ്തുത പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനും റോഡ് സുരക്ഷ ഉറപ്പാക്കാനും വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 62 ഓഫീസുകളിൽ പി.പി.പി. (പൊതു സ്വകാര്യ പങ്കാളിത്തം) മാതൃകയിൽ വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ കിറ്റ്കോയെ കൺസൾട്ടന്റായി നിയമിച്ചുകൊണ്ട് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ ഡോക്യുമെന്റ് പരിശോധിച്ചുവരുന്നു.

(സി) വരുമാനം വർദ്ധിപ്പിക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി ചെക്ക് പോസ്റ്റുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നികുതി സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും മോട്ടോർ വാഹന വകുപ്പിന്റെ സോഫ്റ്റ്‌വെയർ മുഖേനയായതിനാൽ ചെക്ക് പോസ്റ്റ് വഴി കടന്നുവരുന്ന എല്ലാ വാഹനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കേണ്ടുന്ന വാഹന നികുതി ഈടാക്കി വരുന്നുണ്ട്. ചെക്ക് പോസ്റ്റ് വെട്ടിച്ച് മറ്റ് വഴികളിലൂടെ നികുതിയടയ്ക്കാതെ കടന്നുപോകുന്ന വാഹനങ്ങൾ പിടികൂടുന്നതിനും റോഡ് സുരക്ഷയ്ക്കുമായി 24X7 മണിക്കൂറും പ്രവർത്തിക്കുന്ന കൂടുതൽ എൻഫോഴ്സ്‌മെന്റ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന സേഫ് കേരള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുവഴി നികുതി അടയ്ക്കാതെ കടന്നുവരുന്ന വാഹനങ്ങൾ പിന്നീട് പിടികൂടിയാൽ ഇരട്ട നികുതി അടയ്ക്കണമെന്ന നിബന്ധന ഉള്ളതിനാൽ ആ നിലയ്ക്കും സർക്കാരിന്റെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ ചെക്ക് പോസ്റ്റുകളിലും വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ബോട്ട് ലാസ്കർ തസ്തികയിലെ നിയമനം**

357(1945) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 22-2-2017-ൽ നിലവിൽ വന്ന കാറ്റഗറി നം.468/2012 ബോട്ട് ലാസ്കർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചുവെന്ന് ഓരോ വിഭാഗത്തിന്റെയും റാങ്ക് നമ്പർ അടക്കം വ്യക്തമാക്കാമോ;

(ബി) നിയമന ഉത്തരവ് അയച്ചതിൽ ജോലിയിൽ പ്രവേശിക്കാത്ത എത്ര പേരുണ്ട് ;

(സി) എൻ.ജെ.ഡി. അടക്കം ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണ് ;

(ഡി) ഒഴിവുകൾ നികത്തുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ബോട്ട് ലാസ്കർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും 100 പേരെ പി.എസ്.സി. അഡ്വൈസ് ചെയ്യുകയും 85 പേർ ജോലിയിൽ പ്രവേശിച്ചിട്ടുമുണ്ട്. ഓരോ വിഭാഗത്തിന്റെയും ഇപ്പോഴത്തെ നിയമനനില റാങ്ക് നമ്പർ അടക്കം ചുവടെ ചേർക്കുന്നു.

| വിഭാഗം | 2-5-2017-ലെ അഡ്വൈസ് വരെയുള്ള റാങ്ക് നില |
|---|---|
| OC | 70 |
| E | 74 |
| SC | 205 |
| ST | ALL |
| M | 262 |
| LC | 139 |
| OBC | 110 |
| V | 152 |
| SIUCN/AI | UPTO OC |
| HINDU N | ALL |
| OX | SL-1 |
| D | UPTO OC |
| LP/BT | NIL |

(ബി) നിയമന ഉത്തരവ് അയച്ചതിൽ 15 പേർ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

(സി) എൻ.ജെ.ഡി. അടക്കം ഈ തസ്തികയിൽ 1-6-2018 വരെ 53 ഒഴിവുകളുണ്ട്.

(ഡി) ലാസ്കർ തസ്തികയിലെ മുഴുവൻ ഒഴിവുകളും 2018 വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സൗരോർജ്ജ ബോട്ട് സർവ്വീസ്

358(1946) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ രാജ്യത്തെ ആദ്യ സൗരോർജ്ജ ബോട്ട് നിലവിൽ ഏത് റൂട്ടിലാണ് സർവ്വീസ് നടത്തുന്നതെന്ന് അറിയിക്കുമോ;

(ബി) പരിസ്ഥിതി മലിനീകരണം, യാത്രാ ചെലവ് എന്നിവ കുറവായ ഇത്തരം ബോട്ടുകൾ കൂടുതൽ മേഖലകളിൽ സർവ്വീസ് നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ജലഗതാഗത വകുപ്പ് പണി കഴിപ്പിച്ച് സർവ്വീസ് നടത്തുന്ന രാജ്യത്തെ ആദ്യ സൗരോർജ്ജ ബോട്ട് വൈക്കം - തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തുന്നു.

(ബി&സി) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് 100 പാക്സിന്റെ ഒരു സോളാർ ക്രൂയിസ് വെസ്സൽ പണികഴിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും ആയത് പണികഴിപ്പിക്കുന്നതിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു.

ഇതുകൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ പാണാവള്ളി - പെരുമ്പളം, വൈക്കം - തവണക്കടവ് എന്നീ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് ഒരു സോളാർ ബോട്ട് കൂടി വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

നക്ഷത്ര ചിഹ്നമിടാത്ത 1724-ാം ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 am]

## II അടിയന്തരപ്രമേയ നോട്ടീസ്

### അപകീർത്തികരമായ പ്രസ്താവന പിൻവലിക്കൽ

മി. സ്പീക്കർ: ഇന്നലെ സഭയിൽ അടിയന്തരപ്രമേയനോട്ടീസിന്റെ പരിഗണനാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങളിലെ ക്രമരാഹിത്യം ചൂണ്ടിക്കാണിച്ചുകൊണ്ട് അത് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടാണ് ചട്ടം 50 അനുസരിച്ച് ശ്രീ. പി. ടി. തോമസും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് നോട്ടീസ് നൽകിയിട്ടുള്ളത്. അതേസമയംതന്നെ ഇന്നലെ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ undignified-ഉം defamatory-യും ആകയാൽ ചട്ടം 307 പ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫും ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത കത്ത് ചെയറിന്റെ പരിഗണനയിലുമാണ്. സഭാനടപടികളുടെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും നടത്തുന്ന പരാമർശങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള ക്രമരാഹിത്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത് ആ സമയത്തുതന്നെ ശ്രദ്ധയിൽപ്പെടുത്തി ചെയറിന്റെ റൂളിംഗ് ആവശ്യപ്പെടുന്നതോ പിന്നീട് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി ആവശ്യപ്പെടുന്നതോ ആണ് സഭയുടെ നടപടിക്രമവും കീഴ്‌വഴക്കവുമെന്ന് നമുക്കെല്ലാവർക്കും അറിയാം. അക്കാര്യം വീണ്ടും ഒരു അടിയന്തരപ്രമേയത്തിനുള്ള വിഷയമായി നോട്ടീസ് നൽകുന്നതും അക്കാര്യം വീണ്ടും സഭയിൽ ചർച്ചചെയ്യുന്നതും ഉചിതമായ കാര്യമോ ക്രമപ്രകാരമായ നടപടിയോ അല്ലെന്ന് അറിയിക്കുകയാണ്. ഇപ്രകാരമുള്ള ഒരു കീഴ്‌വഴക്കവും നമ്മുടെ സഭയിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ചട്ടം 50 അനുസരിച്ചുള്ള ഇന്നത്തെ നോട്ടീസ് പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് സഭയെ അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത്തരമൊരു സംഭവം അസാധാരണമായ ഒന്നാണെന്നാണ് അങ്ങ് സൂചിപ്പിച്ചത്. അതുതന്നെയാണ് ഞങ്ങൾക്കും സൂചിപ്പിക്കാനുള്ളത്. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു മുഖ്യമന്ത്രി ഈ സഭയിലുള്ള എം.എൽ.എ.-മാരിൽ തീവ്രവാദ ബന്ധമുള്ളവരുണ്ടെന്ന് ആരോപിക്കുന്നത്. ഇത് അസാധാരണമായ ഒരു സംഭവമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് അവസരം തരാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, തീവ്രവാദികളെ സഹായിക്കുന്ന നിലപാടുകളാണ് സഭയിലെ ചില അംഗങ്ങൾ സ്വീകരിക്കുന്നതെന്ന് നിയമസഭയിൽ പറഞ്ഞ ബഹു. മുഖ്യമന്ത്രി പ്രതിപക്ഷത്തെ ഒന്നാകെ അടച്ചാക്ഷേപിക്കുകയാണ് ചെയ്തത്. എം.എൽ.എ.-മാർ തീവ്രവാദത്തെ പിന്തുണയ്ക്കുന്നവരാണെന്ന അതീവഗൗരവതരമായ ഒരു ആരോപണം ഉന്നയിച്ചിരിക്കുകയാണ്. ...(ബഹളം)... സർ, ഇത് എന്താണ്... അങ്ങ് നിയന്ത്രിക്കണം.

(ഭരണപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ എഴുന്നേറ്റ് നിന്ന് ബഹളം വച്ചു.)

മി. സ്പീക്കർ: നിങ്ങൾ ഇരിക്കൂ. ശ്രീ. എ. എൻ. ഷംസീർ ഇരിക്കൂ. ദയവായി ഇരിക്കൂ. പ്ലീസ്....

ശ്രീ. രമേശ് ചെന്നിത്തല: സർ, എം.എൽ.എ.-മാർ തീവ്രവാദികളെ പിന്തുണയ്ക്കുന്നവരാണെന്ന അതീവഗൗരവമുള്ള ആരോപണമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉന്നയിച്ചിട്ടുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ ചുമതലകൂടി വഹിക്കുന്ന വ്യക്തിയാണ്. അദ്ദേഹം ഇത്രയും ഗുരുതരമായ ആരോപണം സഭയിൽ ഉന്നയിക്കുന്നത് അടിയന്തര പ്രാധാന്യമുള്ള കാര്യമല്ലേ; ഇക്കാര്യം ചർച്ച ചെയ്യുക എന്നത് സാമാന്യ മര്യാദയല്ലേ? ആലുവ ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കാണോയെന്ന് മുഖ്യമന്ത്രി പറഞ്ഞതിനെ ഞാൻ ശക്തമായി അപലപിക്കുകയാണ്. ഇത് ആലുവാക്കാരോടുള്ള അവഹേളനം കൂടിയല്ലേ? ഇന്നലെ ബഹു. മുഖ്യമന്ത്രി നടത്തിയ പദപ്രയോഗങ്ങൾ സഭയ്ക്കും നമ്മുടെ സംസ്ഥാനത്തിനും അപമാനകരമായ നടപടിയാണ്, വളരെ തെറ്റായതാണ്. അതുകൊണ്ടുതന്നെ ഇത് ഇവിടെ ചർച്ച ചെയ്യേണ്ട ഏറ്റവും അടിയന്തരപ്രാധാന്യമുള്ള കാര്യമാണ്. ഒരു മുഖ്യമന്ത്രി ഇതുപോലെ പ്രതിപക്ഷത്തെ എം.എൽ.എ.-മാരെ നോക്കിക്കൊണ്ട് നിങ്ങൾ തീവ്രവാദികളെ പ്രോത്സാഹിപ്പിക്കുന്നവരാണെന്ന് പറയുന്നത് ഓർഡറിലുള്ള കാര്യമാണോ; ശരിയായ നടപടിയാണോ?

മി. സ്പീക്കർ: പ്ലീസ്.. അങ്ങ് ഇരിക്കൂ. ചെയർ പറയുന്നത് കേൾക്കൂ. ദയവായി ഇരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് സംസ്ഥാനത്തിന്റെ അന്തസ്സിനെ ചോദ്യം ചെയ്യുന്ന നടപടിയല്ലേ? ഇത് ഞങ്ങൾക്ക് റൂൾ 50 ആയി ഉന്നയിക്കാൻ (...മൈക്ക് ഓഫ്)...

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട സ്പീക്കറെ സഹായിക്കാൻ വേണ്ടിയാണ് പറഞ്ഞത്. I want to help you.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. അങ്ങ് ഇന്നലെ സഭയിൽ ഉണ്ടായിരുന്നില്ലല്ലോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, സഭയിൽ അടിയന്തരപ്രമേയം വരുമ്പോൾ അടിയന്തരപ്രമേയം അവതരിപ്പിക്കാനുള്ള ഞങ്ങളുടെ അവകാശത്തെ ന്യായീകരിച്ച് കൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. I want to help you. അതിന് സമയം തരണം. ബഹളമുണ്ടാക്കിയിട്ട് കാര്യമുണ്ടോ? ഇതിനെക്കാൾ വലിയ അടിയന്തര പ്രാധാന്യമുള്ള കാര്യമേതാണ്? കേരളത്തിന്റെ മുഖ്യമന്ത്രി പ്രതിപക്ഷത്തെ നോക്കിക്കൊണ്ട് നിങ്ങൾ തീവ്രവാദികളെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് പറയുന്ന നടപടി ഏറ്റവും ഗുരുതര സ്വഭാവമുള്ളതല്ലേ? അതുകൊണ്ടുതന്നെ ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള ശ്രീ. പി. ടി. തോമസിന്റെ പ്രമേയം അവതരിപ്പിക്കാൻ അനുമതി നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ചട്ടം 52 (4) (5) പ്രകാരം ഈ പ്രമേയത്തിന്മേൽ ചർച്ച അനുവദിക്കാൻ കഴിയില്ല. പ്രതിപക്ഷാംഗങ്ങളും ആലുവക്കാരും തീവ്രവാദ ബന്ധമുള്ളവരാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുവെന്നാണ് അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിശദീകരണക്കുറിപ്പിലുള്ളത്. ഇന്നലെ ബഹു. പ്രതിപക്ഷനേതാവ് സഭയിൽ ഇല്ലായിരുന്നു. പ്രതിപക്ഷ മെമ്പർമാരെ തീവ്രവാദ ബന്ധമുള്ളവരാണെന്ന് പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ ആലുവക്കാരെല്ലാം തീവ്രവാദികളാണെന്ന് പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എപ്പോഴും ഈ സഭയെ മിസ്‌ലീഡ് ചെയ്യുകയാണ്. ....(ബഹളം)... ഇതൊരു തെറ്റായ സമീപനമാണ്. ഇത് ഒരിക്കലും ആവർത്തിക്കാൻ പാടില്ലാത്തതാണ്. ഈ രൂപത്തിൽ സഭയെ മിസ്‌ലീഡ് ചെയ്യാൻ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയെ ദുരുപയോഗപ്പെടുത്തുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് ഒരു തരത്തിലും അടിയന്തരപ്രമേയാവതരണത്തിന് അനുമതി നൽകാൻ പാടില്ല.

മി. സ്പീക്കർ: നിങ്ങൾ രണ്ടുപേരും പറഞ്ഞുകഴിഞ്ഞല്ലോ, ഇനി ഞാൻ പറഞ്ഞോട്ടേ, അങ്ങ് പറഞ്ഞുകഴിഞ്ഞല്ലോ? ..........(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പാർലമെന്ററികാര്യ മന്ത്രി കൂടിയാണ്. സഭാനടപടികൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ അങ്ങയെ സഹായിക്കേണ്ട വ്യക്തിയാണ്. അദ്ദേഹം

ഇവിടെ പരാമർശിച്ചത് സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ഗൂഢമായ ഉദ്ദേശ്യത്തോടു കൂടി ഞാൻ പ്രവർത്തിക്കുന്നുവെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷ എം.എൽ.എ.-മാരെ ദുഃസൂചനയോടുകൂടി അതീവഗൗരവമുള്ള ഒരു പരാമർശം നടത്തിയാൽ അത് ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ ഞങ്ങൾക്ക് അവസരം നൽകണ്ടേ; റൂൾ 50 ഞങ്ങളുടെ അവകാശമല്ലേ? അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് പറയാനുള്ളത്, ഇത് ഏറ്റവും ഗൗരവതരമായ കാര്യമാണ്, പ്രതിപക്ഷത്തെ അടച്ചാക്ഷേപിക്കുന്നതിന് തുല്യമാണ്. ആലുവ ഒരു പരമാധികാര സ്വതന്ത്ര റിപ്പബ്ലിക്കാണെന്ന് പറയുന്നതുതന്നെ ആലുവക്കാരെ അപമാനിക്കാനല്ലേ? അതുകൊണ്ട് ശ്രീ. പി. ടി. തോമസിന് അടിയന്തരപ്രമേയം അവതരിപ്പിക്കാനുള്ള അനുമതി അങ്ങ് നൽകണം. അതായിരിക്കും സഭയ്ക്ക് ഉദാത്തമായ മാതൃക എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: സഭയിൽ ഉന്നയിക്കപ്പെട്ട വാക്കുകളുടെയോ പ്രയോഗങ്ങളുടെയോ മുകളിലുള്ള പരാതികളോ വ്യത്യസ്ത അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്താനും പിന്നീട് എഴുതി നൽകാനുമുള്ള അവകാശം വിനിയോഗിച്ചു കൊണ്ടാണ് അങ്ങയുടെ പാർട്ടിയിലെ പാർലമെന്ററി പാർട്ടി സെക്രട്ടറിയായ ശ്രീ. കെ. സി. ജോസഫ് ചട്ടം 307 പ്രകാരം രേഖാമൂലം എഴുതി നൽകിയിട്ടുള്ളത്. അത് ചെയറിന്റെ പരിഗണനയിലാണ്. അതിനപ്പുറം ഇത് അടിയന്തര പ്രമേയത്തിനുള്ള വിഷയമായി ചെയർ കാണുന്നില്ല. അങ്ങനെയൊരു കീഴ്‌വഴക്കമില്ല. സഭയുടെ ചരിത്രത്തിലില്ലാത്ത കീഴ്‌വഴക്കമാണ്. സഭയിൽ നടത്തിയ പ്രയോഗത്തെ സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ അത് പിന്നീട് ചർച്ചയ്ക്കെടുക്കുന്ന രീതി ഒരിക്കലും നമ്മൾ സ്വീകരിച്ചിട്ടില്ല. അത് സാധ്യമായ കാര്യമല്ല. അങ്ങനെയൊരു കീഴ്‌വഴക്കമില്ല. ശ്രീ. കെ. സി. ജോസഫിന്റെ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്. അത് പരിഗണിച്ച് ചെയർ ആവശ്യമായ നടപടികൾ സ്വീകരിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയം അല്ലെങ്കിലും ബഹു. പ്രതിപക്ഷ നേതാവ് ഒരു കാര്യം ഉന്നയിച്ച സാഹചര്യത്തിൽ, അവർ കേൾക്കാൻ തയ്യാറാണെങ്കിൽ ഇന്നലെ എന്താണ് പറഞ്ഞതെന്ന് പറയാൻ ഞാൻ സന്നദ്ധനാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് പറയാം. .....(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാം. പ്രതിപക്ഷത്തിന്റെ വിമർശനത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സംസാരിക്കാനുണ്ട്. നിങ്ങൾ കേൾക്കാൻ തയ്യാറുണ്ടെങ്കിൽ അദ്ദേഹം സംസാരിക്കും. ഇന്നലെ സഭയിലില്ലാത്ത ബഹു. പ്രതിപക്ഷനേതാവ് അതിനെക്കുറിച്ച് ഇവിടെ അഭിപ്രായം പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാനുള്ളതുകൂടി നിങ്ങൾ കേൾക്കൂ. .....(ബഹളം)..... പ്ലീസ്...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാനുള്ള ഏറ്റവും പ്രധാനപ്പെട്ട അവസരം ഈ അടിയന്തരപ്രമേയം അവതരിപ്പിച്ച് അതിന് മറുപടി പറയുമ്പോഴാണ്. അങ്ങ് അടിയന്തരപ്രമേയം അനുവദിച്ചാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാമല്ലോ.

<u>മി. സ്പീക്കർ</u>: നമുക്കെല്ലാവർക്കും കീഴ്വഴക്കമുണ്ടല്ലോ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാനുള്ള ഏറ്റവും എഫക്ടീവായ അവസരം ഇത് ശ്രീ. പി. ടി. തോമസ് അവതരിപ്പിക്കുമ്പോൾ അതിനുള്ള മറുപടിയാണ്. അതിന് അദ്ദേഹം തയ്യാറാണ്. അതിന് അങ്ങ് എന്തിനാണ് പ്രശ്നമുണ്ടാക്കുന്നത്. .....(ബഹളം)...

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ബഹു. പ്രതിപക്ഷനേതാവോ ആവശ്യപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം സഭയിൽ സംസാരിക്കാൻ അവസരം കൊടുക്കാറുണ്ട്. അങ്ങേയ്ക്കും നൽകാറുണ്ട്. അങ്ങും ഇവിടെ സംസാരിച്ചു. ഇനി മുഖ്യമന്ത്രി പറയട്ടെ. ദയവായി അദ്ദേഹം പറയുന്നത് നിങ്ങൾ കേൾക്കൂ. .....(ബഹളം)... കേൾക്കാൻ തയ്യാറുണ്ടോ. പ്ലീസ്, പ്ലീസ്...., ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കൂ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇന്നലെ ........(ബഹളം)...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആദ്യം ഞങ്ങൾ പ്രമേയം അവതരിപ്പിക്കട്ടെ..... (ബഹളം)...

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളംവച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ഇത് ഒട്ടും മര്യാദയല്ല .....(ബഹളം)... ഇതൊന്നും ശരിയല്ല. അദ്ദേഹത്തിന് പറയാനുള്ളത് കേൾക്കാൻപോലും തയ്യാറല്ലെങ്കിൽ എന്ത് ജനാധിപത്യമാണ് നിങ്ങൾ പറയുന്നത്. പ്രതിപക്ഷ നേതാവിന് മൂന്നുതവണ സംസാരിക്കാൻ അവസരം കൊടുത്തില്ലേ. ബഹു. മുഖ്യമന്ത്രിക്ക് സഭയിൽ സംസാരിക്കാൻ പാടില്ലേ. .....(ബഹളം)...... പ്ലീസ്, പ്ലീസ്..... നിങ്ങൾ സീറ്റിലേയ്ക്ക് പോകൂ. അങ്ങ് മൂന്നുതവണ എഴുന്നേറ്റുനിന്നപ്പോൾ അങ്ങേയ്ക്ക് മൈക്ക് തന്നു. അങ്ങ് പറയാനുള്ളതെല്ലാം ഈ സഭയിൽ പറഞ്ഞു. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കാൻ പാടില്ലെന്നുപറയുന്നത് എന്ത് മര്യാദയാണ്? ... പ്ലീസ്, പ്ലീസ്...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അടിയന്തരപ്രമേയം അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.) .....(ബഹളം)......

മി. സ്പീക്കർ: ...ബഹളം.... പ്ലീസ്...... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കാൻ പോകുകയാണ്. നിങ്ങൾ പ്രതിപക്ഷത്തോട് മത്സരിക്കുകയല്ല വേണ്ടത്, സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കുകയാണ് ചെയ്യേണ്ടത്. പ്രതിപക്ഷത്തോട് മത്സരിക്കലല്ല നിങ്ങളുടെ ജോലി.

## മുഖ്യമന്ത്രിയുടെ വിശദീകരണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഏതായാലും പറയാൻ ഉദ്ദേശിച്ചത് പറയാം. ഇന്നലെ നിയമസഭയിൽ അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറയുന്ന വേളയിൽ പ്രതിപക്ഷാംഗങ്ങളെ പ്രകോപനപ്പെടുത്തും വിധമുള്ള പരാമർശമുണ്ടായെന്നാണ് ആരോപിക്കുന്നത്. പ്രതിപക്ഷാംഗങ്ങൾ തീവ്രവാദബന്ധമുള്ളവരാണെന്നും തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നവരാണെന്നും ഞാൻ പറഞ്ഞതായാണ് ഇവിടെ തെറ്റിദ്ധാരണാജനകമായ ആരോപണം ഉന്നയിച്ചിരിക്കുന്നത്. അതോടൊപ്പം ആലുവക്കാർ തീവ്രവാദ ബന്ധമുള്ളവരാണെന്ന് പ്രസ്താവന നടത്തിയെന്നുമാണ് പറയുന്നത്. ഞാൻ ഇന്നലെ തന്നെ സഭയിൽ ഇത് വ്യക്തമാക്കിയതാണ്. നിയമസഭാ രേഖകൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും. യഥാർത്ഥത്തിൽ ഞാൻ എന്താണ് പറഞ്ഞത്? നിയമസഭാ രേഖകൾ ഏതൊരാൾക്കും പരിശോധിക്കാവുന്ന ഒന്നാണല്ലോ. ഞാൻ പറഞ്ഞത് ഇപ്രകാരമാണ്:- "ആരാണ് ഈ ഏറ്റുമുട്ടലിനൊക്കെ പോയവർ? ആലുവ എന്നുപറയുന്ന ആ പ്രദേശം ഒരു സ്വതന്ത്ര റിപ്പബ്ലിക് ഒന്നുമല്ല. കേരളത്തിന്റെ ക്രമസമാധാനപാലനം അതേ രീതിയിൽ നടക്കേണ്ട സ്ഥലമാണ്. അവിടെ ഏതാനും ആളുകൾക്ക് പോലീസിനെ കൈകാര്യം ചെയ്യാൻ അധികാരമുണ്ട് എന്നാണ് ധരിക്കുന്നത്. അങ്ങനെ കയ്യേറ്റം ചെയ്യപ്പെടേണ്ട ഒരു വിഭാഗമാണോ പോലീസ്?". പോലീസിനെ ആലുവയിൽ ആക്രമിച്ചവർക്ക് തീവ്രവാദബന്ധമുണ്ട് എന്ന പ്രശ്നമാണ് ഉന്നയിച്ചിട്ടുള്ളത്. ഇത് വസ്തുതാപരമായ കാര്യമാണ്. അല്ലെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുന്നതാണോ? അതിൽ എന്താണ് തെറ്റുള്ളത്. ഇതുസംബന്ധിച്ച രേഖകളും നിലവിലുണ്ടെന്നത് ആരും വിസ്മരിക്കരുത്. ഈ വസ്തുത സഭയെ അറിയിക്കേണ്ടത് എന്റെ ഉത്തരവാദിത്വം കൂടിയാണ്. അത് സഭയുടെ മുമ്പാകെ അവതരിപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത് കേട്ടയുടനെയാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ബഹളമുണ്ടാകുന്നത്. ആ ഘട്ടത്തിൽ ഞാൻ പറഞ്ഞ കാര്യവും ഇവിടെ ഉദ്ധരിക്കട്ടെ:- "ഇതാണ് ശരിയല്ലാത്ത നില, തീവ്രവാദികളെ തീവ്രവാദികളായി തിരിച്ചറിയാൻ പറ്റാത്ത ഒരു കൂട്ടം

ആൾക്കാരാണ് ഇവർ. തീവ്രവാദികളെ മനസ്സിലാക്കാൻ കഴിയണം". ഈ യാഥാർത്ഥ്യത്തെ മനസ്സിലാക്കിക്കൊണ്ട് സഭാംഗങ്ങൾ ഇടപെടണമെന്ന വസ്തുതയാണ് ഞാൻ സഭമുമ്പാകെ അവതരിപ്പിച്ചത്. ഇതുകേട്ടപ്പോഴാണ് സഭയിൽ വീണ്ടും ബഹളവും പ്രസംഗം തടസ്സപ്പെടുത്തലുമുണ്ടായത്. ബഹു. സ്പീക്കറുടെ ഡയസിനു മുന്നിലേയ്ക്ക് വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്ന നടപടിയാണുണ്ടായത്. ആലുവക്കാരെല്ലാം തീവ്രവാദികളാണെന്നും ആലുവ ഒരു സ്വതന്ത്ര റിപ്പബ്ലിക്കല്ലെന്നും പ്രതിപക്ഷം അതിനെ സഹായിക്കുന്നുവെന്നും പറഞ്ഞത് ശരിയല്ലെന്ന് ശ്രീ. കെ. സി. ജോസഫ് ഇവിടെ ഉന്നയിക്കുന്നുണ്ട്. അങ്ങയുടെ ഇടപെടലിനുശേഷം ഞാൻ ആവർത്തിച്ച കാര്യം എന്റെ ഇക്കാര്യത്തിലുള്ള നിലപാട് ഒന്നുകൂടി സ്പഷ്ടമാക്കുന്നതാണ്. ഈ ബഹളത്തിന് പിന്നിലുള്ള ചേതോവികാരത്തെ ഓർമ്മിപ്പിക്കുകയാണ് ആ ഘട്ടത്തിൽ ചെയ്തിട്ടുള്ളത്:- "ഈ സംഭവത്തിൽ ഉൾപ്പെട്ട തീവ്രവാദികളായിട്ടുള്ളവരെ സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ഞാൻ ആലുവക്കാരെ മുഴുവൻ തീവ്രവാദികൾ എന്നു വിളിച്ചുവെന്ന പരാതിയുമായി ചിലർ വെല്ലിലേയ്ക്ക് വന്നത്. എനിക്ക് ആലുവക്കാരെ നല്ലതുപോലെ അറിയാം. എനിക്ക് അപരിചിതമായ സ്ഥലമല്ല ആലുവ. ആലുവയിൽ തീവ്രവാദത്തെ നല്ലതുപോലെ എതിർക്കുന്ന ഉശിരന്മാരായ ആളുകളുണ്ട്". ഇന്നലെ പറഞ്ഞതിനെ സാധൂകരിക്കുന്നതാണ് ആലുവയിൽ സംഘർഷത്തിന് നേതൃത്വം കൊടുക്കുകയും വനിതാ പോലീസ് ഉദ്യോഗസ്ഥയെ അടക്കം ആക്രമിക്കുകയും ചെയ്തവരിൽ ചിലരുടെ തീവ്രവാദ-ഭീകരവാദബന്ധം. പോലീസുകാരെ ആക്രമിച്ച കേസിലെ പ്രതികളിലൊരാൾ കാശ്മീരിൽ വച്ച് ഭീകരവാദ പ്രവർത്തനത്തിനിടയിൽ സൈന്യവുമായി ഏറ്റുമുട്ടി കൊല്ലപ്പെട്ട മുഹമ്മദ് റഹീമിനൊപ്പം വിവിധ കേസ്സുകളിൽ കൂട്ടുപ്രതിയായിരുന്നു. പ്രതിപക്ഷം ഇത് കേൾക്കേണ്ടതായിരുന്നു, അവർ ഇല്ലാത്തത് വിഷമമായിപ്പോയി. രണ്ട് യു.എ.പി.എ. കേസ്സുകളിൽ പ്രതിയാണ് ആലുവയിൽ സംഘർഷമുണ്ടാക്കിയ ആൾ. ദേശവിരുദ്ധ-തീവ്രവാദ പ്രവർത്തനങ്ങൾക്കുള്ള കുറ്റകൃത്യങ്ങളിൽപ്പെട്ടയാളുമാണ്. നമുക്കെല്ലാം അറിയാവുന്ന പ്രധാന ഭീകരവാദ കേസ്സുകളിൽ പ്രതിയായ ഒരാളെ സംരക്ഷിക്കാൻ എന്തിനാണ് പ്രതിപക്ഷം ഇത്രയും സാഹസം കാട്ടുന്നത്? തീവ്രവാദി മാത്രമല്ല ഭീകരവാദബന്ധമുള്ളയാളാണ് ആലുവയിൽ സംഘർഷമുണ്ടാക്കിയ ആൾ. ഇന്നലെ പറഞ്ഞതിനുശേഷമുള്ള ഒരു കാര്യം കൂടി ഞാൻ കൂട്ടിച്ചേർക്കുകയാണ്. ഇന്നലെ തീവ്രവാദബന്ധം മാത്രമേ പറഞ്ഞിരുന്നുള്ളൂ. അദ്ദേഹത്തിന് ഭീകരവാദബന്ധവും കൂടിയുണ്ട് എന്നാണ് പിന്നീട് പുറത്തു വന്നിട്ടുള്ളത്. ഭീകരവാദികളെയെല്ലാം അറസ്റ്റ് ചെയ്യുകയും തുടർനടപടിയെടുക്കുകയും ചെയ്തത് മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. പ്രതിപക്ഷത്തിന്റെ തെറ്റിദ്ധാരണയുണ്ടാക്കുന്ന ഇക്കാര്യത്തെ സംബന്ധിച്ച് ആ ഘട്ടത്തിൽതന്നെ ഞാൻ

വ്യക്തതവരുത്തിയിട്ടുള്ളതാണ്. ഇങ്ങനെ വ്യക്തത വരുത്തിയ കാര്യത്തിനുമുകളിൽ വീണ്ടും പ്രശ്നങ്ങൾ കുത്തിപ്പൊക്കാൻ ശ്രമിക്കുന്നത് വർത്തമാനകാല രാഷ്ട്രീയത്തിലെ ചില സംഭവങ്ങൾ യു.ഡി.എഫ്.-നും കോൺഗ്രസിനകത്തുമുണ്ടായ പ്രശ്നങ്ങൾ മറച്ചുവച്ചുകൊണ്ട് തെറ്റായ വികാരങ്ങൾ കുത്തിപ്പൊക്കാനുള്ള ഇടപെടലായി മാത്രമേ കാണാൻ കഴിയൂ. തീവ്രവാദത്തിന്റെ അപകടത്തെ സംബന്ധിച്ച് ഓർമ്മപ്പെടുത്തുകയാണ് തുടർന്ന് ഞാൻ പ്രസംഗത്തിൽ ചെയ്തിട്ടുള്ളത്. തീവ്രവാദത്തിനെതിരെ ജാഗ്രത പുലർത്തണമെന്ന നിലപാടെടുക്കാൻ പാടില്ലെന്നാണോ ഇവർ ഉദ്ദേശിക്കുന്നത്. എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞ കാര്യം, ഇതുസംബന്ധിച്ച എന്റെ നിലപാട് അടിവരയിടുന്നതാണ്:- "കേരളീയ സമൂഹത്തിനകത്ത് തീവ്രവാദികളുണ്ട്. ആ തീവ്രവാദികൾ ഈ നാടിന് ആപത്തായി വന്നുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ ഇവിടെ ഒച്ചപ്പാടുണ്ടാക്കാൻ ശ്രമിക്കുന്ന ചിലയാളുകൾ അത്തരം ആളുകളെ പ്രോത്സാഹിപ്പിക്കുന്നവരാണ്. ഒച്ച ഉയർത്തുന്നവരെയാകെ ഞാൻ പറയുന്നില്ല. അത്തരം ഒരു പ്രോത്സാഹനമാണ് നടക്കുന്നത്. തീവ്രവാദികളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടല്ല സ്വീകരിക്കേണ്ടത്." ആലുവയിൽ സംഘർഷം സൃഷ്ടിച്ചതിനുപിന്നിൽ തീവ്രവാദികളുടെ ഇടപെടലുണ്ടെന്നത് വസ്തുതയാണ്. ഇത് മറച്ചുവച്ചുകൊണ്ട് പ്രതിപക്ഷമെടുത്ത നിലപാട് ഇത്തരം പ്രവർത്തനങ്ങളെ പൊതുജനമദ്ധ്യത്തിൽ കൊണ്ടുവരുന്നതിന് വിഘാതം സൃഷ്ടിക്കുന്നതാണ്. അത് ഇത്തരക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് സമാനമാണെന്ന വസ്തുതയാണ് ചൂണ്ടിക്കാണിച്ചത്. ഇത്തരക്കാരെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് നാടിന് ദോഷം ചെയ്യുമെന്ന കാര്യമാണ് ഞാൻ ഓർമ്മിപ്പിച്ചത്. ഞാൻ പറഞ്ഞ കാര്യം ഒന്നുകൂടി ആവർത്തിക്കാം. "തീവ്രവാദികളെ സഹായിക്കുന്ന ചിലരുടെ നിലപാട് നമ്മുടെ നാടിന്റെ സുഗമമായ പോക്കിനെ തടസ്സപ്പെടുത്തുന്നത് തന്നെയാണ്. ഇവിടെ ശരിയായ നിലപാട് സ്വീകരിച്ചുപോകാൻ നമ്മുടെ മുഖ്യധാര രാഷ്ട്രീയപാർട്ടികൾ തയ്യാറാകണം. ഇവരുടെ രാഷ്ട്രീയ പാർട്ടികൾക്കുതന്നെ നിലപാടുകളുണ്ട്. അവരെല്ലാം സാധാരണ നിലയ്ക്ക് ഏതെങ്കിലും തരത്തിൽ ഈ പറയുന്ന തീവ്രവാദ വിഭാഗത്തെ പ്രോത്സാഹിപ്പിക്കുന്നവരല്ല. എന്നാൽ ആ രാഷ്ട്രീയ പാർട്ടികൾക്കകത്തുതന്നെ തീവ്രവാദ നിലയെ പലപ്പോഴും പ്രോത്സാഹിപ്പിക്കുന്ന ഒറ്റപ്പെട്ട വ്യക്തികളുണ്ട്. അവരുടെ നിലപാടല്ല ഇവിടെ പ്രതിഫലിപ്പിക്കേണ്ടത്. ഇവിടെ പൊതുവായ നിലപാട് പ്രതിഫലിപ്പിക്കാൻ തയ്യാറാകണം." അതാണ് ഞാൻ പറഞ്ഞത്. അത് ഞാൻ ഈ ഘട്ടത്തിലും ആവർത്തിക്കുന്നു. അതാണ് നമ്മുടെ നാടിനാവശ്യം. ആലുവക്കാർ എല്ലാവരും തീവ്രവാദികളാണെന്ന പ്രയോഗം ഞാൻ നടത്തിയിട്ടില്ല. അക്കാര്യത്തിൽ പ്രതിപക്ഷം തെറ്റായ നിലയിൽ ഇടപെട്ടപ്പോൾ അതിൽ വ്യക്തത വരുത്തുകയും ചെയ്തതാണ്. ഇന്ത്യ മതേതര ജനാധിപത്യ റിപ്പബ്ലിക്കാണ്. അത്തരമൊരു അവസ്ഥ സംരക്ഷിക്കാനുതകുന്ന

നിലപാട് സ്വീകരിക്കേണ്ടത് സർക്കാരിന്റെയും പോലീസിന്റെയും ഉത്തരവാദിത്വമാണ്. നാടിന്റെ ഈ സംസ്കാരത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെ തുറന്നുകാട്ടുമ്പോൾ തെറ്റായ പ്രചരണം നടത്തി മുന്നോട്ടുപോകുന്നത് ശരിയായ സമീപനമല്ല. ഏതെങ്കിലും തീവ്രവാദത്തെ പ്രോത്സാഹിപ്പിച്ച ചരിത്രം ഞങ്ങൾക്കില്ല.

പഞ്ചാബിലെ ഒരു പ്രാദേശിക കക്ഷിയായിരുന്നു അകാലിദൾ. അവിടത്തെ അധികാരം പിടിക്കാനായി അകാലിദളിലെ തീവ്രവാദികളെ പ്രോത്സാഹിപ്പിച്ച് അതിനെ പിളർത്തിയത് ആരാണെന്ന് നമുക്കെല്ലാം ഓർമ്മയുള്ള കാര്യമാണ്. കോൺഗ്രസ്സിന്റെ ചിഹ്നമായ കൈപ്പത്തിയിലെ അഞ്ച് വിരലുകൾ പഞ്ചാബിലെ അഞ്ച് നദികളാണെന്ന് പറഞ്ഞ് കോൺഗ്രസ്സിനുവേണ്ടി വോട്ട് പിടിച്ച് നടന്ന ആളാണ് ഭിന്ദ്രൻവാല. ആ ഭീകരസംഘത്തെ പിന്തുണച്ചതും ഉപയോഗിച്ചതും ആരാണ്? അതിന്റെ ദുരന്തം പിന്നീട് അനുഭവിച്ചുവെന്നത് മറ്റൊരു കാര്യം. എങ്കിലും അവിടെ തീവ്രവാദം പ്രോത്സാഹിപ്പിച്ചതിന് അതുകൊണ്ട് മറക്കാനായില്ല. ഇവിടെ തെറ്റിദ്ധാരണ പരത്താനാണ് പ്രതിപക്ഷം ശ്രമിച്ചിട്ടുള്ളത്. ഞാൻ പറഞ്ഞ കാര്യങ്ങൾ വ്യക്തതയോടെ ഒന്നുകൂടി പറഞ്ഞു എന്നാണ് തോന്നുന്നത്. അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III ശ്രദ്ധ ക്ഷണിക്കൽ

### കനോലി കനാൽ ശുദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മാലിന്യം നിറഞ്ഞ കനോലി കനാലിന്റെ ശുദ്ധീകരണത്തിന്റെ ആവശ്യകതയിലേയ്ക്ക് വിരൽചൂണ്ടിക്കൊണ്ടാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. മലബാർ ജില്ലാ കളക്ടർ ആയിരുന്ന എച്ച്. വി. കനോലി 1845-ൽ കോഴിക്കോട് മുതൽ കൊടുങ്ങല്ലൂർ വരെ വിശാല ജലഗതാഗതപാത എന്ന ഉദ്ദേശ്യത്തോടുകൂടി പുഴകളെയും ജലാശയങ്ങളെയും കൂട്ടിയിണക്കി തീരദേശ ജലഗതാഗത മാർഗ്ഗത്തിന്റെ രൂപരേഖ മദ്രാസ് ഗവൺമെന്റിന് സമർപ്പിക്കുകയും 1846-ൽ ഇത് അനുവദിച്ച് മദ്രാസ് ഗവൺമെന്റ് ഉത്തരവിറക്കുകയും ചെയ്തു. 1850-ൽ അതിന്റെ പണി പൂർത്തിയായി. വെസ്റ്റ് കോസ്റ്റ് കനാൽ എന്ന ഈ പാത ജില്ലാ കളക്ടറായിരുന്ന കനോലിയുടെ നിര്യാണത്തിനുശേഷം കനോലി കനാലായി അറിയപ്പെട്ടു. ഏലത്തൂർ, ബേപ്പൂർ, കല്ലായി പുഴകളെ ബന്ധിപ്പിച്ച് ഒന്നാംഘട്ടവും തുടർന്ന് കടലുണ്ടി, പൂരപ്പുഴ, തിരൂർ, പൊന്നാനി, ചാവക്കാട്, കൊടുങ്ങല്ലൂർ വരെയുള്ള എല്ലാ പുഴകളെയും ബന്ധിപ്പിച്ച് കനോലി കനാൽ യഥാർത്ഥ്യമാക്കി. മലബാറിന്റെ തീരദേശത്തെ ജലസ്രോതസ്സും വാണിജ്യ പ്രാധാന്യമുള്ള ജലഗതാഗത മാർഗ്ഗവുമായി അത് മാറി. ഭാരതപ്പുഴയ്ക്ക്

കുറുകെ കുറ്റിപ്പുറം പാലം വന്നതിനുശേഷം കോഴിക്കോട് മുതൽ കൊച്ചി വരെ പുതിയ റോഡ് വരികയും കരമാർഗ്ഗം വികസിക്കുകയും ചെയ്തതോടുകൂടി നദിയുടെ നീളം കുറഞ്ഞു. 111 കി.മീ. നീളമുള്ള കേരളത്തിലെ ഏറ്റവും വലിയ മനുഷ്യനിർമ്മിതമായ ജലപാത, ഗതാഗതവും നീരൊഴുക്കും നിലച്ച് ഇപ്പോൾ നിശ്ചലാവസ്ഥയിൽ എത്തിയിരിക്കുകയാണ്. കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം ജില്ലകളെ ബന്ധിപ്പിച്ചിരുന്നതും നിരവധി പായ്‌വഞ്ചികൾ ഒരേ സമയം കടന്നുപൊയ്ക്കൊണ്ടിരുന്നതുമായ കനോലി കനാൽ കയ്യേറ്റങ്ങളെത്തുടർന്ന് ഇന്ന് നാശമായിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ 60 മീറ്റർ വരെ വീതിയുണ്ടായിരുന്ന ഈ കനാലിന്റെ വീതി കുറഞ്ഞിരിക്കുകയാണ്. കനോലി കനാലിന്റെ തീരങ്ങളിലുള്ള വീടുകളിൽനിന്നും വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽനിന്നും നേരിട്ട് മാലിന്യം ഈ കനാലിലേക്ക് ഒഴുക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഈ പ്രദേശത്തെ ഏറ്റവും വലിയ മാലിന്യ നിർമ്മാർജ്ജന കേന്ദ്രമായി മാറിയ കനോലി കനാലിലെ മാരക വിഷാംശമുള്ള മാലിന്യങ്ങൾ സമീപത്തുള്ള മുഴുവൻ ജലസ്രോതസ്സുകളിലേയ്ക്കും പടർന്നിരിക്കുകയാണ്. കഴിഞ്ഞ തുലാവർഷത്തിനുശേഷം ആ ഭാഗങ്ങളിൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പഠനം നടത്തുകയുണ്ടായി. വാട്ടർ ക്വാളിറ്റി സർവ്വേയും വയർലെസ് സെൻസർ ടെക്നോളജി ഉപയോഗിച്ച് അടിസ്ഥാന റോബോട്ടിക് സർവ്വേയും നടത്തി ആറായിരം സാമ്പിളുകൾ ശേഖരിക്കുകയും ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് ഒരു മാപ്പ് തയ്യാറാക്കുകയും ചെയ്തു. ഡബ്ല്യു.എച്ച്.ഒ. സ്റ്റാന്റേർഡ് പ്രകാരം അനുവദനീയമായതിൽ എത്രയോ ഇരട്ടി മാലിന്യമാണ് ഇന്ന് കനോലി കനാലിൽ അടിഞ്ഞുകൂടിയിരിക്കുന്നത്. ചാവക്കാട്, പൊന്നാനി, താനൂർ നഗരസഭകളിൽ നിന്നാണ് സാമ്പിളുകൾ എടുത്തിട്ടുള്ളത്. അവിടെ Total Dissolving Solid (TDS)-ന്റെ അളവ് 2000 mg, TSS-ന്റെ അളവ് 500 mg, Biological Oxygen Demand (BOD) 745 per gram, Chemical Oxygen Demand (COD) 140 mg, Dissolved Oxygen 4 mg തുടങ്ങി ജലത്തിൽ എത്രകണ്ട് മാലിന്യം ഉണ്ടാകാമോ അതിന്റെ എത്രയോ ഇരട്ടിയായി മാറിയിരിക്കുകയാണ്. ഇപ്രകാരം കനോലി കനാലിന്റെ ഉപരിതലത്തിൽ അടിഞ്ഞുകിടക്കുന്ന മാലിന്യം നീക്കം ചെയ്ത് ജനങ്ങൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ മാലിന്യപ്രശ്നം പരിഹരിക്കണം. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ മാരകമായ പകർച്ചവ്യാധികൾ ഇപ്പോൾ ഇതിന്റെ തീരത്ത് സാധാരണമാണ്. അതോടൊപ്പംതന്നെ കനോലി കനാലിന്റെ കയ്യേറ്റം ഒഴിപ്പിച്ച് വീതികൂട്ടി മാലിന്യമുക്തമാക്കി 1993-ൽ കേന്ദ്ര സർക്കാർ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള ഈ പാതയെ യാഥാർത്ഥ്യമാക്കി ശുദ്ധജല ലഭ്യതയും കാർഷിക അഭിവൃദ്ധിയും ടൂറിസവും വികസിപ്പിക്കുന്ന രീതിയിൽ മാറ്റാനുള്ള നടപടികൾ ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തൃശ്ശൂർ ജില്ലയിലെ കാക്കത്തുരുത്തി മുതൽ കോഴിക്കോട് ജില്ലയിലെ പയ്യോളി വരെ നീണ്ടുകിടക്കുന്ന കനോലി കനാലിന്റെ അധികഭാഗവും ദേശീയ ജലപാത 3-ന്റെ ഭാഗമാണ്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനം ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലാണ് നിർവ്വഹിക്കുന്നത്. വിശദമായ പഠനവും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിവരുന്നു. കനോലി കനാൽ മലിനമാകുന്നതിന്റെ പ്രധാന കാരണം നഗരമാലിന്യങ്ങൾ ഓടകൾവഴി കനാലിൽ എത്തിച്ചേരുന്നതാണ്. വാണിജ്യസ്ഥാപനങ്ങൾ, വീടുകൾ, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഖര, ദ്രവ, മാലിന്യങ്ങൾ ശുദ്ധീകരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക, ചാലുകൾ കനാലിലേയ്ക്ക് ചേരുന്ന ഭാഗങ്ങളിൽ ബാർ സ്ക്രീൻ, ഇന്റർസെപ്റ്ററുകൾ എന്നിവ ഏർപ്പെടുത്തുക, കനാൽ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുക, കനാലിന് ഇരുവശവും വെർട്ടിക്കൽ സ്ക്രീൻ ഏർപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാന മലിനീകരണ നിയന്ത്രണ നിർദ്ദേശങ്ങൾ. ഇവ ഉൾപ്പെടുത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. വാണിജ്യസമുച്ചയങ്ങൾ, റസ്റ്റോറന്റുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മലിനജലം പബ്ലിക് ഡ്രെയിനേജുകളിലൂടെ കനാലിലേയ്ക്ക് എത്തിച്ചേരുന്നത് തടയാൻ സമീപ പ്രദേശങ്ങളിലെ എല്ലാ സ്ഥാപനങ്ങൾക്കും പ്രാഥമിക വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് സിസ്റ്റം ഏർപ്പെടുത്താൻ കോഴിക്കോട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## IV സബ്മിഷൻ

### 1. കോസ്റ്റ് ഇൻഡക്സ്, എച്ച്.റ്റി.എ. എന്നിവ സംബന്ധിച്ച്

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വയനാട് ജില്ലയിൽ കല്ല്, മണൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾ കിട്ടാത്തതുമൂലം ജനങ്ങൾ വളരെയേറെ പ്രയാസമനുഭവിക്കുകയാണ്. പ്രത്യേകിച്ച് ജില്ലാ ദുരന്ത നിവാരണ കമ്മിറ്റിയുടെ തീരുമാനങ്ങളും വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്. മറ്റ് ജില്ലകളിൽനിന്നും സംസ്ഥാനങ്ങളിൽ നിന്നുമാണ് നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നത്. ഇത് വയനാട് ജില്ലയുടെ വികസനത്തിന് വലിയ മുരടിപ്പ് ഉണ്ടാകുന്നുണ്ട്. അതുപോലെ 2018-19 വർഷത്തിൽ സി.പി.ഡബ്ല്യു.ഡി.-യുടെ തീരുമാനപ്രകാരം വയനാട്

ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് 43.28 ആയിരുന്നത് 38.02 ആയി കുറച്ചിരിക്കുകയാണ്. എന്നാൽ വയനാട് ജില്ലയോട് ഭൂമിശാസ്ത്രപരമായി സാമ്യമുള്ള ഇടുക്കി ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് 53 ശതമാനമാണ്. വയനാട്, ഇടുക്കി ജില്ലകൾക്ക് അനുവദിച്ചിരിക്കുന്ന എച്ച്.റ്റി.എ. 15 ശതമാനമായിരുന്നതും നിർത്തലാക്കിയിരിക്കുകയാണ്. ഇക്കാര്യങ്ങൾ പുനഃസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

[10.00 a.m.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വയനാട് ജില്ലയിലെ ക്വാറികൾക്ക് പ്രവർത്തനാനുമതി ഇല്ലാത്തതിനാൽ റോഡ് നിർമ്മാണത്തിനാവശ്യമായ കരിങ്കൽ ഉല്പന്നങ്ങൾ അയൽ ജില്ലകളായ കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽനിന്നുമാണ് കൊണ്ടുവന്നിട്ടുള്ളത്. ഇതുകാരണം നിർമ്മാണ ചെലവുകൾക്ക് ക്രമാതീതമായ വർദ്ധനവുണ്ടായി. അതുകൊണ്ട് വയനാട് ജില്ലയിലെ നിർമ്മാണ പ്രവൃത്തികളുടെ ദർഘാസുകളെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുകയാണ്. ഏറ്റെടുത്ത പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെവരുന്നു. സെൻട്രൽ പി.ഡബ്ല്യൂ.ഡി. പ്രസിദ്ധപ്പെടുത്തിയ പുതുക്കിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം 1-10-2017 മുതൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 41 ശതമാനത്തിൽനിന്നും 38.24 ശതമാനമായി കുറച്ചിരിക്കുകയാണ്. സമാനജില്ലയായ ഇടുക്കി ജില്ലയിൽ നിലവിലുള്ള കോസ്റ്റ് ഇൻഡക്സ് 54.90 ശതമാനമാണ്. വയനാട് ജില്ലയിൽ മുമ്പ് അനുവദിക്കപ്പെട്ടിരുന്ന 15 ശതമാനം അധിക ഹിൽ ട്രാക്ട് അലവൻസ് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് നിലവിൽ വന്നപ്പോൾ അനുവദിക്കുന്നില്ല. വയനാട് ജില്ലയിലെ യഥാർത്ഥ നിർമ്മാണച്ചെലവും എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടാത്തതുകാരണം കരാറുകാർ അധിക നിരക്കുകളാണ് രേഖപ്പെടുത്തുന്നത്. നിലവിലെ ഉത്തരവ് പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന ഏറ്റവും കൂടിയ നിരക്ക് സംബന്ധിച്ച് Clause iv of G.O. (P) No. 16/2017/Fin. dated 16-2-2017-ൽ സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്. 'The Maximum admissible tender excess shall be limited either to the quoted rate of the lowest bidder or local market rates or current DSR plus 10% tolerance limit whichever is less. In case, the quoted rate of the lowest bidder is above Current DSR plus 10% tolerance limit, the tender inviting authority themselves shall re-tender the work without referring the case to higher authorities.' ഇപ്രകാരം വയനാട് ജില്ലയിൽ ഏറ്റവും കുറഞ്ഞ തുകയായിവരുന്നത് DSR plus 10% നിരക്കാണ്. എന്നാൽ കരാറുകാർ ക്വാട്ട് ചെയ്യുന്നത്

ഇതിനുമുകളിലുള്ള നിരക്കാണ്. അതിനാൽ ഈ ഗവൺമെന്റ് ഓർഡർ പ്രകാരം അത് അനുവദിച്ചുനൽകാൻ സാദ്ധ്യമല്ല. അതുകൊണ്ട് ആരും കരാർ എടുക്കുന്നില്ല. അതിനാൽ ലോക്കൽ മാർക്കറ്റ് റേറ്റ് വയനാട്, അട്ടപ്പാടി പോലെയുള്ള ഉയർന്ന മലയോര പ്രദേശങ്ങളിൽ നൽകുന്ന കാര്യവും ക്വാറികളുടെ നിരോധനം സംബന്ധിച്ച കാര്യവും ഗവൺമെന്റ് വളരെ ഗൗരവമായി പരിശോധിക്കുന്നതാണ്.

## 2. ഹോസ്റ്റൽ നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ വക പഴയ കെട്ടിടത്തിലാണ് ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള പെൺകുട്ടികളുടെ പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. നൂറോളം കുട്ടികൾ താമസിക്കുന്ന ഈ ഹോസ്റ്റലിൽ സ്ഥലപരിമിതിയും മറ്റ് നിരവധി അസൗകര്യങ്ങളുമുണ്ട്. ഇതിനുപുറമെ പ്രൈവറ്റ് ഹോസ്റ്റലുകൾ, കന്യാസ്ത്രീ മഠങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിൽ പെൺകുട്ടികളെ താമസിപ്പിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതിനാലും ആദിവാസി മേഖലയിൽനിന്നുള്ള പെൺകുട്ടികളുടെ തുടർപഠനത്തിന് ഹോസ്റ്റൽ സൗകര്യങ്ങൾ ലഭ്യമല്ലാത്തതുമൂലവും ബുദ്ധിമുട്ട് നേരിടുകയാണ്. ട്രൈബൽ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിനികൾക്കായി അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് ഹൈസ്കൂളിനോട് ചേർന്ന് വെറ്റിലപ്പാറ എക്സ്-സർവ്വീസ്മെൻ സൊസൈറ്റി സൗജന്യമായി നൽകിയ 50 സെന്റ് സ്ഥലത്ത് 200 പെൺകുട്ടികൾക്ക് താമസിക്കുന്നതിനുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനും ട്രൈബൽ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ താമസ സൗകര്യത്തിനും തുടർ പഠനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിൽ 5 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ആൺകുട്ടികൾക്കായി മൂന്ന് പ്രീ-മെട്രിക് ഹോസ്റ്റലുകളും പെൺകുട്ടികൾക്കായി പീച്ചിയിലും ചാലക്കുടിയിലുമായി രണ്ട് പ്രീ-മെട്രിക് ഹോസ്റ്റലുകളുമാണുള്ളത്. അതിൽ ചാലക്കുടിയിലെ ഗേൾസ് ഹോസ്റ്റൽ ഒഴികെയുള്ള എല്ലാ ഹോസ്റ്റലുകളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കെട്ടിടത്തിലാണ് ടി ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. 2017-18 വർഷം 63 അന്തേവാസികളാണ് ഈ സ്ഥാപനത്തിലുള്ളത്. അതിരപ്പിള്ളിയിൽ പെൺകുട്ടികൾക്ക് ഹോസ്റ്റലില്ലാത്തതിനാലും

കൂടുതൽ കുട്ടികളുള്ളതിനാലും ചാലക്കുടി പ്രീ-മെട്രിക് ഹോസ്റ്റലിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് സഹായകരമായി വെറ്റിലപ്പാറയിൽ പ്രസ്തുത ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ വെറ്റിലപ്പാറയിൽ എക്സ്-സർവ്വീസ്മെൻ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി കണ്ടെത്തുകയും ആ സ്ഥലം ലഭ്യമാക്കുന്നതിന് ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ നടപടി സ്വീകരിക്കുകയും 50 സെന്റ് സ്ഥലം ഈ ആവശ്യത്തിനായി വിട്ടുനൽകാൻ 5-5-2018-ൽ കൂടിയ സൊസൈറ്റിയുടെ മാനേജിംഗ് കമ്മിറ്റി തീരുമാനമെടുക്കുകയും ചെയ്തു. ഈ സ്ഥലം അളന്നുതിരിച്ച് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭനടപടികളും ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായാലുടനെ ഹോസ്റ്റൽ നിർമ്മാണത്തിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതും സർക്കാരിന്റെ അനുമതിയോടുകൂടി കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 3. മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. കെ. ദാസൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ നിന്നും ഇന്നലെ മത്സ്യബന്ധനത്തിനായി കടലിൽപ്പോയ ചീമ്പാനി എന്ന പേരിലുള്ള മത്സ്യബന്ധന ബോട്ട് കടൽക്ഷോഭംമൂലം നിയന്ത്രണംവിട്ടത് പയ്യോളി കടപ്പുറത്തിന് രണ്ട് നോട്ടിക്കൽ മൈൽ അകലെയാണ്. സിദ്ധാർത്ഥൻ എന്ന സ്രാങ്കും 9 മത്സ്യത്തൊഴിലാളികളും അടങ്ങുന്ന സംഘമാണ് ഈ ബോട്ടിലുള്ളതെന്നാണ് ലഭിച്ച പ്രാഥമിക വിവരം. ഇതിൽ നാലുപേർ ഒറീസ്സ സ്വദേശികളാണെന്ന് അറിയാൻ കഴിഞ്ഞു. കടലിൽ ദുർഘടമായ കാലാവസ്ഥ തുടരുന്നതിനാൽ ബോട്ടിലുള്ളവർക്ക് പുറംലോകവുമായി ബന്ധപ്പെടാൻ കഴിയാത്തതിനാൽ തൊഴിലാളികൾ പരിഭ്രാന്തിയിലാണ്. ഈ വിവരമറിഞ്ഞയുടനെ ഞാൻ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടിരുന്നു. കളക്ടർ മുൻകയ്യെടുത്ത് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ ലഘൂകരിക്കുന്നതിന് ദ്രുതഗതിയിൽ ഇടപെടാനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയ വകുപ്പ് അധികൃതരെ ഞാൻ അഭിനന്ദിക്കുകയാണ്. അതേസമയം പ്രതികൂല കാലാവസ്ഥമൂലം ബോട്ടിന്റെ സമീപത്തെത്തി രക്ഷാപ്രവർത്തനങ്ങൾ ചടുലമാക്കാൻ സാധിച്ചിട്ടില്ലെന്നാണ് ഇന്ന് രാവിലെ 8.30 വരെ ലഭിച്ച വിവരം. മതിയായ ജീവൻരക്ഷാ ബോട്ടുകളുടെയും പരിശീലനം ലഭിച്ച രക്ഷാപ്രവർത്തകരുടെയും സേവനം അടിയന്തരമായി തീരദേശത്ത് ലഭ്യമാക്കുന്നതിനുള്ള ജാഗ്രത സർക്കാർ ഉറപ്പുവരുത്തണം. ഇത്തരം അപകടത്തിൽപ്പെടുന്ന തൊഴിലാളികൾക്കും കുടുംബങ്ങൾക്കും മതിയായ സഹായം

ഉറപ്പുവരുത്തുന്നതിലൂടെ ഭയാശങ്കയിൽ കഴിയുന്ന കുടുംബങ്ങൾക്ക് അതൊരു കൈത്താങ്ങാകും. ഇപ്പോഴും കരയ്ക്കെത്താൻ സാധിക്കാതെ പയ്യോളി കടലിൽ പ്രയാസമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ കരയ്ക്കെത്തിക്കാനാവശ്യമായ സജ്ജീകരണങ്ങൾ അടിയന്തരമായി ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, പയ്യോളി കടലിനോടടുത്ത് മത്സ്യത്തൊഴിലാളി ബോട്ട് അപകടത്തിൽപ്പെട്ടിരിക്കുന്ന വിവരം ഇന്ന് രാവിലെയാണ് ലഭിച്ചത്. കടൽ ക്ഷുഭിതമായിരുന്നതിനാൽ മറൈൻ എൻഫോഴ്സ്മെന്റ് വക ബോട്ടിന് അങ്ങോട്ട് അടുക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ ജില്ലാ കളക്ടർ മുഖേന ഗവൺമെന്റ് നേവിയുമായി ബന്ധപ്പെട്ടു. നേവി ഇപ്പോൾ ഈ രക്ഷാപ്രവർത്തനത്തെ കോ-ഓർഡിനേറ്റ് ചെയ്യുന്നുണ്ട്. ഈ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാനായി കോസ്റ്റ് ഗാർഡിന്റെ കപ്പൽ അവരുടെ അടുത്തേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. അര മണിക്കൂറിനുള്ളിൽ അവർ അവിടെ എത്തിച്ചേരുമെന്നാണ് 15 മിനിട്ടിനുമുമ്പ് കിട്ടിയ വിവരം. അതുകൊണ്ട് അതിൽ ആശങ്ക വേണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ഈ തൊഴിലാളികളെ രക്ഷിക്കാൻ കഴിയും. കരയിൽനിന്നും കാണാവുന്ന ദൂരത്തിലാണ് ഈ ഫിഷിംഗ് ബോട്ട്. ഈ ബോട്ടിലുള്ള മുഴുവൻ തൊഴിലാളികളെയും സംരക്ഷിക്കാൻ കഴിയും. നേവി സൂപ്പർവൈസ് ചെയ്തുകൊണ്ട് കോസ്റ്റ് ഗാർഡിന്റെ കപ്പൽ അങ്ങോട്ട് അടുത്തുകൊണ്ടിരിക്കുകയാണ്. അര മണിക്കൂറിനകം അവർ എത്തിച്ചേരുമെന്നാണ് അറിയിച്ചിട്ടുള്ളത്. എത്രയും പെട്ടെന്ന് മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ കഴിയും.

## 4. കുടിവെള്ളക്ഷാമം

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിലെയും മാവേലിക്കര നഗരസഭയിലെയും രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സമഗ്രമായൊരു പദ്ധതി ആവിഷ്കരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അതിരൂക്ഷമായ കുടിവെള്ള പ്രശ്നമാണ് മാവേലിക്കര നഗരസഭയും തഴക്കര പഞ്ചായത്തും ഉൾപ്പെടുന്ന പ്രദേശം നേരിടുന്നത്. രൂക്ഷമായ കുടിവെള്ള ദൗർലഭ്യമുള്ള സമയത്ത് തഴക്കര പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയ്ക്കും ഏതാണ്ട് 354 പോയിന്റുകളിലേയ്ക്കാണ് വാഹനത്തിൽ വെള്ളം എത്തിക്കേണ്ട സ്ഥിതി വരുന്നത്. മാവേലിക്കര മുനിസിപ്പാലിറ്റിയോടും തഴക്കര പഞ്ചായത്തിനോടും അനുബന്ധിച്ചുള്ള കുടിവെള്ള പദ്ധതി ആരംഭിച്ചിട്ട് ഒട്ടേറെ വർഷങ്ങളായതിനാൽ പൂർണ്ണമായി ജലം എത്തിക്കാൻ കഴിയുന്നില്ല. ആയതിനാൽ സമഗ്രമായ ഒരു കുടിവെള്ള പദ്ധതി

ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിന്റെ പ്രാഥമികമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ സമഗ്രമായ പ്രോജക്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി കുടിവെള്ള പദ്ധതി നടപ്പിലാക്കാനാവശ്യമായ അനുവാദം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, മാവേലിക്കര മുനിസിപ്പാലിറ്റിയിലെ തഴക്കര, ചെട്ടിക്കുളങ്ങര പഞ്ചായത്തുകൾക്കുവേണ്ടി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്കായി $52^1/_2$ കോടി രൂപ മതിപ്പു ചെലവു വരുന്ന പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർവ്വേ പ്രവൃത്തികൾ ആവശ്യമാണ്. 2018 മേയ് മാസം സർവ്വേ പ്രവൃത്തികൾക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതി അടിസ്ഥാനപ്പെടുത്തിയുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വേ പൂർത്തീകരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

## 5. കർഷകരുടെ സബ്സിഡി ആനുകൂല്യങ്ങൾ

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പാലക്കാട് ജില്ലയിൽ നല്ലൊരു ശതമാനം ആൾക്കാരും കൃഷികൊണ്ട് മാത്രം ഉപജീവനം നടത്തുന്നവരാണ്. 22-5-2018-ൽ സസ്റ്റെയിനബിൾ പ്രൈസിന്റെ സബ്സിഡി 5,500 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഇറക്കിയ ഉത്തരവിൽ പാലക്കാട് ജില്ലയെ മാത്രം ഒഴിവാക്കി. ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്ന മേഖലയായ പാലക്കാട് കർഷകർ നെൽകൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്. അതുമാത്രമല്ല, എൻ.എഫ്.എസ്.എം. പദ്ധതിയിൽ 2015 മുതലുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം 24 ലക്ഷം രൂപ കുടിശ്ശികയാണ്. അതുപോലെ കൃഷിക്കാർക്ക് ഏറ്റവും ഗുണകരമായ പദ്ധതിയാണ് RKVY അതും 2016 മുതൽ കുടിശ്ശികയാണ്. എന്റെ ബ്ലോക്കിൽമാത്രം 5 കോടി രൂപ കുടിശ്ശികയായി കിടക്കുകയാണ്. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി, അതിൽ 50 ശതമാനം കേന്ദ്ര വിഹിതവും 10 ശതമാനം സ്റ്റേറ്റ് വിഹിതവുമാണ്. ഇതിന്റെ സബ്സിഡിയും 2016 മുതൽ ലഭിച്ചിട്ടില്ല. സബ്സിഡി കിട്ടുമെന്നുള്ളതിനാൽ കൃഷിക്കാർ കടം വാങ്ങിയും ബാങ്ക് ലോൺ എടുത്തും കൃഷി ചെയ്യുതാണ്. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ഒരു കോടി രൂപ കൃഷിക്കാർക്ക് കിട്ടാനുണ്ട്. വാഴ കൃഷിക്ക് എസ്.എച്ച്.എം. പദ്ധതി കർഷകർക്ക് വലിയൊരു ആശ്വാസമായിരുന്നു. അത് 2016 മുതൽ പെൻഡിംഗിലാണ്. 1000 ഹെക്ടറോളം അവിടെ വാഴകൃഷി ചെയ്തിരുന്നത് ഇപ്പോൾ വെറും 5 ഹെക്ടറാക്കി ഈ വർഷത്തെ ടാർജറ്റ് ചുരുക്കി. എസ്.എച്ച്.എം.-ലെ

പദ്ധതികൾക്കൊന്നും തന്നെ തുക വകയിരുത്തിയിട്ടില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് PMKSY-ക്ക് ലഭിക്കേണ്ട സബ്സിഡിയാണ്. ഇതുസംബന്ധിച്ച പദ്ധതി രേഖകളൊന്നും തന്നെ സമർപ്പിച്ചിട്ടില്ല. ഇത് 2015 മുതൽ തുടങ്ങിയതാണ്. ഈ മൂന്ന് പദ്ധതികൾക്കും ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനും സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനുമൊക്കെ തയ്യാറാക്കി വന്നപ്പോൾ പാലക്കാട് ജില്ലയിൽ ഏകദേശം 4,400 കോടി രൂപയാണ് അതിൽ വന്നത്. കൃത്യമായ കണക്ക് ഓർമ്മയില്ല. ഇപ്രാവശ്യം 1200 കോടി രൂപയുടെ പദ്ധതിയും ഡി.പി.ആർ.-ഉം കൊടുത്താൽ മാത്രമേ പണം കിട്ടുകയുള്ളൂ. പക്ഷെ കൊടുത്തത് 39 കോടി രൂപയുടെ മാത്രമാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയൊക്കെ വിളിച്ചുചേർത്ത് എന്താണ് പദ്ധതി തയ്യാറാക്കുന്നതിൽ വീഴ്ച വന്നത് എന്നുള്ളതിനെക്കുറിച്ച് ഗൗരവമായി അന്വേഷിക്കണം. ആ പദ്ധതിക്ക് മൂന്നു വർഷമേ കാലാവധിയുള്ളൂ; അതിനുള്ളിൽ അത് തീർക്കണം.

അതുപോലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി 2017-ൽ ഹെക്ടറിന് 17,000-രൂപയായി നെൽക്കൃഷിയുടെ കൂലിച്ചെലവ് വർദ്ധിപ്പിച്ചു. പഞ്ചായത്തിന്റെ 50 ശതമാനം വച്ചു, അത് ശരിയാണ്. പക്ഷേ ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും അത് വയ്ക്കാത്തതുകൊണ്ട് ഏക്കറേജ് കൂടുതലുള്ള പഞ്ചായത്തുകൾക്ക് അത് കിട്ടാത്ത അവസ്ഥ വരികയാണ്. എന്റെ തൊട്ടടുത്ത് പട്ടാഞ്ചേരി പഞ്ചായത്തിൽ 17,000 രൂപ വകവച്ചുവെങ്കിലും കിട്ടിയത് 6,000 രൂപയാണ്. എന്നുവച്ചാൽ ബ്ലോക്കും ജില്ലയും വച്ചില്ല. അപ്പോൾ കൃഷിവകുപ്പും താങ്കളും കൂടി ആലോചിച്ച് അത് നിർബന്ധിത പ്രോജക്ടായിവയ്ക്കണം. അങ്ങനെ കൃഷിക്കാർക്ക് കിട്ടുന്ന സബ്സിഡി ആനുകൂല്യങ്ങൾ മുഴുവൻ നടപ്പാക്കാൻ ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരും പ്രത്യേകിച്ച് കൃഷി വകുപ്പുമന്ത്രി ഇക്കാര്യത്തിൽ മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ:) സർ, ആനുകൂല്യങ്ങൾ വിതരണം ചെയ്യില്ലെന്ന് പറഞ്ഞത് തെറ്റാണ്. 2018-19 സാമ്പത്തികവർഷം പാലക്കാട് ജില്ലയിലെ 80,909 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 5,500 രൂപ വച്ച് 4,450 ലക്ഷം രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ കാര്യമാണ് പറയുന്നത്. ഇതിനുപുറമേ പാലക്കാട് ജില്ലയിൽ 7,091 ഹെക്ടറിൽ കൂടി ഈ ഘടക പദ്ധതി നടപ്പിലാക്കാനാവശ്യമായ അധിക തുകയായ 390 ലക്ഷം രൂപ എസ്.ഡി.ജി. മുഖാന്തരം അനുവദിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. 2017-18 സാമ്പത്തികവർഷം ഈ ഘടക പദ്ധതി നടപ്പിലാക്കുന്നതിനായി 71,462 ഹെക്ടറിന് 1057 ലക്ഷം രൂപയും ചെലവഴിച്ചു കഴിഞ്ഞു.

അദ്ദേഹം പറഞ്ഞതിനകത്ത് വളരെ വിരുദ്ധമായ കാര്യങ്ങളാണുള്ളത്. എൻ.എഫ്.എസ്.എം. പദ്ധതി പ്രകാരം 2014-15 സാമ്പത്തികവർഷം 100 ശതമാനം കേന്ദ്രവിഹിതം 312.28 ലക്ഷം രൂപ പാലക്കാട് ജില്ലയ്ക്ക് നൽകിയിട്ടുണ്ട്. 2015-16-ൽ ഈ പദ്ധതി 60:40 എന്ന അനുപാതത്തിൽ കേന്ദ്രസർക്കാർ രൂപാന്തരപ്പെടുത്തുകയും അതുപ്രകാരം കേന്ദ്രവിഹിതമായ 75.55 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 50.3 ലക്ഷം രൂപയുമടക്കം 125.85 ലക്ഷം രൂപ അനുവദിച്ചതിൽ 101.50 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം എൻ.എഫ്.എസ്.എം. പദ്ധതിക്കായി 255.45 ലക്ഷം രൂപയുടെ കേന്ദ്രവിഹിതമുണ്ടായിരുന്നു. ആയതിലുള്ള ആക്ഷൻ പ്ലാൻ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ 2015-16-ലെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാതിരുന്നതിനെത്തുടർന്നാണ് 2016-17-ൽ തുകയൊന്നും അനുവദിക്കാതിരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിനിയോഗ സർട്ടിഫിക്കറ്റ് കൊടുത്തില്ല. അതിനുശേഷമാണ് 2015-16-ൽ തുകയൊന്നും അനുവദിക്കാതിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17-ലെ മുൻവർഷത്തെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തികവർഷം 56.269 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിക്കുകയും ചെയ്തു. ഈ തുകയിൽ 56.01 ലക്ഷം രൂപ ചെലവഴിക്കുകയും വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തു. ഈ സാമ്പത്തികവർഷം 179.79 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 3375 ലക്ഷം രൂപയുടെ അധിക ആക്ഷൻ പ്ലാൻ കേന്ദ്രാനുമതി തേടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കുടിശ്ശിക ലഭിക്കേണ്ട തുക അനുവദിക്കുന്നതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തുക ലഭ്യമായിട്ടില്ല. തുക ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തുക മുൻഗണനാക്രമത്തിൽ വിതരണം ചെയ്യുന്നതാണ്.

2016-17 സാമ്പത്തികവർഷം RKVY പദ്ധതി പ്രകാരം നെൽകൃഷിക്കായി 1.8 ലക്ഷം ഹെക്ടറിന് 81 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചുവെങ്കിലും സംസ്ഥാനത്ത് ഒരു ലക്ഷം ഹെക്ടറിന് ആവശ്യമായ 45 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഇതിൽ പാലക്കാട് ജില്ലയ്ക്ക് ഹെക്ടറിന് 4,500 രൂപാ നിരക്കിൽ 42,600 ഹെക്ടറിന് 1917 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. കേന്ദ്ര ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2016-17 സാമ്പത്തികവർഷം പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം RKVY ഫണ്ടിനായി പ്രോജക്ട് സമർപ്പിച്ചുവെങ്കിലും കേന്ദ്രഗവൺമെന്റ് മാനദണ്ഡത്തിൽ കർശനമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. അതുമൂലം പ്രോജക്ടിന്

അനുമതിയും ആവശ്യമായ തുകയും ലഭിച്ചില്ല. അന്ന് അവർ മാനദണ്ഡങ്ങൾ തന്നെ മാറ്റി. കാരണം, ഇൻഫ്രാസ്ട്രക്ചർ കാര്യങ്ങൾക്ക് മാത്രമേ കൊടുക്കാൻ പാടുള്ളൂവെന്ന കർക്കശമായ നിലപാട് സ്വീകരിച്ചതിനാൽ ആ വർഷം തുക കിട്ടിയില്ല. 2018-19 സാമ്പത്തികവർഷം നെൽക്കൃഷിക്കായി RKVY പദ്ധതിപ്രകാരം 1,04,500 രൂപ അനുവദിച്ചിട്ടുണ്ട്. അത് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്ന് ഈ വർഷത്തേയ്ക്ക് പ്രത്യേകം അനുവദിക്കുകയാണുണ്ടായത്. നടപ്പു സാമ്പത്തികവർഷം പാലക്കാട് ജില്ലയ്ക്ക് സുസ്ഥിര നെൽക്കൃഷി വികസന പദ്ധതിക്കായുള്ള മുഴുവൻ തുകയും ഹെക്ടറിന് 5,500 രൂപ സംസ്ഥാന നെൽക്കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചതിനാൽ RKVY പദ്ധതി ഫണ്ട് പാലക്കാട് ഒഴികെയുള്ള ജില്ലകൾക്കാണ് അനുവദിച്ചിരിക്കുന്നത്. അതുകൊണ്ടാണ് മറ്റു ജില്ലകൾക്ക് അനുവദിച്ചിരിക്കാൻ കാരണം.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിലായി 2014-15 സാമ്പത്തികവർഷം മുതൽ ഡ്രിപ്പ് ആൻഡ് സ്പ്രിംഗ്ലർ ഉൾപ്പെടെയുള്ള മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. 2014-15 മുതൽ 2016-17 വരെയുള്ള മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ സബ്സിഡി നിരക്ക് 45 ശതമാനമായിരുന്നു. 27 ശതമാനം കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതം 18 ശതമാനവുമായിരുന്നു. എന്നാൽ സംസ്ഥാന പദ്ധതിക്കായി പച്ചക്കറി വികസന പദ്ധതിയിൽ മൈക്രോ ഇറിഗേഷൻ 75 ശതമാനം സബ്സിഡി നൽകി വരുന്നതിനാൽ ഈ കേന്ദ്ര പദ്ധതി നടപ്പിലാക്കുന്നതിന് കർഷകർ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. എന്നാൽ 2017-18-ൽ ഈ സർക്കാരിന്റെ ശക്തമായ ഇടപെടൽ മൂലം നിലവിൽ സബ്സിഡി നിരക്ക് 45-ൽ നിന്ന് 55 ശതമാനമായി വർദ്ധിപ്പിക്കാൻ സാധിച്ചു. പാലക്കാട് ജില്ലയിൽ 2017-18 സമ്പത്തിക വർഷം മൈക്രോ ഇറിഗേഷൻ പദ്ധതിക്കായി 8.6191 ലക്ഷം രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. 2014-15 മുതൽ ഈ പദ്ധതിയിൽ കുടിശ്ശികയായി അവശേഷിക്കുന്ന തുക റിവാലിഡേറ്റ് ചെയ്ത് പുതുക്കിയ നിരക്കിൽ നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ കുടിശ്ശിക തുക കർഷകർക്ക് നൽകാൻ കഴിയുകയുള്ളൂ. 2016-17, 2017-18 സാമ്പത്തികവർഷം രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി 162.19 ഹെക്ടറിൽ വാഴയുടെ വിള വിസ്തൃതി വ്യാപനത്തിനായി പാലക്കാട് ജില്ലയിൽ 42.5749 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. AIDH പദ്ധതിയിൽ ഉൾപ്പെടുത്തി 189.6198 ഹെക്ടർ ബി ഘടകത്തിന് 56.61 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. 2017-18-ൽ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ 30,000 കോടി രൂപയുടെ 5 വർഷത്തെ സംസ്ഥാന ഇറിഗേഷൻ പ്ലാൻ സമർപ്പിച്ചുവെങ്കിലും 2017-18 സാമ്പത്തികവർഷം 'പെർ ഡ്രോപ് മോർ ക്രോപ്പ് അദർ ഇൻവെഷൻ' പദ്ധതിയിൽ സംസ്ഥാന കൃഷിവകുപ്പിന് അനുവദിച്ചത് കേവലം 33.31 കോടി രൂപ മാത്രമാണ്. ഇതിൽ താഴെപ്പറയുന്ന വിവിധ ഘടകങ്ങൾക്കായി പാലക്കാട് ജില്ലയ്ക്ക് 141.4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി ഘടകത്തിൽ പറയുന്ന പദ്ധതിയുടെ ഏറ്റവും വലിയ പ്രശ്നം, കേന്ദ്രഗവൺമെന്റ് കൊട്ടിഘോഷിച്ചതുകൊണ്ടാണ് ഈ പദ്ധതി വന്നതെങ്കിലും ആ പദ്ധതിയുടെ സബ്സിഡി നിരക്ക് 50 ശതമാനം മാത്രമാണ്. ഏത് സ്കീം നടപ്പാക്കുമ്പോഴും അവർ 50 ശതമാനം മാത്രമേ സബ്സിഡി കൊടുക്കുന്നുള്ളൂ. കോടിക്കണക്കിന് രൂപ അനുവദിച്ചുവെന്ന് പറയുന്നത് പൂർണ്ണമായി ശരിയല്ല. ഈ പറയുന്നതനുസരിച്ച് കൃഷിവകുപ്പ് മാത്രമാണ് ഈ വർഷം അവരുടെ നോംസ് പ്രകാരമുള്ള സബ്സിഡി കൊടുത്തിരിക്കുന്നത്. ഇതിനകത്ത് ഗുണഭോക്തൃ വിഹിതമാണ് 50 ശതമാനം. അതാണ് ഏറ്റവും വലിയ പ്രശ്നം. 50 ശതമാനം സബ്സിഡിയും 50 ശതമാനം ഗുണഭോക്തൃ വിഹിതവും വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുവാൻ ചെറുകിട നാമമാത്രകർഷകർക്ക് സാധിക്കാതെ വരുന്ന സാഹചര്യം ഇപ്പോൾ വന്നിരിക്കുകയാണ്. നീതി ആയോഗ് പ്രതിനിധിയുമായി 2018 മേയ് 29-ന് സബ്സിഡി നിരക്ക് സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. നിലവിലെ കുറഞ്ഞ സബ്സിഡി നിരക്ക് പുനഃപരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കർഷകർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുമായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് എല്ലാ ജില്ലാ കളക്ടർമാർക്കും ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കത്ത് നൽകിക്കഴിഞ്ഞു. ജില്ലാ വികേന്ദ്രീകൃത സമിതിയുടെ അവലോകന യോഗത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.- മാർ മുൻകയ്യെടുത്ത് ചർച്ച ചെയ്യേണ്ടതുണ്ട്. കളക്ടർ ചെയർമാനായ കമ്മിറ്റിയിലാണ് ഈ 50 ശതമാനം എങ്ങനെ ചെലവഴിക്കണമെന്നത് സംബന്ധിച്ച് തീരുമാനിക്കുന്നത്. അതുകഴിഞ്ഞ് മാത്രമേ ഇത് കൃത്യമായി വിനിയോഗിക്കാൻ കഴിയുകയുള്ളൂ. ജനകീയാസൂത്രണ പദ്ധതി പ്രകാരം നെൽക്കൃഷിയുടെ ഉഴവുകൂലി പാലക്കാട് ജില്ലയിൽ മുഴുവനായി നടപ്പാക്കാൻ ഏകദേശം 32 കോടി രൂപ ആവശ്യമാണെന്നാണ് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. എന്നാൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം 7 കോടി രൂപ മാത്രമാണ് ജില്ലാ പഞ്ചായത്ത് ഈ ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇതുകൂടാതെ 3 കോടി രൂപയുടെ ക്ലെയിമുകൾ നൽകാൻ കുടിശ്ശികയുണ്ട്. ഈ തുക അനുവദിക്കാൻ ജില്ലാ പഞ്ചായത്തിനോട്

ആവശ്യപ്പെട്ടെങ്കിലും അനുവദിക്കാത്തതിനാൽ പ്രസ്തുത ധനസഹായം എല്ലാ കർഷകർക്കും ലഭിക്കാതെ പോയി. എല്ലാ കർഷകർക്കും അർഹമായ ആനുകൂല്യം ലഭിക്കുന്നതിനും കൂടുതൽ തുക കാർഷിക മേഖലയ്ക്ക് അനുവദിക്കുന്നതിനും ജനകീയാസൂത്രണ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് കൃഷി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പുമായി ഞാൻ ചർച്ച ചെയ്തിട്ടുമുണ്ട്. കൂടുതൽ കൃഷി നടക്കുന്ന സ്ഥലത്ത് പ്രത്യേകിച്ച് ചിറ്റൂർ പോലുള്ള പഞ്ചായത്തുകൾക്ക് വിഹിതം ഇല്ലാതെ പോകുന്ന സാഹചര്യം പരിഹരിക്കുന്നതിന് അതിന്റെ മാർഗ്ഗനിർദ്ദേശത്തിൽ മാറ്റംവരുത്തണമെന്ന കാര്യം ബഹുമാനപ്പെട്ട എൽ.എസ്.ജി.ഡി. മന്ത്രിയോട് കൃഷിവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷിവകുപ്പുമായി ചർച്ച ചെയ്തുവേണം പുതുക്കിയ മാനദണ്ഡം നിശ്ചയിക്കേണ്ടതെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയും അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 6. റേഷൻ പെർമിറ്റ് പുതുക്കൽ

ശ്രീ. എൽദോ എബ്രഹാം: സർ, നമ്മുടെ സംസ്ഥാനത്തെ അനാഥ-അഗതി മന്ദിരങ്ങളിലെ അംഗങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് നൽകിയിരുന്ന 5 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും കഴിഞ്ഞ 8 മാസക്കാലമായി കേരളത്തിന് കേന്ദ്രസർക്കാർ നൽകുന്നില്ല. കേരളത്തിലാകെ ഇത്തരം മൂവായിരത്തിന് മുകളിൽ സ്ഥാപനങ്ങളുണ്ട്. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവർ, ആരോരുമില്ലാത്തവർ, അനാഥരായ വൃദ്ധർ ഉൾപ്പെടുന്ന അന്തേവാസികളെ നോക്കുന്ന ചാരിറ്റബിൾ സ്ഥാപനങ്ങൾ, ഭിന്നശേഷിയുള്ള കുട്ടികളെ പരിരക്ഷിക്കുന്ന സ്ഥാപനങ്ങൾ, മാനസികാസ്വസ്ഥതയുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ, ബുദ്ധിമാന്ദ്യം സംഭവിച്ചവരെ ഉൾപ്പെടെ സംരക്ഷിക്കുന്ന കേരളത്തിലെ മൂവായിരത്തിലധികം വരുന്ന സ്ഥാപനങ്ങളിലായി 91000-ത്തിലധികം വരുന്ന ആളുകൾക്കുള്ള റേഷൻ വിഹിതം കേന്ദ്രസർക്കാർ 2017 സെപ്റ്റംബർ മുതൽ ലഭ്യമാക്കുന്നില്ല. അതുകൊണ്ടുതന്നെ ഇത്തരം സ്ഥപാനങ്ങൾക്ക് എല്ലാ വർഷവും മാർച്ചിൽ പുതുക്കി നൽകുന്ന പെർമിറ്റ് പുതുക്കി നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന റേഷന്റെ ബാലൻസ് വരുന്ന അരിയും ഗോതമ്പും ഇത്തരം സ്ഥാപനങ്ങൾക്ക് നൽകി താൽക്കാലികമായൊരു ആശ്വാസം ലഭ്യമാക്കുന്നുവെങ്കിൽപ്പോലും ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ശക്തമായ പരാതി ഉയരുന്നുണ്ട്. നമ്മുടെ സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ളൊരു വിഭാഗമെന്ന നിലയിൽ പ്രതിമാസം ഒരംഗത്തിന് നൽകേണ്ട 5 കിലോഗ്രാം അരി 2 രൂപാ നിരക്കിലും സൗജന്യമായി 2 കിലോ ഗോതമ്പും നമ്മുടെ സംസ്ഥാനത്തിന് നൽകുന്നതിൽ തടസ്സമുണ്ടാകുന്നുണ്ട്. അതിൽ കേന്ദ്ര സർക്കാർ വലിയ അനാസ്ഥയാണ്

കാണിക്കുന്നത്. ഇപ്പോൾ കേന്ദ്ര സർക്കാർ എസ്.സി./എസ്.ടി. വിഭാഗത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പുതിയ സ്കീമിനെക്കുറിച്ച് ആലോചിക്കുന്നുവെന്ന് കേൾക്കുന്നു. എങ്കിൽപ്പോലും കഴിഞ്ഞ ഏറെക്കാലമായി അനാഥ-അഗതി മന്ദിരത്തിലെ അന്തേവാസികൾക്ക് നൽകിവരുന്ന റേഷൻ വിഹിതം പുനഃസ്ഥാപിക്കുന്നതിനുള്ള ഇടപെടൽ കേരള സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. കേന്ദ്ര സർക്കാർ അത് നൽകുന്നില്ലെങ്കിൽ കേരള സർക്കാർ അതിന്റെ അധിക ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ഈ പാവപ്പെട്ടവരെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇത്തരം സ്ഥാപനങ്ങളുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യപ്പെടുന്ന ഈ കാലത്ത് ശക്തമായ ഇടപെടൽ ബന്ധപ്പെട്ട സർക്കാരിന്റെയും വകുപ്പിന്റെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് അംഗീകരിച്ച ഓർഫനേജ് കൺട്രോൾ ബോർഡ് സർട്ടിഫൈ ചെയ്തിട്ടുള്ള അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയ ക്ഷേമ സ്ഥാപനങ്ങൾക്ക് ജില്ലാ സപ്ലൈ ഓഫീസർമാർ പെർമിറ്റ് നൽകി വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തി റേഷൻ വിതരണം നടത്തിവന്നിരുന്നു. സാധാരണയായി കേന്ദ്ര സർക്കാർ ഈ വിഭാഗത്തിന് വിതരണം ചെയ്യുന്നതിനായി വർഷത്തിൽ രണ്ടു പ്രാവശ്യമായിട്ടാണ് ഭക്ഷ്യധാന്യ വിഹിതം അനുവദിച്ചിരുന്നത്. 2017-18 ആദ്യ പകുതിയിൽ സംസ്ഥാനത്തിന് 148.55 മെട്രിക് ടൺ അരിയും 63.67 മെട്രിക് ടൺ ഗോതമ്പും അനുവദിച്ചു നൽകിയിരുന്നു. 5 കിലോഗ്രാം അരി, 2 കിലോഗ്രാം ഗോതമ്പ് എന്ന അനുപാതത്തിലാണ് ആളോഹരി വിഹിതം നിജപ്പെടുത്തിയിട്ടുള്ളത്. അതിനുശേഷം ഈ സ്കീമിന് കേന്ദ്രസഹായം ലഭിച്ചിട്ടില്ല. ടൈഡ് ഓവർ വിഹിതത്തിൽ അധിക സ്റ്റോക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ അതിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യ വിഹിതം നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ആവശ്യകത വർദ്ധിക്കുകയും കേന്ദ്രവിഹിതം കുറയുകയും തുടർന്ന് ഇല്ലാതാകുകയും ചെയ്ത സാഹചര്യത്തിൽ ഈ സ്കീമിലെ വിതരണത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. 2017-18 ആദ്യ പകുതിക്കുശേഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ഭക്ഷ്യധാന്യ വിഹിതം കേന്ദ്രം അനുവദിച്ചിട്ടില്ലെങ്കിലും ടി വിഭാഗത്തിൽ ഉൾപ്പെടുത്തി എല്ലാ റേഷൻ പെർമിറ്റുകളും നിലനിർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ വെൽഫെയർ സ്കീം കൂടുതൽ വിപുലീകരിക്കുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം നിലവിലുള്ള വെൽഫെയർ സ്കീമും എസ്.സി./എസ്.ടി., ഒ.ബി.സി., ഹോസ്റ്റൽ സ്കീമും കൂട്ടിച്ചേർത്ത് പുതിയൊരു സ്കീം നടപ്പിലാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഈ സ്കീം

പ്രകാരം സംസ്ഥാനത്തിലെ റേഷൻ വിഹിതം പുനർനിർണ്ണയം ചെയ്ത് ആവശ്യകത പ്രതിവർഷം 37631 മെട്രിക് ടണ്ണായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതുക്കി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം സംസ്ഥാനത്തൊട്ടാകെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിലെ അന്തേവാസികളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിലെ അന്തേവാസികളും കൂടി ചേർത്ത് മൊത്തം ഗുണഭോക്താക്കളുടെ എണ്ണം 99441 ആണ്. മാത്രമല്ല, ആളോഹരി വിഹിതം പ്രതിമാസം 15 കിലോഗ്രാം ഭക്ഷ്യധാന്യമായി കേന്ദ്രം നിജപ്പെടുത്തിയിട്ടുമുണ്ട്. അതനുസരിച്ച് പ്രതിമാസം 1491 മെട്രിക് ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്തിന് ലഭ്യമാകും. കേന്ദ്ര സർക്കാരിന്റെ നവീകരിച്ച സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യം ലഭിക്കുന്നതിനായി വെൽഫെയർ സ്ഥാപനങ്ങളുടെയും ഹോസ്റ്റലുകളുടെയും വിശദാംശവും വേണ്ടിവരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവും അടങ്ങിയ വിശദമായ പ്രൊപ്പോസൽ നാളിതുവരെ ലഭ്യമാക്കിയ ഭക്ഷ്യധാന്യത്തിന്റെ ഉപയോഗം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. പുതിയ സ്കീം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2018 മേയ് 31-ാം തീയതി ഡൽഹിയിൽ വച്ച് സംസ്ഥാന ഭക്ഷ്യവകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേർന്നു. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം ഈ സ്കീമിലേയ്ക്ക് അലോട്ട്മെന്റ് ഉടൻതന്നെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ നിലവിലെ എല്ലാ പെർമിറ്റുകൾക്കും തൃപ്തികരമാംവിധം ഭക്ഷ്യധാന്യം നൽകാനും അർഹമായ കൂടുതൽ സ്ഥാപനങ്ങളെ ഈ സ്കീമിൽ ഉൾപ്പെടുത്തി പെർമിറ്റ് നൽകി ഭക്ഷ്യധാന്യവിതരണം നടത്തുവാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (7) മാലിന്യ സംസ്കരണ സംവിധാനം

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, മാലിന്യ സംസ്കരണ സംവിധാനം കുറ്റമറ്റതാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാരും നടപടി സ്വീകരിച്ചുവരുന്ന ഇക്കാലത്ത് കോഴിക്കോട് കോർപ്പറേഷനിൽ 2 സെന്റിലും 3 സെന്റിലും ചെറിയ വീട് വച്ച് താമസിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. ഇവരുടെ കക്കൂസുകൾ നിറഞ്ഞാൽ മാലിന്യം ഒഴിവാക്കുന്നതിന് നിലവിൽ ഒരു സംവിധാനവുമില്ല. ഇതുകാരണം രാത്രികാലങ്ങളിൽ റോഡരികിലും കനാലുകളിലും കക്കൂസ് മാലിന്യം തള്ളുന്ന സ്ഥിതിയുണ്ട്. അതിനെതിരായി നിയമനടപടി എടുക്കുന്നതിനുമാത്രമേ ഇപ്പോൾ സാധിക്കുന്നുള്ളൂ. എന്നാൽ കക്കൂസ് മാലിന്യം ശരിയായ മാർഗ്ഗത്തിൽ ഒഴിവാക്കുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ എസ്.ഡി.പി. സംവിധാനം ഏർപ്പെടുത്താൻ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതുണ്ട്. നിലവിൽ

എസ്.ഡി.പി. സംവിധാനം ഏർപ്പെടുത്തുന്നതിന് കോഴിക്കോട് കോർപ്പറേഷൻ ആരംഭിച്ച പ്ലാന്റിന്റെ പ്രവർത്തനം ചില തൽപ്പരകക്ഷികൾ ഹരിത ട്രിബ്യൂണലിൽ കേസ് കൊടുത്ത് ഹരിത ട്രിബ്യൂണൽ സ്റ്റേ ചെയ്തിരിക്കുകയാണ്. ഇന്നത്തെ അവസ്ഥയിൽ കക്കൂസ് മാലിന്യം ഒഴിവാക്കാൻ സ്വന്തമായി സൗകര്യമില്ലാത്തവർ മറ്റുമാർഗ്ഗമില്ലാതെ കിട്ടുന്ന സ്ഥലത്ത് കൊണ്ടുപോയി തള്ളുകയേ അവർക്ക് മാഗ്ഗമുള്ളൂ. ഇത് ഗുരുതരമായ മാലിന്യ പ്രശ്നമാണ്. ഇതിന് പരിഹാരം കാണാൻ ഹരിത ട്രിബ്യൂണലിന്റെ സ്റ്റേ നീക്കി സംസ്കരണ യൂണിറ്റിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കോഴിക്കോട് നഗരസഭ വേങ്ങേരി വില്ലേജ് നെടുങ്ങോട്ടൂർ ദേശത്ത് നിർമ്മിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ശ്രീ. ഐ. കെ. ബിജു എന്നയാളുടെ പരാതി പ്രകാരം നാഷണൽ ഗ്രീൻ ട്രിബ്യൂണൽ, ചെന്നൈ നിർത്തിവയ്ക്കാൻ ഉത്തരവായിട്ടുള്ളതാണ്. ഇതുസംബന്ധമായി കളക്ടർ ബന്ധപ്പെട്ട എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം നടത്തുകയുണ്ടായി. കോഴിക്കോടിന്റെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അനിവാര്യമാകയാൽ അതുമായി മുന്നോട്ടുപോകുന്നതിന് സഹായകരമായ തീരുമാനം നാഷണൽ ഗ്രീൻ ട്രിബ്യൂണലിൽ നിന്നുണ്ടാകണമെന്ന് അപേക്ഷിക്കാൻ പ്രസ്തുത യോഗം ഐകകണ്ഠ്യേന തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് 24-10-2017-ന് ജില്ലാ കളക്ടർ നാഷണൽ ഗ്രീൻ ട്രിബ്യൂണലിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ കേസ് ഇപ്പോൾ നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ പരിഗണനയിലാണ്.

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫിനുവേണ്ടി ശ്രീ. എം. രാജഗോപാലൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2017-ലെ കേരള ജലസ്രോതസ്സ് സംരക്ഷണ

അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. ബി. സത്യൻ: സർ, 2017-ലെ കേരള ജലസ്രോതസ്സ് സംരക്ഷണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഈ നിയമം സംബന്ധിച്ച സർക്കാർ നിലപാട് കഴിഞ്ഞപ്രാവശ്യം തന്നെ വ്യക്തമാക്കിയിട്ടുള്ള താണ്. കേരളത്തിൽ പല നിയമങ്ങളിലൂടെ ജലസ്രോതസ്സ് മാലിന്യവിമുക്തമാക്കി യെടുക്കാൻവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇന്നലെ നിയമസഭയിൽ അവതരിപ്പിച്ച, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചിരിക്കുകയാണ്. ജലസ്രോതസ്സ് മലിനമാക്കുന്നവർ ക്കെതിരെ കടുത്തശിക്ഷ നിഷ്കർഷിക്കുന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് 137 മൂലനിയമം ഭേദഗതി ചെയ്യാനുള്ള ഒരു ഔദ്യോഗിക നിയമം തന്നെ ഇപ്പോൾ സഭ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ നിയമത്തിന്റെ പ്രത്യേക ആവശ്യമില്ല.

ശ്രീ. ബി. സത്യൻ: സർ, 2017-ലെ ജലസ്രോതസ്സ് സംരക്ഷണ അതോറിറ്റി എന്ന വ്യവസ്ഥാപിതമായ ഒരു സംവിധാനമുണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ഈ ബിൽ തയ്യാറാക്കി കഴിഞ്ഞ വർഷം സമർപ്പിച്ചത്. ഒരു വർഷത്തിനുശേഷമാണ് ഇത് അവതരിപ്പിക്കാനുള്ള അനുമതി ലഭിക്കുന്നത്. കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന് നമുക്കറിയാം. പുഴകളും വയലുകളും നദികളും ജലസ്രോതസ്സുകളുമെല്ലാം അടങ്ങിയ സമൃദ്ധമായ കാർഷിക ജൈവസമ്പത്തുള്ളൊരു നാടാണ് കേരളം. കുടിവെള്ളത്തിന്റേയും അടിസ്ഥാന സൗകര്യങ്ങളുടെയും കാര്യത്തിൽ നമ്മൾ ഇപ്പോഴും വലിയ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. കഴിഞ്ഞ വർഷമുണ്ടായ കൊടിയ വരൾച്ചയിൽ പ്രധാനപ്പെട്ട ജലസ്രോതസ്സുകൾ, വാമനപുരം നദി അടക്കം വറ്റിവരണ്ടു. നൂറ് വർഷത്തിനിടയിലുണ്ടായ കൊടിയ വരൾച്ചയ്ക്ക് നമ്മൾ സാക്ഷ്യം വഹിക്കേണ്ടിവന്നു. വാമനപുരം നദിയുടെ പ്രധാനഭാഗങ്ങൾ വറ്റിവരണ്ടു. നദി കരയായി അവിടെ കുഞ്ഞുങ്ങൾ ക്രിക്കറ്റ് കളിക്കുന്ന ചിത്രം പ്രധാന മാധ്യമങ്ങളിലൂടെ വന്നത് നമ്മൾ കാണുകയുണ്ടായി. ഈ മഴക്കാലം ജലസമൃദ്ധമാണ്. വാമനപുരം നദിയും അതിന്റെ വൃഷ്ടിപ്രദേശവുമെല്ലാം

ജലസമ്പത്തുകൊണ്ട് സമ്പന്നമാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചത്, നിയമങ്ങൾ ഇല്ലാത്ത നാടല്ല കേരളം. എല്ലാ കാര്യങ്ങളിലും നിയമമുണ്ടാക്കിയിട്ടുണ്ട്. ആ നിയമങ്ങൾ നടപ്പിലാക്കുന്നതിലുണ്ടാകുന്ന വീഴ്ചകൾ പരിശോധിക്കണം. ഇവിടെ പുഴകളും നദികളും വളരെ വിശാലമായ ജലസ്രോതസ്സുകളും നശിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നെൽവയലുകൾ സംരക്ഷിക്കാൻവേണ്ട ഊർജ്ജിത പദ്ധതികൾ തയ്യാറാക്കി മുന്നോട്ടുപോകുകയാണ്. നമ്മുടെ പഴയ കാലം നമുക്ക് ഓർമ്മയിലുണ്ടാകും, ഒരു പ്രദേശത്തെ നെൽവയലിലെ, പച്ചപ്പിനെ നിലനിർത്തിയിരുന്നത് ആ പ്രദേശത്തുള്ള കുളങ്ങളായിരുന്നു. കുളങ്ങളിൽ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ വഴി ആ പ്രദേശത്തെ ജലസമ്പത്ത് നിലനിർത്തി കൃഷിയിലും അനുബന്ധ തൊഴിലിലും അന്ന് ഗ്രാമപ്രദേശത്തെ ജനങ്ങൾക്ക് ഏർപ്പെടാൻ കഴിയുന്ന എല്ലാവിധ സാഹചര്യങ്ങളുമുണ്ടായിരുന്ന ഒരു കാലം നമ്മൾ ഓർക്കുകയാണ്. നിയമമില്ലാഞ്ഞിട്ടല്ലല്ലോ? കാലം ഇത്രയും പിന്നിട്ടു. നമ്മുടെ ഗ്രാമപ്രദേശത്തെ കുളങ്ങളും നദികളും ജലസ്രോതസ്സുകളും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന പല തരത്തിലുള്ള ജല നിർഗ്ഗമന മാർഗ്ഗങ്ങളുമെല്ലാം പലവിധത്തിലും അടയപ്പെട്ടു. അവിടെയെല്ലാം പല വലിയ നിർമ്മിതികളുണ്ടായി. ആ നിർമ്മിതികളെല്ലാം വരുമ്പോഴും നിയമം അതുപോലെ നിലനിൽക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ തദ്ദേശ ഗവൺമെന്റുകളായി മാറി. സർക്കാർ പോലെതന്നെ പ്രവർത്തിക്കാൻ പര്യാപ്തമായ, നിയമത്തിന്റെ പിൻബലത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേർക്കാഴ്ചയാണ് ഈ കാണുന്ന ജലനിർഗ്ഗമനമാർഗ്ഗങ്ങൾ. കുളങ്ങൾ, തോടുകൾ തുടങ്ങി പ്രകൃതി നമുക്ക് നൽകിയ വരദാനങ്ങൾ നശിപ്പിക്കപ്പെടുമ്പോൾ കാഴ്ചക്കാരായി നമ്മൾ നോക്കി നിൽക്കുകയല്ലേ? നീർത്തട-തണ്ണീർത്തട സംരക്ഷണ നിയമഭേദഗതി വീണ്ടും കൊണ്ടുവരാൻ പോകുന്നു. ബഹുമാന്യനായ മന്ത്രി സൂചിപ്പിച്ച പ്രകാരം വാട്ടർ കൺസർവേഷൻ നിയമത്തിൽ വളരെ ശക്തമായ ഒരു ഭാഗമാണ്, ഭരണഘടനയുടെ നിർദ്ദേശാങ്കിത തത്വങ്ങളിൽ പ്രകൃതിയെ നിലനിർത്തണമെന്നും വിപുലപ്പെടുത്തണമെന്നും വൈപുല്യപ്പെടുത്തണമെന്നുമൊക്കെ പറയുന്നുണ്ട്. ഇക്കാര്യങ്ങളിൽ നീതിപൂർവ്വമായ എന്ത് സമീപനം സ്വീകരിക്കാൻ കഴിഞ്ഞുവെന്ന ആത്മപരിശോധന നടത്തേണ്ട സമയം കഴിഞ്ഞില്ലേ? നിയമങ്ങളില്ലാത്ത രാജ്യമല്ലല്ലോ നമ്മുടേത്, ധാരാളം നിയമങ്ങളുണ്ട്. നിയമവാഴ്ച നിലനിൽക്കുന്ന സംസ്ഥാനമാണ്. പക്ഷേ നടത്തിപ്പ് എങ്ങനെയാണ്. ഇവിടെ റവന്യൂ വകുപ്പുണ്ട്. വില്ലേജ് ഓഫീസ് മുതൽ മുകളിലോട്ടുള്ള വിവിധ വ്യവസ്ഥാപിതമായ സർക്കാർ ഓഫീസുകളുണ്ട്. ഈ പറയപ്പെടുന്ന കുളങ്ങളും മറ്റും സംരക്ഷിക്കപ്പെടേണ്ട ഉത്തരവാദിത്ത്വമുണ്ട്. ഒരു കുളത്തിന്റെ കാര്യം തന്നെ ഞാൻ പറയാം. നമ്മുടെ പഞ്ചായത്തിലെ ഒരു നീരുറവ അല്ലെങ്കിൽ കുളം അനധികൃതമായി

നികത്താനോ നശിപ്പിക്കാനോ ശ്രമിച്ചാൽ ആരാണ് ഇടപെടുന്നത്. ആ സ്ഥലത്തെ ജനപ്രതിനിധി മാറിനിൽക്കും, കാരണം ആ പ്രദേശവാസികളായ ആരെങ്കിലുമായിരിക്കും ഇത് ചെയ്യുന്നത്. പലപ്പോഴും ഇത് നിയമം വഴി നിയന്ത്രിക്കാൻ എത്രമാത്രം കഴിയുമെന്ന് എനിക്ക് അറിയില്ല. അത് ക്രമസമാധാന പ്രശ്നമായി വരുമ്പോഴായിരിക്കും നാട്ടുകാർ ഇടപെടുന്നത്. ജനകീയമായ ഇടപെടൽ എത്രമാത്രമുണ്ടെന്നതാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ജനകീയ ഭരണസമിതികൾക്ക് നിയമം നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ടല്ല, പക്ഷേ നമ്മൾ കാഴ്ചക്കാരായി നിൽക്കുകയാണ്. അതിന്റെ ഭാഗമായി ഇതിനകം നമ്മുടെ ഗ്രാമപ്രദേശത്തെ മഹാഭൂരിപക്ഷം ജലസ്രോതസ്സുകളും നിരവധി നിർമ്മിതികൾക്കു വേണ്ടി നശിപ്പിക്കപ്പെട്ടു. ശേഷിച്ചവയെങ്കിലും സംരക്ഷിച്ചെടുക്കാൻ നിലനിൽക്കുന്ന നിയമം വഴി കഴിയുമോയെന്ന് പരിശോധന നടത്തുമ്പോൾ അത് നടപ്പിലാക്കാൻ കഴിയുന്നില്ല. നീർത്തട-തണ്ണീർത്തട നിയമത്തിൽ 2018-ലെ നിയമത്തിൽപ്പോലും, 10 സെന്റ് വരെയുള്ള ഭൂമി പഞ്ചായത്തിലും 5 സെന്റ് വരെയുള്ള ഭൂമി നഗരസഭയിലും വീട് വയ്ക്കാനുള്ള ആവശ്യങ്ങൾക്കാണെങ്കിൽ അതിന് ഒരു സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുമെന്ന് പറയുന്നുണ്ട്. അത്ര ഗൗരവത്തിൽ എടുക്കുകയാണെങ്കിൽ അത് ശരിയാണ്, മനുഷ്യന് ജീവിക്കുന്നതിന് ഒരു വീട് വയ്ക്കുക എന്ന അവന്റെ സ്വപ്നത്തിനായി അത് ചെയ്യാം. പക്ഷേ എവിടെയെങ്കിലും ഒരു നീരുറവ, ഒരു കുളം, പ്രകൃതിദത്തമായി കിട്ടിയിട്ടുള്ള ജലസമ്പത്ത് നശിപ്പിക്കാൻ ശ്രമിച്ചാൽ അത് പരിശോധിക്കാൻ എവിടെയും ഒരു സമിതിയില്ലല്ലോ? ഇവിടെ വീട് വയ്ക്കാൻ അപേക്ഷ കൊടുക്കാൻ താഴെത്തട്ടിൽ ഒരു അതോറിറ്റിയുണ്ട്. മുകളിൽ പരിശോധിക്കാൻ ഒരു സംവിധാനമുണ്ട്. അതെല്ലാം ഇതിൽ പറയുന്നുണ്ട്. വേണമെങ്കിൽ സാധൂകരിച്ചുകൊടുക്കാനുള്ള സംവിധാനമുണ്ട്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിക്കുന്ന ഈ ബിൽ വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. ഇപ്പോൾ നിരവധി ജലസ്രോതസ്സുകൾ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ഉള്ളവ സംരക്ഷിക്കണം. നമ്മുടെ നീരുറവകളെ സംരക്ഷിച്ചു നിർത്തേണ്ട ഒരു സാഹചര്യം വന്നിരിക്കുകയാണ്. നമ്മുടെ ജലസ്രോതസ്സുകൾ മലിനമായിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൊല്ലം ജില്ലയിൽ രണ്ട് പ്രധാനപ്പെട്ട ജലാശയങ്ങളുണ്ട്. ഒന്ന്, അഷ്ടമുടിക്കായൽ, അഷ്ടമുടിയെന്നാൽ എട്ട് മുടിയെന്നാണ്. അഷ്ടമുടിക്കായലിന് ദക്ഷന്റെ യാഗവുമായി ബന്ധപ്പെട്ട ഒരു ഐതീഹ്യമുണ്ട്. ആ ഐതീഹ്യത്തിന്റെ കാര്യം ഞാൻ പറയുന്നില്ല. അഷ്ടമുടിക്കായലിന്റെ വേറൊരു പ്രത്യേകത, ഈ കായലിന്റെ

ഭാഗമായുള്ള കാഞ്ഞിരോട്ട് കായലിൽ നല്ല കരിമീനും അഷ്ടമുടിയിലെ പ്രാക്കുള ഭാഗത്ത് നല്ല ഞണ്ടും പെരുമൺ ഭാഗത്ത് നല്ല കല്ലുമ്മേക്കായയും കിട്ടും. ഇവ ഇപ്പോൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ആ കായൽ മലിനമായിക്കൊണ്ടിരിക്കുകയാണ്. അതുപോലെ മറ്റൊരു കായലാണ് ശുദ്ധജലത്തടാകമായ ശാസ്താംകോട്ട, ആ തടാകവും ഇപ്പോൾ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ശാസ്താംകോട്ട കായലിന്റെ സൗന്ദര്യം നശിച്ചുപോയതുകൊണ്ട് അതിനെ പ്രേമിച്ചുകൊണ്ടിരുന്ന കാമുകനായ ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യുടെ കല്യാണംപോലും മുടങ്ങിയിരിക്കുകയാണ്. കഴിഞ്ഞ രണ്ട് നിയമസഭകളിലും, ബഹുമാന്യനായ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന നിയമസഭയിൽ അദ്ദേഹം പറഞ്ഞു, ശാസ്താംകോട്ട കായൽ സംരക്ഷിച്ചാലേ ഞാൻ കല്യാണം കഴിക്കുവെന്ന്. ബഹുമാന്യനായ പിണറായി വിജയൻ മുഖ്യമന്ത്രിയായ ഈ നിയമസഭയിൽ അദ്ദേഹം പറഞ്ഞു, ഞാൻ കല്യാണം കഴിക്കണമെങ്കിൽ ശാസ്താംകോട്ട കായൽ സംരക്ഷിക്കണമെന്ന്. കൊല്ലം ജില്ലയിലെ ശുദ്ധജലതടാകമായ ശാസ്താംകോട്ടയും അഷ്ടമുടിക്കായലും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. അതുപോലെയാണ് മുല്ലപ്പെരിയാർ ഡാം, ഇടുക്കി ഡാം എന്നിവ ഉൾക്കൊള്ളുന്ന പെരിയാറും ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ചാലക്കുടിപ്പുഴയും വേമ്പനാട്ട് കായലും അച്ചൻകോവിലാറും കല്ലടയാറും അതേ അവസ്ഥയിലാണ്. ഇവയൊക്കെ സംരക്ഷിക്കപ്പെടേണ്ടതാണ്. ഇത്തരം ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും മാലിന്യങ്ങൾ ഇല്ലാതാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ ജലാശയങ്ങളിലെയും ജലസ്രോതസ്സുകളിലെയും മാലിന്യങ്ങൾ ഇല്ലാതാക്കി സംരക്ഷിക്കാൻ നടപടിയുണ്ടാകണം. കേരളത്തിൽ ഇനി വരാൻ പോകുന്ന നൂറ്റാണ്ടിൽ മനുഷ്യർ തമ്മിൽ ഏറ്റവും കൂടുതൽ യുദ്ധമുണ്ടാകുന്നത് കുടിവെള്ളത്തിനുവേണ്ടിയായിരിക്കും. കുടിവെള്ളമില്ലാത്ത അവസ്ഥയുണ്ടായാൽ മനുഷ്യൻ അനുഭവിക്കാൻ പോകുന്ന പ്രയാസം വളരെ വലുതായിരിക്കും. അതുകൊണ്ട് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനാവശ്യമായ ശക്തമായ നടപടിയുണ്ടാകണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

<u>ശ്രീ. ബി. സത്യൻ</u>: സർ, അക്കാര്യത്തിൽ എനിക്ക് അഭിപ്രായമുണ്ട്. ശ്രീ. കോവൂർ കുഞ്ഞുമോന്റെ കല്യാണവും കഴിയുമെങ്കിൽ ഇതിന്റെ കൂടെ നടത്തണമെന്ന ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല. ഇവിടെ വ്യവസ്ഥാപിതമായി നിലനിൽക്കുന്ന നിയമസംവിധാനങ്ങൾ പരാജയപ്പെടുന്നുണ്ടോയെന്ന പരിശോധന ആത്മാർത്ഥമായി നമ്മൾ നടത്തേണ്ടതുണ്ട്. ഇവിടെ നീർത്തട-തണ്ണീർത്തട സംരക്ഷണ നിയമവും വാട്ടർ കൺസർവേഷൻ ആക്ടും നിലവിലുണ്ട്. അതിലൊന്നും തർക്കമില്ല. പക്ഷേ ഇതിന്റെ നടത്തിപ്പ് എവിടെയാണ്; നമ്മുടെ നാട്ടിൽ കൃഷിക്കും

അനുബന്ധ ആവശ്യങ്ങൾക്കുംവേണ്ടി ഇറിഗേറ്റ് ചെയ്യപ്പെട്ടിരുന്ന പ്രദേശങ്ങളുടെയും ചതുപ്പുകളുടെയും കുളങ്ങളുടെയും നീരുറവകളുടെയും സ്രോതസ്സുകളുടെയും സംവിധാനങ്ങൾ പഴയ കാലം മുതൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് ഉണ്ടായിരുന്നത്. പഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഡാറ്റാബാങ്ക് തയ്യാറാക്കുന്ന ജോലി ഇപ്പോഴും തുടരുകയാണ്. അങ്ങനെയുള്ള സംവിധാനങ്ങൾ എത്രമാത്രം ജനകീയമായി സുതാര്യമായാണ് വരുന്നത്. ആർക്കെങ്കിലും അറിയാമോ; ഈ നിയമങ്ങളെല്ലാം നിലനില്ക്കുമ്പോഴും നിയമത്തിന്റെ പഴുതുകൾ പ്രയോജനപ്പെടുത്തി ഇപ്പോഴും വ്യാപകമായി നിലം നികത്തൽ പലയിടങ്ങളിലും നടന്നുവരുന്നുണ്ട്. അതിന്റെ ഭാഗമായിട്ടാണ് വ്യാപകമായി ജലസ്രോതസ്സുകളും ജലനിർഗ്ഗമന മാർഗ്ഗങ്ങളും നികത്തപ്പെടുന്നത്. ജലസംരക്ഷണം എന്നത് മുഖ്യ മുദ്രാവാക്യമായി നമുക്ക് കൈകാര്യം ചെയ്യാൻ കഴിയാത്തൊരു ദു:സ്ഥിതി വന്നുചേരുന്നു എന്നത് വളരെ ഗൗരവമായിട്ടുള്ള വിഷയമാണ്. ഇതിന് ഒരു നിയമം പ്രത്യേകമായി വരേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വലിയൊരു പങ്കുണ്ട്. മഴക്കാലം വരുമ്പോൾ പട്ടണത്തിലുണ്ടാകുന്ന വെള്ളപ്പൊക്കത്തെക്കുറിച്ചാണ് മാധ്യമങ്ങളിൽ പ്രധാനപ്പെട്ട വാർത്ത വരുന്നത്. ജലനിർഗ്ഗമന മാർഗ്ഗങ്ങൾ മാലിന്യങ്ങൾ കൊണ്ട് അടയുകയാണ്. കിള്ളിയാറും ടി.എസ്. കനാലുമൊക്കെ നിറഞ്ഞൊഴുകുന്ന സ്ഥിതിയാണുള്ളത്. നദികളും പുഴകളും കായലുകളും മലിനപ്പെട്ടുകൊണ്ടിരിക്കുന്നു. പരിസ്ഥിതി സമിതി പരിശോധനകൾ നടത്തിയതിനു ശേഷം ആ സമിതി സമർപ്പിച്ച റിപ്പോർട്ടുകൾ നമ്മുടെ സഭയിലുണ്ട്. നമ്മുടെ നാട്ടിൽ പ്രകൃതിദത്തമായി കൈവന്നിട്ടുള്ള ജലസ്രോതസ്സുകളെ നിലനിർത്താൻ പര്യാപ്തമായ നിലയിലുള്ള നിയമത്തിന്റെ ആവശ്യകതയാണുള്ളത്. നിലവിലുള്ള നിയമം വഴി അത് നിർവ്വഹിക്കാൻ കഴിയുന്നില്ല. ഒരു പുഴയോ നദിയോ ജലാശയമോ മാലിന്യം കൊണ്ട് നശിപ്പിക്കാൻ ശ്രമിച്ചാൽ അതിൽ ഇടപെടേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അവർക്ക് എത്രമാത്രം ഇക്കാര്യങ്ങൾ നിയന്ത്രിക്കാൻ കഴിയും; സാധാരണ പഞ്ചായത്ത് സെക്രട്ടറി ഒരു നോട്ടീസ് കൊടുക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പഞ്ചായത്ത് സെക്രട്ടറി കൊടുക്കുന്ന ഒരു സ്റ്റോപ്പ് മെമ്മോ, അവിടെ അങ്ങനെ ചെയ്യരുത് എന്ന് അനുശാസിക്കുന്നതിനപ്പുറം എന്തെങ്കിലും ചെയ്യാൻ കഴിയുന്നുണ്ടോ; ആ നിലയിൽ വരുമ്പോൾ സ്വാഭാവികമായും അതുകൊണ്ട് മാത്രം വിജയകരമായി കാര്യങ്ങൾ നടക്കുന്നില്ല. അങ്ങനെ ചെയ്യുന്നത് ക്രിമിനൽ കുറ്റമാണ്. ഇത് നാടിനെ നശിപ്പിക്കുന്നതാണ്, ഭാവി തലമുറയെ നശിപ്പിക്കുന്നതാണ്. ഇപ്പോൾ നിലനിൽക്കുന്ന നിയമം കേരളത്തിലെ

ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ പര്യാപ്തമാകുന്നില്ല. അതിനാൽ അവശേഷിക്കുന്ന ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് പ്രത്യേക നിയമമുണ്ടാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. പല കാര്യങ്ങളിലും മണ്ഡലാടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഉപദേശക സമിതികളുണ്ട്. അത് എഫക്ടീവാണോ എന്നറിയില്ല. വൈദ്യുതി ബോർഡിന് ഉൾപ്പെടെ പല സ്ഥാപനങ്ങൾക്കും മണ്ഡലാടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും എല്ലാ തരത്തിലുള്ള വികസനപ്രവർത്തനങ്ങൾക്കും ഉപദേശക സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: തുടർചർച്ച വേണമെങ്കിൽ ആകാം. 15 മിനിട്ടാകുന്നു.

<u>ശ്രീ. ബി. സത്യൻ</u>: സർ, തുടർ ചർച്ച നടത്തണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, തുടർ ചർച്ചയ്ക്കുശേഷം മറുപടി പറയാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഈ ബില്ലിന്മേലുള്ള ചർച്ച പിന്നീട് തുടരാവുന്നതാണ്.

(ചർച്ച തുടരും)

(ii) <u>2016-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ</u>

(ശ്രീ. എൻ.ഷംസുദ്ദീൻ സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(iii) <u>2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബിൽ</u>

(ശ്രീ. പി. ടി. തോമസ് സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(iv) <u>2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ</u>

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല. )

(3) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച</u>

(i) <u>2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ</u>

ശ്രീ. എ. പ്രദീപ് കുമാർ: സർ, 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ ഇതിനുമുമ്പ് ഈ സഭയിൽ അവതരിപ്പിച്ചിരുന്നതാണ്. അതിന്റെ തുടർചർച്ചയ്ക്കാണ് ഇന്ന് അവസരം ചോദിച്ചത്. ഇപ്പോൾ ഞാൻ വിശദമായി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പോലെ കളിക്കളങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രമായ നിയമം വേണമെന്നുള്ള ആശയമാണ് അവതരിപ്പിക്കാൻ ഉദ്ദേശിച്ചത്. പക്ഷേ അതിന് എനിക്ക് എന്റേതായ ന്യായവും വാദഗതികളൊക്കെയുണ്ട്. അത് കുറച്ച് സമയമെടുത്ത് വിശദമായി അവതരിപ്പിക്കേണ്ടതാണ്. ഇപ്പോൾ അതിന് പറ്റിയ ഒരു അന്തരീക്ഷമല്ല. മാത്രമല്ല, തുടർന്ന് സംസാരിക്കാനുള്ള രണ്ടുപേർക്ക് ഇതുപോലെ തുടർചർച്ചയ്ക്ക് സമയം ചോദിച്ചു. ശ്രീ. കെ. കൃഷ്ണൻകുട്ടിക്കൊക്കെ കുറച്ച് സമയമെടുത്ത് സംസാരിക്കാനുള്ളതാണ്. അവരുടെ സമയം അപഹരിക്കാതിരിക്കാനും അവർക്ക് വിശദമായി ഈ സഭയിൽ ചർച്ച ചെയ്ത് അത് പൂർത്തിയാക്കാനുമൊക്കെ സഹായം ചെയ്യുന്നതിനുവേണ്ടി ഇപ്പോൾ വിശദമായി സംസാരിക്കാതെ തുടർചർച്ചയ്ക്കായി അനുവാദം നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബില്ലിന്റെ തുടർ ചർച്ചയിൽ ഞാൻ പങ്കെടുക്കുന്നത് ചാരിതാർത്ഥ്യത്തോടുകൂടിയാണ്. ഞാൻ XIII-ാം കേരള നിയമസഭയിൽ ഈ സ്വകാര്യ ബിൽ അവതരിപ്പിക്കുന്നതിനായി സമർപ്പിച്ചുവെങ്കിലും എനിക്ക് അവസരം ലഭിച്ചിരുന്നില്ല. XIV-ാം കേരള നിയമസഭയിൽ ഈ ബിൽ അവതരിപ്പിക്കുന്നതിനും തുടർ ചർച്ചയ്ക്കും അവസരമൊരുക്കിയ ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. അതുപോലെതന്നെ, ബിൽ അവതരിപ്പിക്കുന്നതിനു മുമ്പ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ഈ ബില്ലിന്റെ സാരാംശം ഉൾക്കൊണ്ടുകൊണ്ട് ചില ഉറപ്പുകൾ സഭയുടെ മുമ്പാകെ നൽകുകയുണ്ടായി. അതിൽ പലതും ഇതിനകം നടപ്പിലാക്കുകയും ചിലതെല്ലാം പ്രാരംഭഘട്ടത്തിലുമാണ്. അതുതന്നെ സൂചിപ്പിക്കുന്നത് ബില്ലിന്റെ പ്രതിപാദന വിഷയം പ്രസക്തമാണെന്നുതന്നെയാണ്. പട്ടികജാതി ഗോത്രവർഗ്ഗങ്ങൾക്കിടയിൽ ഇന്നും നിലനിൽക്കുന്ന തനത് ഭാഷയും സംസ്കാരവും സംരക്ഷിക്കാനുള്ള ഈ സർക്കാരിന്റെ ശ്രമങ്ങളെ അഭിനന്ദിച്ചുകൊണ്ടുതന്നെ

വിഷയത്തിലേയ്ക്ക് വരാം. ആദിവാസി ഭാഷകൾ മാത്രം വശമുള്ള വിദ്യാർത്ഥികൾക്ക് അവരുടെ ഭാഷയിൽ കേരള സിലബസ് പഠിപ്പിക്കാൻ എടുത്ത തീരുമാനം ഏറ്റവും ശരിയാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. ആദിവാസി കുട്ടികളുടെ കൊഴിഞ്ഞു പോക്ക് കുറയുന്നതും പഠനനിലവാരം മെച്ചപ്പെടുന്നതും ആശ്വാസകരമാണ്. ഈ സർക്കാർ ആദിവാസി ഊരിൽനിന്നുള്ള 100 പേർക്ക് 'സമഗ്ര' പദ്ധതിയിൽപ്പെടുത്തി ജോലി നൽകി അവരെ പൊതുമണ്ഡലത്തിലേയ്ക്ക് കൊണ്ടുവന്നു. അക്ഷരം പഠിപ്പിക്കാൻ ആദിവാസി ഊരുകളിൽനിന്നും 350 ഇൻസ്ട്രക്ടർമാരെ കണ്ടെത്തി. ടി.ടി.സി. പാസ്സാകുന്നവർക്ക് ഉടൻ ജോലി നൽകുമെന്ന് പ്രഖ്യാപിച്ചു. അദ്ധ്യാപകരായി വരുന്നവരും ആദിവാസി-ഗോത്രവിഭാഗങ്ങളിൽ നിന്നുള്ള വരായതിനാൽ അവരുടെ ഭാഷയുടെ വീണ്ടെടുക്കലും പഠനവും ഒരുമിച്ച് കൊണ്ടുപോകാൻ ഈ ബില്ലിൽ ഞാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ഒരു നിയമം ഉണ്ടാക്കേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാർ ഒറ്റപ്പെട്ട ആദിവാസി കോളനികളിലും വനാന്തരങ്ങളിലും കഴിയുന്നവരാണ്. ഈ ജനവിഭാഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും കലകളും നൂറ്റാണ്ടുകളായി നിലനിൽക്കുന്നതാണ്. ഇവരുടെ ആചാരാനുഷ്ഠാനങ്ങൾ ജീവിതാവസ്ഥയ്ക്ക് ഇണങ്ങുന്നതും അവ പഠനാർഹമാകേണ്ടതുമാണ്. പഠനവും ഗവേഷണവും നടത്തി പ്രാചീന വാമൊഴികൾ, ഭാഷകൾ, ബന്ധങ്ങൾ എന്നിവ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കാൻ നമ്മൾ തയ്യാറാകണം. അധിനിവേശ സംസ്കാരത്തെ ചെറുക്കാനും സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തെ കെട്ടുകെട്ടിക്കാനും നടത്തിയ ധീരോത്തമമായ സമരമുഖത്തിന് ഇവർ അവകാശികളാണെന്ന് വിളംബരം ചെയ്യേണ്ടതുണ്ട്. ഏഷ്യയിലെ ഏക ഗുഹാവാസികൾ അധിവസിക്കുന്നത് കേരളത്തിലെ നിലമ്പൂർ വനങ്ങളിലാണ്. നമ്മൾ മ്യൂസിയങ്ങളിൽ പോയി ചരിത്രം പഠിക്കാറുണ്ട്. എന്നാൽ യഥാർത്ഥ ചരിത്രം പഠിക്കാൻ ഇത്തരം ജീവിത മ്യൂസിയങ്ങൾ കാണണം. അവരുടെ പൈതൃകം, ഭാഷ, സംസ്കാരം തുടങ്ങിയവയെല്ലാം ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിക്കേണ്ടതുതന്നെയാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നതാണ് വർത്തമാന കാലം. ഇതിന് നമ്മുടെ സാമൂഹ്യ സാഹചര്യത്തിൽ ബോധപൂർവ്വമായ ഇടപെടൽ അനിവാര്യമാണ്. വനത്തിനുള്ളിലെ ജീവിതവും അന്യംനിന്നുപോകാതെ അവർ സംരക്ഷിച്ചുപോരുന്ന ആചാരാനുഷ്ഠാനങ്ങളും കലയും സംസ്കാരവും ഭാഷയും ഭാവി തലമുറയ്ക്കായി ശേഖരിച്ചുവയ്ക്കാൻ നമ്മൾ തയ്യാറാകണം. ലിപിയും അച്ചടി രേഖകളും ഉള്ളതുമാത്രമാണ് ആധികാരികമായ ഭാഷയെന്ന് അംഗീകരിക്കപ്പെട്ട ആധുനിക സമൂഹത്തിൽ ലിപിപോലുമില്ലാത്ത ആദിവാസി ഭാഷകൾ അംഗീകരിക്കുവാൻ വിസമ്മതിക്കുന്നത് സ്വാഭാവികമാണ്. കേരളത്തിൽ 36 പട്ടിക ഗോത്ര വിഭാഗങ്ങൾ അധിവസിക്കുന്നുണ്ട്. ഭിന്ന ദേശങ്ങളിൽനിന്നും ചരിത്രത്തിന്റെ

വ്യത്യസ്ത ദിശാസന്ധികളിൽ കുടിയേറ്റം ചെയ്യപ്പെട്ടവരുടെ സാമൂഹിക പുരോഗതി ഉറപ്പുവരുത്തുന്നതിന് ഈയൊരു നിയമം അനിവാര്യമാണ്. മലയാള ഭാഷയുടെമേൽ ഇംഗ്ലീഷ് ഭാഷയുടെ കടന്നാക്രമണംപോലെയാണ് ആദിവാസി ഭാഷയുടെമേൽ മലയാള ഭാഷ അടിച്ചേൽപ്പിക്കുമ്പോഴുമുണ്ടാകുന്നത്. അതുകൊണ്ട് ആധുനിക ലോകത്തുനിന്നും അകന്നുകഴിയുന്ന ഇവരെ അവരുടെ ഭാഷയിലും സംസ്കാരത്തിലും നിലനിർത്തിക്കൊണ്ട് പുരോഗതിയിലേയ്ക്ക് നയിക്കുകയും ആധുനിക സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുകയും വേണം. ഈ സർക്കാർ അതിനുള്ള ശ്രമങ്ങൾ നടത്തുന്നുവെന്നത് ഈ ബില്ലിന് കൂടുതൽ പ്രാധാന്യം നൽകുന്നു. ഒരു സമൂഹമെന്ന നിലയിൽ ആദിവാസികൾ അവരുടെ വികാര വിചാരങ്ങളും സ്വപ്നങ്ങളും ഏറ്റവും ശക്തമായി ആവിഷ്കരിക്കുന്നതും പാരമ്പര്യ ജ്ഞാനം തലമുറകൾക്ക് കൈമാറുന്നതും അവരുടേത് മാത്രമായ സവിശേഷ ഭാഷയിലൂടെയാണ്. ആയതിനാൽ അന്യംനിന്നുപോകുന്ന ഗോത്രവർഗ്ഗ ഭാഷകളുടെ ശേഖരണവും ഗവേഷണപരമായ പഠനവും ആചാരാനുഷ്ഠാനങ്ങളും മാനവരാശിയുടെ ചരിത്രവുമായി ബന്ധപ്പെട്ടുത്തേണ്ട താണെന്ന തിരിച്ചറിവുള്ളതിനാൽ അവരുടെ സാമൂഹിക വളർച്ചയ്ക്കും സുരക്ഷയ്ക്കും ഉതകുന്നതരത്തിൽ ഗോത്രവർഗ്ഗ കലകളും ആചാരാനുഷ്ഠാനങ്ങളും ശേഖരിക്കുകയും രേഖപ്പെടുത്തിവയ്ക്കുകയും ചെയ്യേണ്ടത് ചരിത്ര നിർവ്വതിക്ക് ആവശ്യമായതിനാലും ഇത്തരത്തിലൊരു നിയമനിർമ്മാണം അനിവാര്യമായി വന്നിരിക്കുന്നു. ഞാൻ ചർച്ച തുടരാൻ ആഗ്രഹിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കാം.

(ചർച്ച തുടരും)

(iii) 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഈ ബിൽ ഇനിയും തുടരണമെന്ന് ആഗ്രഹിക്കാത്ത ഒരാളായിരുന്നു. പക്ഷേ ഇവിടെ അവതരിപ്പിച്ച ബില്ലും ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്ന ബില്ലും നോക്കുമ്പോൾ, ഇത് രണ്ടും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. അതുകൊണ്ട്, ഗവൺമെന്റ് കൃഷിക്കാർക്ക് അനുകൂലമായ രീതിയിൽ മാറ്റണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സാധാരണ ക്ഷേമനിധി ബിൽ പോലെയാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബിൽ. അതല്ല ഉദ്ദേശിച്ചത്. കർഷകർ ഇവിടെ സേവനം ചെയ്യുന്ന ആളുകളാണെന്നത് അംഗീകരിക്കണം. അതിനനുസരിച്ചുള്ള ആനുകൂല്യങ്ങളും വേണ്ടതാണ്. എം.എൽ.എ.-മാരും ഉദ്യോഗസ്ഥരും സേവനം ചെയ്യുന്നത് അംഗീകരിക്കുകയാണ്. അതുപോലെ 130 കോടി ജനങ്ങളെ തീറ്റിപ്പോറ്റുന്നത് കൃഷിക്കാരാണ്. ആ കൃഷിക്കാർ ചെയ്യുന്ന സേവനത്തെ അംഗീകരിച്ചുകൊണ്ടുള്ള ആനുകൂല്യങ്ങൾ

അവർക്ക് കൊടുക്കണമെന്നാണ് ഞാൻ ഈ ബില്ലിൽ ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ സർക്കാർ പ്രസിദ്ധീകരിച്ച ബില്ലിൽ അതില്ല. കിസാൻ അഭിയാൻ പദ്ധതി നടപ്പിലാക്കാൻ വേണ്ടിയുള്ള ബിൽ മാത്രമാണത്. ഈ രണ്ട് ബില്ലും ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. അപ്പോൾ എത്ര വ്യത്യാസമുണ്ടെന്ന് അറിയാൻ സാധിക്കും. പണ്ട് ഞങ്ങളൊക്കെ കർഷകനയത്തിൽ പറഞ്ഞിരുന്ന അവകാശ ലാഭം. ആ ലാഭത്തിൽ കേന്ദ്ര ഗവൺമെന്റുതന്നെ കൃഷി കല്ല്യാൺ സെസ് (KKC) കൊണ്ടുവന്നു. ജി.എസ്.ടി. വന്നതോടുകൂടി ഇത് നടപ്പിലാക്കാൻ സാധിക്കില്ലെന്നാണ് ചില ആളുകളുടെ വാദം. പക്ഷെ, അത് ശരിയല്ല. രാജസ്ഥാനിൽ പശുക്കളെ സംരക്ഷിക്കാൻ മദ്യത്തിന് സെസ്, സ്റ്റാമ്പ് ഡ്യൂട്ടിയിൽ പ്രത്യേകമായ സെസ് തുടങ്ങിയവ കൊണ്ടുവന്നു. അതുപോലെതന്നെ ഹിമാചൽപ്രദേശും കൊണ്ടുവന്നു. ജി.എസ്.ടി. വന്നാൽ സേവനം ചെയ്യുന്നതിനുള്ള ആനുകൂല്യങ്ങൾ കൊണ്ടുവരാൻ സാധിക്കില്ല, ഫണ്ട് ഉണ്ടാക്കാൻ സാധിക്കില്ലെന്നൊക്കെ പറയുന്നത് ശരിയല്ല. കേരളത്തിലെ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളായ ഐസ്ക്രീം, പാക്ക് ചെയ്ത ഭക്ഷണങ്ങൾ തുടങ്ങിയവയ്ക്ക് രാജസ്ഥാനിൽ ചെയ്യുന്നതുപോലെ നമ്മുടെ സംസ്ഥാനത്തും ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. 50 ഗ്രാം ഉരുളക്കിഴങ്ങ് വിൽക്കുന്നത് 25 രൂപയ്ക്കാണ്. 35 രൂപയുടെ പാലിന്റെ മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ 175 രൂപയ്ക്കാണ് മിൽമ വിൽക്കുന്നത്. ആ ലാഭത്തിലെ ഒരു വിഹിതം മതി. ഒരു ടയറിന് 21 കിലോഗ്രാം റബ്ബറേ വേണ്ടൂ. ആ ടയർ 17,000 രൂപയ്ക്കാണ് വിൽക്കുന്നത്. ആ ലാഭത്തിലെ ഒരു വിഹിതം കർഷകന് അവകാശപ്പെട്ടതാണെന്ന് ഉറപ്പിക്കണം. അതിനുവേണ്ടി ഒരു നിയമം ഉണ്ടാക്കാൻ തടസ്സമില്ലെന്നാണ് രാജസ്ഥാനിലെയും ഹിമാചൽപ്രദേശിലെയും അനുഭവങ്ങൾ തെളിയിക്കുന്നത്. ഇപ്പോഴാണ് അവർ ആ നിയമം കൊണ്ടുവന്നത്. ഇന്നത്തെ പത്രങ്ങളിൽ വാർത്തയുണ്ട്. ജി.എസ്.ടി. ഉണ്ടെങ്കിലും കൊണ്ടുവരാൻ സാധിക്കും. കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ ഇതിനെക്കുറിച്ച് ചർച്ച വന്നപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനെ സപ്പോർട്ടുചെയ്താണ് സംസാരിച്ചത്. അതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ച് കത്തുപോലും അയച്ചിട്ടുണ്ട്. എത്രയും വേഗം സെസ് കൊണ്ടുവന്ന് ഫണ്ട് കണ്ടെത്താനുള്ള അവസരം ഉണ്ടാക്കണം.

സാധാരണ ക്ലാസ്സ്-IV ജീവനക്കാരന് എത്ര പെൻഷൻ ലഭിക്കുന്നുവോ ആ തുക ലഭിക്കാൻ കൃഷിക്കാരനും അർഹതയില്ലേ; അതുണ്ടാക്കി കൊടുക്കണം. അവർക്ക് പെൻഷനും പ്രൊവിഡന്റ് ഫണ്ടും വേണം. കുട്ടികളുടെ വിദ്യാഭ്യാസ ചെലവ്, എങ്ങനെയാണ് ക്ലാസ്സ്-IV ജീവനക്കാരന് മിനിമം വേജസ് കണക്കാക്കുന്നത്, 18,000 രൂപയെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിപോലും വിധിച്ചതാണ്. ആ വരുമാനം കിട്ടുന്ന രീതിയിലുള്ള ഉറപ്പ് ഉണ്ടാക്കിയെടുക്കാൻ

സാധിക്കണം. ബില്ലിൽ പറഞ്ഞത് ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. അതിൽ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അത് ഉൾക്കൊള്ളിക്കാനും പണം കണ്ടെത്താനും യാതൊരു പ്രയാസവുമില്ല. ആ തരത്തിൽ ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് വിട്ടുകൊണ്ട് എല്ലാ ആളുകളുടെയും ഇടയിൽ ചർച്ച ചെയ്ത്, ഭൂപരിഷ്കരണ നിയമത്തിനേക്കാൾ പ്രാധാന്യത്തിൽ ഇത് കൊണ്ടുവരാൻ നമുക്ക് സാധിക്കുന്നതാണ്.

കൃഷിക്കാർ കൃഷി ഉപേക്ഷിച്ചുപോകുകയാണ്. കൃഷിക്കാർക്ക് മാത്രമല്ല, കർഷകത്തൊഴിലാളികൾക്കും കൂടി അതിന്റെ ആനുകൂല്യം കിട്ടണം. നെൽക്കൃഷി എടുത്താൽ, 40 ലക്ഷം ടൺ അരിയാണ് പി.ഡി.എസ്.-ൽക്കൂടിയല്ലാതെ വിൽക്കുന്നത്. അതിലെ ഒരു രൂപ മാറ്റിവച്ചാൽതന്നെ 400 കോടി രൂപ ലഭിക്കും. അതിൽനിന്നും ഒരു ഏക്കർ സ്ഥലത്ത് കൃഷി ചെയ്യാൻ 15,000 രൂപ കൊടുക്കുക. അതിൽ പണിയെടുക്കുന്ന 3 തൊഴിലാളികൾക്ക് 2,500 രൂപ വീതം കൊടുക്കാൻ 50 കോടി രൂപയേ വേണ്ടിവരികയുള്ളൂ. ബാക്കി 350 കോടി രൂപകൊണ്ട് പ്രൊവിഡന്റ് ഫണ്ടും വിദ്യാഭ്യാസ ആനുകൂല്യങ്ങളും കൊടുക്കാം. മറ്റ് ഗവൺമെന്റ് ജീവനക്കാർക്കെല്ലാം കൊടുക്കുന്നതുപോലുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ വേറെ ആരുടെയും പൈസ വേണ്ട. ഈ പണം മാത്രം മതി. പുതിയ ബില്ലിൽ എന്താണ് ചെയ്തിരിക്കുന്നത്? വേറൊരു പെൻഷൻ വാങ്ങുന്നവർ ഈ പെൻഷൻ വാങ്ങാൻ പാടില്ല. 15-20 കൊല്ലം കൃഷി ചെയ്ത ആളുകൾക്ക് വേറെന്തെങ്കിലും പെൻഷൻ ലഭിക്കുന്നുവെന്ന് പറഞ്ഞ് ഈ പെൻഷൻ കൊടുക്കാതിരിക്കുന്നത് ശരിയല്ല. എം.പി. പെൻഷനും എം.എൽ.എ. പെൻഷനും വാങ്ങുന്നവരുണ്ട്. രണ്ടും വാങ്ങുന്നുണ്ടല്ലോ; കൃഷിക്കാർക്ക് മാത്രം അത് കൊടുക്കില്ല. പിന്നെ 1,50,000 രൂപയെന്ന സീലിംഗും ഉണ്ട്. അത് ഒരിക്കലും ശരിയല്ലല്ലോ? മറ്റുള്ള ആളുകൾക്കെല്ലാം കൊടുക്കുമ്പോൾ കൃഷിക്കാരന് മാത്രം സീലിംഗ് വയ്ക്കുന്നത് ഒരിക്കലും നീതിയല്ല. അതുകൊണ്ട് ഗവൺമെന്റിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിട്ട് എല്ലാ കൃഷിക്കാരുടെയും അഭിപ്രായം അറിഞ്ഞുകൊണ്ടുള്ള ഒരു തീരുമാനം ഉണ്ടാക്കാൻ സർക്കാർ മുന്നോട്ടുവരണമെന്നാണ്. സർക്കാരിന്റെ മറുപടി കേട്ടതിനുശേഷം ഇതിന് തുടർ ചർച്ച വേണമോ എന്നുള്ളത് തീരുമാനിക്കാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സംസ്ഥാന സർക്കാർ കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിന്റെ അന്തിമഘട്ടത്തിലേയ്ക്ക് വന്നുകഴിഞ്ഞു. ക്യാബിനറ്റ് അംഗീകരിച്ച്, അത് പ്രസിദ്ധീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. അത് സെലക്ട് കമ്മിറ്റിക്ക്

വിടണമോയെന്നുള്ളത് ആ വേളയിൽ ചർച്ച ചെയ്ത് അവിടെ തീരുമാനിക്കേണ്ടതാണ്. മാത്രമല്ല, ഈ ബില്ലിൽതന്നെ വന്നിരിക്കുന്ന വകുപ്പുകളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ഈ നിയമസഭയിൽ ചർച്ച ചെയ്യാനുള്ള അവസരം വരാൻ പോകുകയാണ്. അത് സബ്ജക്ട് കമ്മിറ്റിയിലും, നിയമസഭയിലും ചർച്ച ചെയ്യാവുന്നതാണ്. ഗവൺമെന്റ് അങ്ങനെ ഒരു കർഷക ക്ഷേമ ബോർഡ് ബിൽ ഇന്ത്യയിലാദ്യമായി കേരള നിയമസഭയിൽ കൊണ്ടുവരികയാണ്. അതുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് കൊണ്ടുവരുന്ന ഒരു ബിൽ നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇത് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് സർക്കാർ അഭിപ്രായപ്പെടാൻ കാരണം. അല്ലാതെ, ഇതിൽ പറയുന്ന അഭിപ്രായങ്ങളോട് വിയോജിപ്പുണ്ടായിട്ടല്ല. തുടർ ചർച്ച വേണ്ടെന്നാണ് സർക്കാരിന്റെ അഭിപ്രായം. കാരണം, കഴിയുമെങ്കിൽ ഈ നിയമസഭയിൽതന്നെ ഗവൺമെന്റ് ബിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, സർക്കാരിന്റെ മറുപടി കേട്ടതിനുശേഷം വേണം ഈ ബില്ലിൽ തുടർചർച്ച വേണമോയെന്ന് തീരുമാനിക്കാൻ.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, അത് അങ്ങേയ്ക്ക് തീരുമാനിക്കാം. അങ്ങയുടെ തീരുമാനം പോലെയാണ്. അത് എനിക്ക് പറയാൻ സാധിക്കില്ലല്ലോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> തുടർചർച്ച വേണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിക്ക് മുമ്പ് പറയണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, തുടർചർച്ച വേണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, തുടർ ചർച്ച വേണമെങ്കിൽ ഗവൺമെന്റ് മറുപടി പറയേണ്ടതില്ലല്ലോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺ 11-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.01-ന് പിരിഞ്ഞു.)